അക്ഷരാരംഭം setting a child to learn.

**അക്ഷാന്തി akšāndi** S. = അക്ഷമ Impatience, envy; അക്ഷാന്തിമാൻ hasty, envious.

**അക്ഷി akši** S. = അക്ഷം 1. Eye. 2. trunk V1. ദക്ഷിണമാകിനൊരക്ഷി ആടി CG. അക്ഷികൾ ആടുന്ന ലക്ഷണം CG. അക്ഷിമണി (eye-ball) ഉരുട്ടി Mudr.

**അക്ഷിതം akšiδam** S. = അക്ഷയം f. i. അക്ഷിതസ്നേഹത്തോടെ PT.

അക്ഷീണം the same അക്ഷീണായുഷ്മരായി ever living, അക്ഷീണകീർത്തികളായുള്ളവർ KR.

**അക്ഷുദ്രൻ akšudran** S. Not little, an important person V1.

**അക്ഷോഭം akšōbham** S. Without agitation, constancy; അക്ഷുബ്ധ കൃപാകലശാംബുധേ Kei. V2.

അക്ഷോഭ്യൻ immovable Bhr. V. den; അക്ഷോഭിച്ച നില്ല V1.

**അക്ഷൌഹിണി akšauhiṇi** S. (അക്ഷ + ഊഹിനീ.) A complete army consisting of 21870 elephants, as many chariots, 65610 horses, 109350 infantry. (In the Bhārata war the Pāndavas have 7, their foes 11 akšauhiṇis. One elephant, 1 chariot, 3 horses and 5 footmen form a സേനാമുഖം; this tripled ഗുന്മം, tripled ഗണം, tripled വാഹിനി, പൃതന, ചമു കം, അനീകിനി, തദ്ദശ ഗുണിതയാകുന്നതും അക്ഷൌഹിണി. Bhr.)

**അഖണ്ഡം, അഖണ്ഡിതം akhaṇḍam, akhaṇḍiδam** S. Unbroken, whole; അഖണ്ഡാത്മസിദ്ധിയെ പ്രാപിപ്പാൻ ChR. അഖണ്ഡിതലക്ഷ്മിപ്രസന്നർ (in epistolary style) the most fortunate TR.

**അഖിലം akhilam** S. All, whole (po.) അഖിലഗുണഗണവും etc. അഖിലേശൻ lord of all.

**അഗം agam** S. (not going) Tree, mountain (po.)

**അഗണിതം agaṇiδam** S. Innumerable, also അഗണ്യസദ്ഗുണം KR.

**അഗതി, agaδi** S. 1. Being without means = വഴിയില്ലായ്മ, അഗതിപ്പെടുക fall into adverse circumstances V1. അഗതിക്ക് ആർ തരും who will help me in my poverty? 2. (= അഗതിമാൻ V1.) poor, forlorn, unprotected അഗതികൾ beggars.

അഗതിവേഷം പൂണ്ടു Mud.

അഗതിത്വം poverty, stinginess V1.

**അഗദം agad'am** S. Without disease — medicine (po.)

**അഗമം agamam** = അഗം. S. അഗമ്യ Inaccessible = സംഗമിക്കരുതാത്തവൾ; അഗമ്യാഗമനം prohibited intercourse Bhr.

**അഗരു agaru** S. = അകിൽ (കാളാഗരുദ്രുമം Nal. = കാരകിൽ). അഗരുചന്ദനം എരിഞ്ഞ ധൂമം, അഗരുധൂപത്തിൻ പരിമളം KR.

**അഗസ്തി agasti** S. 1.=അഗസ്ത്യൻ N. pr. A Rishi celebrated for passing the Vindhya mountains and leading the Brahmans into the Deccan. 2. the star Canopus. 3. അഗസ്തിമരം (=അകത്തി) med. plant അഗസ്തിപ്പൂ GP. 65.

**അഗാധം agādham** S. Bottomless, deep, obstruse = നിലയില്ലാത്ത.

**അഗാരം agāram** S. House (po.)

**അഗുണം agunam** S. Bad quality; ഗുണാഗുണജ്ഞൻ (po.) അഗുണി illnatured (po.)

**അഗോചരം agōjaram** S. Imperceptible, incomprehensible (phil.)

**അഗോത്രം agōtram** S. Of no family.

**അഗൌകസ്സ് agauγassu** S. (അഗ + ഓകഃ) Living on trees or hills (po.)

**അഗ്നി agni** S. (ignis L.) 1. Fire. 2. God of fire. 3. grief ഉള്ളത്തിൽ അഗ്നി പിടിച്ചു ഞങ്ങൾക്കു SiP. 3. — 4. digestive power; അ. വൎദ്ധിപ്പിക്ക, കെടുക്ക GP. അഗ്നിക്കു ബലം ഇല്ലാത്തോർ Nid. persons of weak digestion.

Cpds. അഗ്നികണം spark; അഗ്നികാൎയ്യം (S) kindling the holy fire KR.

അഗ്നികുണ്ഡം (1) hole to receive the holy fire.

അഗ്നികോണം (2) south-east; ചതുരശ്രത്തിന്റെ അഗ്നികോൺ Gan.

അഗ്നിക്കാററു (preceding) SE. wind.

അഗ്നിദൻ (1) incendiary Bhr.

അഗ്നിപ്രവേശം self-immolation (as of widows).

അഗ്നിബലം (4) digestion.

അഗ്നിമയം fiery.

അഗ്നിമാൻ who sustains the holy fire; അഗ്നിമാൻ ഉപാദ്ധ്യായൻ AR. 1.

അഗ്നിമാന്ദ്യം and അഗ്നിസാദം indigestion Nid. Asht.

അഗ്നിമൂല SE. = അഗ്നികോണം.

അഗ്നിഭു Sk. Subrahmanya.

അഗ്നിശിഖ flame V2. = ജ്വാല.

അഗ്നിഷ്ടോമം (സ്തോമം) Agni's praise, a peculiar sacrifice KR. 1.

അഗ്നിസാക്ഷികം covenanted before Agni; അഗ്നിസാക്ഷികമായ സഖ്യം ചെയ്തു KR. 4. അഗ്നിസാക്ഷിയുള്ള പത്നി VCh. the legal wife.

അഗ്നിഹോത്രം burnt offering maintaining the holy fire. The Brahman, who does it is called അഗ്നിഹോത്രി Tdbh. അക്കിത്തിരി.

**അഗ്രം agram** S. (akros G.) 1. Point, top, front. 2. first, principal.

അഗ്രഗണ്യൻ the chief (f. i. ധൎമ്മജ്ഞന്മാരിൽ Kei. N. 2.)

അഗ്രജൻ, ൻ. ജ. 1. first-born, elder brother and sister. 2. Brahman (po.)

അഗ്രപൂജ honors paid to the principal persons. KR.

അഗ്രമാംസം heart (po.)

അഗ്രശാല a victualling house, cooking place in temples.

അഗ്രശാലപ്പറ a large measure So.

അഗ്രഹാരം land assigned to Brahmans, village of (foreign) Br's ഊണും കഴിപ്പിച്ചു അഗ്രഹാരങ്ങളിൽ Sil.

അഗ്രാശനം first meal, ceremony in temples (vu. അഗ്രായനം = പുത്തരി കഴിക്ക).

അഗ്രാസനം chief seat, as in Brahminical സഭ, also of kings അവന്റെ അഗ്രാസനം പിഴകി Mud.

അഗ്രിയൻ, അഗ്ര്യൻ first, elder brother (po.)

അഗ്രേ (loc. of അഗ്രം) in the first place, before; അഗ്രേസരൻ forerunner, leader (also അഗ്രഗൻ etc.)

**അഗ്രീവൻ agrīvaǹ** S. Neckless; അഗ്രീവനായുള്ളൊരു സുഗ്രീവൻ KR. 5.

**അഘം agham** S. (aγos G. = അംഹഃ) Sin, evil. അഘമകലും ജഗൽപതി Bhr.

അഘമൎഷണം = ഊക്കക, സ്നാനം.

**അഘോരം aghōram** S. (not frightful) Dreadful; പനി അഘോരമാകുന്നു the fever rages violently; അഘോരയുദ്ധം fierce battle.

I. **അങ്കം aṅgam** S. (√ അഞ്ച്.) 1. Lap, (also അങ്കതല്പം, അങ്കപീഠം po.) അങ്കസ്ഥൻ bosom friend; പിതാ — എന്നെ ഇരുത്തും അങ്കത്തിൽ KR.

അങ്കലാളനം കൊണ്ടു മനോരഞ്ജനം വരുത്തു വാൻ SiP. 2. numerical figure, mark (po.)

II. **അങ്കം aṅgam** 5. (Tdbh. of അംഗം? അങ്കം മറെക്ക V2. to shield oneself) 1. Fight, battle. 2. duel, challenge; അങ്കത്തിന്നു വിളിക്ക V2. അങ്കം പിടിക്ക to combat, wrestle; അങ്കം പൊരുക to fight; അതോടു് അങ്കം പൊരു ന്ന vying with it; മുഖത്തോടു് അങ്കം തൊട്ടു ത്ത തിങ്കൾ CG. = emulating. 3. duel as the ordeal for Nāyers, a royal privilege, for which each combatant had to pay; sometimes fought by hired champions; അങ്കം കോലസ്വരൂപത്തിന്നു KU. often അങ്കവും ചുങ്കവും കല്പിച്ചു KU. രാജാവു ഏറിയ അങ്ക വും ചുങ്കവും വാങ്ങി demanded troops and taxes (vu.)

Cpds: അങ്കക്കളരി place for duel.

അങ്കക്കാരൻ a combatant.

അങ്കചുങ്കം royal taxes V2.

അങ്കപ്പോർ public duel; മാമാങ്ങത്തിൽ അങ്ക പ്പോർ ഉണ്ടാക KU.

അങ്കമാലി 1. a public square. 2. N. pr. the old Syrian bishop's seat V1.

അങ്കവാൽ cock's tail B.

**അങ്കനം aṅganam** S. (I. അങ്കം 2.) Branding, as of criminals; അങ്കനം അംഗത്തിങ്കൽ KR. 5.

**അങ്കലായ്ക്ക aṅgalāykka** T. C. So. M. Lament, grieve B.

**അങ്കാം aṅgām** (P. hangām, season) and അങ്കാമി temporary appointment; അങ്കാം ഗുമസ്തൻ, അങ്കാമി ആമിൻ MR.

I. **അങ്കി aṅgi** TM. (Tdbh. അംഗിക) Dress that covers the limbs, gown, jacket; ഇരിമ്പ ങ്കി or അങ്കിപ്പാള V1. mailcoat.

II. **അങ്കി aṅgi** a. T. M. (Tdbh. അഗ്നി.) Fire അ ങ്കിപെട്ട അടവി പോലെ RC. 38. വരുണൻ അങ്കി അളകേശൻ RC. 67.

**അങ്കിതം aṅgiδam** S. (അങ്കനം) Marked, spotted (po.)

**അങ്കുരം aṅguram** S. 1. Shoot, germ (= മുള). 2. a kind of piles Nid. 3. first sign of f. i. വൈ രാങ്കുരാരംഭം Mud. symptoms of beginning enmity.

അങ്കുരിതം budded; അങ്കുരിതാരംഭചാരുസ്തന ങ്ങളും (po.)

Den. V. അങ്കുരിക്ക to bud, chiefly metaphor of love, pride Bhr. എന്നു് എന്നുള്ളത്തിൽ അ ങ്കുരിക്കുന്നു CG. (= തോന്നുന്നു).

C. V. അങ്കുരിപ്പിക്ക = ജനിപ്പിക്ക of shame, jealousy, etc. CG.

**അങ്കുശം aṅguṡam** S. Iron goad (തോട്ടി). ന ന്നായി മുറുക്കും അങ്കുശങ്ങൾ (po.)

**അങ്കോലം aṅgōlam** S. TM. Alangium hexapetalum (= അഴിഞ്ഞിൽ), a counter-poison.

കാരങ്കോലം Alangium decapetalum.

അങ്കോലതൈലം tantr.

അങ്കോലച്ചാററിൽ അരെച്ചു tantr.

**അങ്ക്രി aṅgri** loc. (C. അച്ചി) Pap, teat = കിങ്ക.

**അംഗം aṅgam** S. (ἄγγος) 1. Member, part. 2. body = സൎവ്വാംഗം, അംഗം ചാത്തുക to shave a Raja V1. അംഗം അണെക്ക (അംഗാണെക്ക, അംഗ്ഗണെപ്പു) to gird on a sword, quiver, etc. V1. 3. constituent part, branch; നാലംഗം ഒരു പോലെ സൌഭ്രാത്രം KR. of Ráma and his 3 brothers. കോലസ്വരൂപം ൫ അംഗമായി വിഭാഗിക്കപ്പെട്ടു (Chiracal doc.) 5 branches = ക്രമ്പാഷ്ഠ. നാലംഗം = ചതുരംഗം.

Cpds: അംഗഛേദം mutilation.

അംഗജം bodily (po.) അംഗജൻ Kāma.

അംഗദം bracelet of the upper arm = തോൾ വള f. i. അംഗദകടകങ്ങൾ KR.

അംഗന well shaped woman (po.)

അംഗന്യാസം ceremony of touching the body, in Sakti worship.

അംഗപ്പട (3) distinct branch of an army, നാലംഗപ്പടയും വരുത്തി AR. 6 (= ചതു രംഗം).

അംഗഭംഗം 1. rupture, loss of limbs. 2. (vu.) quite a member; നീ കൎത്താവിന്റെ അംഗഭംഗമായിരിക്കയാൽ. (epist.)

അംഗഭംഗി beauty.

അംഗമൎദ്ദനം rubbing the limbs.

അംഗരക്ഷ (Tdbh. അങ്കരക്ക V1.) 1. armour. 2. garment, jacket.

അംഗരാഗം cosmetics = കറിക്കൂട്ടു.

അംഗവള്ളൻ (vu. അങ്കാള്ളൻ) a dangerous swelling of the body (med.) തിയങ്കാള്ളൻ Erysipelas scrophulosa.

അംഗവികാരം slight disorder (f. i. from pregnancy; അംഗവികാരങ്ങൾ പൊങ്ങി CG.)

അംഗവിക്ഷേപം gesticulation, also അംഗഹാരം V1.

അംഗസംഗം embrace; അ. കൊണ്ടു കല്മഷം വേപ്പെട്ടു AR.

അംഗസ്ഥിതി (3) a particular conjunction in astrol. മാസംതോറുമുള്ള സൂൎയ്യസംക്രമവശാൽ ഉണ്ടാകുന്ന അംഗസ്ഥിതി ഫലങ്ങൾ Tr P.

അംഗഹീനൻ maimed.

**അംഗണം, അങ്കണം aṅgaṇam, aṅgaṇam** S. Court, yard, (also apartment ഈ കോവിലകത്തു എത്ര അംഗണം ഉണ്ടു? V1.)

**അംഗാരം aṅgāram** S. Live coal, coal, അംഗാരവട്ടക (S. അംഗാരധാനി) portable grates V1.

അംഗാരകൻ the red planet, Mars.

അംഗാരകാരകന്റെ കാൎയ്യം കാട്ടുക Bhr. do a collier's work, burn roots and branches.

**അംഗിരസ്സ് aṅgirassu** S. (G. aγγelos) A kind of demigods.

**അംഗീകരണം, — കാരം aṅgīγaraṇam, — γāram** S. (അംഗ yes) Consent, assent, admission.

അംഗീകരിക്ക 1. to consent, assent, approve. 2. receive, f. i. into caste; അന്യായം അംഗീകരിക്ക MR. receive a complaint. 3. to embrace (= ഭോഗിക്ക) ഗംഗാസമുദ്രങ്ങൾ തങ്ങളിൽ സംബന്ധം അംഗീകരിച്ചു Nal.

**അംഗുലം aṅgulam** S. 1. Finger, toe. 2. middle finger V1. also thumb (അംഗുലവിരൽ, അങ്ങിവിരൽ thumb V1.) 3. an inch (of 8 യവ); അംഗുലം തൊണ്ണൂറാറായുള്ളൊരു ശരീരം KR. 5. Rāma's height; നാലുതെട്ടിരട്ടിച്ച ഒരംഗുലപ്രമാണമാം നല്ലുടൽ V. Ch.

അംഗുലി finger അംഗുലീയം finger-ring മൂന്നംഗുലീയപ്രമാണം ഗുളത്തിൽ നടത്തുക a. med. (= അംഗുലം.)

അംഗുഷ്ഠം S. thumb, അംഗുഷ്ഠതുല്യനായി reduced to the size of an inch AR. 5. പാദാംഗുഷ്ഠവും ഊന്നി Bhr. resting on the toes (a tapas).

**അംഘ്രി aṅghri** S. (അംഘ് to go) Foot, root (po.)

**അങ്ങാടി aṅṅāḍi** 5 (അങ്ങ് അംഗം + ആടുക) 1. Shop, in Mal. rather അങ്ങാടിപ്പീടിക. 2. market street, bazaar, town, village (in many N. pr. f. i. പുതിയങ്ങാടി, etc.)

Cpds. അങ്ങാടിക്കാരൻ shopkeeper.

അങ്ങാടിച്ചരക്കു or വാണിഭം merchandise; ആടറിയുമോ അ. (prov.)

അങ്ങാടിത്തോലിയം being tricked in buying or selling (prov.) CG.

അങ്ങാടിപ്പാട്ടു the talk of the town; കോട്ടയിൽ ഉപദേശം അങ്ങാടിപ്പാട്ടായ്യുന്നു (prov.) CG.

അങ്ങാടിമരുന്നു drugs (opp. പച്ച മരുന്നു.)

**അങ്ങില്ലാപ്പൊങ്ങ് aṅṅillāppoṅṅu** An aquatic plant (wanting അംഗം or അംഘ്രി) അ-ങ്ങിന്റെ വേർ കിളെക്ക (prov.) doing what is neither required nor possible.

**അങ്ങു aṅṅu** (T. അങ്കു from അം) 1. There, thither; അങ്ങുപോയാൽ = after death. 2. you (opp. ഇങ്ങു) dat. അങ്ങേക്കു, അങ്ങേത്തൃക്കൈ KU. your Highness' hand; ഞങ്ങൾ അങ്ങല്ലൊ കേട്ടിക്കേണ്ടു TR.

Cpds. അങ്ങനെ, അങ്ങിനെ (അനൈ) that way, thus; അങ്ങനെ എന്നു അവളും ചൊന്നാൾ AR. 6. yes. കള്ളുകുടിച്ചങ്ങനെ ചാഞ്ചാട്ടുന്നു PT. 1. (= വെറുതെ) — അങ്ങനത്തേ such.

അങ്ങിട്ടു there, അങ്ങിടിങ്ങിട്ടു here and there.

അങ്ങുന്നു (നിന്നു) 1. thence, there; അങ്ങേപ്പുറം the other side. 2. you there (hon.) അങ്ങുന്നു ഞങ്ങളോടു കല്പിച്ചു TR. your majesty; അങ്ങുന്നരുളിച്ചെയ്യു also his majesty.

അങ്ങൂട്ടു, അങ്ങോട്ടു (ഊട്ടു, ഒട്ടു) there; അന്വേഷിച്ചങ്ങൊടിങ്ങൊടന്യനാരികൾ AR.

അങ്ങേടം (ഇടം) that place.

അങ്ങേയവർ, അങ്ങോർ those, they.

അങ്ങോട്ടു (പട്ടു) thither. അപ്പോൾ അങ്ങോട്ട് ഉണൎത്തിച്ചു informed the king KU. അങ്ങോട്ടേക്ക പറഞ്ഞയച്ചു TR. to your Highness. അങ്ങോട്ടും ഇങ്ങോട്ടും വാക്കുണ്ടായി TR. on both sides. ശപിച്ചതിന്ന് അങ്ങോട്ടും ശപിപ്പൻ Bhr. in return I curse thee.

**അചഞ്ചലം, അചപലം ajańjalam** S. Firm.

**അചരം ajaram** S. Not moving (in ചരാചരം).

**അചലം ajalam** S. Immoveable, mountain f. i. സഹ്യാചലം N. pr. the Western Ghauts.

**അചിത്തം ajittam** S. Without mind, disinclination V1.

**അചിന്ത്യം ajinŏyam** S. Unimaginable; കൎമ്മങ്ങൾ ഓരൊന്നവൻ ചെയ്യുന്നതും അചിന്ത്യങ്ങൾ KR.

**അചിരം ajiram** S. Not long. അചിരാൽ soon (po.)

**അചേതനം ajēŏanam** S. Irrational, unconscious.

**അച്, അച്ച് aju, aččų** S. A vowel (gram.)

**അച്ചം aččam** TM. (√ അഞ്ചുക) Fear, dismay (loc.)

അച്ചടക്കം shyness, modesty (മെയ്യടക്കം).

**അച്ച aččа** (T. അത്തൈ) Mother; അച്ച തന്നെ മുല നല്ലെണം VCh.

അച്ചൻ TM. (T. also അത്തൻ. C. Tu. അജ്ജൻ) 1. father, lord; used chiefly hon. അച്ചന്റെ പുരം Nal 3. my father's house. 2. title of males in royal families f. i. in Pālacādu കൊമ്പിയച്ചൻ TR. the minister of Calicut Rajah മങ്ങാട്ടച്ചൻ, of Cochin പാല്യത്തച്ചൻ, of Nayer chiefs കളക്കാട്ടു നാലർ അച്ചന്മാർ TR. (in Curumb.) of the 60 heads of Urāḷer (Cal.); even of monkeys കരഞ്ചൻ PT. അച്ചനപ്പെ നേരാണ് TP. oath.

അച്ചി C. Tu. M. 1. mother (=അച്ച) അച്ചി കട്ടിയിനെ രക്ഷിക്കും പ്രകാരം TR. 2. Nayer woman V1. 3. female of animals etc. അച്ചിത്തട the plantain stem surrounded by its offspring (കന്നു). അച്ചി കടിച്ച പല്ലു കട്ടിയും കടിക്കും prov.

**അച്ചാരം aččāram** T. M. Te. (C. Te. അച്ചു be indebted, pay money) Earnest money, advance given to ratify a bargain. മകളെ രാജാവിന്ന് അച്ചാരം വെച്ചു betrothed Ti.

**അച്ചാറ്** (P. achār) Pickles KU.

**അച്ചി ačči** 1. see under അച്ച. 2. Atcheen; hence അച്ചിക്കുതിര or മട്ടക്കുതിര.

**അച്ചിങ്ങ aččiṅṅa** 1. = അത്തിങ്ങ Green figs V1. 2. very young beans, also അച്ചളിങ്ങ V2.

**അച്ചിരി aččiri** 1. (Tdbh. അശ്രീ) Worthless, insubstantial V1. അച്ചിരിവഴി unlucky way = ദുരദ്ധ്യം V2. അച്ചിരി പൂണ്ടു = മുഖവാട്ടത്തോടെ. 2. (from അച്ചം) അച്ചിരിപ്പൂണക to smile bashfully. കേട്ടിട്ടച്ചിരി വരുന്നാകിൽ Bhr. അച്ചിരിച്ചിരിക്കയും Bhg. sneer.

**അച്ചു aččų** 5. (Tdbh. അക്ഷം) 1. Sign, type. 2. mould, ഉണ്ട വാൎക്കുന്ന അച്ചു for bullets, അച്ചു കൊത്തുക TR. for coining. അച്ചും നെല്ലും royal revenue. നായർ അച്ചും അരിയും കൂലിച്ചേകവും കൊടുത്തു KU. 3. വണ്ടിയച്ചു axle tree, also അച്ചി (ൽ) തടി. 4. weaver's reed or stay, നൂൽ അടുപ്പിപ്പാൻ അച്ചു. 5. a mistake (=തെറ്റു). അക്ഷരശ്ലോകം ചൊല്ലീട്ട് അച്ചു കൊള്ളുക നിശ്ചയം (po.) 6. a little snail (T. നത്ത്, അചറു).

Cpds. അച്ചടി (1) printing. അച്ചടിക്കുപ്പായങ്ങൾ chintzes Nal 3.

അച്ചടിക്ക 1. print, stamp. 2. to mould (= കരുപിടിക്ക.)

അച്ചടിക്കാരൻ printer.

അച്ചുകൊത്തു type-cutting.

അച്ചുകോൽ ramrod (and അച്ചുകററി).

അച്ചുക്കൂടം printing-press TrP. (= അച്ചടിയന്ത്രം.)

അച്ചിത്തടി (3) axle-tree; ഉരുളകൾ ആണികൾ പാരം ഉറെച്ചുള്ളൊരച്ചിത്തടികളും നേരെ മുറിച്ചു KR 3.

അച്ചുതണ്ടു axle-tree, axis. ആദിത്യരഥചക്രത്തിന്റെ അച്ചുതണ്ടു മേരുതന്മുകളിലും മാനസോത്തരഗിരിതന്മേലും കൂടയല്ലൊ. Bhg 5.

അച്ചോ aččō (Voc. of അച്ചൻ?) Interj. of surprise, pain = അയ്യോ. അച്ചോ കേൾ VC. hear oh friend, also അച്ഛോ VyM.

അച്യുതൻ ajyuδaǹ S. (not falling) Vishṇu. അച്യുതി constancy V1.

അച്ഛം aččham S. Dear, transparent, pure; അച്ഛമാം ഒരു പക്ഷി അച്ഛശീലന്മാരെ രക്ഷിക്കും Kei N 2.

അച്ഛൻ aččhaǹ (= അച്ചൻ modern) 1. Father. അച്ഛൻ എന്ന് ഉണ്ണികൾ എന്നെ വിളിച്ചീടും SG. അച്ഛാ എന്നിങ്ങനെ ചൊല്ലി കേണു CG. (a child when flogged). 2. mother's brother V1. 3. Sir.

അച്ഛച്ഛൻ, അച്ഛമ്മ father's parents (Cann.) അച്ഛി = അച്ചി mother, lady V1.

അച്ഛോ = അച്ചോ f. i. അച്ഛോ എന്നെ കൊല്ലുന്നോ MR.

അച്ഛിന്നം aččhinnam S. Undivided; അച്ഛിന്നഭക്ത്യാഭജിക്ക SiP 3.

I. അജം ajam S. Unborn, അജൻ Brahma.

II. അജം ajam f. അജ (aγos, leader S. അജ് aγω) Goat. അജഗരം S. a boa = പന്നഗം Bhg. അജമേധയാഗം sacrifice of goat MC. അജപാലൻ goat-herd. അജഗജാന്തരം (prov.) difference between goat and elephant.

അജയം ajayam S. = അപജയം Defeat. വില്ലാട്ടു കാണാം ജയവും അജയവും Bhr 7.

അജരം ajaram S. Never getting old (po.)

അജസ്രം ajasram S. Uninterruptedly; അജസ്രം കാമങ്ങൾ അനുഭവിക്ക KR.

അജാഗ്രത ajāgraδa S. Carelessness.

അജിനം ajinam S. (II അജം) Hide used as seat (po.)

അജിരം ajiram S. (running √ അജ) Yard f. i. of houses, battle-field, അജിരം അടിച്ചു തളിച്ചു (po.)

അജിമാശി (P. āzmāish) Examination, rough calculation (of produce). അജിമാശിക്ക ചെന്നു ശോധന ചെയ്തു, പൈമാശിക്കും അജിമാശിക്കും പോകുന്ന കാൎയ്യസ്ഥന്മാർ MR.

അജീൎണ്ണം ajīrṇam S. (not worn out) Indigestion, also അജീൎണ്ണത.

അജീവനി ajīvani S. Death. അജീവി dead V1.

അജേയൻ ajēyaǹ S. Invincible. വാനവരാലും അജേയൻ AR 6.

അജ്ഞൻ ajńaǹ S. Ignorant. അജ്ഞത ignorance, അ. പോക്കിനാൻ വാക്കുകൊണ്ടു CG.

അജ്ഞാതം unknown, അജ്ഞാതവാസം കഴിക്ക living incognito Bhr.

അജ്ഞാനം ignorance, chiefly religious.

അജ്ഞാനി ignorant, pagan.

അജ്ഞേയം not to be known (po.)

അഞ്ജം añjam A cup, small vessel (med.)

അഞ്ചലം añjalam S. (√ അഞ്ച് bend) End, border. ജിഹ്വാഞ്ചലേ (po.) = നാവിൻ അഗ്രത്തിൽ.

I. അഞ്ചൽ añjal 5. (a C. to divide = അംശം) Orig. a stage, relay; now letter-post. അഞ്ചൽ ഓട്ടുക to run post. അഞ്ചൽക്കൂലി postage. അഞ്ച(ൽ)പ്പുര post-office, അഞ്ചല്ക്കാരൻ post-runner. അഞ്ചൽ വഴിക്കു കൊടുത്തയച്ച കത്തു, അഞ്ചലിൽ അറിയിക്കാൻ TR.

II. അഞ്ചൽ V. N. of അഞ്ചുക.

അഞ്ചിതം añjiδam S. (√ അഞ്ച്) 1. Honored, revered. അഞ്ചിതമായുള്ള പുഞ്ചിരി തൂകീട്ടു CG. 2. (as if from അഞ്ചുക) the feeling of awe. തിങ്കൾ ആ പുഞ്ചിരിത്തുമകൊണ്ടു അഞ്ചിതമായി CG. felt himself defeated. 3. adv. awfully. അന്യകൾ തന്മേൽ അഞ്ചിതം പൊഴിയപ്പൊഴിയ RC. 88.

അഞ്ച് añju M. (T. corruption of ഐന്തു, see ഐ) ആകുന്നതഞ്ചും വിലക്കി ഞാനോ TP. remonstrated often enough.

അഞ്ചെട്ടാളുകൾ VyM. some persons.

Cpds. അഞ്ചടി a short (moral) song.

അഞ്ചമ്പൻ having 5 arrows, Kāma, also അഞ്ചലരമ്പൻ (po.) അഞ്ചാം fifth, അഞ്ചാമൻ, അഞ്ചാമതു.

അഞ്ചാംപനി measles, catarrh V1.

അഞ്ചാം പുര the 5th or additional room in a native house, used for stores and as prison. അഞ്ചാം പുരയിലാക്ക shut up in it, as a woman suspected; അഞ്ചാം പുരയിൽ കടന്നു TP.

അഞ്ചാൻ a measure (?) നെല്ലു അഞ്ചാനാൽ ഇടങ്ങാഴി ൧൨൦൦ എന്നു നിശ്ചയിച്ചു TR.

അഞ്ചുതെങ്ങ Anjengo, fortified by the English in 1694 TR.

അഞ്ചുവണ്ണം N. pr. the seat of the original Jewish colony (Syr. Doc.) Pai.

**അഞ്ചുക añjuγa** TM. (അഞ്ജു C. Tu. ജംഗു Te.) 1. To fear, despair. അഞ്ചി ഓട്ടം വിധൌ Bhr 7. അഞ്ചാതെ വന്നു VetC. came without fear. 2. (po.) to concede superiority. പാലഞ്ചും പുഞ്ചിരി CG. പാലഞ്ചും മൊഴിയാളെ VetC. കാററഞ്ചും വേഗമോടെ Bhr.

VN. അഞ്ചൽ and അച്ചം awe, fear q. v. നെഞ്ചിൽ തഞ്ചിന ഒർ അഞ്ചൽ ചഞ്ചലനം GnP.

**അഞ്ജനം añjanam** S. (അഞ്ജ് anoint) Ointment, chiefly of eyes, lampblack, antimony (പുഷ്പാഞ്ജനം brass calx, രക്താഞ്ജനം, നീല അ. ഹേമ അ. a med. സ്രോതാഞ്ജനം GP. etc.)

അഞ്ജനക്കല്ലു antimony sulphurate GP 75. used med. and to discover thefts or treasure; hence അഞ്ജനം പാക്ക or കൈക്ക് അ. ഇട്ടു നോക്കുക.

അഞ്ജനക്കാരൻ a conjuror.

അഞ്ജനവണ്ണൻ, അഞ്ചനവണ്ണൻ Cṛishṇa, = കാർവ്വർണ്ണൻ CG.

**അഞ്ജലി añjali** S. The cavity formed by putting the hollowed palms of both hands side by side (= തൊഴുകൈ) chiefly for adoration. അ. കൂപ്പുക, പുഷ്പാഞ്ജലി (po.) അഞ്ജലിബന്ധം ചെയ്തു തൊഴുതു KR. അ. ചേൎത്തു നമസ്കരിച്ചു Bhr.

**അഞ്ജസാ añjasā** S. (by way of gliding) Straightway (po.)

**അഞ്ഞായം** = അന്യായം TR.

**അഞ്ഞാഴി** (അഞ് = ഐം) **aññāḻi** 5 Nāṛi, $1\frac{1}{4}$ measures. അഞ്ഞാഴിയും പുല്ലായും a fee on feast days (Trav.)

**അഞ്ഞൂറു aññūṛu** 500. അഞ്ഞൂററാൻ A subdivision of Nāyers TR. (in Iruwenāḍu). അഞ്ഞൂററുകാർ (and — ററന്മാർ) Roman converts from Tier, Fisher and similar castes (Cochin).

**അട aḍa** 5. (√ അടു be contiguous, close) What serves as a rest or bar. 1. a lamp. 2. a cake made of ഉഴുന്നു GP. 3. a lock V1. 4. incubation B.

Cpds. അടക്കല്ലു, അടോല, അടക്കോൽ V1. anvil of goldsmiths.

**അടക്ക, അടെക്ക** (കായ്) MC. Te. 1. betlenut, Port. "Areca" (the tree കമുങ്ങു) ൧൦൦൦ അടെക്കെക്കു ൮൦ റെസ്സ് കണ്ടു TR. (assessment of 1798). prepared betlenuts കളിയടക്ക, വെട്ടടക്ക. — അടക്ക ആകുമ്പോൾ മടിയിൽ വെക്കാം (opp. കഴുങ്ങായാൽ) prov. 2. (loc.) testicle.

**അടക്കാമണിയൻ** (അടക്ക വാണിയൻ വേർ a med.) Sphæranthus Ind. GP. 61. kinds ചെറിയ — വെളുത്ത — Celosia argentea Rh. മഞ്ഞച്ച അ. Conyza Ind. Rh.

**അടക്കളം** T. SoM. Shelter, അ. കൊടുക്ക grant, protection V1.

**അടക്കാവു** Shelter; അടക്കാപ്പക്ഷി the sparrow, fringilla domest. (a good omen); also a child may be called by its mother അടക്കാപ്പക്ഷി.

**അടകൊതിയൻ കിഴങ്ങു aḍayoδiyaǹ kiḻaṅṅu** (or അടവതിയൻ പാല, അടപൊതിയൻ GP. 60.) Asclepias annularia, med. in eye-diseases.

അടപ്രഥമൻ a certain condiment B.

അടമരം Terminalia Cadappa Rh.

അടമഴ T. incessant rain (see അടൽമഴ).

അടമാറി 1. inequalities of ground (?) MR. 298 (in doc. style). 2. any small bit of ricefield, much used for rearing riceplants (Palgh.) = പൊററ, പള്ളിഞായൽ.

അടവഴി way between two hedges V1.

**അടക്കം aḍakkam** V. N. (അടങ്ങുക) 1. Being contained. എന്നിങ്ങനെ കവിയടക്കം KU. thus says the tradition. — 2. (old) all, the whole. നഗരം അടക്കം ചുട്ടുമുടിച്ചു, വീരർ തമ്മെയും ഒക്കടക്കം മുടിപ്പെൻ RC. ചരക്കു അടക്കം കൊണ്ടു V1. purchased the whole of the goods. അന്നടക്കം അനന്ത്രവരെയും മുന്നിൎത്തി (doc. alias അന്നട്ടക്കം) with the consent of all then

living heirs. 3. possession, enjoyment; വീട്ടു മുമ്പെ കാരണോർ കാലം അടക്കം ചെയ്യോണ്ടിരിക്കുന്നു TR. മയ്യഴികമ്പഞ്ഞിക്കാരിൽ അടക്കമായ്പന്നു, ഏകമാമി എപ്പേർപ്പെട്ടതും അടക്കമായി (doc.) ആൾ അററുതിവന്നാൽ അങ്ങോട്ടും ഇങ്ങോട്ടും അടക്കമത്രേ ആകുന്നു TR. in case of one branch dying out the other inherits. വയനാടടക്കം തരുവൻ TP. നാടടക്കം സൎക്കാരിലേക്കു; കോട്ടയെ അടക്കം ചെയ്തു KU. took possession of the fort. 4. self-control, modesty, chastity V1. secrecy. മനസ്സിന്നടക്കം VCh. അടക്കം ചേർമുനിവർ RC. the austere Rishi; അടക്കമുള്ള മങ്കയരിൽ മുമ്പുണ്ടിവൾക്കു RC 117. Sīta the most chaste.

അടക്കക്കാരൻ proprietor.

അടക്കു V1. = അടക്കം 4.

**അടങ്ങുക** adaṅṅuγa 5. (√ അട്ടു) v. n. 1. To be pressed down, enclosed, contained. ചോറടങ്ങി is swallowed. വാരിധിക്കുള്ളിൽ അടങ്ങിയ ഭൂമി Mud. enclosed by the sea. കടയിൽ അടങ്ങി took shelter under. മൂവർ ഒരു കടക്കീഴ് അടങ്ങുമോ. 2. to submit, yield, be possessed, ruled. അവൾ അടങ്ങി yielded. കമ്പഞ്ഞിയിലേക്ക് അടങ്ങെണ്ടു ചുങ്കം TR. (= അടയുക). വസ്തുവക ദേവസ്വത്തിൽ അടങ്ങി പോന്നു TR. പറമ്പടങ്ങുന്നില്ല does not yield. 3. be controlled, proportioned; കടെക്ക് അടങ്ങിയ വടി (prov.) വെററിലെക്കടങ്ങാത്ത അടക്ക ഇല്ല. prov. 4. be allayed, calmed. എന്നാൽ ചുമ അടങ്ങും a med. (= ഇളെക്കം). നിന്നെ തിന്നാൽ വിശപ്പടങ്ങും UR. മന്ദം അടങ്ങുന്ന കോപം Mud. 5. to rest, cease, be silent; ശ്വാസം അടങ്ങി died. നിന്നുടെ രൂപം സൃഷ്ടിച്ചടങ്ങി പിതാമഹൻ എന്നു തോന്നീടും KR. എന്നടങ്ങി, ഉരെത്തടങ്ങും; നീ എന്തടങ്ങിനില്ക്കുന്നു KR. why standest thou silent. കേട്ടടങ്ങീടേണം listen attentively. അധികാരം വെച്ചടങ്ങി പാൎക്ക Mud. live retired. വില്ല വെച്ചടങ്ങിയാൻ Bhr. gave up the job. ആയുധങ്ങൾ അടങ്ങി വസിക്കുന്നു Nal. rust from peace. വാതിൽ അടങ്ങി ചാരികൊൾ്ക shut gently. അടങ്ങ Inf. (= അടക്കം 2.) അടങ്ങ മുടിത്തു RC. made to cease entirely.

അടങ്ങൽ, അടങ്കൽ the whole contents (= അടക്കം 2.) അടങ്കൽ കാണ്മു form an estimate B.

അടങ്ങാത്ത unmanageable, disobedient, etc.

C. V. അടങ്ങിക്ക make to submit, enclose V1.

**അടക്കുക, ക്കി** 5. v. a. 1. To press down. വക്ത്രത്തിലാക്കി അടക്കും AR 6. swallow. 2. subdue, possess, enjoy as property. നാടടക്കുന്ന കോയ്മ TR. the actual Government. നിലമ്പറമ്പടക്ക to secure, use the crops. കണ്ടവും പറമ്പും കൊത്തി അടക്കിയതിനാൽ കഴിക്കുന്നവനായിരുന്നു lived from cultivation TR. ബ്രഹ്മസ്വം അടക്കി KU. usurped. കമ്പഞ്ഞിയിൽ അടക്ക TR. confiscate. പണം പിരിച്ചടക്കി TR. (= അടെച്ചു) ചത്തും കൊന്നും അടക്കിക്കൊൾക KU. conquer and rule. ജീവിതം അടക്കി കൊടുക്ക KU. pay up all his salary. 3. control, repress. മനസ്സടക്കുവാൻ കഴിവു കാണാഞ്ഞു KR. could not contain themselves. ചക്ഷുരാദികളെ, പഞ്ചേന്ദ്രിയങ്ങളെ അ. പ്രാണങ്ങളെ പ്രണവാന്തരേ ചേൎത്തടക്കി Bhg. by mortification. കാളനെ, ഗുളികനെ അ. to subject demons by mantras. ദുശ്ശീലം അടക്കി വെപ്പാൻ CC. correct an unmannered child. ദുൎവ്വീര്യം അടക്കുവാൻ AR 4. punish. ശാസിച്ചിട്ടാകിലും യാചിച്ചിട്ടാകിലും പാതിച്ചവണ്ണം അടക്കേണം നീ CG. പറഞ്ഞടക്കുക Bhr. restrain. സങ്കടങ്ങൾ അടക്കി TR. suppressed our grievances. 4. to allay, quiet; നിന്ദമെല്ലാം അടക്കും UR. എനിക്കു വിശപ്പടക്കേണം ഭവാന്മാരാൽ AR. must still my hunger with your flesh. പറഞ്ഞടക്കിനാൻ AR 4. comforted. CV. അടക്കിക്ക f. i. ഒരു കോല്കൂടക്കിച്ചു KU. caused the country to be ruled by an equal sceptre.

**അടച്ചു്** see under അടയുക.

**അടനം** adanam S. (√ അട്) Erring about (po.)

**അടന്ത** adanda T. M. a mode of beating time in music B. (see താളം) Bhg.

**അടപ്പു** see അടെപ്പു.

**അടപ്പം, അടപ്പൻ** adappam, adappaǹ 5. (C. ഹഡപം) 1. Betel purse, chunam pouch = കരണ്ടകം, വെററിടുന്ന പാത്രം; hence അടപ്പക്കാ

രർ KR. betel servants. അടപ്പപ്പട്ടം a court charge V1. 2. a stopper, cork B. (= അടപ്പു). 3. barber's dressing case, also അമ്പട്ടൻ അടപ്പു (taxed).

**അടമാനം** adamānam T. So M. (അട) 1. Pawn, mortage. 2. അടമാനം തന്നു (= അടെച്ചു) gave in full.

**അടമ്പു, അടുമ്പു** adambu, adumbu T. M. Convolvulus pes capræ or Lagerstroemia reginæ (ചുവന്ന) — വെള്ള — Conv. flagellif. Rh.

**അടയാളം** adayāḷam 5. Mark, sign. അടയാളം ഇടുക to mark. അടയാളപ്പെടുത്തയക്ക AR 6. dismiss the enemy with some mark, a wound etc. N. നായരെ അടയാളം the letter of Nāyer N. is as follows. രാമനും കണ്ണനും കൂടി കയ്യാൽ അ. joint letter of R. & C. (TR.)

**അടയുക, ഞ്ഞു** adayuγa T. M. C. (അട) n. v. 1. To be shut, shut up. മൃത്യുദ്വാരം അടഞ്ഞു Nid. വാതിൽ അടഞ്ഞില്ല would not shut. ചെകിടടയും Bhr. the ear is stunned. 2. to be enclosed, get into, come into possession. എനിക്ക കടം, പൊലു etc. അടഞ്ഞു പോയി I have received. (= തന്നു ബോധിച്ചു), esp. of the collection of taxes. നികിതി നേരായി വന്നടയും TR. ഗഡുവിന്നു (കിസ്തിന്ന്) അടയാത്ത പണം etc. (sometimes = അടങ്ങുക). 3. a. v. (T.) to obtain, രാജാവ് മഹത്തായുള്ള ധൎമ്മം അടഞ്ഞിടും KR. പിതാ വൈവശതി അടഞ്ഞു KR 2.

അടയ Inf. (= അടങ്ങ) all. അടയ സംഹരിച്ചു Bhr. ഉള്ള പൊരുൾ അടയ കൊണ്ടു Bhr.

അടയലർ T. a M. (unsubmitting) enemies. അടെയലൎക്കഞ്ചി RC 34. അടയലരുടൽ പൊടിച്ചെയ്തു RC 52.

V. N. **അടവു** T. M. C. (obtaining) 1. Regular custom = ആചാരം. 2. buying daily a stated portion on monthly account. നെല്ലു, പുല്ലു, വെണ്ണ അടവു കൊടുക്ക. 3. money that has come to hand; (= വസൂൽ) അ. കഴിക്കുക to sum up an account B. 4. dexterity, acquirement. അടവുകൾ കാട്ടിയാൽ Bhr. അടവുകൾ പിഴെച്ചു he failed in examination. അടവുറുക്ക be perfect in any art V1. അടവുറുക്കപ്പെട്ടതു a perfect thing V1. 5. esp. instruction in playing or fencing V1. — den. V. അടവിക്ക to buy the whole, f. i. of a ship's goods; obtain the monopoly of selling tobacco etc. within a Rajas territory V1. 6. T. manner (= പ്രകാരം) ഇടിപൊടിയും അടവു Nal.

**അടെക്ക, ച്ചു** a. v. 1. To shut, obstruct, block up. വാതിലടെക്ക, അടെച്ചുറപ്പില്ല MR. no locked door. കടിയിൽ അടെച്ചു കിടക്കാൻ അയക്കയില്ല TR. rioters leave us no night's rest. ഉക്കി അടച്ചു കിടക്കുന്ന ബാലൻ GS. dead; കണ്ണടെക്കാതെ പാൎത്തു looked into the sun. കണ്ണടച്ചു വിചാരിക്ക Nal. കുടികൾ അടെച്ചു കെട്ടി മുദ്രയിടുക TR. the houses of renitent subjects; വായി അ. കാര്യം അ. etc. 2. to take in, receive, collect, put up. നികിതി എടുത്തടെക്ക, കച്ചേരിയിൽ അടെക്ക, എന്റെ കൈക്ക് ഏതാനും പണം അടെച്ചിട്ടുണ്ടു TR. collected for Government. 3. to pay down (as an instalment), put into a bank. മുതൽ അടെക്കുമ്പോഴും വാങ്ങുമ്പോഴും (doc.); to conclude an account V1. 4. v. n. to be shut, rendered impervious. ബാലി പോയ വഴിയും അടച്ചില്ല KR. the way which B. went is still open, I may kill thee as well as him. ഒച്ച അടെച്ചുപോം Nid. ഒച്ച അടെക്കുന്നതിന്നു മാക്ഷാദി നെയി നന്നു a med. വെടി കൊണ്ടു ചെവി അടച്ചുപോയി stunned (= അടയുക). ദിഗ്ഗജങ്ങൾക്ക ചെവി അടെച്ചു Bhr. ഇരിനീർ അടെച്ചത് ഇളെക്കും a med. അവനുമായി മച്ചകം തന്നിൽ അടെച്ചു കൊണ്ടു CG. being shut up with him in the room. മഴ ഇരിട്ടടെച്ചു കൊണ്ടു വരുന്നു and ഇരിട്ടടച്ചിരിക്ക be very dark, be in the dark; ഇരിട്ടടച്ചീടിന പല വഴി VCh.

**അടെച്ചു വാററി** A vessel into which water is strained from the boiled rice.

**അടച്ചുററി** (ഊററുക) Lid of a pot serving as strainer (also അടപ്പു, അടവാകം കലം).

**അടെപ്പു, അടപ്പു** V. N. 1. Obstruction, കല്ലടപ്പു gravel, ഒച്ചയടപ്പു hoarseness.

2. whatever stops, covers, closes a hole. വിസ്തൃയമായ ഗുഹ ശിലകൊണ്ടു് അടപ്പായതു KR., lid or cover of a pot, jar. 3. = അടപ്പം 2 and 3.

**അടെപ്പിക്ക** C.V. Cause to look or shut; വിശപ്പം ഇരിട്ടടപ്പിച്ചു CC. പണം എടുപ്പിച്ചടപ്പിക്കാറാക്കി TR. (from അടെക്ക 2.)

**അടരുക, ൎന്നു** vu. **ന്നു. adaruγa** (C. to pounce, T. to grow thick Te. to shine — √ അടു) To burst, crack, slit off, fly open — അടൎന്നൊരു കൊമ്പു Bhr. അടൎന്നു വേരോടെ Bhr. a tree. തോൽ അടൎന്നു പോയി. കമ്മായം അടൎന്നു വീണു from a wall. പല്ലു് അടൎന്നു, പാത്രത്തിന്റെ വക്കു് അടൎന്നു, etc.

അടർ 1. = അടൽ war. 2. a splinter, as of wood, bone, stone.

അടൎച്ച V. N. splitting, a crack. a. v. അടൎക്ക, ൎത്തു (old) അടൎത്തുകൊണ്ടു പോന്നാൻ സുഗ്രീവൻ കിരീടങ്ങൾ Bhr. tore off; അടൎത്തചലങ്ങൾ, മരങ്ങൾ RC 9. കന്നിൻ കൊട്ടുമുടി അടൎത്തെടുത്തു AR 6.

അടൎത്തുക vu. അടൎത്തുക to split (ആന കൊമ്പുകളെ), tear off. മുരിങ്ങ അടൎത്തി MC. opened an oyster.

**അടൽ adal** T. M. (C. Te. terror) from അടു. 1. Closing with combat, fight. കടലോടടൽ കരുതും ഒരു കടലോടു സമാനമായി Bhr. like a sea battling with a sea. അടൽ കോലുമ്പോതു RC. അടൽത്തറ RC. അടല്ക്കളം Bhr. battle-field; അടല്ക്കിലത്തു വീണു RC. 2. emulation (= അങ്കം) അതിനോടടൽ പൊരുതല്ലൽ grief comparable to. 3. incessant (of rain) സലിലധരനികരം അടല്മഴ പൊഴിയുംവണ്ണം Bhr.

അടലാർ enemies. അടലാർകാലൻ, അടലാരപ്പോക്കളത്തിൽ ഒട്ടക്കവൻ RC.

I. **അടവി adavi** S. Forest, jungle (C. Te. അഡവു T. അടർ close from അട) ദാനവാടവീദവ KR. thou consumer of the Asuras.

അടവികച്ചൂരം (or — കച്ചോലം) a Curcuma, ചണ്ഡകിഴങ്ങു.

II. **അടവി** (= അടവു 4. see അടയുക) dexterity, cleverness.

**അടാന്ന adanna** അടീ f. അടോ hon. T. M. interj. Calling persons of lower rank, better എടാ etc. വരികടോ CC. = എടോ.

**അടാമ്പടി adāmbadi** (അടവാംപടി) Orderly, successively B.

**അടി adi** T. M. C. Tu. (Te. അഡുഗു) √ അടു. What comes in contact. 1. bottom, base, beginning. മരത്തിന്റെ. മലയുടെ അടി foot. അതിന്റെ അടിക്ക വെച്ചതു (jud.) put under it, തേങ്ങ കൂട്ടിയതിന്റെ അടിക്ക (jud.) under a heap of nuts. കണ്ടം അടി ആറുക field to be well dried for sowing. അടിതുടര ഒക്ക പറഞ്ഞു all from the commencement. അടിയോളം നന്നല്ല prov. 2. sole of foot, footstep, measure of a foot. അടി പറിഞ്ഞു, മറിഞ്ഞു sprained ankle. അടി നോക്കി നടക്ക follow footsteps. അടിമുടിയോടിടയിൽ അടികൊണ്ടു Mud. was beaten from head to foot. മൂന്നടി മണ്ണു യാചിച്ചു മൂന്നു ലോകം മൂന്നടിയായി അളന്നു AR 6. Vāmana. മൂലോകം മൂന്നടിയാക്കിയളന്നു CC. compassed the three worlds with 3 steps. മൂന്നാം അടി the 3rd time or turn. 3. foot, metre in അഞ്ചടി. 4. foot as object of adoration (see ചേവടി, തിരുവടി,) വേണാട്ടടികൾ the king of Vēṇāḍu, Trav. അടിയിൽ വീണു വണങ്ങി AR 5. and അടി പണിയുക, വണങ്ങുക, ചെന്നു് അടി കുമ്പിട്ടു Mud. 5. blow, stroke. പുറത്തു ചൂരൽകൊണ്ടു ൫൦ അടി അടിച്ചു TR. എന്നെ അടി തുടങ്ങി, തമ്മിൽ അടി കൂടി, ഞങ്ങൾ തമ്മിൽ അടിയും പിടിയുമായി came to blows. അടികൊണ്ടു was beaten. 6. sweeping the house അടിയും തളിയും KU.

Cpds. അടികലശൽ (5) assault, അവനെ അ. ചെയ്തു assaulted him MR.

അടികിടാവു് (1) first child V1.

അടിക്കടി (2) at each step, repeatedly (5) അ. കഴിക്ക retaliate, blow for blow.

അടിച്ചരക്ക (1) ballast V1.

അടിച്ചവർ (6) sweepings of a house.

അടിത്തിരി (4) a class of Brahmans, preservers of the holy fire.

അടിനാശം വന്നു PP. (1) lost his standing ground = അടിയറവു.

അടിപരത്തുക (2) to walk (hon. of Caymals) V1.

അടിപ്പടവു the bottom step, foundation.

അടിപ്പായൽ a certain game V1.

അടിപ്പിടി (5) quarrel.

അടിപ്പെടുക (1) to come down, fall. (= അടിയുക). വലയിലടിപ്പെട്ടു PT. 2. ഇടിയൊലി അടിപെട ആൎത്തനൻ RC. roared louder than thunder.

അടിപ്രമാണം (1) prior deed (f. i. നിലത്തിന്റെ അ. TR.) = കീഴ്പ്രമാണം.

അടിഭാരം കയറ്റുക (1) take ballast.

അടിമലർ (4) hon. foot അടിമലരിണ RC. also അടിത്തളിർ, അടിത്താർ.

അടിമുടികൾ മുഴുവൻ (2) from head to foot (po.)

അടിമുണ്ടു under-cloth.

അടിയന്തരം (2) 1. a fixed interval of time, term, feast, stated ceremonies. അ. കഴിക്ക, നടത്തുക TR. celebrate a marriage, feast (opp. മുടക്കുക). അടിയന്തരാദികൾ കഴിക്ക MR. നടക്കേണ്ടും അ. ഒക്കയും നല്ലവണ്ണം നടന്നു TR. coronation etc. അടിയന്തരം കഴിഞ്ഞാൽ TR. after the feast. അടിയന്തരം ചെലവു (opp. നേമം) extra expenses TR. 2. exigency, urgent, indispensable; ഊരാണ്മ അവകാശം അടിയന്തരമായി കീഴ്നാൾ നടന്നു വരുന്നു MR. undisputed, regularly. ഗ്രഹിപ്പിപ്പാൻ അടിയന്തരമായ്വന്നു TR. necessary. അടിയന്തരമായി എഴുതി കല്പിച്ചു TR. urgently.

അടിയറ (4) present given at an audience, fee on purchase of privileges. ഭരതൻ മാതുലന്ന് അടിയറകളും കൊടുത്തു KR.

അടിയറവു (1) checkmate (= നില്പാൻ കള്ളിയില്ല). അടിയറുക്ക give checkmate V2.

അടിയററം (1) to the bottom, thoroughly, ചിറ അ. പൊളിച്ചു കളഞ്ഞു MR.

അടിയാധാരം = അടിപ്രമാണം, കീഴാധാരം.

അടിയിടുക (1) to commence.

അടിയിരുത്തുക (2) = അടിപരത്തുക.

അടിയില (4) leaf in which the king eats.

അടിയുറപ്പു firm basis (of undertakings).

അടിവാരം (1) foot of hill.

അടിവെക്ക (2) walk slowly.

അടിസ്ഥാനം, അടിത്താനം V1. foundation.

**അടിക്ക adikka** T. Te. M. (അടി 5) 1. To beat, strike. ചൂരൽകൊണ്ടു എന്നെ രണ്ടു അടിച്ചു TR. അച്ചടിക്ക, പണമടിക്ക coin. കാററടിക്ക to blow. ആട് അടിക്ക kill. മൂന്ന് അടിച്ചുപോയി 3 o'clock struck. മുഖത്തടിക്കട്ടേ വയററിന്നടിക്കരുതു only no fine! സാരഥി തേരും തിരിച്ചടിച്ചു AR 6. drove. — as v. n. നിലത്തികൽ അടിച്ചു വീഴ്കിൽ KR. throw yourself on the ground. 2. M. Tu. to sweep the ground (അടി 6).

V.N. അടിച്ചൽ 1. beating. 2. (അടിയുക) a trap.

അടിപ്പു 1. printing, stamping, coining. 2. what is beaten, as metal, not cast.

C.V. അടിപ്പിക്ക f. i. പണം have coined. രണ്ടടിപ്പിത്തം two kinds of coins.

**അടിച്ചിപ്പാര, അടിച്ചാര adiččibāra, adiččāra** The cotton of cocoanut leaves, ഓലയുടെ പുറമ്പൊടി, അരുപ്പാര, കൊച്ചാട്, etc. used for straining (and perhaps sweeping അടിക്ക 2), and torches.

**അടിമ adima** T. M. (അടി 1) 1. Slavery, അടിമയിൽ അകപ്പെടുക captivity V1. അടിമ വീണ്ടുകൊൾക redeem V1. അ. ഒഴിപ്പതിന്നു Bhr. to emancipate. 2. feudal dependency of a Nāyer upon his patron. 3. slave, ബ്രഹ്മ ക്ഷത്രിയവൈശ്യക്കടിമ ചതുൎത്ഥന്മാർ KR. അടിമയായ്വക്ക മരുവും എങ്ങൾ CG. we your (bought) bondsmen, also അടിമ പൂമാറു RC. in order to serve. അ. പിടിക്ക TR. rob slaves (riotous Maplas) അടിമെക്ക കപ്പു prov.

Cpds. അടിമജന്മം 1. grant of land to an inferior with reversion to the granter on failure of heirs to the grantee (Tell.) 2. also mortgage of land by a superior to a person of low caste W.

അടിമപ്പണിചെയ്യു Bhr. 2. serve as slaves.

അടിമയാപ്രം immunity granted to slaves by their masters B.

**അടിയൻ & അടിയേൻ** **aḍiyaṅ** (അടി 1) I your servant, in obl. cases അടിയത്തെ TP. pl. അടിയങ്ങൾ, അടിയാർ, അടിയത്തങ്ങൾ ആറാളെ MR. six of us. In po. similarly അടിമയായ്യുക്കൊരിവൻ CG.

അടിയം 1 = അടിയൻ f. i. ചൊല്ലുവാൻ ഇന്നടിയത്തിനാൽ അസാദ്ധ്യം Genov. I cannot. 2. = അടികൾ (4) No. കുഞ്ഞടിയത്തേ TP. oh my young Lord! (Voc.)

അടിയാൻ m.; — യാൾ, — യാത്തി B. — യാട്ടി V. f. slave, servant (pl. അടിയാർ and അടിവർ). അടിയാൻ കുടിപതികളെയും കടത്തി TR. removed all the inhabitants. അന്യായക്കാരന്റെ അടിയാൻ ഈ സാക്ഷി MR. his dependant.

അടിയാർ also 1. a low caste's wife. 2. low castes (opp. കടിയാർ cultivators). 3. (from അടി 4.) landholders. അടിയാന്മാർ a class of lower Brahmans, servants of Bhagavati.

അടിയാർപണം an old tax, paid to Jenmis. അ. തരാത്ത തീയരെ തടുക്കയും തക്കയും TR.

അടിയോടിമാർ a class of Nāyers, esp. in the Caḍattuvanāḍu കടത്തുവനാട്ടടിയോടി, അടിയോടി മൂത്തങ്ങ് ഒരു തമ്പുരാനായി po. (അടി 4.)

**അടിയുക, ഞ്ഞു** **aḍiyuγa** (അടി 1) 1. Fall to the ground, as rotten fruit. ഞാർ കെട്ടടിഞ്ഞു പോയി spoiled by rain. അരക്കർ കാകുത്ഥൻ കാലിണക്കീഴ് അടിന്തു വീണഴുത് ഇരന്താർ RC 25. fell at Rāma's feet. വീണടിഞ്ഞു മുലകൾ RS. 2. drift on shore, കപ്പൽ അടിഞ്ഞു V1. ആ പൊടി തിരവായുടെ വന്നടിഞ്ഞു തീരത്തു Bhr. borne by the waves. മീൻ, കക്ക, etc. വന്നടിഞ്ഞു came in shoals. കടലിൽ ഉടനുടൻ അടിയും തിരമാല RS. beat. 3. കൺ അ. the eye suffers from excessive secretion. കണ്ണടിയുന്നതിന്നു നന്നു a med. നീരടിയുന്നതും ചവർ അടിയുന്നതും med.

**അടുക, ട്ടു** **aḍuγa** T. C. Tu. obs. (അണ്ടു C. Te. Tu.) 1. Come into contact, come to be close upon (അടൽ etc.) 2. to cook (അടുക്കള).

അടുമാറി = അടമാറി q. v.

അടുക്ക, ത്തു T. M. 1. to come nigh, approach, close, with Acc. എന്നെ അടുത്തു, Loc. അവരോട് അ. Dat. പുഞ്ചു പുരിക്കടുത്തു Mud. Gen. പതിയുടെ അടുത്തുനിന്നു KR. ചിറയുടെ അടുത്തു നില്ക്ക MR. ഗൃഭത്തിന്റെ അടുത്തോളം Nid. (അടുത്തു treated as adverbial Noun) വാങ്ങാതെ അടുത്തു പോർ ചെയ്യും KR. in battle. യാത്ര അടുത്തു Mud. the time of departure. അസ്തമിപ്പതിന്നടുത്തു സൂര്യൻ Mud. നിൻതല പോവതിന്നടുത്തു is endangered. 2. to beseem, become, be proportionate to. അടുക്കും വണ്ണം in becoming manner RC. പെണ്ണുപിള്ളെക്കും അടുക്കും ആചാരം KU. ordinances for Nāyer women. അന്നടുക്കും അനന്തരവരെയും കൂട്ടി TR. with the consent of the apparent heirs, (also അന്നടുത്ത — MR.) അടുക്കുംമുതൽ fees, perquisites. അടുക്കുവതു rights retained by the original proprietor from the purchaser. എടുത്തതിന്നടുത്ത കൂലി pay according to the work done. ചോറുവെയിച്ചോണ്ടാൽ ഒരുത്തന് അടുത്തത് എടുക്കുന്ന് ആർ TP. who is to serve me at meals. ഒരുത്തിക്ക് അടുത്തതു കൊടുക്കരുതോ TP. better take a wife.

Neg. അടാവഴി impassable road V1.

അടാത്തതു പ്രവൃത്തിക്ക do what is wrong.

Inf. അടുക്കേ, അടുക്കൽ 1. near. തിരുമുമ്പിൽ or പാദത്തിങ്കൽ അടുക്കെ വെച്ചു Bhg. വീട്ടിന്നടുക്കൽ TP. രാമന്റെ അടുക്കെ നില്ക്ക KR. 2. soon, അടുക്കേ വരു, TR. come soon.

അടുക്കേ treated as noun. അച്ഛന്റെ അടുക്കേക്കായി വരുന്നു MR.

Adj. part. അടുത്ത 1. near, next. അടുത്ത നാൾ, അടുത്താൾ TR. next day. അടുത്ത പിറെറ നാൾ day after tomorrow. അടുത്തതു നിന്റെ ഭരതനല്ലയോ KR. the next heir. 2. becoming, അടുത്ത പോലെ as convenient. അടുത്തൂൺ monthly support.

അട്ടത്തു = അട്ടക്കെ (with Gen. as under അട്ട ക്ക) അട്ടത്തു ൧൨ ദിവസം തേക്ക daily for 12 days; a med.

അട്ടത്തവൻ, — ത്തോൻ 1. Relation, തട്ടത്തിടവ ല്ലാർ അട്ടത്തോരും ആരും CG. even the next relations cannot help. 2. washerman, barber of each caste, as necessary for many ceremonies.

**അട്ടക്ക** A row, pile, layer. ഒരട്ടക്ക വെ റ്റില, കണ്ണുകൾക്ക് ൫ അട്ടക്കായിട്ടുണ്ടു പട ലങ്ങൾ Nid. hence

a. v. അട്ടക്കുക, ക്കി T. M. C. Te. to pack up, pile up, stow up. വിറകട്ടക്കി വെക്ക etc. CV. അട്ടക്കിക്ക.

**അട്ടപ്പു** 1. (അട്ടുക) Hearth, fireplace. അ ട്ടപ്പുകല്ലു — അട്ടപ്പത്തിട്ടക പാത്രത്തെ 2. closely woven cloth (also അടിപ്പു). 3. nearness, connection, proportion. അട്ടപ്പില്ലാത്ത വില പ റക offer too low a price.

V. N. അട്ടപ്പം സമയത്തിന്റെ അ. nearness, ഇവരുടെയും അവരുടെയും അ. relationship.

C. V. അട്ടപ്പിക്ക bring near, മന്ത്രിശ്വരന്മാരെ എല്ലാം അ'ച്ചു Nal. ordered to come. കൈ പിടിച്ചട്ടപ്പിച്ചു SiP. drew her closer. കോ ല്ക്കാർ വിളിച്ചാറെ തോണി അട്ടപ്പിച്ചിട്ടി ല്ല TR. അട്ടപ്പിച്ച് ഏകം ഉക summing up the whole. മൂന്നു ദിവസം അ'ച്ചു for 3 days.

**അട്ടക്കള** T. M. (അട്ടുക) Kitchen, cookroom. അഞ്ചാംപുരയിന്റട്ടക്കലയിൽ TP. [cook. അട്ടക്കളക്കാരനായി PT. Bhīmasēna became അട്ടക്കളക്കുരികിൽ sparrow (perh. അട്ടക്കളം = അടക്കളം, So V1.)

അട്ടക്കളവെപ്പു cooking, അ. വെക്കുന്ന ജനം നിന്നെ ഭക്ഷണത്തിന്നായി മുറിക്കും KR5.

അട്ടക്കള ശ്രുദ്ധം ഇല്ല, അട്ടക്കള ദോഷം 1. menstruation. 2. forbidden intercourse of women.

**അട്ടെടക്ക** see under അടയുക.

**അടോല, അടോലം** aḍōla, — lam = അട കല്ലു anvil. അടോല മുട്ടുക.

തേനടോലം honey-comb.

**അട്ട** aṭṭa T. M. C. Tu. (√ അട്ട, അണ്ടു to stick to) Leech. അട്ടെക്കു പൊട്ടക്കുളം prov. അട്ട പി ടിക്ക, അ. കൊളുത്തി a med. ദുഷ്ടന്മാർ മേനി യിൽ ചേൎന്നുള്ളൊരട്ടകൾ CG. (in hell). It is considered as blind. അട്ടെക്കു കണ്ണു കൊടുത്താൽ (prov). അട്ടപ്പുഴക്കുറ vault of leeches and worms (curse).

**അട്ടം** aṭṭam 5. (see അട) 1. What is across, transverse. — thwarting V1. അട്ടമുഖം cross face V1. (obs.) — 2. roof (also S.) used as storeroom, lumber, അട്ടം പൊളിഞ്ഞാൽ അകത്തു prov. — അട്ടക്കരി soot. 3. scaffold on 4 poles. അട്ടകം പിടിക്ക to salute by folding and opening the hands across the chest (ബ്രഹ്മാ ഞ്ജലി).

അട്ടഹാസം S. (അട്ട excessive) violent laughter, derision, defiance. ചീളെന്നു വാളും എട്ട ത്തട്ടഹാസവും ചെയ്തു Bhg. കൈ ഞെരിച്ചട്ട ഹാസം ചെയ്തു ചൊന്നാൻ പരിഹാസപൂൎവ്വ കം UR. കചചിൽ ജലാഘാതാട്ടഹാസം ഉ ഗ്രമായി KR. (metaph. of Ganga.)

V. den. അട്ടഹസിക്ക, പാരം അ'ച്ചു KR. and സംയുഗകാമികൾ അ'യും Bhr.

അട്ടാലം S. (= അട്ടം 2.) upstair room, turret സൌധസാലാട്ടാലഗോപുരം SiP 3.

അട്ടാലപ്പട quay of river or seashore for bathing purposes (at Dwāraka).

**അട്ടി** aṭṭi (C. Te. T. Tu. stoppage) T. M. A pile, lump (= അട) in 1. അ. കെട്ടുക, അട്ടിക്ക് ഇട്ട ക pile up, ram, pack close = അട്ടക്കി വെക്ക. 2. അട്ടിപ്പേറു complete purchase of a freehold, called അഴകിയ അട്ടിപ്പേറോല or — ക്കരണം title-deeds of freehold property. അട്ടിപ്പേർ നീർ TR. അട്ടിപ്പേർ നീരമകമായി എഴുതിച്ചു കൊണ്ടാൻ MR. doc. പറമ്പിന്റെ അട്ടിക്ക രണം, പറമ്പ് അട്ടിപ്പേറായി നീർ വാങ്ങി TR.

**അണൊങ്ങുക** aṇaṅṅuγa (C. Te. Tu. stoop) TM. To shake = അനങ്ങുക V. N. അനക്കം a jerk V1.

**അണ aṇa** C. T. M. (√ അണ്ണ = അട്ടു) 1. Support, pillow, തലയണ. 2. branch of fig tree V1. 3. dam, ചിറ മുറിഞ്ഞാൽ അണകെട്ടിയിട്ടെന്തു ഫലം KR. also channel (?) വെള്ളം വരുത്തുവാൻ അണ കെട്ടീടെണം KR. 4. yoke, pair (= ഇണ) അണപ്പുടവ, അണവസ്ത്രം uncut double cloth, as of Brahmans. 5. അണയിലേപ്പല്ലു (see അണൽ and അണെക്ക 2.)

**അണയുക** C. T. M. To approach, arrive. With Acc. കോകിയെ അണഞ്ഞു കോകവും KR. അവനെ ചെന്നണഞ്ഞു CG. തിരുമേനി അണഞ്ഞുനില്ക്കും കാൎയ്യക്കാരൻ TP. the minister close by the king. With Soc. അവരോടണഞ്ഞു Mud. With Loc. കേരളത്തിൽ അണഞ്ഞ നാടഞ്ചു KU. the 5 border countries Pāṇḍi, Congu, Wayanāḍu, Tuḷu, Punnāḍu. ഓടി അണഞ്ഞു പിടിച്ചു CG. in war. കപ്പൽ അണഞ്ഞു near the shore; also temporal by പെരുനാൾ വന്നണഞ്ഞു KU. മരിപ്പാൻ മ. നാൾ അണഞ്ഞാൽ a med.

Inf. അണയച്ചെന്നു RC. അണയത്തു near.

V. N. അണവു arrival, closeness, love (= ചേൎച്ച) അണവിൽ ചിന്തിപ്പാൻ RC 8.

a. v. അണെക്ക T.C.M. 1. to bring into contact, esp. embrace, hug. ചുംബനത്തിന്നു മുഖത്തെ അണെച്ചു CG. പാമ്പിനെ കഴുത്തിൽ അണെച്ചു Bhr. ഇറച്ചി എൻകവിൾത്തടത്തിൽ അണെത്തു RC 29. ഹസ്തം മാൎവ്വിൽ അണെച്ചു, മാറണെച്ചു തൊഴുക in reverencing; മെയ്യോടു മെയ്യും അണെച്ചു കൊണ്ടു. വേണുവെ വായോടണെച്ചു CG. put the flute to the lips. തോക്കണെച്ചു വെടിവെപ്പാൻ പുറപ്പെട്ടു TR. levelled the gun. കരെക്കണെച്ചു cast anchor. ചൂരൽ അണെക്ക TP. give a beating. 2. whet, grind; വാൾ അണെച്ചു. — അണെക്കുന്ന കല്ലു, പലക whetting stone, board വെരികു അണെക്ക (see മെരു) to take the civet V1. 3. So. to pant V1.

V. N. അണച്ചൽ, അണെപ്പു sharpening, panting V1.

**അണൽ aṇal** C.M.T. (also palate, see അണ്ണം) Jaw, hinder part of mouth. ഒന്നാമതു പല്ലിന്റെ അണലിൽ അട്ടുത്തുണ്ടാം a med.

അണ(ൽ)പ്പല്ലു grinder, double tooth (opp. ഉമ്മരപ്പല്ലു) അണപ്പല്ലിന്റെ ഇടയിൽ എല്ലു തടഞ്ഞു Arb. also അണയിലേപ്പല്ലു V2. വെണ്മയിൽ അണക്കടപ്പല്ലുകൊണ്ടുമക്കയും Nal 3. (from rage, whilst smiling with the front-teeth).

അണലി viper, and അണലിൽപാമ്പു V1.

**അണ, അണാ aṇa** H. $\frac{1}{16}$ Rupee.

**അണി aṇi** T. M. C. (√ അണ) 1. Row, line of soldiers; അണി പകുക്ക to set in array, അണി നില്ക്ക stand in files. 2. decoration, ഛത്രം അണിമുടി മീതേ പിടിച്ചതു KR. above the diadem. മുത്തണിമുലയാൾ Bhr. the breasts adorned with pearls, അണിമേനിമുലത്തടം, അണിമാൎവ്വിടം RC. അണിമലർക്കുഴലിമാർ RC. fine women. അണിമിഴികൾ Bhr. painted eyes. അണിമുററം Nal 2. court decorated for a feast. അണിനൃത്തങ്ങൾ തുടങ്ങി CC. theatrical dance of serpent. അണിയറ, അണിയലപ്പുര dressing-room of players. അണിയലം കെട്ടിയേ തേവരാവു prov. അണിയലക്കൊട്ട a basket to hold the dresses of idols, etc. അണിശയനം ചമെച്ചു (പുഷ്പം കൊണ്ടു) CC. a grand bed. അണിവിരൽ ring-finger (also little finger, little toe).

**അണിയുക** T. M. To wear (jewels, arms), decorate oneself; ഉടലൂണിഞ്ഞിരുന്ന കവചം RC. മുലയിണയിലണിവതിനു മുത്തു Nal. പൊന്നണിഞ്ഞാനകൾ Mud. കസ്തൂരികലഭങ്ങളെ അണിഞ്ഞാലും KR 5. കേശത്തിൽ അണിഞ്ഞ പുഷ്പങ്ങൾ KR. മാലമാറിൽ അ. Mud. തോടകൾ കാതിൽ അ. CG. ചോര എട്ടത്തണിഞ്ഞു combatants. പൊടികൊണ്ടണിഞ്ഞു Bhr 11. mourning women, അവൾ പൊടി അണിഞ്ഞു കാണ്മാൻ Nal 3. അധരകണ്ഠലമണിഞ്ഞഗണ്ഡം KR. (fig.)

V. N. അണിയൽ f.i. ആടാചാൎയ്യാക്കണിയൽ പ്രധാനം (prov.)

അണിവു, മേനിക്കണിവായി നില്ക്കും CG.

C. V. അണിയിക്ക to dress, adorn. ആന അ. dress out an elephant for processions. തലമുടിയിലണികസുമനികരമണിയിച്ചു Nal 2. മണിമകുടം അ. Mud.

**അണിമ aṇima** S. Power of reducing the body to an atom (അണു).

**അണിയം aṇiyam** T. M. (T. C. അണി first) Ship's head, prow. (opp. അമരം.)

**അണീയാൻ aṇīyāṉ** S. (അണു) More minute, അണുവിങ്കൽനിന്നണീയാൻ ഭവാൻ AR 6.

**അണു aṇu** S. 1. Atom, according to CS. $\frac{1}{45158400}$, dust; കൃമികൾ അണുക്കളാക കൊണ്ടു കണ്ടുകൂടാ Nid. അണുപ്രമാണം as small as possible. 2. a very small fraction (21 അണു= 1 ഇമ്മി CS.); 3. a rice-grain. 4. the rib of a plantain leaf, വാഴയണു മുറിക്ക cutting a plantain string without hurting the nape on which it is laid. 5. small white fly.

**അണു aṇu** Drav. √ = അടു (hence അണ etc.)

**അണുകുക, കി aṇuγuγa** T. a M. To approach, അണുകികൊണ്ടാർ pay.

**അണുങ്ങു aṇuṅṅu** A small flea (T. അണുക touch). see അണു 5.

**അണ്ട aṇḍa** (= അട?) 1. A small lump, ഒരണ്ട കസ്തൂരി a bag of musk. 2. excrements of elephant V1. (= പിണ്ടി). 3. testicle (obsc.)

**അണ്ടം aṇḍam** 1. = അണ്ട V1. 2. Tdbh. അണ്ഡം world, അണ്ടം ഇളകുമ്പടി RC.

**അണ്ടർ aṇḍar** T. M. (from preceding or അണ്ടുക T. C. Tu. Te. to resort, or അണ്ണ above) The Gods. അണ്ടർകോൻ Nal 3. അണ്ടർനായകൻ Bhr. Indra. അണ്ടവില്ലോട്ടു കടുന്തുടിയും Onap. divine bow?

**അണ്ടി aṇḍi** (C. root, origin) Kernel, stone of mango etc., nut; scrotum.

അണ്ടിയാട്ടം play with dice V2.

**അണ്ഡം aṇḍam** S. (see അണ്ട) 1. Egg. 2. = ബ്രഹ്മാണ്ഡം world, അണ്ഡകടാഹങ്ങൾ CG. the shells of the mundane egg. 3. testicle, കരത്തിന്റെ അണ്ഡം PT 1. അണ്ഡം കീറിതിരി എടുക്ക MC. to geld. അണ്ഡത്തിൻ പൃ കൊണ്ടു ബന്ധിക്കുന്നു CG.

അണ്ഡകോശം scrotum.

അണ്ഡജം oviparous.

അണ്ഡന്താളി Cymbidium ovatum Rh.

അണ്ഡവാതം swelling of testicle V1.

**അണ്ണ aṇṇa** T. C. Upwards, above; hence perhaps അണ്ണയായി നടന്താൻ RC 26. അണ്ണയാക്കി അകമ്പനൻ മെയ്യെല്ലാം RC 21. (prostrated so as to look upwards?)

**അണ്ണൻ** T. M. Tu. C. 1. Elder brother, അടിയോളം നന്നല്ല അണ്ണന്തമ്പി prov. 2. Royal predecessor, ancestor; തിപ്പെട്ട വലിയ അ. ചെറിയ അ. കോലത്തിരി അ. TR. അണ്ണന്മാർ കാലം നേടിയ പൊൻ TP. കീഴിൽ അണ്ണന്മാർ നടന്ന സ്ഥാനമര്യാദ പോലെ നാം നടന്നില്ല എങ്കിൽ TR.

**അണ്ണം**, അണ്ണാക്ക Palate, അ. ആറി പോയി mouth parched. അണ്ണാക്കിലേ തോൽ അശേഷം പോയാലും prov. മേലണ്ണാക്ക and കീഴണ്ണാക്ക V1. The uvula is അണ്ണാക്കിന്റെ ആണി (or ചെറുനാവ്) അണ്ണവായന് അപ്പം prov.

**അണ്ണൽ aṇṇal** a T. a M. 1. High, God, esp. Arhat. അണ്ണൽ നേരെഴം പാവകി RC 23. അ. തന്തിരുമെയ് 26. മതിക്കലജടെക്കണിയും അ. 53. (glory?) 2. squirrel.

**അണ്ണാ aṇṇā** Looking upwards, അണ്ണാ എന്നു വെള്ളം കടിച്ചു (in the native way of drinking). അണ്ണാ എന്നാക to gape, also അണ്ണാന്നു നോക്കുക, കടിക്ക and അണ്ണാക്കം നോക്ക. In po. gen. അണ്ണാന്നുനിന്നു കൊണ്ടാകാശം നോക്കീട്ടു CG. in prayer and expectation, അണ്ണാന്നു നിന്നു ചകോരം (to drink the moon's rays), തോത്തു കൊണ്ടണ്ണാന്നു വായും പിളൎന്നു CG.

**അണ്ണാടി aṇṇāḍi** No M. (comp. അണ്ണം, അണ്ണി) Cheek-bone നിന്റെ അ. തല്ലി പറിച്ചുകളയും vu. also അണ്ണാടിയെല്ലു = താടിയെല്ലു. ? അണ്ണാടി കാണ്മാൻ കണ്ണാടി വേണ്ട prov.

**അണ്ണാൻ, അണ്ണാക്കൊട്ടൻ, അണ്ണാക്കണ്ണൻ, അണ്ണിൽ aṇṇāṉ, aṇṇākkoṭṭaṉ** Sciurus palmarum TC. squirrel. അണ്ണാക്കൊട്ടൻ തന്നാലായവണ്ണം prov. AR. അണ്ണാക്കണ്ണന്റെ മാംസം വൃഷ്യം GP.

അണ്ണാർവാഴ, അണ്ണാക്കണ്ണൻവാഴ a tree and fruit, called monkey plantains V1.

മലയണ്ണാൻ, മലയണ്ണാക്കൊട്ടൻ jungle squirrel, considered as chief planter of cardamoms (വളർ) Sciurus maximus.

**അണ്ണാവി annāvi** T. a M. (അണ്ണൻ) Tutor, teacher, head of a company of actors; തന്നാ ലേത്താൻ കെട്ടാൽ അ. എന്തു ചെയ്യും prov.

**അണ്ണി anni** (see അണൽ) Inside of the cheek, joint of jaws; അണ്ണിയിൽ അമുക്കുക to masticate as toothless persons.

**അതഃ aδaḥ** S. Hence (po.)

**അതകുത aδaγuδa** (T. അതളി hurry) = ബദ്ധപ്പാട്. അതകുതയായി പോയി It has been over hurried.

**അതക്കുക aδakkuγa** T. M. C. (= അമുക്ക) To cram down, turn betel in the mouth V1.

അതക്കുനോക്കുക to lie in wait (P. atacar, E. attack.)

**അതതു aδaδu** T. M. (അതു) Each, several; അതതു കൊല്ലം TR.

**അതൎക്കിതം aδarkiδam** S. Undoubted V1.

**അതലം aδalam** S. Bottomless, a hell Bhg.

**അതളി aδali** T. Noise, tumult V1.

**അതാ aδā** (അതു) See that, behold there; അവൻ വന്നു അതാ (po.) അതാതു = അതതു.

**അതാവു** (A. atā'b); exertion, fatigue, disappointment ആശാവലിയോൻ അതാവു പെട്ടപോം prov.

I. **അതി aδi** Tdbh. 1. (അസി) Sword, അതിയും ഒൺചിലയും അമ്പും RC 130. 2. = അധി (f. i. അതികാരം etc.)

II. **അതി** S. (√ അ) Beyond, too much, very. നോവു അതിയായ്വരും, അതിയായുണ്ടു, കടിക്ക Nid. അതിയായിട്ടൊരു താമസം TR. പരിതാപം അതിയായുണ്ടു എനിക്കു KR. ഒട്ടതിയായുള്ളൊരു ധനാഗമം Bhr 5. അതിയോളം ഓരോ സല്കൎമ്മങ്ങൾ അനുഷ്ഠിക്ക KR. അതിയല്ലാതെ വലഞ്ഞു തിരിച്ചു Cr Arj. pressed beyond endurance.

**അതികരുണം aδiγarunam** S. Most kindly, AR. അ. പറയും Mud. so as to excite pity.

**അതികായൻ aδiγāyaṅ** S. Giant, a N pr. RC.

**അതികാരം aδiγāram** = അധികാരം TR.

**അതികുമാരൻ adiγumāraṅ** S. Very young, (അ. അഭിമന്യു Bhr.)

**അതികൊട്ടപ്പം aδiγoḍuppam** അ'ായി പോർ ചെയ്തു Bhr. fiercely.

**അതിക്രമം aδikramam** S. Excess, outrage, assault; excessive punishment. കള്ളന്മാരുടെ അതിക്രമം മാററി TR.

അതിക്രമിക്ക go beyond. കാലം അതിക്രമിക്ക KR. let a set time pass by. കാടും നാടും എല്ലാം അ. Nal. pass through. വാക്കിനെ അ. KR. transgress an order, so കല്പന അ'ച്ചു നടക്ക TR. ഇപ്രകാരം അ'ച്ചു നടക്കുന്ന രാജ്യത്തു were such violence is in vogue. ആളോടു അ. TR. assault.

**അതിഗുണവാൻ aδiġuṇavāṅ** KR. Exceedingly gifted.

**അതിഘോഷം aδighōšam** S. Very loud, ശംഖനാദം അതിഘോഷിച്ചു കേൾക്കുന്നു Bhr 7.

**അതിജവം aδijavam** S. Very quick (po.)

**അതിതരാം aδiδarām** S. Yet more, very much (po.)

**അതിതാപം aδiδābam** S. Great grief, deep pity (po.)

**അതിഥി aδithi** S. (√ അത് wander) Guest. അ'പൂജ, — ധൎമ്മം, — സേവ, — സല്കാരം hospitality. ഋഷി അവൎക്ക അതിഥിസല്കാരം ചെയ്തു KR. അതിഥിപൂജ വേണം VCh.

**അതിദയാപരൻ aδid'ayābaraṅ** S. Most bountiful AR 5.

**അതിദിവ്യം aδid'ivyam** S. Most wonderful, f. i. മാല Bhg.

**അതിദൂരം aδid'ūram** S. Very far.

**അതിദ്രുതം aδid'rutam** S. Suddenly AR.

**അതിനല്ലതു aδinallaδu** ചൊല്ലേണം UR. The best.

**അതിനിദ്ര aδinid'ra** S. Excessive sleep.

**അതിനിഷ്ഠുരൻ aδiništhuraṅ** S. Most cruel AR.

**അതിപാതം aδibāδam** S. Letting pass the proper time V1.

**അതിപാപം aδibābam** S. Deadly sin, അ'ത്തികൾ കൃതമതിയായി KR.

**അതിപുകച്ചൽ aδibuγaččal** a med. Inflammation,

**അതിപ്രയോഗം aδiprayōgam** S. Many devices. അ. ഉള്ളമാത്യൻ Mud.

**അതിപ്രാണപ്രിയം adiprāṇapriyam** S. Dearer than life (po.)

**അതിപ്രീതൻ** adiprīdaǹ S. Most contented BrP 26.

**അതിബാന്ധവൻ** adibāndhavaǹ S. Most devoted AR 6.

**അതിബുദ്ധി** adibuddhi S. Being overwise, അതിബുദ്ധിക്ക് അല്പായുസ്സ (prov.)

**അതിഭക്ഷണം,— ഭുക്തി** adibhakšaṇam, —bhukti S. Gluttony. [Arj.

**അതിഭീരുത** adibhīruda S. Cowardice, Cr.

**അതിമധുരം** adimadhuram S. Very sweet; licorice = ഇരട്ടിമധുരം. a med.

**അതിമാത്രം** adimātram S. Over much f. i. സ്തുതിച്ചു KR.

**അതിമാനുഷൻ** adimānušaǹ S. Superhuman f. i. ഇരുവർ ഏറാടിമാർ KU. അതിമാനുഷകൎമ്മാവ് Bhr. performer of miracles.

**അതിമാന്യൻ** adimānyaǹ S. Most honorable, ധന്യോഹം അതിമാന്യോഹം എന്നു (po.)

**അതിമൈഥുനം** adimeithunam S. Excess in Venere Nid.

**അതിരഥൻ** adirathaǹ S. Mighty champion on chariot KR. [(for women).

**അതിരാഗം** adirāgam S. Extreme passion

**അതിരാത്രം** adirātram S. Over night, the 3rd day of Aswamēdham KR.

**അതിരിക്തം** adiriktam S. Excessive, beyond (po.) — അതിരേകം excess (po.)

**അതിരുക** adiruγa T. a M. Fear, tremble, അതിർവെടി rocket, a bomb V1.

**അതിർ** adir M. Tu. (അതുക C. Te. adjoin) Boundary, limit. നാട്ടതിർ KU. frontier. കല്ലതിർ landmark. ഇൗര (= നാലു) അതിക്കകത്തുള്ള നിലം MR. doc. അതിക്കു പുറത്തു കിഴിയരുതു TR. കവുമ്പ്രനാട്ടും പുഴവായെയും അതിക്കൽ TR. on the boundary of C. and P. തുക്കടിയിലെ അതിരുകളിൽ ഇരിക്കുന്ന ചുങ്കക്കാരന്മാർ TR. നമ്മുടെ അതിരിൽ പരിന്ത്രിയസ്സ് കവിഞ്ഞു വരുന്നു TR. encroach on the limits.

Cpds. അതിരിടുക to bound.

അതിർത്തല boundary, നാട്ടേകിഴക്കേ അ'ലെക്ക നില്ക്കുന്നാൽ TR. along the eastern border.

അതിർവാദം MR. quarrel about the boundary. കണ്ടത്തിന്നു തമ്മിൽ അ. ആയി MR. So. അതുപ്പിണക്കമല്ല വന്നതു RC 30.

**അതിവണക്കം** adivaṇakkam Great humility, വേണ്ടിച്ച് അ'ത്തോടും കൂടെ. KR.

**അതിവശൻ** adivašaǹ S. Excessively addicted AR.

**അതിവാചകം** adivājaγam S. Mere phrases.

**അതിവാസന** adivāsana S. Fragrance; quick apprehension.

**അതിവിടയം** adiviḍayam (S. അതിവിഷ) a med. root, Aconitum ferox? GP 75.

**അതിവിസ്മയം** adivismayam S. Very wonderful KR.

**അതിവീരൻ** adivīraǹ S. Mighty hero, അ. ന്നി Bhr 8. ironically.

**അതിവൃഷ്ടി** adivṛšṭi S. Excess of rain.

**അതിവേലം** adivēlam S. Unlimited AR 2.

**അതിശയം** adišayam S. 1. Preeminence, uncommon; നിന്നിൽ അതിശയസ്നേഹം Bhg 4. 2. marvel, wonder; സുന്ദരത്വം കൊണ്ട് അ. കാട്ടുവാൻ Nal.

അതിശയിക്ക 1. to excel V1. 2. to wonder, be surprised = അതിശയപ്പെടുക.

അതിശായനം Superlative (തമം) gr.

**അതിശൂരൻ** adišūraǹ S. Hero, അ. തനിക്ക താൻ ദൈവം KR.

**അതിസങ്കടം** adisaṅgaḍam S. Excessive distress, അ. വരും MR. എനിക്ക് അ. സംഭവിപ്പാൻ SiP 4.

**അതിസാരം** adisāram S. (also very pithy) Diarrhœa, dysentery, (esp. രക്താതിസാരം).

VN. അറെപ്പ് qualm, aversion. അ. കെട്ടവൻ V1. daring. അറപ്പും അശുദ്ധിയും പെരിക ഉണ്ടായ്വരും Bhr.

CV. അറെപ്പിക്ക to make to loathe. മനസ്സിനി അറപ്പിച്ചീടേണം വിധിവശം എന്നറെച്ചു KR. teach myself resignation (വൈരാഗ്യം).

**അററം aťťam** VN. = അറുതി 1. Extremity, end. രോഗത്തിന്ന് അററം വരുന്നവാറില്ല PT. മുതല്ക്കററം ഇല്ല KU. unbounded wealth. അററമില്ലാത സമ്പൂൎണ്ണം Bhr. അററമില്ലാതോളം ഉണ്ടു നരകങ്ങൾ Bhg. innumerable. നിലമററമുള്ള ചുററളന്നാൽ CS. the circumference of a heap of rice at its base. അററം കണ്ട ബുദ്ധി thorough knowledge. 2. adv. as far as കഴുത്തററം തല മുടി ഉണ്ടു; കിഴക്കേ അതിൎക്കന്നു N. പറമ്പററവും MR. (doc.) 3. evening അററമായി it is late. 4. a feint or pass അ. അടിക്കുന്ന ചോനകൻ, അ'ത്തിൽ പററി മടങ്ങി ചന്തു, അ'ത്തേകററവും വന്നു പോയി TP.

Cpds. (of അററം or adj. part. അററ).

അററകാലം death, Genov.

അററക്കുഴ rainwater standing in pools.

അററക്കുററം end, loss, damage. അവന് അ. വന്നു പോയി he is dead. അതിനെ അ. വരുത്തുക to injure. അ. കൂടാതെ രക്ഷിക്ക; അററക്കുററങ്ങളെ നോക്കുക to remedy, mend things. അ. നോക്കുക Trav. repair.

അററടക്കം right of succession to another branch of the family, when that has failed of descendants.

അററമററം കരേറുക V2. to be in a furious passion.

**അല ala** T. M. C. Te. (Tu. curdles) 1. Wave, obs. √ അല്ലു obs. hence കന്നല hills & waves KU. compare ആൽ. 2. VN. of അലെക്ക, lamentation അലയും മുറയും.

Cpds. അലകടൽ po. the surging sea അലകടൽ നാലും KR. അരുണൻ അലകടൽ നടുവിൽ പുക്കു Bhr. sunset.

അലപൊരുക 1. to fight eternally as the bellows against the shore ഉവരോടലപൊരുവാൻ കഴികയില്ല, എന്നെ അലപൊരുവുന്നു you are a bore. 2. to vie കലശിലയോടും അലപൊരുതീടും കരുചില്ലികൾ KR.

അലയാഴി RC. = അലകടൽ.

**അലകു alaγu** T. M. C. Te. Tu. (√ അല്ലു) 1. Lath, splint, palm or bamboo leaf. അലകവാതിൽ MR. door of split bamboos, അലകനില closing an account on leaves (അവന്റെ അ. വന്നു പോയി his story is at an end), പാവാററുന്ന അലക weaver's staff. അലകലകായി പൊടിച്ചു, അരികളെ എയ്യലകലകാക്കി RC. cut in slices; anything long, flat & thin. 2. blade of sword, knife, spear. — chain of elephant V1.

**അലങ്ങുക alaṅṅuγa** T. C. Te. Tu. = അല്ലു & അനങ്ങുക; loc. അലങ്ങൽ Commotion.

a. v. **അലക്കുക, ക്കി** To wash clothes, by beating അലക്കിപ്പിഴിയുക, അലക്കി കഞ്ഞി മുക്കി ആററിക്കൊടുത്തു KU.

CV. അലക്കിക്ക.

അലക്കു washing, വെളുത്തേടൻ അ. മാററി കാശിക്കു പോവാൻ prov.

അലക്കുകാരൻ washerman. അലക്കുന്നോന്റെ കഴുത പോലെ prov.

**അലം alam** S. Enough. അലമലം Bhr. ആയാസം ഒന്നും അലം ചെയ്യയില്ലെടോ Nal. = മതിയാക്ക to let suffice, leave off.

**അലങ്കരിക്ക** (to get ready) 1. To adorn, decorate oneself. തരുണിമാർ നന്നായി അ'ച്ചു നടന്നു KR. 2. to put on മാല അവന്റെ കഴുത്തിൽ അ'ച്ചു, ആഭരണം ഭവാൻ അ'ക്കേണം Mud. ഇതൊക്കയും അ'ച്ചു നിശമിക്ക KR. also with Instr. ക്രിയയാലും മെയ്യിൽ അ'ച്ചു RC. 3. to adorn another. പ്രേതത്തെ വസ്ത്രാദി കൊണ്ട് അ'ക്ക KR.

CV. അലങ്കരിപ്പിക്ക f. i. സ്ത്രീകൾ അവളെ അ'ച്ചു Bhr. decked her out. ബാലിയെ വസ്ത്രാദികളാൽ അ. KR. സൎവ്വാംഗം അ'ച്ചു Mud. made him to adorn himself all over.

അലങ്കരണം S. ornament. ചമെത്ത അലങ്കരണങ്ങളാലും RC.

അലങ്കാരം S. decoration, embellishment, elegance, rhetorical figure. അലങ്കാരനാദത്തിന്റെ കോപ്പുകൾ TR. instruments for solemn occasions. — അലങ്കാരശാസ്ത്രം rhetoric.

**അലക്ഷ്മി alakšmi** S. Misfortune അ. ഗ്രഹങ്ങൾ ഉറഞ്ഞു KR. അ.'വിഷവും ഭ്രാന്തും GP 51. spirit of melancholy.

**അലക്ഷ്യം alakšyam** S. Undistinguishable. അ'മായ വാക്ക MR. unproved.

**അലങ്കോലം alaṅgōlam** T. So. M. Confusion (see അലങ്ങൽ) slovenliness V1. B.

**അലചൽ** V1. see അലശൽ; അലച്ചൽ from അലയുക.

**അലട്ടുക alaṭṭuγa** T. M. (√ അലു) To importune അലട്ടി ചോദിക്ക.

**അലതാരി** (?) **alaδāri** Preparation, articles required. സദ്യെക്ക് അലതാരികൾ ഒന്നും ഇല്ല = കോപ്പു (loc.)

**അലതി alaδi** So. M. Troublesome. അലതിപാകം (or ഭാഗം) misery. അലതിയായിരിക്ക to be tired with unpleasant work V1. 2.

അലപ്പു confusion, stir, fright V1. 2. [അലു).

അലപ്പാറുക V2. to refresh oneself (comp. അലപ്പാറ molestation, fatigue V1. B.

അലമ്പു trouble വലിയ അ. vu.

അലമ്പുക T. C. Te. M. (= അലയു) be agitated, tired. അലമ്പിപോക spill, as a full plate. — shake clothes in water (Te. = അലക്കുക).

അലമ്പൽ vexation, trouble അ. ആക്ക to molest, tease — loc. അലമ്മൽ uproar.

**അലബ്ധം alabdham** S. Unobtained. അലഭ്യം unobtainable, irrecoverable.

**അലംഭാവം alambhāvam** S. (അലം) 1. The feeling "enough", contentment, also അലംബുദ്ധി. 2. having enough of it, vexation (= അലമ്പൽ) V1. അലംഭാവം അറിയായ്ക intemperance.

അലമ്മതി the same. ജന്മികൾക്കുണ്ടോ സുഖത്തിന്നലമ്മതി Nal 4.

**അലയുക alayuγa** T. M. C. Te. (അല) 1. To fluctuate, be tossed. ക്രുദ്ധനായി നടക്കുമ്പോൾ ധാത്രി ഒക്ക കലുങ്ങിയലഞ്ഞിതു KR 4. 2. to roam, be wearied. കാട്ടുതോറും അലഞ്ഞു നടന്നു KR. ഒന്നൊന്നായി ജന്മങ്ങളലഞ്ഞീട്ടുവാനരുതു Bhg 8. let me not thus pass thro' many births.

CV. അലയിക്ക (loc.) = വലെക്ക.

a. v. **അലെക്കുക** 1. To beat against, as waves on the shore. മൺമേലലെത്തനൻ RC. (from anger) അമ്മതന്മാറിൽ അലെച്ചു CG. (an infant, for milk) തിണ്ണം എന്മാറിൽ അലച്ചുണ്ണി കൈ CG. കൈലാസമലെച്ചുള്ള രാവണൻ RC. യുദ്ധം ചെയ്യുലച്ചു KR. 2. to beat the breast in grief. മാറത്തലച്ചും തൊഴിച്ചും നിലവിളിച്ചു, മുറയിട്ടലെച്ചീട്ടും Bhr. കൈ അലച്ചീടിനാർ മെയ്യിൽ എങ്ങും CG.

അലച്ചൽ vexation, mourning.

അലെപ്പു (see അലപ്പു) VN. അലപ്പിനോട് ഇകൽ കൊട്ടുന്നു RC 15. with vehemence.

CV. അലെപ്പിക്ക f.i. ഭൂധരം അലെപ്പിച്ചു മഥിച്ചു Bhg 8.

**അലർ alar** T. M. C. Te. (C. Tu. അരൽ) 1. A blossom, opening flower = മലർ (അലർ വിരിയുന്നു). 2. the sharp point that runs into a padlock V1.

അലർശരൻ (1), താണ്ടലർബാണൻ, അഞ്ചലരമ്പൻ CG. Cāma.

**അലരി** A flower, willow? (= അരളി).

**അലരുക, ന്നു** 1. To open, as flowers. കണ്ണടെച്ചു സമാധിയുമലരേ മിഴിയിണ തുറന്നു നോക്കും KeiN 2. (= മലരുക). 2. to be hot & dry (T. Te. to shine as sun) = ഉലരുക to yearn, long. അമ്മ അലൎന്ന കണ്ണിനാൽ മകനെ വിലോകിച്ചു KR. with longing eye അലൎന്നാൽ അമ്മെക്ക് അപരാധിക്കാമൊ prov.

VN. അലൎച്ച heat, lust ധനത്തോടലൎച്ച covetousness — അലൎച്ചക്കാരൻ = അത്യാഗ്രഹി vu. അലൎന്നവൻ.

**അലറുക, റി alaṟuγa** M. T. (T. cry from fear, അലറു C. terrific) To roar, bellow, cry, as elephant, tiger, woman in labour. ഉറക്കവാവിട്ടലറിനാർ KR. അലറിച്ചിരിക്കയും Bhg. Cāḷi. രാക്ഷസൻ പാരം അലറി അട്ടത്തു KR. അഗ്നികൾ അലറുന്നതു പോലെ Bhr.

CV. വാദ്യം അലറിച്ചുകൊണ്ടു പുറപ്പെട്ടു Bhr.

അലൎച്ച (loc.) roaring, etc. see under അലർ.

**അലൽ** ? **alal** (= അല or അല്ലൽ) അഴൽകൊണ്ടലപ്പെട്ടുഴക്കുന്നു CG. [boaster (loc.)

**അലവൻ alavaǹ** T. M. C. Loquacious

**അലസൻ alasaǹ** S. Lazy. അലസമിഴി woman with languishing eye. അലസമിഴിയു ടെ മനസ്സി Nal 2.

**അലസൽ, അലശൽ alasal, — šal** 5. (അലയുക) Agitation, fatigue, disappointment. അവൻ അ'ലായി he is worn out.

V. N. അലസുക 1. to be tired. തണ്ണീർ കുടിച്ചല സാതെ നില്ക്കും Bhg 8. അലസാതെ ചോദി ച്ചു Bhg 1. unweariedly, forthwith. 2. to miscarry. മേചകിക്കലസി ഗർഭം CC.

CV. ഗർഭം അലസിച്ചു കളഞ്ഞു (jud.) caused abortion.

അലസിപ്പൂ peacock's pride, a flower used for പുഷ്പാഞ്ജലി. [യി (= നശിച്ചു).

**അലാക്ക** Ar. halāk, Ruin. അലാക്കായി പോ

**അലി ali** S. (see അലിയുക) Palmjuice V1.

**അലി, അലിയാർ** Ar. 'Ali.

**അലിക്കത്ത്** Ar. āliqat. The upper earring of Māplichis. ഉമ്മാന്റെ കാതിലെ അലുക്കത്തും കാതിലയും, മാപ്പിളിച്ചിന്റെ കാതുമ്മൽനിന്ന അലുക്കത്ത മുറിച്ചെടുത്തു TR.

**അലിംഗം aliṅgam** S. Without gender, gram.

**അലിയുക aliyuγa** (C. = അലയുക, comp. അ ഴയു) n. v. To melt, dissolve (as salt, heart) കല്ലു ൾ എല്ലാം അലിഞ്ഞു വരുംവണ്ണം പാടി CG. അ വരുടെ വിപ്രലാപം കേട്ടലിയും ശിലകളും UR. മാളികകൾ ഒക്കയുമലിയവേ ചന്ദ്രനുദിച്ചു KR. dissolving in moonlight. അലിന്തമനക്കാമ്പു RC. മാനസമഴിഞ്ഞലിഞ്ഞാൎദ്രമായി Bhg 8. മാന സം നീരായ്പ്പുന്നലിഞ്ഞിട്ടു CG.

VN. അലിച്ചൽ, അലിവു melting, compassion അലിവോടുര ചെയ്തു Bhr. CG. kindly.

a. v. അലിക്ക to melt സീതാതന്നുടെ മാനസ മലിപ്പാനായി വട്ടം പോന്നിടേണം KR 5.

CV. അലിയിക്ക the same.

അലിപ്പുണ്ണു = കഴിഞ്ഞവ്രണം foul ulcer.

**അലു alu** 5. To shake. അലുക്ക, ത്തു T. M. to be worn out, grow lean.

VN. അലുപ്പു weariness, tiresomeness, അലുപ്പാറു ക V1.2. to rest (comp. അലച്ചു).

അലുങ്ങൽ stir.

അലുക്കുക, ക്കി V1. to agitate.

അലുക്ക SoM. a fringe (? Ar. ālaq hanging). അലുക്കലുക്ക shudder. സിംഹനാദം കേട്ടിട്ട് അ. പി ടിച്ചു RS.

**അലുബ്ധൻ alubdhaǹ** S. Liberal.

**അലുവ, ഹലുവ** Ar. haluwā, Arabian sweetmeat. [(അലു).

**അലുവൽ aluval** T. M. Bustle, business

**അലെക്ക** see അലയുക. [മഞ്ഞി.

**അലെമാനി** Germany, Allemagne, see അമ

**അലേഖം alēkham** S. Blank leaf, unwritten cadjans.

**അലേപഗൻ alēbagaǹ** S. Indescribable, or all-pervading പരമാത്മാവ് or ജീവൻ ആകാ ശതുല്യൻ അ. AR 4.

**അലോക്യം alōγyam** (S. uncommon, improper) or √ അലു? Trouble, disturbance. അ. പറക offend. ഭവനക്കാരുടെ അലോഹ്യം സഹി യാഞ്ഞിട്ടു (Chir. doc.) അലോക്യപ്പെടുത്തുക to trouble, tease, — also അല്ലോകിയം V1.

അലോസരം (C. അല്ലോലം) trouble, confusion. നാട്ടിൽവന്ന അലോസരം TR. the disturbances of war (= ബദ്ധപ്പാട്, കഴക്ക).

**അലൌകികം alauγiγam** S. Not current, disrespectful.

**അല്കിടം alkiḍam** (T. അല്കുൽ from അൽ) Vulva = ഗുഹ്യപ്രദേശം also മാഴ്കുന്നൊരല്കിട യോടു CG. & അല്കിതമാകിനതെത്തടം CG. ചീ ത്തൊരല്കിടം CG.

**അല്പം alpam** S. (= അർഭം) 1. Little, small. അല്പമാകുന്നു എന്നു ഉപേക്ഷിച്ചു TR. as too trifling. അല്പന്മാരായിരിക്കുന്നവർ വന്നു രാജ്യ ത്തു സാധുക്കളായിരിക്കുന്ന കുടിയാന്മാരെ ഹിം സിക്കുന്നു TR. low castes. 2. a measure = $\frac{1}{30}$ തുടി Bhg 1.

Deriv. & Comp. അല്പകാൎയ്യം a bagatelle.

അല്പജലം = ചെറുനീർ V1.

അല്പജ്ഞൻ simpleton, unlearned AR.

അല്പത littleness, meanness അ. കാട്ടി അപ രാധം എന്തിനു KR.

അല്പബുദ്ധികൾ men of few ideas.

അല്പഭാഗ്യൻ rarely happy.

അല്പരസക്കാരൻ soon pleased & soon angry.

അല്പവൃത്തിയായി on a petty scale, in reduced proportion.

അല്പാചമനം making water (hon.)

അല്പായുസ്സ shortlived.

അല്പാത്ഥൻ (ആകം നരൻ VyM.) poor.

അല്പിഷ്ഠം Superl. very little.

അല്പീയസ്സ് & അല്പതരം Compr. less.

അല്പേതരം much. അല്പേതരജ്ഞൻ Bhr. knowing much.

**അത്ഭുതം** see അത്.

**അല്മനി almani** Syr. Secular, layman Vl.

**അൽ al** T. M. or **അല്ല്** (T. deficiency) Darkness, night (hence അന്തൽ, അത്താഴം) മൂന്നല്ലും വന്നു RC. 3 nights. അല്ലിൽ എന്നാലും കിട്ടും KeiN 2. find by night. അല്ലെല്ലാം പോന്നു പരന്നനേരം CG. തിങ്കൾ അല്ലിനെ രാത്രിയിൽ പോക്കുമ്പോലെ CG. അല്ലിന്നുള്ളിൽ ഭയം നല്കും പൂങ്കുഴൽ very black hair. അല്ലിടയിന്ന ഛായൽ RC 142. അല്ലാൎപ്പൂങ്കുഴലി Bhg 8. also അല്ലാർപ്പൂങ്കുഴലി Bhg.

അല്ലും തല്ലും പറഞ്ഞു grumbled, made a grievance of it (loc.)

I. **അല്ല alla** (T. അല്ലവൈ, Te. C. അല്ലരി) Tumult, disturbance = തകറാർ, ശാഠ്യം Mpl. (see അല്ലൽ).

II. **അല്ല alla** 5. Neg. verb (prh. negation of pronoun അ, which in C. Te. exists also in the form അൽ) 1. Is not that, not thus; neg. of ആകുക, as ഇല്ല of ഉണ്ടു f.i. നല്ലതെന്നാകിലും അല്ല എന്നാകിലും ഇല്ലയെന്നു വരാ ഏതും KR. no action whether good or the contrary will ever cease to be (can be undone). അല്ലൊന്നിരിക്കിലോ Bhg. if it be not the case. തനിക്കല്ലാത്തതു തുടങ്ങരുതേ prov. അല്ലാത്തേടത്തു ചെല്ലല്ല what does not concern thee. After Inf. ഉപ്പും പുളിയും സേവിക്കല്ല a med. do not! ശത്രുത തോന്നല്ല മാനസേ KR. let there be no enmity. — after Fut. കൎമ്മത്തിൻഫലം നീക്കാമല്ല VilvP. cannot be avoided. 2. is not that, but something else; അയ്യോ ഞാനതും ഓൎത്തല്ല എന്നുടെ കളിയത്രെ Bhr 1. not intentionally but in play. ചൂതല്ലിതു നല്ല പോർ Bhr. പശു ഇങ്ങത്രേ വേണ്ടു മഹൎഷിമാൎക്കുവേണ്ടതല്ല KU. 3. not merely that, but ഒന്നും ഫലിച്ചീല അതേയല്ലവൎക്കു വന്നിതു നാശവും Mud. തിരുവോണം ഊട്ടിതുടങ്ങി ഞാൻ എന്നല്ല ഹോമം പലതും ചെയ്യു SG. 4. but അല്ല ഞാൻ വന്നാൽ on the contrary, if I come.

അല്ലാതെ adv. part. 1. not thus മന്ദമല്ലാതെ Mud. not too slowly. സമീപസ്ഥരല്ലാതെ ദൂരസ്ഥന്മാർ എന്നു കാണുന്നു MR. 2. else. അല്ലാതെ മറ്റൊന്നല്ല Nal 4. nothing else. ശ്വാവെന്നല്ലാതെ ചൊല്ലുന്നില്ല PT. none called it otherwise but dog. 3. on the other hand. എന്നാൽ പറവൻ അല്ലാതെ പറഞ്ഞെന്തു ഫലം KR. in that case I shall tell, otherwise what's the use. ദുഷ്ടന്മാരെ കെട്ടിയിഴെച്ചു കൊണ്ടുപോന്നീടുവിൻ അല്ലാതെ കണ്ടു ഒരംശപരാനുഗ്രഹം ചെന്ന കല്യാണശീലർ ദുരിതം ചെയ്കിലും ചെന്നടുക്കരുതു Bhg 6. 4. except. ഒരുത്തരും കാണാതിരിക്കുമ്പോൾ അല്ലാതെ കള്ളന്മാർ കക്കുവാറില്ല except when they are unseen. ദീനം മാറിയല്ലാതെ പോകയില്ല TR. not till he be recovered. In So. even with Acc. മററാരും ഇല്ല ഭൎത്താവു നിന്നെയല്ലാതെ KR 3. none besides thee.

അല്ലാഞ്ഞിൽ if not, or നിഗ്രഹിപ്പൻ അല്ലാഞ്ഞിലോ ബന്ധിപ്പൻ AR. കേൾ അല്ലാഞ്ഞിൽ നരകങ്ങൾ എത്തും നൂനം VCh. so അല്ല എന്നാകിൽ Nal. അല്ലെന്നു വരികിൽ & the common Cond. അല്ലാഞ്ഞാൽ.

അല്ലയോ 1. at the end of a sentence: is it not? സൽസംഗം കൊണ്ടല്ലയോ നല്ലതു വന്നു Bhr. 2. in the beginning before names അല്ലയോ രാമ AR. O Rāma!

അല്ലോ = അല്ലയോ 1. കാല്ക്കൽ നീ പതിക്കേണ്ടാ മാനുഷസ്ത്രീയല്ലോ ഞാൻ Nal 3. for I am but a woman. ആറല്ലോ ഗുണം വേണ്ടു നാരിമാൎക്കു DN. confessedly.

അല്ലേ 1. = അല്ലോ f.i. വന്നല്ലേ I came, you see. 2. do not! ചെയ്യല്ലേ.

അല്ലീ po. = അല്ലോ f.i. ഞാനല്ലല്ലീ but surely not I?

അല്ലാത്ത & the other parts of the Verb are similarly used. നേരായിട്ടുള്ള കാൎയ്യത്തിന്നു തക്കമില്ലഅല്ലാത്ത കാൎയ്യത്തിന്നു ഉത്തരം കൊടുപ്പാൻ etc. TR. തക്കതല്ലാപ്രവൃത്തി Nid.

**അല്ലൽ allal** T. M. (T. Te. C. twisting) From അൽ sorrow, grief, diffidence. അല്ലലുള്ള പുലയിക്ക prov. distressed. ഞങ്ങളെ അല്ലലാക്കി, അല്ലൽ പെടുക്കുന്നു CG. grieved. കയിലൊച്ച കേട്ടാൽ ഉണ്ടാകും അല്ലൽ CC. melancholy feeling. അവനു വലിയ അല്ലലും വിനയും പിടിച്ചു (vu.) very dejected.

den V. അല്ലലുക f. i. ചൊല്ലിനാൻ അല്ലലും ചായലാർ എല്ലാരോടും CG. said to all the distressed women.

**അല്ലി alli** T. M. (C. twist, also T. So. M. അല്ലരി thin texture V1.) 1. The pericarp of lotus with the surrounding filaments. അല്ലിത്താർമാതു CG. അല്ലിത്താർബാണൻ Cāma. അല്ലിത്താർബാണമാൽ CG. = മാരമാൽ. അല്ലിപ്പൂമകൾകാന്തൻ Bhg 8. Vishnu. അവൾ അല്ലിത്താർകുന്തൽ Bhr. fine hair. 2. anthers, stamen, കലയല്ലി palm blossom. വാഴക്കടപ്പന്റെ അല്ലി MC. also in the pith of മാതൾനാരങ്ങാ there is അല്ലി GP 67. 3. lotus, വെള്ളല്ലി = വെള്ളാമ്പൽ. [V1.

അല്ലിയൻ (T. stray elephant) female elephant

**അല്ലീ** see under അല്ല.

**അല്ലൂർ** N. pr. Residence of the Perumāḷs at Coḍungalur, with the 4 തളി, also called അല്ലൽപെരിങ്കോയിലകം KU.

I. **അവ ava** T. M. 1. Plural of അതു those things; also അവകൾ (അവകളുടെ MR.) in books അവററു obl. case, which is now used chiefly referring to animals & low castes. അവററ പോയി those fellows went. തുറക്കിൻ എന്നു തീയരോടു പറഞ്ഞാറെ അവററിങ്ങൾ വാതിൽ തുറന്നു TR. 2. = അക bud, esp. the fruit-like sprout of Artocarpus. അവ ഇടുക to bud, as a jacktree in the 5th year അവെക്കടുത്തതു (as of palm trees കലെക്കടുത്തതു).

v. i. **അവെക്ക** 1. = അകെക്ക To sprout = തഴെക്ക. 2. see അവെക്ക. p 63.

II. **അവ ava** S. Down, off, in vain. (see അവരം) Many Cpds.

**അവകടം avaγaḍam** S. Mischief, danger, ഈ അവകടത്തിൽ ചാടുന്നു KU.

**അവകാശം avaγāsam** S. 1. Space = ഇട, opportunity, leisure. മുന്നേതിന്നു അവകാശം ഉണ്ടു Mud. there is room for the first plan. ചെയ്വാൻ അ. occasion or cause for doing. യുദ്ധം കാണ്മാൻ ലബ്ധാവകാശൻ അല്ലാതെ ഭവിച്ചു Nal. I have no more any opportunity to see a war. അ. കൊടുക്ക, ലഭിക്ക etc. 2. title, claim, right. പോരിന്നു അ. ഇല്ല Nal. no just cause for war. നമുക്കു അ'മുള്ളേടത്തോളം നാം അടക്കിവരെണം TR. hold what is mine. അ. ഉറപ്പിക്ക MR. confirm a claim. മാൎഗ്ഗത്തിലേ വിധി അ. പോലെ TR. according to the statutes of Mussulman law. ബ്രാഹ്മണസ്ത്രീകൾക്കു ഒപ്പിന്നു അ. ഇല്ല TR.

അവകാശവിധി deciding on the title to property; settling about the possession before entering upon the merits of a suit.

അവകാശതീർ deed of purchasing any claim short of proprietary right to land.

അവകാശപത്രം deed of conveyance.

അവകാശപ്പെടുക to be entitled to.

അവകാശി owner, claimant, heir. ഭൂമിയവകാശികൾ the landlords. മാപ്പിളയുടെ അ. MR. his heir.

**അവകൂലി avaγūli** An arbitrary tax on rice (3%) മൂന്നു നെല്ലു അവകൂലി TR. [ദുഃ.

**അവകേടു avaγēḍu** T. M. Misfortune = അബ

**അവഖ്യാതി avakhyāδi** S. Blame, dishonor. ഇതിന്റെ കീൎത്തിയും അവഖ്യാതിയും മറാക്കില്ല TR. also അവിഖ്യാതി പറക vu.

**അവഗതി avaġaδi** S. Knowledge. മല്ലിൽ നല്ലൊരു അവകതി പോരുമാകിൽ RC 63. if you know to wrestle.

അവഗമിക്ക = അറിക. [സ്നാനം.

**അവഗാഹനം avaġāhanam** S. Immersion =

**അവഗുണം avaġuṇam** S. Bad nature, vice.

**അവജയം avajayam** S. Defeat. പ്രതികൾക്കു അ. വരുന്നു MR.

**അവജ്ഞ avajña** S. Contempt.
അവജ്ഞാതം despised. സ്വല്പരും അവജ്ഞേയ ന്മാരല്ല Bhr. not despicable.

**അവഞ്ഞാട്ട, അവഞ്ഞനാട്ട** N.pr. A district S. E. of Cadattuvanādu.

**അവടം avaḍam** S. Pit, Mud. = കുഴി.

**അവണം avaṇam** T. M. 1. A weight or measure (T. of 20,000 betel-nuts). 2. a mason's rule or level (Cann.)

**അവതന്ത്രം avaδantram** S. A kind of Apas-[māram, med.

**അവതരണം avaδaraṇam** (അ. ചെയ്ക AR.)
അവതരിക്ക S. To descend, നാരദൻ അ'ച്ചു AR. came down, chiefly God's appearing on earth.
അവതാരം descent, incarnation (thro' human parents) നാനാവിധാവതാരങ്ങളാൽ രക്ഷ യും AR 6. മത്സ്യാവതാരം, രാമാവതാരം etc.
അവതാരിക preface B.

**അവതാളം avaδāḷam** S. Being out of time. അ. പിണയുക make a mistake.

**അവദാതം avad'āδam** S. Clean, white.

**അവദാരണം avad'āraṇam** S. Bursting; hoe.

**അവദൂറു avad'ūru** Slander, see ദൂറു.

**അവദ്ധം** = അബദ്ധം Tdbh.

**അവധാനം avadhānam** S. Attention.
അ.'നിക്ക to be attentive, learn by heart, revolve.
അവധാനി well versed in science.

**അവധാരണം avadhāraṇam** S. Exact deter-[mination.

**അവധി avadhi** S. 1. Limit അലകടൽ നാലും അവധിയായുള്ള അവനി KR. 2. term, fixed time (vu. അമതി തരിക) എഴുതി തന്ന അമതി യോളം jud. പടെക്ക് ഒർ അ. വെച്ചു Ti. armistice അ. ഇടുക determine the day, astrol. അ. വെക്ക, പറക, മുറിക fix a day. അ. കഴിഞ്ഞു, അ ഫിൽ അവധി കഴിച്ച് എന്നെ തോല്പിച്ചു MR. term to pass. അവധിപ്പെടുക V1. to be pressed.

**അവധൂതൻ avadhūδaǹ** S. Free from worldly ties, naked mendicant. അവധൂതവേഷരായി Bhg 6. അവധൂതരായരെ മുമ്പാകേ TR. N. pr. of a minister.

**അവദ്ധ്യൻ avad'dhyaǹ** S. Not to be killed.

**അവനം avanam** S. (G. ἀω, L. aveo) Favouring. അവനവും ചെയ്യു Nal 2. protected, governed.

**അവനതൻ avanaδaǹ** S. (നമ) Bent, bowing down Bhr.

**അവനി avani** S. (river) Earth, also world അവനി എഴു രണ്ടിനും ഞാനധിപതി RC 36.
അവനിപൻ, അവനിപതി king. Nal. AR.

**അവന്തിരാജാവ്** S. The king of Ujjāyini, a title of the Rāyar dynasty KU.

**അവൻ, f. അവൾ, pl. അവർ avaǹ, — ḷ, — r** (loc. അവല്, ഓല് TP.) = അ + അൻ He, that person. In many Comps. വെളുത്തേടത്ത വൻ he of the washing place, തോട്ടത്തിലോൻ he of Tōṭṭam.

**അവന്ധ്യം avandhyam** S. Fruit bearing.

**അവബോധം avabōdham** S. Insight ആത്മാ വബോധം നമുക്കേറെമായ്വരും SiP 3.

**അവഭൃഥസ്നാനം avabhṛtasnānam** S. The bath after sacrificing.

**അവമതി avamaδi** S. Contempt.
അവമന്തവ്യം contemptible.
അവമാനം = അപമാനം disrespect ദേവാവമാ നന blasphemy V1.

**അവയവം avayavam** S. Member കരചര ണാദ്യവയവം VilvP. അവയവസംഗം contact with another body = അംഗസംഗം.
അവയവി body. അവയവവും അവയവിയും fractions & units Gan. (നെല്ല് is അവയവി, ഉമിയും അരിയും അവയവങ്ങൾ, for ൧ നെ ല്ലിന്നു ൩ ഉമി ൨ അരി.)

**അവര, അവരക്ക avara & — kka** T. M. C. Tu. Country bean. അവരയും അപരാധവും ക റയ്ക്കേ മതി prov. അമരപ്പയറു ത്രക്ഷം GP.
Kinds കപ്പൽഅവരക്ക French beans.
കാട്ടവര Dolichos virosus Rh.
പൊന്നവര = പൊന്നാവീരം? V1.
വെള്ളവര Dolichos Lablab.
വാളവരക്ക (& ങ്ങ) Dolichos ensiformis.

**അവരം avaram** S. (അവ) Lower, hinder.
അവമം lowest.
അവരജൻ = അനുജൻ.

**അവരി** see അമരി.

**അവരൂപം avarūbam** S. Deformed.

**അവരോധം avarōdham** S. 1. Blocking up;

harem. അവരോധഗൃഹം അട്ടത്തു KR. = അന്തഃപുരം also അവരോധനം f.i. പുഷ്പരാക്ഷികൾ വാഴും അവരോധനങ്ങളും Bhr. women's apartments. 2. M. the office of തളിയാതിരി or president of a Brahman council. അവരോധംപുക്ക KU. is deputed as such, അവരോധിക്ക enter upon that office. അവരോധിപ്പിക്ക to depute, also വാലശ്ശേരികോട്ടയിൽ പട്ടരെ അവരോധിച്ചാക്കി TR. made a Pattar Vezier.

അവരോധനനമ്പി KU. title of some Half-Brahmans, whose ancestors are reputed to have been Raxapurushas.

**അവരോഹം avarōham** S. Descending. ആരോഹാവരോഹങ്ങൾ MC. (in singing.)

**അവൎജ്ജിതം avarjiδam** S. Unforbidden.

**അവൎണ്ണം avarṇam** S. Blame, indistinct speech.

**അവലക്ഷണം avalakšaṇam** Inauspicious, unbecoming, ugly. അ'ണൻ m. അ'ണി f.

**അവലംബനം avalambanam** S. Depending on; embrace a system = ആശ്രയിക്ക f.i. ഗൃഹസ്ഥാശ്രമം അവലംബിക്ക KN. നന്ദഗോപരുടെ പുത്രഭാവത്തെ അ.'ച്ചു Crishna acted the part of N.'s son.

**അവൽ** see **അവിൽ**. അവലി pomfret (loc.)

**അവലോകനം avalōyanam** S. Surveying, attention.

അവലോകിതം viewed Bhg.

**അവശം avašam** S. 1. Independent, disobedient. സ്വവശരാക്കീട്ടും അവശർ എങ്കിലും 2. no more controlling oneself = പരവശം f.i. കാലഭടന്മാർ കെട്ടികൊണ്ടു പോയിട്ടവശപ്പെട്ടതുടൻ Bhg. make helpless, miserable. അവശപ്പെട്ടു V1. undone.

അവശത പൂണ്ടു ചൊന്നാൾ KR. in an ecstasy of grief.

**അവശിഷ്ടം,—ശേഷം avašišṭam,—šēšam** S. The rest, remnant.

**അവശ്യം avašyam** S. Needs, anyhow.

**അവസരം avasaram** S. 1. Opportunity, leisure. ചെയ്വാൻ അ. കരുതിപ്പാൎക്കുന്നു Mud. waits anxiously for an opportunity. വരുവാൻ, അത്രോളം പാൎപ്പാൻ അവസരം ഇല്ല TR. could not. Often = സംഗതി f.i. കല്പിപ്പാൻ അ. ഉണ്ടായി TR. it was seasonable.

അവസരക്കേടു inconvenience, unseasonable.

2. necessary time, urgent occupation. (അവസരക്കാരൻ an occupied person, esp. petitioner KR.) often of court business, audience. തിരുമുഖം കാണ്മാൻ അ. ചോദിച്ചു, എല്ലാൎക്കും അ. കാണ്മാൻ കൊടുക്കുന്നല്ലയോ, അ. ചൊല്ലുന്നോർ കതവിങ്കൽവന്നു നിറഞ്ഞു KR. wait for audience at the palace gate.

**അവസാനം avasānam** S. (& po. അവസായം) End, conclusion. അവസാനകാലം death.

denV. അവസാനിക്ക v.n. 1. to end, cease. അവകാശം അ'ച്ചു jud. the claim ceased. — also 2. v. a. കക്ഷിക്കാൎക്കു കാൎയ്യം അ'പ്പാൻ കഴിയും MR. more commonly അവസാനിപ്പിക്ക to bring to conclusion, f. i. സത്യത്തിന്മേൽ അ. MR. decide the case by an oath.

**അവസ്കരം avaskaram** S. To be concealed, fœces, privy parts.

**അവസ്ഥ avastha** S. 1. State, condition; there are 3 അവസ്ഥാഭേദം states of mind ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി Vednt. അവസ്ഥാചതുഷ്ടം medical properties (രസം the 6 tastes, വീൎയ്യം virtues, വിപാകം 3 aftertastes, പ്രഭാവം specific). 2. circumstance, case അങ്ങനെ അ. these are the facts. പ്രയത്നത്തിന്റെ അവസ്ഥപോലെ TR. according to the measure of your exertions. അയച്ചൊരവസ്ഥാന്തരേ AR 5. = ദശാന്തരേ, പോൾ 3. statement, contents of letters. വായിച്ചു അ. മനസ്സിലാകയും ചെയ്തു; നൊമ്മെകൊണ്ടു ഇല്ലാത്ത അ'കൾ എഴുതി TR. reported untrue particulars about me. ചന്തു അറിയേണ്ടും അ. TR. (heading of letters) what I write to Ch. is as follows. 4. So M. calamity അ'പ്പെടുക to be distressed.

Dat. അവസ്ഥെക്കു 1. as for പിലാവു ചാൎത്തുന്ന അ., ചെലവിന്റെ അ'ക്കും മറവും; എന്നുള്ള അ. കാണ്മാൻ TR. to consider about the question. 2. because വ്യക്തമായ തെളിവായിരിക്കുന്ന അവസ്ഥെക്കു N. ന്റെ അവകാ

ശത്തെ കുറിച്ച് ഒന്നും വിചാരിപ്പാൻ ഇല്ല MR. considering the fact, seeing that.

**അവസ്ഥാനം,—സ്ഥിതി avasthānam,—sthiδi** S. Stay, abode.

**അവസ്വരം avasvaram** S. Unmusical. സ്വരമുള്ളോരായും അവസ്വരരായും പിറക്കുന്നു KR.

**അവാചി avāji** 1. S. (അവാക് downwards) South. 2. S. (വാക്) dumb, speechless. 3. Ar. abāzīr, afāzir അവാചികൾ spices = മസ്സാല.

**അവാച്യം avāδyam** S. Not fit to be spoken.

**അവാപ്തി avāpti** S. Obtaining, f. i. ധൎമ്മാവാപ്തി KR.

**അവാലത്ത്** Ar. havālat, Charge, trust, security. അവാലത്തെ കൊടുക്ക, ഉറപ്പിക്കെക്ക് അവനെ അവാലത്തി ആക്കി TR.

**അവി avi** 1. S. (L. ovis, G. 'ois) Sheep. അവിയാടു = കുറിയാടു small sheep. 2. M. & അവിവള്ളി = അമി q. v. hence

അവിക്ക to yoke a bullock = അമിക്ക.

**അവിക്ക, അവിച്ചൽ** see **അവിയുക.**

**അവിഖ്യാതി avikhyāδi** S. Infamy.

**അവിഘ്നം avighnam** S. Unobstructed.

**അവിചാൽ avijāl** (fr. Iblis?) A devil അവിചാലിന്റെ മുഖത്തു മരം മുളെച്ചു prov.

**അവിടേ aviḍē** T. M. (അ + ഇട) & **അവിടം** 1. There. അവിടേനിന്നു, അവിട്ടുന്നു thence. അവിടത്തേ മാനസം അറിയാതെ TR. your (= അങ്ങു). 2. house, home എൻറവിടേ, പട്ടരുടെ അവിടേ കടന്നു കവൎന്നു TR. അവന്റെ അവിടേക്ക പോയി MR. വൈദ്യക്കാരന്റെ അവിടയാക്കി TR. also with adj. part. ഏട്ടന്മാർ ഇരിക്കുന്ന അവിടേ സഞ്ചരിക്ക, വെള്ളത്തിൽ ഇറങ്ങുന്നവിടേ MR.

**അവിട്ടം aviṭṭam** T. M. (S. ശ്രവിഷ്ഠ) The 23rd asterism, Delphinus.

**അവിദ്യ aviďya** S. Ignorance രാജസദ്ഗുണം തന്നെ അ. ആകുന്നു KeiN. (haughtiness). അ. മോഹമാതാവ് AR 2. = മായ.

**അവിധ avidha** Apology, excuse വളരെ അവിധ പറഞ്ഞു (vu. Coch.) also = സങ്കടം (loc.)

**അവിനയം avinayam** S. Intemperance, pride.

**അവിപത്തി avibatti** S. (safety) A medicine അ. കൊടുത്തിട്ടു വിരേചിപ്പിക്ക Nid 18.

**അവിയുക aviyuγa** T. M. (C. Te. put close together, suppurate) 1. To rot, spoil as fruits laid on a heap. 2. boil on fire, be digested V1. വങ്കടലും വെന്തിതവിയുന്നു, വെന്തവിഞ്ഞു വെണ്ണീരായി മുടിന്തന RC. fig. ലയിച്ചു താനവിഞ്ഞൊന്നാകും Bhg. absorbed.

അവിയൽ a peculiar curry (loc.)

VN. അവിച്ചൽ = ദഹനം.

a. v. അവിക്ക & അമിക്ക 1. to produce rotting (as of fruits for distillation). 2. to boil, digest, destroy V2.

**അവിരതം aviraδam** S. Uninterrupted. കൈക്കൊണ്ടവിരതം അററെന്തറെറ്റു RC 34.

**അവിൽ avil** (a M. T. C. അവൽ) Rice bruised & dried.

അവിലുക (see അവിക്ക) to boil half, cook partly, loc.

Cpds. അവിലേ തൊലി a med.

അവില്ക്കഞ്ഞി closing dish of Tiyar marriage.

അവില്പൊരി (Rh. അമിൽപൊരി, al. അകില്പൊരി) Ophioxylon, (= അരത്ത) ചുവന്ന, വെളുത്ത അ. med.

ഒഴക്കവില്ക്കട്ട CC. lumps of avil.

പുത്തവിൽ TP. of new paddy = പുന്നെല്ലവിൽ song.

**അവില്ലാർ** P. see **ഹ—.**

**അവിവേകം avivēγam** S. Indiscretion കുറഞ്ഞൊർ അ. കാട്ടി AR 6.

ഏത്രയും അവിവേകി PT 1. imprudent.

**അവിശ്വം aviśvam** S. Halfhearted ഭക്തിശ്രദ്ധാദികൾ മുമുക്ഷുക്കൾ അ.'മായി ചെയ്യവേണ്ടിയതു Sid D.

**അവിശ്വാസം aviśvāsam** S. Distrust.

അവിശ്വാസ്യം not to be relied on; also ആ വാക്ക വളരെ അവിശ്വാസമാകുന്നു MR.

അവിശ്വാസി unbeliever.

**അവിഹിതം avihiδam** S. Improper MR.

**അവിളംബം aviḷambam** S. Without delay. പൊരുക ഭവാൻ അ. CC.

**അവിളി = അമിളി aviḷi** Tumult. Coch.

**അവിഴതം** a med. = അവിഷധം, ഔഷധം.

അവീട്ടവൻ aviṭṭuvaǹ N.pr. A caste of? like Tiyar, in N. Malabar (42 in Taḷiparambu).

അവീൻ Ar. afyūn, Opium. അ. സേവിക്ക, വലിക്ക etc. to eat, smoke opium.

അവീർ Ar. ăbīr, Scented clay for painting the face.

അവൃഷ്യം avṛšyam S. Not stimulating GP.

അവെക്ക avekka (T. C. അവി Te. അവയു knock against) 1. v. a. To beat rice V1. അരി അ.=വെളുപ്പിക്ക also intr. അരി അവെഞ്ഞതു പോരാ not sufficiently pounded. 2. അവെച്ചുപോക a meeting to break up without effecting anything (loc.) 3. see I. അവ.

അവൈദികം avaidiγam S. Unscriptural, heresy. അ. ചൊല്ലി; അ'മതം അവലംബിച്ചു KR.

അവ്യക്തം avyaktam S. Not distinct, mysterious AR.

അവ്യയം avyayam S. 1. Unchangeable, AR. 2. indeclinable, gram.

അവ്യവസ്ഥ avyavastha S. Incoherence, വാക്യത്തിന്ന് അ. Nid. delirium.

അവ്യാകൃതം avyākṛδam S. Inexplicable. നിൎഗ്ഗുണം അ'.മായയും AR 2.

അവ്യാജം avyājam S. Unfeigned. അവ്യാജതപസ്സു ചെയ്യാൻ UR 1. അ'ഭാവേന സേവ ചെയ്യു Nal. അവ്യാജഭക്തൻ AR. truly devoted.

അവ്വണ്ണം, അവ്വഴി, അവ്വിടം etc. അ+വ...

അശക്തൻ aśaktaǹ S. Weak.

അശക്തി weakness.

അശക്യം impracticable. എത്രയും അ. ഇതു Bhr.

അശങ്കം, അശങ്കിതം aśaṅgam, — iδam S. Fearless.

അശട്ടു aśaḍu T. M. Meanness.

അശങ്ങ sweepings, dirt (loc.)

അശതി aśaδi T. SoM. (അയർ T.) Drowsiness, forgetfulness.

അശത്തുപോക V1. to forget oneself.

അശത്രു aśatru അ'.പായിരുന്നു Bhr. Had no [enemies.

അശനം aśanam S. Eating, food. എനിക്ക് അ.'മായിരിക്കുന്ന വസ്തു KR.

അശനേച്ഛ S. appetite.

denV. അശിക്ക to eat. part. അശിതം eaten. CV. വിഷച്ചോറശിപ്പിച്ചതു Bhr 7.

അശനി aśani S. Thunderbolt. അശനിപെട്ടടവി പോലെ RC 38.

അശരീരി aśarīri S. Incorporeal. അശരീരിവാക്ക കേട്ടതുപോലെ MR. a voice from heaven, groundless report which cannot be traced. വിണ്ണിൽനിന്ന് അശരീരിതന്നുടെ വാക്യം Bhr. (personified).

അശിക്ക see അശനം.

അശിവം aśivam S. Unlucky.

അശു aśu 1. (C. Te. അസി) Thin, slender (loc.) 2. Ar. ḥaj, pilgrimage, Mecca. അശുവിന്നു പോക KU. അശുവിങ്കൽ in Mecca.

അശുചി, അശുദ്ധം aśuǰi, — d'dham S. Unclean. അശുദ്ധിദോഷം pollution KU. അശുചിതനായിരിക്കുന്ന മുനി KR.

അശുഭം aśubham S. Inauspicious, evil.

അശേഷം aśēšam S. Perfectly, all. അവകാശത്തെ അശേഷവും സമ്മതിക്കയില്ല MR. do not allow at all.

അശേഷരിപ്പട്ടക be wholly destroyed V1.

അശോകം aśōγam S. (griefless) 1. Jonesia Asoca അശോകിന്റെ കൊമ്പു KR 5. വിച്ചയായശോക പൂത്തു വിളങ്ങുമ്പോലെ വിളങ്ങിനാർ RC. (bleeding heroes). 2. in So. Ind. prob. Uvaria longifolia അ'ത്തിന്റെ വേർ ചന്തിരപലം a med.

അശ്മൻ, അശ്മാവ് aśmaǹ, — āvu S. (G. akmōn) Stone. അശ്മക്കുട്ടകന്മാർ Nal 3. a kind of devotees. സാശ്മഗൎഭവൽ Asht. as if a stone was in the womb.

അശ്മരി lithiasis = കല്ലടപ്പു, അ. ഇളെക്കും a med.

അശ്രം aśram S. Corner, hence ചതുരശ്രം, ത്ര്യശ്രം, അഷ്ടാശ്രം Gan.

അശ്രദ്ധ aśrad'dha S. Neglect.

അശ്രമം aśramam S. Easy. പിന്നെ ജയം നമുക്ക് അ. Pat R. easily. അ. കൊന്നു AR 5.

അശ്രി aśri S. (= അശ്രം) Edge of sword, etc.

അശ്രു aśru S. (G. dakry) Tear. അ'കണങ്ങൾ വാൎത്തു AR. dropping tears. അശ്രുക്കൾ പൊ

ഴിക്ക Bhr. അശ്രുധാരാജലം Nal. stream of tears. മുദശ്രുക്കൾ KR. tears of joy.

**അശ്വം aśvam** S. (L. equus) Horse, cavalry.
അശ്വകാരകൻ the chief of the horse Mud.
അശ്വത്ഥം = അരയാൽ Ficus religiosa.
അശ്വപതി 1. lord of horses, a title V1. 2. കോലത്തിരി KU. (because of the horse trade at Cannanūr between Persia & the Rāyar's country).
അശ്വപരീക്ഷ Bhr. knowledge of horses.
അശ്വപാലൻ groom.
അശ്വമേധം sacrifice of horses KR. prov. the most meritorious act of a king.
അശ്വവൈദ്യം veterinary art.
അശ്വസാരജ്ഞൻ Nal. clever about horses.
അശ്വി, അശ്വികൾ the 2 charioteers of Indra celebrated as Gods of light & helpers. അശ്വികൾ ആദരം പൂണ്ടു വന്നാർ CG. അശ്വിനിദേവന്മാർ വന്നാൽ സാധിക്കും the disease is too desperate for earthly physicians.

**അശ്വതി aśvaďi** Tdbh. അശ്വിനി (see prec.) The 1st constellation, head of Aries.

**അഷ്ടം, അഷ്ടൌ aṣṭam, — au** S. (L. octo) Eight.
അഷ്ടദിക്പാലകർ the guardians of the 8 points, അഷ്ടദിഗ്ഗജങ്ങൾ their 8 elephants. അഷ്ടദിക്കാക്കുക disperse to the 4 winds (vu. അഷ്ടാരം ആക്കുക).
അഷ്ടമം eighth. അഷ്ടമഭാവം, അഷ്ടമരാശിക്രൂര, അഷ്ടമശനി a very dangerous time (astrol.)
അഷ്ടമി 8th lunar day, quarter of the moon, inauspicious അ'രോഹിണിനോമ്പു Vet C. a feast in Chingam.
അഷ്ടവൎഗ്ഗം a medicine of 8 drugs. പ്രശ്നം വെച്ചു നിരൂപിച്ച് അ'വും ഇട്ടു SG.
അഷ്ടസിദ്ധി the 8 miraculous attainments, as അണിമ, മഹിമ etc.
അഷ്ടാംഗം 1. the 8 members, f. i. hands, feet, knees, elbows (?) അഷ്ടാംഗപ്രണാമം, അഷ്ടാംഗാഭിവാദം perfect prostration or adoration. 2. 8 parts f. i. അഷ്ടാംഗയോഗം 8 kinds of meritorious exercises. (യമം, നിയമം, ആസനം, പ്രാണായാമം പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി).
അഷ്ടാംഗഹൃദയം a famous medical work. അ. എന്ന വൈദ്യം; അ'ഹീനന്മാർ ചികിത്സിക്കും ചികിത്സയിൽ prov.
അഷ്ടാക്ഷരം the famous mantram ഓം നമോ നാരായണായ; അത്യുത്തമാഷ്ടാക്ഷരം ജപിക്ക Bhg 6. അഷ്ടാക്ഷരിയെ ജപിക്ക, അഷ്ടവൎണ്ണാഖ്യമന്ത്രം Vilv P.
അഷ്ടാദശപുരാണം the 18 Purānas.
അഷ്ടാവക്രൻ Bhr. a humpbacked Rishi, prov.
അഷ്ടൈശ്വൎയ്യം = അഷ്ടസിദ്ധി.
അഷ്ടോത്തരം ശതം കാതം Nal. = 108.

**അഷ്ടി aṣṭi** S. (അശനം) Food. അ. കഴിക്ക to eat.

**അഷ്ഠീല aṣṭhīla** S. (അഷ്ഠി kernel) A hard tumor on the stomach. നാഭിക്കു നേരെ അഷ്ഠീല പ്രത്യഷ്ഠില വിലങ്ങി Nid 12.

**അസഖ്യം asakhyam** S. 1. Friendless; enmity V1. 2. often for അസഹ്യം outrage. ആയുധക്കാരെ അസഖ്യം TR. the violence of the warriors. കുടിയാന്മാരെ അസഖ്യമാക്കി, ആരെയും അസഖ്യപ്പെടുത്തരുതു TR. molest, trouble. ചില അസിഖ്യങ്ങൾ കാണിക്ക, വഴിക്കുള്ള അസിഖ്യത TR. insecurity of the road. അശെക്യപ്പെടുക V1. to be beside oneself from stupor or disgust (അശക്യം?)

**അസംഖ്യം asankhyam** S. Innumerable പൊന്നും പണവും കൊടുത്താൻ അ'മായി Mud.

**അസംഗതി asaṅgaďi** S. Causeless; accident. അസംഗതിയായിട്ടുള്ള സാക്ഷി MR. worthless evidence. അസംഗതിയായി suddenly. അസംഗതം calamity അതങ്കതം തുടങ്ങുമുന്നെ RC 8. mockery V1.

**അസത്ത് asattu** S. Not good, pl. അസത്തുക്കൾ fem. അസതി unchaste. അസതിയാം നിന്നെ സതി എന്നു ചൊല്ലി അറിയാതെ കണ്ടു വിവാഹം ചെയ്തു KR. mistook thee for a good wife. — In comp. അസൽഗ്രഹം ഇല്ല അസത്സംഗം ഇല്ല KR.

അസത്യം untrue, untruth, breaking of an oath അഭയം നല്കിനേൻ അതിന്നു നീ അ. ചൊല്ലുയില്ല KR. canst not advise a perjury.
അസത്യവാദി liar.

**അസനം, അസിക്ക asanam, asikka** S. Throwing. [ചാറക.

**അസഭ്യം asabhyam** S. Vulgar, indecent അ. അസഭ്യത obscenity ഞങ്ങൾക്ക അ'മായിട്ടുള്ള വാക്കുകൾ പറകയും TR. used foul language.

**അസമം asamam** S. Unequal, incomparable.

**അസമയം asamayam** S. Unseasonable.

**അസമാനം asamānam** S. Unequal; uncommon, improper.

**അസമ്പ്രേക്ഷ്യകാരിത്വം asamprēkšya-ɣāritvam** S. Acting uncautiously PT.

**അസമ്മതി asammaδi** S. Disagreeing. ചെറുതും ഇല്ല അ. Nal 3. no objection.

**അസംശയം asamšayam** S. Doubtless.

**അസഹായം asahāyam** S. Isolation. ഒരുവൻ അസഹായാൽ പെരുവഴി നടന്നാൽ ChVr.

**അസഹ്യം asahyam** S. 1. Intolerable, vexatious ജീവിതത്യാഗത്തിനേക്കാൾ അ'മാം SiP2. 2. molestation, outrage, disgust.
അസഹ്യപ്പെടുക to be troubled, disgusted, abhor (see അസഖ്യം 2).
അസഹിഷ്ണു impatient. ശബ്ദാസഹിഷ്ണുത Asht. = ഒച്ച കേൾക്കരുതായ്ക.

**അസാധു asādhu** S. Not good, not valid. സൂക്ഷ്മമല്ലിതസാധുവാം VyM. (of documents).

**അസാദ്ധ്യം asād'dhyam** S. Impracticable, unattainable, incurable. അസാദ്ധ്യമജ്വരം Nid. വേഗത്തിൽ അ'മായ്വരും grow unmanageable.

**അസാമാന്യം asāmānyam** S. Unusual = അപൂർവ്വം V2.

**അസാരം asāram** S. 1. Sapless, worthless. താൻ മരിച്ച് ഒരുത്തനെ രക്ഷിക്കാം അസാരനും Bhr. even a mean person. അസാരനെ പോലെ കിടന്നുഴലുന്നു KR. like an imbecile. അസാരവൃത്തി അവന്ന് ഇല്ല KR. no meanness about him. 2. M. little, trifle. അസാരമേ ഉള്ളു; അസാരം കറയമ്മമായി TR. was somewhat deranged. പണം അസാരസാരം വാങ്ങി TR. by little = അസാരിച്ചു.

**അസി asi** S. (L. ensis) Sword.
അസിലതയും ഓങ്ങി Mud. the vibrating sword.

**അസിതം asiδam** S. Black. അസിതകേശം Nal. black hair.

**അസു asu** S. (√ അസ് to be) Life, spirits; generally pl. മേവുന്നൊരസുക്കൾ, അസുക്കൾ ഒക്കയും ഇവൻ KR. he is our whole life.

**അസുരൻ** S. (in Ved. living, spiritual) A Demon, ദേവകളും അസുരകളും Bhg. — A name given to monsters, tyrants ചോനകന്മാർ അസുരവംശം KU. അസുരൻ വാഴ TP. the fiendish baron.

**അസൂയ** S. (murmuring) Envy, malice. പരഗുണം ഓൎത്താൽ അരുതതിൽ അസൂയ ChVr. അ. പറക to slander. പാണ്ഡവന്മാരിൽ അസൂയാപരൻ ധാൎത്തരാഷ്ട്രൻ Bhr. envious against them.

അസൂയതാ മൂൎത്തികരിച്ചു KR. envy incarnate. den V. പെരുപ്പമുള്ളവൻ എന്നാകിലും അസൂയിക്കും KR 5. envies.

**അസൂക്ഷണം asūkšaṇam** S. Disrespect.

**അസൃൿ asṛk** S. Blood. അസൃഗ്ധാര stream of blood.

**അസൌ asau** S. He.

**അസൌഖ്യം asaukhyam** S. Uneasiness, want of health. ഉറക്കത്തിന്ന് അസൌഖ്യത restlessness in sleep.

**അസൌമ്യസ്വരം asaumyasvaram** S. Dissonance, bad voice V2.

I. **അസ്തം astam** S. (√ അസ് to be) Ved. 1. Home, hence അസ്തം ഗമിക്ക & അസ്തമിക്ക to go home, down, set. 2. evening. അസ്തം ഉദിച്ചു ൫॥ നാഴിക രാത്രിയായിരിക്കും jud. അന്തം ഉദിപ്പോളം നോം a med. till evening.

II. **അസ്തം astam** S. (√ അസനം) Thrown, finished; in Compds. അസ്തഭീത്യാ AR. fearlessly. അസ്തസന്താപം സ്വസ്ഥയായി മരുവിനാൾ AR 1. she was comforted. എല്ലാം അസ്തമാക്കുവോൻ നീ CC.

**അസ്തമയം astamayam** S. (I. അസ്തം + √ ഇ to go) Evening, അസ്തമയസമയത്തിങ്കൽ AR.

അസ്തമാനം (fr. അസ്തമയനം) vu. nightfall. അ'ത്തോടു കൂടെ ഇവിടെ എത്തി TR.

അസ്തമിക്ക S. (see I. അസ്തം) to set (sun); disappear, end; stand speechless. അസ്തമിച്ചാൽ KU. at sunset. അസ്തമിച്ചു ൫ നാഴിക രാച്ചെല്ലുമ്പോൾ TR. after sunset. (often superfluous ആ തിയ്യതി അസ്തമിച്ചു രാക്കുററിൽ പുലർകാലമായപ്പോൾ TR.) അസ്തമിപ്പാൻ ൧ നാഴികപ്പകലേ TR. before nightfall. — കാലം അസ്തമിച്ചിട്ടും PT. — met. ഓരിരുട്ടുഃഖങ്ങൾ അസ്തമിച്ചു CC. കായ്യബോധവും നേരും അ'ച്ചിതോ Nal 3. യുദ്ധം എന്നുള്ള സങ്കല്പിതം പോലും അ'ച്ചിട്ടുന്നു Nal 1.

അസ്തമെക്കുമ്മുമ്പേ, അസ്തമെച്ചു TR.

അസ്താചലം CG. the fictitious western mountain.

അസ്താന്തരം TR. = ഹസ്താന്തരം.

അസ്തി **asti** S. (G. 'esti) Is. അസ്തിവാ നാസ്തിവാ = ഉണ്ടോ ഇല്ലയോ.

അസ്തിത്വം existence V1.

അസ്തിവാരം **astivāram** T. C. So M. Foundation.

അസ്തു **astu** S. (G. 'estō) 1. Be it so, f.i. സ്വസ്ഥമസ്തു, നമോസ്തു etc. 2. അസ്തുവായിപ്പോക to become a beggar, be reduced to nothing (prh. അസ്തം).

അസ്ത്രം **astram** S. (അസനം) Missile weapon, opp. ശസ്ത്രം, arrow അസ്ത്രശസ്ത്രങ്ങൾ AR. all sorts of arms. — അസ്ത്രവൃഷ്ടി = അമ്പുമാരി arrowshower. — അസ്ത്രി archer.

അസ്ഥി **asthi** S. (G. 'osteon) Bone; the human body is said to have 360 bones, weighing 65 പലം Brhm P. അസ്ഥിയായിപ്പോക, അസ്ഥിമയം emaciation.

അസ്ഥിക്കുറച്ചി KN. a low Sūdra caste, performing funeral ceremonies for Nāyars, also അത്തിക്കുറച്ചി.

അസ്ഥികൂടം skeleton. — അസ്ഥിച്ചോര marrow.

അസ്ഥിസമപ്പണം or അസ്ഥി ഒഴുക്ക commit the bones of the dead to the Ganges or the sea (in a മങ്കലം).

അസ്ഥിസ്രാവം, also അ. ഉരുക്കൽ, അ. ചൂടു gonorrhœa.

അസ്ഥിരം **asthiram** S. Unsteady. തീപ്പ് അസ്ഥിരം ചെയ്തു MR. to cancel the decision.

അസ്പഷ്ടം, അസ്ഫുടം **aspaštam, asphudam** S. Indistinct.

അസ്മൽ **asmal** S. (G. hēmōn) Of us. അസ്മജ്ജാതി vu. അസ്മാതി our caste. അസ്മാതിക്കാർ തന്നെ vu.

അസ്വതന്ത്രം **asvađantram** S. Not controlling oneself അസ്വതന്ത്രി = പരവശൻ V1. ചിത്തത്തിന്ന് അസ്വതന്ത്രത്വം ഭവിച്ചു AR 2. his mind is come to a state of irresponsibility.

അസ്വപ്നന്മാർ **asvapnanmār** S. (sleepless) The Gods.

അസ്വസ്ഥത, അസ്വാസ്ഥ്യം **asvasthađa, asvāsthyam** S. Feeling ill, indisposition MC.

അസ്സറ് Ar. asara. 10 അസ്സർപ്പു = പതിററടി [Mpl.

അസ്സൽ Ar. asal, Original, primary, first sort (അസ്സല്ക്കുട്ടി etc. a fine child അസ്സലാക്കുക do it quite well) പകപ്പും അസ്സലും വരുത്തിനോക്കി MR. original document = അസ്സലാധാരം.

അഹം **aham** S. (G. 'egōn) I. ധന്യോഹം Bhg. I am blessed!

അഹങ്കാരം 1. the feeling of self, self consciousness (phil.) 2. egotism, Vednt. 3. pride, selfconceit. — boisterousness, ഇങ്ങനേ ഉള്ള അഹങ്കാരസവ്വസ്വം Nal 4. the whole pomp of a king's appearance.

അഹങ്കാരി, f. — രിണി. proud, presumptuous.

അഹങ്കൃതൻ elated ഭുജിച്ച് അഹങ്കൃതരായി ഗാനം ചെയ്തു KU.

denV. അഹങ്കരിക്ക to be arrogant, presumptuous. എന്നോട് അ'ച്ചു flew out against me.

അഹന്ത selfishness, pride.

അഹംഭാവം = അഹങ്കാരം, ഞാൻ എന്ന ഭാവം insolence, selfconfidence ഞാൻ എന്നഹ. എങ്ങും തുടങ്ങോല SiPu.

denV. അഹംഭാവിച്ചത്യന്തം തിമിത്തഹങ്കരിച്ചാർ Bhg 8. ക്ഷോണീശൻ ഞാൻ എന്നഹംഭാവിച്ചു Mud 5. felt himself.

അഹമ്മതി selfconceit അ. വദ്ധിക്കും TR. they will become overbearing.

അഹസ്സ് **ahassu** S. Day. പത്തഹസ്സ് 10 days. അഹസ്സിന്നു daily. അഹസ്സ് കഴിപ്പാൻ ഞെരുക്കം to live (to be hard up).

അഹരഹഃ daily അഹരഹരഹമാഷമകല്യവാൻ ചൊല്ലുന്നേൻ Bhr. day by day I recite.

അഹൎഗ്ഗണം a Calidate, astr.

അഹപ്തി, അഹസ്സ്പതി Sun.

അഹൎമ്മുഖം morning

അഹോരാത്രം, അഹൎന്നിശം = രാപ്പകൽ f. i. ആറുനാൾ അഹോരാത്രം വിതനിദ്രന്മാരായി KR. for 6 full days.

അഹോവൃത്തി daily subsistence, livelihood. പാലുകൊണ്ടു് അ. കഴിക്ക MC. live upon milk. [KR. Bhr.

അഹഹ ahaha S. Interj. of pain & sorrow

അഹി ahi S. (G. 'ophis, 'echis) Snake.

അഹിനകലഭാവം mortal enmity as between ichneumon & serpent.

അഹിഭയം dread of insidious persons.

അഹിതുണ്ഡികൻ a snakeplayer = കറവൻ Mud.

അഹിംസ ahimsa S. Not killing, the first law of Buddhism Bhg. — harmlessness.

അഹിതം ahiďam S. 1. Unwelcome. അഹിതയായൊരു ജര വരുന്നു KR. 2. കാട്ടിയൊരഹിതം ഒക്ക മറക്കാം ChVr. wrongs.

അഹിമരശ്മി ahimarašmi S. Sun (having not cold rays) അ. അവനിയെ ഉണൎത്തുന്നപോലെ KR. [Bhg.

അഹീനം ahīnam S. Perfect അഹീന കീൎത്തി

അഹൃദ്യം ahṛďyam S. Not pleasant, med. GP.

അഹേതു ahēďu S. Unreasonable, ഖണ്ഡം എന്നും ഭിന്നം എന്നും മറ്റോരോ അഹേതുക്കൾ എഴുതി അയക്ക TR. vain excuses. അഹേതുവായി പറഞ്ഞു പറിപ്പിക്ക TR take under false pretexts. അഹേതുവായിട്ടു വെട്ടിക്കൊന്നു TR. unprovoked, — also accidentally.

അഹോ ahō 1. S. Interj. of surprise അഹോ ധിൿ KR. fie. അഹോബത Bhg. alas! 2. see അഹസ്സ് (അഹോരാത്രം, — വൃത്തി).

അഹ്ന anha S. = അഹസ്സ്; അഹ്നായ Soon, po.

അള aḷa T. M. (C. abdomen, √ അൾ) Hole in trees, in the ground. അളമുട്ടിയാൽ, അള ഏറ കുത്തിയാൽ ചേരയും കടിക്കും prov. of snakes. അളമട hole of birds, rats V1.

അളമട കല്ലള 1. cave നരികല്ലളയിൽനിന്നു ചാടി MR. 2. prov. = കല്ലുഴ.

അളം aḷam T. M. Tu. Salt marsh, saltpan V1.

അളകം aḷaγam S. (= അലക) Curl of hair കുറുനിര, ringlet അളകഭംഗി, നീലലോലാളകങ്ങൾ KR 5.

അളകാപുരി Cubēra's town, prov. for a rich city. അളകയിൽ Pay.

അളകേശൻ, അളകമന്നൻ RC. Cubēra.

അളക്കർ aḷakkar a T. (= അളം) Sea അളകവൎണ്ണൻ Crishṇa RC.

അളക്ക, ന്നു aḷakka T. M. C. Tu. (Te. ലാവു size) √ അൾ To measure. ഭൂമി അളന്നു കൊടുത്തു TR. measured the ground. ഒരാരേഴു ലോകം അളന്നോൻ CG. who measured, comprehended all worlds. എന്നെ അളന്നു നോക്കി measured, tried me.

CV. അളപ്പിക്ക get measured, നെല്ലു് അ. TR.

VN. അളത്തം measurement. മുളക പറിപ്പിച്ചു് അളത്തം കണ്ടു TR. measured the pepper. അളത്തക്കാരൻ the measurer (paid by 5 % in kind).

VN. അളവു 1. Measure, capacity അളവറ, അളവില്ലാത്ത, അളവുകെട്ട unbounded. അളവറുത്തു കൂടാത്ത സൈന്യങ്ങൾ Bhg. innumerable. അളവിടുക to measure, define. അളവുകോൽ measuring rod, weighing beam. ഇവ്വളവു, എവ്വളവു so much, how much. — അളവേ fully, all മുക്തിയും അവരവൎക്കളവെ വരുത്തുവാൻ KeiN. — ജളതപൂണ്ടളവേ പറഞ്ഞതെല്ലാം CG. said too much. 2. measure of time. വരുമളവിൽ as he comes. വന്നളവിങ്കൽ when he came. അപ്പോളവു RC. that moment. 3. till, as far as നിശിചരപുരിയളവും RC 9. = ഓളം. സൂൎയ്യനും ചന്ദ്രനും ഉള്ളളവും (doc.) as long as.

അളമാഞ്ചിക്കപ്പിത്താൻ TR. (see അലെമാനി) The German chief (M. Brown Esq.)

അളരുക ? aḷaruγa (a C. fear, alarm) അളരിക്കാളുന്നതിന്നു് എഴുതി കെട്ടുക mantr.

അളക്ക (= അലറുക?) to lament, cry പൊയത്തും പലതും അളക്കയും PT. (beggars).

VN. അളച്ചു് bellowing, അളപ്പു V1 shriek.

**അളവൻ** aḷavaǹ (see അളവു above) 1. Measurer V1. 2. boaster, exaggerator (comp. അലവൻ).

I. **അളി** aḷi S. (stinged) Bee അളിവൃന്ദം Nal.

II. **അളി** Secretion of eyelids, കണ്ണളി, പീള.

അളിയുക T. M. (=അടിയു, അഴി, അലി) to be overripe, decay കണ്ണളിഞ്ഞു പോക.

a. v. അളിക്ക (=അവിക്ക).

VN. അളിച്ചൽ mellowness, decay.

**അളിന്ദം** aḷindam S. Terrace before palace [പുറന്തിണ്ണ.

**അളിയൻ** aḷiyaǹ M. C. (Te. അല്ലുഡു) S. സ്യാലൻ 1. Brother in law. നേരെ അളിയൻ TP. real br. in law, not husband of a cousin. മുത്തിനു മുങ്ങുന്നോരം അ. പിടിക്കേണം കയർ prov. 2. hon. address f. i. of Puleyas amongst each other. 3. a showy but inferior ricegrain.

**അളിയുക** loc. =അഴിയുക, അഴുകുക, ചീയുക.

**അളീകം** aḷīγam S. (opposite) Falsehood; forehead.

**അളു, അളുക്കു** aḷu, — kku (√ അൾ) Small box of horn. പുഴുക അളുക്കിൽ ആക്കി MC.

**അളുക്കുക, ക്കി** aḷukkuγa (T. C. Te. quake= അൽ) To start, shrink, cramp of limbs=തിമ്പിപോക. —

VN. അളുക്കം V1. awe, fear.

**അളുമ്പുക** aḷumbuγa So M. C. To bruise, squeeze; (loc.) to swallow bad food അളുമ്പി കളക.

**അൾ** aḷ a T. Narrowness, whence അള, അളവു, 2. a T. sharpness=വാൾ. 3. T. M. C. Tu. termination of fem. (shortened from ആൾ).

**അൾമാരി** P. almeira, Wardrobe.

I. **അള്ള** Ar. allah, God അള്ളാണ, നെവിയാണ Mpl. by God! അള്ളന്റെ TR.

II. **അള്ളയായിപോക** (അൾ 2.) Become very thin & sharp (=അലക).

അള്ളാൻ loc. =ഉത്തിൾമുള്ളൻ.

**അള്ളുക** aḷḷuγa T. To take up with the hollow hand M.=അളുമ്പുക, So M. to claw, scratch. അള്ളുവൻ the armadillo, Myrmecophaga.

**അള്ളെടം വാഴ്ച, അള്ളടത്തു സ്വരൂപം** N. pr. The Rājah of Nīlēshvaram TR. hence: അള്ളടത്തു നാടു, അള്ളോൻ വാഴുന്ന നാടു KU.

**അഴക** aḻaγu T. M. Beauty (a C. അഴ fond; comp. അഴൽ) അഴകുള്ള ചക്കയിൽ ചുളയില്ല prov. മെയ്യഴകുള്ള കുമാരന്മാർ Mud. നയവിനയവിപുലഗുണമഴകടയ രാക്ഷസൻ; അഴകോടു Bhg. അഴകാൽ nicely, fairly.

അഴകൻ m. — കി f. 1. handsome. 2. N. pr. of Iḻavars. [V1.

അഴകം a mark put by females on their hand def. V. കാണ്മാനഴകതില്ല RC 27.

adj. അഴകിയ fair പ്രകൃതിയും അഴകിയ പുരുഷരം (stuti) അഴകിയ വിധി VyM. അഴകിയ അട്ടിപ്പെറോല (doc.)

**അഴയുക** aḻayuγa=അയയുക No. അഴഞ്ഞതയിർ Diluted curds, അ. മനസ്സ് relaxed.

**അഴെക്ക** To loosen, slacken, dissolve (opp. കൊഴുക്ക, മുഴുക്ക.)

**അഴൽ** aḻal T. M. Te. (Tu. അല്= എരി) 1. Heat, fire, heat of pepper. 2. brightness. വെണ്ണിലാവഴലെഴുംവണ്ണം വിളങ്ങി Bhr. the moon shone most brightly. 3. inflammation, pimples caused by heat കണ്ണഴൽ, അഴൽ ചിരങ്ങു. 4. grief അഴൽ പിടിച്ചു പറയും, ഉള്ളഴൽ Bhr.

അഴലുക, ന്നു 1. to burn as a wound, the eye from pepper, be chafed; വയറഴലുക a med. (in രക്തപിത്തം). 2. to burn from grief അകതാർ അഴന്നു Bhr. ചിരതം അ. from envy പാരമഴന്നുള്ളൊരുള്ളവുമായി CG. from lust മനസ്സഴന്ന നാരികൾ Bhg.

VN. അഴല്ച excessive heat, inflammation (= കത്തൽ, എരിപൊരിസഞ്ചാരം).

CV. അഴററുക, ററി to burn, as with pepper; to afflict V1.

**അഴി** aḻi T. M. C. 1.=അഴിവു Expense വരവേററമായും അഴിച്ചുരുക്കിയും KR. അകത്തഴി. q. v. 2. (T. കഴി) bar, rivermouth. 3. bars of bamboos, lattice, railing, trellis അഴിയിടുക, തടുക TP.

Cpds. അഴികണ്ണ് (1) putrid inflammation of the eye അ. ഇളെക്കം a med.

അഴിനില (1) despair അ. പൂണ്ടു തൊഴുതു വീണു Bhr. quite undone. അ. തട്ടി the troops were broken, defeated.

അഴിപ്പുര (3) barred place, prison.

അഴിമതി (1) waste, lewdness, അ. കാണിക്ക So. to behave lewdly അ'ക്കാരൻ prodigal, profligate B. also ill breeding (loc.)

അഴിമുഖം (2) a seaport, river-harbour, (18 in Kēraḷa KU.) അ'ത്തു ചേരുക to come to the harbour.

അഴിയകം (V1. അഴിയം) site of a habitation, a ruin; a garden.

അഴിയപാടം lowland capable of irrigation W.

**അഴിഞ്ഞിൽ aḻiññil** T. M. Alangium decapetalum അങ്കോലം.

**അഴിയുക aḻiyuγa** T. M. C. 1. To become loose, be untied as വേണി, നീവി CG. കന്തളം അഴിഞ്ഞു Nal. കട്ടമയും വസ്ത്രവും Mud. (in a scuffle) ചിരന്മേൽനിന്നു അഴിഞ്ഞുവീണ (a ring) Mud. — കെട്ടഴിഞ്ഞുപോയി the connexion is severed. ശരീരം, മോഹം അ. pollutio nocturna V1. — the mind to become tender മാനസം, ചിത്തമഴിഞ്ഞലിഞ്ഞു, മൈക്കണ്ണിമാരിൽ അ. Bhr. അവളിൽ അവനു മനമഴികമൂലമായി Vet C. as he fell in love with her. കരുത്തഴിഞ്ഞു സംഭ്രമിച്ചു CG. ഗീതം കേട്ടു അകതാരഴിഞ്ഞു UR. softened by music. അഴിഞ്ഞു പറഞ്ഞു Bhr. spoke softened; begged pardon V1. 2. to go off, be sold, spent, destroyed പണമഴിഞ്ഞു; കോട്ടയഴിഞ്ഞു കിടക്കുന്നു Bhr. lies in ruins. ശവം വീണഴിഞ്ഞ അസ്ഥി the bones to which the corpse is reduced. വെന്തഴിഞ്ഞു (a palace). ജാഗ്രം സ്വപ്നത്തിൽ അഴിയും Tatw. the waking state passes into the sleeping state. 3. to be current കീഴ് നാളിൽ അഴിഞ്ഞപ്രകാരമല്ലാതെ TR. unprecedented. നാട്ടിൽ അഴിയുന്ന മൎയ്യാദ KU. current customs. അവന്റെ വാക്ക് അഴിയുന്നു V1. deserves credit, passes for good.

VN. അഴിച്ചൽ expense, waste, custom, demand for. വിളെക്ക് ഏതും അഴിച്ചൽ ഇല്ല, ചരക്കിന്നു അ. ഇല്ല dull, heavy market.

**അഴിവു** 1. expense (esp. customary) ശാസ്ത്രികൾക്ക് അഴിവും ചെലവും നടത്തി KU. കഴകത്തഴിവു KU. (for an ordeal) അഴിവിട്ടക V1. to spend. 2. customary detraction, f. i. in paying for improvements under കഴിക്കാണം, when the Jenmi has not to pay for the 10th plant. 3. tenderness അഴിവോടു കരഞ്ഞു PT. bitterly. നിന്നിൽ ഒഴിഞ്ഞാരിലും എനിക്ക് ഒരഴിവില്ല RC 129. love. മനസ്സിന്റെ അഴിവു (=പഴപ്പു) V1. repentance. അവനോട് അ. കാട്ടി showed contrition, begged pardon.

a. v. അഴിക്ക 1. To loose, കെട്ടഴിക്ക to untie. കോട്ടയഴിക്ക Bhr. to breach a fort. താലി അഴിച്ചു വെക്ക to put off the marriage string. വ്രതം അ. KR 4. to undo, solve a vow. പന്നി വെട്ടി അഴിപ്പാൻ MR. to cut up the hog. 2. to waste. ചെലവഴിക്ക to spend. സൃഷ്ടിച്ചു ഭരിച്ചു കാത്തഴിച്ചു Bhr. to destroy (as T.)

CV. അഴിപ്പിക്ക get to untie or dissolve. വ്രതം അ'ച്ചു ഒരു കന്യകയെ കൊടുത്തു KU. dispensed a Brahmachāri from his vow.

**അഴ, അഴുകു aḻu, aḻuγu** (see അഴുവ) 1. High wall of irregular stones around an orchard കല്ലുകൊണ്ട് അഴ കത്തിച്ചു MR. also കല്ലുഴുക MR. (doc.) 2. (loc.) = കിള mud wall.

**അഴുക, ത്തു aḻuγa** T. Tu. C. a M. To weep, cry അഴുതിരന്താർ RC.

**അഴുകുക, കി aḻuγuγa** T. M. C. 1. To rot, decay (= അഴി) കൈക്കാൽ അഴുകി പോയി (of a leper). 2. fire to grow low. തീ അഴുകുന്ന അട്ടപ്പുത്തു വെക്ക prov. cooking over a dying fire.

a. v. അഴുക്കുക, ക്കി to putrify V1.

അഴുക്കു 1. dirt, filth അ'ത്തുണി = ഇഴുക്കു. അഴുക്കറുക്ക to snuff a candle. 2. തീയുടെ അഴുക്കു embers, slight remains.

അഴുങ്ങു, അഴുക്കൽ (loc.) filth.

**അഴുത്തു aḻuttu** T. M. (അഴു depression, whence ആഴം) Full of dregs, strong texture, pregnant speech V1.

അഴുത്തുക = അമിഴ്ത്തുക.

**അഴുവ aḻuva** (prh. = അഴു) A swelling at the mouth of the stomach V1.

# ആ Ā

I. ആ ā 5. 1.=അ That, ആ രാജാവു് that king, ആയാൾ that person. — bef. Verbs ആ കിടന്നതിന്റെ പിറകേ TR. after lying thus. 2. interj. ah! ആ എന്നു പറഞ്ഞു MR. — അവനാ പായുന്നു (vu.) there he runs (=അതാ) 3. T. a M. interrogative ഇളമയും മൂപ്പും ഉണ്ടാ are their Highnesses here?

II. ആ ā T. a M. (C. Te. ആവു) Cow, in ആനായർ cowherd, also ആയർ q. v.

III. ആ ā S. Hither, towards, till; in Cpds. as ആകണ്ഠം ഭുജിക്ക KR. up to the neck or throat (to eat one's fill) — ആകണ്ഠമശനൻ UR.

ആക āγa Inf. & VN. of ആകുക (q. v.) Altogether, sum total, ആകക്കൂടി & കൂടിയാക=ഉക. f. i. ആകക്കറുത്ത മേനി Anj. black all over.

ആകപ്പാട്=ആകതുക sum total, f. i. എഴുത്തിൽ ആ കണക്ക് ആകപ്പാട് വെച്ചു TR. the whole account. ആകപ്പാടു തെങ്ങു നോക്കി TR. the whole of the trees. ആകപ്പാട്ടു പണം TR. the whole sum. ആകപ്പാടെ altogether.

ആകമാനമായിട്ടു generally V2.

ആകം āγam a M. (T. body, or=ആഭം?) ആകം കിളൎന്തപവിഴങ്ങൾ RC117. Splendid corals.

ആകരം āγaram S. (ആ III. കർ) Accumulation=നികരം, mine സ്വൎണ്ണാകരം; മുത്താകരം pearl-ground. കനകാദ്യാകരസ്ഥലങ്ങളിൽ നിന്ന് അരിപ്പിക്ക KR2.

ആകൎണ്ണനം āγarṇanam S. (കൎണ്ണം) Attending to, hearing (po.) ആകൎണ്ണ്യ po.=കേട്ടിട്ടു.

ആകൎഷണം āγaršaṇam S. (കൎഷ) Attraction, the art of summoning by enchantment.

denV. ആകൎഷിക്ക to attract, f. i. a God from afar by mantrams.

ആകല്പം āγalpam S. (കല്പം) 1. To the end of a Calpa. 2. attiring, ornament (po.)

ആകസ്മികം āγasmiγam S. (അകസ്മാൽ) Unforeseen. വന്ന മഹാപാപം ആകസ്മികം തന്നെ KR3.

ആകാ āγā Neg. V. (ആകുക esp. III) 1. Is not that. അതു പാഴതാകാ is not in vain. 2. ought not to be thus; ആകാത, ആകാത്ത adj. part. bad, താൻ ആകാഞ്ഞാൽ prov. ആകേ is it not good?

VN. ആകായ്മ wickedness, ആകായ്മ ഇഞ്ഞും ഉണ്ടു CrArj. I also shall be found fault with. ആകായ്മ നീക്കി നന്മ വരുത്തുക Anj. 3. is not serviceable. ഒന്നിന്നും ആകാ good for nothing. 4. cannot ഈ നാട്ടിൽ കുടിയിരിപ്പാൻ ആകാ prov.

ആകാംക്ഷ āγāmkša S. (കാംക്ഷ) Strong desire. ആ.യോടു ശുശ്രൂഷിച്ചാൽ Anj. zealously.

ആകാരം āγāram S. (ആ,കൃ) 1. The letter ആ, ആകാരാദി with initial ആ (gram.) 2. shape, figure; (in comp.)=മയം, സ്വരൂപം f. i. മംഗലാകാരൻ the blessed, or of happy form.

ആകാശം āγāšam S. (കാശ, light) Sky, air. ആകാശം പൊളിഞ്ഞു തലയിൽ വീഴും prov.

ആകാശഗംഗ milky way Bhg5.

ആകാശമാൎഗ്ഗേ, ആകാശത്തൂടേ going through the air KU.

ആകാശംതാങ്ങി a bird (plover?).

ആകാശവള്ളി a parasite, Cassytha filiformis or Menyanthes cristata.

ആകുക, യി āγuγa T. M. C. Tu. (Te. & a C. also അക, from pron. √ആ).

I. The *Copula:* to be that. എവിടെ ആകുന്നു പാൎക്കുന്നതു where does he live?=where is it that he lives? to become that. Auxiliary Verbs serve to distinguish the latter signification, f. i. വലിയ സങ്കടമായി പോകും TR. it will become a great grievance. കള്ളനെ പോലെ ആയ്തു Mud. became like a thief. എന്താകുന്നു (vu. എന്താണ്) what is it? കുട്ടിക്ക് എന്തായി MR. what has happened to the child? കമ്പഞ്ഞിക്കു രാജ്യം ആയതിന്റെ ശേഷം TR. devolved upon the C. — രണ്ടു വഴിക്കേ ആയി got separated.

Fut. ആകും, ആം, ആവു it will be thus, just so (= അതേ). വന്നാൽ മതി എങ്കിൽ അപ്ര കാരവും ആം TR. Often with conditional എഴുതി അയക്കുകിലും ആം TR. I may write (or come in person).

ആവോ I cannot tell, indeed? very possible ആവോനമുക്കു തിരിയാ HNK. —

Inf. & VN. ആക 1. so as to be (= T.) ഒററി യാക എഴുതി കൊടുത്തു TR. = ആയി; മു മ്പാക, മുമ്പാകേ so as to be before, രണ്ടാക വകെന്താൻ RC. cut in two. N. സാക്ഷിയാ കേ (doc.) in presence of witness N. 2. being. ആകകൊണ്ടു, ആകയാൽ since it is so, therefore. 3. altogether (also ആ ഹെ TR.), അതു നീ ആയി (= S. തത്ത്വമ സി) ആക പദാൎത്ഥം മൂന്നു Tatw. these three meanings or words, viz. it, thou, art. (see ആക).

Opt. ആകട്ടേ, (vu. ആട്ടേ) 1. be it thus, well, probably, രാവിലേ ആകട്ടേ TR. be it in the morning. ആങ്ങനെ ആകിൽ അ ങ്ങനേ ആകട്ടേ CG. if thus, be it so! 2. as for that (= S. ഹി, തു, വൈ) ആ പെ രുമാൾ ആകട്ടേ KU. now as for that emperor, he — ഇന്നും സുഖമായിട്ടിരിയാ പി ന്നെ ആകട്ടേ നിന്നെ പോലെ ഉള്ളാഭാസ ന്മാർ KR 5. (= പിന്നെയോ how much less). 3. either, or സൂൎയ്യനാകട്ടേ ചന്ദ്രനാകട്ടേ (= എങ്കിലും).

Cond. ആയാൽ, ആകിൽ if it be. ആയിൽ അ പ്പണ്ണം എന്നു മൊഴിന്താൻ RC. "if so, be it so." അതിൽ ഒന്നു രണ്ടാകിലാം VCh. there may be one or two (generally ആകിലും ആം).

Concessive ആയാലും ആകിലും though it be. ഒന്നാകിലും one at least. ഏവരാകിലും whosoever. സത്താകിലും അസത്താകിലും whether good or bad.

ആൻ Cond. & Conc. (from T. ആയിൻ if it be) മററാക്കാൻ AR. to any one else. എന്തുവാൻ whatever it be. എന്നു ചൊല്ലീടാമോവാൻ CG. can one ever say?

ആനും (= ആകിലും) f. i. കോട്ടയിൽ എങ്ങാനും Bhr. somewhere about the fort. മണിക്കൂടാ തെ പോയാകിൽ വന്നാനും എന്നൊരു നിൎണ്ണ യം ഉണ്ടെനിക്കു CG. (= വരികയായിരുന്നു). An incorrect adj. part. is formed from ആൻ f. i. എന്താണ്ടൊരുത്തൻ what sort of man?

**ഊർ ūr** 5. (√ ഊന്നു or ഊരുക) 1. Village, town, also = ഗ്രാമം (in കണ്ണനൂർ, ചിററൂർ etc.) 2. parish (= തറ) ഊരും ഗ്രാമവും state & church. ഊരു മൂട്ടുകൾ (in title-deeds) of the parish M. ഊർ അറിഞ്ഞവനേ കാല വായിക്കാവു prov.

ഊരാളർ patrons or founders of temples (തന്ത്രി), proprietors or managers of fanes (4 — 8), representatives of village ദേവസ്വം ഊരാളൻ MR. ഊരാൾ വിട്ടു മുക്കാൽ വട്ടത്തു prov. ഊരാളർ ദേവസ്വം a temple belonging to a village (Coch.)

ഊരാണ്മ, ഊരാൺമ്മ their office, മതിലകത്തു ഊ. പറഞ്ഞു കൊൾവാൻ TR. duty of a Brahman Tangal, ദേവസ്വത്തിലേക്ക് ഊരാൺമ്മക്കാരർ വ്യ നമ്പൂതിരിമാർ ആകുന്നു TR. പള്ളിയുടെ ഊരാൺമ്മ V1. ownership of a church.

ഊരാളി, f. ഊരാളിച്ചി TP. 1. lower Sūdra caste (ഏരുമാൻ, കല്ലേരിനായർ No.) their work മണ്ണണി, കല്ലണി. ഊരാളിക്ക വഴിതിരിച്ചു പോലെ prov. 2. a forest tribe W. 3. = ഊരടി predial slaves W.

ഊരിലേ പരിഷ lower class of Brahmans in രാവണനാട്ടു, who serve Subrahmanya KU. (see മൂസ്സതു).

ഊൎക്കുരികിൽ sparrow.

ഊൎപ്പന്നി tame pig.

ഊൎപ്പള്ളി privileged building for the hunters of a parish (ഊൎയിൽ പന്നിവെട്ടുന്നു MR.) to divide their game. ഈ തറവാട്ടിൽ ഊ. സ്ഥാനാവകാശം ഉണ്ടു hereditary guardianship of the same. നിങ്ങളെ ഊർപള്ളിപ്പന്നി വീണാൽ കൊന്നുള്ള നായക്കു മയ്യാദ എന്താൻ TP. in your hunting district.

**ഊൎജ്ജിതം ūrjiδam** S. (ഊൎജ്ജ് = G. 'orgaō) Vigorous ഊൎജ്ജിതരൂപൻ CG.

**ഊൎണ്ണം ūrṇam** S. (√ വർ) Wool.

ഊൎണ്ണനാഭം also ഊൎണ്ണനാഭി Bhg. spider.

**ഊൎദ്ധ്വം ūrdhvam** S. (വൃധ്) 1. High, tending upwards, as ഊൎദ്ധ്വഗതി; ഊൎദ്ധ്വസങ്കടം Nal. മനോരഥം ഊൎദ്ധ്വമാക്കിച്ചമെക്ക Sil. too high (= പൊക്കം). 2. met. beyond reach, success-

less ഊൎദ്ധ്വമായി മണ്ടിപ്പോരും PT. ഊൎദ്ധ്വമായിപ്പോയി So. = വെറുതേ.

ഊൎദ്ധ്വപുണ്ഡ്രം perpendicular mark on fore-[head BrhmP.

ഊൎദ്ധ്വവായു, — ശ്വാസം last breath, f. i. ഊൎദ്ധ്വശ്വാ. വീൎത്തുടൻ ഊൎദ്ധ്വലോകം ഗമിക്ക KR. also ഊൎദ്ധ്വം വലിക്ക PT. to expire. ഊൎദ്ധ്വനം (sic.) വന്നു വീഴും നേരം Stuti.

ഊൎദ്ധ്വലോകം heaven. ഊ'ക പ്രാപ്തി etc. going to heaven.

ഊൎപ്പു ūrpu (ഊർ or ഊപ്പു, ഉറപ്പു?) Claim, right ഊ. കൊടുക്കേണ്ടവൻ the chief person at a marriage, hunt.

ഊൎമ്മി ūrmi S. (വർ to roll) Wave നീർ മേലേ മേന്മേലുള്ളൂൎമ്മികളിൽ പാഞ്ഞു CG. —

ഊൎമ്മിക fingerring.

ഊറുക, റി ūruγa 1. T. M. C. Te. ഉറവു, To spring, ooze വായ് ഊറുക the mouth to water = ഉറക്ക. 2. (C. Te. Tu. ഊറ്വു) to sink into, penetrate മാലേയച്ചാറും മാറു, പാടീരച്ചാറും കൊങ്ക CG. 3. (√ ഉറു) to sink to the bottom, subside, settle ചുവട്ടിൽ ഊറി കിടക്കുന്നു, വെള്ളം ഊറി ഇരിക്കട്ടേ V1. let it settle.

ഊറ tanning matter ഊറെക്കിടുക (No. കുറെക്കിടുക) & ഊറ ഇ. to tan.

ഊറൽ sediment, lees, dregs, precipitate പത്തു റൽ 10 consecutive starches, as of പാൽമുതക്കു etc. med.

ഊറല്കാടി, ഊറക്കാടി 1. M. അരി കഴുകിയ വെള്ളത്തിലേ ഊറൽ = കാടി 1. q. v. (കാച്ചി കീഴ്ജാതിക്കാർ കടിക്കും). 2. So. = കോട So., ചുക്ക Palg., ചുക്കാനം No.

ഊറു, ഊററു sediment etc.

ഊറാമ്പുലി tarantula B.

ഊറു കെട്ടു പോയി he is unsettled, dis-[tressed.

ഊററുവെള്ളം = കാടിവെള്ളം.

v. a. ഊററുക to pour out carefully, strain, filter. ചോറു. to take the water from the cooked rice.

ഊററി ഉണ്ടാക്ക to make starch, arrowroot, etc.; ഊററി എടുക്ക to take butter out of buttermilk, oil from the water in which oilseeds were boiled. മാംസം പുഴുങ്ങി ഊററീട്ടു എടുക്കുന്ന നൈവസ Nid.

ഊററം ūťťam T. M. (ഊൻറു = ഊന്നു) 1. Strength, power കാററിന്റെ ഊ. V2. gust of wind ഊ'മായ ഘോഷം KR. loud, — പിണക്കം hard struggle, — നൊമ്പലം SG., — ശീതം KR. ഊററരോഗം Anj. ഊ'മുള്ളൊരു പെരിങ്കാററു KR. ഊററമായി പിശകി VCh. ഊ'ത്തിൽ ശബ്ദിച്ചു; also adv. ഊററം വെയിക്ക Anj. to eat plenty. ഊററം പിടിച്ചും കടിച്ചും Bhr. ഊററത്തിലുള്ളൊരു യുദ്ധകോലാഹലം SiPu. ഊററം പറക to boast, threaten. കറയ അടിയൂററം ഉണ്ടു TR. they feel themselves stronger, firmer. ഊററം പെരുത്തു, ഊ. പെററ, ഊ'മെഴും RC. mighty. Hence: ഊററനാം ഹനുമാൻ KR 5. mighty.

ഊററക്കാരൻ id. ഊററക്കാരാം ഭീഷ്മാദികൾ Cr. Arj. ഊററക്കാർ PT. the noble & wise, ഊററക്കാരത്തി a clever lady.

ഊററത്വം (loc. ഊററാണം) great power, specific attribute of a Paradēvata.

ഊവൽ ūval & ഊഴൽ ഇടുക To whistle (loc.)

ഊശൻ ūsaǹ (prh. ഊചി = സൂചി) 1. One who has a sparing beard. 2. simpleton.

ഊശയാക്കികളക So. = നിസ്സാരനാക്ക, നാണിപ്പിക്ക.

ഊശാന്താടി short beard, as കോലാട്ടിന്നു MC. ഊശാന്താടിക്കാർ loc. the French.

ഊഷം ūšam, ഊഷരം S. (ഉഷ്) Saline soil ഊഷരസേചനേ വാപിക്ക Anj. = ഉവന്നിലത്തു വിതെക്ക a foolish attempt.

ഊഷരക്ഷേത്രം VilvP. a kind of temples to which higher efficacy is ascribed than to ബീജക്ഷേത്രം.

ഊഷത്വം see ഊഴൻ.

ഊഷ്മാവു് ūšmāvu & ഊഷ്മ S. (ഉഷ്) 1. Heat ഊഷ്മക്കു നീക്കം വരുത്തൊല്ലാ Bhg. 2. ഊഷ്മാക്കൾ the sibilants (gram.) ശ, ഷ, സ, ഹ.

Hence: ഭീമന്റെ ചിത്തം ഊഷ്മമായ്വന്നു CG.

ഊഷ്മത കൊണ്ടു CG.

ഊഷ്മളൻ ardent നളൻ ഊ. Nal.

ഊഹം ūham S. (√ 1. to push. 2. to observe) Guess, conjecture. ഒരു ഊ. പോലെ പറയുന്നു MR. I merely suggest.
ഊഹന തോന്നുക V1. to suspect.
denV. ഊഹിക്ക to guess, infer. [able.
ഊഹിതം part. guessed; ഊഹ്യം Mud. guess-
CV. അതുകൊണ്ടു — എന്നൂഹിപ്പിച്ചാൾ VetC. by that sign she indicated, led to infer.

ഊള ūḷa 1. T. M. C. (ഓളി, ഛൂള) To howl ഊള യിടുക. 2. T. So. rottenness, mucus. 3. bristle = ഊശൻ. [wind.
ഊളൻ T. So. jackal, ഊളക്കാററു cold blowing
?യോനി മേല്പട ഊളെക്കും Nid 43. to bend?
ഊളി എടുക്ക V1. = ഓളി howl of dog, jackal, chatter of monkey. കഴുത്തൂളി എടുത്തു വെച്ചു മൂന്നുവിളിക്ക (huntg.) — പുഴയിൽ ആ ണ്ടു ഊളിയിട്ടു V1. No. swam under water (= മുങ്ങി; നീർക്കോലി പോക, മുക്കള ഇടുക).

ഊഴ് ūḻ (T. = ഉഴുവൽ destiny, old usage; C. Tu. Te. service) ഊഴ്ക്കാരൻ Undertaker of a lottery. — ഊഴ പറമ്പായി കിടക്കുന്നു MR. (= തരിശു).
ഊഴം 1. experience ഈ പണിക്കു അവന്നു ഊഴം ഉണ്ടു V1. 2. turn of duty, ഊഴമിട്ടു വരാം PT. by turns. 3. term. ശശത്തിന്നൂഴം വന്നു PT. his turn came. കറിവെപ്പിക്കുന്ന ഊഴം. ഊഴം മാറുക to change turns. ഈ ഊഴത്തിൽ നാ ണിഭം പിരിഞ്ഞു വരുന്നില്ല TR. (= ഗഡു). ഒ രൂഴത്തിൽ കൊല്ലും Mud. once. എത്ര ഊഴം how often, രണ്ടൂഴം V1. (= വട്ടം, കുറി).
ഊഴം കത്തുക, ഊഴത്തരി No. see ക്രമം.
ഊഴൻ in So. M. chiefly servant of kings (doomed slave? fool?) ഊഴരായി ചെന്നു മാ താവിൻ ഗർഭത്തിൽ വാഴൊല്ലാ നാം CG.
ഊഴത്വം (= ഊഴത്വം) folly, shame. നീവിയെ തന്നെയും ഊ. ആകാതെ താങ്ങി CG.
ഊഴൽ V1. dirt as of a plate (T. filth).
ഊഴലിടുക = ഊവൽ to whistle.
ഊഴി (T. lifetime; ഉഴി place) T. M. 1. earth ആഴിചൂഴും ഊഴിയിങ്കൽ KU. മണ്ണിന്നായൂഴി കഴിച്ച നേരം നിധി ലഭിച്ചു AR. ഊഴികലു ങ്ങി ആഴി കലങ്ങി Bhr. ഊഴീശശാങ്ക Si Pu 3. O thou moonlike man! = ഭൂമിക്ക ചന്ദ്രപ്രാ യൻ. 2. world ഊഴി ഏഴിലും നിറെന്ത RC. 3. = ഉഴി 2 rafters of മുള & കഴുങ്ങ് placed between the stronger ones (loc.) ഊഴിയും വാരിയും പിടിച്ചു.
ഊഴിയം T. So M. Tu. C. (Te. ഊഡിയം) service.
ഊഴിയക്കാരൻ T. So M. Palg. = വേലക്കാരൻ.

# ഋ R̥

ഋ In S. Tdbh. replaced by ഇരു, ഇരി as വിരു ത്തി, കിരിയം (വൃത്തി, ഗൃഹം); or dropped ഇട പം, ചങ്ങല (ഋഷഭം, ശൃംഖല). In M. മരുത്തു, റുത്തി for മധുരിത്തു, നിറുത്തി; അമരേത്തു = അമൃതു; കള്ള ത്ത CG. = കളത്ത.

ഋക്കു r̥kku, ഋച് S. Verse (√ അച്.)
ഋഗ്വേദം the 1st Vēda.

ഋക്ഷം r̥kšam S. (G. ărktos) 1. Bear, Ursa minor. 2. constellation in general ജന്മർക്ഷ ദിനം Bhg.

ഋജു r̥ju S. Straight, whence ആർജ്ജവം; ഋജു ദേഹം Bhr. ഗുരുശുശ്രൂഷയും ഋജുത്വം എന്നി വ KR. uprightness. [ഋണം ചുടാ prov.

ഋണം r̥ṇam S. (L. reus) Debt പിണം ചുട്ടാലും
ഋണദാതാവ് creditor.
ഋണമോചനം payment of debts.

ഋതം r̥tam S. (L. ratus) Right, truth. ചെയ്യേ ണം മുറിവാങ്ങി വെച്ചവൻ ഋതം VyM. = സത്യം to swear.
ഋതു S. 1. season, esp. of 2 months ഋതു രാ ജൻ spring, സർവ്വർത്തു in all seasons AR. 2. menstruation. ഋതുവായ പെണ്ണു a girl of age. അവൾ ഋതുധർമ്മം പ്രാപിച്ചു Bhr.
ഋതുപകർച്ച influence of the different seasons on one's health.
ഋതേ besides, except. ത്വദൃതേ Bhg. without him.
ഋത്വിൿ (√ ഇജ) pl. hon. ഋത്വിക്കൾ KR. & ഋത്വിക്കുകൾ Bhg. family-priest.

**ഋദ്ധി ṛddhi** S. (അധ്) Prosperity, wealth.

**ഋഭു ṛbhu** S. (clever) 3 deified artists.

**ഋഷഭം ṛśabham** S. = വൃഷഭം 1. Bull, Taurus. 2. med. root ജീവകഋഷഭങ്ങൾ GP. (= ഇടവകം).

**ഋഷി ṛši** S. (ഋഷ്?) Singer, sage. In 4 classes ദേവൎഷി as Nārada, ബ്രഹ്മൎഷി, രാജൎഷി, മഹൎഷി. Ursa major is സപ്തൎഷികൾ Bhg 7. കാശ്യപൻ അത്രിവസിഷ്ഠൻ വിശ്വാമിത്രൻ ഗൌതമൻ ജമദഗ്നി ഭരദ്വാജനും ഇവർ സപ്തൎഷികളാകുന്നു Bhg 8.

ഋഷിപ്രോക്തം an old saying.

ഋഷ്യാശ്രമം AR. hermitage.

# ൠ Ṝ, ഌ ḶI & ൡ ḶĪ

are no Mal. letters. In alphabetical songs: ൠഭോഷൻ HNK. contemptible fool.

ഌസ്മാദി HNK. mantras such as ḷisma.

ൡകാരം HNK. a mantram.

# എ E (YE)

Is found in Tdbh's for യ (എമൻ), changes with initial ഇ & ഉ (എറുമ്പു, ഇറുമ്പു, ഉറുമ്പു); rarely with അ (എന, അനേ).

**എ ye** 5. Interr. pron. എക്കാലം V1. When? എപ്പടി how? എപ്പേരും, എവ്വണ്ണം etc.

**എകരം yeɣaram** = ഉയരം Height (vu.) C. Te.

**എകിറു yeɣiṟu** T. M. (എയിറു). 1. Tooth, fang കൊട്ടപ്പല്ലെകിറു RC. ക്രൂരമൂത്തേററം വെളുത്തു വളഞ്ഞുള്ളൊരെകിറുകൾ, പട്ടത്താനയെകിറുനാലു KR. വമ്പിച്ചുനിന്ന വളഞ്ഞെകിറു CG. hence വച്ചിരവെകിറൻ RC. 2. B. wing.

**എക്കം ekkam** T. Te. (to ascend) 1. Best time for buying, hitting = തക്കം; എണ്ണ വിലനാട്ടിൽ എക്കം പോലെ TR. എക്കപ്രകാരം = അന്നന്നുള്ള വിലപ്രകാരം. എക്കത്തിൽ വാങ്ങുക in the very nick of time. എ. നോക്കി വെടിവെച്ചു; എ. വെച്ചു V1. last stage of disease. 2. turning for fight. എക്കം ഇടുക to turn to charge again, as cocks V1.

**എക്കിട്ടു, എക്കിൾ** see foll.

**എക്കുക, ക്കി ekkuɣa** 1. T. So. To come up, stand on tiptoe. 2. T. M. to contract the stomach. വയറും എക്കി കാട്ടി TP. showed an empty stomach. പശു എക്കികളഞ്ഞു will not give milk. 3. M. C. Te. T. to card cotton പരുത്തി എക്കുന്ന വില്ലു bow for cleaning cotton, also എക്കുവില്ലു MR. 4. (C. Te. എഗ്ഗു) ഇറച്ചി, മീൻ എക്കിപ്പോയി begin to smell.

VN. എക്കൽ (sand cast ashore by rivers W. T.)

എക്കു irregularly globular; sand V1. = എക്കൽ.

എക്കച്ചക്കം & — ക്ക T. M. confusion, doubt.

**എക്കളിക്ക** To hiccough.

എക്കിൾ, എക്കിട്ടു 1. hiccough (M. Te. ഹിക്ക S.) ഏങ്ങുകയും മോഹിക്കയും എക്കിട്ടു എടുക്കയും MM. എക്കിട്ടു ഇട്ടു കരഞ്ഞാലും Anj. sobbing. 2. = ഏക്കം last breath വായും മുട്ടും തല്ക്ഷണം എക്കിട്ടയും VCh.

**എങ്കിൽ eṅgil** Cond. of എൻ.

**എങ്ങൾ eṅṅaḷ** T.M. = ഞങ്ങൾ, Our, we. Chiefly in obl. cases എന്നെങ്ങൾക്കു തോന്നുന്നു AR. കനിവാണ്ടെങ്ങൾ സങ്കടം തീൎക്ക CG.; also Nom. എങ്ങൾ ഇന്നെങ്ങനെ സങ്കടം തീൎക്കുന്നു CG.

**എങ്ങു eṅṅu** T. M. (√ എ correl. ഇങ്ങു, അങ്ങു) Where?

എങ്ങും anywhere, everywhere. അന്നാളിൽ എങ്ങും നീ വന്നില്ല TP. on none of those days.

എങ്ങാനും anywhere തറയിൽ എങ്ങാനും ഒരു സ്ഥലം ഒഴിപ്പിക്ക TR. നാട്ടിൽ എങ്ങാനും ഒരു ദേശം Mud. നാട്ടു കടന്ന് എങ്ങാൻ പോകുന്നു TP. — mod. adj. എങ്ങാണ്ടൊരു വീട്ടു.

എങ്ങനേ (അനേ) how? also rel. എങ്ങനെ ഞാൻ

എഴുതി അയക്കുന്ന അപ്രകാരം നടന്നാൽ TR. if you do as I advise. എങ്ങനേയും however, at all events.

എങ്ങുനിന്നു, എങ്ങുന്നു whence?

എങ്ങുപട്ടു, എങ്ങോട്ടു whither?

എങ്ങേനും മങ്ങിനാൻ CG. = എങ്ങാനും.

എങ്ങോൻ = എങ്ങെയവൻ f. i. അവർ എങ്ങോർ Bhr. where at home?

എച്ചം eččam (T. remainder, √ എഞ്ചു) So. Excrements of lizards, flies. എച്ചത്തിലെപ്പുഴ V2. എച്ചവായ് anus V1.

എച്ചിൽ T. M. (C. എഞ്ജൽ Te. എംഗിൽ) remains & refuse of victuals. എ. എടുത്തു തളിക്ക to restore purity after meals. എ. എടുപ്പിച്ചുടിച്ചു ശുദ്ധി വരുത്തി Bhr. എച്ചിലാക്കുക to pollute by contact with the mouth, as hand etc. എച്ചിൽ ചോറു വാങ്ങുക KU. duty of Pāṇan. തേൻ നുകരുന്നെച്ചിലായുള്ള പുഷ്പം CG. the refuse of bees serves for idol worship. എച്ചിലും കപ്പയും ഇട്ടു TR. gave the meanest food. എന്റെ വീട്ടിൽ എ. കപ്പയുമായി we are reduced to greatest poverty.

എച്ചിലത്തളിക്കുന്ന പശു TP. the cow with whose dung I daub the floor after meals.

എച്ചിൽക്കുരുന്നു a med. plant. എ. ഇരിപിടി MM.

എച്ചിൽനക്കി eater of refuse (abuse).

എച്ചിൽപാട്ടു a song after meals.

എച്ചിൽപാറുക = തളിക്ക.

എച്ചു ečču (C. ഹെച്ചു = പേത്തു) in എച്ചുക്രുലിച്ചം V1. Increased pay.

എജമാനൻ yejamānaǹ Tdbh. യ — in വീട്ടെജമാനൻ Houselord.

എട, എടം, എടവം, (C. Tu. Te.) — see ഇ.

എടാ edā (C. എലാ, T. അടാ & എടാ friend!) Hey! addressing male inferiors (also എടൈ) contr. വാടാ come, fellow! f. എടി, എടീ, vu. വാടി, പോടി. — എടോ hon. for both genders വരികെടൊ po. എന്റെടോ TP. my friend! also for pl. കണ്ടുകൊൾകെടൊ നിങ്ങൾ Nal.

എടുക്ക, ത്തു eḍukka T. M. (C. Te. എത്തു) 1. To raise, lift, take up. വെള്ളം എടുത്തു കവിളിത്തുപ്പി പാലും എടുത്തു കുടിച്ചു TP. to take. ആയുധം എടാതെ KU. not taking arms. എടുത്ത പേററിയെ മറക്കൊല്ലാ prov. the midwife. വായിൽനിന്നു വീണാൽ എടുത്തൂടാ cannot be retracted. വായിൽ എ. to mention; vomit. നാവെടുക്ക to speak. Often to raise, build a house. വീടെടുത്തു TR. in pittoresk phrases nearly superfluous എടുത്തിടുക to put down. സപ്തമയെടുത്തിട്ടേൻ Bhr. എടുത്തു വെച്ചകാൽ മടക്കി വാങ്ങാതെ KR. not stepping back an inch. എടുത്തു കൊടുക്ക KU. to hand over arms with a blessing (work of വാൾ കൊല്ലൻ). പത്തു പണം എടുക്കക്കൊടുക്ക prov. കൈയും കാലും എടുത്തു നശിക്ക to work with hands & feet.

2. to assume, undertake, bear. തണ്ടെടുക്ക, ചുമടു etc. പണി എ. to do work. പാഷണ്ഡിമതം എടുത്തിടിനേൻ VCh. held heretical views. രക്ഷിക്ക നിങ്ങൾ ക്ഷാത്രധൎമ്മത്തെ എടുത്തു KR. according to Cshatria fashion.

3. to take out, choose, buy. പറമ്പ് എ. to acquire a garden. പറമ്പു പററി എടുത്തോളുകയും ചെയ്യു TR. resumed. നികിതി എടുത്തോണ്ടു (=കൊണ്ടു) പോന്നു to collect taxes. മുതൽ സംസ്ഥാനത്തേക്ക് എടുത്തു TR. confiscated.

4. v. n. to become raised, visible, prominent; often impers. ശരീരത്തിന്മേൽ എല്ല് എ. looks bony. നാടിനരമ്പും എടുക്കവേ KR. മേഘം എടുക്കുന്നു (= കാർ വെക്കുന്നു). തല എടുക്കുന്നു to come to a head. വേനൽ എ. it is very hot. ചെളുക്ക് എ. to become like gills, burst, etc. അപസ്മാരം, കത്തൽ, പുകച്ചൽ, ചുട്ടപ്പാച്ചൽ എ. to suffer from.

VN. I. old. എടു in എടുപെടുക to be taken.

II. എടുപ്പു 1. raising, taking up. എടുപ്പിന്മേൽ നിന്നിറങ്ങി RC. litter. അവന്റെ എ. എടുത്തു പോയി all that is portable of him = he is dead. 2. harvest, produce. സൎക്കാരിലേക്ക് എടുക്കേണ്ടുന്ന മുതലെടുപ്പു TR. revenue. ഉഴുക്കാരന്റെ എ. gain. 3. time, turn ഇനിയും ഒർ എ. നീ അവനെ ആശമിപ്പിക്കേണം PT. once more.

CV. എടുപ്പിക്ക 1. to get to take up. എടുപ്പിച്ച

യച്ചാൽ MR. if you send me by palankin. എ'ച്ചിട്ടെങ്കിലും വരും TR. even if not able to walk. പതുക്കേ എ'ച്ചു കൊണ്ടു പോകെ ണം let yourself be borne slowly. വാൾ എ. =ഗുരുകൈയിൽനിന്നു ആയുധം മേടിക്ക. 2. to make to finish, get built, set to work. നമ്മളെകൊണ്ടു തച്ചെടുപ്പിക്കയില്ല. തോര ണം എ'ച്ചു Mud. got up decorations. 3. to collect revenue, as Govt. പണം എ. TR. ദ്രവ്യ ങ്ങൾ കെട്ടി എ'ക്കയും ചിലർ VCh. princes.

**എട്ടത്തുമ്പടി** vu. Nāyer-house, see ഇടം, ഏടം.

**എട്ടിയാൻ** **eṭṭiyāṉ** = ചെട്ടിയാൻ; മുത്തെട്ടിയാൻ TR.

**എട്ടു** **eṭṭụ** T. M. (C. എണ്ടു from എൺ = 5) Eight. എട്ടാലൊന്നു $\frac{1}{8}$. തട്ടാൻ തൊട്ടാൽ എ. prov.

എട്ടടിമാൻ a fabulous animal of the Himālaya (എട്ടടിമൃഗങ്ങൾ Nal.) എ. എല്ലാം വട്ടത്തിൽ നിന്നുഴന്നു CG.

എട്ടാം, എട്ടാമൻ eighth. എട്ടാംഎഴുത്തെ ജപി ക്ക Anj. (ഓം നമോ നാരായണായ).

എട്ടിൽപെററ പൊട്ടൻ born in the 7th month, supposed to be perfect in body (എട്ടിലേ തികഞ്ഞീടും VCh.), but deficient in mind.

എട്ടുകാലൻ spider. എ'ന്റെ മട, വല V2. also എട്ടുകാലി.

എട്ടുക്കൊന്നുമ്പ്പാറ rate of tax levied in Travancore (3 in 10 out of riceland & 1 in 8 upon produce of gardenland) W.

എട്ടമിക്ക = അഷ്ടമിക്ക. [കൊട്ടത്തു KU.

എട്ടുപതിനാറും offerings to Gods ദേവക്ക എ.

എൺകയിൽ 8 spoonsful, a med.

എണ്കോൺ octangular.

എണ്ധിശ (ദിശ) the 8 points. Bhg. എണ്ദിച യും നോക്കി RC. looked everywhere for help.

എണ്ണാങ്ക 8 × 4. എണ്മൂന്നു 8 × 3.

എണ്ണായിരം 8000.

എണ്ണാഴി 8 Nāḻi. എണ്ണൂറു 800.

എണ്ണിരണ്ടായിരം 16000 (Anj.)

എണ്പതു eighty എണ്പത്തിരിക്കോൽ പുര prov.

എണ്പലം 8 palam (a med.)

എണ്മർ 8 persons. എണ്മർയോഗം the Royal council in Cōlanāḍu, 7 persons with the Rāja.

**എൺ** **eṉ** M. T. Number; thought. എണ്ണേറു വൊരു പരമാനന്ദം RS. very high.

**എണ്ണ** **eṇṇa** T. M. C. Tu. (എൾ, നെയി) 1. Sesam oil, gen. നല്ലെണ്ണ; എള്ളിലുള്ള എണ്ണ ക ണക്കേ ദേഹങ്ങടെ ഉള്ളിലുള്ളീശ്വരൻ Anj. 2. oil. എ. കാച്ചുക, തേക്കുക.

എണ്ണക്കുരു N. pr. a tree. (No.)

എണ്ണക്കൂടി a cake V1.

എണ്ണച്ചട്ടി frying pan.

എണ്ണപ്പാത്തി vessel for anointing the sick.

എണ്ണപ്പായിൽ (പാശി) Rotala verticillaris. Rh.

**എണ്ണം** **eṇṇam** VN. of foll. 1. Number, counting. എ. നോക്കുക to count, എ. ഒപ്പിക്ക to settle an account. എ. ഇല്ലാതോളം, എ. അററ CG. innumerable. പിടി എ. പോകയില്ല stunted fruits are not counted. 2. number, piece, article, even of persons. ഇരിപത്തുരണ്ടെണ്ണം നായന്മാർ TP. ദ്ദുറായിട്ടുള്ള എ. പറഞ്ഞുണ്ടാക്കി TR. proffered calumnies. നീരസം ഉണ്ടാവാൻ തക്കവണ്ണം ഒർ എണ്ണങ്ങൾ ഞാൻ നടന്നു പോ യെന്നു TR. as if I had committed any thing to displease you. ചെയ്യേണ്ടു എണ്ണങ്ങൾ duty.

എണ്ണവണ്ണം particular account.

**എണ്ണുക** **eṇṇuγa** 5. (Te. എന്നു √ എൺ) 1. To count, number എണ്ണിഎണ്ണി കറുകുന്നിതായുസ്സും GnP. 2. to esteem. എണ്ണപ്പെട്ടവർ influential persons. എണ്ണപ്പെട്ട ആളുകൾ TR. (opp. സാധു ക്കൾ). എണ്ണലർ enemies (po.) 3. to recount, relate എണ്ണിപ്പറക to speak diffusely. എണ്ണുന്നി തു ചപലം ഇന്നു കേട്ടാൽ CCh. this sad tale.

എണ്ണിക്ക 1. CV. to get counted. 2. VN. എ ണ്ണിക്കകൊടുക്ക to account for, എ. നോക്കു ക to take a list V1. (T. C.)

**എണ്മണി** **eṇmaṇi** = എൾമണി.

**എണ്മർ, എണ്മൂന്നു** see എട്ടു.

**എത** **eδa** (C. Te. എദു to lie over against, ready for) 1. Boundary, limit എതെക്കകത്തു, നടുഎത, വടക്ക് എതയോളവും MR. 2. end, crisis എ തെക്ക ചേക്ക = കത; വെയിലത്തേ എതയും Ti.

എതം eδam No. & So. = ഏൽ 2. 3, ആക്കം 2. 3. എതക്കേട്ട = ഏല്യകേട്ട.

എതിർ eδir (√ എട്ട see എത) 1. Opposite, adverse. 2. match, comparable എനിക്കാർ എതിർ എന്നു ചോദിച്ചു KR. ഉടൽ മേരുവിന്നെ തൃർ മുഴുത്തു RC. like Mēru. കായാവിൻ മലർ നിരയോടെതിർ പേശ്മുംകായം Bhg. to vie with. Hence: എതിരാളി opponent, rival; also എതിരി.

എതിരിട equivalent, copy.

എതിരിട്ടുക to oppose, resist.

എതിരേറുക id. കരുതലരോട് എതിരേറും RC.

എതിരേല്ക്ക to advance to meet, oppose.

എതിർക്കോൽ spike B.

എതിർക്കൊൾ്ക to come against അമ്പു തനിക്കെതുകൊണ്ടൊരു നേരം RS.

എതിർത്തല enemy.

എതിർ തരിക to meet in battle എതിർ തര വേണ്ടും, എതുതാവെൻ മുഷ്ടിക്ക, എതിർതാ പോക്കെതുതാവെന്നു RC. [V1.

എതിർപെടുക to meet, oppose; to be opposed

എതിർപൊരുക to fight അവനോട് എതിർ പൊരുതു Bhr.

എതിർമുഖം = എതിർത്ത പുറം V1.

എതിർമുള്ള breastbone.

എതിർമൊഴി = എതിർപറക V1.

എതിർവാക്കു പറകൊല്ല, എതിർ പേശൊല്ല Anj.

എതിരുക, ന്റ (old) പോരാനിണക്കെതിരുന്നിവൻ എന്നറി KR. — Inf. എതിരവേ, എതിരേ 1. Against. അതിന്നെതിരേ വരുവാൻ അടുത്ത ദിനം Bhr. (= നേരേ) 2. early എതിരേയും അന്തിക്കും എഴുതുക, എതിരവേ സേവിക്ക a med. every morning (=പുലർകാലേ V1.)

എതിർക്ക, ത്തു 1. to attack എതിർത്തു ഞാനും ചെന്നു KR. എതിർയെതുതുടൻ Mud. 2. to face, resist എതിർത്തുനോക്കിക്കൂടാ. — adv. എതിർത്തേ straight, entirely. എതിർത്തേ പച്ച നിറം Ti. quite green.

VN. എതിർപ്പു opposition; what crosses one's way, phantom, bad omen V1.

എതു eδu (see എത) Limit? or end? ആ വഴിക്കെ വാങ്ങി എതു തീരായ്കകൊണ്ടു വീണു (jud.) being too exhausted to reach home.

എത്തുക ettuγa (T. അത്തു, C. T. എട്ടു, Te. എത്തു, √ എതു) 1. To stretch as far as, reach, arrive പീടികെക്ക് എത്തി, with Dat. അടിയിലേക്കു or അടിക്ക് എത്തി MR. dived to the bottom. മതിലിന്മേൽനിന്ന് എത്തിനോക്കി TR. peeped over. എത്താത്ത മരുന്നു prov. not to be found. ഇവരെ വിചാരം മുഴുവൻ എത്തുകയില്ല TR. will not be accomplished. അതിന്ന് എത്തായ്കിൽ Bhr. if I fail to fulfil the vow. ഭരിപ്പാൻ എത്തുമോ സുകൃതിക്കല്ലാതേ KR. only a virtuous man can rule such a land (= കൂടുക). എത്തുക ഇല്ലെന്നുറച്ചാർ Bhg. we shall not conquer. എനിക്ക് അവനെ കൊണ്ട് എത്തുകയില്ല no profit. ഇങ്ങനേയുള്ള പുത്രർ ആർക്കുമേ എത്തിക്കൂടാ CG. (= കിട്ടുക). എത്തീടാ ബാലമരണം SG. (= വരിക). 2. v. a. to reach, obtain. അവളെ എത്തിയില്ല യയാതിക്കും Bhr 1. could not come up with her. നിന്നെ ഇങ്ങെത്തിയതീശപരാനുഗ്രഹം Bhg. providentially I met thee. സ്ത്രീകളെ എത്തി പിടിപെട്ടു Mud. (generally with Soc.) എന്നോട് എത്തുകയില്ല Bhr. shall not overtake me.

VN. I. എത്തം reach, length.

II. എത്തൽ, എത്തു 1. reaching. എത്തുപെട്ടപ്പോൾ Sah. when within reach. എത്തുതീരായ്കകൊണ്ടു വീണു jud. fell before I could reach. ഒരു എത്തുപാട്ടും ഇല്ല So. there is no getting at him. 2. halting.

CV. I. എത്തിക്ക 1. to make to reach. ആളെ കിട്ടിയാൽ സന്നിധാനത്തിങ്കൽ എത്തിക്കും TR. shall send up. അറിഞ്ഞു വന്നാൽ എത്തിക്കാം report. പട എ. to gather a host. നമസ്കാരം നേർച്ച എ. to perform, പണം എ. to spend. 2. freq. കാൽ എത്തിക്ക to walk with difficulty, halt, എത്തിച്ചു നടക്ക, എത്തിക്കൽ (= ഏന്തൽ).

II. എത്തിപ്പിക്ക id. എ'ക്കേണ്ടേടത്ത് എ'ക്കാം TR. ചരക്കു നഗരങ്ങളിൽ എ. to transport to.

എത്ര etra, old എത്തിര (എ + തിര) What quantity? how much, how many? എത്രച്ച, എത്തൊത്ര (distributive) how much to each? എത്രട്ര പോരും what measure? എത്രേക്ക for how

much? എത്രോടം, എത്രത്തോളം how far? എത്രോട്ടു വരുന്നു MR. how far do you venture! (=stop!)

എത്രയും how muchsoever, very much എത്രയും ഏററം കൊതിച്ചൊരു പുത്രൻ CG. long desired. എത്രയൊ സങ്കടത്തോടെ കരഞ്ഞാലും (pathetically).

എന see II. എന്നു.

എനി often = ഇനി.

എൻ eǹ T. M. Tu. aC. (= യൻ) Obl. case of യാൻ, ഞാൻ T. എന്നാണ I swear by myself (Dat. എനിക്കു & എനക്കു).

എൻപുരാൻ 1. my Lord. 2. എമ്പ്രാൻ a class of sacrificing Brahmans at Nīlēs̀waram etc. എമ്പ്രാന്റെ വിളക്കത്തു വാരിയന്റെ അത്താഴം prov. മങ്ങലത്തു എമ്പ്രാന്തിരി TR.

എൻ പെരുമാൻ B. a low Brahman class.

എന്തു enδu T. M. Te. C. (എം + തു) What? also = എന്തിന്നു why? എന്തെടോ താൻ ഇങ്ങനേ പാക്കുന്നു PT. എന്തെന്നു, എന്തിട്ടു why? ചെയ്യായ്വാൻ എന്തേ Bhr. why not do? എന്തായി വന്നു TP. why did you come? അതെന്തെ what for? V1. നിന്ദിച്ചാൽ എന്തേ ഫലം Bhr. അപ്പോൾ എന്തിന്നു പറയുന്നു better leave it undescribed. —

എന്തുവാൻ ഇതങ്ങൊരു ജന്തു PT.

എന്തിരം, എന്തറം, എന്തനം, എന്നണം; എന്തിരം & എന്തനം മാച്ചി vu. No. എന്തപ്പനാണ്ടി Cott. — used for the name of something unknown, unremembered etc. ആ എന്തിരം കൊണ്ടു വാ that "thing" there — എന്തിരത്താണ് loc. = what have you come for?

എന്നി enni, എന്നിയേ, എന്ന്യേ (fr. അന്യ, or ഇന്നി) 1. Without. ചിന്തയെന്ന്യേ KR. (= ഇല്ലാതേ). ഭുജിപ്പതിന്നാം സക്തി എന്നി Bhg. ദുഃഖമെന്നിയേ Bhr. 2. except (= അല്ലാതേ) ഒരുവർ നാവെന്നി വേണ്ടാ HNK. nothing required but one's tongue. ക്ഷത്രിയരിൽ എന്നി മററുള്ളവരിൽ ഇല്ല Bhr. — As conjunction with Inf. ഞങ്ങൾ എന്തറിഞ്ഞു നിങ്ങൾ ചൊന്നതു കേൾക്കയെന്നി Bhr. or with finite Verb. ഒന്നിച്ചിരിക്കുന്നെന്നിയേ ഇരിക്കയില്ല ഞാൻ KR. അവരെ വധിച്ചെന്നിയേ എനിക്കു സുഖമില്ല KR. Absolute: എന്നിയേ ബൌദ്ധന്മാർ തോററാൽ KU. on the other hand, if — അവിടത്തേ അച്ഛന്മാരോടും എന്നിയേ ഉള്ള രാജാക്കന്മാരോടും TR. (= ശേഷമുള്ള).

എന്നിയോ എന്നു ചോദിച്ചു any thing besides?

I. എന്നു ennu (C. T. എൻറു √ എ) What day? when? ഞാൻ ഒളിച്ചവാറ് എന്നു കണ്ടു AR. എന്നിനി കാണുന്നു Bhr. എന്നു പോൽ യൌവനം ആളുന്നതു CG.

എന്നും, എന്നെക്കും always. എന്നെന്നും വരികയില്ല, വിശ്വാസമായി നില്ക്കുന്നത എന്നെന്നേക്കും നന്നു TR. for ever and ever.

II. എന്നു T. M. C. (C. Te. Tu. അനു, see അനേ) past tense of def.V. എന 1. To sound, say, think. ചതി എന്നാർ they called it a cheat. പോ എന്നാൽ etc. the present obsolete; fut. എന്മു. 2. auxV. = ആക, to sound thus, appear thus, be such.

adv. part. എന്നു 1. = ഇതി, ഇത്ഥം, ഏവം S. — പേർത്തും നീ നീ നീ എന്നു നിന്ദിച്ചു Bhr. abused him, saying: thou!; so: എന്നു പറഞ്ഞു, കേട്ടു, ഓർത്തു, തോന്നുന്നു & other Verbs of speaking, showing (താ എന്നു ചൂണ്ടി Mud.) or perception & resolution. — also before Nouns: ഗിരിക എന്നു തന്നേ പേർ അവൾക്കു Bhr. സീത എന്നെന്നുടെ നാമം KR. നല്ലതു വരും എന്നു നിശ്ചയം, എന്നു സിദ്ധം, സമ്മതം, എ. എന്റെ മതം, പക്ഷം etc. ചത്തു പോം എന്നു സങ്കടം SG. ഇരിക്ക എന്നു രാമന്റെ ചൊല്ലിനാൽ ഇരുന്നു KR.

Often with ഇങ്ങനേ, etc. എന്നിങ്ങനേ, എന്നേവം, എന്നിത്ഥം. Also യുദ്ധത്തിൽ മരിക്ക എന്നു താൻ ശത്രുക്കളെ ഒടുക്ക എന്നു താൻ പക്ഷം ഈ രണ്ടും ഒഴിഞ്ഞൊരു ധൎമ്മം ഇല്ല Bhr.

2. = എന്നാൽ or f. i. വിളിച്ചാൽ എന്നു സംസാരിച്ചാൽ കേൾക്കുന്നത്ര ദൂരം jud.

Comp. with Verbs അല്ല f. i. എന്നു തന്നെ അല്ല moreover; ആക f. i. ഇല്ല പൊരുതി എന്നാക

യാൽ there being no hope of pardon. നിലം അവന്റെ കൈവശമെന്നാക്കി MR. declared it to be his. എന്നെ ശത്രുവെന്നാക്കി PT. അപ്പ ണ്ണമല്ലെന്നാക്കുവാൻ ആരുള്ളൂ AR. who can alter it? ലോകങ്ങൾ ഉണ്ടെന്നും ഇല്ലെന്നും ആക്കുന്ന തും ഭവാൻ SiPu. thou makest worlds & destroyest them.

— ഇട്ടുക f.i. എന്നിട്ടു considering that, in consequence thereof കാൎയ്യമല്ലെന്നിട്ടുപേക്ഷിച്ചു Nal. seeing its uselessness, he dropped it. എന്നിട്ടും nevertheless.

— ഇരിക്ക f.i. എത്ര എന്നിരിക്കിലും in whatever measure. എന്നിരിക്കുമ്പോൾ when it happens, that —; also: എന്നിരിക്കുന്നൊരു ളിക്കിൽ, എന്നിരിക്കേ under such circumstances.

— ഇല്ല, ഉണ്ടു f.i. അരുതെന്നില്ല Bhr. I cannot say: no. വരുന്നെന്നുണ്ടോ, വേണം എന്നില്ല. ഇന്ന ജാതി എന്നില്ല ശംഭുസേവനം ചെയ്യാൽ SiPu. it matters not of what caste you are. ഇന്നതു ചെയ്യീടാവു എന്നില്ലാത്തവൻ SiPu. unconcerned about any law.

— വരിക f.i. കുരങ്ങിനെ അയക്കകൊണ്ടു അവർ അല്പന്മാർ എന്നു വന്നു KR. their sending a monkey proves that — സുബുദ്ധി ഇല്ല എന്നു വരും, എന്റെ പ്രയത്നം നിഷ്ഫലം എന്നു വരരുതു it must not turn out vain labour. ധൈൎയ്യവാൻ എന്നു വരുത്തീട്ടുവാൻ ഇതോ നല്ല Nal. is this the way to prove your courage? വെറുന്നിലത്തു കിടക്കെന്നു വരുത്തി ദൈവം Bhr. God brought it about, that we must.

— വെക്ക f.i. ദുഷ്ടൻ എന്നു വെച്ചു കൊന്നു (= എന്നിട്ടു). നമ്പ്യാർ എന്നു ഞാനോ വെക്കയില്ല TP. I shall no more dub you N. നമ്പ്യാർ എന്നു വെച്ചാൽ നമ്മുടെ ഒരു പ്രവൃത്തിക്കാരനാകുന്നു TR. as for the N. he is but my servant (= എന്നാൽ). സായ്പവൎകളെ കല്പന എന്നു വെച്ചാൽ നാം വരികയും ചെയ്യാം TR. Often with relatives കല്പന ഏതു പ്രകാരം വരുന്നു എന്നു വെച്ചാൽ അതിൻവണ്ണം കേട്ടു നടക്കാം TR.

— വേണം f.i. ഹേതുവെന്തെന്നു വേണമല്ലോ KU. you wish to hear, why.

— വേണ്ടു f.i. മരിച്ചാൻ എന്നേ വേണ്ടു Bhr. it must be said at last: he died. ദുഷ്ടൻ എന്നെ വേണ്ടു truly a bad man! എന്നു വേണ്ടാ "in short".

With Nouns: എന്നേ വിശേഷമേ നന്നിതെടോ സഖേ Bhr. indeed well done! എന്നേ സുഖമൈ, എന്നേ കഷ്ടമേ etc. that's a joy! what a grief! എന്നേ ഗ്രഹണം വരു Mud. thus only can you be saved. എന്നേ തൃപ്തി ഉള്ളൂ PT.

Cond. എങ്കിൽ, എന്നാൽ 1. if so, then = ആയാൽ, ആകിൽ f.i. നില്പനില്ലെങ്കിൽ ഞാൻ കൊല്ലുന്നുണ്ടു KR. if you are for fighting. ദേശം ഇല്ല എങ്കിൽ ഗൃഹമേ പോരും Bhr. എങ്കിൽ വരിക well then come! എന്നാൽ അവനെ വരുത്തുക VetC. — ചോദിച്ചു എങ്കിലോ what if you did ask? perhaps you should ask. — Amplified തിരുവുള്ളം ഇല്ലെന്നാകിൽ, എന്നു വരുന്നാകിൽ Bhr. ഭക്തി ഉണ്ടെന്നായിടിൽ AR. എന്നു വന്നു പോയാൽ Mud. if unfortunately. — 2. എന്നാൽ & എങ്കിൽ stand often in the beginning of treatises എങ്കിൽകേട്ടുകൊള്ളുക, എങ്കിലോ കേട്ടാലും Bhr. hear then! രാജാവവൎകൾക്കു സലാം എന്നാൽ TR. what I have to say is as follows (heading of letters). Also at the close before the date എന്നാൽ കൊല്ലം ൯൭൦ etc. "so done in the year etc." 3. എന്നാൽ is often connected with Interrog. pronouns ആയ്തു എന്തു കൊണ്ടെന്നാൽ MR. the reason for this is as follows. എത്ര മണിക്കുവരാൻ കല്പന എന്നാൽ വരാം TR. at the hour you wish. 4. in that case, but. സൃഷ്ടിസ്ഥിതിസംഹാരാദികൾ ചൊല്ലി സ്തുതിക്കാം എന്നാൽ അതു സ്തുതിയാവുന്നു കൂടാ VilvP. I might attempt to praise, but it could hardly be called praising. 5. viz. that is to say or തിട്ടു എന്നാൽ തിണ്ണമേൽ, നാം അവൎക്കു എ. പട്ടുക്കു കൊടുക്കാം, കത്തുമെയ്യു തട്ടിയതു എ. കൊള്ളുന്നതു ഞാൻ കണ്ടു, വരുത്തി എന്നാൽ വിളിച്ചു jud. No.

Concessionals: എന്നാലും, എങ്കിലും even if so, although. കണ്ടു എന്നാലും കട്ടുകൊണ്ടു പോകയില്ല PT. though I should find something. എവിടെ എങ്കിലും wheresoever. ഇന്നെങ്കിലും

this time at least. അല്ലിൽ എന്നാലും കിട്ടും KeiN. even at night. വേണം എങ്കിലും വരാതു however much wanted. Amplified എന്നാകിലും, എന്ന വന്നാലും etc. double: ആ ണുങ്ങൾ എങ്കിലും പെണ്ണുങ്ങൾ എങ്കിലും ആ രെയും സമ്മതിച്ചീടൊല്ലാ കാണ്മാവാൻ KR. permit neither men nor women. എന്നെ എ ന്നാകിലും എന്നുടെ സോദരൻ തന്നെ എന്നാ കിലും ഒന്നു ഭുജിക്ക നീ DN. eat either me or my brother.

adj. part. എന്ന, എന്നുള്ള (fut. എന്മു) such, that ഞാൻ എന്ന ഭാവം the thought of I, of self. വെല്ലാം എന്നൊരു ചമയത്തോടെതൃത്തു RC. പുത്രൻ ഉണ്ടായെന്നുള്ള സന്തോഷത്താൽ KR. the joy of having a son. എന്നപോലെ in like manner as, എന്ന നേരം, എന്നപ്പോൾ എന്നവാറെ whereupon. എന്നേടം, എന്നതെ ടം RC. when he said. എന്നോളം ധീരൻ CG. so bold as to say.

part. Nouns a., രുരു എന്നവൻ Bhr.= രുരു നാമാവ് the person called Ruru. അതു എ ന്നതു പരൻ Tatw. the word "it" signifies God. വന്നിരക്കുന്നവർ എന്നവരെയും കൊല്ലു മോ KR. does one also kill suppliants? കൊ ല്ലുന്ന ജന്തുക്കളെ കൊല്ലുകെന്നതേ വരൂ Bhr. dangerous beasts are of course killed. b., എ ന്നതു = ആയതു. എന്നതുകൊണ്ടു കുടിച്ചു ഞാ ൻ Nal. consequently I drank. എന്നതു പോ രാ VCh. and what is more. എന്നതിന്റെ ശേഷം after that etc.

adv. part. fut. എന്മാൻ (rare) അതത്, എന്മാ നതൽ ചെയ്തു Bhr. (= എന്ന). കൊല്ലും എന്മാ നും ഇല്ല KR. nor does it follow that. ആ ചാരമല്ലെന്മാൻ എന്തുമൂലം CG. രണ്ടു ക്ഷേ ത്രങ്ങളും തുല്യാകാരങ്ങൾ എന്മാൻ ഹേതുവാ കുന്നു Gan. the reason why both figures are equal.

Inf. എന = അനേ 1. forms many Adverbs ചി ക്കെന, വട്ടന, ചെറുതെന etc. 2. it serves for hypothetical affirmation, അവൻ ഇപ്പോൾ ഉണ്ടെങ്കിൽ തലപോയേനേ it would have cost him his head. (vu. പറ ഞ്ഞിനായിരുന്നു = പറഞ്ഞേനേ — ആ.) 3. with past part. a kind of Imper. വാതിൽ തുറന്നെന TP. open!

**എപ്പുറം eppur̀am** What side? (എ) Vl.

**എപ്പേരും eppērum** (എ) Every one, എപ്പേർപ്പെ ട്ടതും, എപ്പേരിൽ പെട്ടതും of whatever description, all included (doc.) ചന്ദനഭാസന്ദള്ളത്താമ പ്പേരുമേ Mud.

**എപ്പോൾ eppōḷ** (പോഴ്) What time, when? also എപ്പോഴേക്കു, എപ്പോഴു; with ഉം always.

**എമൻ emaǹ** Tdbh. യമൻ f. i. ഭയങ്കരനായൊ രെമനെപ്പോലെ KR.

**എമ്പ്രാൻ embrāǹ** see എൻപുരാൻ. [po.

**എമ്പ്രാദോർ** Port. Emperador, emperor. Nazr.

**എമ്മൻകിടാവു** (എമ്മൾ = നമ്മൾ) N. pr. Minister of Cōlattiri.

**എയ്തുക, യ്തി eyδuγa** T. a M. To get, obtain (= എത്തുക 2.) എയ്തലാം ഇലങ്കമാനഗരം, എ യ്തിനാർ അമരർ ആലയങ്ങൾ, അഴകാന്തപൂജ കളും എയ്തി (performed) RC.

**എയ്യുക, യ്തു eyyuγa** T. M. (C. Te. ഏ, എച്ചു, എഗ്ഗു) To shoot an arrow, ബാണംകൊണ്ട് അവനെ എയ്തു, കഴുത്തിൽ എയ്യാൻ Brhm.; also with double Acc. നൂറായിരം ശരം എയ്യാൻ കൃ താന്തനെ UR. fig. കണ്മുനതെല്ലുകൊണ്ട് എയ്തു നിന്നാൾ SiPu. —

CV. എയ്യിക്ക. [to practise archery Vl.

VN. എയ്ത്തു shooting, also എയ്യു പയറുക

എയ്യൻ (C. Te. ഏദു) porcupine, hedgehog MC.

എയ്യുമ്പന്നി — its quills എയ്യുമുള്ള.

എയ്യമ്പല്ലു see ഏരകം.

**എരിക്കു erikku** T. M. (Tdbh. അർക്കം, or എരി foll.) Calotropis gigantea. വെള്ളെരിക്കു white flowered swallow wort, Siva's flower, Anj. എരി ക്കില a med. എരിക്കിൻപൂ GP. എരിക്കുമാല wreath of Siva.

**എരി eri & ഞെരി** T. M. Te. (C. Tu. ഉരി) Heat, burning, pungency. പുരം എരിചെയ്തതിന്നു Bhr. എരിചിതറിനമിഴി RC.

എരിക്കിഴങ്ങു green ginger ഇഞ്ചി.

എരിക്കൊള്ളി firebrand.

എരിത്തീ burning flame.

എരിപ്പുളി hot curry with buttermilk.

എരിപൊരി extreme heat of body എ. ചൂടുണ്ടാം Nid. എ. സഞ്ചാരം പിടിക്ക med.

എരിമരം = എരിക്കൊള്ളി, also wood which ignites easily.

എരിമീൻ a fish V1.

**എരിയുക** v. n. To burn എരിയുമഗ്നി KR. ഊതിയാൽ എരിയുമോ PT. എരിഞ്ഞുപോയി it is consumed; too pungent. fig. സുതവിരഹത്താൽ എരിയുന്ന മനം KR.

VN. I. എരിവു (എരു vu.) 1. pungency. മുളകിന്ന് എ. വെച്ചു ripe for pickles. 2. zeal. എരിവുകാരൻ vehement, zealous V1.

II. എരിച്ചൽ id. of eyes, mouth burning from pepper. എരിച്ചകറി (vu. എരിശ്ശേരി) a very hot curry.

**എരിക്ക** v. a. 1. To kindle fire, as smith; ignite iron. 2. to burn മുപ്പുരം എരിച്ചവൻ Siva. നാക്ഷ കണ്ണിച്ചു തീയിൽ എരിച്ചേ മതിയാവു PT. 3. to hiss as rocket, snake. എരിച്ചു കത്തുക to go off like wet gunpowder.

VN. എരിപ്പു V1. flame; torch.

CV. എരിപ്പിക്ക V1.

എരുമണം (എരിവു) smell as of pepper, observed in some soils, unfavourable to cocoanut planting.

എരുളി (എരിവു, പുളി) = എരിപ്പുളി.

**എരിമ erima** എരുമ T. M. C. Te. (Tu. എരു m., എമ്മ fem.) Buffalo, chiefly the cow = കാലി (m. പോത്തു). എരുമപ്പാൽ അതിഗുരുശീതളം താനും ഏററവും GP.

മലയെരിമ 1. jungle buffalo. 2. med. moonplant on Himālaya (പട്ടവതി S.)

എരുമക്കള്ളി a milkplant Ericyne V1. also എരുമതാളി Rh.

എരുമക്കാരൻ buffalo driver or keeper.

എരുമാൻ (prh. എരു bullock?) N. pr. a caste of masons (2988 in the Taḷiparambu Tāluk മൺചുവർ വെക്കുന്നവർ) = കോലയാൻ.

**എരുതു erudu** T. M. C. Te. (Tu. എരു like prec.) 1. Bullock, ox = നല്ലകാള, മൂരി, chiefly as beast of burden സാമാനം എരുതിന്റെ പുറത്തു കയററി TR. വെള്ളെരുതിൻ മുതുകേറി AR. fig. എരുതു ഭാരങ്ങൾ ചുമന്നിട്ടും പിന്നെ കരുണ കൂടാതെ അടിക്കുന്നെന്തിനു KR. എരുതാക്ക to geld; to unman. So. 2. red? (aT. Te. എരു = എരി) എരുതേ So. early in the morning.

എരുതുക്കാരൻ bullock driver.

എരുത്തിൽ bullock house (from obl. or compos. case എരുത്തു).

**എരുന്തു erundu** T. M. & **എരിന്തു** Shellfish in rivers എ. തപ്പുമ്പോൾ നില തെററി MR.

**എറോപ്പ** Port. Europe in N. pr. of plants എ' കൈത, എ'ത്തുമ്പ, എ'പ്പൂള; also എ. ചൂരൽ weaver's reed TR.

**എറ** see ഇറ.

**എറി eri** T. M. A throw = ഏറു f. i. എറിയിട്ടുക; എറിക്കണ്ണൻ frowning, coquetting.

എറിയുക to throw, fling അരി എറിഞ്ഞാൽ ൧൦൦൦ കാക്ക prov. വാൾ കൊണ്ടു ഒന്നെറിഞ്ഞു Bhr. with Acc. of the person hit പാറ കൊണ്ടു എ. നിരിലേ തിങ്കൾ തന്നേ CG. നമ്മെ എറിഞ്ഞുകളഞ്ഞു, കാട്ടിൽ എറിഞ്ഞേച്ചു CG. abandon. എറിഞ്ഞുപറക V1. to talk as if throwing stones at once. ഒട്ടുക്കണ്ണെറിഞ്ഞു നോക്കി Bhg. an angry Rāxasa. —

VN. ഏറു q. v.

എറിയൽ, V2. എറിവെള്ളാടൻ = ഇറവുള്ളാളൻ [hawk.

CV. എറിയിക്ക, as ചീന്തിച്ചെറിയിച്ചാൻ Mud.

**എറിക്ക erikka** T. M. 1. (No.) To protrude. 2. B. to shine as sun (= എരി?). 3. to remove the bark from timber, rough hew for sawing V1. മുറിക്കുന്നു മരം എറിക്കുന്നു ചിലർ KR.

**എറുമ്പു erumbu** T. M. (C. ഇറുവു, see ഇ — & ഉ —) Ant.

എറുമ്പൊഴുക്കൽ line of hair on the belly (loc.)

**എററു eṭṭu** T. M. (from എറി, ഏറു; C. Te. ഏട്ടു) 1. A blow, chiefly beating clothes = അലക്ക. 2. sprinkling of water (വെള്ളം തളിക്ക) a ceremony performed by വണ്ണാൻ 3rd day after birth, 7th day after death; & followed by change of raiment എററും മാററും KU. 3. trap, snare എററുവെക്ക V2. (see ഏററു 4).

**എററുക** 1. To throw, as with sling, fillip, propel, spirt (=കടയുക) ഗദ കൈകൊണ്ടു എററിനാൻ Bhr. കല്ലെടുത്തെറിയും തല്ലിയും Anj. (രാമൻ) എയ്യുന്നതും വലി തോളിൽ എററുന്നതും കണ്ടുകൂടാ KR. 2. to beat hard B.

**എലാഞ്ചുക elāṅjuγa** To be agitated as water in a half filled vessel (ആഞ്ചുക), also ഓളാഞ്ചുക.

**എലി eli** 5. (C. ഇലി) Rat, mouse; കാട്ടെലി = പെരിച്ചാഴി, ചുണ്ടെലി small mouse.

എലിക്കത്തിരി, എലിക്കണി rat-trap (of iron).

എലികരണ്ടു gnawing of mouse.

എലിക്കാട്ടം (കാഷ്ഠം) used med. MM.

എലിച്ചുവട്ട a perfume, വ്യാഘ്രനഖം.

എലിച്ചെവി (=മൂഷികപൎണ്ണി) Evolvulus emarginatus or Salvinia cucullaris Rh.

എലിത്തടി Pothos pertusa Rh.

എലിനടകൾ, എലിക്കോൽ, എലിവാട parts of [roof.

എലിപ്പച്ച Tantr. a plant.

എലിപ്പാഷാണം, — മരുന്നു, — വിഷം ratsbane, [arsenic.

എലിമഞ്ച, എലിപ്പത്തായം rat-trap (of wood).

എലിമട rat-hole, also എലിപ്പൊത്താളം.

എലിമുള്ളു Spinifex squamosus Rh.

**എലിവിൻപാശ** see ഇലവിൻപാശ med.

**എലുമിച്ച elumičča** T. Palg. Lemon tree, med.

**എലുമ്പു elumbu** T. M. C. (C. Te. എമുക) Bone.

എല്ലും എലുമ്പും പുറപ്പെട്ടിരിക്കുന്നു very lean, നടുവെലിമ്പു spine.

എലുമ്പൽ small bone.

എല്ലു Tu. M. bone നിന്റെ എല്ലെല്ലാം നുറുക്കുക [വേണം Bhr.

എല്ലുകാമ്പു, — കഴമ്പു marrow = അസ്ഥിസാരം.

എല്ലുകൂട്ടം skeleton V2.

എല്ലുരുക്കം, എല്ലുരുക്കിവാച്ചു gonorrhœa, the [whites.

**എല്ല ella** (So. എല്ലു) T. M. C. Te. Limit = എത.

എല്ലെക്കൽപ്പെടുത്തുക to circumscribe (dict.)

എല്ലാം, എല്ലാവും (neg. of എല്ല) unbounded, all. adj. noun, adv. എല്ലാററു obl. also എല്ലായിലും ഇളയ TP. youngest = എല്ലാററിലും. — ആർ എല്ലാം who all? എന്തെല്ലാം കാഴ്ചവെച്ചു KU. എല്ലാംകൊണ്ടും anyhow.

pers. n. എല്ലാവനും, — രും.

എല്ലാ (ചി)ടവും everywhere.

എല്ലായ്പോഴും (old എല്ലാപ്പോഴും V1.) always, [daily.

എല്ലീരും T. a M. you all (Pay.) [എഴുതി TR.

**എല്ലോ ellō** = അല്ലോ Is it not? എന്നും എല്ലോ

**എവംഗലിയോൻ** Syr. Gospel V1.

**എവിടത്തു, എവിടെ evidē** (എ) Where?

Dat. എവിടേക്കു, — ടത്തേക്കു whither?

എവിടേയും anywhere.

എവിടത്തോൻ (vu. എവിട്ടത്തോൻ) = എങ്ങോൻ [Bhr.

എവ്വിടം what place, passage? രാമായണത്തിൽ എവ്വിടം കഥ നല്ലു KU.

എവ്വണ്ണം how?

എവ്വഴി CG. whither?

**എശോദ eśōda** Tdbb. യശോദ f. i. താനുമെ [ശോദയും CG.

**എളന്ത eḷanda, എളുന്ത** A plank V1.

I. **എളി eḷi** So. Loins = ഒടി; ഉടുപ്പു എളിയിൽ തിരുകുക So. = ഉടുക്കു; എളി ഒടിക്ക break the back V1. (= thin part).

II. **എളി** T. M. (comp. ഇള) To be light, slight. adj. എളിയവൻ in prov. opp. to വലിയവൻ; നാട്ടിൽ എളിയോരും വലിയോരും വന്നെനക്കു TP. high & low came to woo me. വേണ്ടുകിൽ എളിയതും ചെയ്യാം prov. what is mean; എളിയ മോഹമല്ലെനിക്കു KR. not a small desire.

Neuter എളുതു 1. mean, slight താൻ ഒട്ടെളുതായാൽ prov. അവന്റെ സുകൃതം എളുതല്ല Nal. no small luck. അതാൽ, മോദം എ. KR. 2. easy പാലിപ്പതിന്നു, നന്നാക്കുവാൻ ഒട്ടുമേ എളുതല്ല, അതിന്നു എളുതു നിരൂപിച്ചാൽ Mud. So often with Dat. ഭക്തികൊണ്ടൊഴിഞ്ഞു എളുതല്ല മോക്ഷത്തിന്നു.

VN. എളിമ lowliness. [കാന്തക്രോ RC.

എ'പ്പെടുക to humble oneself V1. എളിമപ്പെടുഴ

എളിമക്കാരൻ humble.

VN. എളുപ്പം (also എളിവു V1.) 1. facility, brevity; easy. എളുപ്പത്തിൽ തരാം easily. എന്നു അറിവാനുണ്ടു ചില എളുപ്പം Gan. കീഴ്പ്പെട്ടു പതിപ്പാനും എത്രയും എളുപ്പമാം PT. 2. also = എളിമ f. i. കട്ടികൾ കേളവിന്നു എളുപ്പം വിളിച്ചു TP. joked at K.

**എൾ eḷ** 5. (what is slight) Sesam. എള്ളും പയറും എറിക to sow, വെട്ടുക to reap. പറമ്പിൽ എള്ളുണ്ടാക്കി MR. എൾപ്പൂവിന്നഴൽ ഉണ്ടു നാസിതെക്കു ഒപ്പം വരായ്കയാൽ Prahl.

എള്ളോളം ഇല്ല not a bit. എൾ is prov. for every thing slight എള്ളു ചോരുന്നതു, എള്ളോളം തിന്നാൽ, എള്ളും തുള്ളും prov.

എണ്മണിപ്രായം (=$\frac{1}{8}$ of നെന്മണി) smallest measure ശരങ്ങളാൽ അവററെ എ'മാക്കി AR.=നുറുക്കി (also എൾപ്രമാണം).

എള്ളിടുക offering of Sesam to the dead.

എള്ളെണ്ണ=നല്ലെണ്ണ Sesam oil.

Kinds: ചിററെൾ, the oil used for the body.

കാരെൾ for common oil.

ബൊമ്പായെള്ളു white variety.

കാട്ടെള്ളു wild Sesam.

മയിലെൾ a tree yielding no oil.

I. എഴു eḻu (VN. of foll.) T. M. 1. Height ആഴിയിൽ എഴുതിര പോൽ RC. rising wave. 2. prominence മൂക്കിന്നു നല്ല എഴവുണ്ടു V1. right size. എഴവുകാരൻ well made. 3. by-gains V1. produce B. 4.=എഴുക club വൃത്രൻ ഇരിപ്പെഴമണ്ടെടുത്തു Bhg. കന്തം ഇരിപ്പെഴുകി വററാൽ പട RC.

II. എഴു=ഏഴു Seven. എഴുവർ 7 persons. എഴു രണ്ടു 7×2 see അവനി. എഴു മൂന്നു 7×3. എഴു പതു 70. ഇല്ലത്തേക്കു എഴുപത്തഞ്ചും കെട്ടും prov.

എഴുനിലമാടം house of 7 stories.

എഴുനൂററന്മാർ Rom. Catholics from Nāyer castes, Coch.

എഴുക, ന്നു eḻuγa T. M. C. (Tu. എര, ലക്ക Te. എക്ക, ലെ) 1. To rise താണ കണ്ടത്തിൽ എഴുന്ന വിള, എഴുന്ന ഊക്കിന്നു തുള്ളിയാൽ prov. ആനന്ദവാരിയിൽനിന്നു മെല്ലെന്നെഴുന്നു നികന്നു CG. മന്നവൻ പോരിൽ എഴുന്നു വരികിൽ Bhr. പൊടി എഴുന്നിരിക്കും a med. (in leprosy). Inf. പൂമേനിതാനേ എഴുത്തുടങ്ങി CG. തെളിവെഴവിനവി RC. asked clearly. 2. to come. എഴുന്തീ forest fire, spontaneous. വാതത്താൽ എഴുന്നനോവു a med. (=ഉളിച്ച). പള്ളിക്കു പണം എഴുവാൻ ഉണ്ടു V1. (hon.) 3. to be high എഴുഞ്ചെഴും പറവ പോലെ RC. tall big bird. As hon. auxil. in ചൊല്ലെഴും celebrated വാണെഴും, ഏററം എഴുന്ന പീഡ CG. വേദപ്പൊരുളായി എഴുന്നുള്ളവൻ Vil. ഭിന്നത ഒഴിഞ്ഞെഴും നാരായണൻ (Matsj.)=ഉള്ള.

എഴുമ്പുൽ (3) large grass B. എഴുമ്പുല്ലിൽ ഒളിച്ചു So.

VN. (T. എഴുച്ചി) പതിപ്പോളം നേരം എഴിച്ചമെല്ലേട്ടു KR.=rising. also എഴുമ RC.

എഴുകു eḻuγu=എഴു 4. q. v.

എഴുതുക eḻuδuγa T. M. (fr. prec.=ചായം കയററുക) 1. To paint ചിത്രങ്ങൾ എഴുതിയ ഭിത്തി VCh. മുളകെഴുതുക a torture. കഴമ്പാക്കി കണ്ണിൽ എ. MM. കളികയാക്കി മുലപ്പാലിൽ എ. a med. (into the eyes).

2. to write; a native book is to be written according to the rule എള്ളിട, നെല്ലിട, വെല്ലം, നെല്ലി leaving a sesam width between the letters, a rice grain's distance between the lines, making the left hole of the leaves square, the right round. With Dat. പോയ വൎത്തമാനത്തിന്നു എഴുതി wrote to me about his having gone. Double Dat. ആ അവസ്ഥെക്കു നോക്കു എഴുതി TR. wrote to me about it. നൊമ്മെ കൊണ്ടു ഇല്ലാത്ത അവസ്ഥകൾ സംസ്ഥാനത്തിലേക്കു എഴുതി അയച്ചു reported falsely about me. ആ കാൎയ്യം തൊട്ടു എ.

എഴുതി അയക്ക, വിടുക to write to one. ശേഷം അവസ്ഥ എഴുതിയ്യുട്ടതിൽ ആകുന്നു TR. in the letter sent.

എഴുതിക്കുത്തിയതു=തലയെഴുത്തു.

എഴുതിക്കൊടുക്ക to give on lower tenures TR. ദ്രവ്യത്തിന്നു എ'ത്തു TR. obtained money by mortgaging, so നടപ്പിന്നു എ.

എഴുതിവാങ്ങുക (=എഴുതിക്ക) to take land on lower tenures കഴിക്കാണത്തിന്നു എ'ങ്ങി MR. but also എന്നോടു എഴുതി വാങ്ങി jud. took down my deposition.

എഴുതിവരിക to be written. എന്നിങ്ങോട്ടു എ'ന്നു TR. they wrote to me that. അവിടുന്നു എ'ന്ന പ്രകാരം as I hear from thence.

എഴുതിവെക്ക to write deliberately, sign അതിന്നു നമ്മുടെ കയ്യൊപ്പു താഴെ എ'ച്ചു TR.

3. to learn. എഴുതിക്കയറി വന്നാൽ coming home from school.

CV. എഴുതിക്ക 1. to cause to paint or write, teach അരിയിൽ എ. first lesson. 2. to obtain a

document. ഒററിയാക എ'ച്ചു കൊണ്ടോൻ TR. purchased the house on Oṭṭi tenure. വലെച്ചു നിലം എ. tortured him till he gave up the field. അമ്മാവനെ കൊണ്ടു ഉഭയങ്ങളും പറമ്പുകളും എന്റെ സ്ഥാനങ്ങളും ചെമ്പോലയിൽ എ'ച്ചു TR. made him to sign away my property etc. എഴുതിക്കൊടുത്ത മെയ്യും എഴുതിച്ചു കൊണ്ട മെയ്യും അറിയും സാക്ഷി (doc.)

എഴുത്തു 1. picture, painting. കണ്ണെഴുത്തു po. 2. writ, letter. (=അക്ഷരം, ലേഖനം) എഴുത്തും കത്തും കൊടുത്തയക്ക prov. പുറത്തെഴുത്തു the address. 3. learning, കഞ്ഞനെ എഴുത്തിന്നു കൂട്ടുക to take as pupil. എഴുത്തും ശാസ്ത്രവും പഠിക്ക (prov.)

Hence: എഴുത്തച്ഛൻ schoolmaster, teacher = എഴുതിക്കുന്നവൻ.

എഴുത്തൻ 1. writer = എഴുത്തുകാരൻ, ഓല കളഞ്ഞോൻ എഴുത്തൻ prov. 2. adj. painted, പൊന്നെഴുത്തൻചേല, കൈയെ. etc. CG.

എഴുത്താണി style, iron pen. എ. കൊടുക്ക to raise to the dignity of Mēnōn.

എ'മൂഖൻ poisonous snake in houses, with white rings (= വെള്ളിക്കെട്ടി).

എ'വാലൻ the ചേര snake (huntg.)

തേഴെ. an ornamental style.

എഴുത്തുകറി, എ. മുറി letter = ചീട്ടു.

എഴുത്തുപള്ളി, vu. എഴുതപ്പള്ളി school.

എഴുത്തുപിഴ, എ' വീഴ്ച writing fault.

**എഴുന്നീല്ക്ക, eḷunīlka** (old) എഴുന്നീല്ക്ക prob. = എഴുന്നുനില്ക്ക, past എഴുന്നീററു (RC. എഴുന്നിന്നു) എഴുനേററു Mud. & So.; vu. എണീട്ടു, എണീച്ചസമയം MR. To stand up, rise. ഉണന്നെഴുന്നീററു Bhr. return to life. — ഉയിത്തെഴുന്നീല്ക്ക to rise from the dead — Christ.

VN. എഴുന്നീല്പ. rising. ഉയിത്തെഴുന്നീല്പ resurrection — Christ.

CV. എഴുനില്പിക്ക to raise; also with short ഇ; പിടിച്ചെഴുന്നീല്പിച്ചിരുത്തിനാർKR. മരിച്ചവരിൽനിന്നു എ. to raise up from the dead — Christ.

**എഴുന്നരുളുക eḷunnaruḷuγa** T. M. (എഴുക) gen. എഴുന്നെള്ളുക (already RC.) To go or come, proceed (hon. of Gods & kings). എഴുന്നള്ളിനാൽ CG. in Bhr. പള്ളിവേട്ടെക്കു എഴുന്നെള്ളിനാൻ & എഴുന്നരുളി (എഴുന്നെൾവാൻ KR.) എഴുന്നെള്ളിയ മുമ്പാകെ ചെന്നു TP. came before the king.

എഴുന്നെള്ളിയേടം the presence of the king, the king, His Majesty = തിരുമുമ്പു. എ'ത്തേവക TR. property of your Majesty. എ'ത്ത് ഉണൎത്തിക്കേണ്ടും അവസ്ഥ letter to HM. എ'ത്തേക്കു കൊടുത്തു. The Abl. is hon. used as Nom. എ'ത്തുനിന്നു കല്പിച്ചു (doc.) the king commanded. എ'ത്തുന്നുമായുള്ള കാൎയ്യങ്ങൾ our concerns with the Rāja. തീപ്പെട്ടു പോയ എ'ത്തിന്നു ഇരിക്കുമ്പോൾ TR. in the time of the late Rāja! Other forms എഴുന്നരുളീട്ടന്നേടത്തുനിന്നു, എഴുന്നെള്ളിയിരുന്നരുളീട്ടന്നേടത്തുനിന്നു TR. (hon. amplified).

എഴുന്നെള്ളിയേടത്തന്മാർ, vu. എളിയേടത്തന്മാർ Brahman class at Taḷiparambu.

എഴുന്നരുളത്തു, എഴുന്നെള്ളത്തു 1. procession. പുരവാസിജനം എ. കേട്ടു Bhr. എങ്ങെഴുന്നെള്ളത്തു UR. whither do you go? 2. king. കിഴക്കേടത്തെഴുന്നെള്ളത്തും നാട്ടുകാരും കൂടി TR. എഴുന്നെള്ളത്ത് ഒപ്പരം കിഴിഞ്ഞോളിൻ TP. come with me. എ'ത്തോട്ടുകൂടെ TR. with the king. എ. പുറപ്പെട്ടുന്നില്ല TR. the Rāja will not set out.

CV. എഴുന്നള്ളിക്ക, — ന്നെള്ളിക്ക to carry in procession, as an idol തിടമ്പു, അംബയെ, a sword. ഉറുമി എ'ച്ചുംകൊണ്ടു പോരുന്നു TP. ആനപ്പുറത്തു എ. also on car or Brahman's shoulder. [ണ്ണിൽ എ'യും ഉടയവർ RC.

**എഴുമ eḷuma** T. M. (VN. of എഴുക) Height വി

**എഴുമ്പുക eḷumbuγa** T. SoM. = എഴുക only in KR. പരിമളം പാടേ അങ്ങെഴുമ്പവേ.

# ഏ Ē

I. ഏ ē5. A particle, which 1. forms local adverbs മേലേ, പിന്നേ; അന്യഭാഗമേച്ചെന്നു Nal. — temporal adv. മുമ്പേ etc. others കൂട്ടമേ, നന്നേ, നേരേ truly, സുഖമേ. 2. serves for composition മുമ്പിലേ പൎവ്വം first chapter, മേലിലേ വിശേഷങ്ങൾ Bhr.; hence the Gen. എൻറേ etc. 3. emphatic. ആരാലുമേ വരാ Bhg. by none whatever. എപ്പേരുമേ Mud. ബാലന്മാർ ഒക്കയുമേ SG. and ഒക്കവേയും KR. കൊല്ലുമേ ഇവൻ Bhr. Interj. പുടവകൾ നല്ലുവതാമേ നാഥ Bhr. കട്ടിക്കു എന്തായേ MR. 4. restrictive പാപമേ കാരണം CG. sin is the only cause, ഇത്രവേ ചൊല്ലാം KR. but so much. ചെറുപ്പത്തിലേ already in infancy. കല്പന ഉണ്ടെങ്കിലേ വരും TR. Esp. with 2nd futures രണ്ടേ ഉള്ളു, ചെയ്യേ കഴിയൂ, പുരത്തുറപ്പിച്ചേ ഇരിക്കാവു KU. മുടിക്കിലേ കോപം തീരു CG. 5. commanding ചെയ്യേണമേ (also prayer) ചെയ്യരുതേ, ചെയ്യല്ലേ, ആമരിച്ചീടൊല്ലായേ Nal. 6. interrogative after Neg. അല്ലേ is it not? വന്നുകൂടേ cannot? നിണക്കു നാണം ഇല്ലേ Bhr.

II. ഏ 5. interrog. pron. (= എ) What? ഏവണ്ണം TP. how? (= എവ്വണ്ണം) ഏതു q. v.

ഏകം ēγam S. One; single, unic, united. ഏകമാമി എപ്പേർപ്പെട്ടതും (doc.) all & each property, ഏകമായി jointly; singly. — fem. ഏക f.i. ഏകൈക്കുപെരിക്കാലും, (also ഏകിക്കു പെരുന്തല) KR. [animous.

ഏകചിത്തൻ thinking only one thing; un-

ഏകഛത്രം etc. see ഛത്രം. etc.

ഏകത, ഏകത്വം oneness = ഐക്യം.

ഏകതാനൻ, ഏകനിഷ്ഠൻ having the mind fixed on one object.

ഏകത്ര in one place, ഏകദാ once.

ഏകദേശം one side of a thing; about, almost. കുററ് ഏ'മായി കേട്ടു indistinctly. ഏ'സൂക്ഷമായിട്ടു TR. sufficiently accurate. ഏ'വും കൊട്ടുത്തു nearly all. സേനൈകദേശം കൊന്നു KR. നീ ചെയ്ത ബന്ധുത്വത്തിന്ന് ഏ'ത്തെ ചെയ്യാൻ Mud. do something corresponding to the friendship shown. [in bazar (med.)

ഏകനായകൻ monarch. ഏ'ം medic. root sold

ഏകപത്നി only one wife; faithful wife. എന്നുടെ ധൎമ്മം ഏകപത്നിത്വം, ഏകപത്നീവ്രതം എനിക്കുള്ളതഴിപ്പാൻ തുടങ്ങുമോ KR.

ഏകഭാവം one-mindedness ഏ. ഭവിച്ചീടുക എന്നോടു AR. ഏ. പൂണ്ടു SiPu.

ഏകമനസ്സ് = ഏകചിത്തൻ, ഏകഭാവം. ഏകമാനസരായി Bhr. [വേൻ Nal.

ഏകരാത്രം one day ഏ. കൊണ്ടു കൊണ്ടുപോ

ഏകവചനം the singular (gram.)

ഏകവൎണ്ണം of one colour or caste — ഏ'ൎണ്ണിച്ചിരിക്ക denV.

ഏകവസ്ത്രം having only one cloth. ഏകവസ്ത്രവാൻ said of Nala, his wife ഏകവസ്ത്രയായി Nal 3. [കാധിപതി.

ഏകശാസന sole rule, monarchy as of a ഏ

ഏകാം a certain confectionary from foreign materials ഏ. വിരങ്ങുക V1.

ഏകാകി alone, hermit എല്ലാം വെടിഞ്ഞു സന്ന്യസിച്ചേകാകിയായല്ലാതെ മുക്തിവന്നീടുകയില്ല എന്നു ചിലർ KeiN. — fem. ഏകാകിയും വൃദ്ധയുമായ MR. in po. ഏകാകിനി UR.

ഏകാഗ്രം aiming at one point, exclusively devoted; simplicity, singleness of heart ചിത്തം ഏ'മാക്കി Bhg. — ഏകാഗ്രഭക്തി etc.

ഏകാങ്ങു satin, silk V1. (S. ഏകാംശം one member?) [esp. by women.

ഏകാദശി 11th lunar day, ഏ'നോമ്പു observed

ഏകാന്തം 1. solitude. 2. exclusiveness ഏകാന്തഭക്തി (= ഏകാഗ്ര-). നീ എന്റെ വാളിന്ന് ഏകാന്തഭോജനമായ്വരും AR. sole aim. 3. independent position ഏകാന്തപാടു V1.

ഏകായനം direction towards one.

ഏകായനഗതൻ = ഏകചിത്തൻ,

ഏകാൎണ്ണവം see നവദോഷം,

ഏകീകരിക്ക to unite. തമ്മിൽ ഏ'ച്ചു became reunited.

ഏകീഭവിക്ക to become one. ഏ'ച്ച സമൂഹം to be absorbed നാരായണനിൽ ഏ'ച്ച ആത്മാ Bhr. — CV. ദേവദേവൻ തന്നെയും വന്ദിച്ച് ഏകീഭവിപ്പിച്ചു Bhr.

ഏകൈകം (ഏക, ഏകം) each singly = ഓരോരോ f.i. ഏകൈകന്നൂറായിരം AR. a 100000 in each direction. വേദങ്ങളെ ഏ'മാക്കി പകുത്തു Bhr. (= വകവകതിരിച്ചു).

ഏകോത്ഭവിച്ചു Trav. = ഏകീഭവിച്ചു, ഒന്നിച്ചു.

ഏകോദകം (see ഉദകം) 1. giving the water only once, not thrice (a form of tenure below ജന്മനീർ). 2. freehold granted to a company. കേരളം is ഏ. of the 64 Grāmams KU. indivisible property.

ഏകോപിക്ക T. M. to be united, agree.

ഏകോപം a compromise.

**ഏകണ്ണി ēγaṇi** Pleasing but deceitful words. ഏ. പറക, ഏകണ്ണിപ്പു V1. (fr. ഏകുക, ഏഷണി).

**ഏകുക, കി ēγuγa** (T.C.Te. to go, accomplish) 1. To give, bestow ഭക്ഷണം ഏകീടുന്ന PT. yields food. അൻപേണം എൻ മനസി HNK. (= ഏകേണം?) 2. (T. ഏവു command) to say, command വമ്പടനടക്കുമാറു മുതന്നേകി RC. രണ്ടു വാക്കേകവാൻ ബന്ധം പറ Vil. അമാത്യനോടേകി Mud. തിക്ക് ഏകിവിളിക്ക to call out, so as to show the position of each hunter (huntg.) — to reprove V1. 3. (C.) to get ഒരുവനോട് ഒരുവൻ ജന്മം ഏകും മശായാം VyM. when one buys a freehold.

VN. ഏകൽ 1. command അതു വാരുവാൻ ഏ. ഇല്ലേതും ഇകൈകൾക്കു CG. no permission. 2. blessing. അള്ളന്റെയും നെബിന്റെയും മുതലിന്റെയും (മുതലി) ഏ. കൊണ്ടു TR. — hence destiny, luck. എന്നുടെ കയ്യാലേ ചാക എന്നിങ്ങനെ മുന്നമേ ഉണ്ടിവനേകൽ CG. ഏ. ഇല്ലായ്കയാൽ ഏശിയില്ല prov. (= ഭാഗ്യം, വിധി).

**ഏക്കം ēkkam** T. M. (compare എക്കിൾ) Hard breathing, asthma, dyspnoe; ഏ. കൊട്ടുത്തിട്ട് ഉമ്മട്ടം വാങ്ങുക prov.

Also ഏക്കൽ f. i. ഏക്കലേശപ്രാസത്തിന്നു നന്നു. a med. ഏക്കററം in ഏക്കററത്തിന്നു നാക്കുളു prov. — VN. of:

ഏങ്ങുക to breathe with difficulty, breathe audibly (as tiger); sigh, growl മുത്തികൾ ഇരുന്നേങ്ങി കരെച്ചനപ്രഹം Anj. എന്നാൽ ഏങ്ങുന്നതും ചുമെക്കുന്നതും ഇളെക്കും a med. ഏങ്ങുന്ന അമ്മ prov.

VN. ഏങ്ങൽ — ഏ'ലും ചുമയും Nid. a med. ഏങ്ങൻ asthmatic V2.

**ഏക്കു ēkkụ** 1. (ഏകുക 2.) Sharp words V1. — 2. (എക്കുക 3.) carding cotton ഏക്കുവില്ലു MR.

**ഏക്കുക, ച്ചു ēkkuγa** (T. ഏയ്ക്കുക, see ഏശു) 1. To join so as to fit, to patch. 2. B. to deceive T.

VN. ഏപ്പു a joint, juncture, patch. കൈ ഏപ്പു joined hands എല്ലിനെ ഏപ്പിലാക്കി V2. set a bone.

CV. ഏപ്പിക്ക to get fitted together. —

**ഏങ്കോണിക്ക ēṅgōṇikka** (എൺ, കോൺ) M. ഏ'ച്ചുവെക്ക To place different articles so as to offer many angles. ഏ'ച്ചുകിടക്ക to lie with hands and feet drawn in. മുരികൾ ഏ'ച്ചിരിക്ക V1. not to pull together. വീടു etc. ഏ'ച്ചുപ്പോയി = മട്ടം തെററിച്ചു angles, walls being bevel.

**ഏങ്ങുക** see ഏക്കം.

**ഏചുക ējuγa** aM. = ഏശുക.

VN. ഏച്ചു 1. Tie, connection. ഏച്ചു കൂട്ടുക to entangle. ഏച്ചുംപേച്ചും ഇല്ലാത്തവൻ V1. nonsensical. 2. bail. ഏ. കഴിക, വിടുക, തീക്ക to terminate the bail.

ഏച്ചിൽ (ഏക്കുക) a med. leaf rubbed on the cut spatha of palms to prevent the wound from closing (also കരുന്നു).

**ഏട ēḍa** Stunted or maimed (ഏഡൻ?) ഏടെക്കും മോഴെക്കും ചുങ്കം ഇല്ല prov.

**ഏടം ēḍam** = ഇടം 1. Place ഒരേടത്തും anywhere. ഒട്ടേടം Bhr. some part. കടച്ചിയെ കെട്ടിയേടം പശു ചെല്ലും prov. wherever. രണ്ടേടവും ചെന്നു CC. 2. time ഇരിക്കുന്നേടത്തു whilst. നിന്റേടം അപ്രിടെ കഴിക്ക KU. thy lifetime; also measure എന്നേടം ചൊല്ലിനാൻ

RC. he said so much. 3. breadth ഏടത്താർ മാനിനി Laxmi CG. 4. mansion, palace നമ്പ്യാരെ ഏ. ഉള്ള പറമ്പു, ഏടത്തു ചെലവു നിയമം TR. fixed palace-expenditure. ഏഴാം ഏ. തന്നേ പൂരിപ്പാൻ 16000 കന്യകമാരെ കരേററി CG. 7th story, Harem (=ഏഴനിലമാടം) or rather astrologically 7th sign (see ഏഴാം). 5. king ഏഴന്നെള്ളിയേടം, also പഴച്ചിയിന്നു പെരിയയിൽ വന്നു പാർത്തടത്തേക്ക് ഒന്ന് എഴുതി TR. wrote to the Rāja of Pychi, then at Peria. മൂത്തേടം ഒഴിച്ചു ഇളയേടത്തെ അരിയിട്ടു വാഴിച്ചു KU. (=Rāja).

**ഏടാകൂടം ēḍāγūḍam** M. T. (C. Te. ഏടാകാട) Opposition, perverseness അറുപതിൽ അത്തും വിത്തും എഴുപതിൽ ഏടാകോടം prov. ഏ. കൂട്ടുക to raise a mutiny. ഏ. കാട്ടുവാൻ ഭാവിച്ചു showed a rebellious spirit. രാജ്യത്തു ചില ഏ' ങ്ങൾ നടത്തുവാൻ TR. to organize resistance to Government.

ഏടാകൂടക്കാരൻ promoter of strife, rebel.

**ഏടു ēḍu** T. M. (C. എട plantain leaf) 1. Palm-leaf എഴുതാത്ത ഏടു. 2. leaf of books, book ഏട്ടിൽ കണ്ടാൽ പോരാ കാട്ടി കാണേണം prov. add practice to theory. ഏടു മറിച്ചു നോക്ക turn the leaves. 3. flowerleaf ഏടലർശരൻ Bhg. Kāma. [to strengthen (=ഏക്കുക?).

**ഏടുക, ടി ēḍuγa** Vı. To join by sewing in order

**ഏട്ട ēṭṭa** 1. Tdbh. ജ്യേഷ്ഠ Goddess of distress, ഏട്ടൻ=ജ്യേഷ്ഠൻ. 2. (ഏണ) a kind of sheat fish, with dangerous spines. ചുള്ളിയേട്ട.

**ഏഡകം ēḍaγam** S. (Tu. ഏടു=ആടു) Ram.

**ഏഡൻ ēḍaǹ** S. (see prec. & C. Te. എഡ്ഡ block-head) Deaf.

**ഏണം ēṇam** S. 1. Deer, fawn. ഏണി f. hind. ഏണനേർമിഴിയാൾ VCh. ഏണാക്ഷി, ഏണലോചന, ഏണീദൃക്=മാൻകണ്ണി. —

ഏണാങ്കൻ moon. Anj. ഏണാങ്കബിംബമുഖിമാർ CC.

2. a M. T. steadfastness ഏണം ഇന്നി വരുന്നതെനിക്കില്ല RC. 3. beauty, Palg. So. see ഏനം.

**ഏണി ēṇi** 5. (Tdbh. ശ്രേണി?) 1. Ladder, bamboo used as ladder. ഏ. വെച്ചു കയറി, ഏ. ചാരി കടന്നു MR. കരത്തിന്ന് ഏ. ചാരൊല്ല prov. 2. (T. boundary) പഴിക്കലേക്ക് ഒർ ഏ. ഇരിക്കട്ടേ may he meet with opposition.

**ഏൻെറ ēṇṟu** (T. firmness) C. M. Edge, chiefly the 3 edges of the cocoanut (T. ചേണി). ചിരട്ടയുടെ ഏണവും ചെകരിയും ച്ചുവന്നു കണ്ടാൽ ഏന്നു പഴുത്ത തേങ്ങ a cocoanut of 8 months' growth.

**ഏതൽ ēδal** S. (neuter of ഏഷ) This. ഏതൽകാല now, ഏതന്മദ്ധ്യേ meanwhile, ഏതർഹി now (po.)

**ഏതിൽ ēδil** a T. Neighbourhood (ഏത); hence ഏതലർ (T. ഏതിലാർ) enemies ഏതലരെ വാൾക്കിരയാക്കി RC.

I. **ഏതു** Tdbh.=ഹേതു.

II. **ഏതു ēδu** T. M. C. (II ഏ.) What, which? ഏതുവരേ ഇരുന്നു how long? ഏതേതു നല്ലതു Bhr. ഏതേതുവാൻ എന്നു ശങ്കിച്ചു Si Pu. ഏതെന്തെടോ ആഗ്രഹം CC. — adj. ഏതു പട്ടണം what town? ഏതേതു തറെക്ക് ആകുന്നു ബോധിയാതതു TR. name the several parishes that are discontented. — also for ഏവൻ f. i. ജന്മിയോടു യോജിച്ചു വരുന്ന കുടിയാൻ ഏതാകുന്നു MR. which of the parties. — ഏതിററാൽ in what proportion.

ഏതാനും some, any ഏതാനും ഉണ്ടെങ്കിൽ ആരാനും ഉണ്ടു prov. ഏതാനും ചിലർ some few. കുടിയാന്മാർ ഏതാനും, ഏതാൻ പാളയം TR. some troops. അരസനും ഏതാൻ ആയുധക്കാരും etc. — mod. adj. ഏതാണ്ടു; അന്യായക്കാരൻ ഏതാവണ്ടൻ (loc.) what sort of person?

ഏതും any. ഏതിലേയും പായും prov. anywhere.

ഏതേതനും some, any ഏ. ഉണ്ടിന്നു ചൊല്ലുവാൻ ഭാവിക്കുന്നു CG.

**ജനവാതിൽ** Port. janella, Window; also ജനെൽ, ചെനൽ, ചെനാതിൽ.

**ജനാസ** Ar. janāza. A bier, സുൽത്താന്റെ ജനാസ എടുത്തു മറ ചെയ്തു Tippu's funeral.

**ജനി jani** S. (ജൻ) 1. Woman. 2. birth മേജനിമോചനം കഥം VilvP. how can I be delivered from farther births? — ജനിമൃതികൾ; ജനിമൃതിജലധൌ വീണു കിടക്കും Anj.

(I.) denV. ജനിക്ക to be born; to arise from. ജനിച്ച പാട്ട nakedness, inexperience. അവളിൽ, അതിൽ ജനിക്ക, (also Abl.). ആ

നാരിയിൽ ഒരു വൈശ്യനുഞാൻ ജനിച്ചു, അവൾ വയററിൽ ജനിച്ചു നീ KR. —

part. ജനിതൻ — പരനാൽ ജനിതൻ Bhr. born by adultery. [ചൈന്ന ജ. SiPu.

ജനിച്ചായം a future birth ഏതൊരു കലത്തിൽ

CV. ജനിപ്പിക്ക to bring forth അവളിൽ പുത്രരെ ജ. KR.; to cause ദുഃഖവും ജ'ച്ചു Bhg., എന്നുള്ള ബോധം ജ. VyM.

ജനിതാവു a father.

II. ജനിക്ക Mpl. & Palg. vu. (T. ചമിക്ക & ചെ—; see its v.t. ചമെക്ക) v.n. To digest (ഭക്ഷണം ജ.)

ജനിയായ്മ (T. ചമിയാമൈ) indigestion. ജ. ഏല്ക്ക, തട്ടിപ്പോക Mpl. superst. = കൊതി ഏല്ക്ക — with vomiting & diarrhœa. — ജനിയായ്മനീർ med. to cure it.

**ജന്തു jandu** S. (ജൻ) 1. Creature, also man ജാതനായാൽ മൃതനാം മൃതനായവൻ ജാതനാം ഇങ്ങനേ ജന്തുധൎമ്മം Bhr. 2. chiefly lower animals. ജന്തുക്കൾ പലവും Bhg. worms, etc.

ജന്തുഘ്നം what kills insects, worms.

ജന്തുപ്രായം beastly.

**ജന്മം jǎnmam** S. (ജൻ) 1. Birth മനുഷ്യജന്മം ജനിച്ചാൽ if born as man. ഹരിണീതനയനായി ജ. ചെയ്തു Brhmd. = ജനിച്ചു. 2. the time one birth is to last. ഈ ജന്മത്തിൽ in this life. ഞങ്ങൾ ഒട്ടും ജന്മത്തു പോരുക ഇല്ല TP. never in our life. അഞ്ചു ജ. മുമ്പേ ചെയ്ത സുകൃതം VyM. ജന്മകോടികൾ SiPu. 3. kind, nature. അബലമാർജ. ഇതു തന്നേ കഷ്ടം KR. it is woman's nature. 4. hereditary proprietorship; freehold property, viewed as hardly alienable ആ നിലവും പറമ്പും കണ്ണനു ജ. കൊടുത്തു sold. ജ. കൊൾക to purchase. വസ്തുവക കഴകത്തു ജ. തരേണം, പറമ്പുകൾ ജ. എടുപ്പാൻ to acquire TR. (see ചെറുജന്മം). [lifetime.

Hence: ജന്മകാലം birthday, feast; lucky time;

ജന്മകടൽ repeated births. ജ'ലിൻ കല്ലോലങ്ങൾ KeiN.

ജന്മകണ്ടം (4) hereditary ricefields, ൧൦൦൦ നെല്ലിന്റെ ചെമ്മകണ്ടം TP.

ജന്മകാരൻ (4) landlord, proprietor; a respectable person TR. (= മുതലാളൻ).

ജന്മക്കാവൽ (4) fee to the headman of slaves for watching ricefields W. [a freehold.

ജന്മദേശം native country, or like ജന്മഭൂമി

ജന്മനക്ഷത്രം the asterism, under which one is born. ജന്മനക്ഷത്രമാരഭ്യ കൊള്ളുന്നു ചിലരാപലി (Kāladīpam). see അനുജന്മനക്ഷത്രം.

ജന്മനീർ (4) parting with all the rights of a landlord.

ജന്മപ്പണയം mortgage with possession, on which an additional advance being made, the proprietor parts with any rights he had reserved.—ജന്മപ്പണയം എഴുത്തു a deed of such mortgage, by which the proprietor engages never to transfer the land without consent of the mortgagee.

ജന്മപ്പക = കടിപ്പക V1.; hereditary enmity of animals. [tors.

ജന്മപ്പുരപ്പു V1. property inherited from ances-

ജന്മഭോഗം (better ജന്മി—?) share of the landlord നമ്മുടെ ജ. മൎയ്യാദ പോലെ കിട്ടുവാറില്ല TR.

ജന്മഭ്രഷ്ടൻ V1. who has lost his caste.

ജന്മവകാശം (fr. Tdbh. of ജന്മ) birth-right; the price paid for a freehold. ജ. ൫൦ പണം, or ജന്മവില ൫൦ പണം വാങ്ങി MR.

ജന്മവാദം MR. dispute about property.

ജന്മവീട്ടു = ജന്മനീർ.

ജന്മസാഫല്യം എന്നോക്ക SiPu. ജ. വരുത്തുക (2) attaining the objects of life, supreme happiness. ജ. വരുത്തുവാൻ വേശ്യയും മതി GnP.

ജന്മഹാനി (2) being emancipated ജ. അതുള്ളേണം നമുക്ക RS.

ജന്മാ (in comp.) = ജൻ, as ആത്മജന്മാവു son; ഗൊവൈദികകൎമ്മമോ പാദജന്മാവിന്നു CG. Sūdra; നാളീകജന്മാവു CG. Brahma, as lotus-born, etc.

ജന്മാന്തരം 1. former or future birth ജ'ങ്ങളിൽ ഞാനും കരിയായിത്തന്നേ ഭവിച്ചു KR. ജ'ത്തിൽ സഹസ്രാധികം വൃദ്ധി ചെമ്മേ ഭവിക്കും Sah. 2. influence of former births, luck or destiny എന്റെ ജ. പോലേ വരട്ടേ come what may! 3. effects of the same, as

procuring one good parents, etc. ജ. ഉള്ളവൻ Vl. noble, well mannered — ജന്മാന്തരക്കാരൻ B. generous. — ജന്മാന്തരവാസന destiny; peculiar talent or genius.

ജന്മാരം (= ജന്മാന്തരം, or ജന്മമരണം) succession of births. മാതാപിതാക്കൾക്ക ജന്മാരമോക്ഷം ഉണ്ടായിരിക്ക Anj.

ജന്മാരി (ജന്മകാരി = ജന്മക്കാരൻ) landlord. ഞങ്ങളെ ജ. കൾ, ജ. പാട്ടം TR.

ജന്മി S. 1. creature ജന്മികൾക്കുണ്ടോ സുഖത്തിന്നലമ്മതി Nal. 2. landlord. ജ. ഭോഗം the claim of the landlord on mortgaged land. — അതിജന്മി Vl. a noble man. — [VyM.

ജന്മേശൻ landlord ജ'ന്മാർ തമ്മിൽ പിശകി

**ജന്യം** **janyam** S. (ജനം) Common; war ജന്യാവലോകനം ചെയ്യുന്നിന്നാർ AR., ജ'ത്തിൽ ഒരു വന്മം എയ്യാൽ KR.

**ജപം** **jabam** S. Muttering prayers or names of Gods കൃഷ്ണരാമാദി ജ. തുടങ്ങിനാർ Bhg. — ജപധ്യാനം SiPu. worship. — ദേവൻ പ്രസാദിപ്പാൻ ഉത്തമം ജപയജ്ഞം SiPu. offering up prayers. — ജപമാല rosary.

denV. ജപിക്ക id. രാമരാമേതി ജ. യില്ല Sah., യാമം ഏകം കണ്ണടെച്ചു ജ. VetC. — With Acc. ഭസ്മം ജ. SiPu. to consecrate. വെററില ജപിച്ചു പഴമാക്കി TP. ദ്രോണർ കവചം ജ'ച്ചു കൊടുത്തു സുയോധനന്നു Bhr.

CV. വേദിയരെക്കൊണ്ടു വേദം ജപിപ്പിച്ചു SG.

**ജപ്തി** Ar. **zabti** Confiscation, sequestration ജ. യിൽ ഇരിക്കുന്ന നെല്ലു വിട്ടുകൊടുക്ക MR.

**ജമ** Ar. **jama'** 1. Collection; assessment. ജമകെട്ടുക to assess. അവരെ പേരിൽ ജ. ആയി, കണ്ടത്തിന്റെ നികിതി ജമ പൊതുവാളുടെ പേരിൽ ആകുന്നു MR. 2. assembly, body of people.

ജമക്കാരൻ MR. the tax-payer.

ജമദാർ (2) P. captain or lieutenant, native officer of a company (above the serjeant.).

ജമാത്തു Ar. jamā'at, congregation; Friday as the day of assembly — ജ. പള്ളി the great mosque ജ. പള്ളിയിൽ കാതിയാർ TR. ജ. കാരോടു പറഞ്ഞു brought it before the congregation. jud.

ജമാഖർച്ചു receipts & disbursements.

ജമാപന്തി settlement of the assessment; written demand for taxes ജ. എഴുതുക, ജ. പ്പടിക്കുള്ള മുതൽ തന്നു TR. (P. jam'abandī).

ജമാവസൂൽബാക്കി an account stating the payment due, the amount received & the arrears.

[മുക്കാളം.

**ജമക്കാളം** P. **jām-khāna.** Fine carpet, also ചമുക്കാളം.

**ജമീദാർ** P. **zemīndār** "Soil owner," landlord.

**ജമ്പതികൾ** **jambadiyal** S. = ദമ്പതിമാർ.

**ജംബു** **jambu** S. (fr. ചെമ്പു?) Eugenia Jambolana, rose-apple tree. നാട്ടു ജ. — Jambosa vulg. or Malaccensis. വിലാത്തി — Sonneratia rubra. Rh. —

ജംബുകൻ S. = കുറുക്കൻ, a jackal. Bhg. ജ. പകലേ കരക Brhmd.

ജംബുദ്വീപു S. the central continent, with India. ജ. ഏഴു ദ്വീപുകളിൽ ഉത്തമം GnP.

**ജംഭൻ** **jambhaǹ** S. (crushing with the teeth) N. pr. An Asura — ജംഭാരി Indra, Bhg.

**ജയം** **jayam** S. (ജി) Victory. ജയം കൊൾക to conquer, തമ്മിൽ ജ. ചൊല്ലി ഭാനുവിന്നു നേരായി പറന്നു KR. betted.

ജയജയ S. (Imper.) hail! പദ്ധതിതോറും ജ. ശബ്ദവും Bhr. — the call is rendered in Mal.: മാനവവീര ജയിക്ക ജയിക്കതേ AR 6. — ജയതി ധൎമ്മം Bhr. conquers.

ജയദ്ധ്വനി shout of victory (& prec.) so ജയശബ്ദഘോഷത്തോടും Bhg.

ജയദ്രഥൻ (with conquering chariot) N.pr. a king of Sindhu, Bhr.

ജയന്തി (part. f.) 1. the night of Crshna's birth, കൃഷ്ണ ജ. 2. = ചെച്ചന്തി.

ജയപത്രം VyM. award, decision = തീൎപ്പു.

ജയശീലൻ victorious, ജയി.

ജയശേഖരൻ N. pr. a Trav. king KU.

ജയശ്രീ victory, ജ. യെ വഹിക്ക VetC.

ജയസ്തംഭം a trophy. ജ. നാട്ടുക.

ജയാജയം gain & loss പൊരുതു ജ. നിശ്ചയിപ്പാനും പണി KR. ജ'ത്തിന്റെ ഗുണദോഷം വിചാരിച്ചു MR. calculated his chances of success.

denV. ജയിക്ക to conquer, succeed പിതൃലോകത്തെ ജയിക്കും VyM. will gain ജയിക്കായി വരിക Mud. win!

VN. I. അവിടെ ജയിപ്പൊന്നക്കു TP. — also II. ജയിമ mastery ജ. കിട്ടിയില്ല etc.

CV. ജയിപ്പിക്ക, so പോൎക്കളത്തിൽ ജയിപ്പിച്ചു KumK.

ജര jara S. (G. geras.) Wearing out; old age; also personified ജരയാം പിശാചി മംഗ്ഗി Bhr 2.

ജരഠം 1. old. 2. hard ഇന്നു ജരഠനായിട്ടിന്നേൻ KR 3. [Bhr. old age.

ജരാനര grey hairs. ഇന്നു തുടങ്ങി ജ. ഉണ്ടാക

ജരായു (slough of a snake) the chorion. ജരായുജം viviparous.

denV. I. ജരിക്ക 1. to grow old. 2. to be digested. (ജരണം GP. what helps digestion).

II. ജരെക്ക to grow old.

ജറൂർ Ar. żarūr Necessity; urgent.

ജലം jalam S. Water; urine — ജലം ചൊരിച്ചൽ diabetes.

ജലകണം a drop. ജ'ങ്ങളെ ഒഴുക്കി KR. tears.

ജലകൂൎമ്മം (delphin), a disease, Nid 14.

ജലക്രിയ libation, അവനെ കൊല്ലാതേ ജ. ചെയ്യുയില്ല Mud.

ജലക്രീഡ bathing sport. Bhg.

ജലജം waterborn, aquatic.

ജലജപം a ceremony to procure rain. D.

ജലദം cloud, ജലദാളികൾമാല KR.

ജലദോഷം a cold. ജ. പിടിച്ചു.

ജലധാര pouring fresh water on the body, med.

ജലധി, — നിധി the sea; fig. സൽകഥാരത്നജ. ഭവാൻ, കരുണാജ. Brhmd.

ജലധരം id. (also cloud).

ജലപങ്കം എന്നപോലെ AR. thorough mixture.

ജലപാനം drinking water ജ. ചെയ്യു.

ജലപിശാചു superstitious anxiety about purity.

ജലപ്രളയം a flood; the deluge.

ജലപ്രാണി, — ജന്തു aquatic creatures. Arb.

ജലപ്രായം swampy (of soil = അനൂപം).

ജലബാധ urinary impulse. പുറത്തു ജ'ധെക്കു പോയി MR. to make water.

ജലമയം watery.

ജലയന്ത്രം a water-work, syringe, clepsydra.

ജലരേഖ writing on water, ജ. പോലെ prov., നിന്നോടു ചൊന്ന ഉപദേശം ജ. യായിതോ Bhr.

ജലവാഹം cloud.

ജലശൂല hydrocele (ആന്ത്രശൂല).

ജലസൂത്രം a dam or passage for water (= ജലയന്ത്രം.)

ജലസ്ഥലം f.i. എങ്ങു ജ. AR. where is water to be found (for bathing etc.) ചിത്തേ ജലസ്ഥലഭ്രാന്തി ഉണ്ടായ്വരും Bhg.

ജലാധാരം reservoir, ജലാശയം.

ജലാശനം V1. water-diet.

ജല്ദി P. jaldi Speedily.

ജല്പനം jalpanam S. Babbling — ജല്പകൻ a prattler.

denV. ജല്പിക്ക to babble, to chat വൃഥാ ജ. KR., നന്നല്ല ജ'പ്പതു Sk., നമ്മോടു ജ'ച്ചു നില്പാൻ വികല്പമില്ലാത്തവൻ SiPu. (not revering the king).

part. ജല്പിതം babble.

ജവം javam S. (ജു) Speed ജവഗതി മുടക്കുവാൻ AR. — ജവാൽ, ജവേന quickly.

ജവനൻ 1. running. 2. Tdbh., യവനൻ.

ജവാബ് Ar. javāb. Answer ആയതിന്റെ ജ. എഴുതി, ആയതിന്നു പ്രതി ജ. കൂടേ എത്തിച്ചതും ഇല്ല TR.

ജവാതു javādu T. M. (C. Tu. — ജി, Te. ജവ്വാജി, also S.) Civet, Ar. zabād = മെരുക.

ജവാതുകൂട്ടക്കയും KU. an old tax on the civet bag.

ജളം jaḷam S. (= ജഡം) Cold, sluggish.

ജളൻ stupid, blockhead. ജളപ്രഭോ AR., Mud. foolish, wicked king! — so ജളമതി, ജളഹൃദയൻ Bhg. — ജളത Mud. blockheadism.

ജളത്വം 1. apathy. 2. meanness ജ. പറയാതേ നില്ല SG. no false promises.

ജളൂക jaḷūka S. (ജലം or ചെള്ളു 3.) Leech = അട്ട, hence denV. ജളൂവിക്കേണം, ജളൂകിപ്പിച്ചു ചോര നീക്കേണം Nid. (old ചെളിക്ക).

ജാഗരം jāgaram S. (G. grēgor) Watching, waking; also ജാഗരണം, ജാഗരിക്ക to be awake, vigilant.

part. ജാഗ്രത്ത് waking. സ്വപ്നവും ജാ'ത്തും ഒക്കും എന്നു വന്നു Bhr. trance. ജാഗ്രദവസ്ഥ state

of waking, ജാഗ്രത്തിങ്കൽ കണ്ടു Bhg. Hence a new noun:

ജാഗ്രവും മഹാജാഗ്രം അഥ ജാഗ്രസ്വപ്നവും (hallucination), ജാഗ്രം ചേറിട്ടു KeiN. chiefly in a phil. sense. ജാഗ്രമാം പ്രപഞ്ചത്തിൽ ബഹുരൂപങ്ങൾ കാണാസ്സുതം SidD.

ജാഗ്രത carefulness, activity. ജാ. പ്പെട്ടു, ജാ. പ്പെടുത്തി warned. പണിക്കു ശേഷിയും ജാ. യും MR.

**ജാഗീർ** P. jāgīr Land given by Government as a fee സ്വല്പത്താൻ ജാ. രാജാവിന്നു കൊടുക്കുന്നു, സൎക്കാരിൽനിന്നു കല്പിച്ചു തരുന്ന ജാഗീർ മുതൽ വാങ്ങി അനുഭവിക്ക TR. (= മാലിഖാന).

**ജാംഗലം** jāṅgalam S. Dry jungle കരു ജാ' ങ്ങൾ നടുവേ പോയി KR.; a climate in which bilious diseases prevail. med.

**ജാടർ** jāḍar (C. ജാഡ, Te. jēndra = ചാലിയർ) Weavers, No. jud.

**ജാതം** jāδam S. (part. of ജൻ) Born, arisen. സങ്കടം ജാ'മാം VilvP. = ഉണ്ടാകം. In many comp. ജാതദന്തൻ having already teeth, ജാതരോഷം AR. angrily, ജാതസന്തോഷം PT. & ജാതമോദേന Brhmd. joyfully, ജാതാനുകമ്പം VetC. kindly.

ജാതകം 1. nativity; the horoscope calculated after a birth ജന്മപത്രിക; ഉജ്ജ്വാതകത്തിന്റെ ശക്തി ചൊല്ലാവതോ Nal. ജാ. ഗണിക്ക, എഴുതുക. 2. destiny. നമ്മുടെ ജാതകവശാൽ unfortunately. എന്റെ ജാതകഫലം TR. my fate. അവൎക്കു ജാതകത്തിന്നന്തമായി CG. they obtained, what their destiny decreed.

ജാതകൎമ്മം ceremony incident on a birth ജാ. ാദികൾ ചെയ്തു Brhmd., ജാതക്രിയ കഴിച്ചു Bhg.

ജാതരൂപം gold.

ജാതവേദസ്സ് (knowing all beings) Agni.

**ജാതി** jāδi S. (ജൻ) 1. Birth (instr. ജാത്യാ q. v.) 2. position into which one is born, family, caste, rank. ജാതിക്കും നീതിക്കും ഏറക്കുറവു കൂടാകണ്ടു KU. ഞങ്ങളെ ജാതികൾ ഒക്കക്കൂടി TR. (= ജാതിക്കാർ). ജാതി കെട്ടു പോകം TR. the caste-distinctions will be lost. 3. kind സേന ഏതൊരു ജാ. കടക്കും AR. how will they cross the sea. വല്ല ജാതി എന്നാലും SiPu. anyhow. എല്ലാ ജാ. യും Brhmd. 4. good, genuine kind. ജാതിചൂതങ്ങൾ Nal. excellent mango-trees. ഈ എഴുത്തു എത്രയും ജാതി superior. — hence ജാതി teak, nutmeg, etc.

ജാതികൎമ്മം (2) family ceremonies, കാലം തോറും നടത്തിക്കൊണ്ടു വരുന്ന ജാ. ഞാൻ നടപ്പാൻ TR. [chata, ജാതിഫലം.

ജാതിക്കാ(യി) GP 76. nutmeg, Myristica mos-

ജാതിക്കാരൻ (2) one of a caste, ഏതു ജാതിക്കാരനും Anach. (4) a European; of a superior tribe.

ജാതിക്കുതിര (4) a high-bred horse, ക്രൂരൊത്തു മണ്ടുന്ന ജാ. കൾ KR.

ജാതിചന്ദനം TP. a valuable timber-tree.

ജാതിഞായം caste-rule, ജാ. പോലേ TR.

ജാതിദോഷം caste-offence, പിഴെച്ചു ജാ. ഉണ്ടായി KU.

ജാതിധൎമ്മം duty of each tribe; so:

ജാതിനീതിക്ക് ഇളപ്പം വരും Sah.

ജാതിപത്രി (4) mace. — ജാതിഫലം nutmeg.

ജാതിഭ്രംശം loss of caste; so അവനു ജാതിഭ്രഷ്ടുണ്ടു Anach.; ജാതിഭ്രഷ്ടനാസ്സുരിക Bhr.

ജാതിമരം (4) teak-tree = തേക്കു; കാട്ടു ജാ. the wild nutmeg-tree. [ക്ക TR.

ജാതിമൎയ്യാദ (= ജാതിഞായം) ജാ. പോലേ നട

ജാതിമാത്രോപജീവി Bhr. who has nothing but his birth to live upon.

ജാതിവൈരം RS., Bhg. natural or inherited enmity (കീരി സൎപ്പം പോലേ ജാ.).

ജാതിഹീനൻ of low caste.

ജാതു (po.) once, possibly.

ജാത്യം genuine; natural ഒരു കാൽമേൽ ഉറച്ചു നിന്ന് ഉറങ്ങുന്നതു ജാ. MC.; മഹാജാത്യമാം പുല്ലു the finest grass.

ജാത്യാ (1) by birth. ജാ. ഉള്ള ഉഷ്ണം MC. innate, inherent; also ജാത്യാൽvu. naturally. ജാത്യാന്ധൻ = പിറവിക്കുരുടൻ.

ജാത്യാരി Bhg. (= ജാതിവൈരി); ജാത്യാദിവൈരം കളഞ്ഞു ജന്തുക്കൾ Bhr.

**ജാത്ര** jātra Tdbh., യാത്ര; also ചാ — Nasr. etc.

**ജാനകി** jānaγi S. Sīta, daughter of ജനകൻ KR.

**ജാനു jānu** S. (L. genu, G. gony) The knee, തൻ ജാ. ്വും പൂണ്ടു കിടന്നാർ CG. (from cold).

**ജാപകൻ jābayaṅ** S. (ജപ്) Mutterer മന്ത്ര ജാ'ന്മാർ Bhr.

**ജാമം** H. Tdbh., യാമം; even ഒരു ജാമരാത്രി ഇരിക്കുന്ന സമയം (Mpl.).

**ജാമാതാ jāmāδā** S. (ജാമി sister) Son-in-law എന്നുടെ ജാ. വാകേണം മാധവൻ UR.

**ജാമീൻ** Ar. **żāmin,** Security, bail ജാ'നായി നിന്നു പോയി, പണത്തിന്നു ജാമീനാക്കി, വർത്തകരെ മനസ്സുണ്ടാക്കി ജാ. ഏല്പിച്ചു, ജാമീൻനിന്നു അവരെ കയ്യേററു തടവിൽനിന്നു കിഴിച്ചു, അവനെ ജാ. കൊടുത്തു, ഞാൻ അവരെ ജാ. TR.

Kinds: മാൽജാ. monied security, റൊക്കജാ. bondsman for payment of a debt, ഹാജർജാ. personal security.

ജാമ്യൻ id. അവനെക്കൊണ്ടു ജാ. വാങ്ങി took bail for him TR., അവനു വേണ്ടി ജാ. നിന്നു MR.

ജാമ്യം (mod.) id. ജാ'ത്തിന്റെ സംഗതി MR. — ജാമ്യക്കാരൻ, ജാമ്യദ്രവ്യം VyM. — ജാമ്യചീട്ടു bond of security. ജാ. ഏല്ക്ക, വാങ്ങുക, കൊടുക്ക, നില്ക്ക etc. ഒരുത്തനെ ജാ. ഒക്കുക VyM. to make one to stand security.

**ജാംബവം jāmbavam** S. (ജംബു rose-apple). ജാംബവാൻ S. king of the bears KR.

**ജായ jāya** S. (ജൻ) A wife.

**ജാരൻ jāraṅ** S. A paramour. — ജാരവൃത്തി adultery, ജാരസമ്പൎക്കം Si Pu. — ജാരശങ്ക (husband's) jealousy.

**ജാലം jālam** S. 1. Net & what is like it. 2. lattice ജാലാന്തരം Bhg. behind the window. 3. net-like conglomeration വീചിജാ. CG. succession of waves. ഭ്രമരജാ. Sk. തേനുള്ളി ജാ'ങ്ങൾ CG. honey. 4. ഇന്ദ്രജാലം magic art, ഇന്ദ്രജാ'ത്തെ കാട്ടി സമ്മാനം വാങ്ങീട്ടവാൻ Sk.

ജാലകം id. esp. a window, see ചാലവാതിൽ.

ജാലികൻ one, who uses nets or magic.

**ജാല്മൻ jālmaṅ** S. A rascal; inconsiderate, rash, mean.

**ജാവാരി** Tdbh. = വ്യാപാരി & രാവാരി.

**ജാസ്തി** Ar. **ziyādati,** Te. C. jāsti. Addition, increase f. i. higher pay, etc. ചിലൎക്കു ജാസ്തിയും ഉണ്ടാവാനും ചിലൎക്കു കമ്മി വരുവാനും MR.

**ജാഹ്നവി jānhavi** S. Jahnu's daughter Gangā.

**ജാള്യം jālyam** S. (ജള) Apathy, folly, worthlessness. ഇവ്വണ്ണമുള്ള ജാള്യം ഇനി ഉണ്ടാകായ്വാൻ Bhr.

**ജിഘാംസ jighāmsa** S. (desider. of ഹൻ) Wish to slay, revenge.

**ജിജ്ഞാസ jijnāsa** S. (desider. of ജ്ഞാ) Wish to know, inquiry ജി.ാവശാൽ Gan. for example. — ഉപായം ജിജ്ഞസിച്ചീട്ടവാൻ Bhr. consulting about a means. (denV.) [ജി. ക്കൾ.

ജിജ്ഞാസു KeiN. a philosophical inquirer, Bhg.

**ജിതം jiδam** S. (part. of ജി) 1. Conquered ലക്ഷ്യം നിന്നാൽ ജിതയായി AR. — സ്ത്രീജിതൻ AR. subdued by a woman. 2. having conquered, as ഇന്ദ്രിയജിതൻ, നിജശത്രുസന്തതെ ജിതനായി Bhg. 3. = ചിതം, ഉചിതം Tdbh.

ജിതകാമനായി AR. suppressed lust.

ജിതബുദ്ധി subdued mind.

ജിതശ്രമം without trouble ചെന്നു പിടിച്ചു ജി. Prahl., AR. — ജി'ത്വം കണ്ടു Brhmd. ease.

ജിതേന്ദ്രിയൻ (Bhg. — ന്ദ്ര —) one, who has brought his organs into subjection. ജി'നായിരിക്കയും വേണം Tantr. esp. chaste.

ജിതേന്ദ്രിയത്വം continence, Bhg.

ജിത്തു conquering അതിസാരജിൽ, പ്രമേഹജിൽ GP. removing diarrhœa, etc.

**ജിനിസ്സു** Ar. **jins** (G. genos) Sort, article വേറേ ജിനിസ്സുകളും MR.; also ഘിനിസ്സ്.

**ജിന്നു** Ar. **jinn** & ചി —, A genius, demon.

**ജില്ല** Ar. **żila',** side; 1. A district, judicial province. — മറുജില്ലക്കാരൻ jud. 2. the Zilla court. [കം SiPu.

**ജിഷ്ണു jišṇu** S. (ജി) Victorious; Indra, ജി. ലോ

**ജിഹ്മം jimham** S. Crooked. ജിഹ്മവചനങ്ങൾ കൊണ്ടു മോഹിപ്പിച്ചു Bhg.; ജി'മാകുന്ന കുഷ്ഠം a. med. slow leprosy.

**ജിഹ്വ jihva** S. (ഹ്വാ) The tongue, esp. as organ of taste. ജി. യിൽ ഒരു മണ്ഡലം സേവിക്ക a. med.; ജിഹ്വാഗ്രമാഗ്ഗേണ, ജിഹ്വാഞ്ചലേ

ചെന്നു CC. on the tip of the tongue. — ജിഹ്വാസ്തംഭം Nid. a disease of the tongue. [anchor.

**ജീൻ** P. zīn 1. A saddle. 2. (= ചീനി 3) a wooden

**ജീമൂതം** jīmūδam S. Cloud, ജീമൂതകോമളം CC.

**ജീരം** jīram S. (quick) & **ജീരകം** GP75. Cumin-seed (fr. ജിർ Te. C. line) see ചീ—.

ജീരകച്ചാലൻ a kind of rice = ചോരൻ.

**ജീൎണ്ണം** jīrṇam S. (ജർ) 1. Worn, tattered; old വയസി ജീൎണ്ണം എന്നാകിലും ദേഹികൾക്ക് ഏററം പ്രിയം ദേഹം AR. (the body often compared to a cloth). ജീൎണ്ണങ്ങളായുള്ളവ ഉപജീവിക്കയാലും ഗ്രന്ഥം ഉണ്ടാം a. med. old food, not fresh. 2. digested ആഹാരം ജീ'മാകാതെ അതിസാരിക്ക jud.

ജീൎണ്ണകളം a bathing-tank with broken sides.

ജീൎണ്ണവസ്ത്രം rags.

ജീൎണ്ണോദ്യാനം a ruined garden. ചാക്കിന്നു കോപ്പിട്ടു ജീ'ത്തിൽ വന്നു Mud. for suicide.

denV. ജീൎണ്ണിക്ക to decay, to fall in ruins അമ്പലം ജീ'ച്ചു പോയി.

**ജീവൻ** jīvaǹ S. (G. zaō, L. vivo) 1. A living being. pl. പല ജീവന്മാർ GnP.; ഇജ്ജീവന്മാർ we men.; also വനത്തിലേ ജീവങ്ങൾ നന്ദിച്ചു CG. 2. life, individual soul. ഇപ്പോൾ ജീവനോടു കൂടേ ഇരിക്കുന്നവർ MR. the now living. കണ്ണൊരു വാതിൽ പുറപ്പെട്ടു ജീവനും മണ്ടിനടന്നു പുറത്തുമായി CG. — met. ശൃംഗാരത്തിൻ ജീ. തിങ്കൾ CG.

ജീവകം living; a foreign med. root GP 60. one of the അഷ്ടവൎഗ്ഗം, named with ഇടവകം (=തിതനാമപ്പാല). [MC.

ജീവജാലം (1) host of living creatures, ജീ'ങ്ങൾ

ജീവത്ത് (part.) living; ജീവച്ഛവം a corpse whilst alive (അവർ ജീവശവങ്ങളായി vu.) Bhg.

ജീവധാരണം sustentation of life ജീ. എനിക്കിനി വേണ്ട CC. അപ്പുകൾകൊണ്ടു മാത്രം ജീ. ചെയ്തു Nal., so ജീവനെ ധരിച്ചു Nal. maintained life.

ജീവനം 1. life എന്നുടെ ജീ. നിന്നുടെ കയ്യിൽ CG.; സ്വാമികാൎയ്യം തന്നെ ജീ. എന്നു നടക്കുന്നു TR. counting it our life. ഗോവിന്ദന്നുടെ ജീ'മായല്ലോ കേവലം മേവുന്നു പാണ്ഡവന്മാർ CG. ജീവനകാംക്ഷ KR. = മൃത്യുഭയം in war. 2. means of life (= ജീവനോപായം), livelihood ജീ'ത്തിന്നു ഉപായം ഇല്ലാതേ ജീവനവൃത്തി എങ്ങനേ കഴിച്ചു വരുന്നു jud. TR.

ജീവനാശം death; ജീ. വരുത്തി കളയും MR. kill.

ജീവന്മുക്തൻ (ജീവത്ത്) emancipated whilst alive, as a ബ്രഹ്മവിത്തു KeiN. ജീവന്മുക്തയായിനാൽ AR. (without first dying). —

ജീവന്മൃതൻ AR. dead whilst alive, as an ungrateful son.

ജീവനില = Marmam; station of life.

ജീവന്തി a. med. root GP 60. = അടപൊതിയൻ.

ജീവരക്ഷ ചെയ്ക KN. സ്ത്രീയുടെ to preserve alive.

ജീവരാശികൾ = ജീവജാലങ്ങൾ.

ജീവലംഘന death, ജീ. വിധിക്ക CC.

ജീവസ്ഥാനം (= മൎമ്മം) a joint.

ജീവഹിംസ ചെയ്ക to destroy life.

ജീവാക്ഷരം a vowel (gram.).

ജീവാത്മാവു KeiN. the individual soul (പരമാത്മാ the soul of the world). [cattle).

ജീവി a living being; (ഗോജീവി living by

denV. ജീവിക്ക 1. to live ജീവിച്ചാൽ മതി എന്ന് കാട്ടുക KR.; താതനു ഞാൻ ജീ'ച്ചിരിക്കവേ AR.; ജീ'ച്ചേൻ ഇത്രനാളും Bhg.; ജീ'ച്ചു കൊൾവാൻ എന്തിനി നല്ലതു Bhr. to save our lives. 2. to come to life ജീ'ച്ചെഴുന്നീററു Bhr., പെണ്ണും ആ നേരം തന്നേ ജീ'ച്ചങ്ങെഴുനീററു VetC. — രാഘവന്മാരെ ജീ'ച്ചിരുത്തുവാൻ AR. to resuscitate. 3. to live upon വൈദ്യൻ വ്യാധിതന്മാൽ ജീ. Bhr.

CV. ജീവിപ്പിക്ക to quicken പോരിൽ മരിക്കും അസുരരെ ജീ'ച്ചീട്ടും Bhr.; മരിച്ച ജനങ്ങളെ വാമനേത്രംകൊണ്ടു ജീ'ച്ചു SitVij.; ഇന്ദ്രനാൽ വധിച്ചാശു ശുക്രനാൽ ജീ'ച്ച മഹാബലി Bhg. കഞ്ഞിയിലും പാലിലും ജീ'ച്ചു TP. nursed the patient most tenderly.

ജീവിതം (part.) 1. living; quickened. 2. life ജീവിതകാലം lifetime. ഗമിക്ക നീ ജീവിതകാമൻ എങ്കിൽ CC. if you wish to live. ജീവിതാശയും വിട്ടു Bhg. — ജീവിതേശൻ hus-

band; ജീവിതേശ്വരി Nal. wife. 3. wages, daily allowance, as of ഒന്നേമുക്കാൽ നാരായം; ആണ്ടിന്നു ൩൦ പണം ജീ. ഉള്ളവൻ CS.

ജീവിതവ്യം what one has still to live V1.

ജീവിതാവധി until death ജീ. കേൾക്കിലും AR.

**ജുക്തി** Tdbh., യുക്തി as Mpl. ജു. വിചാരിച്ചു Ti.

**ജുഗുപ്സ** jugupsa S. (desider. of ഗുപ്) Abhorrence, censure.

part. ഞാൻ ചെയ്യു കർമ്മവും പാരം ജുഗുപ്സിതം; Nal. ജു'മായ ക്രൻ Bhg.

**ജുസ്** Ar. juz. Section of a book (= 8 leaves). കറുവാൻ ൩൦ ജുസ്സും കാണാതേ പാട്ടുക (Mpl.)

**ജുഷ്ടം** justam S. (part. of ജുഷ്) Liked; = ഉചിക്ഷം.

**ജുഹു** juhu S. (ജിഹ്വ) The tongue; a sacrificing spoon. സ്രുവവും ജുഹുവും കയ്യിൽ എടുത്തു Sk.

**ജൂതി** jūti S. (= ജവം) Speed.

**ജൂൽ** H. jhūl, Horse-cover.

**ജൃംഭണം** jrmbhanam S. Yawning, stretching the limbs.

denV. ജൃംഭിക്ക to expand കാമാതുരനയനം Bhg., വീഴും നടിച്ചു വിജൃംഭിക്ക Nal.

part. ജൃംഭിതഭാവത്തോടേ മെല്ല ഉണൎന്നു Bhr.

**ജേതാ** jēčā S. (ജി) Conqueror. — രാമഭ്രാതം ജേതും ചെന്നു AR. = ജയിപ്പാൻ.

ജേയം vincible.

**ജേൽ** E. jail. ജേലിൽ പാൎപ്പിച്ചു MR.

**ജൈനർ** jainar S. (adherents of ജിനൻ a Buddist saint, √ ജി). The Jainas, ജൈന്യജാതികളിലുള്ളവർ TR. considered as ranking below Nāyar. — Hanumān leaving Sīta ജൈന്യദേശത്തിൽ ചാടി KR.

**ജൈമിനി** S., N. pr. Jaimini, The teacher of the Mīmāmsa, ജൈമിനീയന്യായമീമാംസ Nal.

**ജോഗി = യോഗി**, A caste; also a Yōgi ജ്ഞാനസ്വരൂപികളായിരിക്കുന്ന ജോഗീശ്വരന്മാർ KU.

**ജോട്** H. jōṭ 1. A pair, match, couple ജോടായി പാൎക്ക MC. (= ഇണ). 2. a pair of shoes.

**ജോനകൻ = ചോനകൻ; യവനൻ;** ജോനോർ Mpl. Song. കാതിയാർ മുതലായിട്ടുള്ള ജോ'ന്മാർ KU.; also ജോനകമാപ്പിള്ള.

**ജോരാവരി** P. zōr-āvari Force. ജോ. യായി ഏതാനും ദ്രവ്യം പിഴ ചെയ്യിച്ചു, കാണക്കരണം ജോ. യായി വാങ്ങി TR. extorted.

**ജോലന** H. jhōlā, jhōli A wallet.

**ജോലാ** H. jōlā, Deceit. — ജോലാമാലി difficult to accomplish, full of intricacy.

ജോലി C. Te. interference, meddling; trouble അവരോടു യാതൊരു ജോലിക്കും പോകാതേ സ്വസ്ഥമായിരുന്നു Arb. gave no annoyance; (No. also ജോലിയം).

**ജോഷം** jōsam S. (ജുഷ്) Contentment.

**ജ്ഞൻ** jnan S. (ജ്ഞാ, G. gno) Knowing, as ദോഷജ്ഞൻ, അജ്ഞൻ.

ജ്ഞപ്തി knowledge, ജ്ഞപ്തിരൂപനായിരിക്കുന്ന ദേവൻ Adw S.

part. ജ്ഞാതം known; ജ്ഞാതവ്യം to be known.

ജ്ഞാതാവു knower. ജ്ഞാതൃജ്ഞാനജ്ഞേയവിഹീനൻ Adw S.

ജ്ഞാതി (ജൻ?) kinsman ജ്ഞാതിജനങ്ങൾ VyM.; Tdbh. ഞാതി T. & V1.

ജ്ഞാനം 1. knowledge. 2. science. 3. divine knowledge, spiritual philosophy ഭക്തിയല്ലോ മഹൽജ്ഞാനമാതാവു AR.

ജ്ഞാനദൃഷ്ടി inward eye; foreknowledge ജ്ഞാ. കൊണ്ടറിഞ്ഞു VetC.

ജ്ഞാനമൂൎത്തി God = ചിൽസ്വരൂപൻ f. i. ജ്ഞാ'യോടു പ്രാൎത്ഥിച്ചു KumK. = Crshna.

ജ്ഞാനപൂൎവ്വം knowingly ജ്ഞാ'മായിട്ടു അപായം വരുത്തിയാൽ VyM. intentionally.

ജ്ഞാനവാൻ, learned, wise; also ജ്ഞാനി, which (as well as ജ്ഞാനികൻ V1.) signifies also an astrologer. [ൎമ്മേന്ദ്രിയം).

ജ്ഞാനേന്ദ്രിയം the organs of sense (opp. ക

ജ്ഞാനോപദേശം spiritual instruction ജ്ഞാ. നിനക്ക് എത്ര തരം ചെയ്യു Bhr.

ജ്ഞാപകം 1. making known. 2. So. C. T. memory.

ജ്ഞാപിതൻ (& ജ്ഞപ്തൻ) instructed, informed; ജ്ഞാപിതം made known.

ജ്ഞേയം to be known ജ്ഞാതൃജ്ഞാനജ്ഞേയഭേദം തോന്നുന്നത് എത്രനാൾ KeiN.; ജ്ഞേയശാസ്ത്രം Bhg.

**ജ്യാ jyā** S. (ജ്യാ to oppress) 1. Bowstring, ഞാൺ in ജ്യാനാദം Bhr., ജ്യാനാദഘോഷം കേട്ടതില്ലേ AR. 2. a sine അൎദ്ധജ്യാക്കളായിട്ടുവാകും, ചാപത്തിന്റെ അൎദ്ധജ്യാവുകൊണ്ടു ഉപയോഗം ഉണ്ടു Gan.
ജ്യാപ്രകരണം treatise on arcs & sines.

**ജ്യേഷ്ഠൻ jyēšṭhan** S. (Superl. of ജ്യാ strongest, Comp. ജ്യായാൻ) 1. Superior. 2. elder brother (vu. ചേട്ടൻ, ഏട്ടൻ). ഗുണജ്യേ'നായ സുതജ്യേ. KR. ജ്യേഷ്ഠാംശമേനിണക്കുള്ളൂ Bhr. the share of the first-born VyM. (നേരേ, ൨ാം etc., മൂത്ത ജ്യേ. the next elder, etc.)—also elder sister's husband.

ജ്യേഷ്ഠ 1. elder sister, commonly ജ്യേഷ്ഠത്തി, as ജ്യേഷ്ഠാനുജത്തിമക്കൾ MR. the children of the sisters. 2. Laxmi's elder sister, Pandora ചേട്ട. 3. the 18th asterism തൃക്കേട്ട.

ജ്യേഷ്ഠത്തി elder sister ഞാനും എൻ ജ്യേ.യും Nal.; also an elder brother's wife.

ജ്യേഷ്ഠത the right of the first-born, also: ജൈഷ്ഠ്യം. [ചോതി.

**ജ്യോതിസ്സ് jyōtis** S. (ജ്വൽ) Light, a star, vu.

ജ്യോതിജ്ഞൻ an astrologer.

ജ്യോതിഷം (also ജ്യോതിശ്ശാസ്ത്രം) astrology & astronomy. ജ്യോ. പറക to foretell V1. — സന്തതി നമുക്കുണ്ടായിവരുവാൻ ചിന്തിക്കേണം ഇജ്യോ. ഇപ്പോൾ SG. [ger.

ജ്യോതിഷക്കാരൻ, — കാരി (— ഷാരി) an astrolo-

ജ്യോതിഷ്ടോമം KR. a Sōma sacrifice, (സ്തോമം).

ജ്യോത്സ്ന moon-night, moon-light CG. [ger.

ജ്യൌത്സ്യം astronomy, — ത്സ്യർ (hon.) an astrolo-

**ജ്വരം jvaram** S. Fever (പനി). ജ്വരക്ലേശം CC.; ഉഗ്രമായുള്ള ശിവജ്വ. യദുക്കളെ ബാധിച്ചു Bhg.; personified ശൈവജ്വ., വിഷ്ണുജ്വ. CC.; സജ്വരന്മാരായിപ്പോയി Bhr. from fright. Kinds: പിത്ത — bilious fever, ശീത — or വാത — fever with ague, കഫ — phlegmatic fever. — fig. ചിന്തയാകുന്ന ജ്വ. Brhmd., ചിത്തജ്വ. വളൎന്നു Bhg. rage.

ജ്വരക്ഷയം, ജ്വരഘ്നം GP. febrifuge.

denV. ജ്വരിക്ക to have fever, Tantr.

part. ജ്വരിതം feverish.

**ജ്വലനം jvalanam** S. Blazing. — ജ്വലനൻ fire.

denV. ജ്വലിക്ക to blaze. സൂൎയ്യൻ ജ്വ. Bhg. in the hot season. ജ്വാലാസമൂഹങ്ങൾ ഏററം ജ്വ.യാൽ Nal. in a jungle-fire. — fig. ജ്വ'ച്ചിതു ചിത്തം Bhr. dismay.

CV. ജ്വലിപ്പിക്ക 1. to kindle, inflame. ചിതയിൽ വെച്ചു തീ ജ്വ'ച്ചു PrC., വഹ്നി എരിഞ്ഞു കത്തി ജ്വ'ച്ചു Bhg., അഗ്നിയെ ജ്വ'ച്ചു Mud., പോത്തും ജ്വ'ച്ചു ഹോമം ചെയ്തു Brhmd. 2. met. ചിത്തം ജ്വ'ച്ചു മൽഭാഷിതം Nal. kindled love.

ജ്വാല 1. flame ജ്വാലാമാലകൾ കത്തി പൊങ്ങി, ഒന്നിനും അഗ്നി ജ്വാ. തട്ടിയാൽ അശുദ്ധിയില്ല Bhr., ഉള്ളകം ചേരും ജ്വാലാ കണക്കേ രജോഗുണം KeiN. 2. slight influence ഉവർവെള്ളത്തിന്റെ ജ്വാ. തട്ടാത്ത ദിക്കിൽ MR. ground not reached by any salt water.

# ഝ JHA

(in S. words.)

**ഝംകാരം jhaṅgāram** S. (Onomat.) The sound jham, buzz, hum വണ്ടിന്റെ — Nal., ഭൃംഗ — Bhg.; of Yōgis muttering ഝങ്കാരനാദം HNK.

**ഝംഝ jhaṅjha** S. (Onomat.) Noise of wind & rain; storm. — ഝംഝനം also tinkle of ornaments.

**ഝടഝട jhaḍajhaḍa** (Onomat.) — നിനാദം CrArj. Warlike sound — a crush; hence ഝടിതി = പൊട്ടെന്നു suddenly (ഇതി).

**ഝരം jharam** S. A cascade, അരുവഴിയാറു.

**ഝൎഝരി jharjhari** S. Cymbals KR. = കഴിത്താളം.

**ഝലഝല** Onomat. Sound as of clattering arms, chains ഝ'ലോൽപ്രഘോഷിതം RS.; also ഝംഝലം RS.

**ഝഷം jhašam** S. A fish തിമിഝഷാദ്യങ്ങൾ AR.

ഝുഝു എന്നാട്ടക (Onomat.) Flapping of an elephant's ear.

ഝ. ഘോഷം RS. the splash of waves (sea.)

ഝള്ളി jhaḷḷi S. Cymbals.

ഝാടം jhāḍam S. (ജട്) An arbour, thicket.

ഝില്ലി jhilli S. 1. A cricket കാനനം ഝില്ലി ഝങ്കാരനാദമണ്ഡിതം AR.; also ഝില്ലികാരവം കൊണ്ടു മുഴങ്ങുന്ന KR. 2.=ഢില്ലി Delhi, KU.; in Bhr. as N. pr. of a king.

# ഞ

# ŃA

ഞ represents ന or യ of the other Dravidian languages, & even ജ & ച.

ഞങ്ങൾ ńaṅṅaḷ We (exclusive of the addressed), pl. of ഞാൻ; in Gen. often ഞങ്ങടെ TR.

ഞങ്ങുക see ഞെ—.

ഞടുക്കം ńaḍukkam (loc.)=നടുക്കം Arb.

ഞണുങ്ങുക ńaṇuṅṅuγa So. (C. നഗ്ഗു) To be bulged, crushed.

ഞണുക്കുക, ക്കി v. a. to bulge, to crush.

ഞണുഞണുക്ക, ത്തു So. To be sticky, clammy.

ഞണ്ടു ńaṇḍu T. M. (Te. C. യ—, T. ന—) C. നള്ളി & ഏഡി, Tu. ഡഞ്ജി) A crab; kinds: വയൽ—, പുഴ—, കടൽ—, കര—, etc.

ഞമഞ്ഞി ńamaṅṅi Hor., MC. & ഞമിഞ്ചി, നമിച്ചി (T. നമ, C. Te. നവ to itch?) A bivalve shell-fish, found in ricefields. — ഞ. മാംസം GP. whelk.

ഞമഞ്ഞിക്ക a cockle V2.

ഞമഞ്ഞിപ്പൊട്ടി V1. a bird, that lives on shell-[fish.

ഞമിഞ്ഞി (—ഖി—) മുട്ട No. a spiral fresh-water snail.

ഞമുങ്ങുക ńamuṅṅuγa (T. ഞെ—) To yield to pressure, to sink, bulge=ഞണുങ്ങു So.

ഞമുണ്ടുക ńamuṇḍuγa (C. നവുട to rub) To squeeze; knead, f. i. rice with curry as Brahmans do in eating. പാലിൽ പുഴുങ്ങി ഞമുണ്ടി a. med. (also ഞമിണ്ടുക No.; see ഞെവിണ്ടുക).

ഞമ്മൾ Mpl.=നമ്മൾ.

ഞരങ്ങുക ńaraṅṅuγa T. Tu. M. (C. Tu. ന—) To grumble, groan ഒന്നു ഞരങ്ങിതും ഇല്ല. Bhr.— VN. ഞരക്കം moan, groan.

ഞരടുക ńaraḍuγa B. To twist broken threads together (ചരടു).

ഞരമ്പു ńarambu (& ന—) Sinew, tendon. പിത്തം ഹൃദയത്തുനിന്നു ഞ. കളിൽ ഓടിക്ക Nid. arteries. വായു പെരുഞ'ലും ചെറുഞ'ലും ചെന്നു Nid. nerves. — കോട്ടഞരമ്പു a frown—.

ഞരമ്പുവലി spasm, cramp. V2.

ഞരമ്പുവ്രണം the Guinea worm.

ഞരി=നരി; ഞരിമീൻ V2. A fish, port. Naire.

ഞറിയുക=ഞെ— q. v. പുരികം ഞറിഞ്ഞു ചമഞ്ഞു Bhr. Wrinkled. [harrowed.

ഞവൎക്ക ńavarka To level. ഞവൎത്ത നിലം V2.

ഞവരി a plank for levelling.

ഞവിര=നവിര a sort of rice.

ഞളുങ്ങുക ńaḷuṅṅuγa (ചളുങ്ങുക, നട്ടുങ്ങ) 1. To shake from damp, fear. 2. to speak diffidently.

ഞളുക്ക (C. Te. T. ചളി cold & C. നൺ, Tu. നന്ദ) to be affected by cold or damp. മരുന്നു, ഉപ്പു ഞളുത്തുപോയി, so also a pen, which grows too soft for writing.

VN. ഞളുപ്പു, ഞളുപ്പം dampness.

ഞള്ളു=ഞെഴുക a tree (med.), the leaves of which are used in തോൽ കെട്ടുക.

ഞാങ്ങണ ńāṅṅaṇa (T. നായിങ്കണ) A reed= ഓട, see ഞാണൽ. [An earth-worm.

ഞാങ്ങൽ & ഞാഞ്ഞൂൾ M. C. (T. നാങ്കൂഴ്)

ഞാണൽ ńāṇal (T. നാ—; C. Te. fr. നാൻ=നന) A reed തിരേവാഴും ഞാ'ലിൽ Sk.=ശരം.

ഞാൺ ńāṇ (T. നാ—, C. Tu. നേ—) 1. Bowstring ചെറുഞാണൊലി, ഞാ. ഒച്ച Bhr.; ഞാൺ വായി RC.; രണ്ടു കൈകൾക്കും ഞാൺതഴമ്പു (sic) Bhr. 2. other strings & cords ഞാണിന്മേൽകളി, — ഭണ്ഡിപ്പു rope-dancing. കന്തളം ഞാണായിമീതേ ചേൎത്തു CG. — അരഞ്ഞാൺ,

പൊന്നരഞ്ഞാണം Bhg. waist-string, (ഞാണി ന്മേൽ എഴുതി കെട്ടുക mantr. of amulets); ഉടഞ്ഞാൺ, — ണം a broader girdle. — (met. ആഴിയാം ഉടയഞാണുടയോളം ഊഴി ChVr. the earth as far as the girding ocean).

ഞാത്തുക see ഞേററുക (fr. ഞാല്യ).

ഞാൻ ńāǹ (aT. Tu. യാൻ., T. C. നാൻ, Te. നേൻ) I. ഞാങ്കാലം prov. in my time. ഞാന്നി യായിട്ടു മേൽകോയ്മസ്ഥാനം നടത്തി KU. with identified interests.

pl. ഞാങ്ങൾ old & hon. = ഞങ്ങൾ we; even in obl. cases, ഞാങ്ങളെക്കെക്കു TR. (Rāja), vu. ഞാളു, Dat. ഞാക്കു TP. The other pl. is നാം (including the addressed party), with vu. Dat. ഞമ്മൾക്കു.

ഞാന്നു ńānnu̥ (T — ൻറു) Day, in മിനിഞ്ഞാന്നു.

ഞാന്മെയ്ത്താലി Pay. (= ഞാൽ, മെയ്, താലി).

ഞായം ńāyam Tdbh., ന്യാ — 1. Reason, right. ജാതിഞായം caste-rule. ഞാ. കൊണ്ടു വിസ്തരിച്ചു TR., പണമരികേ ഞായം prov., കോപത്തിന്നു ഏതുമേ ഞാ. ഇല്ല CG. no cause for. 2. complaint. ചക്കകെട്ട ഞാ. വിസ്തരിപ്പാൻ TR. complaint about a jackfruit. അവരുടെ ഞാ. അവരുടെ ജാതിയിൽ തന്നേ തീൎത്തു കൊള്ളുന്നുണ്ടു TR. ഞാ'വും കൂട്ടവും quarrel. — esp. ഞായം കൊട്ടപ്പിച്ചു TR., ഞായം ചൊല്ലി ഒഴിക്ക to divorce, dissolving a connexion before arbitrators. ഞായഹീനൻ ചെന്നു Sk. defeated, ashamed. 3. custom, common way. കാട്ടിലേ കോഴിക്കു ഞാ. ഇല്ലേതുമേ വീട്ടിലേ കോഴിക്കേ ഞാ. ഉള്ളു CG. crowing regularly. ഉത്സവം കൊള്ളേണം വിണ്ണവർ നാഥനു വത്സരംതോറും എന്നുണ്ടു ഞാ. CG. — hence: 4. adv. വിളക്കെങ്ങനെ കപ്പിയെ വിളക്കി ഞായം CG. as generally a light makes the chandelier to shine. എവിടേ ഇരുന്നു ഞായം V1., ഏതൊരുദിക്കിൽ അധിവസിച്ചു ഞാ. Bhg. where do you commonly live? ഗോകൎണ്ണത്തിൽ ഇരുന്നു ഞാ. മുന്നം Brhmd. തപോബലം കൊണ്ടു വരങ്ങളെ പലരും വരിച്ചു ഞാ. പുരാ, ഞാൻ ബാഹുബലംകൊണ്ടു വാങ്ങുന്നു UR. others used to gain their wishes by penance, I by force. ധീരന്മാർ ഇങ്ങനേ ചെയ്യു ഞാ. Bhr. — similarly esp. with എന്നു like, as; ഞായം നല്കിനാൻ പട്ടാങ്ങു ചെയ്യുന്നോർ എന്നു ഞാ. CG. he kept his word like the truthful.

ഞായറു ńāyaru̥ & ഞായിറു T. M. (C. നേസരു) 1. The sun = നേരം, hence പടിഞ്ഞാറു. 2. month കൎക്കടഞ്ഞായററിൽ, vu. ഞാററിൽ (doc.) തിരുവാതിരഞായററു നില TrP. the sun's position in a constellation.

ഞായറാഴ്ച, ഞാറാഴ്ച Sunday (ഞായർവാരേ PP. — in Tu. ആയിററാര), ആഴ്ചഞാറും Pay.

ഞായൽ ńāyal (T. — യിൽ bastion) see പള്ളിഞായൽ. (vu. ഞാലിൽ ഞാറുപെയ്യു).

ഞാര ńāra = നാര T. M. Tantalus Ibis (MC. ഞാറ heron) ഞാരപ്പക്ഷികൾനാദം KR 4.

ഞാരൽ 1. = ഞാര. 2. = ഞാറൽ.

ഞാറൽ ńāṟal (MM. ഞാരൽകരുന്നു, T. നാരൽ, C. Te. നേരേ) Calyptranthes caryophyllifolia (C. നെരൾ). ഞാറയുടെ വേന്മേലേത്തൊലി GP 78. ഞാറൽത്തൊലി a. med. Kinds: കാട്ടു —, കിഴക്കൻ —, തെക്കൻ —. (No. ഞേറൽ.)

ഞാറക്കാ V1., ഞാറപ്പഴം പോലേ കറുപ്പിന്റെ നിറം Nid.

പെരിഞ്ഞാറ Rh. Calyptranthes or Syzygium.

ഞാറു ńāṟu̥ (C. T. Te. നാറു, Tu. നേജി) 1. = നാറു What rises above ground, young plant fit for transplanting. ഞാർ പെയ്യു, ഇടുക, പാകുക to sow, നടുക to transplant them. ഞാർ ആററിപോയി thrives. ന. കണ്ടം ഞാറ ഉഴുതു നക്കും വരുത്തി ഞാറ പറിച്ചു ഉഭയത്തിൽ ചിന്തി MR. 2. = ഞായറു as കന്നിഞാററിൽ TR. (doc.), കുമ്പഞ്ഞാററിക്കും (= എറിക്കും) വെയിലുംകൊണ്ടു TP.

ഞാററുകാല (1) a piece from which rice plants are removed B.

ഞാററുതല (2) the time of a constellation f. i. തിരുവാതിരഞാ. in the beginning of Mithuna, best time for planting. അത്തംഞാ. feast in Kanni.

ഞാററുനില (2) see ഞായററുനില; also ഞാററുവട്ടം B.

ഞാററുപട്ടി, — പറമ്പ, — പൊററ (higher than പള്ളിഞായൽ) nursery for rice plants (& ഞാററുഴം, ഞാററുകെട്ടി).

ഞാറുവാല, — വേലി V1. days fixed upon for transplanting.

ഞാറുമുടി No. a handful of ഞാറു.

**ഞാലം ńālam** T. aM. The earth ("the hanging"?) ഞാ. ഉലെക്കം, ഞാലത്തുൾ RC.

**ഞാലുക ńāluγa** (T. നാ —; see ഞേലു —) To hang, swing അണ്ണാക്കിൽ ഞാന്നു Nid. തോലും ഞാന്നുകൊണ്ടു Bhr. of an old man. വൃക്ഷശാഖ മേൽ കെട്ടി ഞാന്നു ചാവതിന്നായി Mud. to hang oneself. തല ഞാന്നു പോയി (half cut off).

ഞാലി 1. suspended. ഞാലിക്കാതൊരുവൾക്കു KR. hanging ear. 2. a hanging tendril of the pepper- or betel-vine കൊടിയുടെ ഞാലി ഇടിച്ചു പിഴിഞ്ഞ നീർ a. med. — also a branchroot. 3. the common betel-vine; കൊടിഞാലി (p. 302) വെററില No. a kind trained on trees. 4. B. ornament for a sword-hilt. 5.= ഞാലിപ്പൂട്ടു, see തുലാം.

ഞാലിക്കൂത്തു a meritorious Royal amusement.

ഞാലിക്കൊടി No. a betel-vine let down occasionally for the leaves to be picked off.

ഞാലി (& ഞേ —) ത്തല = ഞാലി 2. of pepper-vine (cut & planted). [machine B.

ഞാലിപ്പൂട്ടു the weight-apparatus of the watering

CV. ഞാലിക്ക. 1. ഞാലിച്ചുണ്ടൊരുവൾക്കു ഞാലുന്നമുലവയർ KR. of Rāxasis (rather frequentative). 2.= ചാഴിക്ക, വിത്തു മുളപ്പിക്ക.

**ഞാവൽ ńāval** (T. നാ —) Syzygium jambolanum Bhg 5. (see പെരിംഞാറൽ) also ചെറു ഞാ.; another kind നില — Premna herbacea.— ഞാവലിങ്കായി, ഞാവൽപ്പഴം GP 69. — ഞാവല സ്ഥി Nid.

**ഞാഴൽ ńāl̤al** T. M. Milnea montana, Priyangu. ഞാഴലെ നീ കണ്ടില്ലല്ലീ CG.

**ഞുര** see നുര.

**ഞൂണെ** = നൂണെ (loc.)

**ഞെങ്ങുക ńeṅṅuγa** (C. നെഗ്ഗു) & ഞെ — (C. നള to be mellow) 1. To become soft or mellow, malleable as gold. 2. to yield, sink.

ഞെക്കുക (V1. ഞെൾക്കുക = ഞെരുക്കു) 1. to press, strangle (Tu. നക്കു). കഴുത്തു ഞെക്കുന്ന ദേഹരോഗം a. med. പിടിച്ചപ്പോൾ ഞെക്കീടാ ഞ്ഞാൽ prov. 2. to squeeze, crush. നഖത്തിൽ ആക്കി ഞെക്കിക്കൊന്നു (a louse); to make impressions with the thumb. ഞെക്കിപ്പഴുപ്പിച്ച പഴം പോലെ prov.; ഞെക്കിനോക്ക.

**ഞെട ńeḍa** (T. നെട) Sound of falling, crashing trees.

ഞെട്ടഞെട ഇടിപോലെ വില്ലിനൊലി RC., അടികൾ ഞെട്ടഞെട മുതുകിൽ ഏല്ലും Mud.

(ഞെട്ടുങ്ങുക B., No. see നട്ടു —).

ഞെട്ടക്കനേ പറക്കം MC. suddenly.

**ഞെട്ടുക ńeṭṭuγa** (fr. ഞെട) 1. To start up, tremble ഞെട്ടിയുണൎന്നു CG., TP. 2. to crash, burst. ഏല്പു ഞെ. V1. to become disjointed. ദിക്കുകൾ ഞെട്ടുമാറു Bhr., അകതാരിടം ഞെട്ടിതിരിഞ്ഞു കരഞ്ഞു Bhg.

VN. ഞെട്ടൽ starting, bursting കൊമ്പിൻ ഞെ. കേട്ടു തെററി.

ഞെട്ടാഞെട്ടങ്ങ (So. ഞൊട്ടാഞൊടിയൻ) an Impatiens, balsamina.

ഞെട്ടു 1. the footstalk of a leaf or fruit ഞെട്ടിലിരുന്നു പതിക്കും ഫലം പോലേ KR. ഞെ. കെട്ടതു GP 70. (S. വൃന്തം). 2. teat V1.

ഞെട്ടി (No.) = ഞെട്ടു 1.

ഞെട്ടിപ്പന a Sago-palm, — ക്കുറു Sago (No.)

CV. or freq. ഞെട്ടിച്ചുനിന്നുടൻ ആശ എല്ലാം CG. (= ദിക്കഞെട്ടി).

**ഞെണ്ടാഴക്കു** V1.= $\frac{1}{32}$ Nāḷi.

**ഞെമൻ** aM.= **യമൻ** (ഞേ. കോയില്ക്കൽ നടത്തും RC.).

**ഞെരിയുക ńeriyuγa** (T. നെ —, C. നര) To crack as under a weight, to crush, to be smashed മരം തിണ്ണം കലുങ്ങി ഞെ., പാരം ഞെരിഞ്ഞു പതിച്ചു CG., കൊമ്പു ഞെട്ടിഞെ. vu., എല്ലു ഞെരിഞ്ഞു മരിച്ചു Bhr. from an embrace. തുൺ പൊട്ടി ഞെ. Bhg., പൊട്ടിഞെരിഞ്ഞുള്ള ഒച്ച (of forest-fire). വീണു ഞെ. CG. a tired horse.

a. v. ഞെരിക്ക To quash, smash, as ചക്കിൽ —; മുറുക പുണൎന്നു അസ്ഥി നുറുക്കി ഞെരിച്ചു Bhr.; തിക്കിഞെരിച്ചു പുറപ്പെട്ടു RS. an army. ഞെരിച്ച പാകം crackling of something fried. ഞെരിയ വറുക്കേണം till it be crisp. — കണ്ണുകൾ ചുവത്തി കൈ ഞെരിച്ചു Bhr. cracked the

hand (mark of anger). തന്നുടെ കൈ ഞെരിച്ചട്ടഹാസം ചെയ്തു UR., കൈകളെ ഞെരിച്ചു തുടിച്ചധരവും KR.

VN. ഞെരിച്ചൽ crushing etc. [രുഞ്ഞിൽ).

ഞെരിഞ്ഞൻപുളി Cissus latifolia B. (see ഞെ

ഞെരിപ്പു T. M. (Te. നിപ്പു) fire. — ഞെരിപ്പൂതി a fire kindler, a Brahman cook, see നെരിപ്പു.

ഞെരിഭ്യം severely. ഞെ. അടിച്ചു, അവനെ ഞെ. അടിപ്പിച്ചു TR. നിരുഭ്യം (sic) അടിതന്നു TR.; so also കഞ്ഞനെ ഞെരിപെട്ടടിച്ചു, & ഞെരിപെട്ട TP. (so as to be smashed) — In V1. ഞെരിവട്ടം being overwhelmed with difficulties.

ഞെരുഞെര noise, as of biting something hard.

**ഞെരുഞ്ഞിൽ ńeruńńil** T. M. (C. നഗ്ഗില്ലു) Tribulus terrestris; prh. also Ruellia longifolia (ചെറിയ ഞെരിഞ്ഞിൽ). ഞെരിഞ്ഞമ്പുളി Begonia Malabarica, (B. Cissus adnata). ഞെരിഞ്ഞിൽവേർ med. GP.

**ഞെരുങ്ങുക ńeruńńuγa** (T. C. Tu. Te. നെ —) To be pressed, thronged, straitened. കടിയാന്മാർ ഞെരുങ്ങിപ്പോകും TR.

VN. ഞെരുക്കം (— രി —) straits, tightness; poverty. അരിക്ക കറേ ഞെ'മായി, ഇവിടെ ഇരിക്ക ഞെ. തന്നേ ആകുന്നു TR. difficulty. രാത്രി പോവാൻ ഞെ. TR. not safe.

a. v. **ഞെരുക്കുക, ക്കി** To press, compress, constrain, threaten. നികിതി തരേണം എന്നു ഞെരുക്കി TR. (= മുട്ടിച്ചു). — നേർ പറവാൻ ഞെ.

**ഞെറി ńeri** (C. Tu. നെരി) 1. Fold, tuck. 2. (T. M. നെറി) way. ഭീനെ ഞെ. യായി നടത്തി Ti. = വഴിക്കേ properly. അവൻെറ കാൎയ്യത്തിന്നു നല്ല ഞെറിയുണ്ടു = ചട്ടം, ക്രമം. (No.)

ഞെറിക്കോവ flounces or frills of Ola or flowers round the head, neck & waist of devil's-dancers in കെട്ടിയാട്ടം q. v.

ഞെറിയുക (V1. also ഞൊ —; see നെറി) to plait, to tuck or fold a cloth, esp. as for idols ഞെറിഞ്ഞു കൊടുക്ക; women ചേല ഞെറിഞ്ഞുടുക്ക V1. (mantr.), tucking in their cloth in folds on either side (So.) or in front (Cal.). എന്നുടെ ചേല ഞെറിഞ്ഞു തരേണം നീ CG. അരയിൽ നേരിയ വസ്ത്രം ഞെറിഞ്ഞുടുപ്പിച്ചു DN. — to wrinkle, frown. ഞെറിഞ്ഞു പുരികങ്ങൾ Mud. he knitted his brows. — so also ഞെറിക്ക, ഞെറിപ്പു V1.

**ഞെറുകൽ** B. — A peculiar sensation in the limbs announcing a sickness.

**ഞെറുമ്പൽ ńerumbal** Gnashing the teeth. ഞെറുമ്പിക്ക B. to gnash the teeth.

**ഞെററിയൽ ńetťiyal** (ഞെറി) Ripples, undulations as of a calm sea V1.

**ഞെവിണ്ടുക ńevinḍuγa** (C. നിവരി, Te. നിവുരി) & **ഞെമുണ്ടുക** To bruise between the fingers, to squeeze. (see ഞെമു — ).

**ഞെളിയുക ńeḷiyuγa** (Te. C. നിലുഗു, നിഗ്ഗു from നെട്ട, നിൾ) To stretch oneself, to strut. ഞെളിഞ്ഞു നടക്ക to walk affectedly, proudly. ആരും സമം ഇല്ല എന്നു ഞെളിഞ്ഞീടും Sah. ശിഷ്യപാലകൻ എന്നു ഭാവിച്ചിട്ടു ഒട്ടുമേ ഞെളിയേണ്ട കൃഷ്ണ SG. ഇന്നേറ ഞെ. Bhr. how proud today!

VN. ഞെളിവു overbearance അവളുടെ ഞെ'ം ഗൎവ്വവും വളൎന്നു KR., ഞെളിവരുതു സഭനട്ടവിൽ SiPu., ഞെളിവും വെണ്മയും ഇളെച്ചു Bhr.; also ഞെളിച്ചൽ.

ഞെളിയൻ V1. = അഹങ്കാരി.

**ഞെളിക്ക** B. To bend the body backwards.

**ഞെള്ളു ńeḷḷu** T. M. Imitative sound = ഞെട്ടു; bamboos splitting in a wrong direction ഞെള്ളിപോയി. [MR.

**ഞെഴുകു ńeḻuγu** = ഞെള്ളു f. i. ഞെഴക്കാട്ട N. pr.

**ഞേഞ്ഞോൽ ńēńńōl** (T. ഞാഞ്ചിൽ, M. നേഞ്ഞിൽ, Te. നാഗിൽ, C. നേഗിൽ, Tu. നായർ) 1. Plough-shaft ഞേ. നുകത്തോടു ചേൎത്തു കെട്ടി (Cann.). 2. = മുസലം a weapon, prh. ploughshare, Bhg. 3. a constellation മുഴക്കോൽ rising in Dhanu an hour after sunset & indicating the time for treading the wheel previous to sowing (see ചക്രം ചവിട്ടുക).

**ഞേട്ട ńēḍu** B. No. A cuff on the head.

ഞേട്ടുക v. a. So. & No. = മേട്ടുക, id. with closed fist. [racking.

**ഞേൺ ńēṇ** (ഞെളി) Stretching the body;

ഞേലുക ńēluγa (C. Tu. നേ—, C. ജോലു) To hang as an ornament, to be dejected, ഞേന്നു മരിക്ക = ഞാന്നു; കക്കുവാൻ പഠിച്ചാൽ ഞേലു വാൻ പഠിക്കേണം prov.

v. a. ഞേത്തുക, better ഞേററുക To let dangle, as a ചെണ്ടു tassel. കുട്ടിയെ ഞേത്തി കൊണ്ടു നടക്ക to carry negligently. മുണ്ടു ഞാ ത്തി (So.) or ഞേത്തി (No.) ഉടുക്ക to wear the cloth down to the ankles.

ഞേററം, vu. — ത്തം ornamental hangings (= ഞാലി).

ഞേറൽ No. = ഞാറൽ.

ഞൊാങ്ങ = ചൊങ്ങ 2. a crooked hand.

ഞൊാങ്ങണം see നൊ—.

ഞൊടി ńoḍi 1. = നൊടി Snap of fingers V1. 2. a plant കരിഞ്ഞൊട്ടി (comp. p. 210) Samadera pentapetala, Rh.

ഞൊട്ട (& നൊ—) cracking the joints of the fingers, So. ഞൊട്ട ഒടിക്ക, പൊട്ടിക്ക V2.

ഞൊട്ടാഞൊടിയൻ see ഞെട്ടാ—.

ഞൊത്തുക ńottuγa To pull with one fruit a second (as children in play), loc.

ഞൊറി So. = ഞെറി. [Nid 22. = കേല.

ഞോള ńōḷa (No. നോള) Saliva. ഞോള ചാടുക

# ട ṬA

ട and the other linguals are hardly found as initials in Mal. words.

ടങ്കം ṭaṅgam S. 1. Stone-cutter's chisel. 2. mace = വെണ്മഴു, (ടങ്കകരംഗവും എടുത്തിട്ടു HNK.)

ടങ്കണം ṭaṅgaṇam S. Borax (H. ṭaṅkār = പൊ ങ്കാരം).

ടങ്കാരം ṭaṅgāram S. (Onomat.) Twang of a bowstring, ഞാണൊലി, vu. ഡങ്കാരം q. v.

ടപ്പാൽ H. ṭappāl, & തപ്പാൽ Post; relay of bearers. (Mahr. ടപ്പാ stage). — ട'ച്ചാവടി post-office; ട'ക്കാരൻ a post-man; ട'ക്കൂലി etc.

ടാപ്പു ṭāppu (loc.) List, catalogue.

ടിക്കാനം see ഠി—.

ടിട്ടിഭം ṭiṭṭibham S. A lapwing. ടി'ത്തോട്ട ക ലഹിച്ചു PT. — fem. ടിട്ടിഭി PT. 1. = കുളക്കോ ഴി Tantr.

ടിപ്പു ṭippu A little box, = ചെപ്പു, ചിമിഴ്.

ടീക ṭīγa S. A commentary, glossary.

ടേക്കലം N. pr. വേക്കലം Becal, on old maps Decla, ടേ'ത്ത് ഇരിക്കുന്ന പാളയം ചുരുക്കം TR.

ടോപം = ആടോപം Pride, being puffed.

# ഠ ṬHA

ഠകാരം ṭhaγāram A small principality is compared to the letter (ഠ. പോലെ).

ഠാണ H. ṭhāṇā (സ്ഥാനം) Place, station പാ ളയം ചെന്നു ചുഴലി നമ്പ്യാരുടെ ഠാണയങ്ങളിൽ ഒക്കയും ഇരുന്നു TR.

ഠായം ṭhāyam A kind of song? ഠാ'ങ്ങൾ ഗീതം അപി നാമപ്രയോഗം HNK.

ഠിക്കാനം H. ṭhikānā Fixing; firm; abode.

ഠിപ്പു (H.?) N. pr. Tippu ഠി. സുൽത്താൻ also ടിപ്പു & ഢിപ്പു TR.

# ഡ DA

ഡങ്കാരം = ടങ്കാരം, as കോദണ്ഡം തന്നുടെ ഡങ്കാരം CG. (sic). — ബാണാസനത്തിൻെറ ഡങ്കാരഘോഷം Nal.

ഡമരു ḍamaru S. A small drum shaped like [an hourglass.

ഡംബരം ḍambaram S. (see ആഡ —) Riot, grandeur, pomp. ഡ. കൊണ്ടു മുഴങ്ങിത്തുടങ്ങി (clouds); അംബുജൻ തന്നുടെ ഡ. പോക്കാം നിൻപാദം CG. pride. ഡംബരം തവ ശമിക്കും ആഹവേ CC. ഡ'മോട്ടു പല രസസംഗമം ChVr. imposing union of all sources of delight.

ഡംഭം ḍambham Tdbh. of ദംഭം, Ostentation, arrogance ഡംഭാതിരേകം HNK. Generally ഡംഭു, as അസുരക്കു ഡംഭു കളവാൻ Anj. ഡംഭൻ a pompous person, also ഡംഭി. — denV. ഡംഭിച്ചിരിക്ക. to swagger.

ഡലായിത്ത് ḍalāyit (H. ḍhalayit) A peon ഡലായിതനം TR.

ഡവാൽ (H. ḍūāli) A belt = പട്ട.

ഡവുൽ (H. ḍaul, shape) & ഡൌൽ An estimate.

ഡാക്ക 1. H. ḍākū, Robber. 2. H. ḍāk, the post, "Dawk", (S. ധാവകൻ).

ഡാഡിമം ḍāḍimam S. (& ദാ —) Pomegranate tree. ഡാ. തന്നുടെ നല്പഴം പൈങ്കിളി കൊത്തി CG.

ഡിണ്ഡികൻ എന്നൊരു മകപണം PT.; also: ഡിങ്കിരാതൻ Mud. merely a N. pr.

ഡിണ്ഡിമം ḍiṇḍimam S. A drum, മണ്ഡു ഡിണ്ഡിമം KR.

ഡിംബം ḍimbam S. Tumult. [PT.

ഡിംഭൻ ḍimbhaṅ S. Babe; fool ഖരഡിംഭൻ

ഡില്ലി H. dilli & ഢില്ലി, ഡില്ലി Delhi ഡി. യിൽ മീതേ ജഗഡില്ലി (old D.) prov. ഡില്ലിപ്പാൎശാവു the Mogul Padishah.

ഡുണ്ഡുഭം ḍuṇḍubham S. Amphisbæna (= ചേര) ഡു. ഓരോന്നെ മേനിയിൽ ചുററി അണ്ഡം കടിക്കും CG. (in hell); also ഡുണ്ഡുഭൻ.

ഡേരാ H. ḍērā A tent (കയമ Ar.)

ഡോമ്പർ ḍōmbar M. Tu. C. Tumblers, rope-dancers. Arb. (S. ഡോംബ).

ഡോളി H. ḍōlī (S. ദോല) A litter, "Dooly."

ഡോളായമാനം T. M. like a swinging cot, fluctuating.

ഡോളായന്ത്രം (med.) a vessel hung over the fire by a string for boiling water, etc. ഡോ. കെട്ടുക Tantr.

# ഢ DHA

ഢക്ക ḍhakka S. & ഇടക്ക A large drum, double drum ഢക്കാമൃദംഗതുടിതാളങ്ങൾ HNK.

ഢമാനം ḍhamānam & ടമാനം V1. Kettle-drums, beaten before princes. ഢമാനടിക്ക.

ഢാലം ḍhālam S. A shield.

ഢില്ലി see ഡില്ലി.

# ണ ṆA

ണ Sign of one anna (രണ = 4 As.).

ണത്താർ ṇattār = നൽത്താർ, in alph. song. ണത്താരിൽമാനിനി Laxmi HNK.

ണത്വം The quality of the letter ണ; ണത്വം വരും പരിച്ചു HNK.

# ത TA

ത represents the other dentals (വീഥി — വീതി, ഥളം — തളം, ദ്രോണി — തോണി, ധരിക്ക — തരിക്ക) and സ (സൂചി, തുശി); also ശ (ശ്രീ — തിരു). It passes over into sibilants, as പിത്തള — പിച്ചള, മൃത്തു — മുസ്സു. Final ത is pronounced ൽ, as സത്ത് — സൽ, ആത്മാവ് āltmāvu.

**തക taγa** 1. a M. = തവു; Raw flesh, as in a wound, തക വിറെക്ക V1. (aC. തഗെ firm). 2. തകതക beating time (= താളഭേദം).

**തകട taγaḍu** a M. = തകിട.

തകടി broad, plain; table-land (So.), തകടിപ്പുറം B. — തകടിപ്പുൽ a grass.

**തകത്ത് Ar. takht,** A throne തകത്തു നരിയുടെ കോലമായിട്ടുണ്ടാക്കി Ti.

**തകപ്പൻ taγappan** T. A father = തന്ത.

**തകര taγara** T. M. C. Cassia tora, the leaves eaten by the poor. ത. വിത്തു, കുരു med. തകരയരി അരിഞ്ഞു കൊണ്ടു വറുത്തു വേതു കൊൾ്ക a. med. — Kinds: കാട്ടുത. Indigofera hirsuta, കരിന്ത. & മലന്ത. Pterocarpus marsupium, Rh. (കരിന്ത. ത്തൊലി a. med.), പൊന്നാംത. & പൊന്ത. Cassia sophera, വെൺത., വലിയ ത. Cassia glauca.

**തകരം taγaram** 1. M. C. Te. Tin; tinned iron plate (T. lead). 2. (see തകരൻ under തകരു) a big branch ഫലം ഒന്നു കഴിച്ചു മണ്ണിൽ ഇട്ടാൽ പല കൊമ്പും തകരങ്ങളും വിളങ്ങും CC. 3. Tdbh. തഗരം S. Tabernæ montana coronaria ത. ശീതം, തകരപ്പൂ GP.

തകരക്കാരൻ (1) a tinman.

**തകരുക taγaruγa** T. M. (C. to detain) fr. തകർ T. C. Tu. Te. ram, male animal. — v. n. To be crushed, smashed മണ്ഡടം പൊട്ടി ത., ഫലങ്ങൾ ഉടഞ്ഞു തകൎന്നു Bhg., കാളകൾ കുത്തി തകൎന്നിട്ടു ധൂളി എഴുന്നു CG.

തകരൻ huge, powerful, as a man, boar, etc. തകരൻമഴ strong rain.

v. a. തകൎക്ക 1. To smash, crush, demolish കുംഭം തകൎത്താൻ CC., ഗോപുരകയെ വാരിധി വന്നു തകൎത്തു CG., നല്ല മതിലും കിടങ്ങും ത. Si Pu 2., ശാല തകൎത്തു Sah. 2. v. n. to be noisy, to play boisterously കുരങ്ങുകൾ ചാടി തകൎക്ക PT. തകൎത്ത അടി, മഴ, കലഹം a hot fray, etc. തകൎത്ത പണി എടുക്ക No. = തകൃതി to strain every nerve. ചില വൎദ്ധിച്ചു ഫലങ്ങളും തകൎക്കും CC. break forth in great number.

VN. I. തകൎച്ച breaking in pieces.

II. തകൎപ്പു loud noise, great profusion. ശാക്തേയത്തിന്റെ ത. the great day of śakti worshippers.

**തകറാർ Ar. takrār** (as if fr. prec., also തകരാറു) 1. Altercation, wrangling. ത'റാക്കി disputed fiercely. കുടികൾ ത'റായി പറയുന്നു, ഏറിയ ത'ർ പറയുന്നു TR. object strongly. ത. പറഞ്ഞു നില്ക്കുന്നു etc. 2. quarrel ത. തീൎത്തു TR. settled. നാട്ടു തകറാരായി പോകും Ti. will revolt.

**തകല taγala** & തവല 1. A small cooking vessel. 2. (loc.) a sea-gull.

**തകഴി taγaḻi** (T. earthen lamp) 1. Plaster = തഴകി. 2. a granule B.

**തകിട taγiḍu** (C. Tu. Te. T. തകട V1.) Thin metal-plate, spangle; പൊന്ത. etc. gold-leaf, ഹാടകത്തകിടിട്ടു മൂടിയ മണിസ്തംഭം KR. — ത. അടിക്ക to beat out.

തകിട a copper leaf written over & worn as amulet.

തകിടം മാറുക B. to exchange, misapply; തകിടം മാററം misappropriation (prob. drum = തകിൽ f. i. തകിടമിഴാവിൻ ഓശ കേൾ്ക്ക Pay.)

തകിട്ടുവൈരം a flat diamond.

തകിടി 1. see തകടി 2. imitative sound of drumming തകിടിടി തകിടിടിന വാദ്യമുഴക്കം Pay.

**തകിൽ taγil** (a T. തവിൽ) Kettle-drum (comp. തകിടം & തകിടി). — നൽതകിൽ KR. തകിൽ മുരച്ചു KU. ഒററയും തകിലും (= വിശേഷവിരുതു) KU.

തകിൽക്കാരൻ V1. a drummer.

**തകു tayu** T. C. Te. a M. Defect. V. to be fit, suit മണം തകും മലർക്കുഴൽ RC. — (തൻ കൈയേയല്ലോ തനിക്കുതകു CG. prob. = ഉതകു). — തകുവോർ RC., ഉപമതകും Bhr. comparable. പറവ അതിശയിക്കും നടതകും തേർ RC.

Past part. തക്ക fit തക്കൊരു യോഗ്യമായുള്ള വാക്കുകൾ KR.; തക്കത് എന്നു ബോധിച്ചു saw fit. TR., കണ്ണും അറുപ്പതു തക്കതിനി Bhr. (= നല്ലു). — Chiefly with Dat. ശക്തിക്കു തക്കവാറു as far as possible. കേടിന്നു തക്കവാറു കാച്ചുക a. med. to cauterize according to the extent of the evil. So: സാമൎത്ഥ്യത്തിന്നു തക്കപോലെ Arb., അതിന്നു തക്കൊരു ശിക്ഷ due, കേൾപ്പാൻ തക്ക പാത്രം Bhr.; മുക്തിക്കു തക്കൊരുപദേശം HK., മൊഴിക്കു തക്കതു വ്യവഹാരഗതി KR. proportioned.

തക്കവണ്ണം according to, so as to suit. With 2nd adv. & Dat. വയസ്സിന്നു ത'മുള്ള പാകം a. med.; അറിവാൻ ത. ചൊല്ലി UR.; നില്പാൻ തക്കോണം, സങ്കടം തീരുവാൻ തക്കവഴിക്കു TR.; also with Neg. ഒന്നും വരാതെ തക്കവണ്ണം TR. — With Inf. തരത്തക്കവണ്ണം, നടക്കത്തക്കതിൻവണ്ണമാക്കിത്തരിക TR. to enable to walk.

തക്കവൻ suitable, proper ദുഃഖം സഹിപ്പാൻ ത. Bhr. ത'ക്കു തക്കവണ്ണം പറകൊല്ലാ prov. — f. തക്കവൾ with I. കടി 1. a good housewife. — n. തക്കതിനുതക്കതു f. i. companion; requital etc.

VN. തക്കം (also from തങ്ങുക) fitness, esp. convenient time നാടടക്കീട്ടുവാൻ ഇന്നു നമുക്കു ണ്ടുതക്കം SiPu.; ഇടത്തക്കം leisure. പടത്ത., വേലിത്ത. V1.; തക്കത്തിൽ PT. in a good time. തക്കത്തിൽപിടിക്ക Mud. cleverly. ത'ൽ സൂക്ഷിച്ചുനോക്കി Nal. lying in wait. പടക്കേപോകേണ്ടതിന്നു ത. കുറഞ്ഞു പോയി wind less favourable. പൎവ്വതകനോടു പറവാൻ തക്കമില്ലാതേ വന്നു Mud. — തക്കക്കേടു unseasonableness. — തക്കം ഓൎത്തു Bhr. considering the fair occasion. — തക്കം നോക്കി watched for an opportunity.

**തകൃതി tayṛti** (തകക്ക 2.) 1. Profusion ത. യായ്ക്കുഴിക്ക to live splendidly. ത. പാടുക B. to provide abundantly. പണി തകൃതി ആകുന്നു Palg. — Cal. to be heart & soul in work. 2. boast. ത. പറക to talk big. ത. പുലിശ തടവിന്നാകാ, തവിട്ടു തിന്നാലും ത. കളയരുതു prov. magnificent manner.

**തക്ക takka** 1. see under തകു & തക്കുക I, 3. 2. T. C. M. What is placed in the ear instead of an ornament, ivory, wood, etc.

**തക്കാരം takkāram** Tdbh., സല്ക്കാരം Entertainment, Palg. V1. ത. പറഞ്ഞു രസിപ്പിച്ചു coaxed him. — തക്കാരി B. a flatterer.

denV. തക്കരിക്ക = സല്ക്കരിക്ക, f. i. വെററിലത്തക്കാരം തക്കരിച്ചു TP.

**തക്കാവി** Ar. taqāvi, Assisting, chiefly with advances for cultivation ത. യായി കൊടുക്ക gratis.

**തക്കാളി takkāḷi** T. M. C. Physalis. ത. പ്പഴം brazilian hill-berry. — Kinds: കരിന്ത. GP62., പേത്ത Solanum lycopersicum, മണത്ത. Solanum nigrum. മുളകുത്ത. (red as Cayenne-pepper) Palg. Solanum esculentum, Tomato.

**തക്കിടി takkiḍi** C. Tu. M. (Te. തക്കെട T.) Scales; cheating in weighing. ത. കൊണ്ടു കഴിക്ക to live by fraud. ത. പറക to detain or impose with excuses, etc.

തക്കിടിക്കാരൻ a rogue, തക്കിടിയൻ Arb.

തക്കിടിമുണ്ടൻ B. a dwarf.

I. **തക്കുക, ക്കി takkuya** (C. to stumble) 1. To stammer, hesitate (തങ്ങുക 3., കക്കുക). തക്കിത്തക്കിപ്പോക to go most cautiously. 2. to press on. തക്കിച്ചോദിക്ക to interrogate closely V1. മുലപ്പാൽ തക്കിക്കളക V2. to flow spontaneously. തൽപ്രയത്നേന — ദശാനനൻ തക്കിനാൻ യുദ്ധം ചെയ്യു KR. continued to fight. 3. T. (C. Te. ദക്ക) to be obtained, hence ഒക്കത്തക്ക. (p. 173).

II. **തക്കുക** or **തയ്ക്കുക, ച്ചു** V1. (T. തൈക്ക) To strike തുടെക്കു ഒന്നു തച്ചു, തപ്പാൻ പഴുതു നോക്കി Bhr. in fencing നഗരത്തിൽനിന്നു തച്ചാട്ടി, തച്ചുകൊല്ലേണ്ടു Mud. കൊള്ളികൊണ്ടു

അവനെ തപ്പാൻ ഓങ്ങി TR. അമ്പലം തച്ചുടെച്ചു നിരത്തി Ti.; പുരപ്പുറത്തു തച്ചുകെട്ടുത്തു robbers breaking thro' the roof. തച്ചുപൊളിച്ചു TR.; കോട്ടയും തച്ചുതകൎത്തു KU. — to beat oneself തച്ചലച്ചു കരഞ്ഞു TR. (women) — ഉടമ്പിൽ കണ്ണ തച്ചുനിറെച്ചു RC. hit.

**തക്കുറി takkuṛi** A fixed term (തൽ or തക്കകുറി).

**തക്കോലം takkōlam** T. M. C. (S.?) Illicium anisatum, the berry with an aromatic oil (തക്കോലപ്പുട്ടിൽ GP 76.) & perfume made of it.

**തക്രം takram** S. Buttermilk, തക്രധാര med.

**തക്ഷകൻ takšaγaǹ** S. (തക്ഷ് to pare) 1. Carpenter പെരുത്ത വൃക്ഷതക്ഷകൻ KR. 2. N. pr. a Nāga, Bhg.

തക്ഷൻ id.; Tdbh. തച്ചൻ. — തക്ഷശിലാഖ്യംപുരം Bhr. Taxila, capital of the Gandhāras.

തക്ഷാവു id. മാനവന്മാരുടെ ത. നല്കിന നൽസഭ CG.

**തങ്ക taṅga & തങ്കച്ചി** T. (C. — ങ്കി, Tu. തംഗഡി, fr. തൻ) Younger sister; wife of a Sūdra Rāja, also തങ്കമ്മ.

**തങ്കം taṅgam** T. M. 1. Pure gold. ഊതിക്കഴിച്ചൊരു തങ്കത്തിനേക്കാളും ആധിക്യം Nal. ത. പൂശുക to gild. ത. ഇടുക, വെക്ക to enamel. തങ്കപ്പണി, തങ്കവേല work in gold. തങ്കക്കട്ടി, തങ്കവാളം ingot of gold. തങ്കക്കാശു a Ducat. 2. (Tdbh. സംഗം) love, affection അവനോടു വളരെ ത. — also denV. അവനോടു തങ്കിച്ചിട്ടു from love for him.

തങ്കാഞ്ഞി N. pr. of men.

**തങ്കരിക്ക taṅgarikka** Tdbh., സംഗ്രഹിക്ക To lay in a stock.

തങ്കാരം preparation.

**തങ്കിന** see തങ്ങുക 2.

**തങ്ങ് P. taṅg** (C. Tu. ടംഗു & ത.) Girth of a horse.

**തങ്കെയം** No. vu. = സങ്കേതം.

**തങ്കേതം** = സ. f. i. തളിയും തങ്കേതവും KU.

**തങ്ങൾ taṅṅaḷ** (aM. T. താങ്കൾ) pl. of താൻ. 1. They themselves തങ്ങളിൽ തങ്ങളിൽ നോക്കിത്തുടങ്ങിനാർ CG. വൃന്ദം തങ്ങളെ വന്നു പോന്നാർ Bhr. the flock returned by itself (without the cowherd). തങ്ങളെ പോന്നു വന്ന യോഗസിദ്ധികൾ Bhg. unsought. 2. you (hon.); often താങ്ങൾ. 3. honorary title of Head-Brahmans KU. — വാസുദേവൻ ത. തമ്പുരാൻ MR. also a Sūdra distinction. — the Muhammedan high-priest at Ponnāni (descendant of Ali); head-priest in each Mosque. കറുങ്ങോട്ടു താ. തമ്മതിച്ചു തന്നു TR.

**തങ്ങുക taṅṅuγa** T. M. (C. Te. തക്കു) 1. To stop തങ്കഴൽ തന്നിലേ തങ്ങിക്കൊണ്ടാൻ CG. at his feet. മൃത്യും തങ്ങുന്ന പാത്രം Nid. 2. (= തക്കുക I, 3.) to come into possession, to be there കൊങ്കകളിൽ തങ്ങിയ കങ്കുമച്ചാർ, പൂമണം തങ്ങിന തെന്നൽക്കിടാവു CG. In po. often തങ്കിന = ഉള്ള f. i. വമ്പു തങ്കിന മാരുതി RC. (& വമ്പുതങ്കം മാമരം RC.). ഉറുതി തങ്കിന കണ്ണിപ്പറമ്പു Anj. കാൎതങ്ങും ആകാശം CG. 3. to be entangled (ജടയിൽ ഒരു മുത്തു തങ്ങിപ്പോയി); to be arrested in the midst of progress. (കായി വീണു മരത്തിൽ തങ്ങിപ്പോയി caught in the branches). തങ്ങിപ്പറക = തക്കിപ്പറക to stammer.

Hence: VN. തങ്ങൽ rest, shelter, So. (& തക്കം).

തങ്ങാരം support, stay.

CV. തങ്ങിക്ക to delay, stop. മക്കളെ ഇല്ലത്തു തങ്ങിച്ചു Mpl. song (made to stay). — see താങ്ങുക.

**തചാ taša** T. aM. = തക, മശ Proud flesh. തചെക്കം അറ്റു തേക്ക a. med.

പരിപ്പു parippu̥, T. പരുപ്പു (പരു) 1. Peas, pulse skinned in water, halved & dried അവരപ്പു., തുവരപ്പു. etc. പരിപ്പുകഞ്ഞി soup of peas & rice. പരിപ്പുകാരൻ a cook. 2. So. seed, kernel of corn = പരൽ q. v., No. the kernel in fruit-stones of Dicotyledons, അണ്ടിപ്പരിപ്പു.

പരിപ്പുചീര Chenopodium album.

(I. പരി): പരിപ്ലുതം S. drenched, suffused ആനന്ദബാഷ്പപ'തനേത്രനായി AR. (part. pass.).

പരിബൎഹം S. = പരിഛദം, luxuries, insignia.

പരിഭരിക്ക S. to rule, VetC.

പരിഭവം S. 1. contempt, slight പരിഭവവാക്ക, പ'മായിട്ടുള്ള വാക്കുകൾ TR.; ഓരോ പ. ഞങ്ങൾക്കകപ്പെട്ടീച്ചു affront. ഞങ്ങൾക്കു പ. ഉണ്ടാക്കി Bhr. put to shame. പ'ത്തോടേ ചൊന്നാൻ KR. mortified. 2. whatever demands satisfaction. പോരും പ. VetC. I am punished enough. ധന്തപ. തീൎത്തുകൊൾ്വാൻ RC.; പ. മാനിച്ചു പോകുന്നുണ്ടു Mud.; മനസ്സിൽ തിങ്ങിന പ. എല്ലാം കളയുന്നു KR.; മനസി വളരും പ. അകററുവാൻ Bhg.; പ. ഇന്നു തന്നേ തീൎക്കുന്നുണ്ടു, പ. വീളുക Bhr. to take honorable revenge. പ. ചെയ്തു V1. to give satisfaction.

denV. പരിഭവിക്ക 1. v. n. to be offended, അതിന്നു പ'ച്ചു (huntg.) was wroth. കിട്ടാഞ്ഞു പ'ച്ചു പുറപ്പെട്ടു SiPu. mortified. എന്നോടു പാരം പ'ച്ചു PT. scolded me. 2. v. a. to humble, vilify, defeat. പരിഭവിച്ചോരോ പരുഷം ചൊല്ലി KR. taunted. വേണാടടികളെ പ'ച്ചു KU.

part. pass. വനചരന്മാരാൽ പരിഭൂതനായേൻ Bhr. overcome by jungle-dwellers.

പരിഭാഷ S. explanation; (mod.) translation ശ്ലോകം പ. യാക്ക.

പരിഭാഷണം S. reproof; taunt, V1. 2.

പരിഭൂതം S., see പരിഭവിക്ക.

പരിഭൂതി = പരിഭവം.

പരിഭ്രമം 1. S. turning round. 2. (mod.) flurry, hurry, distress of mind.

denV. പരിഭ്രമിക്ക 1. to err about കാനനേ പ്'ച്ചീടുക Nal2. 2. to be flurried, confused, loose one's wits V1.

പരിഭ്രാജിതം S. radiant CC. = ശോഭിതം.

പരിമണം aM. = പരിമളം, as പ. ആളും മാലേയം RC. [T. പരുമൽ

**പരിമരം** aM. (പരു?) the yard of a ship V1.,

(I. **പരി**): പരിമളം S. (മളം prh. = മണം) fragrance അഗരുചന്ദനം എറിഞ്ഞ ധൂമത്തിൻ പ. കൊണ്ടു നിറഞ്ഞെല്ലാടവും KR.; നിൻെറ തിരുമൈ പ. പരന്നു Bhr. (= സൌരഭ്യം). — പരിമളക്കുഴമ്പു, പ്'ത്തൈലം etc. fragrant ointment.

പരിമളപ്പെടുക B., also പരിമളിക്ക denV.

പരിമാണം S. (മാ) measure; exact amount തുക്കത്തിൻെറ പരിമാണസംഖ്യകൾ VyM. specified weight of each piece. ഏകദേശാന്തരത്തിൻെറ പ്'ത്തെ അനുമിക്കാം Gan. (= പരമിതി).

**പരിമാറുക parimāruɤa** T. M. (പരി way, or as in C. paridādu, Tu. pariātane, the S. adverb: about) & പരുമാറുക. 1. To go about, revolve as the sun ആദിത്യൻ പരുമാറും മാനസോത്തരത്തിങ്കൽ Bhg5. To turn about in fencing വട്ടത്തിൽനിന്നു പരുമാറിയും ഗദ തട്ടിയും Bhr. To wander about അല്ലലെന്നിയേ പരുമാറിയ ലിംഗംബരൻ Bhg.; രഥം ഏറി നഗരിയിൽ നീളേപ്പെരുമാറിനാൻ Brhmd. after coronation drove through the town. തേരോടു താൻ പരുമാറിനാൻ RC. strayed. പലതാൽ മെയ്യെല്ലാം ഉലയപ്പരുമാറി RC. 2. to have free intercourse, chiefly പെരുമാറുക, as ആ വീട്ടിൽ പെ. യും ആ വീട്ടിൽ ഉള്ളവർ ശേഷമുള്ള വീട്ടിൽ പെ. യും TR. 3. v. a. to use anything കടലിൽ പരുമാറുന്ന തോണിയും വലയും MR.; മസ്സായ വസ്സു വല്ലതും പെരിമാറിയ പ്രകാരം കാണുന്നില്ല (jud.); കണ്ടത്തിലും പറമ്പത്തും പരിമാറിക്കൊണ്ടിരിക്കുന്ന സാമാനങ്ങൾ TR.; പണയം എടുത്തു പ്'റരുതു VyM.

VN. പരിമാററം 1. moving about. പരു'വും കേട്ടാനില്ല Bhg. one cannot hear her step. കണ്ണൻ രാപ്പെരുമാ. നടന്നു തുടങ്ങിനാൻ CG.; ആൾപ്പെ. ഇല്ലാത്ത നിലം V2. a retired spot. 2. intercourse, dealings, trade V1. തങ്ങളിൽ പെ. ഉണ്ടു. 3. use, employ, So.

CV. പെരുമാറുക to send abroad. അശ്വങ്ങൾ പെരുമാറി അവനിയിൽ അശ്വമേധങ്ങൾ ചെയ്യു RS. letting them wander freely.

**പരിമി parimi** So., (T. പരുമൻ large). A large round basket.

(I. **പരി**): പരിമിതം S. measured, abridged.

പരിമിതി = പരിമാണം, as ദശയോജനാപ. കലന്ന AR5. (= 10 Yojana wide).

പരിമിളിതം S. well united. തങ്ങളിൽ പ്'തസ്സുകൃതം ഇടചേൎന്നു Nal. in connubial happiness. (part. pass.)

**പരിയം pariyam** T. M. Tdbh.; സ്പൎശം "connection". 1. The back part of a house വീട്ടിൻെറ പയ്യമ്പുറത്തു Arb. പരിയത്തിരിക്ക to be about the house. പരിയത്തു പോക to ease nature (in the garden). [in Palg. also കൊല്ല the yard round a house as far as it is closed in by a small mound, with the exception of its front part]. 2. T. loc. a token given by the bridegroom to the bride V1. പച്ചോടത്തിന്നു പരിചം ചെയ്യു at a Tiar marriage. നാലാൽ പ. (എണ്ണ, വസ്ത്രം, അന്നം, പണം); connections are then called നുൽപ്പ., കഞ്ഞിപ്പ., പണപ്പ, etc.

പരിയപ്പെടുക (1) to be in bondage.

പരിയപ്പാടു slavery B.

**പരിയങ്കം** Mud. = പൎയ്യങ്കം.

**പരിയാരത്തവർ** Tdbh., see **പരിചാരം**, **പരിവാരം**.

(I. **പരി**): പരിരക്ഷ S. preservation. — ഭൂപ. SiPu. government.

denV. നീ അവനെ പരിരക്ഷിച്ചു KR. saved.

പരിരംഭണം S. embrace യാത്രയും ചൊല്ലി പ. ചെയ്യു, വിസ്മിതമായ പ. ചെയ്യു KR.; also പരിരംഭം in ഗാഢം പരിരംഭസംഭാവനം Nal.

പരിലസിതം S. surrounded അഖിലഗുണപരിലസിതവിഭവൻ VetC. (part. pass.)

പരിലാളിക്ക S. to caress ചെവ്വോടേ പ്'ച്ചു Bhr.; നന്ദനനെ പ. Bhg.

**പരിവട്ടം parivattam** T. aC. M. & **പരുവട്ടം** (പരിവൃത്തം). 1. Royal garments പരു. നന്നായിഅലങ്കി Arb.; കച്ചപ. ചാൎത്തുക V1. a prince to dress for fencing. പുടവ പരുവട്ടം, contr. പൊടപറുട്ടം dress of princesses, etc. 2. a sacred turban T. C. 3. reward പ. ചെയ്ക, കൊടുക്ക V1. 2.; പ. കിട്ടുക a king to achieve a victory V1.

(I. പരി): പരിവൎജ്ജിക്ക S. to put aside, turn out; kill, V1.

പരിവൎത്തം S. 1. a revolution as of the sun. 2. the end of 4 ages, കല്പാന്തരം. 3. barter VyM., also പരിവൎത്തനം.

denV. പരിവൎത്തിക്ക to revolve; barter കഷ്ടവൃത്ത്യാ പ. Bhg. to live.

പരിവൎത്തി, see പരിവൃത്തി.

പരിവാദം S. blame, bad report, calumny പ'ങ്ങൾ കൊണ്ടു നേർ ഒന്നും തിരിയാതേ VCh. (a king).

പരിവാരം S. what surrounds, retinue, suite പ'ങ്ങൾ കേണു Sil.

പരിവാഹം S. overflowing; water-course പ'ഹോദരത്തിൽ KR. [Love V1.

**പരിവു parivu** T. aM. (പരിയുക or പരിയം)

(I. പരി): പരിവൃഢൻ S. (വഹ് surrounded) a Lord, prince മനുജപ. VetC.; മനുജപ'ഢചരണയുഗളം AR.

പരിവൃതം S., (പരിവാരം) encompassed.

പരിവൃത്തി S., (പരിവൎത്തം) exchange; time വ.ഹ പ. AR. 21 times = ഉരു, പ്രാവശ്യം.

പരിവേദം & പ'ദനം S. 1. full knowledge. 2. anguish (or = പരിദേവനം), സോദരിയുടെ പരിവേദശാന്തി വരുത്തിനാൻ ChVr.

പരിവേഷം S. a halo (= പരിധി), ഘോരപ. ഉണ്ടായി സൂൎയ്യനു KR. (bad omen). ആദിത്യചന്ദ്രന്മാൎക്കുള്ള പ'ങ്ങൾ പോലേ Nid.

പരിവേഷ്ടിതം S. surrounded, tied round രജ്ജുപ. Bhg. [devotee.

പരിവ്രാജകൻ S. (& പരിവ്രാട്) a mendicant

**പരിശം**, see **പരിയം**.

(I. പരി): പരിശാന്തി S. quieting; remedy, relief മോഷപരിശാന്തി Bhg.

പരിശീലനം S. continued occupation with, ജ്ഞാനശാസ്ത്രപ. KeiN. study.

പരിശുദ്ധം S. quite pure, പ'രാം ഭക്തിവസ്തുംBhg. പരിശുദ്ധി purity, മുഴുകിപ. വരുത്തി KumK.

പരിശുശ്രൂഷ S. perfect obedience or loyalty. ഭരതനുടെ പ. KR. service. നരപതിയുടെ പ. ചെയ്തു KR.

denV. ഭൎത്താവെ പരിശുശ്രൂഷിച്ചു തോഷിപ്പിച്ചാൽ KR.

പരിശേഷം S. the remainder; കഥാപ., കഥിത പ. Bhr. [alone.

denV. നിങ്ങൾ പ'ഷിച്ചീടും you will remain

പരിശോധിക്ക S. 1. to correct. 2. to examine (mod.). റിക്കാട്ടുകൾ പ'ച്ചു searched. സംഗതിയെ കുറിച്ചു പ'ച്ചു MR. investigated. വിവരങ്ങളെ പ. to verify the entries.

പരിശോഭിക്ക S. to shine or please അരാജകമായ രാജ്യം പ. യില്ല KR.

part. pass. പരിശോഭിതജഘനം AR.

പരിശ്രമം S. continued exertion; fatigue, Nal. രണപരിശ്രമൻ VCh. exercised in war.

denV. എപ്പേരും മഹീഭാരമാക്കി പരിശ്രമിച്ചീടും KR. will labour.

CV. യുദ്ധത്തിൽ സുഖമേ പരിശ്രമിപ്പിച്ചിതു Bhr. exercised.

പരിശ്രാന്തൻ tired, Brhmd.

പരിശ്രവിക്ക = ശ്രു — to hear, Bhg.

**പരിഷ pariša** 5. Tdbh.; പരിഷൽ. 1. An assembly, assemblage ഒരു പ. കാൎയ്യംകൊണ്ട് ഇടയാട് ഉണ്ടായി TR. as about a lottery. 2. any set or class of people ഞാനും എൻ പ. യും Anj. I & my caste-friends. ഗ്രാമത്തിൽ വലിയ പ. കൾ, സാമന്തപ്പ., കീഴരിഷ etc. KU. 3. party നായരും മാപ്പിള്ളയും തമ്മിൽ വെടിവെക്കാൻ ഭാവിച്ചാറേ ഞാൻ വന്നാറേ ഉ പരിഷയും സമാധാനമായി പാൎത്തു TR.; ഇരു പ. വക്കലും MR.; ഇപ്പരിഷെക്കു Mud. to me, (speaking humbly).

പരിഷക്കാർ those of a set or party ഇരുപ'രേ കോളിൽ ആൾ വളരേ ഉണ്ടു jud.

(I. പരി): പരിഷത്തു S. (സദ്) sitting about, a solemn assembly.

(I. പരി): പരിഷേവ്യൻ S.=സേവ്യൻ Bhg.

പരിഷ്കാരം S. (കർ). 1. decoration, finishing the appearance (ഹേമപ., നഖരോമപ. Bhg.). 2. (mod.) cleansing from ശാപപ. Bhg 6. =പരിശാന്തി.

denV. പരിഷ്കരിക്ക to embellish.

part. pass. മാലാപരിഷ്കൃതം Brhmd., etc.

പരിഷ്വംഗം S. (സംഗ്). embrace തനയനിലുള്ളൊരു പ. Bhr.; പൂൎണ്ണചന്ദ്രനെ പ. ചെയ്തു KR.; ആത്മദാനോപമമായ പ. KR. embracing a friend, the best thanks.

പരിസരം S. margin, environs.

പരിസാന്ത്വം S. consolation അമ്മയെ പ. ചെയ്തു KR.

പരിസ്ഫുരിക്ക S. to strew about തലമുടി ചന്തമേ പ'ച്ചു കാണുന്നു Nal.

VN. (മേരു) അങ്ങിക്ക പരിസ്ഫുരണമായിട്ടെട്ടു പൎവ്വതം ഉണ്ടു Bhg 5.

പരിഹാരം S. 1. avoidance, relinquishment, abolition. 2. cure, relief ശാപപ. Bhg.; ഈ ദോഷപ'ത്തിന്ന് ഏതു കഴിവുള്ളു KU. expiation. ഇതിന്നു പ. ചൊല്ലുന്നു remedy, means.

പരിഹാരി an advocate, physician, etc.

denV. പരിഹരിക്ക 1. to abolish, clear away. ചോദ്യങ്ങൾ എല്ലാം പ'ച്ചു Bhr. solved, replied to. കൃതസമയത്തെ പ'ച്ചിങ്ങു വന്നു KR. having passed the time of banishment. 2. to cure, repair. അപകീൎത്തി പ. V1. to restore one's character.

പരിഹാസം S. 1. joke ലീലാപ'സവാക്ക പറഞ്ഞു Nal. 2. ridicule, mockery. പ. കൂട്ടുക to try to make something ridiculous.

denV. പരിഹസിക്ക 1. to joke. 2. v. a. to ridicule നൃപനെ എല്ലാരും പരിഹസിച്ചീട്ടു Bhg.

ഒക്ക പരിഹാസ്യരാകും KR. (part. fut. pass.)

പരീക്ഷ S. (ഈക്ഷ) 1. trial, proof. പിന്നേ ബലവീര്യങ്ങൾ പ. തുടങ്ങി അൎജ്ജുനകൃഷ്ണന്മാരും CrArj. tried their mettle. ഈശ്വരപ. ചെയ്തു PT. an ordeal. 2. examination, test നരകരിതുരഗം എന്നതിൻ പരീക്ഷകൾ നന്നായറിഞ്ഞവൻ KR. knew all their points. — mod. സൎക്കാൎപ്പരീക്ഷ tests prescribed by Government; പ. കൊടുക്ക to go up for examination ജയിക്ക, നേടുക to pass, തോല്ക to fail.

പരീക്ഷണം S. id., പരമേഷ്ഠി പ'ത്തിന്നായി CC.

denV. പരീക്ഷിക്ക to try, test, examine നാം പഠിച്ചിട്ടുള്ള വിദ്യകൾ നന്നായി പ'ച്ചുനോക്കേണം VetC.; എൻ മനസ്സുറപ്പുള്ളതു പ'പ്പാൻ Nal.; വന്നു പ'ച്ചു കൊള്ളുക വൈകാതേ Mud.; ചെല്ലയോ ഇരിക്കയോ എന്നു പ. Nal.; സംഗീതഭംഗി പ. യും ചിലർ Nal. rehearsing. മാപ്പിള്ളമാരോട് ഒന്നു പരുക്ഷിച്ചു (sic! often) നോക്കേണം TR. put them once to the proof, attack them. പ'ച്ചടങ്ങി Bhg. tried & failed.

part. pass. പരീക്ഷിതം tried, experienced.

പരീതം S. (ഇതം part. pass.) surrounded.

I. പരു paru S. 1. (പരുസ്സ്). Knot or joint in reeds, plants, bodies. 2. T. aC. M. a boil, ulcer V1.

II. പരു aT. M. (fr. prec.? or =പരുക്ക). Gross, big പരുമുൾപ്പടന്തടലിൽ വീഴ്ന്നു RC.; പരുകടി V1. =പെരുകടി.

പരുക്ക T. M. to grow bulky, stout, പാൽ പരുത്തുപോയി curdled =ഉൺനിതിരിക.

പരുത്തപുടവ coarse female garment =പരുമ്പുടവ (opp. നേരിയതു); പരുത്ത ശൈലങ്ങൾ Bhr.

പരുക്ക =പരിക്ക, q. v. 1. prh. rough surface. adj. പരുക്കൻമുണ്ടു No.; പരുക്കൻതുണികൾ നെയ്തു Arb. 2. Palg. a tree; പരുക്കമ്പാൽ its juice.

പരുപര roughly, harshly. പ. വലിച്ചു pulled rudely. പ. കത്തുന്ന രോമങ്ങൾ Bhr. (of an unshaved face). — Hence പരുപരുക്ക, ത്തു to be rough, harsh; VN. പരുപരുപ്പു roughness, harshness.

VN. പരുമ V1. grossness.

പരുകുക paruγuγa T. M. C. Tu. 1. To drink, sip, nibble വണ്ടു പൈന്തേളി പരുകവാൻ RC.;

മത്ത്യംപരുകി Bhg.; പെയ്യുംമാരിപരുകം പരായ നമഃ RC. (the sun). 2. to kiss, enjoy തെന്നൽ ചോരിവാതന്നേയുംമെല്ലപ്പരുകിനാൻ CG.

**പരുങ്ങുക paruṅṅuγa** & പരി — To be perplexed. പരുങ്ങിച്ചെയ്യു=അദ്ധ്യാനിച്ചു, whence പരിക്ഷ 2.

**പരുത്തി parutti** T. M. (Te. പ്രത്തി, C. Tu. parti). 1. Cotton പ. യോളമേ നൂൽ വെളുക്കം prov.; പ. എക്കുക (154), നീക്കുക V1. to card it. പ. എടുത്തു വെക്ക to pick it; also പരുത്തിപഞ്ഞി; hence പ. നൂൽ etc. 2. tinder.

Kinds: കരുപ്പരുത്തി Gossypium herbaceum (ചില ദിക്കിൽ നട്ടുണ്ടാക്കുന്ന ക'രിത്തിയുടെ മാതിരി TR., also നൂൽ പ.); കാട്ടുപ. Hibiscus Abelmoschus; ചീനപ്പ. Hib. mutabilis (prh. = ചെറു പ.); ചെമ്പ. Hib. rosa sinensis (a variety വെള്ളച്ചെമ്പ.); നാട്ടുപ. from which the brahminical string is made; പൂപ്പ. Hib. populneus (= പൂവരച്ചു Rh. = ചെമ്പ. B.); മുറിപ്പ. a. med. Gossypium; വേലിപ്പ. Cynanchum extensum, growing in milk-hedges.

**പരുന്തു parundu** T. M. (also പരന്തു q. v., C. pardu fr. പരു, പരക്ക, പറക്ക?). A kite, Accipiter nisus പരുന്തായിന്നുതും KR.; ഇന്നൊരു പരുന്തു വന്നു PT. — Kinds: ചെമ്പ., കപ്പായപ്പ. No. and കൃഷ്ണപ്പ. MC. Brahminy-kite; പെരുമ്പ. heron or പെരിയ പ. Milvus Govinda, Pariah kite; പാമ്പുപ. Circaëtus gallicus, serpent-eagle; പുള്ളുപ്പ. Circ. Swainsonii, J.

പരുന്തൻവാൽ a dovetail (let into a board or timber, Arch.).

**പരുമാറുക** see പരി —

**പരുവ paruva** (Te. C. പൎവ്വു to run, spread as a creeper) 1. A creeper പരുവക്കിഴങ്ങു Aponogeton monostachyon Rh.; ആനപ്പ. Pothos scandens; ചെറു പ. Sida acuta; പൈപ്പരുവ Grewia orientalis. — Also parasitical plants? 2. Palg. B. a clump of bamboos = കായൽ, മുളപ്പട്ടിൽ.

പരുവ കട്ടപ്പെട്ടു പോക Palg. So. the periodical blooming & seeding of bamboos once every 50—60 years when they die off (Palg. also കട്ടയിടുക, B. കട്ടകെട്ടുക).

**പരുവം** 1. Tdbh. of പരിഭവം Spite. പ. വളരേ പ്പറഞ്ഞു. 2. Tdbh. of പൎവ്വം So. No.

പരുവട്ടം, see പരിവട്ടം.

**പരുഷം parušam** S. (പരുസ്സ് a knot). Knotty; rough, rugged, esp. harsh words പോരും പ. പറഞ്ഞു Bhr., പോരുംഇനി പ'ങ്ങൾ പറഞ്ഞു Mud.; also of tragic speeches, that leave a deep impression.

**പരേതം parēδam** S. (പരാ + ഇ). Dead പരേതാധിനായകൻ Nal. Yama. (part. pass.).

**പരേല്പിക്ക** = ഭരമേല്പിക്ക KU.

**പരൈധിതം paraidhiδam** S. = പരഭൃതം (ഏധ). — in V1. Falsely.

പരൈധികൻ a young servant.

**പരോക്ഷം parōkšam** S. (പരഃ, അക്ഷ). Lying beyond our sight or perception, opp. പ്രത്യക്ഷം, as പരോക്ഷജ്ഞാനം Bhg.; പൂൎവ്വകാണ്ഡങ്ങൾ ഭിന്നമായി പ'മായി ഉച്ഛിന്നമായി Bhg. are abrogated as torn & thrown aside, (because അപരോക്ഷജ്ഞാനം (36) വന്നു).

**പരോപകാരം** S. (പര). Benefitting others, Nal.

പരോപകാരവ്രതം a vow; പ'രൈകനിരതൻ Brhmd.

പരോപകാരി benevolent, hospitable.

പരോല്പത്തി S. another man's property V1.

**പരോ** & **പരവു** Tdbh.; പ്രഭു, as N. pr. of caste & otherwise പരോസ്ഥാനം നടത്തുക KU.

**പൎജ്ജന്യം parjanyam** S. A rain-cloud.

പൎജ്ജന്യൻ Indra. പ'നെ മഴപെയ്യിച്ചു KR. (Agastya).

**പൎണ്ണം parṇam** S. 1. (see പറക്ക — L. penna.). A feather, 2. a leaf = പത്രം, hence പൎണ്ണശാല a hut of leaves, hermitage, also പൎണ്ണക്കുടിയിങ്കൽ നന്നായിരുന്നു KR. (S. & M.)

**പൎപ്പടം parpaḍam** S. (prh. പരപ്പു + അട) 1. A thin, crisp cake = പപ്പടം. 2. = foil.

പൎപ്പടകം S. seems = നൊങ്ങണം Hedyotis or Pharnaceum (Mollugo) ചന്ദനം പ. ചുക്കും a. med., ചുണ്ടെക്കും പൎപ്പടത്തിന്നും ഗുണം സമം GP.

**പൎയ്യങ്കം paryaṅgam** S. (പരി, അങ്ക്). A bed; Tdbh. പല്ലക്കി.

(I. പരി): പൎയ്യന്തം S. limit; adv. till, up to, down to കന്യാകുമാരി ഗോകൎണ്ണപ. KU. between K. & G. (or comprising all the land from K. as far as G.). ശൂദ്രപ. KU. all castes including the Sūdras. ജീവപൎയ്യന്തത്തോളം MR.; വരും പ. till he come.

പൎയ്യയം S. (ഇ) revolution as of a wheel, change അഷ്ടവിംശതി പൎയ്യയേ — അവതരിക്കും AR. in the 28th generation; also പൎയ്യായം.

പൎയ്യാണം S. = (പരി + യാനം) a saddle.

പൎയ്യാപ്തം S. attained, sufficient. (part. pass.). പൎയ്യാപ്തി = അലംഭാവം.

പൎയ്യായം S. 1. = പൎയ്യയം. 2. regular return or change പാഞ്ചാലിയെ പ'ത്തോടെ വഹിച്ചു Bhr. alternately; അരചപ. V2. succession of kings. പ'ത്തോടു പറഞ്ഞീടാം Bhg. one after the other. 3. interchangeable term, f. i. സ്വാമി is പതിപ. synonym (= പകരം). ജീവാത്മാവെന്നും പരമാത്മാവെന്നും ഓൎക്കിൽ കേവലം പൎയ്യായശബ്ദങ്ങൾ തന്നേ AR 3.

പൎയ്യേഷണ S. investigation.

**പൎവ്വം parvam** S. (പരുസ്സ്). 1. Knot, joint as of bamboos, limbs, etc. 2. division of time, period (esp. വാവു) season, festival. 3. comm. പരുവം the different stages of development esp. in the growth of certain plants (see തെങ്ങു, നെല്ലു), or the degree of ripeness in fruits (see തേങ്ങ, ചക്ക, അടക്ക). 4. a chapter, of which Bhr. has 18, hence പ. വായിക്ക to read the Bhr.; also a song in general ഉഷാപ. Nasr.; പ'ങ്ങളും കാണ്ഡങ്ങളും Bhr. & Ram.

പരുവമാക T. So. (2) to be ripe, mature, opportune. ചൂടിനു പ. വരുത്തി moderated. നൂൽ പ'മാക്കി Trav. prepared.

പൎവ്വകാലം S. change of the moon നാളെ പ. വരുന്നു ഭൂദേവന്മാൎക്കന്നം നല്ക PT., also പൎവ്വസന്ധി.

**പൎവ്വതം parvaδam** S. (പൎവ്വ, consisting of knots). Range of mountains, mountain, esp. Himālaya. — പൎവ്വതപുത്രി = പാൎവ്വതി.

പൎവ്വതകൻ the mountain-king in Mud.

പൎവ്വതശൃംഗങ്ങൾ Nal. peaks.

**പൎശ്ക്കാർ** = പരിശം & പരിഷ jud.

**പറ para** T. M. C. Te. (T. also feather & word). 1. A drum, പെരിമ്പറ etc.; മാനസം പറയെപ്പോലെ CG. sounding, but empty. 2. a circle, disk of the moon. 3. a rice measure of 8 or 10 Idangāḷi, or 6 തുണി & 4 നാഴി, ഒത്ത പ. MR. of 10 Id., also പാട്ടപ്പറ, മുളപ്പറ MR.; നെല്പറയും അരിപ്പറയും വെച്ചു KU. in temples; നിറപറവെക്ക offering at a coronation etc. (gold-coins & other gifts). മുന്നൂറു പറക്കണ്ടം a field which requires 300 Para of seed. 4. (= പറി) ചൂണ്ടൽപ്പറ a fishing-rod. 5. (= പറവ) bird. 6. what belongs to Parayars.

Hence. പറക്കാര a thistle (Genesis 3.)

പറക്കള്ളി (7) a Paraya woman.

പറക്കുടി (7) a Paraya hut, also പറമാടം.

പറക്കുലം the Paraya tribe ബ്രാഹ്മണബാലന്മാർ ഉപനയം കഴിവോളം പ. Anach.

പറക്കൊട്ടു (3) a measuring basket.

പറകെട്ടി Cymbidium aloifolium (കാഞ്ഞിരപ്പ. an Epidendron on Strychnos; see under ഇട്ടി).

പറച്ചുണ്ട a sensitive plant, Mimosa B. or Lycopodium.

പറച്ചെറുമൻ m., — മി f. Cal. — Palg. a Malayāḷam Parayan, also called ചമ്പുതിന്നിപ്പ. So., പൈതിന്നിപ്പ. Cal., പുഴുതിന്നിപ്പറയൻ No. see പറയൻ.

പറച്ചേരി a Parayar village.

പറജാതി (5) birds.

പറയൻ m., പറയി f. (of T. Pariahs പറച്ചി) a caste of drum-beaters, living by making mats, baskets, besides witchcraft, etc. പറയൻ ൯൨ അടി തിരിയേണം KN. Their tribes (പന്തിരുകുലം) esp. പറയൻ, പെരുമ്പ., മുത്തരപ്പു. (മുത്തോരൻ) see പറച്ചെറുമൻ. പറയൻപൂ = മേത്തോന്നി as employed in philtres etc.

പറയോന്തു (5) a flying dragon.

പറവാശി (3) overplus or deficiency in measure.

**പറം param** (prob. = 'bird' fr. പറക്ക, similar കഴ; T. പാന്തല = ചുട്ടകാട്ടു). 1. A bar, crossed sticks to suspend from = അത്തിപ്പറം, as for hanging a shot tiger before temples പറത്തിന്മേൽ ഇടുക. 2. a bier പ. കെട്ടി എടുപ്പിക്കുന്നു, also തുളിപ്പ. TP. a corpse; a shutter or scaffold of wickerwork മുളകൊണ്ടു പ. കെട്ടിപ്പാവി vu. = അട്ടം V2. 3. = ഞവരി a harrow, പറം വലിക്ക (at Cal.).

പറമുറി former capital punishment of cutting a man in halves & exposing these (Coch.).

**പറക്ക parakka** T. M. (C. Te. Tu. paru, fr. para to flee, flow; even P.). 1. To fly പറവകൾ പറക്കുന്ന ദിക്കിൽ PT. 2. to flee അരക്കർ പറന്തനർ ഉയിർത്തു കൊൾവാൻ RC.; പറന്നു പോക to run swiftly.

പറക്കുത്തു exhibition of a figure of Garuḍa high in the air; പ. കഴിപ്പിച്ച തമ്പുരാൻ N. pr. a Chiracal Rāja famous for this show (A. D. 1738.)

പറന്തല No. പാറിപറന്തലയാസ്സടക്ക = ചെമ്പ്ര (said of dishevelled hair). Comp. പറുതല.

CV. പറപ്പിക്ക to cause to fly.

VN. പറപ്പു flight.

പറവ a bird (& പറജാതി) എഴുഞ്ഞെഴും പ. പോലെ, പറവകളധിപതി RC. Garuḍa; പറവഗണങ്ങൾ Nasr.

പറോന്തു MC., പറയോന്തു a flying lizard.

**പറങ്കി P. farangi.** 1. A Frank, European; also പറിങ്കി, പറുങ്കി; applied chiefly to the Portuguese KU. (the French പരന്ത്രിയസ്സ്.) 2. what is introduced by Europeans, chiefly അകപ്പറങ്കി syphilis.

പറങ്കിച്ചക്ക 1. Ananas. 2. Anona reticulata.

പറങ്കിപ്പണി Europe-made പ. നല്ല കാന്തിലTP.

പറങ്കിപ്പുണ്ണു chancre, venereal disease.

പറങ്കിമാവു 1. a graft mango-tree. 2. Cal. So. Palg. = കശുമാവു Anacardium occidentale.

പറങ്കിമാങ്ങ 1. a graft mango. 2. a cashew nut (കപ്പൽ ചേറങ്ങ Palg.)

പറങ്കിമുളക, (പറിങ്കോള) Capsicum frutescens.

പറങ്കിവേർ China-root, Smilax.

**പററു paraṭṭu** So. Base, vile പ. പാക = തെറി V1. (C. Tu. haraṭu, to prate, talk nonsense).

പററുച്ചീര T. M. wild cole, Justicia madurensis.

പറണ്ടു, (see പരണ്ടു) a teal.

**പറപ്പു parappu** T. M. 1. (പറക്ക) Flight. — പറപ്പൻ flying, in Cpds. (T. scorpion). 2. prh. obl. case of പറമ്പു.

പറപ്പനാടു N. pr. district So. of Calicut പ'ട്ടു രാജാവു പറപ്പനങ്ങാടിനിന്നു വർത്തമാനം കേട്ടു TR., its prince, also called the Veypūr Rāja (with 3000 Nāyars KU.) is one of the 5 Kšatriya kings of Mal.; പറപ്പൂർ കോയിൽ.

പറപ്പനായർ = പള്ളിച്ചാന്മാർ, (പരപ്പൂവർ) KN.

**പറമ്പു parambu** (T. hill, aC. jungle, Tu. parpu, sand-bank) 1. Higher or dry ground laid out in terraces. 2. all fields too high for rice-cultivation. 3. an orchard, garden, compound കണ്ടം പ. കൾ, ഉല്പത്തിയോ പാമ്പോ, വെണ്ണ. a plantain-orchard; a തികഞ്ഞ പ. contains the 4 ഉഭയം besides betel, plantains, bamboos KU.; പറമ്പത്ത് ഉഭയം നിരത്തി; often പറമ്പത്തോക്ക etc.; പെണ്ണുമ്പിള്ളയെ പറമ്പത്തിന്നാട്ടിക്കിഴിച്ചു TR. from his estate.

പറമ്പത്തിയ്യൻ, — ത്തെയ്യൻ Weṭṭ. (Onomat.) a night-bird = ആൾകാട്ടി.

പറമ്പത്തേ ചരക്ക TR. fruits of trees, etc.

പറമ്പും കണ്ടിയും landed property, എത്രയോ പ. ഉണ്ടു.

പറമ്പുവാരം share of the proprietor in the produce of a mortgaged estate, W.

**പറയൻ, പറയി,** see പറ.

**പറയുക parayuγa** T. M. (T. also പൻ, Tu. പണ്, C. Tu. parasu, to bless). To say, speak, tell എന്നോടു & എനിക്ക പറഞ്ഞു, എന്നോട് ആ കാരിയം പറക വേണ്ടാ TP. I will have nothing to do with it. നിന്നെ പറയുന്നത് എന്തിനി Sil. why then accuse thee? നമ്മെ അസത്ത്യങ്ങളായിട്ട് ഓരോന്നു പറഞ്ഞു TR. at me, against me. അടങ്ങിപ്പ. to mutter V1.; കച്ചോടങ്ങൾ ഒന്നും അവിടേ പറവാൻ ഇല്ല

TR. no trade worth mentioning. ഞാൻ പറഞ്ഞൊ ചെയ്തു താൻ പറഞ്ഞല്ലയോ Sah. instigated, moved by.

VN. പറച്ചൽ No. in പാഠവപ്പറച്ചൽ = പറയൽ.

പറഞ്ഞയക്ക to send to say, commission, dismiss kindly.

പറഞ്ഞു കാണിക്ക to show how to do it; relate.

പറഞ്ഞുകൊടുക്ക to teach, advise, instigate, promise.

പറഞ്ഞുതീൎക്ക to settle, decide.

പറഞ്ഞു വിടുക = പറഞ്ഞയക്ക; also contr. വ ൎത്തമാനം പറഞ്ഞുട്ടുണ്ടു TR. reported.

പറഞ്ഞുവെക്ക to deliver a message, promise പ'ച്ചിട്ടുള്ളത് എഴുതിത്തരേണം TR. give the promise in writing. — contr. പറഞ്ഞേച്ചു പോരുക to return after performing a commission. ഏവം പറഞ്ഞേക്ക ചെന്നു നീ ദൂത ChVr.; അനുസരിപ്പാൻ പ'ക്കേണം KR. charge him to obey.

പറഞ്ഞൊക്കുക to agree, promise V1.

CV. I. പറയിക്ക to cause to say അന്യരെ കൊണ്ടു പറെവിച്ചെന്തിനു KR.; ജനങ്ങളെ കൊണ്ടു നല്ലതു പറയിക്കേണം No.

II. പറയിപ്പിക്ക VyM.; സാക്ഷിക്കാരോടു പറഞ്ഞു കൊടുത്തു ഞാൻ കുത്തിയപ്രകാരം പറയിപ്പിച്ചു MR. instigated them to accuse me of stabbing. [a concern, care.

**പറവ** paṟava 1. A bird (പറക്ക). 2. P. parvā,

**പറവൂർ** (പറം?), also പറൂർ N. pr. Town and principality conquered by Trav. in 1763, TrP., D.

**പറി** paṟi 5. 1. Tearing off, pulling, as പിടിച്ചു പറിക്കാർ robbers. പറിമരുന്നു plants collected, opp. അങ്ങാടിമരുന്നു. 2. Membrum muliebre V2.

v. n. പറിയുക 1. to get loose, come off പൽ പറിഞ്ഞീടിന പാമ്പുപോലെ CG.; പൽ പറിഞ്ഞു തുലോം Bhg.; ചീളേന്നു പൊങ്ങിപ്പ. PT. (a wedge). വേർ പറിഞ്ഞാൽ മരം കാണ്കയില്ല Bhr.; ഹരാഹരാധൎമ്മം പറിഞ്ഞു പോയിതോ KR.; വക്ക പ. (of a vessel). വലയും പറിഞ്ഞുപോം PT. 2. to tear, be scratched കൈപ., തൊലി പറിയ അടിച്ചു VyM.

VN. പറിവു, as ഇറക്കത്തിന്റെ പ. V2. current of the tide.

a. v. പറിക്ക 1. To pluck off, gather plants or fruits, pull out കളപ. weed. മുളക, തേങ്ങയും ഇളനീരും പ. TR.; കാപ്പി പറിക്കുന്ന സമയം prov.; കൊത്തിപ്പ. to remove with a hoe, കുത്തിപ്പ. to dig out with a stick. പൂട്ടുപ. MR. to wrench off. കീറിപ്പറിച്ച പഴന്തുണി prov. torn to shreds. 2. to rob ധനം അവനോടു പ. Bhr.; ഇന്ദ്രത്വം പറിച്ചുപോം VilvP. I shall be deprived of. പിടിച്ചുപ.; കട്ടും പറിച്ചും. 3. to cock a gun തോക്കവെടിക്കു പറിച്ചു ചെറുത്തു TR.; പറിച്ച തോക്ക vu. [robbery.

VN. പറിപ്പു plucking, gathering fruits;

CV. പറിപ്പിക്ക, as മുളക പ'ച്ചു വെച്ചു TR. secured the pepper crop. അടക്ക പ. TP.

**പറു** paṟu M. C. Rough, harsh (= പരു).

പറുതല V1. curly hair. Comp. പറന്തല.

പറുക്കുക, ക്കി V1. to defraud in accounts. പറുക്ക പറക. — പറുക്കൻ fraudulent — പറുക്കമാററിയ ശൂലം RC 33. a weapon not to be warded off?

പറുപറ C. rough sound as of cloth tearing, bad cough. പറുപറുന്നനേ MC. rough skin.

പറുപറുക്ക, f. i. മൂത്രം നേത്രം പ'ത്തിട്ടും വീഴ്ത്തും Nid. curdled like = കൃച്ഛ്രമായോക.

പറുപറുപ്പുള്ള നഖം MC. — പാരം പ'പ്പുണ്ടാം Nid 35.

**പറൂർ** see **പറവൂർ**.

പറെക്ക loc. = പറിക്ക, as ഞാർപ. to transplant.

**പറോന്തു** MC., see പറ, പറക്ക.

**പററു** paťťu T. M. (Te. paṭṭu, C. Tu. parču & hattu). 1. Adhesion, sticking to, hold മരത്തിന്നു നല്ല പ. ഉണ്ടു is firmly rooted. അവരവൎക്കു പററായിട്ടുള്ള ദ്രവ്യം TR. the money which each has about him. — പററിൽ by, with. അവന്റെ പ'ൽ കൊടുത്തയച്ചു by him. നമ്മുടെ കുഞ്ഞനും കുട്ടിയും അവരെ പ. സമ്മതിക്കാം TR. entrust my family to their safeguard. 2. close relation, friendship, മത്സ്യപ്പുഴക്കൽ പററും പറഞ്ഞു ChVr. spoke in behalf of; acquaintance,

experience പററിലുള്ളോൎക്കു കാൎയ്യം ഒക്കവേ സാധിപ്പിക്കാം PT.; പററുളൻ അരചൻ നമുക്ക RC 76. gracious, loving. — the scent of a dog. 3. taking effect as medicine, spirits, etc. പ. തല the sharp edge. 4. what holds together, cramp-iron, button (ഗ്രന്ഥത്തിന്റെ പ.), double nail.

Hence: പററററ (അറുക) quite off. ഇന്നിതു പ. വററിതു RC. quite gone.

പററലർ enemies (opp. പററുളർ).

പററാണി a nail pointed at both ends = ന മ്പാണി.

പററാന (2) a tame elephant used to guide the newly caught one.

പററിരിമ്പു cramp-iron, tongs പററുകൊടിൽ.

പററുകാർ Nāyars enlisted for service (ചേകം) പുതുപ്പ്'ക്കു പണം ൨ പഴപ്പ്'ക്കു പണം ൹ Cal. KU.

പററുപടി, പററുമാനം amount received, also receipt, as പററുശീട്ടു VyM., പററുമുറി Vı.

**പററുക** (see prec.) 1. v. n. To stick to, adhere കൈക്കു ചോര പ. or ചോര പററിയ തുണി blood-stained. വൃക്ഷങ്ങൾ തോറും ചുററിപ്പററീട്ടും വല്ലികൾ Bhr.; നിലത്തിന്നു പററീട്ടു വെച്ചു so as to lie on the ground. ഊഴിയിൽ പററിത്താഴുംPT. (a dog).; പൊടികൾ തിരയൂടേ അലെച്ചു കരപററി Bhg.; മന്ദിരേ ചെന്നു പററീടേണം Nal. arrive, (വന്നു പററി); കാട്ടു പററി നില്ക്കുന്ന ആളുകൾ TR. the rebels that took to the jungle. ഗൃഹത്തിൽ പററിയവർ KU. Brahmans living in Illams, not Grāmas. അങ്ങും ഇങ്ങും പററാതേ പോയി KN. were not received, acknowledged by either party. ആട (അവിടേ) പററി ഒരംട (ഇവിടേ) പ്പററിനില്ക്ക No. vu. to saunter about; to sneak into the presence of somebody, to sneak away. കോലത്തുനാട്ടിൽ പററിയ ദേശം TR. belonging to. പററിക്കളിച്ചാശു വെട്ടിത്തുടങ്ങി SiPu. close in battle. പററിപ്പററി പിന്നാലേ ചെന്നു followed closely. ഇങ്ങു പററിക്കരേറാൻ എന്നോടു കൂട ChVr. you won't catch me. — met. to lust after മററൊന്നിൽ മനം ചെന്നു പററാതേ ഇരിക്കേണം VCh.; അവരോടു പററാതിരിക്കയില്ല Bhg. he will love them. 2. to take effect as fire ദ്രുമങ്ങളിൽ പാവകൻ പ. Nal.; മരുന്നു പററുന്നില്ല (so പിടിക്ക, ഏശുക). ദോഷം വന്നു പററും guilt is incurred. കടാക്ഷം എങ്കൽ ഉററു പററുകിൽ Anj.; ജ്ഞാനികളോട് ഒന്നും പററുകയില്ല Bhr. nothing defiles them. അവനു നന്നായി പററി it went to his heart. പററാതോരൻപു CG. love not reciprocated. 3. to suit, fit അവനോളം ആരും പററാ Vı. none so good as he. മക്കൾ പററുമോ രാജ്യം വാഴുവാൻ Bhr.; പററുകയില്ല = കൊള്ളുന്നില്ല; പററുന്നു it is the very thing. 4. v. a. to get, seize കഴപുലി പററിത്തിന്നും, ഉറുമ്മിപിടിച്ചു പററിക്കൊണ്ടു TP.; ബാലനെ വയററുന്നു പററി SG. took out of the womb. ചൂരൽ എന്നോടു പററി എന്നേ രണ്ടു അടിച്ചു TR. laid hold of my cane. പറമ്പു പററിയും എഴുതിച്ചു കൊണ്ടു TR. acquired the garden (on കാണം). പണം പററിയവൻ VyM. who received the money. കൊണ്ടു വന്ന ഉറുപ്പിക പററി എടുക്ക possessed himself of the R. അധികാരി പ്രതിയോടു ൹ ഉറുപ്പിക നികുതി പററി MR.; കടംപററി received the outstanding debt. + പാതിയിൽ ഏററം പററുവാനുപായം PT. to keep more than half for oneself. ഭൂമിയെ പററി ലാഭങ്ങൾ ഉണ്ടാക്ക KU. to live upon the produce of land. പററിനർ അഭയം RC. (also contracted debts).

Inf. പററ thoroughly, effectively പ. ഉ്പിറപ്പു അറുക്ക Anj.; പ. മുറിക്ക to extirpate. വൃക്ഷം പ. ക്കണ്ടിക്ക PT.; തഞ്ചത്തിൽ പ. താണു KR. quite low. പററപ്പോറ just enough.

പററൽ VN. what sticks to, cannot be got rid of, loss etc.

പററാതു (3) what is improper, wrong പററാതൊന്നാകിലും പാൎത്തിടാതേ കൊന്നു വീഴ്ത്തി CG. — പററാവിശേഷം പറഞ്ഞു Pay.

adv. part. പററി concerning. അതിനെപ്പ. പററ about. എന്നെപ്പററി for my sake. അവനെ പ. എനിക്കു കാൎയ്യമില്ല.

പററിക്കൊൾക (4) to obtain possession, സ്ത്രീയെ to embrace; മുതൽ നിറുത്തി പലിശ പ. KU.

പററിപ്പിടിച്ചു കയറുക to climb up.

പററിപ്പോക 1. to overtake. 2. to be seized. രണ്ടു കൊല്ലത്തേ മുതലും പലരായിട്ടും പ. TR. the revenue of two years plundered by various people.

CV. പററിക്ക 1. to fix, join, paste, തീ പ. to set on fire. മടിയിലും പുറത്തും പററിച്ചിട്ടും Bhg. took a deer on his lap & back. രസം മുക്കഴഞ്ചു ഇഞ്ചിനീരിൽ അരെച്ചു പററിച്ചു പൊടിച്ചു കൊൾക, മോരിൽ പുഴങ്ങി 'പ. a. med. 2. to cause to take effect. ഒരു ഗ ർഭം പ'ച്ചു SiPu.; മോശം പ'ച്ചു കളയും Arb. may outwit me; so ചതി പററിപ്പാൻ നോക്കി jud. 3. to fix in the heart or memory ശാസ്ത്രങ്ങൾ എല്ലാം പണിപ്പെട്ടു പ'ച്ചു കൊണ്ടു SiPu. mastered the sciences.

I. **പല pala** 5. (Finnic palyo, Mandschu fulu, T. പല്കു to be multiplied). Many, several, various. Plur. പലരും കൂടിയാൽ പാമ്പും ചാകാ prov.; പലരും opp. ചിലർ Bhr 1.; പലർ കേൾക്കച്ചൊല്ലരുതു Sk.; പലർ അറിക, പലരും അറിയേ notoriously, publicly. Neutr. പലതു as വഴി പലതു Bhr.; neutr. pl. പല as യാഗങ്ങൾ പല ചെയ്തു SiPu.; also പലവു കണ്ടാൽ CC. or പലവയും ചൊല്ലി വിലാപിച്ചു AR., ചോരപ്പുഴകളും കാണായിതു പലവയൊലിക്കുന്നതും AR., ഇങ്ങനേ പലവും പറഞ്ഞു and so on. Obl. case പലവററു & പലററിൽ SiPu., പലററിലുമക്കഥനല്ലു Bhg. — Before Vowels പലവുരു, പലവൂട്ടു, പലവൂഴം; often പലവൂക്കധിപൻ B. superintendent of a district.

പലപല many, different. പ. വിചാരം fickleness. പലജാതി in various ways. പ. ഇവ്വണ്ണം സ്തുതിക്കയും KumK. (so പലതരം).

പലപ്പോഴും often, also പലനാളും, പലകുറി Nal.

പലവക different items, sundries പ. യിൽ മോഷ്ടിച്ച ദ്രവ്യം TR.; mixed business, as in courts പ. ഹൎജ്ജി MR.

പലവഴി=foll. പിടിപ്പാൻ പ. ക്കം ശ്രമിച്ചു TR.; also ചോരപ്പുഴകൾ പലവായൊലിക്ക Bhg.

പലവിധം various kinds or ways പ'ത്തിൽ, as പലപ്രകാരേണ, TR, പല വിധേനയും MR. — also adj. പലവിധം നാണ്യം TR.

പലേടത്തും=പലവിടത്തും in many places.

II. **പല**=പലക? in നെയ്യല q. v.; also മരാമത്തി കൊണ്ടു പലാ ചമെച്ചതു KR.; പലകൾ ചമെച്ചഹോ VCh.

**പലം palam** S. (fr. പല?) 1. A weight=൪ കൎഷം or ൧൬ കഴഞ്ചു CS. generally=10 Rs. or ½ Rātel (നാട്ടുകോൽ);=5 Rs. (by കൊളമ്പകോൽ). ൧൦൦ പ. ഒരു തുലാം (of 32 lbs.); നിഷ്ക്കമേഹം ഒരു സഹസ്രം പ. ഉണ്ടു Brhmd. തടപ്പലം 10, നാട്ടുപലം 12, ഇടപ്പലം 13½ or Cal. 14 Rs. weight. 2.=പലലം flesh. 3. Tdbh. ഫലം.

**പലക palaγa** 5. (Tdbh.; ഫലകം). 1. A plank, board. കാല്പ. weaver's treadle of a loom. തണ്ടിന്റെ പ. the blade of an oar. കളിപ്പ. a chess-board. തോൾപ്പ. മേൽ അരമതു പലക എന്നി രണ്ടു മൎമ്മം ഉണ്ടു MM. on the scapula. 2. a seat, footstool ആമപ്പ.; പാലപ്പ. 3. aM. a shield പ. യും വാളും ഏന്തി, കരവാളും ഒൺപ. യും കരങ്ങളാലേ വാരി RC.

പലകക്കരുതു (or — കരുതു?) a tool of goldsmiths with a kind of spindle at one end & a scope at the other V1.

പല(ക)ക്കള്ളി a kind of Cactus.

പലകനാക്ക 1. the blade of an oar, So. തണ്ടുപത്തി. 2. a rudder (without the tiller).

പലകപ്പയ്യാന Bignonia Indica, also പ'നിവേർ GP.

**പലലം palalam** S. (=പലം 2.) Flesh പ. ഉണക്കവാൻ, പലലശകലങ്ങൾ കൊത്തി AR. പലലാശി who eats flesh (തട്ടുക 1, 422).

പലലാശയം S. a swelled neck, goitre.

**പലപല** വെളുക്ക (Onomat.) Palg. T. glowing. Beginning to dawn=പുളപുള.

**പലഹാരം palahāram** (T. പണിയാരം, Port. paniara, C. പലാരം fr. ഫലാഹാരം). Cakes, sweetmeats, esp.=നെയ്യപ്പം; any slight repast.

**പലാണ്ഡു palāṇḍu** S. (പല+അണ്ഡം?). Onion പ. സുഗന്ധിയാസ്സുരുമോ PT.

**പലാത്തെല്ലു palāttellu** (പലം 3 ഫലാൽ?). The one per cent due to a lottery-undertaker= എട്ടപ്പ.

പലായനം palāyanam S. Flight പോരിൽ പ. വന്നു Sk.; running away, Bhg.

പലാലം palālam S. Straw, (L. palea).

പലാലിയ palāliya No.=പല(ക) & അലുവ. A sweetmeat (വറുത്തരി spread on a board & liquid sugar poured over it, when it is levelled with a brass dish).

പലാശം palāśam S. 1. A leaf=പൎണ്ണം f.i. പാവകൻ ഏശും പ. പോലേ CG. 2. Butea frondosa. [വള്ളിപ്പ. a kind.
പലാശു, പ്ലാശ് Tdbh.; also ശമ്മലി പ'വും Nal.; പലാശി S. any tree; N. pr. of town, Plassey.

പലിതം paliδam S. Grey=നര f.i. പലിതനായാൽ VCh.

പലിത്തം palittam Tdbh. of ഫലിതം. Efficacy f.i. of a tomb നേൎച്ചകളും പ'വും വരായ്കയും നടന്നു വരുന്നു Ti.

പലിശ paliśa 1. No.=പരിച, പലക A shield വാളും പ. യും of Nāyars KU.; പലിശത്തട്ടു a thrust of. പലിശക്കയത്തിന്ന് ഓർ ഓല എടുത്തു TP. cavity of shield. പലിശക്കാർ body-guard. 2. (ഫലം?) interest on money (on rice പൊലി) generally 10 pct. തികപ. (=നേർപ. 583), even 12 pct. (മൎയ്യാദപ്രകാരമുള്ള പ.), മാസപ്പ. The കാലപ്പ. yearly interest; when from കാണം, it amounts to 5 pct. (അരപ. f.i. അരപലിശ കണ്ടു 7½ ഇടങ്ങാഴി നെല്ലു പ. പിടിച്ചു doc. MR.) or 2½ pct. (കാൽ. പ. even മാകാണിപ്പ.) paid in rice at the rate of 5 Iḍangāḷis for 1 fanam. Formerly for each fanam mortgage-money the yearly interest was 1 നാഴി നെല്ലു (=¼ pct.). പലിശമുടങ്ങിക്കിടന്നുപോയാൽ VyM. interest not being paid.

പലിശക്കുററു & പലിശമണിക്കുററു (1) noise of the shield പലിശ തുടെക്കമത്തു TP.

പലിശ മടക്കം (2) a deed of mortgage in which the rent of the estate transferred to the mortgagee is equal to the interest of the loan പലിശ മടക്ക ഓലക്കരണം W.

പൽ pal & പല്ലു T. M. C. Te. A tooth ആനപ്പൽ, നരിപ്പ., പശുവിൻപ., നായ്പ., മാൻപ. a. med. (for eye-diseases). മേല്പ., കീഴ്പ. (അടിപ്പൽ). കള്ളപ്പല്ലു a children's disease, swellings inside the mouth. പല്ലിന്റെ തറ ഇട്ടു 434, പ. മുളെക്ക to teeth. ഉറെച്ച പല്ലുകൾ ഉതിൎന്നു പോകുന്നു KR. (in old age). പ. പറിയുക V1. teeth to be lost. പ. തേക്കുക to cleanse teeth. പ. വെളുപ്പിച്ചു പാൎക്കുന്നു CG. (ladies).

Hence: പല്ലു 1. the teeth of a saw, file. ചിരവപ്പല്ലു also പല്ലു. 2. So. the web of a key.

പല്ലൻ one who has large or peculiar teeth, often പൊക്കപ്പല്ലൻ m., പുഴുപ്പല്ലി, കൊന്ത്രം പല്ലിച്ചി fem. etc.

പല്ലരണ a disease of the gums V1.

പല്ലാങ്കുഴി B. a tablet with 14 holes serving for a game, പ. യാടുക.

പല്ലിക്കോര a കോര 317.

പല്ലിടക്കുത്തി, പല്ലുകോൽ, പല്ലുകുത്തി, പല്ലുളി a toothpick, tooth-cleaner. പല്ലിട്ടുക്കിൽ കുത്തി മണപ്പാൻ കൊടുക്ക prov. (to reveal one's own faults).

പല്ലിറുമ്മുക So. to gnash the teeth.

പല്ലിളിക്ക to grin, snarl പ'ച്ചു കാട്ടി CC., also പല്ലു കാട്ടുക.

പല്ലുകടി gnashing — കടുകടപ്പല്ലും കടിച്ചു KR. (in anger), പല്ലുകടിച്ചലറി AR. (in attacking). പ'ക്കയും കണ്ണു ചുവക്കയും Bhr.

പല്ലു കടിപെട്ടുപോക locked jaw, f.i. in epilepsy, with dying persons, etc.

പല്ലുകുത്തു 1. toothache=പല്ലുനോവു. 2. picking the teeth പല്ലുത്തി = പല്ലിടക്കുത്തി. 3. knocking out the teeth നിന്റെ പ'ത്തിക്കളയും (a threat). പല്ലൊക്കയും തോക്കകൊണ്ടു കുത്തി TR. പല്ലൊക്കക്കുത്തി കഴിച്ചു TP. (to a fallen foe).

പല്ലുകൊഴിക്ക Palg. jud.=പല്ലുകുത്തു 3.

പല്ലുതടി a harrow (& പല്ലിത്തടി, also പൽത്തടിമരം).

പല്ലുമുളകാലം Nid. in teething. (ഉളം 145).

പല്ലേരി So. gums=ഊൻ.

പല്ലക്ക pallakku 5. also പല്ലാക്ക, പല്ലക്കി Tdbh.; പൎയ്യങ്കം, പല്യങ്കം S. A "palankin," litter കനകപ്പ. KR. (for coronation). നല്ലൊരു പല്ലക്കിന്മേൽ Nal. (privilege granted

by kings, as തണ്ടു). പല്ലക്കകാർ TR. bearers. ഢിപ്പു ഒരു പല്ലക്കിയും കൊട്ടത്തു TR., പല്ലക്കിൽ ഇരുന്നഹോ നല്ലരായി സുഖിക്കുന്നു VCh., പ ല്ലക്കിതാത്തു TP.

**പല്ലവം pallavam** S. A sprout നിറഞ്ഞേർ പ. ഒത്ത മേനി.വിളങ്കവാനരിമാർ RC.; പ. വെല്ലും അപ്പൂവൽമേനി CG. (infant Kṛṣṇa.)

പല്ലവി T. (mod.) the chorus of a song or ode, repeated after each stanza. Winsl.

അനുപല്ലവി T. (mod.) the stanza immediately following the chorus in species of T. verse called പതം. Winsl.

**പല്ലി palli** T. M. C. Tu. S. (f. of പല്ല്യൻ, പല്ലു) 1. House-lizard, Lacerta Gecko; its voice (കര യുക, ചൊല്ലു) is believed to announce visitors. എന്നാൽ പ. വിഷം തീരും ഃ. med. 2. a fork (So.) പല്ലിത്തടി = പല്ലുതടി a rake.

പല്ലിപ്പൂട V1. a herb.

**പല്വലം palvalam** S. (L. palus). A pool അ ശപലപലോപമം വാരിധി KR 5.

**പവനം pavanam** S. (പൂ) Purification; wind.

പവിത്രം S. 1. a sieve, strainer. 2. purifying, pure. 3. a ring made of sacrificial grass ദ ർ മോതിരം; hence പവിത്രവിരൽ the ring-finger പത്തു വിരല്ക്കു പവിത്രാംഗുലീയവും SiPu.

**പവിഴം pavil̤am** (aM. പവഴം, T. പവളം; Tdbh. of പ്രവാളം) Coral; coral-bead പവിഴമ ണി or granate, പവിഴച്ചരട്ട MR.

പവിഴക്കൊടി a vegetable perfume = അഞ്ജ നകേശി S.

പവിഴപ്പുററു medicinal coral, also പകിഴപ്പു ററു a. med.

പവിഴപ്പുററു തുരുത്തി or പവിഴവന്മീകദ്വീ പു (mod.) a coral island, coral-reef.

പവിഴാദ്രി, — ഴമല the Eastern Ghauts.

**പശ paśa, പച, പയ** M. T. Tu. (പചു). 1. Moisture, thriving. പ. ഇല്ല nothing to be gained. 2. gum, glue, cement. കോതമ്പത്തിൻ പ. V1. 2. starch. കഞ്ഞിപ്പ. as of washermen.

പശമണ്ണു clay.

പശകൻ (loc.) = പൈതൽ; പശുങ്ങൾ children (C. pasuḷe, Tu. paśi).

പശിമ, (പശുമ V1.) 1. freshness, softness tenderness. 2. moisture or richness of soil. പശിമക്കുറു KU. fertile soil (opp. രാശി ക്കുറു). പ. ക്കുറുപൊന്നു the purest gold.

പചള, പശള T. M. Basella (a plant) V1.

**പശു paśu** (L. pecus) S. 1. A domestic or sacrificial animal, 5 or 7; any cattle with horse, ass, camel, etc. പശു പ്രാണികൾ തമ്മിൽ തിന്നല്ലോ വാഴ ന്യായം Bhg 11. 2. M. a cow (പശുമാട്ട Palg.), vu. പയി f. i. കാളകൾ മഹിഷങ്ങൾ പശുക്കൾക്കിവ എല്ലാം ഉരു വയസ്സു VCh.; തന്നേ കൊല്ലുവാൻ വന്ന പശുവിനേ കൊന്നാൽ ദോ ഷം ഇല്ല prov.; പശുക്കളെ അറുക്കയും TR. riotous. Māpiḷḷas വിപ്രൻ യാഗത്തിങ്കൽ മുനിമാ രുമായി പശുവെ വധിക്കും Sk. പശുവും ബ്രാഹ്മ ണരെയും രക്ഷിക്ക TR. (coronation oath). കള്ള ത്തിപ്പശു a vicious cow.—met. മെയ്യുന്നാം പശു Mud. = പശുപ്രായം.

പശുക്കയറു 1. a tether. 2. bondage of the individual soul, (പശുപാശം S.).

പശുക്കിടാവു a calf അമ്മ വിട്ട പ'വേ പോല prov.

പശുക്കുല = ഗോഹത്യ, as നരിക്കുണ്ടോ പ. prov.

പശുതിന്നി, പൈതിന്നി see പാച്ചെറുമൻ.

പശുപതി "cattle-lord" AR. Siva.

പശുപന്മാർ, പശുപാലകർ CC. cow-herds.

പാശുപാല്യം V1. their office.

പശുപ്രായം brutal പ'യമാനസന്മാർ VCh.

പശുബന്ധം animal sacrifice.

പശുമാംസം beef.

പശുവസൂരിപ്രയോഗം vaccination. (mod.)

പശ്വാദി (മേക്ക) Bhr. different sorts of cattle. പ. കൾ VetC. beasts. [behind.

**പശ്ചാൽ paścāl** S. (Abl. of പശ്ച്, L. post) After, പശ്ചാത്താപം S. repentance പ. ഉണ്ടായതൊ ഴിഞ്ഞു KR.; എത്രയും പ. മാനസേ വഹിക്കുന്നു PT.; പ. ഓരെള്ളോളം ഇല്ലാതേ GnP. without any qualms or compunction.

പശ്ചിമം S. hinder, western. — പശ്ചിമഖണ്ഡം the Malabar Coast.

**പശ്യ paśya** S. (Imp. of പശ് = സ്പശ്) Behold! like കാണ്കിൽ, ഓർത്താൽ Bhg.

പക്ഷമായി തോന്നുന്നു Genov. = സൂക്ഷ്മം.

**പഷ്ണി** കിടന്നു MR. = പട്ടിണി.

**പസ്സി** Mpl. = പക്ഷി. [KR., Bhr.

**പഹ്ലവന്മാർ** S. The Pehlwi or Persian people

**പളപള palapaḷa** C. T. M. 1. Cracking, popping. 2. പളപളമിന്നുക = പലപല, പളങ്ങുക. പളവു പറക V1. to tell news ആയിരം പളക പേചിനതു RC. bravado, bragging (Te. palaku, word in general).

**പളു paḷu** (= പഴുതു?) 1. Indication ചോരപ്പളു പള്ളം traces of blood (huntg.); also പളുകകൾ കണ്ടാൽ. 2. the very moment. ഇപ്പളുക്ക V2. even now. കലഹിക്കുന്ന പളുവിൽ when they were just quarrelling.

**പളുങ്കു paḷuṅgu** (C. — ku, T. paḷingu, S. സ്ഫടികം) 1. Crystal, also med. ചങ്കമുത്തു പവിഴം പളുങ്കു a. med. 2. glass. വെള്ളപ്പ. Bhr.

**പളുങ്ങുക** 1. = പതുങ്ങുക To cower, stoop V1. പാളിപ്പളുങ്ങി Nal. (see പള്ള). — പളുങ്ങിപ്പോയി Trav. bruises on vessels, jewels. 2. M. to glitter.

**പള്ള paḷḷa** (deep, see foll.) 1. Cavity, pit, hole മീൻ പ. also വളെക്ക വ. പള്ള; a small creek or inlet, opp. കോടി f. i. തലാഴിപ്പള്ള Tell. പറമ്പിന്റെ പള്ള the part of a compound which lies deepest. പള്ളെക്ക് ആട്ടുക Palg. to keep to the edge of a road. 2. the stomach, belly പ. യും വിത്തു പൊട്ടി PT.; ര പ. കൾ MC.; പ. യിൽനിന്നു പോക്ക diarrhoea. പള്ളെക്കലെക്ക TP. (from grief). പള്ളെക്കാക്ക Palg. (Iḻawars) to take one's meals. പള്ളെടേ പണ്ടം V1. the stomach. 3. (aC. പളു, T. പഴവം) a forest. 4. ഒരു പള്ളക്കായി a comb, cluster of fruits = പടല.

പള്ളക്കാടു (3) thicket of a jungle.

പള്ളയം T. V1. a basin, dish.

പള്ളയാടു T. V1. (2) a small prolific kind of goats.

പള്ളവട്ടി a large basket.

പള്ളവില്ലി (3) a caste of mountaineers V1.

**പള്ളം paḷḷam** T. Te. C. M. 1. Pit, hole, excavation വെള്ളമില്ലാത്ത ആറുകൾ പ'മാസ്സിടക്കുന്നു KR. 2. low ground, low shore. പള്ളം അഴിക്ക goats etc. to destroy a kitchen-garden near a river. പള്ളം വെക്ക to make one (പള്ളം the deepened garden-beds, see 1.) — പള്ളത്തേമീൻ D. Etroplus Coruchi, a small fish in the mud of fields. 3. B. loss.

**പള്ളി paḷḷi** 5. (also S. fr. prec. cavity, hole) 1. S. A hut, small settlement of jungle-tribes (C. in N. pr. haḷḷi; in Palg. f. i. കോയ്യള്ളി, നല്ലേപ്പള്ളി, ഏലപ്പള്ളി). 2. a public building. ഊർപ്പ. ദൈവം KU. tutelar God in a Brahman village. മറപ്പള്ളി; എഴുത്തുപ. a school No.; esp. in hunting ഒളിപ്പ. (for രാവുനായാട്ടുകാർ), മടപ്പ. (for the king കോയ്മെക്ക), ഊർപ്പ. (for ദേശവാഴി) huntg. ക്ലേശപ്പള്ളി V1. a hospital. 3. a place of worship for Buddhists (= വിഹാരം KM.), foreigners, as chapel, synagogue, church (f. i. രോമപ്പ.; also Singalese, Landse palliya = Dutch church), mosque (മാപ്പിള്ളപ്പ.). വെള്ളിയാഴ്ച എല്ലാവരും പ. യിൽ കൂടുമ്പോൾ, പ. യിൽ കയറരുതു TR.; പ'ക്കൽ സത്യംകേൾ്ക്ക MR. to get the other party to swear at a mosque (പള്ളിയാണ! Mpl.). 4. royal dormitory or couch; whatever is connected with the king (aC. paḷke a bed = പള്ളുക്ക?). പ. കൊൾ്ക to retire to rest, sleep (hon.). വിഷ്ണു പാലാഴിയിൽ പ. കൊണ്ടു Bhg., അമളിക്കമേലണെന്നു പ. കൊണ്ടരുളും RC., ഗായകന്മാർ പ. ഉണർത്തി KR. awakened the king by music. പ. ഉണരത്തണ്ടാ എന്നു (forbids the king).

പള്ളിക്കരിമ്പടം KU. (4) a royal blanket.

പള്ളിക്കാർ (3) people of a congregation.

പള്ളിക്കിടക്ക a noble bed പ. യും കട്ടിലും കിട്ടും Anj.

പള്ളിക്കുറുപ്പു (4) the sleep of Gods & kings പ. കൊൾ്ക Arb. = പള്ളികൊൾ്ക; പ'പ്പിന്ന് എഴുനീറു TP.; പ'പ്പുണന്നു Bhg. the God awoke. പ. ഉണരവേണം അനന്തശായി Anj. — പ'പ്പുണത്തുക AR. = പള്ളിഉണത്തുക.

പള്ളിക്കൂടം So. T. a school (so Muckwas Cann.; Palg. a Tamiḻ school), ധർമ്മപ്പ. TrP.

പള്ളിക്കുലകം No. a royal palace പ'ലോത്തുള്ള

ആൽ @ TR. the 5 Rājas at Chiracal പ ള്ളിക്കുലോത്തു കോലത്തിരിതമ്പുരാൻ, ഏ ഴോത്തു കുലോത്ത് ഉള്ളമ KU.

പള്ളിക്കെട്ടു (hon.) marriage.

പള്ളിച്ചിത്രകൂടം (— ത്രോടം) KU. a palace of Kōlattiri.

പള്ളിച്ചാൻ (4. So. പള്ളിച്ചീയാൻ, fr. ശിച്ച്യാൻ q. v.) a class of Nāyars, bearers of the Rāja. തണ്ടും പ'നെയും a grant. പ'നെ ക്കാണുമ്പോൾ കാൽ കടഞ്ഞു prov.; പ. തണ്ടി നെ തെററിച്ചു TP.

പള്ളിഞായൽ (411) 1. a piece of ground upon which rice is sown to be afterwards transplanted, also (—യാൽ, — യാളി loc.) പള്ളിമ ഞായൽ (Ponnāni-Malapuram). 2.=കന്നി ക്കണ്ടം opp. അയ്യന്നിക്കണ്ടം; also വാന പ്പള്ളി ഞായൽ (Ėranāḍu — the rice grown thereon depending entirely on rain — opp. irrigation). മോടനും പള്ളിമഞായലും MR. (prh. also a kind of rice?). see — യാൽ.

പള്ളിതിരിയുക (4) = ഉഴുവാക.

പള്ളിത്തണ്ടു KU. a royal palankin.

പള്ളിത്തേവാരം (3) daily ceremonies of kings, also Nasr.

പള്ളിപ്പലക 1 a royal seat (പാറനമ്പിയെ ക്കൊണ്ടു പ. വെപ്പിച്ചു KU. in Calicut). 2.= പള്ളിമാറടി.

പള്ളിപ്പിഴ (3) Nasr. church-fine.

പള്ളിബാണപ്പെരുമാൾ (3) KU. a ruler that introduced a foreign religion in Kēraḷa, vu. പള്ളിമാണർ.

പള്ളിമാടമ്പു investing young princes with the [sacred string.

പള്ളിമാറടി 1. one of the insignia of the Calicut dynasty (വിരുതു), a plank of the door, where the first Tāmūri had a sight of Bhagavati KU. 2. N. pr. a Bhagavati temple near Calicut.

പള്ളിമാറാട്ടം Er. (also — കോവിലകം loc.) burying & burning place for royalty.

പള്ളിമാളിക the gallery of a church. Nasr.

പള്ളിമൂപ്പൻ (3) Nasr. a church-warden.

പള്ളിമെത്ത Bhr. a royal bed.

പള്ളിയമ്പു 1. a royal arrow RC. 2. = കൈത Pandanus.

പള്ളിയറ (4) a bed-chamber പാററിത്തുപ്പി യാൽ പ. യിലും തുപ്പാം prov., വെള്ളിപ്പാത്ര ങ്ങൾ പ. യിൽ വെപ്പിച്ചു TR. — പ. ക്കാരൻ a chamberlain. പ. പ്രവൃത്തി (B. — വിചാ രിപ്പു) the office of the Lord chamberlain. പ. വിളമ്പൽ W. confidential secretary of the Kōṭayaγattu Rāja. — loc. പള്ളിയറ= കാവു a small fane.

പള്ളിയാൽ a quick growing rice which does not require watering, പ. കൃഷി MR. (Palg. പള്ളിയാല; No. പള്ളിയാരൽ, പള്ളിയാർ) growing on കന്നിക്കണ്ടം. (see — ഞായൽ).

പള്ളിയിടവക (3) a parish. [KU.

പള്ളിയെഴുന്നോളം (4) a royal litter പ. ഏറി

പള്ളിയോടം (4) a royal boat കാളിന്ദിയിൽ പ. കളിക്കേണം SiPu 3.

പള്ളിവായന (4) reading, study (hon.).

പള്ളിവാൾ (4) a royal sword. So also ശിവ ന്റെ പള്ളിവിൽ കണ്ടു AR.

പള്ളിവിരിപ്പു TP. a royal matress.

പള്ളിവിളക്കു etc. TP. a royal candelabrum.

പള്ളിവേട്ട (4) a royal chase. പ'ട്ടെക്കു എഴു ന്നെള്ളി Bhr. a ceremony of the Rāja shooting 3 arrows. Trav.

പള്ളിശ്ശംഖു മുഴക്കിച്ചു (hon.) SG.

പഴ pala T. M. aC. (Tu. para, Te. pan & pra fr. പഴു) Old.

പഴം T. M. (C. Tu. Te. panḍu, hannu) 1. ripe fruit. 2. ripe plantains (hence ഫലം?) 3. in Cpds. പഴങ്കമ്പളങ്ങാ a. mod.

പഴക്കായി So. fruit almost ripe.

പഴക്കുല a bunch of ripe plantains. (see പ ഴു — 637).

പഴങ്കഞ്ഞി canji from last night.

പഴഞാഴക്കു a half Āḻakku.

പഴഞ്ചീല old cloth.

പഴഞ്ചൊൽ a proverb പ'ല്ലിൽ പതിർ ഉണ്ടെ ങ്കിൽ prov.

പഴഞ്ചോറു boiled rice of yesterday, also പഴ യതു; (പ'റു തണ്ടെത്തുള്ള GP.)

പഴനിലം 1. land lying waste. 2. land cultivated every other year.

പഴന്തുണി old cloth.

പഴന്തുളൂവർ N. pr. a class of original Kēraḷa Brahmans KU.

പഴപ്രഥമൻ (പഴം) plantain-fritters.

VN. പഴമ 1. oldness, old age, old times. 2. acquaintance with customs, history. പ. പറക to explain old usages, relate traditions. ഒരോരോ പെരുമാക്കന്മാർ വാണപ്രകാരം പ. യെ പറയുന്നു KU. — പഴമക്കാർ experienced men, arbitrators — പ. പ്പെട്ടുക V1. to grow inveterate.

പഴമ്മുണിപ്പാല, പഴമ്മുണ്ണാല Mimusops Kauki.

പഴമിളക old pepper, a. med.

പഴമൊഴി old saying = പഴഞ്ചൊൽ.

പഴമ്പാച്ചി No. (പാച്ചി) with flabby breasts. അഞ്ചെട്ടു പെറു പ. ആയപ്പോൾ വള്ളുവനാർ എന്നേ തള്ളിട്ടു (song).

പഴമ്പിലാവില an old leaf of Artocarpus. prov.

പഴമ്പുളി tamarinds of last year's growth.

പഴയ old, ancient, stale (n. പഴയതു & പഴേതു). പ. കൂറു the section of Nasrāṇis that remained faithful to Rome in the schism of 1657 (opp. പുത്തൻകൂറു the Jacobites).

പഴയനൂർ N. pr. Payanūr, the chief Grāma of the No., പ. തെരുവേഴം Pay. the Brahmans there have baronial rights & മരുമക്കത്തായം KU.

പഴയരി rice of old corn, fine rice carefully prepared. പ. ച്ചോറു eating separately (opp. പക്കം 3.). പ. കഴിക meal of noblemen, so കളം കലക്കിപ്പു. നീക്കം പഴേരി, പ്'ക്ക നേരമായി hon.; ആനയെക്കൊന്നു തലച്ചോർ പ. സമ്പാദിപ്പാൻ PT. (a lion's royal meal). അമറേത്തു പ. No.; തിരുമുടി പ. ചാർത്തി KU. (at coronation). ഇല്ലത്തു പ. ഉണ്ടെങ്കിൽ ചെന്നേടത്തും പ. prov. dainty food. പ. ക്കണ്ടം ricefield which gives full-grown corn.

പഴയിട old history പ. പറക.

പഴവൻ an old man, ancestor.

പഴേ = പഴയ as പഴേനട KU.

പഴകുക palaɣuɣa T. M. (പഴ) 1. To grow old, be worn out വസ്ത്രങ്ങൾ പഴകി ജീൎണ്ണമായാൽ മറെറാന്നു പകരുന്ന പോലേ VCh. ഗ്രഹം, ദേഹം പഴകുമ്പോൾ KR. 2. to be seasoned, accustomed. ഇട പ. to be acquainted. പഴകിപ്പോയി No. an old hand at something. 3. No. to delay = വൈകുക, (ചോറു വെച്ചിട്ടു നന്ന പഴകിപ്പോയി waited for us).

പഴകിയതു 1. a worn out, deserted house. 2. = പഴഞ്ചോറു.

VN. പഴക്കം 1. oldness, പ. മണക്ക to have a musty smell, പഴക്കത്തിൽ നിറം പോകും; old history പ. ചൊല്ലു V1. = പഴമ. 2. delay. 3. long habit, acquaintance, experience അധികം കാലമായി വീട്ടും പാപ്പും പ്'വും ഉള്ള ആളുകൾ MR. men of local experience. പ. ചെന്നതു V2. usage (= തഴക്കം) — ഇടപ്പഴക്കം So. acquaintance; No. somewhat damaged through long keeping, f.i. cloth etc.

v. a. പഴക്കുക, ക്കി B. to practise any thing, to inure oneself to.

പഴശ്ശി N. pr. Pychi, A fort of the Kōṭayaɣattu Rāja. പ. രാജാവു, കോട്ടയത്തു പ. യിൽ പാലയിൽ തമ്പുരാൻ TR. the famous Pychi king.

പഴനി, പഴനിമല N. pr. (പഴൻ = പഴം) 1. A temple in the old Chēra country (സാക്ഷാൽ പ്രതിഷ്ഠ of Subrahmaṇya). 2. N. pr. m. Palg. Iḷavars പഴനി, — യാണ്ടി, — മല, — വേലൻ.

പഴി pali T. M. aC. Tu. (പഴ). 1. A fault, esp. touching one's honour by abuse, false accusation പഴിത്തുരെത്ത പഴി കേട്ടു RC. (= പരിഭവം). പഴി പറക Palg. = ദൂഷിക്ക. പ. തീൎപ്പാൻ = ദൂഷ്യം തീൎത്തി കളവാനായി UR. to vindicate one's honour. 2. deadly vengeance V1. അതിനു മാററം പഴി തകും അസ്ത്രം തൊടുത്താൻ RC. an avenging arrow — പ. വാങ്ങുക to take revenge V1.

പഴിദോഷം, പഴിവാക്ക abusive language, aspersion.

പഴിക്കാരൻ V1. who has sworn revenge & is ready to die for it.

പഴിക്ക 1. to scold, blame, abuse കണ്ണനെ

പഴിച്ചാവോളം പറയേണം, പ. ഇല്ലതമ്മിൽ അന്യോന്യം Bhr.; പഴിക്കുന്ന ചിലർ ഭരതമാതാവേ KR. 2. to vie with successfully നിന്നുടെ കാന്തിയെ പഴിച്ചു കളഞ്ഞു CG. obscured thy beauty. കാന്തിയെ പാരം പഴിച്ചു വെന്നു CG.; കയില്ലൂരല്യം പഴിത്തതച്ചൊല്ലേ RC. 3. B. to detest.

പഴിപ്പുതു (what is abused) new coin suspected of being counterfeit V1.

VN. പഴിപ്പു: പ. പറക to ridicule V1.

പഴുക്ക palukka, So. — ക്കാ (see foll. T. പഴ rib, ladder-step). 1. A fruit put to ripen B., half ripe V1. 2. the Areca-nut & its reddish colour when ripe, കരിമ്പഴക്കടക്ക & പഴക്കടക്ക 6th & 7th stage of its growth, പഴക്കാക്കുല a bunch of it. പാക്കം പ. യും ആപാദിച്ചു CG. പഴക്കടക്ക പോലത്തേ കഞ്ഞിമിട്ട TP. 3. So. N. pr. f. (Cherumars). — പൊന്നൻ പ. 1. a fine Areca-nut. 2. Myristica tomentosa, Rh. പഞ്ചമം പ. B. a drug.

പഴക്കാപ്പുലി a leopard with dark spots, പ. നരി MR.

പഴക്കുല in പച്ചക്കുലയും പ. യും Onap unripe & ripe plantain bunches. (see പഴ — 635).

I. പഴുക്ക palukka T. M. C. (Te. pandu) 1. To grow old, ripe, പത്തും പ. Bhr.; പഴുത്ത പഴം ripe fruit, കല പഴുക്കുമ്പോൾ സംക്രാന്തി, പഴക്കാൻ മൂത്താൽ പറിക്ക prov.; പ. വെക്ക to put fruits in straw (=പഴുപ്പിക്ക). 2. to become well tempered, red-hot. പ. ച്ചുടുക to roast well, എരിയുന്ന തീയിൽ പഴുത്ത നാരാചം KR. 3. to suppurate പുൺ പഴുക്കിൽ MM. 4. to decay. പഴുത്തില a dried leaf, ദേഹം പഴുത്തു പോയീട്ടും KR. = പഴകി.

പഴുത്തില hon. for betel, when Nāyars speak to Brahmans, Tīyars to Nāyars, etc. (see 4).

VN. പഴുപ്പു 1. ripening of fruit, blighting of corn. പ. ചെന്നതു V2. overripe. 2. becoming tender, red-hot. മുഖം പ. thrush (S. മുഖ പാകം). മനസ്സിന്റെ പ. V1. contrition.

CV. പഴുപ്പിക്ക 1. to ripen artificially as പഴം, to heat as ഇരിമ്പു, to accustom, inure. 2. മുഖം പഴുപ്പിക്ക No. actors personating women having their faces dyed with red arsenic (see മനയോല under മനം).

പഴുപഴുക്ക to be discoloured; പ'പ്പു yellowness of face V1.

II. പഴുക്ക = പകുക്ക To divide. ഗ്രന്ഥം (= ഗ്രന്ഥം) പഴുത്തു നോക്കുന്നേരം TP. to open a book indifferently in order to find an oracle (in the 7th letter of the 7th line).

പഴുതി MR. = പകുതി.

പഴുതു paluδu (fr. പഴ & = പാഴ് T. = പഴി) 1. A hole, കുടുക്കിന്റെ പ. V2. a button-hole; an interstice വമ്പനോടു പ. നല്ല prov.; a vacant place, ഉണ്ടപ്പഴുതു TP. the wound which the ball made. ഒരംച്ചിയുടെ പ. No. = പാളിപ്പോക. അതിൽ കടക്കേണ്ടതിന്നു പ. ഇല്ല a breach. fig. നുഴഞ്ഞു കരേറുവാൻ പ. കണ്ടു a loophole. ഘനമായുറച്ചുള്ള വൃക്ഷത്തിൽ പ. ഉണ്ടോ VCh. (= ഭോരം). പഴുതെന്നിയേ നിറഞ്ഞാനന്ദം KeiN. = densely, tightly. 2. a moment, occasion കുല ചെയ്യാൻ പ. ഉണ്ടായില്ല Mud.; കൊടുത്തു കൊൾവാൻ, തപ്പാൻ പ. കൾ നോക്കി Bhr. in fencing ഇല്ല പഴുതെന്നു ചിന്തിച്ചു despaired of an opening. പറവാൻ പഴുതില്ല no cause for. പഴുതില്ല Palg. = പാടില്ല. അപ്പഴുതറിഞ്ഞു സ്തുതിക്കേണം Mud.

പഴുതാക, — പ്പോക to go for nothing.

പഴുതാക്കുക to make of none effect. പറഞ്ഞ സത്യത്തെ പ'ക്കിടൊല്ലാ KR. don't break a promise, so also പഴുതിലാക്ക Sil.

പഴുതാര So., പഴുതാർ M. C. a centipede = കരിഞ്ഞാണിത്തേൾ No.

പഴുതേ in vain, uselessly, to no purpose (= വെറുതേ, വൃഥാ). പണം പ. കളക, also പഴുതിൽ.

പഴുവം paluvam aT. C. A forest (= പള്ളു 3.).

പഴുവച്ചുരട്ട = പവിഴ — MR.

പാ, see പായി.

പാംസു pāmsu √ (C. Te. pañcu dirt) Dust പാ. കൊണ്ടു നിറെച്ച വഴി VCh.

പാംസുലൻ soiled, unchaste.

പാകം pāγam S. (പചിക്ക) 1. Cooking, പാ.

ചെയ്യു to cook. അരി പാകത്തിൽ വെച്ചുണ്ടാക്കി Sil. properly. 2. degree of inspissation (=പതം) as മൃത്ത പാ., ഖരപാ. or മണൽപാ. the highest, ചിക്കണപാ., മദ്ധ്യമപാ. or അരക്കിൻ പാ. the middling, മന്ദപാ., ഇളയ പാ. or മെഴുപാ. the lowest as required for anointing oil. നെയ്യു പാ. ചെമ്പോത്തിൻ കൺ പോലേ ആമ്പോൾ വാങ്ങുക a. med. പാകം തെററുക to boil too much or too little. പാകം നോക്കു. 3. maturity ധാന്യങ്ങൾക്കു പാ. വന്നു പോയി VyM.; വിളകൾ മൃത്ത പാ. ആകുന്നതു എപ്പോൾ. 4. season കള്ള പാകത്തികൾ പുളിച്ചു പോം GP.; മുതിന്ന പാ. വന്നു TR. grew marriageable. — seasonableness, fitness. നിലം വിതെപ്പാൻ പാ. ആയി prepared. 5. peculiar feeling in touching any substance കവിളടെ അകം പാ. ചിതൽപ്പുററു കണക്കേ ഉണ്ടാം a. med.

Hence:

പാകക്കേടു immaturity, being overdone or underdone, unseasonableness, missing the proper degree, transgressing the regimen.

പാകത (1. 3.) No. f.i. മനസ്സിന്നു നല്ല പാ. വന്നിരിക്കുന്നു having the character softened.

പാകത്തിൽ seasonably, properly, nicely പുരുഷൻ വിരല്ക്കു പാ'ലായി ശില്പമായി തീൎത്തുള്ള മുദ്രിക Mud. made to fit a man's finger.

പാകദോഷം = പാകക്കേടു f.i. നമ്മുടെ ആളാൽ പാ. വരുന്നു TR. my man behaves rudely, also പാകപ്പിഴ.

പാകൻ S. a suckling, N.pr. a demon.

പാകം വരിക (4) to become ripe, manageable, humble വീണ്ടും പാ'രുവാൻ ഇട ഉണ്ടു. — ബുദ്ധിപാകം വരുത്തുക to moderate, direct properly. പട്ടരേ ഞാൻ നന്നേ പാ'രുത്തി അയച്ചു (= തച്ചുവിട്ടകയും ചെയ്തു) TR. to make supple, punish, beat.

പാകയജ്ഞം (പാകൻ) a simple domestic sacrifice, Bhg.

പാകശാല a kitchen, also പാകസ്ഥാനം.

പ്രത്യുപകാരം S. service in return, requital പ്ര. മറക്കുന്നവൻ ചത്തതിന്ന് ഒക്കുമെ AR.

പ്രത്യുപാഖ്യാനം S. a lecture പ്ര. കൊണ്ടരിയിച്ചു Bhr 12. [Sah.

പ്രത്യുഷസ്സ് S. morning — പ്ര'സി every morning,

പ്രത്യേകം S. one by one; distinct ഈ ചെയ്യുന്ന ഉപകാരം പ്ര. എന്നു നാം എപ്പോഴും വിചാരിക്കും TR. shall view it as a singular, special favour. തീൎപ്പിൽ പ്ര'മായ സമ്മതം കാണുന്നു MR. distinct admission. പ്ര. ചെയ്തു on purpose. ഈ സാക്ഷി പ്ര. അന്യായക്കാരന്റെ അടിയാനാകുന്നു MR. more especially, principally. പ്ര'മായി ഞാൻ പണം കൊണ്ടു പോയിട്ടില്ല jud. personally (there was a common stock).

പ്രത്യേകിച്ചു So. No. = വിശേഷിച്ചു, അടിയന്തരമായി.

പ്രത്യൗഷധം S. an antidote V2.

**പ്രഥ pratha** S. (പ്രഥ് to spread; broad). Fame. പ്രഥനം unfolding പ്രഥനചതുരത Bhr. (in war). part. pass. പ്രഥിതം spread, renowned.

**പ്രഥമം prathamam** S. (പ്ര). First, foremost; also adv. പ്ര. അപരാധിയാം കൌരവർ ChVr. who offended first.

പ്രഥമ 1. the first lunar day. 2. the Nominative (gram.).

പ്രഥമൻ a condiment അട —, പരിപ്പു — ചക്കപ്രഥമൻ etc. = മധുരക്കറി a sort of dessert.

പ്രഥമപുരുഷൻ (gram.) the 3rd person.

പ്രദം S. (ദാ) Giving, as കല്യാണപ്ര., ദുഃഖപ്ര. AR.

പ്രദക്ഷിണം S. reverential circumambulation, keeping the right side towards the person or object to be honored; in temples etc. (= വലം വെക്ക), Nāyars round the reviewing Rāja പുരുഷാരം മൂന്നു പ്ര. വെച്ചു KU. അംഗപ്ര. rolling round a temple etc.

denV. ബിംബം പ്രദക്ഷിച്ചു SiPu., പ്രദക്ഷിണീകരിക്ക Bhg.

പ്രദാനം S. gift, grant. ഭരതനു രാജ്യപ്ര'ത്തിന്നായി KR. in order to give Bh. the kingdom. ദ്വിജകാമപ്ര. ചെയ്തു Bhr. did the Brahman's wish.

പ്രദായി giving (= പ്രദം), giver V1.

പ്രദീപം S. a lamp PT.; a hanging lamp V1. വിജ്ഞാനമാം ഉന്നത പ്ര'ത്തേ ദാനം ചെയ്തു Bhg. [ത്മപ്ര. AR.

പ്രദീപകം showing, setting forth അദ്ധ്യാ

denV. പ്രദീപിക്ക to shine forth, to be kindled V2.

പ്രദേശം S. (ദിശ്) 1. direction. 2. a place ഉദരപ്ര. med. വനപ്ര'ത്തിൽ ശയിച്ചു KR.; ശീതമുള്ള പ്ര. a cool climate, അണിയ്യാരത്തു പ്ര. TR. a Nambiār's territory; country. മൂന്നടിപ്ര. നല്ക Bhg.

പ്രദോഷം S. 1. evening. 2. M. T. the fast of the 13th lunar evening പ്ര. നോററു SiPu. = ശനിവാരേ കൃഷ്ണപക്ഷേ ത്രയോദശിവന്നു കൂടും ദിനേ നോററു; also ശനിപ്ര. മഹാ പ്രദോഷോപവാസം SiPu.

പ്രദ്യോതനൻ S. the sun നൽപ്ര. CG.

പ്രദ്യുമ്നൻ S. Bhg 10. Kāma.

പ്രധാനം S. 1. The chief matter, principal thing സന്തതിക്കേററം പ്ര. SG. best means to obtain posterity. അവൎക്ക ശിക്ഷാരക്ഷ പ്ര. KU. chief occupation. അവനെ പ്ര'മാക്കി head. പ്രധാനഭൂതന്മാർ ഒരുമിച്ചു കൂടി KR. grandees.—പ്രധാനപ്പെട്ട പടനായകന്മാർ KU. 2. adj. chief ദേഹികൾക്കൊക്കെ പ്രധാനൻ ആപ്പൂരുഷൻ Nal.; സത്വഗുണപ്രധാനന്മാർ Sah.; എൻ ഉണ്ണികൾക്ക് ഏററം പ്ര'ൻ Bhr.; fem. പ്രധാനമാരായ എണ്മർ Bhg.

പ്രധാനി (mod.) chief; first minister. ഭൃത്യപ്രധാനികൾ PT 5. സാമ്യമാരിൽ പ്ര. TR. the Chief Commissioner.

പ്രപഞ്ചം S. 1. Development, expanse. വൈരിപ്ര. ChVr. the host of enemies. മാരിപോലെ ശരപ്ര. ഉതിൎക്കും ChVr. ആയുധാഭ്യാസപ്ര'വും Nal. the whole science of arms.— also f. ദുഷ്കൃതാപ്രപഞ്ചകൾ SiPu. masses of sin. 2. the world, viewed as മായാപ്രപഞ്ചം Bhg. പ്രപഞ്ചസൃഷ്ടിസ്ഥിതിസംഹാരങ്ങൾ Bhr.

denV. പ്രപഞ്ചിക്ക to expand, enlarge upon പഞ്ചതന്ത്രത്തെ പ്ര'ച്ചു ചൊല്ലി PT.

part. pass. പ്രപഞ്ചിതം, as അവനുടെ ജ്ഞാനൊലി പ്ര. Nal. celebrated.

പ്രപദം S. the tip of toes പ്ര'ങ്ങൾ രണ്ടും CG. നരിയാണിയും പ്ര'ങ്ങളും PrC. (in KR. പ്രപാദയുഗ്മം?). vu. = പുറവടി.

പ്രപാടനം S. splitting വക്ഷഃപ്രദേശം പ്ര. ചെയ്തു AR. = പിളൎന്നു.

പ്രപാതം S. fall; precipice പ്ര'ത്തെക്കൊണ്ടു നട്ടങ്ങും വാഴപോൽ KR.

പ്രപിതാമഹൻ S. a paternal great-grandfather പ്ര'ന്മാർ Bhr. KU.

പ്രപൌത്രൻ S. a great-grandson.

പ്രബന്ധം S. 1. Composition, chiefly poetical, but also ഗദ്യപ്ര. രചിക്കുന്നു Nal., പ്ര. നോക്കാം KU. read a book. 2. M. confusion മമ സന്താപപ്രബന്ധങ്ങൾ തീരും SiPu. my griefs & troubles.

പ്രബൎഹം S. the best V1.

പ്രബലം S. strong — പ്രബലനായ അന്യായക്കാരൻ MR. influential, successful (opp. ദുൎബ്ബല).—പ്രബലപ്പെടുക to prevail, become public ശാസ്ത്രം നീചജാതിയിൽ പ്ര. KU.— പ്രബലപ്പെടുത്തുക to acknowledge as valid; make publicly known MR.

denV. പ്രബലിക്ക to grow, appear with pomp V1.

പ്രബുദ്ധൻ S. awake. പ്ര'നായുടൻ KR. after a swoon.

പ്രബോധം S. waking, as from നിദ്രാവശം & ഖേദവശം UR. conviction, insight ബ്രഹ്മമാം പ്ര. സാധിക്കും SiPu.

denV. ഉപായത്തെ പ്രബോധിപ്പിക്ക PT. to advise.

**പ്രഭ** S. (ഭാ) Light, splendour പാവകപ്രഭ PT 1. — met. കണ്ണിൻപ്രഭ മറഞ്ഞു Nid. losing its lustre, നേത്രപ്ര. Bhg.

പ്രഭവം S. birth വല്ലാത്ത ബാലപ്ര'ത്തിനെക്കാൾ ഇല്ലാത്ത ബാലപ്ര. സുഖം പോൽ CC.

പ്രഭാകരൻ S. (പ്രഭ) 1. the sun, Bhg. 2. N. pr. of a Bhaṭṭatiri, author of the പ്രഭാകരം, head of the Brahman division: പ്രഭാകരക്കൂറു KU., പ്രഭാകരന്മാർ Brahmans of that division.

പ്രഭാതം S. dawn പ്രഭാതകാലേ കളിച്ചു KU.

പ്രഭാമണ്ഡലം 1. a halo round the sun, moon പരിവേഷം. 2. a glory or nimbus round the head of idols, saints, etc. — aureola.

പ്രഭാവം S. energy, majesty; specific power of medicines (= തന്റേടം). ഉന്നതപ്രഭാവനാം നിന്തിരുവടി PT. your most glorious majesty. മായാപ്ര. നിങ്ങും പ്രകാരം അരുളി Bhr.

**പ്രഭു prabhu** S. (ഭു). Lord, prince നാട്ടിൽ പ്രഭുനാം ChVr.; പ്രഭുവാക്കി വാഴിച്ചു KU. a governor. സപ്തതിനായിരപ്രഭു etc. chief of 30000 Nāyars. — pl. പ്രഭുക്കൾ = hon. prince, comm. പ്രഭുക്കന്മാർ, in Kōlanāḍu രണ്ടുപ്ര. great vassals, in Calicut തിരുമുടിപ്പട്ടം കെട്ടിയ നാൽ 4000 പ്ര'രും ചേകിച്ചു പിറേറനാൾ ലോകർ ചേകം KU. vassals & officers. — fem. പ്രഭുവാട്ടി No.

പ്രഭുത S. supremacy. പ്രഭുതകൾ നടിച്ചു ChVr. assumed airs.

abstrN. പ്രഭുത്വം S. authority, sovereignty മൂവാണ്ടേക്കല്ലോ പ്ര. ഉള്ളു KU. നിധീശത്വാദി നാനാപ്ര'ങ്ങളുള്ളവൻ UR. Kubēra. സിംഹാസനേ മുഷ്കരപ്ര. ഭാവിച്ചു മേവി Nal.

പ്രഭൂതം S. large, much.

പ്രഭൃതി S. beginning (= മുതലായ etc.).

പ്രഭേദം S. kind ബന്ധമോക്ഷപ്ര'ങ്ങൾ ചോദിച്ചു Bhg.

പ്രഭ്രഷ്ടലക്ഷമായി Mud. missed the aim.

പ്രമത്തൻ S. intoxicated, careless (& പ്രമദം Vı.).

പ്രമഥൻ S. attendant on Siva പ്രമഥാദികളും Anj.

**പ്രമാണം pramāṇam** S. (മാ). 1. Measure ആയുസ്സിന്റെ പ്ര. ഇല്ലാത്തതു GnP. life is uncertain. മഞ്ചാടിപ്ര. ഗുളിക med.; ആ മന്മം മണിപ്ര'മായി ഉരുണ്ടിരിപ്പിതു MM.; നാലാൾപ്ര. വെള്ളം കാണാം. 2. norm, authority ബലം പ്ര'മായി ചെയ്യു TR. achieved it by sheer force. സകല കാൎയ്യത്തിനും തമ്പുരാനെ പ്ര'മാക്കി made the Rāja responsible for all the administration. എടുക്കേണ്ടത് എടുപ്പാൻ N. നെ പ്ര'മാക്കി TR. entrusted him with the revenue. രാജ്യത്തു പ്രമാണമായിരിക്കുന്ന ആൾകൾ & നാട്ടിൽ പ്രമാണപ്പെട്ട ആൾ TR. persons of authority. അനന്ത്രവസ്ഥാനത്തിന്ന് ഒക്കയും പ്ര'മായിട്ടുള്ള നമ്മെ നിരസിച്ചു എത്രയും ചെറുതായിട്ട് ഒരു കിടാവിനെ പ്ര'മാക്കി വെച്ചു TR. made him joint king instead of me, the lawful heir. ഇതിന്നൊക്കയും പ്ര'മായിട്ടു chief instigator. അതു പ്ര'മല്ല you are not bound by it. ശാസ്ത്രപ്രമാണേന വിധിക്ക KU. according to law. ഒരംശപരൻ പ്ര. എന്നോൎക്കാത്ത ജനം ഇല്ല Nal. (= പ്രധാനം); ദൈവം പ്ര. നമുക്ക് എന്നു ചൊല്ലി ജീവിക്ക നല്ല ChVr. to live religiously. ദൈവം പ്ര'മല്ലെന്നു ചിന്തിച്ചിതോ SiPu. lost sight of religion. 3. proof ലിഖിതസാക്ഷ്യാദിപ്ര'ങ്ങൾ (മാനുഷപ്ര., ദിവ്യപ്ര. oath, ordeal) VyM. — esp. a bond കള്ളപ്ര'ങ്ങൾ എഴുതിച്ചു, പറമ്പിന്റെ പഴുപ്പണ്ടുള്ള ജന്മപ്ര. TR. title-deed. കടംവാമ്പപ്ര.; ചരക്കപ്ര. contract. റുറുപ്പ്യക്ക് ഒരു പ്ര. എഴുതി TR. a cheque for etc.

പ്രമാണി a chief, headman; influential person മുഖ്യസ്ഥന്മാരും പ്ര. കളും (= പ്രാപ്തിയുള്ളവർ), കാൎയ്യസ്ഥന്മാരിൽ പ്ര. കൾ TR., MR.

denV. പ്രമാണിക്ക to consider as rule, take for proved or granted, believe രേഖ പ്ര.ത്തക്കതല്ല MR. അതു പ്ര'ച്ചു തന്നേ TR. relying on, attending to.

പ്രമാണീകരിക്ക to regard as authority ദൈവം പ്ര'ക്കമവകളെ കേവലം മൂഢർ എന്നറി Mud.

പ്രമാദം S. (see പ്രമത്ത) intoxicated security, self-deception KR.; inadvertence. മട്ടക്കമത്ത പ്ര. V1. the moment of dying. മരിപ്പാൻ പ്ര'മായിരിക്കുന്ന രോഗി CatR.

denV. പ്രമാദിക്കേണ്ട V1. don't despair.

പ്രമുഖം S. foremost പ്രഹസ്തപ്രമുഖപ്രവരർ AR. (=മുതലായ). [Anj.

പ്രമൃശ്യം S. to be investigated ശ്രുത്യർത്ഥാന്തപ്ര.

പ്രമേയം S. (മാ) to be measured or known, Bhg.

പ്രമേഹം S. urinary affection (21 kinds) diabetes (also പ്രമേഹകൃഛ്രം)=നീർവാച്ച്, gonorrhea; പ്രമേഹക്കല്ല് gravel = കല്ലടെപ്പു.

പ്രമോദം S. delight രൂഢപ്രമോദാശ്രു Nal.; അതിപ്രമോദേന പറഞ്ഞാൻ Mud.

denV. പ്രമോദിക്ക to be delighted.

പ്രയതൻ S. (യം) restored, pure, Brhmd 85.

**പ്രയത്നം prayatnam** S. Persevering effort, endeavour. ആളുകളെ കൂട്ടി പ്ര. ചെയ്തു to make war. പ്ര. ചെയ്വാൻ ഉണ്ടയും മരുന്നുമില്ല, കമ്പ ഞ്ഞിക്ക വേണ്ടി പ്ര. ചെയ്യിപ്പിച്ചു, നമ്മുടെ പേ ൎക്ക പ്ര. ചെയ്യുവർ TR. my followers in war.

പ്രയത്നപ്പെടുക to labour, take great pains നിലങ്ങളിൽ പ്ര'ട്ടു വിള ഇറക്കി MR. എ ത്ര ജന്മം പ്ര'ട്ടു GnP. passed painfully through — also denV. എന്തെല്ലാം പ്രയ ത്നിച്ചാലും Arb.

പ്രയാഗം S. chief place for sacrifice, confluence of Ganga & Yamuna പ്രയാഗസ്നാനം; പ്ര യാഗയും SiPu. പ്രയാഗയിങ്കൽ മാഘമാസ ത്തിൽ സ്നാനം ചെയ്തു KU.

പ്രയാണം S. (യാ) going forth, journey, pilgrimage (=യാത്ര). — death V1.; പ്ര. ചെയ്തു Bhg.

പ്രയാസം S. (യസ്) 1. exertion, toil. പ്ര'പ്പെട്ടു laboured hard. 2. difficult എത്തുവാൻ പ്ര. Bhr. (=പണി).

പ്രയുക്തം S. see പ്രയോഗിക്ക.

പ്രയുതം S. a million പ്രയുതന്നരന്മാർ Bhr.

**പ്രയോഗം** S. Application, practice; use of means അസ്ത്രപ്ര. തുടന്നു Bhr.; നല്ല പ്ര. clever treatment (med.). മന്ത്രപ്ര. etc.—മൃദംഗപ്രയോ ഗവാൻ SiPu. beating the tabor.

denV. പ്രയോഗിക്ക to employ, apply, use as means, arms, talents; with Acc. & അസ്ത്ര ശസ്ത്രങ്ങൾ കൊണ്ടു പ്ര'ച്ചാൻ, അവനെ പ്ര' ച്ചു മൎമ്മം തോറും, നൂറു ബാണങ്ങളെ തേരാ ളികളെ പ്ര. Brhmd. shot.

part. pass. പ്രയുക്തം as മന്ത്രിപ്രയുക്തന്മാർ Mud. creatures of the minister, employed by him. മന്ത്രപ്രയുക്തബാണങ്ങൾ KR. charmed arrows.

പ്രയോക്താവ് employer മാരണാദികൾ ചെയ്യു ന്നോൻ പ്ര'വായതു PR.

പ്രയോജനം S. 1. motive, cause. 2. use, profit, advantage.

denV. പ്രയോജിക്ക to be serviceable V1.

**പ്രരോഹം** S. Budding പ്ര. ഉണ്ടായ്വരും PT. (from a seed).

പ്രലംബം S. hanging down പ്ര'മാം ഗിരി KR.

പ്രലംബൻ N. pr. a Daitya പ്ര'നെ കൊന്നു CG. [tation.

പ്രലാപം S. a talk ബഹു പ്ര. KR. esp. lamen-denV. പ്രലാപിച്ചു സൎവ്വരും AR.

പ്രലോഭനം S. allurement പല വസ്തു കൊണ്ടും പ്ര. ചെയ്യുാൽ KR. to seduce. [V1.

പ്രവചിക്ക S. to speak forth, announce, explain നിഷ്ഠുരപ്രവക്താക്കൾ Bhg. propounders of harsh words. — പ്രവചനം prophesying.

പ്രവണം S. (L. pronus) bent forward.

abstrN. പ്രവണത്വം ഏകിനാൻ CC. inclination. [Bhg. devoted.

പ്രവത്സലൻ S.=simpl. ഭൎത്തൃപ്ര'ലനാരിമാർ

പ്രവരം S. 1. (വരൻ) the best, in Cpds. താപ സപ്ര'ൻ, വീരപ്ര'ൻ. 2. (വർ) lineage, race ഭക്തപ്ര'മായി മേവും Bhg.

പ്രവൎഗ്ഗ്യം S. a ceremony at sacrifices തൽ പ്ര' വ്യം ഉപസദവും KR.

പ്രവൎത്തകൻ S. a superintendent, arbiter.

പ്രവൎത്തനം S. activity; occupation V1.

denV. പ്രവൎത്തിക്ക=പ്രവൃത്തിക്ക.

പ്രവൎദ്ധനം=simpl. കോപം പ്ര. ചെയ്തു Mud.

പ്രവാചകൻ S.=നിവി prophet, Nasr. ദാനി യേൽ എന്ന പ്ര. Genov.

പ്രവാചകം (obj.) prophecy (Christ.).

പ്രവാദം S. talk, rumour (ദുഷ്പ്ര. CC.).

പ്രവാസം S. living away from home. വെട്ടക്കി ളി പ്ര. ചെയ്യുന്നു MC. emigrates. പ്രവാസ ദണ്ഡം VyM. banishment. രോഷത്തിന്റെ പ്ര. Mud. voluntary expatriation = നിർവ്വാസം.

പ്രവാസനം S. banishment രാമന്റെ വന പ്ര. മുടക്ക KR.

denV. സുതനെ എന്തിന്നു പ്രവാസിപ്പിക്കുന്നു, എന്നെ പ്ര്'പ്പിക്ക നീ KR.

പ്രവാഹം S. stream, current ചോരയുള്ള വാരി പ്ര. പെയ്തു Bhr. blood flowed in torrents.

denV. ഏഴായി പ്രവാഹിച്ചാൽ ഗംഗയുമവി ടുന്നു KR. issued. ഗിരിക്ക വടക്കഭാഗമേ മന്ദാകിനി പ്ര്'ക്കുന്നു KR. ചോരയും പ്ര്' ച്ചു Sk.

പ്രവാളം S. (ബാല) 1. a shoot, bud. 2. coral (പവിഴം Tdbh.) മൌക്തിക പ്ര്'വും Nal.

**പ്രവിശ്യ** E. **province** മലയാം പ്ര. യിൽ (mod.) & മലയാം പ്ര. ത്തിൽ, പ്ര. ങ്ങൾ TR.

**പ്രവിഷ്ടം**, see under **പ്രവേശം**.

**പ്രവീണൻ** S. (വീണ). Skilful, clever ശസ്ത്ര ശാസ്ത്രപ്ര. VetC. കാൎയ്യവസ്തുപ്രവീണകരാന TR. (in titles).

**പ്രവൃത്തം** S. Deed ദുഷ്ടപ്ര്'ങ്ങൾ Bhg.

**പ്രവൃത്തി pravr̥tti** S. (=പ്രവൎത്തനം). 1. Activity, opp. നിവൃത്തി; occupation, business, work നിലത്തു പ്ര. കൾ ഒക്കയും ചെയ്തു MR. cultivated. പ്ര. കൊടുക്ക TR. to employ. 2. a parish or അംശം, comprising 5-6 മുറി "a charge" കിഴക്കേടത്തു നമ്പ്യാരുടെ പ്ര. യിൽ TR. 3. sorcery, motion of the bowels, etc.

denV. പ്രവൃത്തിക്ക to act, work ക്രുദ്ധത പാരം പ്ര. Sah. നീതിശാസ്ത്രവിരുദ്ധങ്ങളായുള്ളവ രാജാവു പ്ര. രുതു VyM., ബാഹ്യാൎത്ഥങ്ങ ളിൽ പ്ര്'പ്പതു KeiN. പാളയക്കാർ പ്ര്'ക്കുന്ന യുദ്ധം TR. wherein they are engaged. — vu. പൊഴുത്തിക്ക, അതിക്രമം പോൎത്തിക്ക Co. KN.

CV. പ്രവൃത്തിപ്പിക്ക to set to work സ്വഭൃത്യരെ കൊണ്ടു പ്രവൃത്തിപ്പിച്ചുടൻ കൂലി കൊടുക്കാ തെ ഇരിക്കും KR.; also വ്യവഹാരത്തിങ്കൽ പ്രവൎത്തിപ്പിച്ചീടും ധൎമ്മം തന്നേ KR.

പ്രവൃത്തിക്കാരൻ 1. a functioner, workman (Palg. vu. പോൎത്തിക്കാരൻ). 2. a subordinate revenue officer in Trav. = പാൎവ്വത്യക്കാരൻ, അധികാരി (old). 3. an instigator B.

പ്രവൃത്തിപ്പിള്ള Trav. a Gumasten of the പ്രവൃത്തിക്കാരൻ = പണ്ടാരപ്പിള്ള 2.

**പ്രവൃദ്ധം** S. (part. pass. of വൃധ്). Increased യുദ്ധം പ്ര്'മായിവന്നു AR. പ്രവൃദ്ധരാഗം ആ ന്നിരുവരും Mud.

**പ്രവേശം** S. 1. (വിശ്). An entry, entrance. ഗൃഹ —, നഗരപ്ര etc.; access. 2. vu. = ആ വേശം & പരവശം V1. possessedness, agitation.

denV. പ്രവേശിക്ക to enter പട്ടണത്തെ പ്ര. & Loc.; chiefly met. അവകാശത്തിൽ ഇവി ടേനിന്നു പ്ര്'പ്പാൻ പാടില്ല MR. to enter into the disquisition about the claim. ബാ ലത്വം കടന്നപ്പോൾ വിദ്യയിൽ പ്രവേശി ച്ചാർ KR. പഞ്ചതന്ത്രത്തെ പ്ര്'ച്ചു ചൊല്ലീ ടേണം PT. engage in.

part. pass. പ്രവിഷ്ടം: പുരം പ്രവിഷ്ടനാമവ നെക്കണ്ടു Mud.

CV. പ്രവേശിപ്പിക്ക to introduce ഇതു പട്ടണം പ്ര്'ച്ചീടിനാൽ PT.

**പ്രശംസ** S. Praise മൌൎയ്യന്റെ ഗുണം പ്ര. ചെയ്തു Mud.; ആത്മപ്ര. etc.

denV. പ്രശംസിക്ക S. to praise അവനെ ഏ റവും പ്ര്'ച്ചു Mud. നിന്നുടെ ധന്യമാം ശീലം അവളുടെ മുന്നിൽ പ്ര്'ച്ചു Nal. നന്നു നന്നെ ന്നു പ്ര്'ച്ചു ലോകരും SiPu. തന്നെത്താൻ പ്ര. Bhr.

part. pass. പ്രശസ്തം commendable, good. പ്രശസ്തവൃക്ഷങ്ങൾ KR. famous. രഹസ്യ മാം അപരാധം പ്ര്'മാക്ക KR. to publish. പ്ര്'ങ്ങൾ സേവിക്ക opp. നിന്ദിതങ്ങൾ വൎജ്ജിക്ക Bhr.

**പ്രശ്നം prašnam** S. (പ്രഛ, Ger. fragen). A question. ദശപ്രശ്നങ്ങൾ the 10 arithm. species necessary for astrol. calculation; പ്രശ്നം വെക്ക to make an astrol. calculation, പ്ര. വെച്ചിച്ചു PT. (through കണിശൻ etc.). മേളമോടൊരു

പ്ര'വും വെച്ചു SG. — പ്ര. ശുഭം എന്നു പ്രാശ്നികന്മാർ പറഞ്ഞു Nal. the stars are favorable.

പ്രശ്നക്കാരൻ (പിറത്തിയക്കാർ TP.) = പ്രാശ്നികൻ. [PR.

പ്രശ്നരീതി N.pr. an astrological work in ślōkas.

**പ്രശ്രയം** S. (ശ്രി). Respect, modesty; love നിന്നുടെ പ്ര. കണ്ടു Mud.

പ്രശ്രിതൻ V1. modest. (part. pass.)

പ്രഷ്ടാവു S. (പ്രഛ see പ്രശ്നം) the questioner; one who consults an astrologer.

പ്രസക്തി S. (സഞ്ജ്) = സക്തി, പ്രസംഗം f.i. വസ്തുക്കളിൽ ചിത്തപ്ര. Bhg.

പ്രസംഗം S. 1. attachment ത്വൽപ്രസംഗാദേവം ഉക്തം AR. on account of thy presence. 2. occasion, conjuncture. ഇവിടേ പ്രസംഗാൽ പറയുന്നു Gan. I take this opportunity to explain. യുദ്ധപ്ര. ഇല്ലായ്ക Nal. രാത്രൌ കറഞ്ഞിതു നിദ്രാപ്ര'വും Nal. 3. association of thoughts കാൎയ്യപ്ര'ത്തിന്നൎത്ഥത്തെ വിചാരിച്ചാൽ PT. consider the bearings. ഇപ്ര'ങ്ങളെ കേൾപിച്ചു SiPu.—Christ. sermon (?). 4. distant idea of, slight, little പ്രസംഗമാത്രം ഇല്ല കേൾപാൻ CC. nothing at all. ആ വൎത്തമാനം പ്ര. പോലും ഇല്ലാതേ കാണുന്നു not a shadow of truth. പ്ര. നിങ്ങുന്നില്ല No. = തീരേ.

പ്രസംഗി 1. connected with. 2. Christ. a preacher (T. usage).

denV. പ്രസംഗിക്ക 1. to attach to ആ കാൎയ്യം അതിൽ പ്ര'ച്ചിട്ടുണ്ടു alluded to. ബ്രഹ്മചാരിയെ പ്ര'ച്ചു കേട്ടു Bhg. (= കുറിച്ചു). 2. T. to preach.

പ്രസന്നം S. (സദ്). 1. pleased, മാംപ്രതി പ്ര'ന്നാക Brhmd.; bright പ്രസന്നഭാവം VCh. affability, urbanity, also ഭാവപ്രസന്നത V2. 2. നമ്മുടെ മനസ്സിൽ ഒരു പ്രസന്നം ഉണ്ടായി TR. (hon.) I have received a piece of news. പ്രസന്നീകരിക്ക to content V1. (= പ്രസാദം).

പ്രസഭം S. violently, rashly പ്ര. ചേൎത്തു CC. = പ്രസഹ്യ Brhmd 58.

പ്രസരം S. breaking forth; moving on.

denV. പ്രസരിക്ക to spread.

പ്രസവം S. (സൂ) bringing forth. പ്രസവവിധികൎമ്മങ്ങൾ എല്ലാം BR; പ്രസവവേദന etc. = പേറു, ഒരംററു; also met. ധനം പ്രസവം മദത്തിന്നായ്വരും PT.

denV. പ്രസവിക്ക to bring forth കപോതി അണ്ഡങ്ങൾ പ്ര'ച്ചു Bhg.

പ്രസാദം S. 1. = പ്രസന്നത clearness, brightness. 2. favour, propitiousness രാജപ്ര'ങ്ങൾ അനുഭവിക്ക Mud. ദേവതമാരെ പ്ര. വരുത്തുക AR. to propitiate. സുപ്ര'കാലം. 3. leavings of offerings, sandal-powder, etc. (ചാന്തു, പൂക്കൾ) obtained from temples as marks of God's favour തീൎത്ഥവും പ്ര'വും കൊണ്ടു വരിക TR.; പ്ര. മസ്തകത്തിങ്കൽ ഉദ്വസിപ്പിക്കേണം Bhg. place on the head.

denV. പ്രസാദിക്ക 1. to be pleased, bright, calm, propitious അവനേ കുറിച്ച് ഏററം പ്രസാദിച്ചു Bhr.; പുരുഷനിൽ പ്ര'ച്ചു Bhg.; അടിയനോടു പ്ര., എങ്കൽ പ്ര'ച്ചീടേണം KR.; അവൾ ശുശ്രൂഷകൊണ്ടു മുനി അധികം പ്ര'ച്ചു KR.; പ്ര'ച്ചു തരുന്നു TR. to give as present (a superior). എനിക്കു നന്നായി പ്ര'ച്ചു വ വരം നല്കി KR. 2. So. to please നേരുള്ള ജനങ്ങൾക്കിതെത്രയും പ്ര'ക്കും Nasr. po.

Imp. പ്രസീദമേ AR. be gracious to me!

CV. പ്രസാദിപ്പിക്ക 1. to please, gladden ബൃഹസ്പതിയെ പ്ര'പ്പാൻ Bhg. ലോകേശ പ്ര'പ്പീടേണം ഇയന്തന്നേ KR. 2. to conciliate, propitiate വാക്കുകൊണ്ടു പ്ര'ച്ചയച്ചു TR.

പ്രസാരണി S. (creeper) GP 64. & പ്രസാരിണി ഇടിച്ചു പിഴിഞ്ഞ നീർ a. med. Pæderia foetida.

denV. പ്രസാരിക്ക v. a. to spread ആതപം പ്ര'ച്ചു Nal.

പ്രസിദ്ധം S. (p. pass. of സിധ്). known, celebrated. ലോകപ്ര'മായ്വന്നു Nal. — ഗുണപ്രസിദ്ധാക്കൾ Bhg 4. men of acknowledged virtue. — പ്ര'മാക്ക, പ്ര'പ്പെടുത്തുക to proclaim, divulge, also പ്രസിദ്ധിക്ക V1.

പ്രസിദ്ധി S. notoriety, fame നളൻ എന്നൊ

ത പ്ര., ധന്യപ്ര. പ്രവൃത്തിക്ക സാമ്യം Nal. — പ്ര. പത്രം proclamation.— പ്രസിദ്ധിമാൻ Nal. universally known.

പ്രസീദ, see പ്രസാദിക്ക.— പ്രസൂതി= പ്രസവം.

പ്രസൃതി S. the palm of the hand hollowed.

പ്രസ്തരം S. 1. a grass-couch. 2. (L. petra) a stone.

പ്രസ്താവം S. (സ്തു) introducing a subject; mentioning; suggestion. കണ്ണുകൊണ്ടു പ്ര. a hint. ഈ കഥാപ്ര. അല്ലിഞ്ഞു കേൾക്കേണ്ടതു Nal. (corrupted into പ്രസ്ഥാപം).

denV. പ്രസ്താവിക്ക S. 1. to cause to mention or praise. 2. to mention, vu. പ്രസ്ഥാപിക്ക q. v. അവസ്ഥ ഒന്നും പ്രസ്താവിക്കാതേ MR.

പ്രസ്ഥം S. 1. a plateau, table-land. 2. a measure പ്രസ്ഥമാത്രം പോൽ മൂത്രം VC. = ഇടങ്ങാഴി.

പ്രസ്ഥാനം S. departure, march പ്രസ്ഥാനവാദ്യം മുഴക്കിക്ക Nal. അടിയങ്ങളെ പ്ര'ത്തിന്ന് അന്തരം വരുത്തി KU. prevented our journey. മഹാപ്ര. ആശ്രിച്ചു Bhr.

പ്രസ്ഥാപം S. better പ്രസ്താവം publicity, പുറത്ത് ഒക്കയും പ്ര. ആകം vu. will become the talk of all.

പ്രസ്ഥാപനം S. sending off.

denV. പ്രസ്ഥാപിക്ക 1. to despatch. 2. (corruption of പ്രസ്താവിക്ക seemingly derived from സ്ഥാപിക്ക 2. q. v.). എന്നു പ്ര' ക്കേണ്ടതാണ MR. ought to declare. വസ്തുവകകളെ കുറിച്ചുണ്ടാക്കിയ പ്രസ്ഥാപത്തിൽ (representation) ഇത് ആതും പ്ര' ക്കാതേ മൂടിവെച്ചു; അക്രമം ചെയ്യുതായി പ്രസ്ഥാപം ഉണ്ടായി കാണുന്നു MR. mention.

പ്രസ്ഫുരമാണം S. throbbing പ്ര'മായോർ ഓഷ്ഠസമ്പുടത്തോടും Bhr.

പ്രസ്ഫുലിംഗം S. a spark. പ്ര'ങ്ങളോടും കൂടി നോക്കി Bhr. with scintillating looks.

പ്രസ്രവണം S. flowing out, stream ശൈലപ്ര' ങ്ങൾ Bhr. പ്ര'ണാചലം AR. N. pr. a mountain in Sugrīva's kingdom.

പ്രസ്രവം urine. Tantr.

പ്രഹരം S. 1. striking അവനെ പ്ര. ഇവ ക്രുട്ടിനാർ Mud. feigned to strike. പ്രഹരഭയം Mud. fearing blows. 2. a watch of three hours = യാമം.

പ്രഹരണം, പ്രഹരിക്ക to strike, VCh. മുഖത്തു പ്രഹരിക്കുന്നത് കൊള്ളേണ്ടിയും വരും jud. പ്ര'ം കിട്ടും.

പ്രഹാരം S. a blow, stroke, kick. മുഷ്ടിപ്രഹാരേണ പതിച്ചു AR. — പ്രഹാരഭാവം menacing.

പ്രഹാസം S. loud laughter.

denV. പ്രഹസിക്ക V1.

പ്രഹിതം S. (part. pass. of ഹി) sent off.

പ്രഹ്ലാദം S. joy.

പ്രഹ്ലാദൻ Bhg 7. Hiraṇyaγaśibu's pious son. part. pass. പ്രഹ്ലന്നൻ glad.

പ്രഹ്വം S. (ഹ്വർ) stooping, bent upon പ്രഹ്വനായി ചെന്നു തൊഴുതു KR.

പ്രളയം S. (ലീ). 1. dissolution, of 4 kinds (നിത്യം daily, as death, നൈമിത്തികം at the end of a Kalpam, പ്രാകൃതം annihilation of matter, ആത്യന്തികം Bhg.= മോക്ഷം). 2. destruction of the world ജഗദുത്ഭവസ്ഥിതി പ്രളയകർത്താവായ ഭഗവാൻ AR. Vishṇu. പ്രളയാഗ്നി എന്നു നണ്ണി KR. ബ്രഹ്മന്റെ രാവായതു പ്ര. അന്ന് ഇരുട്ടും വെള്ളവുമേ ഉള്ളു CS.; അളവില്ലാത വെള്ളം എന്നി ലോകം എങ്ങും പ്രളയകാലത്തിങ്കൽ ഇല്ല Bhr. deluge, so വമ്പ്രളയവാരിധി RS. പ്രളയാംബുനാദം കണക്കേ KumK.; പ്രളയാന്തത്തോളം പറഞ്ഞാലും കഥെക്കവസാനമില്ല SiPu.; fig. രാജ്യം ഒക്ക പാച്ചലും ഓട്ടലും മഹാപ്ര'വുമായി Ti. after the taking of Srīrangapaṭnam. 3. a very high number ആയിരം തോയകരപ്ര' ങ്ങൾ AR.

പ്രളാപം S. see പ്രലാപം.

പ്രാകാരം S. rampart, wall പ്രാ. മുറിച്ചിതു or കളഞ്ഞിതു Brhmd. in a siege. (Scr. also the court of the tabernacle).

**പ്രാകുക** prāγuγa & പിരാ— (Port. praga). To curse വക്രങ്ങളിലും പ്രാകുന്നവർ Bhg 8.— പ്രാകി or പ്രാവി past.

VN. പ്രാക്കൽ imprecations as of a beggar, old man (much dreaded). ആയിരം പ്രാ. ആയുസ്സിന്നു കേടു prov. എണ്ണു മന്ത്രിച്ചു പ്രാ. അടങ്ങി. — also പ്രാക്ക a curse.

**പ്രാകൃതം** prāγr̥δam S. (പ്രകൃതി). 1. Natural പ്രാകൃതചപലനായ വാനരൻ KR. fickle by nature; common പ്രാകൃതബുദ്ധികൾ KR. common mortals. പ്രാ'ന്മാർ Bhr. who are without തത്വജ്ഞാനം etc.; പ്രാശ്നികന്മാരായ ഞങ്ങൾ പ്രാ'ന്മാരായി ചമഞ്ഞു CG.; പ്രാ. പോലെ നടിച്ചു ശരീരവും Nal. boorish. 2. low, vulgar പ്ര്'ൻ കാണുമ്പോൾ പ്രാഭൃതം വേണം എന്നുണ്ടു ന്യായം CG.; പ്രാകൃതനാരിമാർ KR. 3. colloquial dialect പ്രാകൃതശ്ലോകങ്ങൾ ഉണ്ടാക്കി Nal. Prākrit.

പ്രാക് S. (prāṅch) 1. in front. 2. former. 3. eastern. — പ്രാക്തനം S. old. — പ്രാക് പടിഞ്ഞാറു BhD. — പ്രാഗ്പൂൎവാകൃജന്യമാനന്ദം ജ്ഞാനാനന്ദം KeiN. — Prāgjyōtišam. N. pr. a town. Bhg 10.

പ്രാശസ്ത്യം S. see പ്രശസ്തത.

പ്രാചീനം S. (പ്രാക്) 1. former. 2. eastern ബന്ധുരന്മാരായ പ്രാ'ന്മാർ KR. Prasii.

പ്രാജാപത്യം S. coming from Prajāpati; a sacrifice, marriage, penance for the sake of obtaining children, Bhr. പ്രാ'ാഖ്യയാം ഇഷ്ടി.

പ്രാജ്ഞ S.=പ്രജ്ഞ consciousness, as പ്രാണനും പ്രാ. യും വിട്ടുപോകാതെ KR.— പ്രാജ്ഞനായുള്ള രാജാവു രാജാവെല്ലോ Mud. അതിപ്രാജ്ഞൻ SiPu. intelligent.

പ്രാജ്യം S. ample, much പ്രാ'മാം യശസ്സു Nal. പ്രാജ്യകീൎത്തിയാം നൃപൻ Mud.

**പ്രാഞ്ചുക** prāñjuγa B. To creep, tottle, പ്രാഞ്ചിനടക്ക (Te. prāṅku to creep?).

**പ്രാഞ്ജലി** S. (അഞ്ജലി). Putting the hands to the forehead പ്രാ. കളായി നിന്നാർ KR.

**പ്രാഡ്വിവാകൻ** S. (പ്രാഛ questioning). A judge പ്രാ'കസ്ഥാനം VyM.

**പ്രാണൻ** prāṇaǹ S. (പ്ര, അൻ). 1. Breath; also the other vital airs പ്രാണങ്ങൾ (5). 2. life പ്രാണനോടേ നിന്നു കഴികയില്ല TR.; പ്രാണനോടേ തന്നേ മൂടിക്കളഞ്ഞു Mud. buried alive. പ്രാ'നെ വിടുക TR. അവൻ പ്രാ. കഴിച്ചു VetC. died, ആ ഹേതുവായി പ്രാ. പോയ്ക്കിടക്കുന്നു KR. life is forfeited. പ്രാ. നീക്കുക, എടുക്ക TR. to execute. അവരെ പ്രാ. ശേഷിപ്പിക്കേണം എങ്കിൽ save alive. പ്രാ. കളക to commit suicide. എന്റെ പ്രാ'നെ കളഞ്ഞു കളയും vu.

പ്രാണം id. പ്രാണത്തോളം till death — pl. പ്രാണങ്ങൾ 1. life, the totality of its organs ഞാനും എൻ പ്രാ'ളെ ത്യജിച്ചീടുവൻ, കളഞ്ഞീടുവൻ AR. 2. as dear as life തന്നുടെ പ്രാ'ളാകുന്ന കന്യക SiPu.; പ്രാ'ളായൊരു കാന്തൻ CG.; പ്രാ'ളാകും പശുവൃന്ദം CC.

പ്രാണഗണം S.=പ്രാണങ്ങൾ CC.

പ്രാണഹരണം, — നാശം S. loss of life, death.

പ്രാണത്യാഗം S. giving up one's life. പ്രാ. ചെയ്യും KU. (see പ്രാണങ്ങൾ).

പ്രാണദാതാ S. granting life. VetC. നീ മമ പ്രാ. AR. my saviour.

പ്രാണധാരണം S. preservation of life. Nal.

പ്രാണനാഡി B. membr. virile.

പ്രാണനാഥൻ, — നായകൻ Nal. the husband.

പ്രാണപണയം jeopardy. പ്രാ'മായ പോരാട്ടം life & death struggle.

പ്രാണപ്രയാണം S. death പ്രാ. അടുത്തു AR.

പ്രാണപ്രിയ f. dear as life, the wife.

പ്രാണബന്ധു the dearest friend. VCh.

പ്രാണഭയം 1. fear of death പ്രാ. കൊണ്ടു കരണം ചെയ്തു കൊടുത്തു TR. 2. danger to life (f. i. the ക്രൂരഫലം of ചിങ്ങ സംക്രാന്തി is പ്രാ. to those born in Mithunam) astrol.

പ്രാണവല്ലഭൻ PT.=പ്രാണനാഥൻ.

പ്രാണവേദന agony എലിക്കു പ്രാ. prov.

പ്രാണസങ്കടം extreme jeopardy പ്രാ'ത്തിങ്കൽ ഉണ്ണാം Anach. ഊണികൾക്കു രണം എന്നതു കേട്ടാൽ പ്രാ. ChVr. agony.

പ്രാണസഞ്ചാരം extreme pain.

പ്രാണസംശയം S. danger of life പ്രാ. പൂണ്ടു Bhg. പ്രാ. വന്നു ഭവിക്കുന്നേരം Nal.

പ്രാണസമ KR.=പ്രാണപ്രിയ.

പ്രാണസ്ഥലം a dangerous spot (=മൎമ്മം).

പ്രാണസ്നേഹം intimate friendship ഞാനും പക്ഷിയും തമ്മിൽ പ്രാ'മായ്പമഞ്ഞു PT.; പ്രാ' മായ്യാക്കുന്ന മിത്രം Mud.

പ്രാണഹാനി destruction of life അവരെ പ്രാ. വരുത്തി TR.

പ്രാണഹീനൻ lifeless ബാലൻ പ്രാ'നായി പിറന്നു Bhr.

പ്രാണാഭിക്ഷഘന്ധ MM. a famous preparation.

പ്രാണാന്തം S. death.

പ്രാണാന്തികം ദണ്ഡം ഉജിക്ക AR. capital punishment.

പ്രാണായാമം S. restraining the breath — പ്രാ' ങ്ങൾ ചെയ്തു VCh. three kinds of യോഗം; പ്രാ'മശീലൻ Bhg.

പ്രാണാവസാനം S. death വിപ്രന്നു പ്രാ. അടുത്തു VetC.; അവരെ പ്രാ. വരുത്തി SiPu.

പ്രാണി S. 1. living being. 2. M. an insect, vermin.

പ്രാണിഹിംസ killing anything that has life is forbidden KR. പ്രാ'ഹിംസയും ചെയ്യാം Nal.; പ്രാ'ഹിംസ (എനിക്കു) പ്രാണസങ്കടം ChVr.

**പ്രാതർ** prāδar S. (പ്ര, Ge. früh). Early പ്രാ. ഉത്ഥാനം ചെയ്തു VetC. — പ്രാതഃകാലം S. morning പ്രാ'വന്ദനം Bhg. — Tdbh. പ്രാതൽ breakfast ഇന്നിനി പ്രാതല്ലൂ വില്ലിന്റെ ഞാണിതു നന്നു PT. പ്രാ. ഉണ്ക, അടക്കുക, കഴിക്ക; also പ്രാ. ഭക്ഷണം കഴിഞ്ഞു (S. പ്രാതർഭോജനം).

**പ്രാതിലോമ്യം** S. = പ്രതിലോമം f. i. In a match ഒക്കുന്നില്ല പ്രാ'മല്ലയോ; പ്രാ'ത്തിന്ന് ഏറ പാപം ഉണ്ടു Bhr.

**പ്രാദുഃ** S. prādus (പ്ര). Forth, coming to light നാരായണൻ വിലപാദ്രിതങ്കൽ പ്രാദുർഭാവം ഉണ്ടായി, ശിലാമയനായി പ്രാ'ർഭവിച്ചു VilvP. appeared.

**(പ്ര)**: പ്രാധാന്യം S. superiority, prevalence = പ്രധാനത.

പ്രാന്തം S. edge, end ഹിമവൽ പ്രാ. പുക്ക KR.

**പ്രാപണം** S. (ആപ്). Attaining അവളെ അവ്യയദേശത്തെ പ്രാ. ചെയ്യിപ്പിപ്പാൻ SiPu. to take to heaven.

പ്രാപകം leading to മൂഢജനങ്ങൾക്കു സന്മാർഗ്ഗപ്രാ'കം ദണ്ഡം AR.

പ്രാപിക്ക 1. to reach താപസന്മാരെ പ്രാ'ച്ചു Nal.; പട്ടണം പ്രാ'ച്ചു Bhg. സാരസാസന ലോകം AR. 2. to obtain അനന്തസുഖം പ്രാ., അമ്മയെ പ്രാപിച്ചു Sah. (embrace).

CV. പ്രാപിപ്പിക്ക = എത്തിക്ക f. i. സ്വർഗ്ഗത്തിൽ ഉടലോടേ പ്രാ. KR.; പിതൃക്കൾക്കു മോക്ഷം പ്രാ. Brhmd.; രാജ്യങ്ങളിൽ പ്രാ' ച്ചീടാം നിന്നേ Nal.; also double Acc. എന്നേ മന്ത്രിരം പ്രാ. Brhmd.

part. pass. പ്രാപ്തം 1. attained അവനു നരകം പ്രാ'മായി Arb. was condemned. 2. having reached നിൻ ചക്ഷുമാർഗ്ഗം പ്രാപ്തനായിതോ നളൻ Nal. has he met thy eye. 3. proper, able പ്രാപ്തന്മാർ = പ്രാപ്തിയുള്ളവർ; ഒന്നിന്നും പ്രാ'നല്ലാതേയായി Bhg.

പ്രാപ്തി 1. attaining മോക്ഷപ്രാ. 2. obtaining കളത്രപ്രാ. Bhr. പുത്രപ്രാ. ക്ഷപായം RS.; also a സിദ്ധി = ഇഷ്ടലാഭം Bhg. 3. ability, capacity അതിന്നു നാം പ്രാ. യല്ലായ്കയാൽ; നമ്മാൽ പ്രാ. ആകയും ഇല്ല TR. I am not able. പ്രാ. വരുന്നതിന്നു മുമ്പിൽ VyM. being of age, 16th year. അവനെ നാം തന്നേ പ്രാ. യാക്കിവെച്ചതു TR. initiated in Royal duties. — hence പ്രാപ്തിക്കാരൻ, പ്രാപ്തികേടു etc.

പ്രാപ്യം S. attainable.

പ്രാബല്യം S. predominance, power ആരണശാപത്തിൻ പ്രാ. CG.; also ആ ഭാഗത്തെ തെളിവിലേക്ക് അധികം പ്രാബല്യത ഉണ്ടു MR. that plea is stronger.

പ്രാഭവം S. = പ്രഭുത pre-eminence, with പറക, കാട്ടുക to glory. ശത്രുനിഗ്രഹംകൊണ്ടു നീ പ്രാ. കാട്ടിത്തെളിയേണ്ടാ KR.

പ്രാഭൃതം S. (പ്രഭൃതി) a present to Gods, kings, etc. പ്രാ. പൂണ്ടു; അവനെ നാഥന്മുമ്പിൽ പ്രാ'മായിട്ടു വെച്ചു കൊടുക്ക CG. പ്രാ. വെക്ക = കാഴ്ച. (പ്രാകൃതം 2).

പ്രാമാണികൻ S. the head of a caste.

പ്രാമാണ്യം S. = പ്രമാണത authoritativeness. ബൌദ്ധശാസ്ത്രത്തിന്റെ പ്രാ. കേൾപ്പിച്ചു KU. the evidences, proofs of Islam.

**പ്രായം prāyam** S. (പ്ര, ഇ). 1. Passing out of life, by resolute fasting. 2. stage of life നല്ല പ്രായത്തിൽ മരിച്ചു of good old age. അഞ്ചിൽ പെരുക്കിയോരഞ്ചുവയസ്സിവൎക്കാക ഒരു പോലേ, എപ്പോഴും ദേവകൾക്കിങ്ങിനേ പ്രാ. KR. പ്രാ. കറഞ്ഞുതെണ്ട MR. ബാലപ്രായം youthfulness, also = പൎവ്വം see നെല്ല. 3. rule, measure വേട്ടുവർ മലയർ ഈ രണ്ടു ജാതിക്ക് ഒരു പ്രാ. KN. of the same degree of elevation. വൎമ്മങ്ങളെ നറുക്കിയാൻ എണ്മണിപ്രാ. Brhmd. ചത്ത പ്രാ. ആയി is well nigh dead; therefore in Cpds. like പശു പ്രാ., കൃമിപ്രാ., ജലപ്രാ., മൃതപ്രായരായി KR. ഒരു കട്ടപ്രായേണ Bhg.

പ്രായക്കാരൻ (loc.) of that age നാലു വയസ്സു പ്രാ. jud. സമപ്രായക്കാർ coetaneans.

പ്രായാധിക്യം extreme age പ്രാ'ത്താൽ അപ്രാപ്തൻ MR.

പ്രായശ്ചിത്തം S. (പ്രായസ്സ് = പ്രായേണ). redress, making amends. 1. by fine കററത്തിന്നു പ്രാ. ൨൦ ഉറുപ്പിക വാങ്ങി, അവളെ കൊണ്ടു നൂറ പണം കാവിലേക്കു പ്രാ. ചെയ്യിച്ചു, ബ്രാഹ്മണസ്ത്രീകളെ മെയ്യേറിയതിൻെറ പ്രാ. കഴിക്കേണ്ടും മുതൽ TR. പ്രാ. നിശ്ചയിച്ചുവാങ്ങി = ദണ്ഡിപ്പിച്ചു V1. 2. atonement, expiation (of ബ്രഹ്മഹത്യ) അശ്വമേധത്താൽ അതിൻ പ്രാ. Bhg.; ദോഷം പോവാൻ ഒരു പ്രാ. ഗ്രഹിപ്പിക്ക, ദീപപ്രദക്ഷിണം സൎവ്വപ്രാ. KU.; ദോഷശാന്തിക്കായി ഹോമം പ്രാ. ചെയ്യു VyM.; ഞങ്ങൾക്കു കഴിയേണ്ടു പ്രാ'ങ്ങൾ വൈദികന്മാരെക്കൊണ്ടു കഴിപ്പിച്ചു TR. for defilement. നിൎമ്മൎയ്യാദം ചെയ്യുതിൻ പ്രാ'ത്താൎത്ഥമായി Bhr. to atone for.

പ്രായസ്സ് S. = പ്രായേണ for the most part. പ്രായശോ നിവേദനം ചെയ്യു PT. fully.

പ്രായികം (3) proportioned ഇഷ്ടവ്യാസത്തിന്നു പ്രാ'മായിട്ടൊരു പരിധി, ഏറിന്നു ൨൨ എന്നു തുടങ്ങിയുള്ള പ്രായികവ്യാസപരിധികൾ Gan.

പ്രായേണ Instr. (3) for the most part.

പ്രായോപവേശം S. (1) death by abstinence പ്രാ. & പ്രാ'നം ചെയ്യു മരിക്ക KR 4.

**പ്രായിക്ക(റ)ര** രാജാവു N. pr. Rāja near Māvēlikara (പ്രാായി, ചെമ്പ്രായി).

**പ്രാരംഭം** S. = ആരംഭം, f.i. അനുഗ്രഹപ്രാ. ഇതൊക്കവേ Nal.

denV. പ്രാരംഭിക്ക to begin, undertake.

part. pass. പ്രാരബ്ധങ്ങൾ അശേഷം ഒടുങ്ങും GnP. = കൎമ്മം.

**പ്രാൎത്ഥന** S. Asking, prayer; vow.

denV. പ്രാൎത്ഥിക്ക to beg, pray with Acc. of obj. അഭിമതങ്ങളെ വഴിപോലേ പ്രാ'ച്ചാൽ KR. നിജാഗ്രഹം പ്രാ. ദേവനോടു SiPu.; of subj. അഗ്നിയെ പ്രാ. KR. to Agni. എന്നു ഈശ്വരനെ പ്രാ'ച്ചു TR.; ഭക്തിപൂൎവ്വമാം വണ്ണം ഈശ്വരനെ പ്രാ. TrP.; കൈകൾകൂപ്പി പ്രാ. Bhg.; ഒക്കയും സാധ്വികൾടെ ദയകടാക്ഷമുള്ളപോലേ എന്നു പ്രാ'ച്ചിരിക്കേ ആക്കുന്നു TR.

part. pass. ദേവിയാൽ പ്രാൎത്ഥിതനാകയാൽ AR. gained by the Queen's prayer — പല വീരരാൽ പ്രാൎത്ഥിത Bhg. wooed by.

പ്രാലേയം S. (meltable) snow പ്രാ. തുകിത്തുടങ്ങി എങ്ങും, മാലേയവും കൎപ്പൂരവും പ്രാലേയതോയത്തിലാക്കി മുഖങ്ങളിൽ തളിച്ചു CG.; പ്രാലേയാദ്രി Vil. Himālaya.

പ്രാലംബം, — ബിക S. a neck-string ChS.

**പ്രാൽ** (loc.) = വരാൽ Name of a fish.

**പ്രാവൎത്ത്യം**, see പാവൎത്ത്യം.

**പ്രാവശ്യം prāvaśyam** (mod.) Time, turn; in Trav. അനേകം പ്രാവേശം; also നാലു പ്രാവിശ്യം ആളെ അയച്ചു TR.

**പ്രാവു**, see പിറാവു Dove, പ്രാക്കൂട്ടം etc.

**പ്രാവൃട** S. (പ്ര + വൃഷ്). Rainy season, പ്രാ'ഡ്വൎണ്ണനം CG. its description.

**പ്രാശനം** S. (പ്ര + അശ്). Eating അന്നപ്രാ. KU. the first meal of Brahman infants, in the 6th month.

**പ്രാശ്നികൻ** S. (പ്രശ്നം) 1. A judge V1. 2. an astrologer പ്രാ'ന്മാരിൽ ഒരുത്തൻ ചൊന്നാൻ CG.

**പ്രാസം** S. (പ്ര + അസ്). A bearded dart, Bhr. also rhyme of verses. പ്രാസം ഒക്കേണം prov.

പ്രാസാദം S. (സദ്) a raised platform; temple or palace, esp. that of the Cochi Rāja

V2. — പ്രാസാദശൃംഗങ്ങൾ ഏറി Nal. balconies — പ്രാസാദമൂൎദ്ധ്നി കരേറി AR. a roof.

പ്രാഹ്ണം S. (അഹഃ) forenoon.

**പ്രിയം priyam** S. (Ge. philo, G. freien). 1. Dear എനിക്ക പ്രിയൻ m., പ്രിയ f. also the wife ഭരതനോടു നീ പ്രിയങ്ങളല്ലാതെ ഒരിക്കലും ഒന്നം പറഞ്ഞു പോകല്ല KR. 2. dear, high in price നെല്ലു പ്രിയമാകുന്നു V1.; പ്രി. വലിക്ക to praise an article for sale, തേങ്ങാപ്പിണ്ണാക്കിന്നു പ്രി. വലിപ്പിക്കേണ്ടാ prov. 3. wish മൽപ്രി. വരുത്തുക Bhr.; മൽപ്രി'മായതിച്ചെയ്യുതു വിപ്രിയമല്ല CG. 4. affection പ്രി. കാട്ടുക to show love. 'പ്രിയാപ്രിയങ്ങളെ വിചാരിയാതെ KR. impartial. പ്രിയപ്പെടുക to be fond of. ചോറിനെ പ്രിയമാകുന്നു likes rice V1.

പ്രിയതമം Superl. (& പ്രേഷ്ഠം) dearest. പ്രിയതമതന്നേ തിരഞ്ഞു KR. a wife. — Compr. പ്രിയതരം PT.

പ്രിയകാരി, പ്രിയങ്കരം showing love.

പ്രിയവാദി m., — നി f. speaking kindly. Nal.

പ്രിയാളു Nal. a tree (= മുരൾ).

പ്രീണനം petting, caressing. Bhg.

പ്രീതം part. pass. 1. delighted, contented അതിപ്രീതയായി AR. എന്നേകുറിച്ചു പ്രീതൻ എങ്കിൽ KR. അവനെ പ്രീതനാക്കണം PT. gain him. 2. loved.

പ്രീതി 1. gratification ആയവണ്ണം ദ്വിജപ്രീതിചെയ്തു SiPu.; ശിവപ്രീതിയാസ്സതും = പ്രസാദം contentedness. ധാത്രിയെത്തന്നേ കൊടുത്തുവെന്നാകിലും പ്രീതി വരാതവൎക്ക Mud. they are not satisfied. പ്രീതിപൂണ്ടു AR. തേഷാം പ്രീതി വരുത്തുക PR. to propitiate, പിതൃക്കളെ പ്രീ. വരുത്തുക Brhmd. 2. love നമ്മോടു പ്രീതി ഉണ്ടായിട്ടയച്ച കത്തു TR. a friendly letter (= പ്രേമം).

പ്രീതികാരി as മമപ്രീ. AR. gratifying me. — പ്രീതിമാൻ gratified, affectionate.

**പ്രേക്ഷ** S. (പ്ര, ഈക്ഷ). Seeing, spectacle പ്രേക്ഷകന്മാൎക്ക കാട്ടിക്കൊടുത്തു Mud. to the spectators.

**പ്രേതം** S. (പ്ര, ഇതം). 1. Dead പ്രേതകാൎയ്യങ്ങൾ ചെയ്തു KR. പ്രേതകൃത്യങ്ങൾ AR. = ശേഷക്രിയ obsequies. പ്രേതനായുള്ളൊരു മന്നവൻ CG. പ്രേതം (or ശവം) വീണിരിക്കുന്നു vu. a violent death has occurred. 2. a ghost, goblin. പ്രേതബാധ possession by demons. പ്രേതകോപം ശമിപ്പാൻ തിലഹോമം etc. PR.

പ്രേതാധിപൻ S. Yama പ്രേ'നും വധിക്കയില്ലെന്നുമേ PatR. (he is so fair that etc.). അവരെ പ്രേതരാജാവിന്നു കാഴ്ചവെച്ചു Bhg. killed.

**പ്രേമം prēmam** S. (പ്രീ). Love നാണവും പ്രേമവും തങ്ങിന കണ്ണുന, പ്രേ'ത്തെ തൂകുന്ന കാന്തൻ, തൂകുന്ന തൂമൊഴി CG. പ്രേ. നിറഞ്ഞു വഴിഞ്ഞുള്ള വാക്കുകൾ Bhg. തങ്ങളിൽ പ്രേ. ഇല്ലാതേ കണ്ടു Anj.; എന്റെ മേൽ ബഹു പ്രേമമായിരിക്കും Arb. to the husband.

**പ്രേരണം** S. (പ്ര, ഈർ). Sending തൊഴിയേ പ്രേ. ചെയ്യിതു, പുത്രനെ പ്രേരിച്ചു SiPu.

part. pass. പ്രേരിതം & പ്രേഷിതം (ഇഷ്) sent. Bhg.

പ്രേഷ്യൻ S. a servant.

**പ്രേഷ്ഠം** S. (Superl. of പ്രീ). Dearest പ്രേഷ്ഠരായ പൌരബാലന്മാർ KR.

**പ്രോക്തം** S. (പ്രവചിക്ക) Declared ശ്രീരാമപ്രോക്തം AR.; promise V1.

പ്രോക്തൻ V1. a Brahman that prognosticates.

പ്രോക്ഷണം S. (ഉക്ഷ്) sprinkling, esp. animals before sacrificing them. Bhg.

denV. മൂൎദ്ധാവിൽ തോയം പ്രോക്ഷിച്ചു Sk.

പ്രോതം S. (വാ) blown. പ്രോതങ്ങളായ ശരങ്ങൾ Sk. discharged arrows.

പ്രൌഢം S. (വഹ്) 1. full-grown, full-blown. 2. grand. പ്രൌഢനാരികൾ ChVr. vehement, proud, arrogant. പ്രൌഢകാമാദിഘോരവൃത്തി KeiN. (belongs to രജോഗുണം). രാക്ഷസപ്രൌഢൻ, അതിപ്രൌഢശോഭ SiPu.; സുന്ദരീലാളനപ്രൌഢൻ Nal. fully intent upon. — adv. പ്രൌ. പറഞ്ഞാൻ CC. derisively.

പ്രൌഢി S. 1. full-blown state, stateliness ഫുല്ലാംബുജപ്രൌ. Nal. 2. self-confidence നിന്റെ പൌരുഷപ്രൌ. യും എവിടേ Bhr.; നിൻപ്രഭുതയും പ്രൌ.

യും Mud.; ലീലയിൽ കരുഫലപ്രേ. യും ഉദ്ഘൃമായി Nal.

പ്ലക്ഷം plakšam S. Ficus infectoria (കല്ലാൽ). ഹവിസ്സു പ്ലക്ഷശാഖയിൽവെച്ചു ഹോമിച്ചു KR. (=പ്ലാശു?).

പ്ലവം plavam S. (പ്ലു). Swimming, jumping; a float, raft പ്ലവങ്ങളിൽ ഏറിക്കടന്നിതു ചിലർ KR.

പ്ലവഗം S. a monkey — പടലി 597 — പ്ലവഗകലപതി RS.; പ്ലവഗപരിവൃഢൻ AR. Hanuman. — also പ്ലവംഗം നട്ടങ്ങി CC. monkey (& frog).

CV. പ്ലാവനം washing നദി ഭസ്മരാശികളെ പ്ലാ. ചെയ്തു KR. washed them away. ഗംഗയിൽ പ്ലാ. ചെയ്യിപ്പിച്ചു Brhmd. പ്ലാ'കരന്മാരായിതു Bhr.

പ്ലാക = ശ്ലാക Wire.

പ്ലാച്ചു or പിളാച്ചു Split, as മുങ്കിപ്ലാ. bamboo.

പ്ലാൻ E. plan (with ഉണ്ടാക്കി MR.).

പ്ലാവു = പിലാവു; പ്ലാക്കായി Jack-fruit.

പ്ലാത്തി B. a Rhizophora (= കാട്ടുചാമ്പു).

പ്ലാശ്ശു = പലാശം S. Butea frondosa, used as ചമത f. i. പ്ലാ. കൊണ്ടാറുയൂപം KR. പിളാചി തൊലി, പിലാചിന്റെ പൂ തിരിപ്പിപ്പിഴിക a. med. — വള്ളിപ്പിലാചിത്തോൽ a very strong fibre (used instead of ropes). Palg. loc.

പ്ലീഹ plīha S. The spleen, lien യകൃൽ പ്ലീഹകൾ എന്നിവ ഉ പാത്രങ്ങൾ, ഇടത്തു പ്ലീഹ വലത്തു യകൃൽ Nid.

പ്ലീഹോദരം S. the spleen disease. Nid.

പ്ലുതം pluδam S. (part. pass. of പ്ലു). Swimming in, bathed in ഭൂഭാശ്രുപ്ലുതനയനം AR.; ഘൃതപ്ലുതാന്നം Bhg. മാർത്താണ്ഡപ്ലുതതപനം CC. — ഉൽപ്ലുത്യ പിന്നേയും ഉൽപ്ലുത്യ AR. = മുങ്ങിപ്പൊങ്ങിയും.

പ്ലാമ്പശ (വിളാർ) Feronia gum.

---

# ഫ PHA

Occurs only in S. & foreign words.

ഫണം phaṇam & ഫടം S. (പടം). The expanded hood of a serpent ഫണരത്നശോഭിതം KR. ഫണി തൻ ഫണചക്രമേറി CC.

ഫണി S. a serpent, Cobra di capello ഫ. മെത്തമേൽ RS. [പയൽ strong.

ഫയൽ E. file (jud.) ഫയലാക്കുക MR. — Ar. =

ഫയസ്സൽ Ar. faiṣal. Decision, settlement ജമാവന്തി ഫ'ലാക്കുക MR.

ഫലകം phalaγam S. (ഫൽ to split = പിളക്ക). A plank, shield. — Tdbh. പലക.

ഫലം phalam S. (fr. പഴം? or പല I.). 1. Fruit, esp. of trees. ഫലങ്ങൾ വെച്ചു TR. (doc.) to plant fruit-trees. അഞ്ചുഫലം KU. 4 fruit-trees (ഉഭയം) & rice (നിലം). 2. result, produce, consequence ഇല്ലൊരു ഫ. ഇനി Bhg. it can't be helped. നാം ഏതും ചെയ്കിട്ടും ഫ. ഇല്ല TR. no use; with 1st adv. പറഞ്ഞെന്തു ഫ., അണകെട്ടീട്ടു ഫ. എന്തു KR. നാം സ്നാനത്തിന്നു പോയിട്ടു ഫ. ഇല്ല KN.; ഫലം ചെയ്കയില്ല Nal. will not avail. വൈരം ഏറുക ഫലം ChVr. (= ഫ. വരും) only greater enmity will ensue. നീ ചതിച്ചൊരു ഫലത്തിനാൽ ചതിച്ചു നിന്നേയും Bhr. as a reward for. സപട്ടസ്സപ്നഫ. നിരൂപിച്ചു KR. the import of. മുന്നം പറഞ്ഞതില്ലേ ഭവിഷ്യൽ ഫലം AR. did I not foretell what futurity would bring? 3. the product in math. ലംബത്തെ ഭൂമ്യർദ്ധംകൊണ്ടു ഗുണിച്ചാൽ ക്ഷേത്രഫ. വരും Gan. [gain.

ഫലകാംക്ഷ = ഫലാഗ്രഹം q. v.; greediness of

ഫലത്രയം S. = ത്രിഫല.

ഫലപ്രദം S. fruitful. Bhg.

ഫലപ്രാപ്തി S. advantage.

ഫലമരം a fruit-tree തെക്കേമിക്കിലേ പോലേ ഫ'ത്തിന്നു പൊമ്പണം നികിതി TR.

ഫലമൂലം S. vegetable food of anchorets ഫ. തിന്നു നടക്ക KR.

ഫലംവരിക to result മരണം ഫ'രും KR. നശിക്കേ ഫ'രു Bhr.

ഫലവാൻ m., ഫലവത്തു n. fruitful.

ഫലാഗ്രഹി desiring fruit or reward ഫ. യാ യകൎക്കൻ Bhg.

ഫലാഫലം S. success and failure.

ഫലാശി S. living on fruits; so മുന്നേ ദിനം ഫലാഹാരങ്ങൾ ചെയ്തു Bhg.

denV. ഫലിക്ക 1. to yield fruit. വ്യാധിപോയി തെളിഞ്ഞീടും പൂക്കും ഫലിച്ചീടും VCh. (a tree). 2. to take effect ആ മഹാപുണ്യം കൊണ്ടു നാരീഹത്യാഫലം ഫലിയാതെ പോം KR.; ശാപം ഫലിയാതെ പോയി Bhg.; അവൻ്റെ ഏതും ഫ. ഇല്ല (as a cure = പറ്റുക). ചൊന്ന വാക്ക ഫലിപ്പാൻ പണി KumK. to get it fulfilled. ചികിത്സ ഫ. medicine to operate. 3. to succeed ദുൎമ്മോഹം ഈശരജനേഷു ഫലിക്കുമോ താൻ CC. 4. to result എന്നു ഫലിച്ചിരിക്കും Gan. it follows that (math.).

part. pass. ഫലിതം produced, gained സൎവ്വം ഫലിതമാകുന്നു മനോരഥം Bhg. ഫ. നമുക്കിങ്ങു മന്ഥരത്താൽ തന്നേ ഉള്ളു KR.; also novelty ഫലിതം പറക B.= പുതുമ.

CV. ഫലിപ്പിക്ക 1. to cause to take effect പലവും പറഞ്ഞും ഫലിപ്പിച്ചും Mud. ശാപം ഫ. Bhg. കപിതനായാലും മുദിതനായാലും ഫലം ഉടനന്നേ ഫ'ക്കുമവൻ KR. attain his object. 2. to turn to use വിദ്യയും ഫ'ച്ചാൻ; പുഷ്കരാക്ഷികൾ കോപ്പിട്ടെത്രയും ഫ'ച്ചു Bhr.

ഫലോദയം S. the setting in of the consequences; heaven.

ഫലോനൻ (ഊനം) disappointed V2.

**ഫല്ഗു phalġu** S. (ഭള്ള, പാഴ്). Worthless. ഫ. വാം വണ്ണം മെല്ലേ അതൽ ചെയ്തു KumK. falsely. ഫല്ഗുനൻ S. = അൎജ്ജുനൻ Bhr.

**ഫസലി** Ar. **fasl,** Time, harvest; the official Fasli year MR. [It used to commence on the 12th July, but since some years it was changed to July 1st, f. i. 1282 begins on 1st July 187?.]

**ഫാക്കണി** തലങ്ങളിൽ തുളസീമലംകൊണ്ടു നിറെച്ച കലവില്ല KumK.?

**ഫാലം phālam** S. 1. A ploughshare. 2. Tdbh. = ഭാലം S. the forehead ഫാ'ത്തിലാമ്മാറു തുകിന ചോര CG.; ചെങ്കനൽ തുകന്ന ഫാലവിലോചനൻ Siva. ഭൂതിയെ ഫാലദേശത്തു ചേൎത്തു Bhr.

**ഫാല്ഗുനം phālġunam** & **ഫാല്ഗുനി** S. Aquarius; the month മീനം (astr.).

**ഫു** Pooh pooh.

**ഫുല്ലം phullam** S. (fr. പുല്ല, പുളക്ക). Expanded, blown ഫുല്ലാംബുജം Nal.

**ഫേനം phēnam** S. Foam, froth ഫേനാശനശീലൻ Bhr.

**ഫേരവം phēravam** S. A jackal ചെറിയ ഫേ. ഭുജിച്ച മാംസത്തെ പെരിയ സിംഹം താൻ ഭുജിക്കുമോ KR. [പൊജ്).

**ഫൌജദാരി** P. **faujdāri,** Criminal (see

# ബ BA

ബ occurs only in S. & foreign words, though വ replaces it often even in these.

**ബകം bak̄am** S. The crane, Ardea nivea = കൊക്ക, കൊച്ച PT.; also ബകോടത്തിൻ്റെ ധൎമ്മം PT.

**ബകുളം** S. = ഇരഞ്ഞി.

**ബങ്കളാവു** H. **banglā,** A bangalow, thatched house, European house MR., also നക്ഷത്രമങ്കളാവു TrP. observatory. — (വെങ്കളാ B.).

**ബങ്കളൂർ, വെങ്കളൂർ** N. pr. Bangalore TR.

**ബജാർ** P. **bāzār,** & **ബജാരി, ഭജാർ** A "Bazar".

**ബഡവ baḍava** S. A mare (myth.).

ബഡവാഗ്നി submarine fire. Bhg.; also വടവാഗ്നി V1. of jungle-fires & bonfires.

**ബണ്ടർ banḍar** (T. വ — bards, C. Te. Tu. banṭa warrior = ഭടൻ). N. pr. The Nāyar of the Tuḷu country.

**ബത baδa** S. Alas! സത്യം ബത യാത്ര ചൊല്ലി ChVr. (= കഷ്ടം, ഹാ).

**ബെതൽ** Ar. **badal**, Substitution (& വ—). ബതലിന്മേൽ കല്പന വാങ്ങി, ബതല്ക്കാരൻ MR. a proxy, also ബതലാൾ.

**ബെത്ത** E. **Batta** fr. H. **baṭṭā**. An allowance in addition to military pay ബത്തശിപ്പായി MR. (also ഭത്തി), see വത്ത.

**ബദരി** **badari** S. Zizyphus jujuba ബ. ഫലം = ഇലന്തപ്പഴം Mud., also = തുടരി.

ബദരികാശ്രമം N. pr. the old residence of the Ṛshis (Bhg.).

**ബദ്ധം** **baddham** S. (part. pass. of ബന്ധ്). 1. Bound — ബദ്ധൻ a captive. ബദ്ധനാകിലു മുടൻ മുക്തനായ്വന്നു കൂട്ടം AR. inthralled. ദു രാഗ്രഹംകൊണ്ടു ബദ്ധരായി tied, തവ ബദ്ധ ബുദ്ധിയാം എന്നേ Nal. my soul bound up with thine. 2. connected with: ബദ്ധമോദം = ജാതമോദം joyfully, ബദ്ധവിഷാദമാരായി CG., ബദ്ധബാഷ്പം etc.

ബദ്ധപ്പെടുക 1. to be tied, laid under a necessity. 2. to be in a hurry, hasten.

VN. ബദ്ധപ്പാടു 1. urgent business. പല കൂട്ടം ബ'ടുണ്ടു TR. troublesome concerns. ഫ ന-തുടങ്ങി ഫ ന-ഓളം അടിയ ന്തരത്തിന്റെ ബ'ടാകുന്നു the great time of the feast, most essential part. 2. haste, trepidation; ബദ്ധപ്പാട്ടുകാരൻ (& ട).

ബദ്ധപ്പെടുക്ക 1. to bind as captives ബ'ത്തു കൊണ്ടു പോയി Anj. അയോഗ്യാഖ്യങ്ങളെ ബദ്ധപ്പെടുത്തു കളിപ്പിച്ചു കൊൾക Bhg 6. to force. 2. to illtreat ഇവളെ പിടിച്ചെ ത്തുയും ബ'ക്കുന്നതു AR. പരാജിതരെ ബ'ത്തു Sk. pursue, press. (mod. ബദ്ധപ്പെടുത്തുക). ബദ്ധപ്പെടുവിക്ക to drive into precipitancy. കടിയാന്മാരെ ബ. TR. to frighten out of their wits.

ബദ്ധൽ, വെത്തൽ V1. occupation etc. = ബദ്ധ പ്പാടു vu.

ബദ്ധ്വാ Ger. having tied (പരികരം 620).

**ബധിരൻ** **badhiraṅ** S. Deaf; f.— ര.

**ബന്തർ** P. **bandar**, Port, harbour കൊല്ലത്തു ബ. വിചാരം TrP. Master attendant's office. — also വന്തർ and കണ്ണൂരേ ബന്തലോളം TR.

**ബന്തോവസ്തു** P. **band-o-bast**, Settlement, arrangement കോട്ട നല്ല വന്തവസ്ഥാക്കി Ti. putting in good repair. വയനാട്ട താലൂക്ക് ബ ന്തൊവസ്തുക്കി & താലൂക്കിൽ ബ. settle the district. ഇവിടേ ബെന്ധുവത്താക്കിയിരിക്കകൊ ണ്ടു അകത്തു കടപ്പാൻ വഴി കിട്ടാ TR. securing the frontier.

**ബന്ധം** **bandham** S. 1. A tie, fetter — chiefly of the soul's confinement in a body ബ'ങ്ങൾ എല്ലാമെ വേർ മുറിച്ചിട്ടു CG.; സ്നേഹബ'ങ്ങൾ ഒഴിച്ചരുളേണമേ Bhg 6.; ബ'വുമററു മുക്തനാ യോൻ AR. no more subject to the necessity of being born & dying. 2. affinity, cause കാരോരോ ബന്ധേന KU. ബ. എന്നിയേ accidentally, abruptly.

ബന്ധകി S. a harlot ബ. യായ്വന്നീടും Bhr. (when marrying the 4th husband).

ബന്ധനം S. 1. binding; also of magic power നാഗാസ്ത്രബ. തീൎന്നു AR. 2. a tie ബ. വേ ൎപ്പിട്ടുത്തു VetC. 3. connection അഴിഞ്ഞു നമ്മുടെ പൌരുഷബ. ChVr.

ബന്ധൻ V1. a partner, security (S. ബന്ധകം).

ബന്ധമോക്ഷം deliverance from ties. രാജാവി നെ ബ. വരുത്തുവിൻ SiPu. let loose; also fig. KumK.

denV. ബന്ധിക്ക 1. v. n. to be bound പവ്വിത പുത്രൻ ബ'ച്ചു കിടക്കുന്നു Mud. എന്ന ആശ യാൽ ബ'ക്കുന്നു VCh. held by the hope. സുവ ൎണ്ണേന ബ'ച്ചകൊമ്പു Nal. gilt. ബ'പ്പോരവ കാശം ഒഴിക്കൊല്ല Anj. do not shrink from duty. കാൎയ്യത്തിൽ ബ. V1. to take part in a business. ചക്ഷുസ്സ് രൂപാദികളിൽ ബന്ധി ക്കുന്നു AdwS. വിഷയങ്ങളോടു ബ. Bhg. മു ക്തൻസദാ ബ'ച്ചു തോന്നിയാലും ബ. യില്ലേ തുമേ Bhg. 2. v. a. to tie, bind അവൾ മാലകൊണ്ടു മേനി(യെ) ബ'ച്ചാൽ; കാൎക ഴൽ ബന്ധിപ്പാൻ CG. നമ്മെ ബ'ച്ച സാധ നം GnP. സേതു ബ'ച്ചാൻ രാഘവൻ KR.

ബന്ധിപ്പിക്ക 1. = ബന്ധിക്ക 2. as മായാദേവി ബന്ധിപ്പിച്ചീട്ടുന്നു AR. ties. 2. CV. തന്നെ തത്ര ബ'ച്ചു PT. got herself tied to the pillar.

**ബന്ധു bandhu** S. (ബന്ധ്). 1. A kinsman, relation ബ. ൻ കരയുന്നതിനേക്കാൾ ഉടയവൻ ക കരഞ്ഞാൽ മതി prov. 2. a friend, protector ദൂരത്തേ ബ. prov. നിനക്കു ഞാൻ ബ. വായി ചൊന്നതു Mud. അവൎക്കു ബ. വുണ്ടടിയങ്ങൾ CrArj. കൃഷ്ണനെ ബ. വാസ്സരിക്ക an ally, ബ. വായിക്കൊൾക Bhr., ബ. വൎഗ്ഗങ്ങളുമായി പാൎക്ക to live among his people. എന്റെ വെന്തു TP. my love! (to man or woman). അവനെ ബ. വാക്കി എട്ടത്തോളുക TP. marry him.

ബന്ധുകൃത്യം the duty of an ally ബ. എല്ലാം ചെയ്യേണം Brhmd.

ബന്ധുക്കാരൻ a relation, നമ്മളെ ബ. TR. connected with us.

ബന്ധുക്കെട്ടു a league, plot. ബ'ട്ടാക B. to conspire.

ബന്ധുത S. affinity ഭീനൎക്കു ബ. ചെയ്യു SiPu. to show affection, help.

ബന്ധുത്വം S. id. നിന്നുടെ ബ. Mud. thy friendship. ബ'വും സ്നേഹവും TR. alliance. നമ്മി ലുള്ള ഒരു ബ. മാറാതേ ഇരിക്കട്ടേ UR. faithfulness.

ബന്ധുമാൻ Bhr. having many relations.

ബന്ധുശത്രുക്കൾ ശത്രുക്കൾ ആകുന്നതു Bhg. false friends ബന്ധുശത്രൂദാസീനഭേദം Bhr.

ബന്ധുസമ്പത്തം V1. a royal ally.

**ബന്ധുരം bandhuram** S. (& വ —) Undulating, handsome ബ'മായുള്ള മന്ത്രിമാർഭവനങ്ങൾ KR. ബന്ധുരാംഗം Bhg.

**ബന്ധൂകം** (& ബന്ധുജീവം). Pentapetes phoenicia ഉച്ചമലരി red flowered, in Cpds. ബന്ധൂകസമാധരി Bhr.

**ബന്ധ്യം bandhyam** S. (ബന്ധ്). To be restrained. — ബന്ധ്യ f. barren, വ —

**ബഭ്രു babhru** S. "Brown", tawny; a N.pr. സുഭ്രുവായുള്ളൊരു ബ. വിലാസിനി CG.

**ബരാന്ത**=വരാന്ത A "verandah".

**ബരാവർ** P. **bar-ā-bar**, Level, uniform; right, arranged. ബ'രായി=ശരിയായി.

**ബൎബ്ബരൻ** S. A barbarian (L. balbutiens). കൎബ്ബരന്മാരോടു തുല്യന്മാരായ ബ'ന്മാർ Bhr. പതിനാലുർ ബ'ന്മാർ Bhg 12.

**ബൎഹിസ്സ് barhis** S. (ബൎഹ — L. vellere). Plucked grass, as cover of altars, Bhg.

ബൎഹം S. a peacock's tail. — ബൎഹി a peacock.

**ബലം balam** S. (ബൽ to live വൽ, വാഴ്). 1. Strength, valour, vigour ബലത്താലേ നില്ക്ക TR. ready for fight. താന്താന്റെ ബ. താന്താൻ നോക്കും TR. 2. force, power (opp. right) നേർവഴിക്കു വരുന്നതല്ല ബ. ഉണ്ടു oppression. ബ. കാട്ടുക to threaten. പ്രവൃത്തിക്കാരൻ നമ്മോടു ബ. കാട്ടി നിന്നാൽ TR. to resist. ബ. ചെയ്യു to force. തരികയില്ല എന്നു കറയ ബലത്തിൽ പറഞ്ഞു undutifully, defyingly. ബലം കൊണ്ടും ദ്രവ്യം കൊണ്ടും സ്ഥാനത്തു കയറി TR. പ്രവൃത്തിക്കാരൻ ബ. പറഞ്ഞു നില്ക്ക, ഒരു രാജ്യത്തും മൎയ്യാദ അല്ലല്ലോ TR. contumacious servants are nowhere retained. ബലത്താലേ കെട്ടുക to marry by force. 3. troops, army ഢിപ്പുവിന്റെ ബ. രാജ്യത്തിൽ കടക്കയില്ല; മാപ്പിള്ളമാർ വഴി പോലേ ബ. തികെച്ചു TR. attacked in full force. ബ. അയക്ക, ബ. കല്പിക്കേണം എന്നപേക്ഷിച്ചു TR. an auxiliary force. 4. adj. മഹാബലരായ രാജാക്കൾ Bhr. denV. ബലക്ക: ബലത്തൊരുമ്പെട്ടാൽ KR. strongly.

ബലക്കുറവു, — ക്കേടു, — ക്ഷയം weakness.

ബലപ്പെടുക 1. to be strong. ബ'ട്ടു വന്നു എങ്കിൽ തടുത്തു കഴികയില്ല TR. if they come with a force. 2. to abet രാജാക്കന്മാർ കുടിയാന്മാൎക്കു ബ. TR. if foreign kings abet the subjects.

ബലപ്പെടുത്തുക to strengthen, confirm.

ബലബന്ധം force=നിൎബ്ബന്ധം.

ബലഭദ്രർ & ബലദേവൻ N.pr. Kṛṣṇa's elder brother CG. CC.

ബലവാൻ strong കമ്പഞ്ഞി ബ. എങ്കിലും; രാജ്യത്തേക്കു വന്ന ബ. രാജാവെന്നു ഭാവം TR. submit to the powers that be—ബലവത്തു n.— എന്നേക്കാളും ബലവത്തരൻ PT. stronger.

ബലായിക്ക B. to be firm, resist.

ബലശാലി S. strong, powerful.

ബലസ്സ So.=ബലം; ബലസ്സൻ V1.=ബലത്തവൻ, ബലസ്ഥൻ strong.

ബലഹരി N.pr. a tune sung by Kṛṣṇa CC.

ബലഹാനി, — ഹീനത weakness, — ഹീനൻ weak.

ബലാബലം S. strength & weakness, കാൎയ്യങ്ങളുടെ ബ. അറിഞ്ഞു VyM. respective weight, ഉൾബലപ്രബലത. ഗ്രഹങ്ങളുടെ ബലാബലവും ആയുൎബ്ബലവും etc. നോക്ക No. (when a marriage is intended).

ബലാൽ S. Abl. 1. violently. ബ. കൊണ്ടു പോവാൻ Brhmd. unwillingly. 2. for no reason കൊല്ലും ബ. അപരാധം എന്നിയേ Sah. in vain. അൎത്ഥമാകിലും ബ. ഐശ്വൎയ്യം എന്നാകിലും വിദ്യയാകിലും Bhr. possibly, perhaps (=ഓ). നാരായണേതി ബ. ചൊല്ലുകിൽ Bhg. uttering accidentally, not weighing the meaning. ബ. അവിടേ ഇല്ലാഞ്ഞു Brhmd.

ബലാല്ക്കാരം S. violence, detention, exaction, rape. ബ. കൊണ്ടടക്കി doc. conquered.

denV. ബലാല്ക്കരിക്ക to use force ബ'ച്ചു കൊണ്ടു പോം PT. ബ'ച്ചിട്ടും വരുത്തുക KR. to bring him anyhow — also ബ. ല്ക്കരണം കൊണ്ടു Brhmd.

I. **ബലി bali** S. (ബലം). Strong ബലികൾ അവർ എങ്കിലും PT.; ബലികളോടു വൈരം കലരുതു ChVr.; അതിബലികളായി KR. prevailed.

II. **ബലി** S. 1. Offering, sacrifice ഭൂതനാഥനു ബലി തൂകിനാൻ ചോര കൊണ്ടു Bhr. കഴുത്തറുത്തു ബ. കൊടുക്ക VetC. — Chiefly obsequies performed by heirs, offering to crows on account of the deceased വെള്ളിപ്പാത്രങ്ങൾ ബലിയിടുവാൻ ആവശ്യമുണ്ടു TR. കുമാരകം ബലി കൊടുത്തു, വെട്ടി ബലികൊടുത്താകിൽ VetC. ബലി കഴിക്ക etc. — ബലി ഉഴിക to wave a basket of flowers round a possessed person; ബലിനീക്കുക to throw it away. 2. N.pr. a king of Daityas മഹാബലി Bhg.

ബലികൎമ്മം (1) ഭൎത്താവിനു ബ. പിണ്ഡദാനം മുതലായ്തു കഴിക്കാം VyM.

ബലികളയൽ offering a cock for the sick, to remove a ബാധ, also വെലികളക.

ബലിക്കുറി an altar ശൂദ്രൻ ബ്രാഹ്മണന്റെ ബ. ക്കൽ കൂടെ ബലിയിടേണം KU.

ബലിക്കൽ, വെലിക്കല്ലു an altar in or before temples = ബലിപീഠം, വേദി, തറ.

ബലിക്കളം a place of oblation.

ബലിപൂജകൾ ceremonies KU.

ബലിയെരിച്ചാല a sacrificial hall. ബ. യിൽ യോഗം KU. = യാഗശാല or see ബാലി.

**ബലീയാൻ balīyāṅ** S. (ബലി I.) Comp. Stronger.

Superl. ബലിഷ്ഠൻ strongest.

ബല്യം S. strengthening (of medic. GP.)

**ബസറാ** പഴം Dates from Bassora or Basrah.

**ബസ്സാദ്** P. **bad-zāt** (low-born, evil-minded). = ഏഷണി, Slander. നുണയും ബസ്സാദും, വലിയ ബസ്സാദുകാരൻ. vu. [വസ്തു.

**ബസ്സു** 1. P. **bas**, Enough = മതി. 2. Mpl. =

**ബഹളം bahaḷam** S. (ബഹ). Dense, ample അതിബഹളഗുളുഗുളുരവത്തോടും PT4.

ബഹളിപിടിക്ക So., see ബഹുളി.

**ബഹാദർ** P. **bahādur**, Champion, hero, a title Ti. — also ഭാദ്ര & ബഹാതിരിയരാഹൻ TR.

**ബഹിസ്സ് bahis** S. (& വഹിഃ, L. & Gr. ex). Outwards, outside; besides തപം മമ ബഹിഃ പ്രാണൻ AR. my second I. (ബാഹ്യം). അന്തൎബ്ബഹിർ വ്യാപ്തനായി Bhg.

ബഹിരംഗം S. external; publicity.

ബഹിരിന്ദ്രിയം external organs (opp. അന്തഃകരണം).

ബഹിൎഗ്ഗമനം V1. going out.

ബഹിൎമ്മുഖൻ S. turning away from essentials.

ബഹിഷ്കരിക്ക S. to expel, excommunicate അവനെ ബ'ച്ച് ഏവം നിരൂപിച്ചു PT. consulted without him.

part. pass. ധാൎമ്മികരാൽ ബഹിഷ്കൃതൻ Brhmd.

**ബഹു bahu** S. (ബഹളം). Much, many ബ. മരിച്ചു തുടങ്ങിനാർ Bhg. ഇത്യേവം ബ. വിലപിച്ചു CC. എന്നെ ബഹുവായി ചൊല്ലീടുന്നു Bhg.— Most used in Cpds. എനിക്കു ബഹുഗുരിക്കന്മാരുണ്ടു Bhg. [spy?

ബഹുകരൻ S. a sweeper; ബഹുക്കാരൻ V1. a

ബഹുകാലം long time.

ബഹുചാരി V1. a particular dance with comic dress.

ബഹുത്വം S. plurality മന്ത്രി രഹസ്യമായ വചനം ചൊല്ലുമ്പോൾ ബ'മാക്കീടരുതു Mud. publish മായാമയമായുള്ള ബ'ത്വങ്ങൾ Bhg. (opp. the one reality).

ബഹുധാ S. manifoldly.

ബഹുനായകം S. having many princes. ദേശം ബ. Mud. ruled by an aristocracy.

ബഹുപുത്രൻ S. having many children ബ'നായി മേവി KR.

ബഹുഭക്ഷകൻ voracious.

ബഹുമതി see foll. ദിജരിൽ ഏററം ബ. വരേണം ChVr.; അമ്പിനെ ബ. യോടാമരിച്ചു AR. avoided respectfully.

ബഹുമാനം S. (മൻ) respect, honour, gift to inferiors KU.— ബ. പ്പെട്ട സൎക്കാർ, കമ്പഞ്ഞി TR. Honorable; with & without ചെയ്യു to honor കാൎമ്മുകിൽ വൎണ്ണനെ എല്ലേരാളം ബ'വും വേണ്ട CC.

denV. ബഹുമാനിക്ക to respect, honor ബ'യാതേ disregarding, overhearing.

ബഹുമാന്യം 1. deserving of regard ബ'മല്ല PP. not to be minded. 2. dignity V1.

ബഹുലം S. (=ബഹളം) 1. dense, ample, numerous അവന്ന് അരികൾ ബ'മായുണ്ടായ്യു KR. 2. the dark lunar fortnight.

ബഹുവചനം S. the plural (gram.).

ബഹുവാക്ക common report എന്ന ബ'ക്കായി കേട്ടു TR. MR.

ബഹുവിധം S. various. ബ'മായി പോയി KU. fell into confusion.

ബഹുസമ്മതം S. general, approved by the majority ബ. അല്ല KU.

ബഹുളമുളി (ബഹുലം) a tune ബ. എന്ന രാഗം KU.

ബഹൂളി (T. വെകളി wrath). 1. rutting, madness. ബ. ക്ലേശം frenzy. ബഹളിപിടിക്ക B. വേളിപിടിക്ക MC. to grow lustful, frightened as cattle.—ബഹൂളിക്കാരൻ very rash, ബഹൂള്ക, ളി to fly into a passion V1. 2. ബഹൂളി ആക്കുക No. to spread a rumour.

ബഹൂദകൻ S. the 2nd class of Sanyāsis നടന്നെങ്ങും ഉഴലുന്നവൻ ബ. KeiN 2.

ബഹ്വൎത്ഥവാചി Brhmd. of various meanings (as ശബ്ദം).

ബളിശം baḷiṡam S. (വള). A fish-hook. ബ. ഗ്രഹിക്ക, വിഴങ്ങി മരിക്ക AR 6. = ചൂണ്ടൽ.

ബാക്കി Ar. bāqī, Remnant, surplus ബാ. ഉറുപ്പിക TR. & വാക്കി.

ബാഡ B. M. bāḍā (& വാടക, C. Te. Tu. bāḍige fr. വഭ്ഢ or ഭാടം). Hire, rent as of grounds, houses, boats, cattle ബാഡെക്കു കൊടുക്ക to lease. പീടിക ബാഡകെക്കു വാങ്ങി, ആനകളെ ഭാടകെക്കു കൊടുത്തു jud.

ബാഢം bāḍham S. (part. ബഹ). Dense, loud, strong ബാഢഘോഷത്തനായി VetC.

ബാണം bāṇam S. 1. An arrow. ബാണത്തെ തൊടുത്തു, വലിച്ചു വിട്ടാൻ CG., esp. Kāmā's പഞ്ചബാ. (the flowers of താമര, മാവു, അശോകം, പിച്ചകം, കരിങ്കുവളയം). fig. കണ്ണുനയായൊരു ബാണങ്ങൾ CG. 2. firework ബാ. അയക്ക to throw shells (mod.) ചക്രബാ. etc. rockets.

ബാണക്കൂടം a quiver; a hut of arrows ബാ. ചമച്ചിതു പാൎത്ഥൻ SG.

ബാണഗണം, — ജാലം പൊഴിക്ക Bhr. arrow-showers.

ബാണൻ ("an archer") 1. an Asura, Bhg. 2. in Cpds. = Kāmā f.i. നാളീക — etc.

ബാണപ്പെരുമാൾ & പള്ളിബാണൻ N. pr. a ruler of Kēraḷa that introduced the Baud-dha religion KU.

ബാണാൎത്തി in Cpds. only f.i. പഞ്ച — Mud., ചെന്താർ — AR. etc. love-sickness.

ബാത്തു Port. pato, Ar. baṭ, A gander; goose, duck.

ബാദാം P. bādām, Almond; also ബദാം, വാതം. (നാട്ടു ബാ. Terminalia).

ബാധ bādha S. 1. Pushing, pressing; affliction പൈദാഹത്താലുള്ള ബാധകൾ കളവാൻ KR., സൎപ്പബാ. PR., അഗ്നിബാ. ഉണ്ടാക VyM.= അഗ്നിഭയം conflagration. മലബാധെക്കു, മൂത്രബാ'ക്കു പോക to ease nature. ബാധയില്ലേതും ഇതിന്നു പാൎത്താൽ, ഇതു ചെയ്യാൽ ഒന്നിന്നും ബാ. ഇല്ല CG. no difficulty. ബാധനിവൃത്തിക്കായി

MR. for redress. 2. annoyance or oppression from invisible causes: ജപ — by mantram (ജ പിച്ചിട്ടു കയറുന്ന ബാ.), കൂട്ടു — possession by spirits കൂട്ടം ബാ. തിരിപ്പാൻ ആധിക്യം കണ്ടി യാന്നത്രേ KU. (the means ബലികളയൽ & മാ റ്റൽ). ബാ. പിടിക്ക to be possessed; to remove possession, ബാ. ഒഴിപ്പിക്ക to exercise.

ബാധകം S. opposing, damaging. — എന്റെ ന ടപ്പിനെ ബാധകപ്പെടുത്തുന്ന തീൎപ്പു MR. which obstructs my right of cultivation.

ബാധകാധിപൻ, ബാധാനാഥൻ, ബാധേശൻ PR. the unknown cause or author of an affliction.

denV. ബാധിക്ക 1. v.a. to vex, torment, annoy ക്ഷുൽപിപാസകൾ വന്നു ബാ. യാൽ Nal.; ബാധിച്ച കുംഭകൎണ്ണൻ AR. troublesome. രാ ജാവു മെയ്യിനെ ബാ'ക്കം Mud. attack. 2. to possess കാന്തനെ ബാ'ച്ച കശ്മലൻ Nal. ബാ ധിച്ച ദേവത of 3 kinds ഹന്തുകാമൻ, രന്തു കാമൻ, ഭോക്തുകാമൻ PR. 3. v.n. to be afflicted V1. (part. pass. ബാധിതം).

ബാദ്ധ്യം 1. what is to be opposed. 2. C. duty & claim ബാദ്ധ്യപ്പെട്ടവനെ കൊണ്ടു സത്യം ചെയ്യിച്ചു സങ്കടനിവൃത്തി വരുത്തേണ്ടതു MR 222. the aggrieved party (=ബാധ). ഇ നിക്കു ബാദ്ധ്യം അല്ല No. unlawful = ന്യായ മില്ല.

ബാദ്ധ്യസ്ഥൻ having the duty പിതൃക്കൾക്കു ശേഷക്രിയ കഴിപ്പാനായി ബാ'ന്മാർ.

**ബാന്ധവം** bāndhavam S. (ബന്ധു). 1. Relationship. 2. M. temporary connection with Sūdra women ബാ. ഉണ്ടാക, കഴിക്ക (the wife remaining in her ancestral home) = ഗുണ ദോഷം.

ബാന്ധവക്കാരൻ a husband, Anach. (ബാന്ധവ വീട്ടിൽ പോകുന്നവൻ).

ബാന്ധവൻ (1) = ബന്ധു f.i. ദീനബാ. KR. the ally of the poor. രാമനു നീ അതിബാ. AR. overfriendly. The sun in Cpds. with lotus f.i. നാളീകബാന്ധവൻ etc.

denV. ബാന്ധവിക്ക (2) to marry for a time ക്ഷത്രിയസ്ത്രീ മുതൽ ശൂദ്രസ്ത്രീ പൎയ്യന്തം ബാ' ക്കാം ബ്രാഹ്മണൎക്കു Anach. നായർസ്ത്രീയി നെ ചന്ദ്രയ്യൻ ബാ'ച്ചു പാൎപ്പിച്ചു TR.

**ബാപ്പാ** H. bāp, P. bābā, The father, also വാപ്പ MR. ബാപ്പാന്റെ അനന്ത്രവൻ (jud.). ബാ പ്പയുടെ MR. (Mpl.).

ബാവ, pl. ബാവമാർ id. Mpl.

**ബാലൻ** bālaǹ S. (Tu. bala = വളർ to grow). 1. A boy, till sixteen years ബാലർ പടെക്കാ കാ, ബാലശാപം ഇറക്കിക്കൂടാ prov. 2. a boatman, fisherman. 3. young, of different objects, f.i. a cocoanut-tree 5 years old, with 20 branches. [ബാലാപുരി).

ബാല S. a girl, young woman (Cochi in KM.

ബാലം S. better വാലം = വാൽ tail ബാലേന ഭൂമിയിൽ തച്ചു തച്ചു AR. (monkeys).

ബാലകൻ S. a boy, childish.

ബാലഗ്രഹം childrens' fits സൎവ്വബാ. ഒഴിയും Tantr.

ബാലചന്ദ്രൻ the increasing moon till പഞ്ച മി; the full moon just risen (comp. ബാല സൂൎയ്യൻ). [ല്ലു KR.

ബാലത S. boyishness ബുദ്ധിക്കു ബാ. പോയി

ബാലധി S. = ബാലം the tail ഹനുമാന്റെ ബാ. KR. ബാ'ക്കു കൊളുത്തുവിൻ AR.

ബാലബുദ്ധി, — ഭാവം childishness, so ബാലമ തി KR. childish.

ബാലവാതം slight winds SiPu., so ബാലവ്യജ നം SiPu. = flapper.

ബാലസൂൎയ്യൻ, — ലാൎക്കൻ AR., — ലാദിത്യൻ KumK. the sun just risen.

ബാലാഗ്നി 1. a commencing fire. 2. (ബാലം) fire about the tail RS.

ബാലാചലം = ചെറുകുന്നു N.pr. ശ്രീബാ. ത ന്നിൽ വസിക്കും ശ്രീദേവി SG., also ബാല കുന്നു Sah.

ബാലാൻ a fish in tanks (S. ബാലൻ Cyprinus denticulatus, see വാൽ) & ബാലത്താൻ.

ബാലായു, see വാലായു. [റൂൺ.

ബാലാശനം the first meal of an infant = ചോ

ബാലാൾ VyM. a young person.

ബാലി S. & വാലി tailed; N.pr. a monkey. ബാലിശ്ശേരിക്കോട്ട, & ബാല —, വാലി —,

വാലു — (also ബാലിയേരിച്ചാല) KU. TR. capital of Kuṟumbiyātiri.

ബാലിക S. f. of ബാലകൻ a girl ബാ. മാർ CG.

ബാലിശൻ S. a boy, childish, a fool ബാ'ന്മാരേ മനുഷ്യനായീശ്വരൻ AR. ബാ'ശാനാം പരോക്ഷ്യംAnj.—വാലിശവേലVyM. service (=ബാല്യം?).

ബാല്യം S. 1. childhood ബാല്യമശ, ബാല്യപ്രായം. ഞങ്ങൾപ്രതിപറയാഞ്ഞിട്ടായിരിക്കും നിണക്ക പിന്നപ്പിന്ന ബാല്യം No. vu. unyielding temper. 2. childish ബാല്യന്മാരല്ല CG. ബാല്യക്കാരൻ a youth, Rāja's or nobleman's attendant = മുന്നാഴിക്കാർ, (loc. ബാലിപക്കാർ, ബാലിഭക്കാർ etc.).

**ബാല്ഹികം** S. & Bālhīyam N. pr. 1. Balkh, ബാ. രാജ്യം Bhr. 2. a horse from there.

**ബാഷ്പം** bāṡpam S. & വ — (vapour). A tear ബാ. ചൊരിഞ്ഞു പറഞ്ഞു Nal. പുത്രമുഖ്യാപികൽ ബാഷ്പതീൎത്ഥാഭിഷേകം ചെയ്തു Bhr. ബാഷ്പമുഖിയായി KR. bathed in tears (fem.). ബാഷ്പാക്ഷനായി Bhg. [GP 78.

ബാഷ്പികം S. assafoetida ബാ. കട്ടുതിക്തോഷ്ണം

**ബാഹു** bāhu S. (L. brachium, G. pēchys). The arm നീണ്ടുള്ള ബാ'ക്കൾ CG. ബാഹുബലം, — വീൎയ്യം etc.

ബാഹുകൻ S. a servant, dwarfish; N. pr. of Nala when transformed ബാഹുക്കൾ എത്രയും ഹ്രസ്വങ്ങളാകയാൽ ബാ. Nal 4.

ബാഹുജൻ S. a Kṡatriya, as born from Brahma's arms. ബാഹുജാധീശൻ Nal. a king.

**ബാഹുല്യം** bāhulyam S. (ബഹുല) Plenty പുണ്യബാ. ഹേതുവായിട്ടു സ്വൎഗ്ഗപ്രാപ്തി AdwS. ബാ'മാക്ക to spread a report.

**ബാഹ്യം** bāhyam S. ബഹിഃ). 1. External. ബാഹ്യനാമങ്ങൾ എഴുതുക Mud. to address a letter. ബാ'ത്തിന്നു പോക to ease nature. 2. carnal ബാഹ്യസ്മൃതിയററു വാഴുന്ന ധന്യൻ ബ്രഹ്മവിലെരിക്കുൻ KeiN.

**ബിച്ഛാണെ** H. bichānā, Spread, in ബി. പ്പുല്ല the straw-bed of a horse.

**ബിന്ദു** bind'u S. & വി.— q. v. A drop, ബി. രസ്സ് N. pr. a holy tank KR.

**ബിംബം** bimbam S. 1. The disk of the sun or moon ധൂളിയാൽ മിത്രബി. മറഞ്ഞു Bhr. 2. reflected image, figure; an idol. ബി'ത്തിന്നു ചാൎത്തിയ വെള്ളികൊണ്ടുള്ള പാമ്പിൻ പടം MR.

denV. ബിംബിക്ക to be reflected, as in water മുഖം ബി'ച്ച പോലേ Nal.

part. pass. ബിംബിതൻ S. മണി നിലത്തിൽ ബി. നായിട്ടു തന്നെ കണ്ടാൽ CG. ത്രിഗുണബി'നായി Bhg.; നമുക്കുള്ളിൽ ബിംബിതം PT. I perceived (indistinctly).

**ബിയാരി** (Tu. byāri, bēri = വ്യാപാരി) No. A Māpiḷḷa മങ്ങലാരത്തു ബി. TR.

**ബിസ്മി** Ar. bismi 'llāh (in the name of God). An incantation of Māppiḷḷas before killing sheep, etc. ബി. ചൊല്ലുക, കൂട്ടുക.

**ബീ** — see വീ —.

**ബീജം** bījam S. (or വീ —). 1. Seed, grain; semen virile. 2. germ, origin, algebra ബാലയും ത്രിപുരയും എന്നിവ മൂലമായ ബീജവും മന്ത്രങ്ങളും SiPu. elements, symbols. വൃക്ഷവും ബീജവും കാൎയ്യകാരണം Bhg.

ബീജതൻ S. originating സംസാര വൃക്ഷത്തിൻ ബീ. കൈക്കൊള്ളും Brhmd.—നൃപബീജതൻ Mud. of royal seed.

ബീജാക്ഷരം S. the first syllable of a Mantra, sign manual മൂലമാം ബീ. എഴുതി SiPu.

ബീജ്യം S. sprung from a seed അവൻെറ ബീ'ൻ = കലസംഭവൻ Bhg.

**ബീബി** H. bībī, Lady കണ്ണൂരിൽ ആലി രാജാ വീവി TR.

**ബീഭത്സം** bībhatsam S. (ബാധ). Disgusting, loathful, terrible എത്രയും ബീ'രൂപൻ Nal.; ബീ'വേഷം Bhg.; ഘോരമായുള്ള ബീഭത്സാദികൾ എന്ന കൂട്ടം Mud. devils?

denV. ബീഭത്സിക്ക S. to feel repelled, to loathe.

ബീഭത്സു S. id. ബീ. ബാണങ്ങൾ Bhr.

**ബീമ്പു** E. beam, ബീമ്സ് (pl. form as മൈലിസ്സ്) = വിട്ടം. [also ഭീ —

**ബീരങ്കി** MC. (Firengi = Frank?). A great gun,

**ബുത്തു** P. but; An idol (ഭൂതം or ബുദ്ധ). ബുദ്ധസേവിക്ക; കാപർ ബു. ഇസ്ലാമിന്നു കൂടിയിരിക്കുന്നു (demon).

**ബുദ്ധൻ buddhaǹ** S. (part. pass. of ബുധ്). 1. Awake, enlightened. 2. a sage, esp. Sākyamuni Bhg. ബുദ്ധമുനിമതം ആശ്രിച്ചു Mud. — ബുദ്ധം known.

ബുദ്ധി S. 1. understanding (higher than മനസ്സ് & ചിത്തം). എനിക്ക ബു. പോരായ്കു കൊണ്ടു TR. inconsiderately; so ബു. അറിയായ്ക V1.; ബു. വെക്ക prov. to grow wiser. ബു. യിൽ കൊള്ളിക്ക V1. to comprehend. മനസ്സു സംശയിക്കും ബു. നിശ്ചയിച്ചിടും Bhg. 2. advice. ബു. ചൊല്ക, കൊടുക്ക, also ബുദ്ധികളെ പറക No. ഏവരോടു നിങ്ങൾ ബുദ്ധി പറഞ്ഞിട്ടുള്ള vu. to warn, admonish, etc. 3. mind അവന്റ മുമ്പിലേത്ത ബു. പോലേ അല്ല TR. he is somewhat deranged. ഭ്രമിക്ക ബു. പകൎന്ന Nal.; also ബു. മറിയുക, അറിയായ്ക V. 4. feeling ബു. താപമാംവണ്ണം വിളിച്ചു SiPu. in a way to move compassion. വിനാശകാലേ വിപരീതബു. prov. രാത്രിയിൽ പിടിപെട്ടു ബന്ധിച്ച തസ്കരന്റ രാത്രി ശേഷത്തിങ്കൽ തോന്നീടിന ബു. പോലേ KR. ത്യജ രാക്ഷസബു. യേ AR. abandon the Rāxasas' way of thinking & feeling, the Rā.s' religion.

ബുദ്ധികെടുക to become stupid, ബു. യും കെട്ടു നിന്നു AR. (in consternation).

ബുദ്ധികേടു foolishness.

ബുദ്ധിക്രമം the right way of proceeding ഞാൻ നടക്കേണ്ടുന്ന ബു'ങ്ങൾക്ക കല്പന എഴുതുക TR.

ബുദ്ധിക്ഷയം id. ബു. പൂണ്ടു SiPu. bewildered. ബു. വരുത്തുക V., also to offend one to the quick. എത്രയും ബു. നമുക്കുണ്ടു Nal. = ബുദ്ധിമുട്ടു.

ബുദ്ധിതിരക്ക (3) madness.

ബുദ്ധിപാകം humility. രാജാവിന്നു ബു. വരേണ്ടതിന്നു TR. to sober him down.

ബുദ്ധിപൂൎവ്വം S. intentionally. ബു'മായി മരിച്ചു KU. committed suicide. ബു'ൎവ്വേണ ചെയ്തല്ല TR. without bad intention.

ബുദ്ധിമതി S. 1. perfect understanding. ബു. പറക to admonish, warn. 2. f. of foll.

ബുദ്ധിമാൻ S. intelligent, wise, ബു'ന്മാർ, — മത്തുകൾ pl. Bhr.; also ബുദ്ധിശാലി.

ബുദ്ധിമാന്ദ്യം S. folly ബു'ത്തിന്നു നന്നു a. med. against insanity; so ബുദ്ധിഭ്രമം.

ബുദ്ധിമുട്ടു 1. perplexity, embarrassment. അവൎക്ക് എത്രയും ബു'ട്ടാക്കിനാൻ Nal. made them jealous. 2. distress കടക്കാരുടെ ബു. കൊണ്ടു വ്യസനം dunning. ബു'ട്ടി distressed, dispirited. ബു'ട്ടിക്ക to harass. ബു'ച്ചീടുക യോഗ്യമോ Si Pu. to drive out of one's wits.

ബുദ്ധിമോശം So. = ബുദ്ധിക്ഷയം.

ബുദ്ധിയുത്തരം (2) letter of a superior കൊടുത്തയച്ച ബു. വായിച്ചു, ബു. കല്പിച്ചെഴുതി TR.

ബുദ്ധിയോട്ടം quick sense.

ബുദ്ധിവിലാസം = foll., sagacity Mud.

ബുദ്ധിവിസ്താരം genius അവന്റെ ബു. KU.

ബുദ്ധിസമ്മതം assent; also ബുദ്ധിസമ്പാതം വരുത്തുക V1. to make to fall in with one's views = ബുദ്ധി ഒപ്പിക്ക.

ബുദ്ധിഹീനൻ = മൂഢൻ; ബു'നത folly.

ബുദ്ധ്യതിശയം genius — ബു'യയുക്തൻ V1. very intelligent.

**ബുധൻ budhaǹ** S. 1. Wise, a sage അറിവു കുറയുന്നോൎക്ക് അജ്ഞാനം നീക്കേണം ബുധജനം; എന്നു ബുധമതം AR. thus say the wise. 2. N. pr. the son of Sōma, Mercury.

ബുധനാഴ്ച, ബുധവാരം Wednesday.

**ബുധ്നം budhnam** S. (L. fundus, G. bythos). Bottom, root.

**ബുന്ന** Ar. **bun**; Coffee, the plant ബുന്നിൻ തൈ വെച്ചുണ്ടാക്കി, ബുന്നുണ്ടാക്കി MR. (a ചമയം) — now കാപ്പി is becoming more common.

**ബുഭുക്ഷ bubhukša** S. (desid. of ഭുജ്). Voracity ബു. ദാസപരാഭവം MC. hunger.

ബുഭുക്ഷിതൻ S. hungry പാരം ബു. എന്തു ചെയ്യാവതു PT. പായസം കണ്ടു ബു. CG.

**ബുമ്മ** Port. **verruma**; see വെറുമ. A gimlet.

**ബുറുസ്സ്** E. **brush**.

**ബുൽബുദം bulbud'am** S. (budb —). A bubble = പോള Bhr.

**ബൂട്ടുസ്** E. **boots** Ti. [T. പൂച്ചി.

**ബൂച്ച്** Cork, ബൂച്ച് ഇടുക No. vu. = അടപ്പിടുക.

ബേസ്പുക്കാന bēspurkāna Syr. lat. The purgatory. Nasr.

ബൊംബായി N.pr. (Port.) Bombay. ചുകന്ന—, വെളുത്ത ബൊം. ഉള്ളി onions, ബൊം. പൂട്ടു etc.

ബൊമ്മ bomma (C. Tu. bombe, fr. ബിംബം?). A puppet, doll; loc. also ബൊമ്മ V1.

ബൃംഹണം bṛmhaṇam S. (II. ബൃഹ് L. farcio). Fattening GP., strengthening Bhg.

ബൃംഹിതം S. (III. ബൃഹ് L. barrire) roar of elephants ഗജഗണ ബൃ'തശബ്ദം KR. ഹസ്തി ബൃ'ധ്വനി Brhmd.

ബൃഹത്തു S. (part. of ബൃഹ്), f. ബൃഹതി large, stout, great കാൎയ്യം ബൃഹത്തായ്വന്നു vu. — ബൃഹന്നളി KM. = പേരാറു.

ബൃഹച്ചരണം a class of Paṭṭars.

ബൃഹസ്പതി S. (& ബ്രഹ്മണസ്പതി the Lord of prayer & pious effort). N. pr. a God (also = ഗണപതി); the planet Jupiter = വ്യാഴം; a lawgiver രാജനീതിഗ്രന്ഥത്തിൽ ബൃ. വചനം TR.

ബൊണ്ടു E. bond, ബൊണ്ട് വകയിൽ വരുന്ന പലിശ TR. Government debt, (securities).

ബോട്ടു E. boat കപ്പലിന്റെ ഒരു ലാങ്കബോട്ട് TR. "a long boat."

ബോട്ടുകളി Trav. boat-racing.

ബോട്ടുകിളി ("port clearance"), a clearance given to a boat, ship.

ബോധം bōdham S. (ബുധ്). 1. Awaking, consciousness കുടിച്ചു ബോ. മറക്ക V2. to be fuddled. ബോ. കെട്ടു വീണു swooned. ബോ. മറന്നേൻ Bhr. I slept. ബോ. മറന്നു വിവശനായി Sit Vij. ബോധം ഉണ്ടാവാൻ നന്നു a. med. ബോ. തെളിഞ്ഞു Sk. 2. understanding, insight കാൎയ്യബോ —, ആത്മ — 3. conviction, satisfaction. കുടിയാന്മാരുടെ ബോധത്തോടേ TR. with the concurrence of.

ബോധകൻ S. an informer, teacher.

ബോധകരൻ S. an awakener (= പള്ളി ഉണൎത്തുവോൻ).—ബോധകരം instructive. ബോധകരസാധനം V2. an official letter.

ബോധക്കേടു insensibility, swoon; folly; also ബോധക്ഷയം വന്നു വീണു jud.

ബോധജ്ഞൻ having all his wits about him ബോ. എങ്കിൽ കഴിവുണ്ടു VyM.

ബോധം വരിക to come to his senses, to perceive, agree, to be satisfied.

ബോധം വരുത്തുക to bring to senses, convince. ഏവൻ എന്നു ബോ'ത്തിത്തരേണം Nal.; അനുജനെ ബോ'ത്തി TR.; അവനെ പറഞ്ഞൊക്ക പോതം വരുത്തി TP. satisfied, persuaded him.

ബോധഹീനൻ S. unintelligent, Sah.

denV. ബോധിക്ക 1. v. n. to present or approve itself to the mind. ബോധിച്ചു I understand you; quite so; well. ബോ. യില്ലവൻ Nal. will not please. With Dat. എന്നു തങ്ങൾക്കു ബോ. രുതു TR. don't suppose. കുടിയാന്മാൎക്കു വാക്കു ബോധിച്ചു കഴികയില്ല they will not believe; even double Dat. ആ അവസ്ഥെക്കു നിങ്ങൾക്കു ബോധിച്ചുവെങ്കിൽ if you have decided about it. ആ കാൎയ്യത്തിന്നു ഇരുവൎക്കും ബോധിച്ചു തീൎന്നു TR. agreed about. With Loc. എന്നു സന്നിധാനത്തിങ്കൽ ബോധിക്കും MR. you will perceive. ഇനി നിങ്ങടെ മനസ്സിൽ ബോധിച്ച പോലെ TR. do as you think best (= തെളിക, തോന്നുക). 2. v. a. to perceive, know, own ബോ. നീ എൻ വാക്കുകൾ VilvP.; നേർ എന്നു നാലരും ബോധിച്ചതത്ഭുതം Nal. fancied. നാം എല്ലാം ബോധിക്കുന്നു Bhg.; ബോധിച്ചു കൊൾ്ക be persuaded!

ബോധിതൻ S. (part. V. C.) instructed ഗുരുവിനാൽ ബോ. AR.

CV. ബോധിപ്പിക്ക 1. to make to understand, teach; with double Acc. പഞ്ചാക്ഷരം അടിയനെ ബോ. SiPu. 2. to persuade. ലോകരെ ബോ'ച്ചു KU. gained over. 3. to inform, tell superiors (= ഉണൎത്തുക). കുമ്പഞ്ഞിയിൽ, സന്നിധാനത്തിങ്കൽ TR. to state to Government. താലൂക്കിൽ അന്യായം ബോ. MR. to complain. 4. to pay to Government മൂന്നാം ഗഡുവിന്റെ ഉറുപ്പിക സൎക്കാരിൽ ബോ., പണം കുമ്പഞ്ഞിയിൽ ബോ'ച്ചു തരിക, തികെച്ചു ബോ. TR. to pay in full. മുളക പാണ്ടിയാലയിൽ ബോ. to deliver up.

ബോധ്യം S. 1. what is to be known ബാല്യന്മാരല്ലെന്നു ബോധ്യന്മാരായുള്ള സാദ്ധ്യന്മാർ എല്ലാരും CG. no more to be taken for children. 2. No. conviction, consent ബോ'മായി agreed to! നിണക്കു ബോ'മുള്ള ആൾ MR. = തെളിഞ്ഞ approved by you. എന്നു ബോ. വന്നാൽ if they find. എന്നു ബോ. വരുന്നു it appears clearly. ബോ. വരുത്തുക convincing. സൎക്കാരിൽ ബോ. വരുത്താൻ MR. to convince Government. അവന്റെ നടപ്പു നമുക്കു വേണ്ടുംവണ്ണം ബോ'മുള്ളതു pleases me. — ബോധ്യപ്പെടുക jud. = ബോധിക്ക.

**ബോയി bōy** (Te. Tu. C. bōvi). Palankin-bearers, fishermen പല്ലക്കു ഭോഗിനായക്കൻ TR. (writes a Rāja); vu. ബോയ്യൾ.

**ബോമ്മ** Port. **forno,** അപ്പം ചുടുന്ന ബോ. MC. A baker's oven.

**ബോൾ bōḷ** No. A rice-cake; so ഉമിബോൾ — in Palg. ബോൾ a cake of pollard.

**ബോള** Port. **bóla,** — കളിക്ക V2. Bowling.

**ബൌദ്ധൻ bauddhaǹ** S. (ബുദ്ധ). 1. A Buddhist. 2. No. a Māpiḷḷa, So. a Christian V1. — ബൌദ്ധശാസ്ത്രം KU. a religion once triumphant in Kēraḷam, Buddhism; (mod.) Islam. ബൌദ്ധിമാർ SiPu. Muhammedan women.

**ബ്യാരി** No. = ബിയാരി.

**ബ്രഹ്മം brahmam** S. (ബൃഹ്, ബഹ്). 1. The power of praying; the Vēda ഗുരുവാൽ ഉപദിഷ്ടമാം ബ്ര'ത്തെ മറന്നു KR. 2. theosophy താരകബ്ര. ഗ്രഹിപ്പിക്കും ഗംഗാധരൻ Nal. in death. 3. the impersonal God അസ്തിതിബ്ര. Anj. ചൈതന്യമായ്മേവുമബ്ര'ത്തിൻ വൈഭവം, ബ്ര'മാം എന്നോടു കൂടും CG. ബ്ര'ത്തെ നോക്കീട്ടു കതിക്കും ജീവൻ GnP. ബ്ര'ത്തെ പ്രതിപാദിക്ക Bhr. പ്രാപിക്ക VilvP. to be absorbed in the Absolute. ബ്ര'മായാ രണ്ടും ശബ്ദമേ ഉള്ളൂ Bhg. 4. Brahmanical ബ്രഹ്മക്ഷത്രങ്ങൾ KR. Br's. & Kšatriyas. ബ്ര. മായുള്ളൊരു മേന്മ CG. the glory of Br's.

ബ്രഹ്മകല്പിതം S. fate ബ്ര. നീക്കരുതാൎക്കും KN.

ബ്രഹ്മക്ഷത്രിയർ title of the 36000 armed Brahmans ബ്ര'ർ അനുഭവിച്ചു കൊൾ്ക KU.

ബ്രഹ്മഘ്നൻ S. killing Brahmans ബ്രഹ്മഘ്നതാപാപം VetC.

ബ്രഹ്മചൎയ്യം S. 1. the state of a Brahman student സകല വിദ്യയും മഹൽബ്ര. ചരിച്ചു സാധിച്ചു KR.; ബ്ര. ദീക്ഷിച്ചു Bhr. (an ആശ്രമം). 2. chaste abstinence, as of a husband ബ്ര'ത്തോടിരിക്ക AR., of virgins ബ്ര'ത്തോടിരുന്നീടുകായിരത്താണ്ടും Bhr.

ബ്രഹ്മചാരി S. 1. a Brahman student PT. 2. a bachelor. ബ്ര. കളായി Bhr. chaste. ബ്ര'ത്വം chastity V1.

ബ്രഹ്മജ്ഞൻ S. a theosophist.

ബ്രഹ്മജ്ഞാനം ഉദിക്കുന്ന നേരത്തു കൎമ്മവാസന നില്ക്കും KumK. theosophy.

ബ്രഹ്മജ്ഞാനാൎത്ഥികൾ AR. longing after theosophy.

ബ്രഹ്മണ്യം S. (ബ്രഹ്മൻ) Brahminical, saintly. ബ്രഹ്മണ്യനാകും മുനി KR.

abst. N. ബ്രഹ്മത്വം S. the state of Brahma or of a Brahman ഭക്തികൊണ്ടു വരും ബ്ര'ത്വം AR.

ബ്രഹ്മദന്തി S. Argemone.

ബ്രഹ്മധ്യാനം S. theosophy.

ബ്രഹ്മൻ S. 1. a man of prayer, Brahman. 2. the God Brahma (personification of ബ്രഹ്മം 3.) വിരമ്മൻ RC. പെൺ ഒരുമ്പെട്ടാൽ ബ്ര'നും തടുത്തു കൂടാ prov.; also pl. hon. ബ്രഹ്മർ & ബ്രഹ്മാവു S. Nom. — ബ്രഹ്മാദിദേവഗണം പ്രാൎത്ഥിച്ചു AR.

ബ്രഹ്മപരിപാലനം governing the universe & defending the Brahmans ബ്ര. ചെയ്യുന്നതു രാജാവു Anach.

ബ്രഹ്മപ്രളയം the end of a period of Brahma (100 of his days=1 മാസം, 12 months=1 ആണ്ടു — ഇവ്വണ്ണം ബ്രഹ്മന്റെ നൂററാണ്ടു ചെല്ലുമ്പോൾ ബ്ര. ഉണ്ടാം CS.).

ബ്രഹ്മമയം S. consisting of Brahma, Bhg.

ബ്രഹ്മരാക്ഷസൻ S. a kind of demons; a Paradēvata.

ബ്രഹ്മവാദി S. an expounder of the Vēdas, ബ്ര. കൾക്കു ഭേദം ഇല്ല SiPu. they agree.

ബ്രഹ്മവിൽ or — ത്തു S. (വിദ്) a theosophist,

(Superl. ബ്ര'ിഷ്ഠൻ Bhr.); 4 degrees of such ബ്രഹ്മവിദ്വരൻ, — വിദ്വരീയാൻ, — വിദ്വരിഷ്ഠൻ KeiN.

ബ്രഹ്മസ്വം S. the property of Brahmans, land set apart for feeding them, ബ്ര. അടക്കിത്തുടങ്ങി Bhr. usurped it. ബ്ര'സ്വാദാനക്ഷണദോഷം, ബ്രഹ്മദേവസ്വാപഹാരങ്ങൾ SiPu.

ബ്രഹ്മഹത്യ S., — ത്തി Tdbh. VyM. murder of a Brahman ബ്രഹ്മഹത്യാദി ദുരിതങ്ങൾ AR.; the worst sin, also personified as a Nemesis ഒരു ബ്ര. വന്നു മാം ഗ്രഹിപ്പതിന്ന് എപ്പോഴും ഭാവിക്കുന്നു മറെറാരുത്തൎക്കും കാണ്മാനില്ല SiPu.

ബ്രഹ്മഹന്താവ് S. a slayer of Brahmans; the worst criminal, Bhr.; also ആശ്രിതരെ രക്ഷിയാഞ്ഞാൽ അവൻ ബ്രഹ്മഹാ AR. അരക്ഷിതാ ബ്രഹ്മഹാ Bhr.

ബ്രഹ്മാണി S. the wife of ബ്രഹ്മൻ.

ബ്രഹ്മാണ്ഡം S. the mundane egg, universe (prov. അണ്ഡം തൊട്ടു ബ്രഹ്മനോളം = the world). — ബ്ര'ങ്ങൾ AR.

ബ്രഹ്മാനന്ദം S. the highest (mystical) joy ബ്ര' പ്രാപ്തിക്കു നേൎവ്വഴി കാട്ടീടുന്ന ആത്മജ്ഞാനം Chintar.

ബ്രഹ്മാലയം S. a Brahman house.

ബ്രഹ്മാവു = ബ്രഹ്മൻ.

ബ്രഹ്മി & പിരമ്മി MM. Clerodendrum Siphonanthus GP64. — നീൎബ്ര. Gratiola amara.

ബ്രഹ്മിതം (prh. — ഷ്മതം?). വിചാരത്താൽ ബ്ര. അപരോക്ഷജ്ഞാനമുക്തിയും വരും KeiN 2.

ബ്രഹ്മിഷ്ഠൻ S. a thorough Brahman. ബ്ര'ന്മാരായൊരു വസിഷ്ഠ, ബ്രഹ്മിഷ്ഠമതികളായുള്ളവർ KR. the ministers.

ബ്രഹ്മോപദേശം S. divine instruction, theosophy ഒരു ബ്ര. ചെയ്തു Brhmd.

ബ്രാഹ്മം S. referring to Brahma or to Brahmans; a year of Br. whereof each day embraces a Kalpa (ബ്രഹ്മകല്പം). ബ്രാ'മായുള്ള മുഹൂൎത്തത്തികൽ അനുദിനം ഉദയാനം ചെയ്തു VCh. — 2 Indian hours before sunrise ബ്രാഹ്മമുഹൂൎത്തെ ഉണൎന്നു SiPu.

ബ്രാഹ്മണൻ S. (ബ്രഹ്മൻ) a Brahman. The 6 offices ഷൾകൎമ്മം ascribed to them belong in Kērala only to the ആചാൎയ്യർ; the duties of the rest are thus enumerated പാട്ടം, സമുദായം, അരങ്ങു, അടുക്കള, അമ്പലപ്പടി, ഊരായ്മ. He who may perform all Br. ceremonies is called ഉത്തമബ്രാഹ്മണൻ.

ബ്രാഹ്മണി S. 1. a Brahman's wife; also ബ്രാ'ഷ്ഠി. 2. the wife of a garlandmaker KN.

ബ്രാഹ്മണ്യം S. 1. an assembly of Br's. 2. Brahmanism ബ്രാ. കറഞ്ഞു പോം Sah. ബ്രാ. ജന്മം കൊണ്ടേ സാധിക്കാവു Bhr.

ബ്രാഹ്മ്യം S. = ബ്രാഹ്മം.

**ബ്രാഹൻ**, see **വരാഹൻ** A pagoda (money).

**ബ്രൂഹി brūhi** S. (Imp. of ബ്രൂ to say). Tell, speak! ബ്രൂഹി തൽ കാരണം VetC.

# ഭ BHA

ഭ occurs only in Sanscrit words, with slight exceptions (ഭള്ളു, ഭോഷൻ etc. fr. പ; in നാണിഭം, വാലിഭൻ, മാനിഭം, ജൈഭിണ്യം; it is however more liked by the language than ബ.

**ഭക്തം bhaktam** S. (part. pass. of ഭജ്). Apportioned; a meal = ചോറു.

ഭക്തൻ attached, devoted, in Cpds. as ശിവഭ. or നീലകണ്ഠന്റെ ഭ. SiPu. his devout worshipper. തന്റെ ഭ. Bhr. ദേവിയുടെ ഭ. Anach. നല്ല ഭക്തന്മാർ SiPu.

ഭക്തപരായണൻ, — വത്സലൻ S. kind to his faithful (God AR. Bhr.)

ഭക്തവാത്സല്യം ഭക്തന്മാൎക്കു കണ്ടറിവാനായി AR. (God's) affection to the pious.

ഭക്തി S. devotedness, piety എങ്കലേ ഭ. Bhg. ഭ. മാത്രം മതിഎന്നു മഹാഫലം SiPu. ഭ. യാലേ മുക്തി prov. രാമഭ. മുക്തിയെ സിദ്ധിപ്പിക്കും AR. — ഭക്ത്യാ Instr.

ഭക്തിപൂൎവ്വം by means of faith (opp. കൎമ്മം, ജ്ഞാനം) — ഭ'കം Bhg. id.

ഭക്തിപ്രദം S. promoting piety, as കഥ Sah.

ഭക്തിമാൻ S. & ഭക്തിശാലി Bhr. devoted, zealous.

ഭക്തിയോഗം S. zealous faith.

ഭക്തിസാധനം the means of devotion നവവിധം, viz. സജ്ജനസംഗം, മൽകഥാലാപം, മൽഗുണേരണം, മദ്വചോവ്യാഖ്യാതൃത്വം, മജ്ജാതാചാര്യോപാസനം, പുണ്യശീലത്വം, മന്ത്രോപാസകത്വം, സൎവ്വത്തിലുംമന്മതി, ബാഹ്യാൎത്ഥവൈരാഗ്യം AR.

**ഭക്ഷകൻ bhakšaγaṅ** S. (G. phagein). An eater, glutton. പത്ര —, മൂല—, തോയ—, വായുഭ'ന്മാർ Nal. devotees with different ways of living.

ഭക്ഷണം S. 1. eating, food, esp. any thing besides rice V1. 2. No. meal രണ്ടുനേരം ഭ'ത്തിന്നു തുക്കെയിൽ വന്നു പോവാൻ TR.; ഭ. നല്ല ഗുണമാക്കി Ti. said of a grateful servant (see ചോറു).

ഭക്ഷണമുറി, — ശാല a dining room.

denV. ഭക്ഷിക്ക to eat, dine രണ്ടുനേരം ഭ'ക്കേണ്ടത് ഒരുനേരം ഭ'ച്ചിട്ടും TR. however I curtail my expenses, by giving up one of the 2 daily meals. മുനിമാരെയും ഭ'ന്നു AR. said of Rāvaṇa. — (part. pass. ഭക്ഷിതം).

ഭക്ഷ്യം S. eatable പാണിപാദങ്ങൾക്കഞ്ചു നഖമുള്ള പ്രാണികൾ ഭ'മായുള്ളതല്ലല്ലോ മുള്ളനും നല്ലുടുമ്പുകൾ വാൎപ്പുലി അല്ലയോ മുയലാമയും എന്നിവ KR4.; so ഭക്ഷ്യാഭക്ഷ്യവും lawful & forbidden food. ഭക്ഷ്യഭോജ്യാദികളിൽ കൊടുക്കവശ്യം Tantr. in any food.

**ഭഗം bhaġam** S. (ഭജ്, ഭഗൻ giver, Lord). 1. Good fortune = ശ്രീ; love. 2. pudendum mul.; perinæum.

ഭഗന്ദരം S. (2) fistula in ano, or about the natural parts ഭ'രത്തിന്നു യോനി തന്നിൽ ഉണ്ടാം കരു a. med.

ഭഗവതി S. (fem. of foll.). 1. Durga ഭ. സേവ KU.; ക്ഷേത്രത്തിൽ ഭ. യുടെ മുമ്പാകെ അന്യായം തീൎച്ച ആക്കുവാൻ നിശ്ചയിച്ചു, പ്രതിക്കാരന്റെ സാക്ഷി നിശ്ചയിച്ചപ്രകാരം ഭ. യുടെ മുമ്പാകെ പറയായ്കകൊണ്ടു TR. 2. a temple of Durga, vu. പകോതി, hence Port. Pagode. ഇവിടേ ഭ. യിൽ ഒരു അടിയന്തരമാകുന്നു TR. — മൂത്ത —, ഇളയ ഭ —. (vu. പോതി).

ഭഗവാൻ 1. blessed, glorious. 2. the Adorable പകലുമിക്കും ഭ. ആരെപ്പോലെ Pay. the sun. ഭ'നെ ഭജിക്ക KU. chiefly Višnu; also Siva etc. in Cpds. ഭഗവൽഭക്തൻ, ഭഗവത്ഭക്തി, ഭഗവദ്രൂപം etc.

ഭഗവൽഗീത N. pr. a theosophical poem, represented as spoken by Kṛšṇa.

**ഭഗണം bhaġaṇam** S. (ഭം a star, fr. ഭാ). The host of stars, zodiac; also $= \frac{1}{12}$ രാശി (astr.). ചതുൎയ്യുഗത്തിങ്കലേ ഭഗണദ്ദിനങ്ങൾ, തികഞ്ഞ ഭ'ങ്ങൾ ഉളവാകും Gan.

ഭഗണൻ an astrologer, ജാതകഫലം ചൊല്ലി ഓരോരോ ഭ'ന്മാർ KR. (prh. ഭാഗണൻ?).

**ഭഗവതി, ഭഗവാൻ,** see ഭഗം.

ഭഗിനി S. (the happy) a sister.

ഭഗീരഥൻ N. pr. a king that brought Ganga from heaven down to the earth. Brhmd. — ഭഗീരഥപ്രയത്നംപോലെ prov. of Herculean tasks.

**ഭഗ്നം bhaġnam** S. (part. pass. of ഭഞ്ജ്). Broken ഭഗ്നശത്രുവാം നീ, പടജ്ജനം ഭ'മാക്കി Nal. defeated.

ഭംഗം S. 1. breaking. സത്യവാക്കിന്ന് ഒരിക്കൽ ഭ. ഇല്ല SiPu. no breach of promise; rout of an army. 2. loss, interruption, prevention. ആശാഭ. disappointment. ശത്രുശുശ്രൂഷാഭ. വന്നു Bhr.

ഭംഗപ്പെടുക to be disconcerted, molested. ഭംഗപ്പാടു V1. torment.

ഭംഗംവരിക to be defeated, interrupted നിങ്ങൾ തുടങ്ങിന മംഗലകൎമ്മത്തിൻ ഭംഗമോ വന്നിതു CG. സ്നേഹത്തിന്നു ഭ. breach or loss of friendship. അവകാശത്തിന്നു ഭ. MR. a privilege to be invaded.

ഭംഗംവരുത്തുക to defeat, hinder. നിദ്രെക്കു ഭ. Bhr. to interrupt sleep, to awaken. യാത്രാഭ. preventing the journey. ഇച്ചെശ്ശെക്കു ഭ'കില്ല, ജനസ്ഥാനം ഭ'വാൻ Nal. to deprive of land. എന്റെ നേരിനെ

ഭ'ത്താൻ MR. to disprove my true evidence. ആജ്ഞെക്കു ഭ'ത്തി Mud. revoked the order.

ഭംഗി S. 1. incurvation, crooked or disguised way. 2. mere appearance, hence M. gracefulness അംഗനാമണിയുടെ അംഗഭ. Nal. ഭ. കലൎന്നുള്ളൊരുല്പലം, പാട്ടു, ഭ. കൾ എന്റെ മേ തങ്ങിന പൂങ്കാവു CG. beauties. ഭ. തേടുന്നൊരു മംഗലരൂപം Bhr.; സോദരന്മാരെ മൃത്യുവരുത്തി ഏകനായി ജീവിച്ചിരിക്കുന്നു ഭ. ഇല്ല AR. it is not fair. ഭ. ചൊല്കയും ഇല്ല Bhg. not to palliate, flatter. Often adv. & nearly explet. ഭംഗിയിൽ ചെന്നു CG., or S. Instr. ഭംഗ്യാ ചെന്നു Nal., ചെന്നു KR. Anj. nicely. 3. Tdbh. (ഭംഗാ S.) hemp= കഞ്ചാവ്.

ഭംഗികേടു deformity ഭ. എല്ലാം ചൊല്വാൻ Bhg8. to speak improprieties.

ഭംഗുരം S. frail; crooked.

**ഭജനം bhajanam** S. (ഭജ് to divide, share, be occupied with). Worship, service കൎമ്മങ്ങളും ഭ'വും തുടങ്ങി സമൎപ്പിച്ചാൽ TR. — ഭജനപ്പുര a private residence in a temple B.

ഭജനീയൻ adorable ഭ'നെ ഭജിക്ക Bhr.

denV. ഭജിക്ക 1. to worship by vows, meditation, staying in temples, visiting holy places ഭക്ത്യാ ഭ. SiPu.; കായേന വാചാ മനസാ ഭ. നീ AR.; ലോകത്തിൽ നിന്നെ ആർ ഭ'ക്കും Arb.; ഭജേ Sah. I adore thee. 2. to love & serve (as a wife her husband). 3. to assume as one's portion ധൈൎയ്യം ഭജിച്ചാലും; സ്ത്രീത്വംഭജിച്ചവൻ SiPu. changed into a woman. — (part. pass. ഭക്തം).

**ഭജാർ** MR. = ബജാർ Bazar.

**ഭഞ്ജനം bhanjanam** S. (= L. frango). Breaking, destroying. ശരീരഭ. തുടങ്ങും ChVr. will kill. ശോകഭ. SiPu. removing grief.

ഭഞ്ജിക the breaking (of a tree സാലഭ. പോലേ Bhr.).

denV. ഭഞ്ജിക്ക 1. = ഭംഗം വരിക V1. 2. = ഭംഗം വരുത്തുക B. — (part. pass. ഭഗ്നം).

**ഭടൻ bhaḍaṅ** S. (= ഭൃതൻ, but compare പട). A soldier, servant.

ഭടവാക്കു rude, foolish talk (= പട്ടു?).

**ഭട്ടൻ bhaṭṭaṅ** S. (= ഭൎത്താ). Lord, title of learned Brahmans, (Tdbh. പട്ടർ).

ഭട്ടതിരി, vu. പട്ടേരി the highest class of Kēraḷa Brahmans; also called ഭട്ടാചാൎയ്യർ teachers of philosophy, who restored Brahmanism after the Bauddha rule KU. — ഭട്ടാചാൎയ്യൻ gen. = Kumārilabhaṭṭa.

**ഭണിതം bhaṇiδam** S. Said, spoken (S. ഭൺ = Tu. പൺ).

**ഭണ്ഡൻ bhaṇḍaṅ** S. A jester; M. Tu. C. rude, obscene.

**ഭണ്ഡാരം bhaṇḍāram** (S. ഭാ —). 1. A treasury as of kings ഭ'ത്തിൽ പണം ഇട്ട പോലേ prov., or of temples ഭ. പുക്കു പെരുക്കി TP. gave a present. ഭ. പെരുക്കാൻ തുടങ്ങിയോ, കഴിഞ്ഞോ? 2. treasure പണ്ടേതിൽ ഇന്നു പതിന്മടങ്ങുണ്ടു രാജഭ. AR. 10 times richer. അവനുള്ള ഭ. എല്ലാം, ഭ. ഒക്കക്കവൎന്നു Mud. minister's & merchant's property. 3. smallpox (see പണ്ടാരം) ഭ'മായി പോയി ഭ. താഴ്ത്തിയോ.

ഭണ്ഡാരക്കററി V1. the treasure of a king or church or (No. & So.) temple.

ഭണ്ഡാരപ്പിള്ളർ lower servants of the Cochi Rāja; soldiers.

ഭണ്ഡാരമഞ്ചി 1. ഭ. യിൽ വെക്ക Mud. royal treasury. 2. Trav. temple treasury.

ഭണ്ഡാരമോഷണം Mud. embezzlement.

ഭണ്ഡാരി, see പണ്ടാരി.

**ഭത്തി** H. **bhatta,** Extra allowance ഈ പകെക്ക ൨൦ മുളകിക ഭ. ആക്കിക്കൊള്ളാം TR. (see ബത്ത).

**ഭത്സനം,** see **ഭൎത്സനം.**

**ഭദ്രം bhadram** S. (ഭന്ദ് to shout from joy). 1. L. Faustus, happy. ഭദ്രമല്ലാതേ മരിച്ചിതു SiPu. untimely end. ഭദ്രങ്ങൾ എല്ലാം പറഞ്ഞും ചിരിച്ചും ChVr. light, agreeable talk. ഭദ്രതരം കുശലപ്രശ്നാദികൾ ചെയ്തു CartV.A. better, best. ഭദ്രേ f. voc. my good woman! ഭദ്രം well! Bhr. അസ്തുതേ ഭ. Sah. = നന്നായി വരിക. 2. T. M. safety. എല്ലാം ഭ. no fear! പദാൎത്ഥങ്ങളെ ഭദ്രപ്പെടുത്തി വെച്ചു secured. 3. M. cipher, nought,

esp. in Kauri calculations (=ശൂന്യം). ഭ. ഇട്ടു പോയി, ഭ. പോയി reduced to nothing.
ഭദ്രകൎമ്മം S. a good work, Bhg.
ഭദ്രകാളി S. a form of Kāḷi (appeased by വട ക്കിനം ഭാഗംകഴിക്ക vu. in cases of cholera etc.).
ഭദ്രദീപപ്രതിഷ്ഠ S. a മഹാവ്രതം Brhmd.
ഭദ്രൻ S. a bull രുദ്രനെ കാണായി ഭ്'നെ കാണായി CG.
ഭദ്രപീഠം S. a throne ഭ്'ത്തിന്മേൽ ഇരുത്തി Mud.
ഭദ്രശീലൻ Mud. good-mannered.
ഭദ്രാക്ഷം the seed of Mirabilis Jalappa, used for rosaries (smaller than രുദ്രാക്ഷം).
ഭദ്രഭടാളികൾ Mud. N. pr. of a people (S. ഭദ്രർ).
ഭദ്രാസനം S. a throne അവനു ഭ. നല്കി CartV. A. (to a Rishi). ഭ്'നാഗ്രേ ഞെളിഞ്ഞിരുന്നു ChVr.

ഭയം bhayam S. (ഭീ). 1. Fear അധമനു മരണത്തിങ്കൽനിന്നു ഭ. Bhr. ഒരുത്തരെ ഭ. ഇല്ലെനിക്കു KR. കള്ളന്മാരുടെ ഭ. കൊണ്ടു TR. from fear of thieves. നയമായിട്ടും ഭയമായിട്ടും എഴുതി TR. with kindness & threats. 2. danger അഗ്നിഭ., പ്രാണഭ., അഞ്ചുഭ. KU.
denV. ഭയക്ക, ന്നു T. So. to fear, Trav.
ഭയങ്കരം S. terrific, formidable. ഭ്'ൻ a stout imposing person vu., ഭ്'രി AR. fem.
ഭയപ്പാടു state of alarm, fright നമുക്കു ഭ്'ടായിരിക്കുന്നു TR. ഭ. ഏതും ഇല്ലടിയത്തിന്നു KumK.
ഭയപ്പെടുക to be afraid, to dread; with Acc. Dat. Loc. Abl. രശ്മികൾ ഭ. Bhr.
ഭയപ്പെടുക്ക to frighten ദുഷ്കരമായി ഭ്'ക്കും VCh. Nal. Bhg. — mod. ഭയപ്പെടുത്തുക (കുടിയാന്മാരോടു TR.); also നന്നെ ഭയപ്പെടുത്തിച്ചു & കുടിയാന്മാരെ ഭയപ്പെടീപ്പിക്കയും TR.
ഭയഭക്തി devoutness, devotion.
ഭയശീലൻ timid, a coward (opp. ഭയഹീനൻ).
ഭയാനകം S. terrific, Bhr.
ഭയാപഹം S. removing fear, അവനോടു പറയേണം ഭ. VyM. consolingly.
ഭയാൎത്തൻ S. tormented with fear.

ഭരം bharam S. (ഭൃ, L. fero, E. bear). 1. Bearing വ്യസനഭരഹൃദയം Mud. heavy with grief.—
ഭര f. the earth. 2. a burthen, load; quantity. മൽഭ. കാൎയ്യം AR. I have to perform my task. ഭരാഭരം തീൎക്ക Sah. to remove the earth's load.
ഭരം ഏല്ക്ക to receive in charge, undertake.— ഭ. ഏല്പിക്ക to give in charge, commit to സുതന്മാരെ കൃഷ്ണനെ ഭ്'ച്ചു Bhr.; കാൎയ്യങ്ങൾ ചിലരെ ഭ്'ച്ചു വെച്ചു KU. ദേവന്മാരെ ഭ്'ച്ചു VilvP. cast himself on the Gods; also അവങ്കൽ jud.; കാത്തു കൊൾവാൻ ഭ്'ച്ചു Mud. entrusted them with the defence.
ഭരണം S. bearing. വൈരഭ. V1. wearing diamonds. ജഗദുദയഭരണപരിഹരണലീല Bhr. preserving. കുഡുംബഭരണൈകസക്തനായി AR. intent upon the support of the family. കപ്പൽഭ., ആട്ടഭ. attending to V1.
ഭരണി S. (pudend. mul.?) 1. the second constellation, Musca borealis. ഭ. വേല a Bhagavati feast, f.i. at Koḍungalūr in Kumbham, also ഭ. ത്തുക്കം; ഭ. വാണിഭം V2. the fair at Koḍungalūr. 2. a large jar, as for oil; a vase പണം ഭ. യിലാക്കിക്കുഴിച്ചു വെച്ചു TR.
ഭരണ്യം S. wages, working for daily hire V1.
ഭരതൻ S. (supported) N. pr. Sakuntaḷa's son, Rāma's brother, etc.
ഭരദ്വാജൻ S. (sky-lark) a Rishi.
denV. ഭരിക്ക 1. to bear ശിരസ്സിൽ SiPu. on the head; to support ഉദരം ഭരിപ്പതിന്നു ലഭിയാഞ്ഞു PT. അവരെ ഭ. Mud. to maintain. ഭരിപ്പോർ ഇല്ലാഞ്ഞിട്ടു മരിച്ചു V1. നിന്റെ ദേഹം തന്നേ ഭരിച്ചു UR. didst only feed thyself. പട ഒഴിച്ചു പോകാഞ്ഞാൻ ഭ്'ന്നു ചിലർ കലുക്കം എന്നിയേ Bhr. sustained the battle. 2. to marry ഞാനും അവരും ഇവന്റെ പുത്രിമാരെ പതിമാരായി ഭരിച്ചീടട്ടേ KR. 3. to rule അവനിഭാരം നീ ഭരിച്ചു കൊള്ളുക KR. സേനാനി പട ഭ്'പ്പാൻ Mud. to command the army.
ഭരിതം S. (ഭരം 2) full of.
VN. ഭരിപ്പു government; superintendence of kitchen, (ഭരിപ്പുകാരൻ So.).

CV. ഭരിപ്പിക്ക to cause to support or rule ഭര തന രാജ്യം കൊടുത്തു നന്നായി ഭ'ച്ചീടുക KR.

**ഭൎഗ്ഗൻ bhargaǹ** S. (ഭ്രജ് = G. phlegō to shine). 1. Siva. 2. So. a cheat.

ഭൎഗ്ഗു fraud — denV. ഭൎഗ്ഗിക്ക, ഭ'ച്ചെടുക്ക to defraud, embezzle B., (No. വഗ്ഗിക്ക).

ഭൎജ്ജനം S. roasting, frying വറുക്ക.

**ഭൎത്തവ്യം** S. (ഭര) To be borne or ruled.

ഭൎത്താവു S. 1. bearer, maintainer ഭൎത്തൃപിണ്ഡാൎത്ഥമായി KR. to thank his master. ഭൎത്തൃസൌഖ്യം വരുത്തും AR. a minister will benefit his king. ഭൂമിഭ. AR. a ruler. ഭൎത്തൃശാസനം അരുൾ ചെയ്തു AR. (Višnu's decrees). തന്നുടെ ഭ. തന്നെച്ചതിപ്പാൻ നാരിമാൎക്കും ഖിജന്മാൎക്കുമന്യേ നൈപുണ്യം ഇല്ല മററാൎക്കും VetC. 2. vu. husband ഭൎത്തൃനാശം കണ്ടപ്പോൾ രേണുക KU.

ഭൎത്തൃതപം ഉൾക്കൊണ്ടു SiPu. married.

ഭൎത്തൃശുശ്രൂഷ ചെയ്തു to be a faithful wife AR.

ഭൎത്തൃഹീന a widow.

**ഭൎത്സനം bharlsanam** S. (bharts). Blaming; abuse, menace ഭ. ഒട്ടും ഇല്ല Bhr. ഭ. ചെയ്യും വരനെ Sah.

denV. ഭൎത്സിക്ക to rail, abuse (part. pass. ഭൎത്സിതം S.); also വളരേ പരുഷം പറഞ്ഞാൻ വാനരന്മാരെ ഭൎത്സിപ്പിച്ചിങ്ങനേ KR. (without caus. meaning).

**ഭൎമ്മം bharmam** S. (ഭര) Wages; gold.

**ഭല്ലം bhallam** S. (=L. phallus?). 1. A kind of arrow (മഴവമ്പു). ഭ'ങ്ങൾ ഏഴും പ്രയോഗിച്ചു KR. 2. a bear = കരടി, also ഭല്ലുകം KR S.

**ഭവം bhavam** S. (ഭൂ). 1. Birth. രണ്ടാം ഭവേ SiPu. at my next birth. 2. existence, being in the world; the world ഭ. മാറുക, ഭവത്തെ പോക്ക KeiN. final absorption (= ജനിമോചനം).

ഭവസാഗരം S. the misery of successive births. ഭ'രാൽ രക്ഷിച്ചു കൊള്ളേണമേ AR. ഭ. കടക്ക to pass the stormy sea of life. ഭവസാഗരബന്ധു ChVr. God as helping through. — also ഭവമുതിസമുദ്രം Bhg. ഭവതോയധിയിൽ വീഴും VCh. to lead a life of stormy passions (= സംസാരസമുദ്രം).

ഭവനം S. 1. existence. 2. a mansion, house f. i. of a Nāyar ഭ. ഉണ്ടാക്കിച്ചു തരുവാൻ Bhr. നമ്മുടെ ഭ. പണി ചെയ്യുന്നതിന്നു TR. (a Rāja).

ഭവൻ S. a form of Rudra.

ഭവാനി fem. 1. a form of Durga, ഭ. ഗേഹം Bhg. her temple. 2. N.pr. the Bhawāny, a tributary of the Kāvēry, rising on the Konḍa range (Koondahs) in Vaḷḷuva Nāḍu.

**ഭവാൻ bhavāǹ** S. (part. of ഭൂ). The present one, hon. = thou. pl. ഭവാന്മാർ ChVr. ye. നമുക്ക ഭവാന്മാരേ ആധാരം ഉള്ളു KR. — fem. ഭവതി as ഭ. ഉറങ്ങി KR. In Cpds. ഭവൽ is both m. & f. ഭവദ്വാൎത്ത AR. thy (Sita's) news. — ഭവദീയ രാജ്യം KR. thy kingdom. — ഭവാദൃശന്മാർ Bhr. men like you. ഭവാദൃശചിത്തം ChVr. a mind like yours.

**ഭവിക്ക bhavikka** (S. ഭൂ). 1. To become, to be = ഉണ്ടാക f. i. പതിക്കോരാപത്തു ഭവിക്കും എന്നവൾ ഭയപ്പെട്ടു KR. to happen. 2. auxV. ആയിഭവിക്ക = ആയ്തീരുക, ചമക. — നിന്നാൽ ജഗത്തിന്നു ഭ. പ്പെടുന്ന സുഖം ChVr. = simpl.

CV. പുല്ലിംഗമായാഗം ഭവിപ്പിക്ക SiPu. to change into a male.

ഭവിച്ചായം (see ആയം) futurity. എന്തുവാൻ ഭ. Nal. = എന്ത് ആയം ഭവിച്ചാലും whatever may betide.

ഭവിതവ്യം S. what is to be നീക്കാവതല്ല ഭ. ഒട്ടുമെവോളം Anj.

ഭവിഷ്യത്തു S. (part. fut. n.). future, futurity ഭ'ത്തെന്തോ; ഇതത്രേ നിങ്ങളുടെ ഭ. the fate that awaits you. വഴിക്കേടിൽ (or കെട്ടു) നടന്നവൎക്കു വരുന്ന ഭ. ഇങ്ങനേ തന്നേ vu.

ഭവിഷ്യം S. adj. future ഭൂതവും ഭ'വും വൎത്തമാനവും ഇല്ല Vēdāntavak. ശേഷമുള്ളവൎക്കും വരുന്ന ഭ. ഇപ്രകാരം തന്നേ TR.; ഭവിഷ്യജ്ഞാനം Bhg. foreknowledge. ഭവിഷ്യരാം മാഗധന്മാർ Bhg.

ഭവ്യം S. 1. present ഭൂതവും ഭവ്യവും മേലിൽ വരുന്നതും AR. 2. = ആകുന്ന being as it ought to be, right, proper. ഭവ്യരാം അമാത്യന്മാർ PT. = മന്ത്രിശ്രേഷ്ഠന്മാർ; also vu. അവൻ

മഹാഭവ്യൻ good. ഭവ്യം നിനക്കു ഭവിക്കും Nal. = ശുഭം.

**ഭഷകൻ bhašaγaṅ** S. (ഭഷ് to bark). A dog.

**ഭസിതം bhasiδam** S. (part. pass. of ഭസ് to chew, devour). 1. Turned into ashes. 2. ashes ഇടുക. കടിക്ക Mud. ശവം ചുട്ട ഭ. SiPu.

ഭസ്മം S. 1. ashes ദേവകാരുണ്യം ഉണ്ടാവാൻ ഉത്തമം കാരണം ഭ. SiPu. holy ashes. ശിവപ്രീതി വരുത്തുവാൻ ചുടല ഭ'മേ നല്ലു (& ശവഭ.) SiPu. ഭ. ധരിക്ക, വെറും ഭ. തേക്ക SiPu. ഭ. ഇടുക, തൊടുക, ഭസ്മക്കുറിയിടുക to rub ashes on the forehead, chest, as after bathing. — (ഭസ്മക്കൊട്ട, — സഞ്ചി to keep ashes in). 2. fig. = destruction ഭ'മാസ്സുതും ദാരിദ്ര്യം VilvP. മഹാപാപം ഭ'മാം SiPu. 3. medicinal powder, calx പിശാചസംഭാക്ഷണപീഡാപരിഹാരത്തിന്നായി ഭ. ജപിച്ചു കൊടുത്തു Arb.

ഭസ്മകണ്ഠന്മാർ Nal. devotees.

ഭസ്മപുണ്ഡ്രം ധരിക്ക SiPu. = ഭസ്മക്കുറി ഇടുക (1); also ഭസ്മലേപനം.

ഭസ്മമാഹാത്മ്യം SiPu. a treatise.

ഭസ്മരാശി S. a heap of ashes ഭ. കളായാർ KR. — ശാപം തട്ടി ഭസ്മശേഷനായിതു Nal. so that only ashes remained of him.

denV. ഭസ്മീകരിക്ക S. to reduce to ashes, as by a curse = വെണ്ണീറാക്കുക V2.; also ഭസ്മീഭൂത സഗരന്മാർ KR.

**ഭസ്സ് bhas** S. (√ = ഭത്സ്). Menacingly വികൃതഹാസങ്ങൾ കരുതി ഭസ്സെന്നടുത്തു ChVr.

**ഭളാഭളാ** Imit. sound, as of a dog drinking or lapping ഭ. ചൊലപാനതതലങ്കാരം KR.

**ഭള്ളു bhaḷḷu** (V1. പള്ളു prh. fr. പഴ, പാഴ് or വള്ളതം, വള്ളു). 1. Ostentation, show ഭള്ളിനായി ഭസ്മം തേച്ചു SiPu. ഭള്ളുള്ള നിന്റെ ഭാവം അറിയാതെ KR. (says Bāli to Rāma). ഭ. പറഞ്ഞു Bhr. boasted. ഭള്ളുകൾ അപരോടു ക്രുടുകയില്ല CrArj. menaces. 2. exaggeration, lie ഭള്ളും പൊള്ളും. ഭള്ളല്ല VilvP. quite true! ഭ. കാട്ടുക, ഭാവിക്ക B. to counterfeit, trick.

ഭള്ളൻ vainglorious മഹാഭ.

**ഭാ bhā** S. (√ to shine, G. phōs). Light കന്യകയിൽ ധർമ്മഭാശോഭിച്ചേററം Nasr., better ഭാസ്സ്.

**ഭാക്** S. (ഭജ്). Partaking of, ഗുണഭാക്കായി Bhg.

**ഭാഗം bhāgam** S. (ഭജ്). 1. Part, portion എന്റെ ഭാ. my lot. മക്കളും അനന്തരവന്മാരും കൂടി ഭാ. ചെയ്യുന്നു, തമ്മിൽ ഭാ. ചെയ്തു MR. divided the property = പകുതി. 2. side ഒരു പാത്തുന്നു TP. on one side; chiefly party അന്യായഭാഗമായി എഴുതിക്കാണുന്നു MR. savors of partiality for the plaintiff, അന്യായഭാഗമായി കല്പിച്ചു; also അന്യായഭാഗം പറഞ്ഞു, ആ ഭാഗം തീർപ്പു കൊടുത്തു MR. in favor of. പ്രതിഭാ. നിന്നു jud. എന്റെ ഭാഗമുള്ള രേഖകൾ, പ്രതിഭാഗം സാക്ഷിക്കാർ MR. adj. = പക്ഷം. 3. fathom (T. പാകം) ൧൦ പാകം നീളം Mpl. = ൧൦ മാർ. (പാവു).

ഭാഗക്കാർ (൨). എന്റെ ഭാ., ഇരുഭാ. MR. = പക്ഷക്കാർ.

ഭാഗധേയം S. 1. a share. 2. fortune ഭാ'ത്തെ വിശ്വാസം ഉണ്ടാകേണ്ടാ Bhr. ഭാ. കൊണ്ടു കാണ്മാൻ കഴിവന്നു Nal. ഭാ. പാരം ഉണ്ടു Bhg. = ഭാഗ്യം. 3. B. royal revenue.

ഭാഗവതം S. referring to ഭഗവാൻ (Višṇu); esp. N. pr. of the Purāṇa, Bhg. ഭാ'തധർമ്മം (ദൈവതഭ്രമം ഒക്കയും മിത്ഥ്യ എന്നും etc.). Bhg. — ഭാ'ന്മാൎക്കു് ആനന്ദാമൃതോദയം SitVij. ഭാ'ന്മാരായ ഭഗവതുക്കൾ Bhg. worshippers of Bhagavān.

ഭാഗി S. 1. sharing; partner തന്റെ ഭാഗിയായ N. = കൂറുകാരൻ MR. 2. = ഭാഗക്കാരൻ.

denV. ഭാഗിക്ക B. = വിഭാഗിക്ക.

ഭാഗിനേയൻ S. (ഭഗിനി) sister's son. ശ്രുതനേ ഭാ. പിണ്ഡകർത്താവു Bhr.

ഭാഗീരഥി S. (ഭഗീരഥ). Ganga ഭാ. ക്കായി പറന്നു പോയി Sah.

**ഭാഗ്യം bhāgyam** S. (ഭാഗം). 1. Lot, destiny എന്റെ ഭാ. (Interj.), also എന്നുടെ ഭാഗ്യദോഷം Nal. ഭാ'ത്താലേ വീണു CG. 2. good fortune കാണായ്വന്നതുഭാ'മല്ലോ CG. very lucky. ജനകജ താനും അതിഭാ. ചെയ്തു കൂടെ പുറപ്പെട്ടാൾ KR. she chose a happy lot in accompanying R. അതു ലഭിപ്പാൻ നമുക്കു ഭാ. ഉണ്ടായില്ല TR. പാക്കിയം വിധി എനിക്കു കൂടി എങ്കിൽ TP. favored by fortune. ഭാ. ഇല്ലായ്കകൊണ്ടു TR. ഭാഗ്യനാശം കൊണ്ടു Anj. unluckily. ഭാഗ്യകാലം etc.

ഭാഗ്യക്കുറി a lottery (വെക്ക, കിട്ടുക); also ഭാഗ്യപരീക്ഷ. [fortune.

ഭാഗ്യക്കേടു,—ദോഷം,—നാശം,—ഹീനത mis-

ഭാഗ്യപതി a fortunate man. Arb.

ഭാഗ്യവശാൽ S. happily.

ഭാഗ്യവാൻ,—വതി f. fortunate, lucky, happy. ഭാഗ്യവതാം വരൻ ChVr. happiest; also ഭാഗ്യശാലി.

ഭാഗ്യോദയം S. good fortune ഭാ'യാൽ KR.

ഭാജനം bhājanam S. (ഭജ്). 1. A vessel, as dish, cup പരിപൂൎണ്ണമായിരിക്കുന്ന ഭാ. നുറുങ്ങു Mud. 2. partaking of, worthy of (=പാത്രം). ഭാഗ്യത്തിൻ ഭാ. എങ്ങനേ ഞാനാവു, തൽകാരുണ്യപൂരത്തിൻ ഭാ'മായ അമ്മ CG. ദേഹം ജരാവ്യാധിഭാ. Bhg.

ഭാജകം S. the divisor=ഹാരകം f.i. രണ്ടു രാശികളിൽ വെച്ചു മേലേതു ഭാജ്യം, കീഴേതു ഭാജകം Gan. (see foll.).

ഭാജ്യം S. the dividend (see prec.) ഗുഡഭാ. എതു ഗുഡഭാജകം പതിനഞ്ചു Gan.

ഭാടം bhāḍam S. (ഭട?) & ഭാടകം=ബാഡം.

ഭാട്ടം bhāṭṭam S. (ഭട്ട). A division of the old Kērala Brahmans (2 others are പ്രഭാകരം & വ്യാകരണം) derived from one ഭാട്ടപ്രഭാകരവ്യാകരണൻ, whose shoe (മെതിയടി) is said to be preserved in തൃക്കണ്ണാപുരം, തൃക്കൽപുറം KU. (others=പാട്ടം usufruction).

ഭാട്ടൻ S. a follower of ഭട്ടൻ.

ഭാഡ (loc.)=ബാഡ.

ഭാണ്ഡം bhāṇḍam S. (see പണ്ടം). 1. A vessel, pot. 2. a bundle, load, package ആരും സമ്മതിയാതുള്ള ഭാ'ങ്ങൾ TR. burthens. ഇവ എല്ലാം ഭാ'മായി കെട്ടിക്കൊണ്ടു Mud. വസ്ത്രഭാ. പേറി PT. (an ass). ഭാണ്ഡത്തപ്പാൽ parcel post (Banghy). ക്ഷുരഭാ. ഇങ്ങു തരിക PT. barber's bag. ഭാ. കെട്ടിയിടുക to load cattle (=മാറാപ്പു).

ഭാണ്ഡാഗാരം S.=ഭണ്ഡാരം q.v.

ഭാതു=ബഹാദർ 748., as കമ്പഞ്ഞിഭാതുക്ക TR.

ഭാദർ id. f.i. ഭാ. മട്ടാളൻ a great clod-poll.

ഭാദ്രപദം S. (ഭദ്രപദ). A month=കന്നി.

ഭാനു bhānu S. (ഭാ). The sun ഭാനുമയങ്ങുന്നു Bhr.; also ഭാനുമാൻ (shining).

ഭാനുവിക്രമൻ N.pr. the first Sāmanta ruler in Trav. KM.; title of the 4th in Calicut etc.

ഭാമിനി S. (ഭാമം S. light, rage). Radient, passionate f. (a wife).

ഭാരം bhāram S. (ഭർ). 1. Burden, load ഭാരേണ സന്തപ്തഭൂമിദേവി AR.; met. oppression എന്റെ ഭാ. നീക്കി വെച്ചു രക്ഷിക്ക, ഭാ. തീൎക്ക TR. to relieve. ഭാരപ്പെട്ടു പോക to be hampered, molested. 2. onus, charge രാജ്യഭാ. ചെയ്യു=ഭരിക്ക. 3. a weight of 20 തുലാം,=Kaṇḍi ൩ ഭാ. വെടിമരുന്നു TR. (see പാരം).

ഭാരക്കട്ടി a weight (കട്ടി 3, 195).

ഭാരക്കല്ലു a stone on a watering machine.

ഭാരത്തുലാം a main beam across rooms.

ഭാരയഷ്ടി S.=കാവടി.

ഭാരവാഹൻ S. a porter.

ഭാരതം bhāraδam S. (ഭരത). Referring to Bh. or the Bharatas. 1.=ഭാരതഖണ്ഡം,—വൎഷം India. Bhg 5. Brhmd. 2.=മഹാഭാരതം the great epos of the Bharatas ഭാരതയുദ്ധം Bhg. ഭാ. വായിപ്പിക്ക kings to have that poem publicly read & explained (a costly performance).

ഭാരതി S. 1. a goddess, sometimes identified with Saraswati. 2. literary composition; word, speech പാഹി എന്നുള്ളൊരു ഭാ. CG. നാരിതൻ ഭാ. കേട്ടു Sk.

ഭാരി bhāri (ഭാരം). Heavy, serious; tall.

ഭാരികം S.=ഘനത്തിരിക്ക Asht. f. i. the heart, a limb in sickness.

ഭാൎഗ്ഗവൻ S. derived from ഭൃഗു, 1. as Paraśurāma (ഭാൎഗ്ഗവരാമൻ AR.)—ഭാൎഗ്ഗവപുരാണം=പരശുരാമായണം KM. 2. a name of ശുക്രൻ, regent of Venus ഭാ. മീനത്തിലും—നില്ക്കുമ്പോൾ AR.

ഭാൎയ്യം bhāryam S. (ഭർ). To be supported.

ഭാൎയ്യ S. the wife ഭാ. യായി പിന്നാലേ SiPu. followed the other as a wife. ഭാൎയ്യാപതികൾ husband & wife.—ഭാൎയ്യാവാൻ=ഭാൎയ്യയുള്ളവൻ.

ഭാലം bhālam S. The forehead, gen. ഫാലം.

ഭാവം bhāvam S. (ഭൂ, ഭവ). 1. Coming into existence രണ്ടാം ഭാവേ, മൂന്നാം ഭാ. SiPu.=ജന്മം.

2. state, disposition പുംഭാ. പെൺഭാവമോടേ വസിച്ചു SiPu. മത്ഭാവം പ്രാപിച്ചീടാം AR. = തത്പാദഭക്തി 426.—പ്ര ഭാ. the influences of the 12 zodiacal signs, counting the ജനിച്ച രാശി for the first (astrol.); also likeness സിംഹഭാ'ത്തെ ചമെച്ചാൻ VetC. (out of the bones of a lion). 3. state of mind, emotion & its expression എനിക്കവനോടു പിതൃപുത്രഭാ. ഒരിക്കലും ഇല്ല KR. I do not feel like a father. കോപിച്ച ഭാ. നിരൂപിച്ചാൽ ഭാവിച്ചതല്ല എന്നു തോന്നുന്നു Mud. his passionate manner looks not like feint. അവസ്ഥ എല്ലാമേ പറഞ്ഞു ഭാ. കൊണ്ടു Bhr. എങ്കലുള്ളൊരു ഭാ. എങ്ങനേ അവൾക്കു KR. ദീനഭാ'ങ്ങളെ ഭാവിച്ചത് എന്തു Nal. why nourish base sentiments. Often with എന്നു as ഞാൻ എന്ന ഭാ.: താരിൽമാതല്ലയോ ഞാൻ എന്ന ഭാ. Sah. ഭാവം പകരുക of changes in the countenance etc. 4. liking, love, intention. നമുക്കിനി ഭക്ഷണഭാ. ഇല്ല PT. no appetite. പോവാൻ ഭാ. എന്നു കേട്ടു TR. എനിക്ക് ഒട്ടു യാത്രയും ഭാ. ഇല്ല Nal.; ഭാ. നാരീജനേ Bhr. (Loc.)

ഭാവക്ഷയം (3) visible disappointment ഭാ. പൂണ്ടു ചിന്തിച്ചു Nal.; ഭാ'ങ്ങൾ കേട്ടു CrArj. confession of helplessness. [Nal.

ഭാവബന്ധനം (4) love അന്യനിൽ ഭാ. ഭവിക്ക

ഭാവം മനസ്സ് = മനോഭാവം f. i. അവരേ ഭാ. എങ്ങനേ TR. intention.

ഭാവവികാരം change of countenance.

ഭാവശുദ്ധി integrity of character.

ഭാവാനുബന്ധം (4) being inclined towards an object അവളുടെ ഭാ. ധരിക്കയാൽ Nal. ഭാ. വന്നു പോയി I am once bent on it. സിന്ധുരാജങ്കലോ ബന്ധിച്ചു നിൻ ഭാ'ന്ധനം Nal.

ഭാവാന്തരം conversion (christ.).

**ഭാവന** bhāvana S. (caus. of ഭൂ). 1. Effecting; power of representing to oneself, imagination. ഭാ. തന്നാലേ പൂജ്ജി CG. not bodily, ഭാ. യാലേ വന്ദിച്ചു Bhr. inwardly. In Vēdānta ബ്രഹ്മഭാ. is the realization of the All One, അസംഭാ. its first enemy, the fancy of the difference of things, സംശയഭാ. want of implicit reliance on the Guru, വിപരീതഭാ. the thought of body, I, world, as if they were realities, etc. KeiN. ഭാ. കൊണ്ടു തന്നേ സൎവ്വവും ഉണ്ടാകുന്നു Bhg. 2. reflection, meditation മാമുനിമാർ മൌലിയിൽ ചേൎക്കുന്ന ഭാ. യാലേ ഇരു പാദപരാഗം, കേവലയായൊരു ഭാ. തന്നിലേ മേവി നിന്നു CG. confined himself to one meditation.

ഭാവി S. (ഭൂ) 1. future; fut. tense (gram.).—ഭാ. വാക്യം prediction. 2. (ഭാവം) holding & expressing a sentiment പ്രിയഭാവിയായിരിക്ക VCh. — ഭാവിനി S. a fine woman.

denV. ഭാവിക്ക 1. to represent, exhibit, show കേട്ടില്ല എന്നു ഭാവിച്ചു Bhr.; കേട്ടതു ഭാവിയാതേ PT.; ശോകരോഷാദികളെ ഭാവിച്ചു Mud. (felt or feigned). കെട്ടി ഞാന്നു ചാവതിന്നായി ഭാ. Mud. act as if you hanged yourself!; so neg. കാണാതേ ഭാ. to feign to believe yourself unseen.—കലശല്ക്കു ഭാ. MR. to show fight. രാജാവു ചിരിക്കുന്നതു പോലേ ഭാവിച്ചു കൊള്ളും though he appear to smile. 2. to assume (= അഹംഭാവം?). അന്യോന്യവാഞ്ഛിതം കൊണ്ടു ഭാ'ച്ചു ഘോഷിച്ചു Nal. claimed each the preference for his choice. 3. to intend നാളെ സ്വയംവരം ഭാവിച്ചിരിക്കുന്നു Nal. സേവയും ഭാവിച്ചു Bhr. (a dog seeking a master). Chiefly Dat. ഊണിന്നു ഭാവിച്ചു KR. (= ഉണ്മാൻ). ഭക്ഷണത്തിന്നു ഭാവിക്കുമ്പോൾ TR. പടെക്കു Bhr. സന്ധിക്കു ഭാവിക്കിൽ ChVr. resolve & prepare for. ഭാ. വേണ്ട അതിന്നിനി Sah. don't hope for it.

ഭാവിതം part. pass. of prec. (also: got, mixed). ഇതിപ്പോൾ വന്നതും എനിക്കു ഭാ. KR. hoped for.

CV. ഭാവിപ്പിക്ക f. i. അവൎക്കു സങ്കടം മനതാരിൽ ഭാവിപ്പിച്ചീടും Nal. I should grieve them (al. സംഭവിപ്പി—).

ഭാവുകം S. happy = ശുഭം, സുഖം.

**ഭാഷ** bhāša S. (L. fari). 1. Speech, language. 2. country dialect (opp. Sanscr.). ഭാ. യാക്കി, ഭാ. യായി പറഞ്ഞതു expressed in Mal. സ്വീരം കരി എന്ന ഭാ. ചൊല്ലുന്നതേ Bhg. വൈദികവിധി ഉണ്ടോ ഭാ. യിൽ ചൊല്ലീടാവു KR. ഭാഷാ

കേരളോല്പത്തി a K.U. in Mal. ഭാ. എന്നോത്തു നിന്ദ്യഭാവത്തെ തേടീടൊല്ലാ Chintar. common language. 3. M., പാഴ V1. (S.=definition) pattern, shape, rule ഒരു ഭാഷയിലത്രേ രൂപം Anj. (=ഒരു വക). ഭാ. ഇല്ലാത്തവൾ rather ugly. ഭാ. യാക to be settled, cleared up. ഒന്നും ഭാ. യാകയില്ല, കാൎയ്യത്തിന്നു ഭാ. യാസ്സുരവാൻ TR. to be mended. ശഡ്യപിൻ്റെ പണം ഭാ. യാക്കി അയക്കാം TR. I will arrange. കാൎയ്യത്തിൻ്റെ ഭാ. വരികയില്ല no improvement (=വെടിപ്പു). ഭാ. വരുത്തുക to reform, ഉഴുതു വെട്ടിത്തിരുത്തി നിലത്തിൻ്റെ ഭാ. വരുത്തി VyM.; ഭാ. കപ്പിക്ക V2. to ape.

ഭാഷക്കേടു want of form or order.

ഭാഷക്കാരൻ B. an interpreter.

ഭാഷണം S. talk മധുരഭാ. Mud. — അതുകൊണ്ടു ഭാ'മായി മററുള്ളപക്കല്ലാം Bhr. scoffed.

ഭാഷാഭേദം dialectical difference, provincial synonym, etc.

denV. ഭാഷിക്ക to talk, esp. lightly പൈതങ്ങൾ തങ്ങളിൽ ഭാ'ച്ചു നിന്നു CG. എലിയെ പാണിഗ്രഹണം ചെയ്യാൽ ജനം ഭാ'ക്കംPT. will joke, mock. ഭാ'ച്ചു പറഞ്ഞു abused. — പാഴിക്ക V1. to jest.

part. pass. ഭാഷിതം uttered, speech കല്യാണഭാ. Bhg. നിന്നുടെ ഭാ. Nal.

ഭാഷി 1. speaking മധുരഭാ. Bhg. 2. talkative V1.

ഭാഷിണി f. in Cpds. അല്പഭാഷിണിമാർ AR.

ഭാഷ്യം S. a commentary, explanation. ഭാഷ്യവാൎത്തികങ്ങളും ഭേ.ദ്ധ്യായി SiPu. glossaries etc.

**ഭാസ്, ഭാസ്സ** S. bhās (G. phōs). Light ഹാസഭാസ്സും CC. [ത്തു Bhr.

ഭാസം S. a kite or other bird കൃത്രിമഭാ. തി

ഭാസനം S. shining മമ ഏളി ഭാ. ചെയ്യീടേണം SiPu. — so ഭാസമാനൻ UR.

ഭാസുരം S. bright, resplendent അതിഭാ'മായ ആഭരണം Mud. ഭാ'രാംഗി VetC.

ഭാസ്കരൻ S. producing light, the sun പാക്കെരായ നമഃ RC. ഭാസ്കരൻ രവിചമ്മാവു (doc. പാറകരൻ) N.pr. the king who granted Anjuvaṇṇam to the Jews.

ഭാസ്കരാചാൎയ്യർ the astronomer, author of സിദ്ധാന്തശിരോമണി, born A. D. 1114.

ഭാസ്കരസുതൻ VilvP. Yama.

ഭാസ്വാൻ S. shining; the sun, AR.

**ഭിക്ഷ** bhikša S. (desid. of ഭജ്). 1. Begging ഭിക്ഷെക്ക പോക; ശത്രുവിൻ്റെ ഭവനത്തിൽ ഭിക്ഷെക്ക ചെല്ലും VyM. (a curse). 2. alms ഭി. ഇരന്നല്ലോ ഭക്ഷണം Anj. ഭി. കൊള്ളുന്ന ജനം VCh. ഭി. തേടുക to collect alms before a temple, paying tithes of them. ഭി. ഏററു നടക്ക Anach. so ചോദിക്ക, എടുക്ക, കഴിക്ക; ഭി. കിട്ടിയതെല്ലാം ഭുജിക്ക Bhg. [V1.

ഭിക്ഷക്കാരൻ a beggar, also ഭിക്ഷവാണിയൻ

ഭിക്ഷാപത്രം, ഭിക്ഷക്കത്തു (mod.) a begging-letter.

ഭിക്ഷാടനം S. going about begging ഭി'ത്തിന്നായാചാൎയ്യനും വരും Sah. (loc. a begging tour). പന്തിരാണ്ടു ഭി. ചെയ്തു KN.

ഭിക്ഷാദാനം S. charity V1.

ഭിക്ഷാന്നം S. food received in charity ഭി. നല്ലൊരന്നം ഉണ്ടു GnP.

ഭിക്ഷാൎത്ഥി Bhg. ഭിക്ഷാശി, ഭിക്ഷു, ഭിക്ഷുകൻ S. a beggar.

**ഭിണ്ണൻ** bhiṇṇaǹ (aC. biṇ stout, Tu. buṇa pole). Stout, heavy അമ്പണ്ടു ഭിണ്ണനും കൊണ്ടൊരുനേരം RS. the blockhead (Rāvaṇa).

ഭിണ്ണാകാരം gross (fr. പിണ്ഡം).

**ഭിണ്ഡിപാലം** bhiṇḍibālam S. (& ഭിന്ദി—). A short arrow shot thro' a tube=പിന്നെററുതടി RC.; ഭി'ങ്ങൾ ഈട്ടികൾ SitVij. മുദ്ഗരഭി'ലതോമരപാശങ്ങളും DM. etc.

**ഭിത്തി** bhitti S. (ഭിദ് L. findo, bite). 1.=ഭേദനം. 2. a wall of earth or masonry, partition-wall കല്ലുകൊണ്ടു ഭി. MR. ചിത്തരഭിത്തിമേൽ RC. a painted wall. ചിത്രങ്ങൾകൊണ്ടു വിളങ്ങി നിന്നീടുന്ന ഭി. കൾ, നീലക്കൽകൊണ്ടു പടുത്തു ചമെച്ചിട്ടജ്ഞാലക്കമായൊരു ഭി. CG. ഭി. ക്കു താഴെ Mud. ആനകൾ ഭി. കുത്തിത്തകൎത്തു Nal. ബ്രഹ്മാണ്ഡഭി. ഭിന്നമായ്പ്പന്നിതോ Sk. (of a great noise), the firmament അണ്ഡഭി. യിൽ തട്ടി Sk.

ഭിന്നം S. (part. pass. of ഭിദ്). 1. burst, split

ഭിന്നമായി Bhr. (an egg). ഭി'മായൊരു ഏദ യോദരാന്തരേ DM. cleft, wounded. — ഭിന്ന മാക്ക to tear, scatter (often with ഛിന്നം) to wound, Sk. 2. different, diverse. 3. defeat ഭിന്നം വന്നിട്ടും തവ Sk. 4. Tdbh. (C. ബിന്നഹം=വിജ്ഞാപനം) a petition TR.

ഭിന്നത S. division, sect; schism.

ഭിന്നമതികൾ (mod.) dissenters (Eccl.).

ഭിന്നഹീനം Bhg. freed from dualism.

denV. ഭിന്നിക്ക 1. to split, be scattered. 2. v. a. to rend ഭൂമിയെ കാൽകൊണ്ടു ഭി'ച്ചു KR.; also to cause difference V1.

VN. ഭിന്നിപ്പു discord V1.

CV. ഭിന്നിപ്പിക്ക V1. to cause discord.

ഭിന്നോദരൻ (mod.) a step-brother, ഭിന്നോദരി a step-sister (having different *mothers*).

**ഭിഷൿ bhišak** S. (bhišaǰ S. to heal). A physician ഭിഷക്കിനെ Mud. വിഷഭി. Bhr. ഭിഷക്ക കൾ Nid.

**ഭീ bhī** S. Fear (=ഭയം).

ഭീകരം S. terrific ഭീ'മായ കായം, അതിഭീ'മാ യുതം VCh.

ഭീതൻ S. (part. pass.) afraid ഭീതരായി നില്ലാ തേ CG. ഭീതനാം ക്ഷൌരകൻ PT. അസത്യ ഭീതനായി KR. fearing to break his promise.

ഭീതി S. fear കൊണ്ടുകൈക്ക ഭീതി (opp. ആശ) prov. പ്രസാദം ലഭിപ്പാൻ ഭീ., വെന്തു പോം എന്നോത്തൊരു ഭീ., ദോഷം ചെയ്കയിൽ ഭീ. Bhr. ഭീ. ജ്വരം പിടിപ്പെട്ടു വിറെച്ചു PT. ഭീതിമലോകം PP. hell.

ഭീമം S. awful അടവി ഭീമമായിരിക്കുന്നു KR. ഭീമൻ N. pr., also ഭീമസേനൻ Bhr. the 2nd Pāṇḍu prince.

ഭീരു S. timid ഭീരുഭീരുവായുള്ള പേടമാൻമിഴി KR. my most timid wife. ഭീഷണിവാക്ക കൊണ്ടു ഭീരുക്കൾ ഭയപ്പെട്ടും PT. cowards. വീരരിൽ ഭീരുവെ അകറേറണം VCh.

ഭീരുത, — ത്വം cowardice.

**ഭീരങ്കി**, see ബീ — (T. പീ —). A great gun.

**ഭീഷണം bhīšaṇam** S. (caus. of ഭീ). Frightening മഹാവനം ഭീ. ഭയങ്കരം Nal. ദണ്ഡിയെ ക്കാൾ അതിഭീ'മായി CG. — അധികഭീഷണനായ കാശ്മീരനാഥൻ Mud. awful. ഭീ'മായുള്ള വാക്ക കൾ Mud. threats.

ഭീഷണി 1. a form of Kāḷi. 2. frightening ഭീ. കാട്ടുക, ഭീ. പ്രകാരത്തെ ചെയ്തു Nal. to terrify; esp. of threats ഭീരുവാം നിന്നുടെ ഭീ. കേട്ടപ്പോൾ SG. നിന്നുടെ ഭീ. നമ്മോടു കൂടുമോ KR. thy menaces will not affect me.

ഭീഷ്മം = ഭീമം S. — ഭീഷ്മർ N. pr. son of Santanu.

**ഭുക്തം bhuktam** S. (part. pass. of ഭുജ് I.). Eaten, enjoyed. ഭു. അവൎക്കു കൊടുപ്പതിന്നു Pat R. a meal.

ഭുക്തശേഷം S. orts.

ഭുക്തി S. 1. eating, a meal ഭു. ക്കു വ്യഞ്ജനം Sah. (necessary). 2. fruition, possession = ഭോ ഗം, അനുഭവം f. i. ഭുക്തിക്കാർ VyM. = അനു ഭോഗികൾ. — ഭക്തരെ രക്ഷിച്ചു ഭു. മുക്തികൾ ചേൎക്ക Bhr. (= സ്വൎഗ്ഗം).

ഭുക്തിശാലാന്തരേ ചെന്നു (2) Mud. entered the dining-hall.

**ഭുഗ്നം bhugnam** S. (part. pass. of ഭുജ് II., Ge. biegen). Bowed, bent, curved.

ഭുജ S. the arm; the side of a geometrical figure (opp. ഭൂമി the base, & മുഖം). ഭുജകൾ രണ്ടും തങ്ങളിൽ കൂടുന്ന കോൺ, ഭുജയുടെ തെക്കേ പാൎശ്വം, ഭുജാകോടികളുടെ വൎഗ്ഗ യോഗം Gan.

ഭുജം S. the arm (curve); ഭുജബലം AR. = കൈ യൂക്ക.

ഭുജഗം, ഭുജംഗമം S. a snake (ഭുജംഗി f. PT.).

ഭുജപത്രം, see ഭൂൎജ്ജം, a birch.

ഭുജഭവകലം S. Kšatriyas AR.

ഭുജാന്തരം S. the breast, chest Bhg.

**ഭുജിക്ക bhujikka** S. (see ഭുക്തം). 1. To enjoy ദിവ്യഭോഗങ്ങൾ നന്നായി ഭുജിച്ചു സുഖിച്ചാലും KR.; ഇപ്പണ്ണും ഉണ്ടായ സന്തോഷം എന്നോടു കൂട ഭു. VilvP. രാമൻ രാജ്യം ഭു'ക്കും വനപ്ര ദേശത്തെ ഞാൻ ഭു'ക്കും KR. നരകം ഭു. Bhg. 2. to eat.

CV. ഭുജിപ്പിക്ക to make to enjoy or eat മാജ്ജാ രനെകൊണ്ടു ഭു. Bhg. വിപ്രരെ മുഷ്ടമായി ഭു'ച്ചു SiPu. വരുന്നവൎക്കളെ മുഷ്ടമായി ഭു'ച്ചീ ടേണം KR. നിന്നെ ഭു'ച്ചീടാം Sil. I can help you to a meal.

ഭുജിഷ്യൻ S. (useful), a servant.

ഭുവനം bhuvanam S. (ഭൂ). The world ഭുവനത്രയം & ഒരംരേഴു ഭു'ങ്ങൾ KR.

ഭുവനി T. M. the earth പൃവനിക്കം എല്ലാം RC. ആതുള്ള ഭു. യിൽ KR. ഭു. സ്ഥലം തന്നിൽ PatR. [മഹി.

?ഭുവനത kingdom? ഭു. മുടിച്ചും ChVr. [al. ഭുവ

ഭുവനേശ്വരൻ Lord of the universe ഭു. വിഷ്ണു AR.

ഭുവർലോകം (S. bhuvas, 2nd world, sky). The space between the earth & the sun.

ഭുവി bhuvi S. 1. Loc. of ഭൂ. On earth, Bhg. 2. T. C. M. the earth അടൽപ്പുവിതന്നിൽ, അമ്പരവും പൃവിയും നടുങ്ങും RC. ഭുവിയിൽ ഇറങ്ങിനാൻ PatR.

ഭൂ S. (to be ഭവിക്ക) the earth, ഭൂവാദി അഞ്ചും Anj. the elements. ഭൂവിങ്കൽ Bhr.

ഭൂകമ്പം S. an earthquake ഭൂമികുലുക്കം.

ഭൂഗോളം, — ചക്രം, — മണ്ഡലം S. the terrestrial globe.

ഭൂതലം AR., — ലോകം S. the earth.

ഭൂദാനം S. grant of land; burying.

ഭൂദേവൻ, — സുരൻ S. a Brahman; f. ഭൂദേവി Tellus.

ഭൂധരം S. a mountain.

ഭൂപതി, — പൻ, — പാലൻ S. a king, so ഭൂഭൃത്തുകൾ Mud.

ഭൂഭാരം S. 1. the burden earth has to bear പാതിയും പോയിതു ഭൂ. ഇന്നു AR. thro' the death of an enemy. 2. B. kingly government.

ഭൂവാസികൾ V1. inhabitants of the earth, men; = അമ്പലവാസി (loc.).

ഭൂതം bhūδam S. (part. pass. of ഭൂ). 1. Been, become in many Cpds. ഭൂഭാരഭൂതരായ (രാജാക്കൾ) Sah. സൎവ്വലോകാധാരഭൂതയാം ദേവി DM. കാരണഭൂതൻ Bhg. ഭസ്മീഭൂതൻ KR. 2. past ഭൂതകാലം past tense (gram.) 3. an element പഞ്ചഭൂ. vu.; ഭൂതങ്ങൾ നാലേ ഉള്ളു എന്നാക്കി UR. (by inundation). 4. a being, ghost, pl. ഭൂതാക്കൾ Bhg. chiefly malignant, also guardian spirit പൊന്നു കാക്കുന്ന ഭൂ. പോലേ prov. 5. dress of a demon നാണംകെട്ടവനേ ഭൂ. കെട്ടും (കെട്ടിക്കൂട്ടു) prov. = കോലം.

ഭൂതക്കണ്ണാടി (3) mod. a microscope.

ഭൂതക്കാൽ V1. a swelled foot (4).

ഭൂതഗ്രസ്തൻ a demoniac = ഉറഞ്ഞവൻ — [ഭൂതഗ്രാഹി (mod.) an exorcist].

ഭൂതത്താൻ (4) a demon, hon. (കരിഭൂ — ).

ഭൂതനാഥൻ Siva, as worshipped on the Pāṇḍi frontier in ഭൂതപാണ്ഡ്യം KM.

ഭൂതപ്രയോഗം (4) conjuration.

ഭൂതപ്രേതപിശാചുക്കൾ ഒഴിയും Tantr.

ഭൂതബലി MC. ( — യിൽ തൂകുന്ന അന്നം) & ഭൂതയജ്ഞം V1. sacrifice to demons.

ഭൂതസഞ്ചാരം & ഭൂതാവേശം possession by a demon; ഭൂതാവിഷ്ടൻ, ഭൂതഗ്രസ്തൻ possessed.

ഭൂതസ്ഥാനം a demon temple ചാലിയരേ ഭൂ. jud. = കാവു.

ഭൂതി S. 1. being; riches, prosperity ശക്രമന്ദിരത്തിൻഭൂതി Nal. തന്നുടേ ഭൂ. ഉണ്ടായതിൻ കാരണം CG. ഭൂതിയോയുള്ള ഭൂമി CG. ഭൂതിസംവൎദ്ധനം SiPu. creating wealth. 2. ashes, ഭൂ. യായിക്കിടക്ക Brhmd. burnt. 3. M. appetite, longing (V1. പൃതി sense, care) തന്റെ ഇഷ്ടത്തിന്നു ഭൂതിക്കം ഒക്കേണ്ടേ vu. പഞ്ചഭൂതി Anj. (മൺ — പെൺ—പൊൻ— തിന്മൂതി etc. see പൃതി).

ഭൂതേശൻ S. = ഭൂതനാഥൻ.

ഭൂദാനം, ഭൂപൻ etc., see ഭൂ.

ഭൂമി bhūmi S. = ഭൂ 1. The earth. 2. land, estate രണ്ടു മൂന്നു ഭൂമികൾ ഇരിക്കുന്നു ഇതു പൊതിപ്പാട് എന്നു നിശ്ചയം ഇല്ല jud. കററിക്കു പൃറമുള്ള ഭൂമി അളന്നു TR. (of പറമ്പു); നമ്മുടെ കല്പനെക്കകപ്പെട്ട ഭൂമി TR. my principality. 3. a place. 4. the base, as of a triangle ഭൂമിക്കു വിപരീതമായിട്ടു ഭൂമിയോളം ഒരു സൂത്രം Gan. (= ലംബം).

ഭൂമികുലുക്കി "shaking the earth." 1. a big gun KU. 2. a bird Copsychus saularis. D.

ഭൂമിജൻ S. the planet Mars, ചൊവ്വ.

ഭൂമിപൻ S. a king CG. = ഭൂപൻ.

ഭൂമിപടം (mod.) a map.

ഭൂയഃ bhūyas S. (Compar. of ബഹു?). 1. More, ദേവസേവാക്രമം ഭൂയോപി കേൾക്കേണം SiPu. yet more. 2. again ഭൂയോപി ഭൂയോപി VetC.=

പിന്നേയും. — ഭൂയാൻ m. larger; ഭൂയിഷ്ഠം S. Superl. most.

ഭൂരി S. (fr. ബഹു?) much, many ഭൂരികളായ സൂരികൾ Anj.; ഭൂരികാരുണ്യവാൻ AR. ഭൂരിലക്ഷ്മീകരം SiPu. ഭൂരിയായിട്ടും സ്വല്പമായിട്ടും Bhg.

**ഭൂരുഹം bhūruham** S. (ഭൂ). A tree, VetC.

**ഭൂൎജ്ജം bhūrjam & bhūrjapatram** S. A birch-tree, the bark of which was used for writing, & for winding round the Hooka-snake (vu. ഭൂജപത്രം).

**ഭൂഷണം bhūšaṇam** S. Decorating; ornament മരുന്നുപെട്ടി വന്നതുകൊണ്ടു വളരേ ഭൂ. ഉണ്ടായി TR. helped to perfect the feast. നമ്മുടെ മാനമൎയ്യാദ പോലേ നടത്തി തരുന്നതല്ലോ കമ്പഞ്ഞിക്കു ഭൂ. TR.; ആയുസ്സ് ഒക്കയും അങ്ങേക്കു ഭൂ. എന്നുവെച്ചാൽ എനിക്കും ഭൂ. തന്നേ (epist.). ഭൂഷണം പറഞ്ഞാൽ അതും ഒരു ഭൂ. Bhg.

ഭൂഷ S. id. ഭൂഷാദികല്പനം Nal. inventing ornaments.

ഭൂഷിതം S. (part. pass.) adorned, decorated.

**ഭൃഗു Bhṛgu** S. N. pr. The grandfather of Jamadagni, a Rishi.

ഭൃഗുനന്ദനൻ = ഭാൎഗ്ഗവൻ KM.

**ഭൃംഗം bhṛṅgam** S. (ഭ്രമ്). A large bee = വണ്ടു f.i. ഭൃ'ങ്ങൾ ഉല്പലത്തിൽ ചാടുമ്പോലേ (good omen), പാടിത്തുടങ്ങിനാർ ചിത്തം തെളിഞ്ഞു ഭൃ'ങ്ങൾ CG. — In compar. നിൻ അപാംഗമാം ഭൃംഗമണ്ഡലി Nal.

ഭൃംഗാരം S. a golden vase കാഞ്ചന ഭൃ'ത്തിൽ തണ്ണീനീർ എടുത്തു KR.; also ഭൃംഗാരകം Bhg.

ഭൃംഗാരാമം S. a garden for bees; met. വിമലൻ ഭൃ'മൻ AR. Rāma who is like a garden for truth-seeking bees.

**മേനി** **mēni** T. M. (Te. menu = മെയി, മേൽ). 1. The body, shape മേനിയിൽകൊണ്ടു CC. touched. മേ. ചോര കണ്ടു VilvP. surface. മേളിനിക്ക മേനിയിൽ നോവു കറഞ്ഞുതായി CG. തിരുമേനി the king. മണൽകൊണ്ടു ചമെച്ചു ദേവി തൻ മേനിയെ CG. an idol, likeness. 2. (മേൻ) beauty, excellence. മേ. തങ്കിന വെള്ളെകിറു RC. a fine tusk. നല്ല മേ. ഉള്ള ശില V1. മേ. പറക So. to flatter, boast. മേ. വരുത്തുക to polish. 3. a sample, sort, measure അടിച്ച മേ. So. new-coined money. കരമേ. കൃഷി higher sort of rice-fields. ഇപ്പണത്തിന്നു നൂററിന്നു ൯ മേ. പലിശ കണ്ടു doc. at the rate of. മൂന്നാംതരം നിലങ്ങൾ ൧൦ മേ. വിളയും (1st class ൨൦ മേ.) yield 10 fold. മൂന്നു മേ. നിലം returning 3 or 4 fold. TR. പത്തു മേ. ഉള്ള കച്ച V1. cloth worth 10 fanam. ആറു മേ. കണ്ടിരിക്കുന്നു അളത്തത്തിന്നു ന്യൂനതേ ഉള്ള 60 Iḍangaḷis only. 4. the average article മേ. തെങ്ങു ഒന്നിന്നു തേങ്ങ ൫൦ കാണും, കമുങ്ങു മേ. ഒന്നു അടക്ക ൫൦൦ കാണും, മേ. കണ്ടം വിള ൧൦൦ വിത്തിന്നു നെല്ലു ൧൦൦൦ TR. 5. rank, honor അവൎക്ക് ഓരോ സ്ഥാനവും മേ. യും കല്പിച്ചു കൊടുത്തു KU. നമുക്കുള്ള സ്ഥാനവും മേ. യും മൎയ്യാദകളും TR. (says a king). തവ ഹാനി വരും മേ. വരും Ch Vr. — മേ. അറിയുന്നവൻ V1. courteous.

മേനിക്കാരൻ (5) honorable. തന്റെ പുതക്കാർ മേ'ർ TP. friends of the same age; ostentatious.

മേനികെട്ട dishonored.

മേനികേടുവരുത്തുക to dishonor; മേനിക്ഷയം പോക്കുക V2. to take revenge.

മേനിപ്പുഴക്കായി (3) a good sort of plantain.

മേനിപ്പുഴയരി (2) good rice.

മേനിപ്പാട്ടം (4) rent of land calculated on the average produce of different crops W.

മേനിപ്പൊരുതി (5) prosperity B.

മേനിവിളച്ചൽ (2) the best crop of any parcel of land W.

**മേൻ** **mēn** T. aM. (C. mēnu = മേൽ). What is above, superiority, excellence.

മേനവൻ a superior, title of Sūdra writers നാലു മേ'ന്മാർ TR. = എഴുത്തുകാർ, gen. മേനോൻ (മേനക്കടം(ങ്ങൾ) Palg. as called by lower castes); a minister, agent appointed by a Rāja with the gift of a style or palm-leaves; title of barons KU. — അംശമേനോൻ etc. (mod.).

മേങ്കൈ authority.

മേങ്കൊങ്ക a fine breast പുണർ മേ. RC.

മേക്കാൎയ്യ the highest power മേ. സ്ഥാനം.

മേഞ്ചാതി V1. (ജാതി) 1. excess. 2. fine words. മേ. കാട്ടുക to flatter.

മേഞ്ചൊല്ലാൾ speaking nicely f. മറുമേ. RC.

മേഞ്ചൊന്ന Bhg. = മേൽ ചൊല്ലിയ.

മേന്തടി upper timber B.

മേന്തോന്നി, (T. വേ—) = മേത്തോന്നി q. v.

മേനാൾ RC. = മേൽനാൾ.

മേന്നകയാൾ splendidly decorated f. Sīta, pl. മേന്നകമാർ; also മേന്നകത്തയ്യൽ RC.

മേന്നടയാൾ walking nobly f. RC.

മേന്നോക്കി a superintendent, accountant, minister of Porḷātiri; also മേനോക്കിമാർ KU. title of barons മതിലഞ്ചേരി മേ. TR. (in Kōṭayaγattu), മേനോക്കു കൊടുത്തു KU. his office.

മേമ്പെടുക V1. 1. to fall upon something. 2. to suffer bodily pain.

മേമ്പൊടി V1. = മേൽപൊടി.

മേന്മ excellence, superiority. ആകായ്കയും മേ. യും ഇല്ലതിനാൽ KeiN. neither better nor worse for it. ദേവി തൻ മേ. യെ ചൊല്ലിക്കൂടാ CG. മേ. യിൽ, — യോടേ well. മേ. വെടി V1. a royal salute.

മേമ്മീശ B. mustaches.

മേന്മേൽ more & more മേ. വൎദ്ധിച്ചുവരും, മേ. പ്രസാദിച്ചിതു Bhg. മേ'ലേ CG.

മേന്മൊഴിയാൾ RC. = മേഞ്ചൊല്ലാൾ.

മേപ്പടി = മേൽപടി.

മേപ്പത്തൂർനാരായണഭട്ടതിരി N. pr. A sage.

**മേപ്പാവു mēppāvu** (മേൽ). A loft, ceiling ച ന്ദനംകൊണ്ടു മേ. വിട്ടു TP.; a high building കൊതിക്കെന്റെ മേപ്പയിൽതട്ടി TP.; തച്ചോളി മേപ്പയിലും പോരുന്നു (പുത്തൂപ്പണത്തംശം മേപ്പയിൽ ദേശം) TP.

**മേപ്പുലം** So. (മേയി). A pasture.

**മേയം mēyam** S. (മാ). To be measured. Bhg.

**മേയ്യ mēyγa** 5. (മെയി surface). 1. v. n. To graze, browse ആടു മേഞ്ഞ കാടു prov. ഭൂതലത്തിൽ മേയട്ടേ കന്നുകൾ CG. പോക്കററ വമ്പുലി പുല്ലു മേയും CG. കോഴി ഒന്നിച്ചു മേയുമ്പോൾ TR. 2. T. M. (T. C. also vēy, Tu. C. bē) v. a. to thatch a house ഓല കെട്ടി പുല്ലു മേഞ്ഞു jud. with grass; to tile ഓടു മേ., പുര മേ. (= പുതെക്ക).

VN. മേച്ചൽ (മേഞ്ഞൽ) see above. (858.)

v. a. **മേയ്ക്ക** To cause animals to graze or eat, to feed, tend അശ്വങ്ങളെ മേപ്പതിനായി, പശുവൃന്ദത്തെ മേച്ചു Bhr.

CV. മേയ്പിക്ക 1. to cause another to feed cattle. 2. & പുര മേയിക്ക to get thatched.

മേയ്ക്കൂലി the hire of a shepherd or for tiling.

മേയ്പുകാരൻ B. a grazier, shepherd.

മേയാപ്പുര a temporary roof as for the monsoon അറുത്തുകെട്ടു കയററാതേ മേ. വെച്ചു കെട്ടുകേ ഉള്ളു TR. (also പെയ്യാപ്പുര opp. പന്തൽ).

**മേയ്യ mēyya** No. (= മേഷ). A flaw in a log of sawn or worked timber arising from its not having been properly squared.

**മേറ mēra** T. Te. C. Limit; loc. = മേനി rate അരപ്പണം മേരെക്കു നികിതി ഇട്ടിരിക്കുന്നു TR. at ½ fan. for each.

**മേരു mēru** S. (മീ, മേൽ). The fabulous mountain of the North മേരുവും കടുകുമുള്ള അന്തരം ഉണ്ടു നമ്മിൽ Bhr. വന്മേ. കുന്നു താൻ എന്ന പോലേ CG. അഴകെഴും മേരുർക്കുന്നു RC. മഹാമേരു സമാനധീരർ TR. (in complimentary address).

മേരുപ്പു (മേരു T. sandiver, glass-gall). So. a med. salt ഏററം ലഘുവായുള്ള മേ. GP 73.

**മേക്കു mērkku** T. So. = മേല്പു Westwards ഗ്രഹതെക്ക മേക്കും കിളന്നിട്ടു KR.

**മേല mēla** So. Cannot (either V. neg. of മേൽ 3. = ഒല്ലാ, or corruption of വേല 3. "it is difficult" = അരുതു). ഉരിയാട്ടുവാനും മേലാ, ഓട്ടുവാൻ മേലാഞ്ഞു, നടപ്പാൻ മേലാതായി PT. മേലായ്മ weakness.

**മേൽ mēl** VN. of മീ (C. മ്യേൽ = മിയ്യൽ). 1. What is above, surface, body = മെയി, as മേലും കൈയും നൊന്തിട്ടു നടന്നുട No. vu. രാവണൻ തന്നുടെ മേലുകൾ ഒക്കയും കീറിപ്പിളന്നു KR. മേൽ ഇട്ടുവസ്ത്രം the cloth you wear. മേല്പു തേക്ക MM. (opp. മേലിലും തലയിലും a. med.). സൂതന്റെ മേൽ തട്ടി VilvP. കൊട്ടുത്ത് കൊണ്ടുമേൽ doc. person (= മെയി 2). ചിന്നമ്പു മേൽ അനങ്ങുന്നതിന്നു ചാകുമ്പോലേ കളിക്കും some bodily exertion; also = മെയ്യൂർ q. v. 2. adv. above, upon, on കതിരമേലേറി Bhg. — Loc. termination, often shortened കോലാമൽ MR. വകയിന്മന്നു നികിതി എട്ടുക്ക, കണ്ടത്തിന്മന്നു പത്തിന്ന് ഒന്നര നെല്ലു TR. മെത്തമന്നെഴനില്ല vu., മലമ്മന്നു TP. (= മേൽനിന്നു). എന്റെ മേ. പറഞ്ഞു charged me. ഇവരെ മേ. അന്യായം jud. against. അവന്റെ മേലാക്കി transferred property to; more, = പുറം as മുന്നൂററിന്മേൽ മുപ്പത്തു Bhr.; also above mentioned രസം മേൽച്ചാററിൽ അരെച്ചു a. med. in the same decoction. 3. superiority, excellence (Te. Tu. C. good) മേലും കീഴും കണ്ടു TR. allowing for good & bad years, taking an average. മേത്തരം etc. 4. futurity, afterwards മേലിൽ, — ലാൽ, ഇനിമേൽ henceforth. മേൽ വരുവാൻ ഇരിക്കുന്നതു Vi. 5. T. M. West വടമേൽമൂല, വടമേപ്പുറം NW., തെന്മേപ്പുറം SW.

മേലടി So. rent paid in kind; giving charge of cattle. [രി etc.

മേലധികാരം superior or supreme power, —

മേലവൻ Vi. a superior, owner = മേലാൾ.

മേലാക്കം elevation, promotion.

മേലാച്ചി Trav. a maid-servant.

മേലാട fine upper cloth of women.

മേലാൻ = മേലവൻ, pl. മേലാർ a superior, proprietor.

മേലാപ്പു an awning, canopy മുഗ്ധങ്ങളായ മേ. കൾ Bhr. മേ. കെട്ടി തിർവളെച്ചു Anj. പട്ടുമേ. പിടിച്ചു പ്രദക്ഷിണം (of തിരണ്ട പെൺ); also a mosquito curtain.

മേലാസ്ഥ്രറു, (— ലാൻ or — ാൾ) the Janmi right ബ്രാഹ്മണർ തങ്ങൾക്കു മേ. കല്പിച്ചു (opp. കീഴാസ്ഥ്രറു) KU.

മേലാസ്ഥണം loc. said of കട്ടമനീർ & of പാട്ടം.

മേലായ്മ V1. property in trees & fruits (opp. കാരായ്മ as property of grounds, both embraced by അട്ടിപ്പേറു) So.; also മേൽകോയ്മ, മേക്കോയ്മ.

മേലാൽ (4) hereafter മേ. ഉള്ള കാൎയ്യത്തിന്നു, മേ'ലും രക്ഷിക്ക TR. മേ'ലേക്കു ഉണ്ടാകമോ, മേ'ലത്തെ നടപ്പു MR. future.

മേലാൾ an overseer കൂലിക്കാരേ മേ. TR. the person in charge; a commissioner. സമുദ്രത്തിന്റെ മേലാളായുള്ള ഹനുമാൻ RS. conqueror?

മേലു 2nd future (= വലിയ്യ etc.) is above, is higher. Gan. അതിൽനിന്നു ലക്ഷം യോജന മേലു Bhg 5.

മേലും moreover, further.

മേലുര upper touch of gold.

മേലെഴുത്തു 1. direction of a letter; also title-page, heading of a chapter. 2. registry. Trav. വലിയ — chief secretary or registrar TrP. (മേ. പിള്ള Trav. the head of പണ്ടാരപ്പിള്ളമാർ 2.).

മേലേ 1. upwards ശവം മേലേ എടുപ്പാൻ jud. to exhume. 2. in Cpds. = മീതേ, മുകളിൽ; പൎവ്വതത്തിൻ മേലേക്കു എഴുന്നെള്ളി KU. വ, ന. കൊട്ട മണ്ണു മേലക്കു മേലേ വെച്ചു one above the other. മേലേ കറുമ്പടി etc. upper. (4) മേലേക്കു hence forward. Nal. V1. — മേലേതു what is above or comes next (opp. കീഴേതു Gan.). ചുവന്നും വെളുത്തും കറുത്തിട്ടും ഉണ്ടെള്ളുകൾ അവററിൻ ഗുണം മേലേ മേലേതിന്നായ്യതും GP. each following sort better than the preceding.

മേലേടം (4) future part മേ. കഥ Mud. പാണ്ഡവചരിത്രം മേ. വചിക്ക Bhr. the sequel. വൈക്ഷമ്യം കഥെക്കിതിൻ മേ. ഉണ്ടു Mud. henceforth.

മേലേരി 1. high-flaming fire. ഞാൻ ഒരു ചെറിയ മേ. കടക്കേണ്ടതു a fiery temptation. 2. sacrificial fire-wood, fr. jack-trees മേ. കൂട്ടുക a funeral pile. മേ. ചാട്ടുക = തീയാട്ടം.

മേലോക്കി (നോക്കി) upwards മുണ്ടു മേ. ചാടി TP. കത്തിയകത്തിമേ. എടുത്തു jud.

മേലോട്ടു (പട്ടു) upwards മേ. ചെന്നു.

മേൽക്കച്ച (1) a girdle.

മേൽക്കച്ചവടം wholesale dealing.

മേൽക്കഥ (4) പറയുന്നേൻ I go on with the story.

മേൽക്കരം So. additional Government share of crop; tax paid in advance.

മേൽക്കാച്ചൽ (1) fever-heat.

മേൽക്കാച്ചിൽ yam growing on yam.

മേൽക്കാട്ടം great demand, (കാട്ടം 233).

മേൽക്കാണം additional advance of the occupant.

മേ(ൽ)ക്കാതു the top part of the ear, മേ. കുത്തുക to men against ആന്ത്രവായു; to Tiyar & Muckuwar women No. of Telly. for ചിററുകാതു q. v.; also to Māpḷichis = അലിക്കത്തുകാതു; see under മേ 2.

മേൽക്കാററു (5) West wind V1.

മേൽക്കിരിയം higher Sūdras, as the പതിനായിരം of Pōlanāḍu. മേ'ത്തിൽ ഒരുമയും ശ്രുതയും നായ്യസ്ഥാനവും ഏറിയിരിക്കുന്ന നായർ KU.

മേല്ക്കീഴ് more or less, നിണക്കു ഒരു മേൽക്കീഴില്ലേ No. = ഗുരുത്വം you do not care for rank, age, etc.; headlong. മേല്ക്കീഴായി topsy-turvy. = കീഴ്മേൽ.

മേല്ക്കു (1) to the body പെണ്ണുങ്ങളെ മേല്ക്കിട്ടു ഏറി, ഞങ്ങളെ മേ. പാഞ്ഞു ഞങ്ങളെ മറിച്ചിട്ടു, ബ്രാഹ്മണസ്ത്രീകളെ മേക്കട്ടു (sic) കയ്യേറി TR. assaulted = മെയ്യ്ക്കിട്ടുക. (5) West വടക്കു മേല്ക്കായി ഗമിച്ചു KR. ഇണ്ടൽപോം വഴി കിഴക്കു മേല്ക്കും ഇതമുററുഴം മലയിരണ്ടും അമ്പും നമഃ RC. (to the sun).

മേല്ക്കുമേൽ one above the other; (4) succes-

sively, more & more = മെമേൽ; നല്ലതു വ രും മേ'ലിൽ Bhg.

മേൽക്കൂട്ടു a roof. [see മോക്ക —.

മേൽക്കെട്ടി an awning, tester, mosquito-net;

മേൽക്കെട്ടു a string tied over a lock.

മേൽക്കൊൾക (1) to be hit, affected by medicine.

മേൽക്കോയ്മ & — ങ്ക — sovereignty as of Perumāḷs KU.

മേൽച്ചീട്ടു direction of a letter, a label.

മേൽച്ചൊല്ലിയ (2) above-mentioned മേ. കല്പന TR. & മേൽ ചൊന്ന.

മേൽജന്മം (4) the next birth. ChR.

മേല്ക്കൂട്ടു an upper room or story, ceiling, deck.

മേല്പൂഴ് outer lock.

മേൽനാൾ (4) future time മാസനാസ്ഥ്യൂഴക മേ. AR.; മേ. എല്ലാം UR. for ever.

മേല്പഞ്ചായം B. an umpire.

മേല്പട (4) the reserve of an army; (1) the upper part of a bank.

മേല്പടി the upper part of a door-frame; above, said, ditto (marked ടി ടി). മേപ്പടി കണ്ടത്തിൽ jud.

മേപ്പടിയാൻ കയ്യിൽ TR. the same person.

മേല്പട്ടം bishop's office. Nasr.

മേല്പറഞ്ഞ (2) = മേൽച്ചൊല്ലിയ.

മേല്പാടം original copy B., cultivated high ground. [V1.

മേല്പാടു the upper side, surface V1. = മേത്തരം

മേല്പുടവ upper or outer garment.

മേല്പുര & മേപ്പുര a roof; an upper room.

മേല്പെടുക to be above, superior.

മോല്പെട്ടു, മേല്പട്ടു 1. upwards (മേ. എറിഞ്ഞു Bhr. മേ'ട്ടേക്ക പൊങ്ങി Bhr. നോക്കി VetC. മേ. ചാട്ടം tumbling). 2. henceforth (മേ. നല്ലവണ്ണം ഇരിക്കേണം, മേ. കമ്പഞ്ഞിക്ക തന്നേ ആകുന്നു ഈ രാജ്യം TR.)

മോല്പെടുക്ക to set over, entrust KU.

മേല്പൊടി vehicle, adjuvant of medicine പഞ്ചതാര മേ. ഇട്ടു a. med. strewed on, added. ഉഴക്ക ചീരകം മേ. യായി പൊടിച്ചിട്ടു, പശുവിൻ നെയി മേ. വിഴ്ത്തിക്കുടിക്ക MM.

മേൽപ്രകാരം as aforesaid.

മേൽഫലം trees, (grain, etc. produced above ground). opp. കിഴ്ഫലം as ചാമ etc. അനുഞ്ഞി ഫലങ്ങൾ 127. 2. doc. the future produce; opp. കിഴ്ഫലം the present one.

മേൽബലം (4) reserve, auxiliary force.

മേൽഭാഗം the upper side അതിന്റെ മേ'ഗേ KU. മേ'ഗേ കൊണ്ടു തിരിച്ചാൻ BR. (a chariot) upwards.

മേൽഭാരം depressing weight; misery of being in the body.

മേൽമണിയം So. superintendence.

മേൽമയിർ So. hair of the body.

മേൽലാഭം extra profit.

മേൽലോകം heaven.

മേൽവരവു extra income; (4) consequence.

മേൽവഴി upper way. ശീഘ്രം ഗമിച്ചവൻ മേ. യിൽ BR. through the sky.

മേൽവായി the palate.

മേൽവാചകം the heading, address of a letter.

മേൽവായിപ്പ an additional loan.

മേൽവാരം Government's share of rent.

മേൽവാഴി V1. a superior = മേലവൻ.

മേൽവിചാരം superintendence.

മേൽവിത്തു seed sown upon other seed.

മേൽവിരിപ്പു an awning. [ter.

മേൽവിലാസം address, superscription of a let-

മേൽവെപ്പു possession by a high tenure മേൽ എഴുതിയ പറമ്പുടെ മേ. ഒററിയും ഓറിക്കം പുറവുമായി നിങ്ങൾക്ക് എഴുതി വെച്ചു തന്നു (doc.) MR.

മേൽവെള്ളം freshes മേ'ള്ളച്ചാട്ടം.

മേൽശാന്തി, see ശാന്തി.

**മേവുക** mēvuγa T. M. (T. മേ to love, or = മരുവുക). 1. To be familiar, occupied with വേണുന്ന വേലകൾ മേവി നിന്നാർ CG. 2. to be accustomed to a place & prefer it, abide തത്ര മേവുന്നഹോ മത്സ്യങ്ങൾ PT. വിബുധപുരിമേവിനാൻ Bhr. കാലാലയം മേ. AR. went to inhabit Hades. അവൾക്കു മേവാൻ ഗൃഹങ്ങൾ Sk. 3. So. T. to adjust, level V1. മേച്ചിക്കൊടുക്ക to reconcile, prove B. 4. aux.V. = വസിക്ക,

ഇരിക്ക f.i. സുഖിച്ചു മേവീടിനാൻ, അറിഞ്ഞല്ലോ മേവുന്നു Bhr.

മേവൽ (So. T. love) dwelling, see മിവൽ.

മേവലർ aM. enemies മേ. തമ്മെക്കൊന്നു RC. മേ'രെ പൊരുതു പുറത്താക്കി AR.

**മേശ** Ar. mēz, Port. mēsa (L. mensa). A table കൃമികളിൻ മേൽ മേശ കഴിക്കുന്നു MC. to live upon. (തേമേശ തിന്നുക, കഴിക്ക, കടിക്ക vu. Europeans to breakfast).

**മേഷം** mēšam S. (= മേടം). A ram, Aries.

മേഷത്തൂർ ബ്രാഹ്മണൻ, മേഷത്തടികൾ, മേഷത്തോണടികൾ N.pr. a deified sage, born to Vararuči of a Parayi KN.

മേഷ B. a hindrance, trouble; B. Palg. flaw. മേയ്യ 860.

**മേസ്തരി** Port. mestre (L. magister). A Maistry, Arb. ആശാരി —, കൂലിമേസ്തിരി etc.

**മേഹം** mēham S. (മിഹ്). Urine, also = മേഹരോഗം urinary disease. മേഹപ്പടലം venereal spreading sores.

മേഹനം S. pissing; penis.

**മേള** mēḷa (Gr. melas). Indian ink; മേളയിൽ കളിച്ചു = മേളത്തിൽ KR.

**മേളം** mēḷam S. (മിൾ). 1. A band, esp. of musicians. 2. music, harmony താളത്തിൽ ഒത്തിനന്മേളങ്ങൾ ഗീതങ്ങൾ ഓരോരോന്നേ പാടിപ്പാടി CG. മേ. കൂട്ടുക to unite in a concert, കൊട്ടുക to play. മേ. ഏറീടുന്ന പൈങ്കിളി Bhr. melodious. 3. joining fitly, joy മേളത്തിൽ ഉത്സവം ആരംഭിച്ചാർ, ചേല വെളുപ്പിച്ചു മേ. ഇയറുന്ന ദാസൻ CG. ചേരിച്ചു മേളമോട്ടുഴിയിൽ ഇട്ടു DM. nicely. മേ. കലന്നു ദഹിക്ക VilvP. to burn all over from fever.

മേളക്കാരൻ a musician.

മേളക്കൊഴുപ്പു B. a concert, symphony.

മേളതാളം equal time in music.

മേളനം S. union, assemblage.

മേളാങ്കം B. joy, pleasure.

denV. **മേളിക്ക** 1. To mix, as sugar in milk ഇളക്കി മേളിച്ചു Mud. വെല്ലവും പാലും തളികയിൽ മേ'ച്ചു തരുവാൻ DN. 2. to unite in harmony ഗാനം മേളിച്ചാർ (331) CG. 3. to live happily together സന്തതം അവളോടു മേ'ച്ചു PT. മാനിനിയോടു മേ'ച്ചു മേവിനാൻ Nal. മേളിച്ചു നല്കിനാൻ SiPu. gladly.

part. pass. മേളിതം = മേളം f.i. മന്ദമേ. പൂണ്ടു കുഴലൂതി Anj. & മേളമായി ക'തി Anj.

CV. മേളിപ്പിക്ക to combine harmoniously ഓരോ വിദ്യാമേളങ്ങൾ മേ'ച്ചു Bhr.

**മേളി** = വേളി, ബഹുളി. [tail V1.

**മേഴി** mēḻi T. aM. (C. mēḍi, mēḷi). The plough-

**മൈ** mai 1. T. M. = മഷി, മഴി, മയി. Antimony; blackness മൈയാർ see മയ്യാർ. 2. = മെയ് C. Tu. Te. body ഓമനപ്പൂമൈ CG. 3. T. മൈമ barrenness, whence മച്ചി.

മൈക്കണ്ണി (1) with painted eyes f. മൈ. കണ്ണിൽ പാരുതു Nal. മൈ. മാർ Bhr. (മയ്യാർ കൺ).

മൈക്കലേ = മയിക്കലേ, മയക്കിൽ at dusk.

മൈക്കോലവാർകുഴലാൾ CG. dark-haired f.

**മൈതാനം** P. maidān, A plain, flat, open field ഒക്ക മുറിച്ചു മൈ. ആക്കി TR. മൈതാനയിൽ എത്തി Ti. on the table-land.

**മൈതുക** maiθuya aM. rather എയ്യുക; To get അതിൻഫലം മൈതുവാൻ ചമയുന്നത് ഇന്നേ RC 93. now you are to reap the fruits.

മൈത്തുക to be industrious. — മൈത്തൽ toil B.

**മൈത്രം** maitram S. (മിത്ര). Friendship മൈ. മറന്നു RS.; also മൈത്ര്യം.

മൈത്രി id. ഭൂസുരൻെറയും മൈഥിലൻ തൻെറയും മൈ. യെ പൂരിപ്പാൻ CG. മൈ. രക്ഷിപ്പാൻ പണി KR.

മൈത്രികരം S. gaining friends AR. (the Rāmāyana is said to be such).

**മൈഥില** maithila S. Referring to മിഥില, f.i. മൈഥിലരാജ്യം AR.

മൈഥിലി Sīta.

**മൈഥുനം** maithunam S. (മിഥുന). Matrimony, coitus. — ശ്വാവിൻെറ മൈ. പോലെ prov.

മൈഥുനപരൻ Bhg. lecherous.

മൈഥുനമാസം = മിഥുനം.

**മൈനാകം** maināyam S. 1. = മൈനാൻ T. M. C. The docile parrot മൈന MC. Temenuchus pagodarum. 2. a mountain in Himālaya പർവ്വതാധീശ്വരൻ AR.

**മൈനാത്തു** So. A washerman.— മാനാത്തി 809.

**മൈന്തൻ maindaǹ** T. M. (മൈന്തു T. C. delusion = മയ്യൽ). 1. A boy. 2. a son RC. Mpl.

**മൈമ്പു** No. = മയിമ്പു Dusk മൈമ്പിന്നു വന്നു.

മൈയൽ RC. = മയ്യൽ q. v.

മൈയാല No. dusk.

**മൈയാരം maiyāram** (മൈ 2.) = മെയ്യാരം.

മൈയ്യൻ (മൈ 1.) Palg. Er̀. (opp. മെയ്യൻ) a rogue.

മൈയ്യക്കള്ളൻ Er̀. a night-snap, night-thief = തഞ്ചം നോക്കി; Palg. an eye-servant.

**മൈരേയം mairēyam** S. Spirits from Lythrum blossoms മൈരേയം വീരമദ്യം സേവിച്ചു CG. Bhr.

**മൈൽ** = മയിൽ q. v.

മൈല grey = മയില.

**മൈസൂർ** രാജാവു doc. = മയിസൂർ.

**മൊക്കളം mokkaḷam** No. (Mpl. മൊക്ക, loc. T. മൊക്കൈ a notch). A hollow in the edge or gunwale of a boat to insert a pin (= thole-pin), to which the oar is hooked.

**മൊങ്ങ moṅṅa** (C. Tu. manga) A monkey V1. = മൊച്ച? [Trav. മോങ്ങുക.

മൊങ്ങു (മുഴങ്ങു?) howl, f. i. നായുടെ മൊ. കേട്ടു V1.

**മൊച്ച mocca** 1. A light coloured monkey. 2. T. So. a Dolichos tetraspermus, B. മൊച്ച കൊട്ട its peas (No. മൊച്ചക്കൊട്ടപ്പയറു = അവര).

മോച്ചൻ (മൂത്ത?) 1. an old man, a big person (loc.). 2. Palg. = നൊച്ചെലി, നച്ചെലി.

മൊച്ചിങ്ങ, see under മുച്ചി.

**മൊഞ്ചൻ moñjaǹ** 1. No. (മൊയി). A strong, fine fellow = മിട്ടക്കൻ; f. മൊഞ്ചത്തി. 2. So. passionate.

മൊഞ്ചു 1. No. beauty. 2. So. anger B.; moroseness V1. മൊഞ്ചും മൊട്ടും പറക, കാട്ടുക of discourteous, untractable manners V1. — മുറിമൊഞ്ചു B. precipitate anger.

**മൊഞ്ഞി** = മുഞ്ഞി The face (loc.).

**മൊട്ട moṭṭa** T. M. C. Tu. (മുണ്ഡ). 1. A bald head ചിരെച്ചാൽ മൊട്ട prov.; a Brahman widow; a Māpḷa ഉപ്പു പുളിക്കുലും മൊ. ചതിക്കും prov. മൊ. അടിക്ക to shave the head completely. 2. = മുട്ട an egg.

മൊട്ടക്കുന്നു a bare hillock.

മൊട്ടക്കൊമ്പൻ cattle having lost one horn or both.

മൊട്ടത്തലയൻ a Māpḷa.

മൊട്ടത്തെങ്ങ a cocoanut-plant before the shooting of തിരൾ.

മൊട്ടപ്പശ So. the white of eggs used as glue.

**മൊട്ടു moṭṭu** T. M. (Te. C. moggu, mogaḍa fr. മുട). 1. A flower-bud കന്ദം തൻ മൊട്ടു, മുല്ലമേൽ ഉല്ലാസമൊട്ടുകൾ, പങ്കജമൊട്ടിൽ തണ്ണപ്പൂണ്ടു CG. ചെക്കി—, മഞ്ഞൾ—a. med. പൊന്മലർ മൊട്ടുകൾ പട്ടുകൊണ്ടു പൊതിഞ്ഞഭിമന്ത്രിച്ച കലശങ്ങളാൽ അഭിഷേചിച്ചാർ KR. (in coronation), പൂ മൊട്ടിടുക. 2. a nipple മുലമൊട്ടു RS. മുലയിണ മൊട്ടുകൾ VCh. വാരിളം പോർമുലമൊട്ടുകൾ Bhg. 3. bud-like, the blunt end, a pommel പൊന്മൊ. കെട്ടിയ ചൂരൽ TR.

മൊട്ടമ്പു a blunt-pointed arrow പാറപ്പുറത്തെയ്യു മൊ. പോലെയായി Si Pu. made no impression.

മൊട്ടുകൊമ്പൻ (3) cattle with little or short horns.

മൊട്ടുവാൾ a long sword with brass-handle എറിഞ്ഞു പിടിക്ക Nāyar's play with it.

മൊട്ടുസൂചി (സൂശി) a pin.

**മൊത്തം mottam** T. Palg. The whole, total f. i. കൂലി മൊത്തമായി കൊടുക്ക = No. പൊത്തനേ, മുഴുവനും.

**മൊത്തുക mottuγa** (T. Te. to strike, see മു—). 1. To kiss f. i. the hand, Genov. Mpl. എത്ര മൊത്തിയാലും ഒന്നു പൊത്തിക്കൂടാ prov. 2. So. to drink from a vessel B., to sip V1. (മോക, മോന്തു).

മൊത്തി (C. mōti = മുച്ചി) 1. the face പാണ്ഡവവൃഷ്ണികൾ ഒന്നായപ്പോൾ കണ്ണാടികളുടെ മൊത്തി * കറുത്തു CrArj. from envy. 2. the calyx as of cocoa-nut തേങ്ങയുടെ മൊ. അടത്തി, a receptacle of Compositæ; also മൊത്തടന്നു വീണു. * (print: മൊഞ്ഞി).

മൊന്ത 1. So. T. a cruse, B. goglet, പിടി— narrow-mouthed, Arb. (see മോന്ത). 2. a thicket, the lair of a tiger, No.

**മൊന്നാക്കൾ** V1. Muham. priests (മുല്ല, മുന്നാൾ?).

**മൊയിലോം** No. vu. f.i. ഇടക്കാട്ടു, ചൊവ്വ മൊ.= മതിലകം.

**മൊയ്മൻ** moymaǹ (=മുഴുവൻ, or T. മൊയ് thronged). The central bulb of an arrowroot.

**മൊരമ്പുക** morambuγa Palg. (T. മൊര·|·= മൊറു·|·=മുറു·|·) Dogs to snarl; men to hawk =മുരളുക.

**മൊരി** mori (=മുരി, മുളി). The rough outer bark, as of tamarind trees=ചുണങ്ങു; മൊരിയൻ having a dry skin. മൊരിച്ചുണങ്ങു dry scurf on the skin.

മൊരിച്ചൽ dryness of skin or bark. — മൊരിക=മുളിയുക So. [Ti.

**മൊരിശി** Mauritius മൊ. ക്ക് എഴുതി അയച്ചു

**മൊറുമൊറുക്ക**=മു — f.i. പിന്നേയും നായിന്റെ പല്ലിന്നു മൊ'പ്പു prov. whets his teeth for more food.

**മൊഹിയദ്ദീൻ** Ar. muhit-ed-dīn, Fellow-believers, see യാ II.

**മൊള്ളു** mollu, മൊള്ള Urine.

മൊള്ളുക=വീഴ്ത്തുക V1. മൊള്ളാൻ പോകുന്നു (low) So., also No.

**മൊഴി** moḻi T. M. (Tu. C. Te. nuḍi fr. മുഴങ്ങു or C. muyyi exchange?). 1. A word മറു —, വാ —, തേൻ—, മധു — etc. 2. an argument, evidence മൊഴിക്ക തക്കതു വ്യവഹാരശാതി KR. the finding accords with the evidence. മൊ. ചൊല്ലു to state, declare. എന്നുള്ള മൊ. ഉറപ്പായിട്ട് എടുപ്പാൻ പോരാ TR. statement. ശേഷം എടുപ്പാനുള്ള മൊ. എടുത്തു TR. collected evidence. 3. right, claim കറെച്ചു ജയിക്കുന്നവൎക്കു മൊഴി എന്നു കല്പിച്ചു KU. they made good their claim, are in the right. മൊഴിയും മൊഴികേടും VyM. right & wrong. വഴി മൊഴി എങ്കിൽ prov. ഇല്ല മൊഴി ഭവാൻ എങ്ങളെ കൊല്ലുവാൻ Bhr. no just cause. പോരിന്നു മൊഴി എന്നിരിക്കിൽ KR. 4. divorce (loc.= ഞായം) മൊഴി എന്നുവെച്ചാൽ ഏതാൻ പണവും അരിയിൽ ഇട്ടു തുണിയിൽ കെട്ടി ആ പെണ്ണ് ഇനി മേല്പെട്ട് എനക്കാവശ്യം ഇല്ല എന്ന മനസ്സാലേ കൊടുക്ക (Mpl.) കെട്ടിയവളെ നീ മൊ. കൊടുക്കേണം, കെട്ടിയവനോടു മൊ. ചോദിക്ക, കാതിയാർ മൊ. കൊടുപ്പിച്ചു, അവളെ ഉടമക്കാർ മൊ. വാങ്ങി TR. ഞമ്മളെ മൊ. തരേണം; മൊ. ചൊല്ലീട്ടില്ല, അവന്റെ മൊ. പറയുംമുമ്പേ MR. before he divorce her. 5. N.pr. of plants (മുഴി?) കറു —, ചെം —.

മൊഴികേടു (3) wrong തമ്മിലുള്ള ദൌൎബ്ബല്യ പ്രാബല്യവും മൊഴിയും മൊ'ം വഴിയും വഴികേടും ഓൎക്ക Bhr. KR. to weigh the merits & demerits of a case.

മൊഴിപിഴ (3) transgression, മൊ. കൾ അറിവിച്ചു KR. reported misdemeanours.

മൊഴിമടക്കം (2) being nonplussed.

മൊഴിമാതു Saraswati, മൊ'തിനെ തൊഴുതു Bhr.

മൊഴിമാറു aM. a bond, എഴുതിവെച്ച മൊ'റാക കൈപ്പിട്ടു TR.

മൊഴിമാററം failing in keeping one's word; transposition of words.

മൊഴിമുട്ടിക്ക V2. to nonplus, puzzle.

മൊഴിയുക T. aM. to speak ഇക്കഥ വിക്ഷമിച്ചു മൊഴിഞ്ഞു Mud. സന്ദേഹനിവൎത്തകം മോ'ന്നേൻ KeiN. മൊഴിഞ്ഞ വാക്കുകൾ Bhr.

മൊഴിവഴി (3) just behaviour അതിന്നും ഒരു മൊ. യിൽ ഇഹ നഹി നമുക്കെടോ Nal.

**മോ** mō (loc.) Mother കാരക്കൽ മോ Anj. N.pr.

**മോകം** Tdbh. of മോഘം, മോഹം.

**മോകുക** mōγuγa (or മോക്കു?, മുകക്ക T. to draw water, C. moge). To drink, sip അവൻ മോണ്ടു not for thirst, as med. or for tasting; see മൊത്തുക, മോന്തുക.

മോയിക്ക 1. V. freq. മോയിച്ചു കുടിച്ചു sipped it out. 2. CV. to give to sip, as to a child, old man, patient.

VN. മോവൽ a gulp, രണ്ടു മോവലിന്നുണ്ടു enough for 2 draughts.

**മോക്കണി** (T. മൊ —; മുക —?) V1. A sack out of which horses eat.

**മോക്താവു** mōktāvu S. (മുച്). A deliverer.

മോക്ഷം S. 1. liberation അവൻ ചൊന്ന ശാപവും മോ'വും CG. ബന്ധമോ'ങ്ങൾ Bhr. ഇതി പൂതനാമോ. CG. the story of P's deliverance. 2. final exemption from a life in the body, beatitude=മുക്തി, of 4 or 5

kinds സാമീപ്യം, സായുജ്യം, സാലോക്യം, സാരൂപ്യം (സാന്നിദ്ധ്യം V1.). സദാനന്ദ മോ'വും സൌ്യം ലഭിക്കേണം SiPu. മോക്ഷ കവാടം തുറന്നു വെപ്പാൻ Anj. (Yama's angels). പാതി മോ. കിട്ടും KU. 3. letting go ആശുഗമോ. മുടിച്ചു Sk. left off shooting. 4. Nasr. ആകാശമോ. heavenly bliss, CatR.

മോക്ഷകാമികളായ (2) സിദ്ധയോഗീന്ദ്രന്മാർ AR. = മോക്ഷാൎത്ഥി.

മോക്ഷകാലം 1. the month Vaiśākha. 2. the last contact with the shadow etc., end of an eclipse.

മോക്ഷദം S. procuring beatitude, as a story, Sah. Bhg. സാക്ഷിയായി മേവും ആമോക്ഷദൻ CG. God.

മോക്ഷപ്രാപ്തി S. attaining bliss.

മോക്ഷവാസികൾ those in heaven, Nasr.

മോക്ഷവിളക്കു V1. a ceremony on the 3rd day after a death. [AR.)

മോക്ഷസാധനം (2) bliss-bestowing (f. i. the

മോക്ഷാൎത്ഥം (2) id. f. i. ഭൂമിയിലുള്ള ജന്തുക്കൾക്കു മോ. ഇനി ശ്രീരാമായണം ചമെക്കു AR.

മോക്ഷാൎത്ഥി S. desiring bliss (52), മോ.കൾ Brhmd. So മോക്ഷേച്ശുക്കൾ Bhg.

**മോഘം mōgham** S. (മുഹ്). Useless, vain. മോ. എന്നിയേ PT. unfailingly.

**മോങ്ങ് mōṅṅụ** Kad. (So. മാങ്ങ്). Plantain-suckers when very small (see കന്നു 2, 203). (നേന്ത്രമോങ്ങ് are not transplanted but boiled & eaten).

**മോചകൻ mōǰaγaǹ** S. (മുച്). A deliverer.

മോചനം S. liberating; liberation ജാതുഗൃഹമോചനവൃത്താന്തം Bhr. പാപ—, ശാപമോ. ചെയ്യു.

denV. മോചിക്ക 1. to free, release എന്നെ മോ'ച്ചു വെച്ചു PT. എന്നെ മോ'ച്ചു കൊണ്ടു പാലിക്ക Nal. to save. 2. to dismiss മോ. ഇല്ലുവർ Bhr. കാരുണ്യം നിങ്ങൾ മോ'ച്ചിതോ Nal. abandoned.

part. മോചിതം = മുക്തം set free. [Bhg.

CV. ബന്ധനത്തിങ്കൽ നിന്നാശു മോചിപ്പിക്ക

**മോഞ്ച mōnja** V1. = മോണ Gums മോ. നാററം V2.

മോഞ്ചുക (Cal.) to suck = മൂ—, മോകുക.

**മോടകം mōḍaγam** (T. മോട്ടു = മേട്ടു, മുകട്ടു). Fragræa Zeylanica, Rh. മോടകത്തില, — ത്തിൻ തൊലി അരച്ചു a. med. — വള്ളിമോ. Anoistrocladus?

മോടൻ CrP. (& മോടം) hill-rice = പറമ്പത്തു നെൽ, വയനോക്കി f. i. തറയില്ലുള്ള പാതം മോടനും ഒക്ക വിരോധിച്ചു TR. — Kinds: വെള്ള, കറുത്ത, അരി, പൊററ, കല്ലാർമോടൻ Palg. Exh. വലിയ, ചെറിയ മോടൻ Er.

**മോടി mōḍi** 5. (fr. മുകട്ടു or C. Te. mōṭa blunt). 1. High bearing, stateliness മോടിയായുടുത്തു, മോ. കൾ പലകൂടി ChVr. embellishments. ഞങ്ങളെക്കാൾ മോ. യായിരിക്ക Arb. grandeur. കോടിദിനേശന്മാർ കൂടി ഉദിച്ചൊരു മോ. കലൎന്ന പ്രകാശം SG. ചേടചേടീവിടന്മാരുടെ മോ. Nal. ധനം ഒട്ടങ്ങും നേരം മോടിയും നശിച്ചു (comfort, luxury) പട്ടിണിയും അകപ്പെട്ടു Chintar. മൂരിക്കു അന്നേരത്തെ മോ. ഇല്ല No. vu. looks lean etc. 2. fashion (C. mōḍike) മുമ്പേത്ത മോടി dress, മോടി ഇങ്ങനേ ചില ചെട്ടികൾക്കു Nal. 3. anything placed by a conjuror who tries to prevent its being removed, മോ. എടുക്ക, വെക്ക.

മോടിക്കളി (3) No. = മോടിവിദ്യ.

മോടിക്കാരൻ haughty, ostentatious.

മോടിവിദ്യ (3) sorcery, legerdemain = ചെപ്പിടി.

മോട്ടം (see foll.) pride.

**മോട്ടു mōṭṭụ** T.C. Te. M. (see prec.). Obstinacy, perverse pride. മോ. കാണിക്ക; മോട്ടുള്ള മൂരി No. a restive bullock = ശാഠ്യം.

**മോണ mōṇa** Tu. M. (T. = മുന). Gums, snout. കത്തുക gums to pain V1. മുറിക്ക; also മൂണ, മോഞ്ച; മോണമേൽ ഒരു രോഗം Nid.

മോണയൻ m., — ണച്ചി f. (abuse.)

മോണി, see മകണി.

മോണ & മോണ്ടു കടിക്ക No. f. i. an ഇളന്നീർ — see മോകുക & മോന്തുക.

മോണോലി Palg. Exh. a kind of paddy.

**മോണ്ടം** V1. the porch of a church മുകമണ്ഡപം.

**മോതിരം mōδiram** T. M. (മുദ്ര?). 1. Ring നല്ല

മുഖമോതിരങ്ങളും VCh. കൈ — SiPu. മോ. ഇടുക.
2. a collet, for high caste children മോ. & മുരൽ വെച്ചമോ. (girls), ബാലകാമോ. (girls & boys), പുലിയൻമോ. 683 or പുലിയാമോ. (boys). മോ. കഴുത്തിൽ കെട്ടുക V1.

മോതിരക്കണ്ണി 1. toe's link or knuckle. 2. a small noose. 3. Hugonia mystax.

മോതിരക്കൂട്ടം V1. a necklace of jewels.

മോതിരക്കൈ a gentleman's hand മോ. കൊണ്ടു ചൊട്ടു കൊള്ളേണം prov.

മോതിരവള്ളി Artabotrys odorata.

മോതിരവിരൽ the ring-finger.

**മോതുക** mōδuγa 5. To dash against.

മോത Tu. No. a surge, rising of waves (smaller than തിര & larger than ഓളം; ഓളം മോതുകയില്ല). മോതവീഴുക No. to ship a sea; fig. കോപത്തിന്റെ മോതെക്ക ഞാൻ ചെന്നു at the height of his anger.

**മോത്തു** = മുഖത്തു TP.

**മോദം** mōďam S. (മുദ്). Joy, delight മോദസാഗരത്തിൽ മുങ്ങി KR. മോദവും ഖേദവും. മോദേന (ബദ്ധ — AR.), മോദാൽ S. joyfully = മുദാ.

മോദകം S. (delighting) sweetmeat മോദകപൂപാദി ഭോജ്യദാനങ്ങൾ Nal.

മോദകരം S. delightful മോദകരസ്തോത്രം VilvP.

denV. മോദിക്ക S. to rejoice മോദിച്ചു ചെന്നവൻ Mud.

part. pass. മോദിതന്മാരായി CG. = മുദിതർ.

CV. മോദിപ്പിക്ക S. v. a. to delight ഋഷികളെ മോ'ച്ചു KU. ദ്രവ്യങ്ങളാലേ Bhg. അകതളിർ ജന്മികൾക്കു കളികളാൽ Bhr.

**മോൻ** vu. = മകൻ; What is പൊന്നില്ലാതഛൻ മോനച്ഛൻ prov.?

**മോന്ത** mōnda 1. (C. mōti, Te. mōmu, T. mūñji).
1. The face പാഴന്റെ മോ. യേ കാണാതേ CG.; the snout ആലെക്ക വരുന്ന നേരത്തു മോന്തെക്കടിക്ക prov. വറദു ആടിന്റെ മോന്തെക്ക പറ്റി Arb. 2. (= മൊന്ത) a brass ewer to draw water, water vessel of kings. പിടിമോന്ത = കൃശ; പൊമ്പിടി — TR.

മോന്തുക So. to sip, drink = മോകുക as കഞ്ഞി മോന്തിക്കുടിക്ക V2. to gulp down.

**മോന്തി** = മൂവന്തി Twilight മോ'ക്കേത്തത്തായം വെക്ക TP.

**മോന്തായം** = മുകന്തായം.

**മോർ** mōr 1. T. M. C. (Te. māru, C. mosaru). Buttermilk മോർചവത്തു പുളിച്ചുള്ള GP. മോർ കിട്ടാഞ്ഞേടത്തു പാൽ കിട്ടുമോ. prov.; also മോറിന്നു വന്നോർ prov. നീർ മോർ കൂട്ടുക diluted buttermilk. — മോക്കഞ്ഞി, -ക്കാളൻ etc. 2. T. C. Tu. M. = മുകർ face മോരിൽ, മോററിൽ; മോറും കണ്ണും; മോറു ചീക്ക the face bloats.

**മോറുക** mōŕuγa No. (V1. 2. മുവരുക) To cleanse, scour metal vessels with ashes etc. കരണ്ടുമോറി TP. കിണ്ണം വടിച്ചു മോറി, കിണ്ടി തേച്ചു മോറി.

മോറാഴി, മോറായി the pommel of a knife, stick, etc. (മൊട്ടു).

**മോലോം** vu. = മതിലകം.

**മോശം** mōs̀am T. M. (Te. C. Tu. മോസം; Tdbh. of മോഷം). 1. Trick, deceit മോ. പററിച്ചുകളക Arb. 2. fault, mistake ബുദ്ധിമോ. കൊണ്ടു ഒരു കററം ചെയ്തു പോയാൽ ദണ്ഡം കല്പിക്കരുതു VyM. നിങ്ങളോടു വാക്മോശമായി പറഞ്ഞു പോയി TR. mis-statement = അബദ്ധം; (തുകമോ. 1, 464, കൈമോ. 300). 3. loss മോഷം വരുത്തുക V1. by missing a fair opportunity etc. [(also sickly).

മോശക്കാരൻ So. a trickster, blunderer; poor;

**മോഷകൻ** mōs̀aγaǹ S. (മുഷ്). A thief.

മോഷണം S. 1. stealing അവന്റെ വീട്ടിൽ മോ. പോയി, വീട്ടിലുള്ളത് എല്ലാം മോ. പോയ്പോകും Arb. ഒരുവന്റെ വക മോ. പോയാൽ VyM. to be stolen. എലിമോഷണശീലൻ MC. 2. removing മനോദോഷമോഷണം SiPu 4. = മോചനം? 3. captivating ജനഹൃദയമോഷണൻ Bhr. Kṛṣṇa. [ഇപ്പോൾ CG.

denV. മോഷണിക്ക to steal മോ'ച്ചീടുന്ന കാലം

മോഷ്ടാവു S. a thief, hence:

മോഷ്ടിക്ക to steal മോ'ച്ചു പോയി VyM. was stolen. മോ'ച്ചിട്ടോ കൊള്ളയിട്ടിട്ടോ TR.

**മോഹം** mōham S. (മുഹ്). 1. Fainting, swoon മോഹവും തളച്ചയും med. സൂതികൊണ്ടുണ്ടായി

മോ. CG. exhaustion. മോ. തെളിഞ്ഞു Sk. 2. fascination, infatuation അവൾ്ക്കു മോ. ഉണ്ടാക്കി മായാബലാൽ KR. led astray. 3. lust, love മോഹമൂൎത്തിക്കകമ്പടിസംസാരപ്രിയന്മാർ Nal. പിള്ളരെ മോ. പറഞ്ഞാൽ തീരും prov. can be talked out of their love. മോ. അഴിയുക, അഴിക്ക, തീൎക്ക V1. nocturnal pollution. കീഴിൽ ഉള്ളതിൽ അവനു വളരേ മോ. ഉണ്ടു TR. wishes back the old times. അടിയന്തരം നല്ലവണ്ണം കഴിപ്പാൻ മോ. ഉണ്ടു TR.

മോഹനം S. infatuating, tempting മോ'മായുള്ള പുക്കുലകൾ, മോഹനഗാത്രിയായ തപതി Bhr. മോഹനരൂപി, മോ'മായ കഥാശേഷം Mud. വാനരമോഹനത്തിന്നു നിൎമ്മിച്ചു KR. to bewilder the monkeys. മോഹനഗേഹങ്ങൾ KR. brothels. മോഹനജ്വരം പിടിക്കും Tantr. nymphomany — adv. പുളിനങ്ങൾ വെളുത്തു മോഹനം KR. lovely.

മോഹനീയം S. attractive മോ'യാംഗനാം ചന്ദ്രൻ Nal.

മോഹാലസ്യം S. swoon. ദീനംകൊണ്ടു മുഖാലസ്യം (sic) ഉണ്ടായി TR.

മോഹി 1. bewildering. 2. lusting; a lover.

denV. മോഹിക്ക 1. to faint മോ'ച്ചു വീണു Bhg. 2. to be bewildered, fascinated ലംഘനം ചെയ്യാം എന്നാരും മോ'ക്കേണ്ടു Nal. let none deceive himself. 3. to lust, love, covet അഹല്യയെ മോഹിച്ചു ചോദിച്ചപ്പോൾ KR. എന്നെ മോ'ച്ചീടൊല്ലാ Nal. കടപ്പാൻ മോ'ച്ചു Nal. With Loc. മത്സ്യം രസത്തിൽ മോ'ച്ചു ചെന്നു AR. മാലയിൽ Bhr.

part. pass. മോഹിതൻ S. infatuated (=മുഗ്ധം). മോഹിനീമോ. VetC. മായാമോഹിതർ VilvP.

CV. മോഹിപ്പിക്ക 1. to make dizzy നിന്റെ വേഗം എന്നെ മോ'ച്ചീടും KR. (to Hanumān). സീതയെ മോ. AR. to deceive by sorcery. താതനെ മോ'പ്പാൻ മറഞ്ഞു Bhr. to excite his curiosity. 2. to allure, seduce, woo പുരുഷനെ VyM., സ്ത്രീയെ Bhg., എന്നെ മോ'പ്പതിന്നരുൾ ചെയ്യയോ Brhmd.

മോഹിനി S. (f. of മോഹി) a fascinating woman. — മോഹിനിയാട്ടം acting a female character (മോ. മുതലായ ആട്ടക്കാർ VyM.).

മോഹർ P. muhur (=മുദ്ര). A gold-coin, 15 Rupees.

മോഴ mōḷa T. M. (Tu. C. bōḷa, like മുളി, മൊട്ട). 1. Cattle without horns, or with horns turned കൊമ്പൻ പോയതു മോഴെക്കും വഴി prov. കൊമ്പേ പോകും വഴി മോഴെക്കെന്നില്ലയോ RS. female elephant. 2. So. stupidity. മോഴ പിരട്ടുക to deceive B. 3. = മോത V1. a billow.

മോഴക്കൊമ്പൻ So. Palg. dodded or polled cattle.

മോഴവള a golden bracelet.

മൌക്തികം S. = മുത്തു f. i. മൌ. വിളയുന്നു VCh.

മൌഞ്ജി S. (മുഞ്ജ) A Brahman girdle മേഖലാ മൌ. ദണ്ഡും VCh.

മൌഢ്യം mauḍhyam S. = മൂഢത Stupidity, caste prejudice, fanaticism.

മൌണ്ഡ്യം S. = മുണ്ഡതം KR. as a punishment of ambassadors.

മൌത V1. = മമത Dissimulation.

മൌത്ത് Ar. maut, Death മൌ'ായി പോയി died. മൌത്തളവിൽ Mpl. song. മൌത്ത് നവി Muhammad, opp. ഹയാത്ത്.

മൌനം maunam S. (മുനി). Silence, also with വ്രതം as religious exercise SiPu. മൌനവും ദീക്ഷിച്ചു ഹോമം തുടങ്ങിനാൻ AR. മൌനഭാവം ദീ. VetC. മൌ. പൂണ്ടു നിന്നു CG. മൌനവാസങ്ങളും Nal. of a deserted wife.

മൌനാനുവാദം S. silent consent മൌ'ത്തോടു Bhr. ഇക്കാൎയ്യത്തിന്നു മൌ. അലം PT.

മൌനി S. silent.

മൌനീഭൂതൻ S. id. (part. pass. of മൌനീഭവിക്ക) മഠത്തിൽ മൌ'നായിരുന്നു Chintar.

മൌൎഖ്യം maurkhyam S. = മൂൎഖത Stupidity, barbarous state of mind മൌ. കളഞ്ഞു ഭജിക്ക AR.

മൌലം maulam S. (മൂലം). Radical; indigenous, born in service മൌലർ എന്നവരുടെ പേർ KR. the garrison of Ayōdhya.

മൌലി S. 1. a hairlock, head-ornament പൂ പറിച്ചു മൌലിയിൽ ചൂടി CG. എൻപാദം തവ മൌ'യിൽ പതിഞ്ഞു Bhg. 2. a crown, fig. ശൂരർകുലമൌലി RC. മൌ. കളാം കലടാംഗനമാർ VCh. പെൺമൌലിമാരായ

വല്ലവിമാർ CG. നാരിമാർമൌലികേ CG. the best of its kind.

മൌഷ്ക്ക്യം S. (മുഷ്കര). മൌ. കാട്ടി നടക്ക VCh. To behave insolently.

മൌഹൂൎത്തൻ S. = മുഹൂൎത്തക്കാരൻ.

മ്യാൽ myāl (C. = മേൽ, or മിട്ടാൽ?) So. Land watered by rain, on which rice-plants are sown thickly. [മ്രാലിന്റെ കര GP 69.

മ്രാൽ mrāl (അത്തിമെരാൽ Rh.) Ficus excelsa

മ്രിശ = മിറിശ.

മ്ലാനം mlānam S. Faded; languor = ഗ്ലാനി.

മ്ലാവു mlāvu So. An elk MC.

മ്ലേച്ശൻ mlēččhaǹ S. Speaking indistinctly, a barbarian അനുദ്രുഹ്യവിൻ മക്കൾ എല്ലാം മ്ലേച്ശജാതികൾ Bhr. മ്ലേച്ശനീചജാതികൾ എന്നാകിലും മുക്തി വന്നീടും, ഒല്ലാത ദുർമ്ലേച്ശന്മാരും ജീവന്മുക്തന്മാരാം KeiN. gen. Mussulmans, Europeans, in CC. = യവനർ. മന്നിടം മ്ലേച്ശാധിപത്യമായ്വരും Bhg.

മ്ലേച്ശത S. barbarianism; abomination.

# യ YA

യ is initial in Dravidian pronouns (യാൻ, or ഞാൻ, യാവൻ); hardly in any verbal root. It changes readily with palatal consonants, as യവനൻ — ചോനകൻ, ജോനകൻ; (ചാമം fr. യാമം); അരയൻ, രായർ fr. രാജാ; ഭശമുഖൻ Tdbh. തെയമുകൻ etc. Initial യ is often found in the form of എ (യൌവനം — എവ്വനം SG.; എമൻ = യമൻ), of ഞ (ഞാൻ fr. യാൻ), and even ന (യുഗം — നുകം). Some യ are derived from വ (ആയിരം fr. സഹസ്രം, C. സാവിരം; അറിയിക്ക fr. അറിവിക്ക) by the influence of palatal vowels. Final യ is frequently dropped (as തേങ്ങായ്, തേങ്ങാ, തേങ്ങ; വായി & വാ).

യ S. Relat. pronoun in യതഃ, യഥാ, യൽ, യാവൽ etc. യസ്മ്രതി രുചി ഭവതി അവൻ തന്നേ വല്ലഭൻ VetC. whom she likes.

യകൃൽ yakr̥l S. (L. jecur). The liver, Asht.

യക്ഷൻ yakšaǹ S. (യജ്). A demi-god, a Paradēvata യക്ഷരാജന്റെ പുഷ്പകം പോലവേ പല്ലാക്ക KR. Kubēra. ധരിപ്പെഴും ഇയക്കർ RC.

f. യക്ഷി S., (vu. ലച്ചി) a nightmare, also nocturnal pollution യക്ഷിദ്രോഹത്തിന്നു നന്നു a. med. ഒരു യ. പീഡ സഹിപ്പാൻ Anj. demoniacal possession; also written എക്ഷിയാമിവൾ KR. = രാക്ഷസി താടക.

യക്ഷിണി S. id. യക്ഷിണീപീഡെക്ക രക്ഷാചൊൽ എങ്ങിനേ CG.

യക്ഷ്മാവു yakšmāvu S. (prec.). Pulmonary consumption രാജയ'വും പിടിച്ചു SiPu. രാജയക്ഷ്മണാ മരിച്ചു Bhr.; also രാജയക്ഷ്മം പിടിപ്പെട്ടു മരിച്ചേൻ SiPu.

യജമാനൻ yajamānaǹ S. (യജ്). 1. A person that institutes a sacrifice & pays for it. 2. a master, lord രാജാവ് ഒക്കയും അനുസരിച്ചു യജമാനസ്ഥാനമായിരിക്കയും ചെയ്തു TR. by indulging them the Rāja gained immense popularity. — mod. f. യ'നിച്ചി & — നത്തി.

യജിക്ക S. to sacrifice, worship പശുക്കൾ തന്നെ വധം ചെയ്തിട്ടു യജിക്കുന്നു, അശ്വമേധക്രിയയാ. യ Bhg.

CV. യജിപ്പിക്കേണം നിങ്ങൾ എന്നെക്കൊണ്ടു KR. യജ്ഞങ്ങൾകൊണ്ടു യജിപ്പിച്ചു മുനിമാരെ CG. [Bhg.

യജുസ്സ് S. sacrificial formula; the യജുൎവ്വേദം

യജ്ഞം S. A sacrifice = യാഗം f. i. ആരണർ ഏഴുററു കൃഷ്ണയ'ങ്ങൾ കൊണ്ടു യജിച്ചു, ആജ്യത്തെക്കൊണ്ടു യ'ങ്ങൾ ചെയ്യുന്നു CG. ഭവാനാൽ ഹനിച്ചീടിന യജ്ഞപശുക്കൾ Bhg. — fig. വിജ്ഞാനയ. കൊണ്ടു കേവലാത്മാനം ആത്മനി യജിച്ചു Bhg.

യജ്ഞശാല Bhg. = യാഗശാല.

യജ്ഞസൂത്രം S. = പൂണുനൂൽ.

യതഃ yaδaḥ S. (യ). Whence; because, for.

യതി yaδi S. (യമ്). Subduer of passions, a Jaina beggar യതിവരനും ഭ്രമിക്കും VetC. യതിവേഷമായി Bhg. = സന്ന്യാസി.

യത്നം S. exerting oneself. ചേരുവാൻ യ. ChVr. trying to keep peace.

യത്നം S. effort, exertion ജയിപ്പാൻ യ. ചെയ്തു etc.

denV. എത്ര താൻ യത്നിച്ചാലും അത്രയല്ലുള്ള ബലം, വളരേ യ'ച്ചുപദേവം കളക, പ്രാണൻ തന്നേ യ'ച്ചു ധരിക്കുന്നേൻ KR. = പണിപ്പെട്ടു.

യഥാ yathā S. (യ). As, according to.

യഥാകാമം S. ad libitum യ. ഭക്ഷിക്ക Bhg.

യഥാക്രമം S. in order വയസ്സിന്റെ യ. KU.

യഥാഗതം പോയി as he came, so. — ഗമിച്ചു യഥാഗമം VetC. [നം Bhr.

യഥാതഥ്യം S. truthfully യ. കേട്ടാലും മമ ജ

യഥാതഥാ എന്നു പറയുന്നവൻ agreeing to every proposal.

യഥാന്യായം S. properly ഇരുന്നു യ. KR.

യഥാപുരം S. as formerly KR. യ'രേ Sk.

യഥാപ്രകാരം ആക്ക = യഥാസ്ഥാനം ആക്ക.

യഥാബലം S. = ആവോളം.

യഥായോഗ്യം S. fitly V1. Brhmd.

യഥാരുചി S. as you please യ. വല്ല ദിക്കിലും പോയി Nal. [അല്ല MR.

യഥാൎത്ഥം S. reasonable, true തെളിയിച്ചതു യ.

യഥാലാഭേന ജീവിക്കുന്നു Bhg. to live upon that which one may get.

യഥാവൽ S. as it was; accidentally, spontaneously യ. ചെന്നു കണ്ടു KU.; vu. യഥാവിലേ, യഥാലേ.

യഥാവിധി S. according to precept.

യഥാശക്തി S. as much as possible യ. മഹാഫലം prov. [ച്ചു യ'മായി KR.

യഥാശാസ്ത്രം S. according to scripture യജി

യഥാസുഖം S. comfortably ഇരുന്നു യ. Brhmd. വാണിതു യ. SiPu. യ'ത്തോടേ ഇറങ്ങി TR. safely.

യഥാസ്ഥാനം S. in proper state or place. യ'മാക്ക (& യ'ത്തിൽ), യ'പ്പെടുത്തുക to reform, restore.

യഥേച്ശം ഇരിപ്പതു VetC. &

യഥേഷ്ടം S. as one pleases, also യഥേഷ്ടയാ കാംവണ്ണം ഭുജിച്ചു KU.

യഥോക്തം S. as commanded കൎമ്മം യ. അല്ലാഞ്ഞു Brhmd.

യഥോചിതം S. suitably ബോധിപ്പിച്ചേഥോ. PP. യ'മായിട്ടിരുന്നാർ KR. all in their proper places.

യൽ yad S. (യ). What, (L. quod), that.

യദാ S. when = എപ്പോഴോ.

യദി S. if.

യദു yadu S. N. pr. A king എന്നുനാതൻ Anj. the father of the Yādavas CG. CC.

യദൃച്ശ yadṛččha S. (യൽ, ഋഛ് to go). Following one's own will, spontaneous യ. ാലാഭത്തിങ്കൽ തുഷ്ടനായി Bhg. Instr. ഇന്നെദൃച്ശയാ KR. മരിച്ചീടിനാൽ ഏ'യാ VetC. accidentally, providentially, abruptly, vu. ഏ'യാൽ.

യദൃച്ശിക്ക id. ഭൂതലത്തിൽ ദേവകൾ യ. യാസ്സുന്നു KR.

യന്താവു yandāvu S. (യമ്). A restrainer, charioteer, Bhg.

യന്ത്രം S. 1. A machine, engine; mill, contrivance യന്ത്രപ്രയോഗം കൊണ്ടു by mechanical means. ആരുമേ കൂടാതേ വേണുവീണാദികൾ ഗാനം ചെയ്യുന്ന യ. Bhg. musical boxes. 2. a necklace with amulet മന്ത്രരചിതയ'ങ്ങൾ ധരിപ്പിച്ചാൽ KR.; often എന്ത്രം & ഇന്ത്രം Mantr. a copper leaf with cabalistic figures worn in the girdle V1.; also a writ, deed. 3. a plan, scheme. യന്ത്രഫലം result. 4. a bulwark കൊന്നുളങ്ങൾ അതിചിത്രമാം യ'ങ്ങളും KR. 5. mysterious nameless articles ആ ഏ. ഇങ്ങോട്ടു കൊണ്ടുവാ that thing the name of which does not occur to me ആ എന്തിര മാച്ചിൽ etc. (see എന്തു 158).

യന്ത്രഊഴിഞ്ഞാൽ, — ഞ്ഞാൽ a perpendicular round-about (with 4 cradles).

യന്ത്രക്കല്ലു a millstone.

യന്ത്രക്കാരൻ a mechanic; an engineer; also യന്ത്രപ്പണിക്കാരൻ.

യന്ത്രത്തോരണം Mud. a triumphal arch contrived so that a portion might fall.

യന്ത്രപ്പട്ടിക KM. an inscription.

യന്ത്രപ്പാലപങ്ക്തി AR. draw-bridges.

യന്ത്രപ്പാവ an automaton യ. കൾ തിരിക Mud. രാജസേവകന്മാരാം യ. കൾ എല്ലാം Nal.

യന്ത്രപ്പുള്ള a target, a mark in shape of a bird.

യന്ത്രശബ്ദം S. the din of a mill യ. പോലെ ദന്തങ്ങളെ കടിച്ചു KR.

യന്ത്രി a contriver, schemer.

യന്ത്രികൻ a mechanic, driver യന്തായ നളൻ Nal. (S. യന്ത്രകൻ).

denV. യന്ത്രിക്ക S. to contrive, scheme, plan മന്ത്രികൾ മന്ത്രിച്ചു മന്ത്രിച്ചു യ'ച്ചു Mud.

യന്ത്രിതം S. (part. pass.) 1. checked. 2. chained യന്ത്രിത തസ്കരൻ VetC. യ'നായ്ക്കിടക്കുന്ന PT. കാമാനലയ'ൻ VetC. tormented.

**യമം yamam** S. Restraining, refraining from enjoyments & passions. (Often with ദമം) ഹിംസ കൂടാതെ ഇരിക്കുന്നതു യ. അദ്ധ്യാ Bhg 11.

യമകം S. 1. alliteration, rhyme. 2. twins; also എണ്ണയും പശുവിൻ നെയ്യും med.

യമതാട So. (T. ജ—, H. ǰam-dhar fr. യമൻ) a dagger; also മദ്ധ്യവഹിച്ചോരെമതാട തന്നേ എടുത്തു Sk.

യമൻ S. 1. subduer, the God of death & Hades, യമദൂതർ his ministers, യമപുരി his residence. യമഭക്തി പൂണ്ട യമപടം അഴകിനോടു നിവിർത്തി Mud. a picture of hell. യമഭയം അകലുവാൻ SiPu. 2. twins യമന്മാർ CG.=Nakula, Sahadēva.

യമ—& യമലോകപ്പിരട്ടൻ "one who cheats the devil."

യമളം S. a couple. യ'ന്മാർ twins. യമളെക്കുള്ള ലക്ഷണം Nid 8. a kind of hiccough.

denV. യമിക്ക S. to restrain, govern.

യമുന S. N. pr., the river Jamna CC.

**യവം yavam** S. (G. zea). Barley.

യവക്ഷാരം S. nitre യവഴ്ക്കാരം a. med.= ചവക്കാരം.

**യവനർ yavanar** S. 1. Yavan, Greeks വീരരാം യ'ന്മാർ KR. പാരസീകന്മാർ യവനഗണങ്ങളും Mud. തുർവ്വസുപുത്രർ യ'ന്മാരായിപ്പോയി Bhr. 2. often for Muhammedans & Europeans യവനേശ്വരന്മാർ Sāhibs; see ചോനകൻ, ജോ—. In Syr. യവുനാ PP. a Greek.

**യവാഗു** S. (യവ). Fermented rice-gruel, പഴകഞ്ഞി.

**യവാതു** MC.=ജ—A civet cat.

**യവിഷ്ഠൻ** Superl. of യുവാൻ. The youngest.

**യശലകുശലന്മാർ** T. Palg. =കുശലവന്മാർ (കുശ 277.).

**യശസ്സു yaśassu** S. (L. decus). Glory ഭഗവദ്യശസ്സിനെ ഗാനം ചെയ്തു Bhg.; fame ജയിച്ചു യ. ലഭിച്ചവൻ KR.

യശസ്സൻ, —സ്വാൻ, —സ്വി S. famous.

യശോഹാനി വന്നു Bhg. we are dishonored.

**യശോദ** S. Bhg 10. Krṣṇa's foster-mother (Tdbh. എശോദ 162.).

**യഷ്ടാവു yaṣṭāvu** S. A sacrificer (യജ്).

**യഷ്ടി yaṣṭi** S. A stick, staff, Tdbh. ഇട്ടി 104, ഒരട്ടി 118. f. i. യ. യും പിടിപ്പെട്ടു VCh. using a staff.

abstrN. നമ്മുടെ യഷ്ടിത്വം എത്രയും കഷ്ടം PT. my stupidity.

I. **യാ yā** 5.=എ pron. inter. യാതു, യാവൻ.

II. **യാ** Ar. Oh! Ah! യാ മഹീയദ്ദീൻ എന്ന വിളി കേട്ടാറെ jud. cry of murder or alarm (see മൊഹീ—).

**യാഗം yāgam** S. (യജ്). A sacrifice പല സംവത്സരംകൊണ്ടു ഒടുങ്ങുന്നൊരു യാ. Bhr. നാന്മറകളും യാഗങ്ങൾ ആറും പൊയ്യോ KeiN. യാ. കഴിപ്പാൻ അറിയരുതാതേ പോം Sah. മുട്ടിക്കിടന്നൊരു യാഗത്തെ രക്ഷിപ്പാൻ Bhg. യാഗകാര്യത്തിന്നു സഭ കൂടുമ്പോൾ Anach.

യാഗവാൻ S. a sacrificer യാ'നാം മുനി VetC.

യാഗശാല S. a place of sacrifice, Bhr.

യാഗാദികർമ്മങ്ങൾ all kinds of oblations etc.

യാഗാർത്ഥം S. for sacrifice നിന്നെ യാ. ബലി കൊടുക്കും VetC.

**യാചകം yājagam** S. (യാച്). Begging ബാലകൻ തന്നുടെ യാ'ത്താൽ CG. യാ'മായി കൊടുക്ക VyM. alms.

യാചകൻ a beggar. യാചകപ്രിയകരൻ SiPu. kind to beggars.

യാചന S. begging, request; also യാചനാഭംഗം ചെയ്തു Bhr. to repel a petitioner; (S. yāčna).

യാചനം S. id. യാ. ചെയ്യാൻ കൂടില്ലേയാൾ SiPu. യാ'മായിട്ടു ചൊന്നാൻ CG. — മററെന്തു യാചനീയം SiPu. what else is to be asked?

**യാചിക്ക** S. To beg. അന്നത്തെ യാ. VetC. to ask. കല്പകശാഖിയോടു യാ'ച്ചു CG.; also of prayers ഇങ്ങനേ യാ'ച്ചു പൂജിച്ചു കമ്പിട്ടാർ CG. — part. pass. യാചിതം S. begged.

**യാജകൻ** yāǰaγaǹ S. (യജ്). A sacrificer.

യാജനം S. conducting a sacrifice, sacrificing by deputy.

യാജ്ഞവൽക്യൻ S. N. pr. a saint & legislator.

യാജ്ഞികൻ S. (യജ്ഞ) an institutor of sacrifice യാ'കദ്രവ്യസംഭാരം Nal.

യാജ്യൻ (part. fut. pass.) to whom sacrifices are to be offered യാ'നാം നാരായണൻ ഭക്തിയുള്ളവൎക്കു സായൂജ്യമാം മോക്ഷത്തെ നല്കീടിനാൻ AR.

**യാതന** yāδana S. (യത്). Pain, torment, chiefly in hell യാ'നാദണ്ഡത്തിന്നു യോഗ്യത ഇവൎക്കു VilvP. യാ'നാദേഹം Bhg. the body given to those in hell. സോദരന്മാരുമായി യാ. പൂണ്മേൻ CG. rather share hell with my brothers. നരകയാ. ഭുജിക്ക KR. നരകയാ. കഴിഞ്ഞനന്തരം ദുരിതശേഷങ്ങൾ കിടക്കിലോ തരുതൃണ പക്ഷികൃമികളാദിയായി ധരണിയിൽ വന്നു പിറക്കയും ചെയ്യും KR.

**യാതൻ** yāδaǹ (part. pass. of യാ). Gone. എവിടേക്കു യാതനായിട്ടന്നു Bhr. = പോകുന്നു. pl. യാതന്മാരായി PT. — Inf. യാതും നിയോഗിച്ചു PT. ordered to go.

യാതു S. (goer) a demon, Rākšasa ആറാം നാൾ ആകാശത്തിൽ കണ്ടിതു യാതുസൈന്യം KR. — also യാതുധാനൻ S. a goblin യാ'ന്മാർ പീഡിപ്പിക്കിൽ UR.

**യാതു** yāδu̥ 5. (യാ). 1. = ഏതു as യാതൊരു ദിക്കിൽ ഇരിക്കുന്നു AR. = where? ഏതോ യാതോ. 2. in translations used for rel. pron. (യൽ S.) as യാതൊന്നു കണ്ടതു് അതു നാരായണപ്രതിമ HNK. യാതൊരു etc. — pl. യാവചില ബ്രാഹ്മണർ VyM. those Brahmans that; also യാതൊരുചിലർ KR.

**യാത്ര** yātra S. (യാ in യാതൻ). 1. Going യാത്രയാക to set out, യാ. ആക്ക to despatch, ദൂതനെ ചൊന്നു യാ. യാക്കി CG.; also രാമം (Acc.) വനത്തിന്നു യാത്രാക്കുവാൻ RS. to banish. ക്രൂളിയെ യാ. ആക്കി V1. drove out. — യാത്ര അയക്ക to send off, accompany for a short distance. യാ. യും അയപ്പിച്ചു തേരതിൽ കരേറിനാൾ UR. got herself dismissed, took farewell; so യാ. ചൊല്ക, ഉണൎത്തിക്ക KU. യാ. പറഞ്ഞു നടകൊണ്ടാൻ Bhr. said good bye. യാ. തൊഴുതു SiPu. or തൊഴുതു യാ. യും അറിവിച്ചു KR. യാ. വഴങ്ങി took leave. അവളോടു യാ. വഴങ്ങിച്ചു AR.—എപ്പോൾ യാ. AR. when do you intend to go? സായ്യം ഒന്നിച്ചു മണത്തണെക്കു യാ. ഉണ്ടു I am to accompany N. to M. 2. journey, voyage തലക്കാവേരിക്കു യാ. പുറപ്പെടുവാൻ TR.; esp. pilgrimage കാശി —, സേതു —, തീൎത്ഥയാത്ര. — Tdbh. ചാത്തിര 354, ജാത്ര 405; vu. also ഇച്ചാത്ര this time.

**യാദവൻ** yād'avaǹ S. (യദു). A descendant of Yadu, Kr̥šna CC.

**യാദസ്സ്** S. An aquatic animal.

യാദസ്പതി AR. the sea.

**യാദാസ്തു** P. yād-dāšt, A memorandum, NB., postscript യാ. എഴുതി MR.

**യാദൃശം** yādr̥šam S. (യ). Which like.

**യാനം** yānam S. (യാ, whence യയൌ, അയാസീൽ CC. went). 1. Going യാ. തുടങ്ങിനാൻ CC. started. യാനശക്തിയില്ല Brhmd. 2. a vehicle വാരണാശ്വശതാശ്വഖരഹരിശാൎദ്ദൂലസൈരിഭസ്യന്ദനമുഖ്യയാനങ്ങൾ AR. തുമുത്തുപൂണ്ട യാ. CG. a chariot.

യാനപാത്രം S. a boat VetC.

യാപന S. (caus. of യാ). 1. Making (time) to go. യാ. എങ്ങനേ കഴിക്കും how subsist? 2. livelihood, maintenance; often യാവന കൊടുത്തയക്ക TR. to dismiss with pay or presents (ചാപണ, രാവണ id.). യാ. കൊടുക്ക provisions to slaves, soldiers; യാ. നോക്കുക V1. soldiers to prepare their meal (& യാ. ക്കു വരിക്ക V1.); യാ. ക്രൂവ V1. victuals. 3. different gifts തരകയാ. tax

on brokers, അടിമയാ. remuneration by Rājas for certain hereditary services.

യാപനം S. spending time കാലയാ. ചെയ്യാൻ Nal. ഏകസംവത്സരം യാ. ചെയ്തു Si Pu. = കഴിച്ചു. [വിക്ക.

യാപിക്ക S. = കഴിക്ക, to subsist V1. also യാ

യാപ്യം S. 1. removeable, യാ'ങ്ങൾ Nid. curable. 2. to be passed by, mean. 3. provender V1.

**യാമം yāmam** S. (യമ്). 1. Cessation. 2. the 8th part of a day, a watch of the night (= 10 നാഴിക, if only 3 യാമം are given to the night, as നട്ടയാ.). മുൻയാ., രണ്ടാം യാ., പാതിരാ യാ., നാലാം യാ. V1. അന്നേരത്തെ രാത്രിക്ക യാമങ്ങൾ മൂന്നല്ലതെന്നു ഗ്രഹിച്ചില്ല Nal. യാ. കാക്ക to watch. vu. ചാമം 2, 355. 3. highwater time. പതിനാലാം യാ. spring-tide at full moon, മുപ്പതാം യാ. at new moon, കൂടുക to set in, മുറിക to ebb V1.

യാമക്കോഴി 1. a cock crowing exactly $7\frac{1}{2}$ Nāḷika before sunrise. 2. a jackal (loc.)

യാമത്തല (& ചാ —) highwater, neap tide.

യാമിനി S. (& ത്രിയാമ) the night.

യാമ്യം S. related to Yama, southern യാമ്യന്മാരായുള്ള ശൂരന്മാർ CG. യാമ്യദൂതന്മാർ Bhg.

**യാവൽ yāvat** S. (യൽ). As much as, as far as. യാവത്തും all. യാവജ്ജീവം life-long. യാവൽകന്യാകുമാരി KU. as far as K. കല്പിക്ക യാ. പ്രമാണം Brhmd. say how far!

**യാവന**, see **യാപന**.

**യാവൻ yāvaṅ** 5. (യാ). 1. Who? = ഏവൻ; ബലഹീനനാം യാവനുചിതം സമാശ്രയം PT. pl. യാവർ, യാർ = ആർ; f. യാവൾ. 2. = യാതു used for rel. pron. ദേവിയെ യാവൻ ഒരുത്തൻ പൂജിയായുന്നത് അവന്റെ പുണ്യങ്ങൾ ഒക്ക ഭസ്മമാം DM. and ആർ ഒരുവൻ KR. യാതൊരു പുമാൻ Bhg. ഏവൻ ഒരുത്തൻ VyM.; fem. യാതൊരു ദേവി വിഷ്ണുമായേതി ചൊല്ലപ്പെടുന്നു അങ്ങനേയുള്ള ദേവിക്ക നമസ്കാരം DM.; pl. യാവർ എല്ലാം & യാവർ ചിലർ.

**യാവാരി yāvāri**, Tdbh. of വ്യാപാരി, A caste of merchants in shops & ships, a contractor, dealer in salt-fish etc. (in Talipar. 59) KU. V1. — (vu. ജാവാരി 406).

**യാഷ്ടികൻ** S. (യഷ്ടി). A club-or staff-bearer, യാ'ന്മാർ ആട്ടി അകററിനാർ AR. peons.

**യാഴ് yāḷ** (T. യാഴ് = വീണ) in യാൾപ്പാണം, യാൽപ്പാണം Jaffna, യാ'ണക്കട black silk umbrella, യാ'ണപ്പുതപ്പു a quilt, — പ്പുകയില tobacco.

**യാഴി** (T. യാളി fr. വ്യാളി S.). A lion; panther V1.2.

**യിയാസ yiyāsa** S. (desid. of യാ). Desire to go. യിയാസു wishing to go.

**യുക്തം yuktam** S. (യുജ്, യോജിക്ക; part. pass.). 1. Joined, ഭക്തിയുക്തൻ Bhg. = endowed with; occupied with, intent on ശോഭാലങ്കാരത്തിങ്കൽ യുക്തയായിരിക്കേണം VCh. a wife needs to have taste for. തപ്തസ്വർണ്ണവും ശീതസ്വർണ്ണവും യു'മാക്കുവാൻ പണി Si Pu. to solder. 2. fit, proper നീ ചൊന്നതു യു'മത്രേ KR. you are right. വന്നതു യു. Bhg. 3. = തക്കം opportunity ചെയ്യാന്തക്ക യു'ത്തെ വിചാരിച്ചു Ti.

**യുക്തി** S. 1. Junction, combination. 2. fitness, അതിന്നു യു. ഉണ്ടു that will do, very possible! plausible, quite conclusive. 3. use. ശാസ്ത്രയു. correct reasoning, വാൿയു. V1. 4. means, device, argument യു. കൾകൊണ്ടു സംശയം കളഞ്ഞു തെളിയിച്ചു Bhg. ബുദ്ധി തെളിയുമാറു നല്ല യു. കൾ ഉണ്ടാസ്സുരേണം VilvP.; യു. കൾ പറക to argue one with another. യു. കൾ മുട്ടി ശുക്രനു Bhr.; also advice യു. കൾ ചൊല്ലിത്തടുത്തു Bhg. warned. 5. a rhetoric figure, യു. കൾ V2. witticisms.

യുക്തിക്കാരൻ (2 — 5) clever, smart, witty.

യുക്തിഭംഗം impropriety; inconclusiveness. യു. ഉണ്ടു MR. (of disagreeing evidence).

യുക്തിഭാഗ്യം lucky conjuncture B.

യുക്തിഭാഷ a work on astronomy.

യുക്തിഭേദം unfitness, unjust inference.

യുക്തിമാൻ clever, quick-sighted. യു. പറഞ്ഞു രസിപ്പിച്ചു witty. യു. അറിയേണം VCh.

യുക്തിയുക്തം adapted for the occasion യു'ങ്ങളാം വാക്കുകൾ Bhg. [dence.

യുക്തിലേശാദികൾ VyM. circumstantial evi-

യുക്തിവിരുദ്ധം unseemly അവനു പിണ്ഡാപ്പ്ണം യു. VetC.

യുക്തിസിദ്ധം perfectly adapted യു'ങ്ങളായ വാക്കുകൾ Trav.

**യുഗം yug̑am** S. (L. jugum). 1. A yoke, Tdbh. നുകം. 2. a pair കചയു. Nal. പദ —, കര — Bhg. 3. age, period കൃതത്രേതാദ്വാപരകലി എന്നിങ്ങനേ 4 യു. KU. — 30 years are a month of the Gods, 12 such months their year, അതു നാല്പത്തെണ്ണൂറുകൊണ്ടു കൃതയുഗമാം (4800 divine years), 3600 = ത്രേതായു., 2400 = ദ്വാപരം, 1200 (രണ്ടുറുനൂറാണ്ടു) = കലിയു. CS. അന്നു വാഴുന്ന രാജാവു നന്നെങ്കിൽ കൃതയുഗത്തിൽ നല്ലതു കലിയുഗം prov. (219). വസിച്ചാൻ പലയു. Bhg. ആയിരംയു. കൎമ്മം അനുഷ്ഠിച്ചും തന്നെ ത്താനറിയാ Kei N. യുഗന്തോറുമുള്ള പൂജാവിധി Bhg 11.

യുഗളം S. = യുഗം 2. a pair പാണിയു. Bhg.; also കരയുഗളി KR.

യുഗാദി vu. feast at New year.

യുഗാന്തം the end of an age or of the world. യുഗാവസാനത്തിങ്കൽ മറഞ്ഞൊളിക്കുന്ന വേദങ്ങൾ Bhg.

യുഗ്മം S. 1. = യുഗളം a pair നക്ഷത്രയു. വിശാഖം KR. 2. an even number യുഗ്മരാശിയിൽ നില്ക്കിൽ PR. = ഇരട്ടപ്പെട്ടതു Gan. (opp. ഓജം or ഒററപ്പെട്ടതു).

**യുങ്കം** V1. = ചുങ്കം, യുങ്കപ്പുര etc.

**യുതം yuδam** S. (part. pass. of യു). Joined തുരഗയുതരഥം AR. സേനായുതൻ Nal. accompanied by. ധൎമ്മപത്നീയുതം വാണു Si Pu. adv. with.

യുതാനം V1. caution, security യു. തിരിയുക, യുതാനിക്ക. (Port. ajuda help?).

**യുത്ത് yut** S. War; Loc. യുധി Bhr. in war, hence: [war).

യുധിഷ്ഠിരൻ N. pr. the first Pāṇḍawa (firm in

**യുദ്ധം** S. 1. Fought. 2. war, battle ആയുധം എടുത്തു യു. തുടങ്ങി, അരിചില്ലാനവും മരുന്നും ഉറുള്ള യുദ്ധച്ചരക്കുകളും TR. ammunition. യു. ഏററീട്ടവിൻ AR. give battle. യു. ഭരിക്ക Mud. to lead the battle. യുദ്ധകൌശലങ്ങൾ (— ല്യങ്ങൾ Bhr.) അറിക Brhmd. to understand fighting (യുദ്ധസാമൎത്ഥ്യം).

യുദ്ധബദ്ധൻ a prisoner of war, captive.

യുദ്ധഭൂമി Bhr. = യുദ്ധനിലം, യുദ്ധാങ്കണം a battle-field.

യുയുത്സു Bhr. (desid.) eager to fight.

**യുവൻ yuvaṅ** S. (L. juvenis). Young യുവാവു, യുവാക്കൾ m.; വിപ്രയുവതികൾ Sah. f., ദിവ്യയുവതികൾ Bhr. heavenly virgins, പരയുവതികാമം Nal.

യുവരാജൻ S. the heir apparent, a co-regent Voc. യുവരാജ KR. = ഇളയ രാജാ; hence: യു'ജത്വത്തിന്നവകാശം KR.

**യുവസ്ഥം** vu. = ഉപസ്ഥം Pudenda.

**യുഷ്മൽ yušmad,** S. Your യു. പ്രസാദം VetC. വിശ്വാത്മാവിനു യുഷ്മദസ്മദ്ദ്വൈതങ്ങൾ ഇല്ല Bhg. [PT. (bug).

**യൂകം yūγam** S. A louse V1.; also യൂകികാവാക്ക യൂകിക്ക = ഊഹിക്ക V1. So. T.

**യൂഥം yūtham** S. (= യൂതം). A flock, herd.

യൂഥനാഥൻ a leader of wild elephants, a general, also യൂഥപൻ.

**യൂദൻ** m., **യൂദത്തി** f. A Jew, Jewess; also ജൂദതാഗം (Jew town) & ചൂതൻ Coch.

**യൂപം yūbam** S. A sacrificial post വില്വത്താലാറു യൂ. ഖദിരത്താലുമാറു, 6 പ്ലാശു, 2 ദേവദാരുവാൽ KR. [വന്നീടേണം VetC.

**യൂയം yūyam** S. You യൂ. കൎമ്മമാരാഞ്ഞു കൊണ്ടു

**യൂഷം yūšam** S. (L. jus). Pease-soup.

**യെൻ** in alph. songs = എൻ My, യെമ്പാപം HNK.

**യോഗം yōg̑am** S. (യുജ്). 1. Junction, connection, combination. ചാപശരങ്ങൾ ഒക്കവേ യോ. കൂട്ടി Si Pu. brought together, got ready. 2. an assembly ബ്രാഹ്മണയോ. KU. (ruling council). എണ്മർയോ. of Kōlattiri. ഏറിയ ലോകേനാൽ വന്നു കൂടി TP. for a feast. 3. assembling for war ആയുധക്കോപ്പോടേ ലോകത്തോടേ പോരുന്നു, എല്ലാരും ജോകേന പോരുന്നു in military array TP. യോ. തികെച്ചെത്തുവാൻ കറിച്ചു, നാട്ടിലുള്ള യോഗത്തെ തികെച്ചു വെടിയും പടയും ഉണ്ടായി TR. called out the militia. 4. connexion, as of stars, conjuncture ദുൎയ്യോ., സദ്യോ. astr. നിന്റെ തലവിതി ലോ

കം ഇതു TP. thy fate. ആ യോഗത്തിങ്കൽ വന്നു on that occasion, luckily. ദൈവയോഗത്താൽ PT. accidentally. ദൈവയോഗാൽ Nal. (see ദൈ—). ദേശയോ. കൊണ്ടു യാത്ര പുറപ്പെടുക എന്നു നിശ്ചയിച്ചു TR. on account of the state of the country. 5. means, rule, prescription നാരങ്ങക്കറിയുടെ യോഗങ്ങൾ കേൾപ്പിച്ചു KU. the recipe. ഓരോ യോ'ത്തിൽ അല്ലാതെ തിപ്പലി തിന്നോലാ GP. ഗുളികയുടെ യോ., ഒരു യോ. എഴുതിക്കൊടുത്തു etc. — fig. means മൂന്നു യോ'ത്തെ മനുഷ്യൎക്കു മുക്തി സിദ്ധിപ്പാനായി കല്പിക്കപ്പെട്ടു (ഭക്തി, കൎമ്മം, ജ്ഞാനം) Bhg. വൈരാഗ്യസംയുക്തനു ജ്ഞാനയോ. വിധിച്ചതു (വേദം) Bhg. 6. meditation, devotion & other ways of union with the Universal Soul ധ്യാനാഭ്യാസാംഗയോഗങ്ങൾ Bhg. യോഗമായതഷ്ടാംഗയോഗം (64) Chintar. മോക്ഷാൎത്ഥികളായി യോ. ധരിക്ക Brhmd. Sah. സൎവ്വഭൂതങ്ങളെയും ഓരംശമാത്രകമായി സൎവ്വദാ സേവിപ്പതു യോ. Bhg 11. 7. acquisition of supernatural powers ഇന്ദ്ര യോ. അനുഷ്ഠിച്ചു, സീത ആകുന്നതു യോഗമായാ ദേവി AR. യദുവംശത്തെ ആരുമറിയാതെ യോഗേന പുരിയിൽ ആക്കിനാൻ Bhg. by magic. 8. the philosophy of പതഞ്ജലി Bhg.

യോഗക്കാർ (2) the members of an assembly.

യോഗക്ഷേമം (4) welfare.

യോഗനിദ്ര (6) absorption in meditation, light sleep as of Gods യോ. യും ഉണൎന്നരുളിച്ചെയ്തു AR. യോ. തുടങ്ങിനാൻ Bhg. God's rest after a മന്വന്തരം.

യോഗന്മാർ (2) members of council KU.

യോഗപട്ടം (6) state, rank of Yōgis, esp. of their chief, sitting on യോഗപീഠം at Gōkarṇa KU.

**വന്ധ്യം** vandhyam S. (ബന്ധ്). Obstructed, unfruitful ദേവിവരം വ'മാകയില്ല SiPu. (= നിഷ്ഫലം rendered nugatory). കാമന്റെ സൌന്ദര്യത്തെ വ'മാക്കിട്ടും നളൻ Nal. = to defeat, surpass.

വന്ധ്യ f. a barren woman. വ. ാപുത്രൻ KeiN. an absurdity.

**വന്നല** vannala No. (വൻറല fr. തല). Grain rejected by winnowing (ചുറുക). — വ. കഞ്ഞി a kind of sour gruel from grain fermented by lying on the stack, food for the great hunting day, 10th Tulā. (also മന്നില etc. 789).

വ. ശ്ശേരി. N. pr. a Nambidi & his country (Port. & Jew. doc.).

**വന്നായം** PT. = ഭവിച്ചായം Futurity, see ആയം.

**വന്നിങ്ങ, വന്നങ്ങ,** see മന്നങ്ങ.

**വന്നി vanni** 5. (വന്യ?). Prosopis spicigera Rottl., ചെറുവ. a Mimosa (ശമി).

**വന്നിയൻ** T. Palg. N. pr. A Tamil tribe immigrated from Trichinopoly, വ'ൻ, വന്നിയച്ചെട്ടി; f. വന്നിയത്തി, — ച്ചെട്ടിച്ചി.

**വൻപു**, see **വൻ**. — **വന്മ** = **വലിമ** aM.

**വന്മീകം** S. (valmīγa = L. formica). An ant-hill = പുററു f. i. വന്മീകമദ്ധ്യതോ നിന്നു ജനിച്ചു AR.

**വന്യം** S. (വനം). Produced in a forest. വന്യമാലയും ചാൎത്തി, വന്യഫലമൂലക്കരനായി Bhg. വന്യചീരങ്ങൾ പരിഗ്രഹിച്ചു AR. (= വല്ക്കല).

**വപ vaba** S. 1. Caul, omentum. 2. fat = മേദസ്സു, synovia (mucous secretion of the flesh etc.) പിന്നേ വപയും എടുത്തു കാച്ചി മെല്ലേ പാൎത്ഥിവൻ KR. the chief part of a sacrifice. ബ്രാഹ്മണർ ആട്ടിന്റെ വപ (al. വമ്പ) നെയ്യിൽ വറുത്തു ഭക്ഷിക്കും Anach.

വപനം S. sowing; shaving.

വപുസ്സ the body ബലത്തെ ഉണ്ടാക്കും പ്രാണങ്ങൾക്കും വപുസ്സിനും Nid. — Loc. വപുഷി VetC. വപുൎന്നാശം വന്നില്ല KR.

വപ്താ a sower, planter (വപ് to sow).

വപ്രം 1. a field. 2. a rampart വപ്രോപരി പാഞ്ഞു AR. (for defence). നാലു വ'ങ്ങളും ചമച്ചിച്ചു VetC.

**വപ്പു vappu** (വൾപു?). 1. The projecting iron ring of a pestle വ'ം ചുററും (also മുന f. i. ചിററെന്നു ചൊല്ലി മുന കത്തുമ്പോൾ എന്നിക്കെന്റെ ചാപ്പാ ചിരി വന്നോളം TP.). 2. a fork വ. കൊത്തിയ മരം No. a fork cut in wood (കവെച്ചും by nature). 3. the underlip, വ. കടി biting it. വപ്പു കടിച്ചു വലിച്ചു, തല്ലാൻ വന്നു No. (മപ്പു Trav.). — വപ്പി toothless (= തൊണ്ണൻ) hollow-cheeked, വ. പറയുന്ന വാക്ക വിശ്വസിക്കേണം.

വപ്പുരവർ aM. a class of sailors (with പാണ്ടിയർ, ചോനകർ Pay.).

**വമനം vamanam** S. Vomiting വമനമലം വക്കിച്ചു Bhg. med. വമനഞ്ച വിരേചനം Nid. denV. വമിക്ക to vomit വ'ച്ചിതു ചോരയും AR. വിഷം വ'ച്ചു Bhg.

**വമ്പു vambu** 1. No. (C. ബംബു). A bamboo, chiefly as measure of palm-wine ഒരു വ. കടിച്ചു (= So. മുളങ്കററി). 2. = വൻപു (see വൻ). 3. (see വപ 2.) a part of the sheep's entrails.

**വയം vayam** 1. S. We കണ്ടുവല്ലോ വ. KR. 2. Tdbh. (വശം) dependence വയമാക്ക etc.

**വയക്കുക vayakkuγa** No. (= വഴക്കുക or fr. വയൽ). To bring into use, കാടു വ. (or പുനം 676) to clear jungle = വെട്ടി നിരത്തി സമമാക്കുക; also പുല്ലു വയക്കുക = ചെത്തുക.

**വയനാടു** (വയൽ). Wayanāḍu, one of the 5 അഞ്ഞാനാടു of Kērala KU., formerly under പുറനാട്ടുകര Rāja TR. — വയനാട്ടു കലവൻ No. one of the Tīyars' chief tutelar deities.

**വയന, വയനാവടി**, see **വഴന** 1 & 2.

**വയന്തം** = **വസന്തം**.

**വയമ്പു vayambu** (T. വചമ്പു, S. വച). 1. Acorus Calamus, sweet-flag GP 76. വെളുത്ത വ., വെൾവ. (വെണ്മയമ്പു) a kind. 2. Orris root. 3. a fish.

**വയൽ vayal** (T. Te. C. Tu. open field), T. M. A rice-field = കണ്ടം; വ. പാട്ടം rent on rice-fields, often വൈൽ f. i. fig. = land, shore സന്തോഷവാരിയിൽ മുങ്ങിന കഞ്ചന്താൻ സന്താപവൈലിലണ്ടായാനപ്പോൾ CG. — വയലിൽ കിടക്കുന്ന അയിററിങ്ങൾ No. = Pulayars. — Famous fields in Malabar are: രാമങ്കുളങ്ങര —, കോലത്തു —, രാമനാട്ടുകര —, തൊണ്ണൂറാം വയൽ etc.

വയല (see വയറ) വ. ഇടിച്ചു പിഴിഞ്ഞ നീർ a. med.

**വയറു vayaru** (T. വയിറു, C. ബസിരു fr. വയ T. C. Tu. to long for). 1. The belly, stomach അടിവ., കടവ., വയററുനമ്പലം, — വേദന TR. വ. കടിക്ക, കരണ്ടുക = മാന്തുക (a pain). വ. കാച്ചൽ hunger. വയററിന്നു പോക; വ. ഇളക്കം, വ. ഇളക്കുക to purge. പരിഭ്രമത്തോടേ വ'ററിൽ കൈവെച്ചു Bhr. (a coward in battle). 2. inside, receptacle of fruit-seeds (esp. gourds). ചുരങ്ങയുടെ വ. വെന്തു (by putting hot ashes into it); so മരത്തിന്റെ വ. or കട്ടി; also പറമ്പിന്റെ വ. = പള്ള 1, 634.

വയറ 1. meadow-grass, liked by cows. 2. a kind of താളി (വയറത്താളി). വ. ഉഴിക a

superstitious custom observed by Tāmūri's servants (വ. പ്പണിക്കന്മാർ) when bathing him. 3.=വശള.

വയറൻ m., — റി f. big-bellied. V1.

വയററി V1. a disease=വിക്കി; also: വയറി chiken-pox.

വയററാട്ടി So. a midwife=വേററി.

വയററു പാടിനു പോക (1) Palg. to go to work.

**വയസ്സു vayassu** S. (strength). 1. Age വ. മൂത്ത വർ ഇരിക്കവേ KR. older persons. വയസാ ബാലകനായി Brhmd. according to his age (opp. കൎമ്മണാ). വ. ചെന്നold. വ. പുക്ക Anach. marriageable. വയസ്സറിയിക്ക No. euph. to attain puberty. 2. years of one's life എത്ര വ.? answer: നാലഞ്ചു വയസ്സുള്ള പൈതങ്ങൾ Bhg. പത്തുവ. പ്രായമായി MR. വ. പ്രായം ക റഞ്ഞ കുട്ടി ആകകൊണ്ടു MR. ൨൨ വയസ്സിട യിൽ TP. within the 22 years I lived. ൱ വ. ചെല്ലോളവും Bhg.

വയഃക്രമം the order of age വ. കൊണ്ടു അവ ന്നു രാജ്യം വരും KR.

വയസ്ഥൻ middle-aged; contemporary.

വയസ്യൻ contemporary ഞാനും വ'നും SiPu. തരമായ വ'രോടു കൂടി CC. comrades. തന്നോ ടെ വ'രോടു Bhg. play-fellows.

വയസാ̆, വയസ്സൻ an old man. വയഃസ്സാൎക്കു ചോറു യോഗ്യം prov.

വയോധികൻ middle-aged Bhr. elderly. — വ' ക്യം വന്നു പോയി TR. he is too old (for his office). — fem. നടക്കവല്ലാഞ്ഞു വ'കമാർ KR.

വയോബലം V1. the strength of manhood.

വയോവസ്ഥാദിവികാരങ്ങൾ Bhg. changes by age etc.

**വയി** —, see വൈ —.

**വയ്ക്കോൽ** Straw, വൈ —.

**വയ്യ=വഹിയാ** q. v. ഇതു ആൾവ. TR. cannot be granted. നടക്കാൻ വയ്യാഞ്ഞിട്ടു MR. വയ്യാ വേലിക്കാരൻ who raises a dispute without cause, an oppressor.

വയ്യർ (fr. വഴി) the hind part of any animal, opp. മുന്നർ.

വയ്യീട്ടു TR. in the evening (വൈകുക).

വയ്യേ=വഴിയേ.

വാഴ്യാക്കി വന്നു KU. backwards.

വയ്യോൻ aM. the sun RC., see വെയ്യോൻ.

**വര vara** T. M. Te. (C. Tu. വറി fr. വരിക?). 1. A line, streak, furrow, wrinkle വ. കവി യാതേ V2. straight. വമ്പിൽ അണഞ്ഞു വര പോരുന്നോൻ അഴ്യോ CG. line of battle? rather Inf.=വരുവാൻ). 2. a square on a chess-board ഒരു വരെക്കു രണ്ടും കിട്ടി by one move. ഇന്നും ഒരു വര വെക്കെന്നോൻ Bhr. one play more! 3. time, turn, measure ഇന്നേവരയി ലും, ഇന്നേവരയോളവും TR. till now (വരേ).

വരക്കോൽ carpenter's gage; a ruler (1-4 കോൽ in length).

വരക്കൽ N. pr. temple near Calicut. വ. വാ വിന്നു (of Tulā) വന്നില്ലെങ്കിൽ ബന്ധു മറി ഞ്ഞു അടയാളം prov.

വരത്തടിപ്പലക V2. a chess-board.

വരയൻ striped V1.; വരയാടു sheep with streaks =മലയാടു.

**വരയുക** 1. (to limit). To disuse, abstain for a time പായും പടപ്പും വരെഞ്ഞോണ്ടു TP. (for a solemn task). മീനും വെററിലയും വര ഞ്ഞു നില്ക്ക (a vow). ഉപ്പും പുളിയും വരഞ്ഞിരി ക്ക med. കഴി വരഞ്ഞു നീർ കോരുവാനും കലം വ'ഞ്ഞു വെച്ചുണ്ണാനും KU. കൈ വരഞ്ഞിരിക്ക No. to menstruate (esp. for the 1st time). — CV. വരയിക്ക V1. 2.=വരിയുക to draw lines കടത്തു വയിനാടൻ വര വരഞ്ഞു TP. (or — ച്ചു).

VN. വരച്ചൽ 1. abstinence, regimen മീൻവ. etc. 2.=കൈവ. menses, വ. മാറിയോ etc. 3. (foll.) drawing lines, being wrinkled.

**വരെക്ക** (C. Tu. Te. write). 1. To make lines, to rule a page. വരെച്ചതു furrowed ground. വ'ച്ച ശില V2. prints. 2. to write കാൎത്തവി രൽകൊണ്ടു ഭുവി വരെച്ചു Bhr. കാൽനഖംകൊ ണ്ടു നിലത്തു വ. CG. (in perplexity). വരെച്ചു കിടക്കുന്നു Nal.

CV. ചിത്രം വരെപ്പിച്ചു MR. had a plan sketched.

വരേ (3) until, as far as, up to. എത്രവ. how long? കാണുന്നവരയും, തിച്ച് ആകുന്നവ. TR.; often Dat. ൧൦൦൦ ഉറുപ്യവരെക്കും കഴി

ച്ചു, പത്ത് ഇരുപതു വീട്ടുവരെക്കും കത്തിക്ക വന്നു TR. as many as. ആ വാരെക്ക് & അ ന്നേവ. jud.

**വരം varam** S. (വൃ), 1. Chosen, preferable, best വ. ഇണങ്ങിയ ശരം, വ. തികഴ് RC. excellent. 2. a boon, blessing, favour താൻ ഉണ്ണാത്തവർ വ. കൊടുക്കുമോ prov. വ. വേണ്ടതത്ഥിച്ചു കൊൾക SiPu. മൂന്നു വരങ്ങളെ വരിച്ചാലും Bhr. വരദ്വയം (two boons) KR. ശാശ്വതമായ വ. വരിക്ക VetC. വ. ഏകി RS.

വരദം (2) conferring boons. ഉണ്ണഹാരിണിയാം യ വരദ KR. N. pr. a river. വരദനായോരെ ന്നോടത്ഥിക്ക Bhg. chiefly one of the Trimūrtis.

വരദാനം granting a boon.

വരൻ (1) the best മൽഗുരുവരൻ VetC. കപി വര Voc. dearest monkey! 2. a wooer, husband.

വരപ്രസാദം (2) a gift, blessing V1.

**വരകു varaγu** T. M. C. 1. Paspalum frumentaceum, വരകരി its grain. 2. a grass Panicum. 3. (C. Tu. ബരെ, T. വറ empty) a small empty pepper-grain.—[പുളിയവരക Palg. exh.]

**വരട varaḍa** S. A goose ഇടികേട്ട വ. പോലെ RS.= അരയന്നം.

**വരടി varaḍi** Te. T. M. (വറു). 1. Dried cowdung for fuel, also വരളി, വരട്ടു ചാണകം V1. 2. a shrivelled body (loc.).

വരട്ട (T. aC. വറട്ട) 1. No. dry grass, hay, straw. 2. a dry cocoanut (വറട്ടു & വരട്ടു തേങ്ങ). 3. dry. വരട്ടുകര hooping cough. വ'ട്ടുപിത്തം med. വ'ട്ടുകായി etc. വരട്ടുകാലം summer; dearth. — വരട്ടുതല ascetic's matted dirty hair (ജട).

**വരളുക** (& വറൾ T. aM.). 1. To grow dry, parched, lean. വരണ്ട തേങ്ങ GP 69. (riper than പഴുത്ത, but not yet കൊട്ട — ). വരണ്ട നാവു Bhg. വായിവരളും KU. വരണ്ടനിലം. 2. to be fried. — VN. നാവു വരൾച്ച V1.

വരട്ടുക v. a. 1. to dry, heal a wound or sore സമുദ്രം വ'o RC. (Rāma). 2. to fry, grill കോഴിവ., ഇറച്ചി ചിതത്തി(ൽ) വരട്ടി TP.

**വരണം varaṇam** S. (വൃ). 1. Choosing, f. i. a princess her bridegroom വ. ചെയ്യുന്നി Nal. വ. ചെയ്കയേക്കാട്ടിൽ മരണം നല്ല CC. rather than marry. 2. covering, screening. ഗിരി പ്രജപുരിവ'ത്തിന്നുടെ പുറത്തു രാത്രിയിൽ ഇരുന്നാർ KR. wall.

**വരണ്ടുക varaṇḍuγa** (T. വരൻറുക to sweep over the ground). So. To rake grass, weeds, etc. hoe it up, harrow. V1.

വരണ്ടി 1. Palg. a rake, വരണ്ടിമരം a rake drawn by cattle. 2. No. a scraper to remove barnacles from the hull of a ship etc.

**വരത്തു** (loc.)= വരുത്തു Coming കപ്പൽ വ. പോക്കായിരിക്കുന്ന പട്ടണം Trav.

വരത്തൻ (f. — ത്തി), — ത്താളി a stranger, uninvited guest V1.

**വരമ്പു varambu** T. M. (വര). 1. Limit. 2. a bank in rice-fields, low ridge അതിരും വ. o doc. നീളേ കിളച്ച നട്ടുവ. TP. ഇടവ. a small ridge, pathway. ചെറുവ.; ചിറവരമ്പു for tanks. കാലി പൂട്ടി വരമ്പിട്ടു MR. made the bank, വ. കത്തുക to mend it after ploughing (also കൂട്ടുക); വ. കോരുക = വെള്ളത്തിന്നു ചാൽ ഉണ്ടാക്ക V2. ചിറെക്കു ചുറവും വ. എടുപ്പിച്ചു Arb. വ. വഴി a causeway.

**വരയുക**, see **വര.**

**വരവു** = വരത്തു, see **വരുക.**

**വരൾ**, see **വരട്ട.**

**വരാംഗം** S. (വരം). 1. The best member, head. 2. elegant form.

വരാംഗന S. a fine woman.

**വരാടം** S. A cowrie-shell (കവിടി).

വരാടി a tune വരാടിയും തോടിയും പാടി Bhg 10. (So. T. വരാളി).

**വരാന്ത** Port. **varânda** (പ്രാന്തി, ഭ്രാന്താ).

**വരാപ്പുഴ Verāpoli**, seat of Syro-roman bishop & Carmelite mission (old വരാഹപ്പുഴ).

**വരാൽ varāl** T. M. A fish Ophicephalus striatus (fr. വര) GP 58. (In Cal. പ്രാൽ = കണ്ണൻ, വിരാൽ V1.)

**വരാഹം varāham** S. (L. verres). A hog; വരാ

ഹമൂൎത്തി, വ'രൂപി Bhg. the boar incarnation of Višṇu.

വരാഹൻ 1. a gold coin, pagoda ബഹാദ്ദ വ. 4 Rup. 50 reas, പൃ വ. 3¾ Rup. 50 r., പറങ്കിവ. 3¼ (also പറങ്കിപ്പേട്ട വ.) TR. A.D. 1797. ഇക്കേറിവരാഹൻ 98,— ബ്രാഹ്മൻ പണം, നമ്മ വിരാൻ വിലെക്ക കൊണ്ട പൊൻമൊട്ട TR. 2⅛ of weight V1.

വരി vari 5. (=വര) 1. A line, rule=ചീർ f.i. വ. ഇടുക to make a line. ഒരു വ. straightly. വ. പിഴെക്ക to miss the line; ചെവ്വരി; വരിയിണ നീണ്ടിരിണ്ട കണ്ണാൽ RC. eyes marked with antimony. 2. a row താഴെ വ. പല്ലിൽ jud. അഞ്ചു വ. കല്ലു കെട്ടി courses, layers. വാഴവ. TR. വ. ഒപ്പിച്ചു KU. stood in array ഏഴുവരിച്ചുതു തോററുപോയി TP. 3. a writ (=രേഖ) എന്നു പറഞ്ഞു കാണിച്ച വ. MR. a document. 4. tax, levy, contribution. വ. കൊടുക്ക to subscribe. വരി എഴുതുക Palg. to collect contributions. വ. പതിക്ക to assess (loc.=നികിതി). പുതുവരിക്ക നികിതി ചെയ്യു TR. തങ്ങൾതന്നേ മുതൽ വ. ഇട്ട് എടുക്ക to assess themselves. 5. a wild growing rice with rough beards eaten by Ṛšis, Rājas on ഏകാദശി (S. നീവാരം). വ. ച്ചോറു SiPu. 6. testicle വരിത്തുടയിൽ ഒരു മൎമ്മം ഉണ്ടു, വരിമൂലത്തിൽ ഒരു മൎമ്മം, അവിടേ അസ്ഥി ആശ്രയമായിരിപ്പുതു MM. വ. എടുക്ക V1. to geld. വ. പൊട്ടുക a rupture. ആന്ത്രക്കടച്ചൽ കൊണ്ടു വ. വീങ്ങി vu.; also penis. വരിക്ക ബഹുവേദന, വ. ക്ക മുറി കാണ്മാനില്ല TR. 7. aM. T. (Tdbh. of വാരി) the sea വാരിയിൽത്തിര കണക്കേ, വരിതന്നിൽ തള്ളും തിര RC.

വരിക്കണക്ക (3) an inventory. വ'ക്കിൽ ചേൎക്ക MR. official records.

വരിക്ക good, sweet (fruit), Tu. M. (& വഴക്ക) the pulp of an unripe cocoanut. വ. പ്ലാവു superior jack-tree TP. തേനും വ. ച്ചുളകളുമേ Anj. വ. മാങ്ങ etc.

വരിക്കണ്ണി a creeper, Smilax aspera.

വരിച്ചാൎത്തു (1. 3) a list എണ്ണം കണ്ട് ഒരു വ. ഉണ്ടാക്കി TR.

വരിനിര (2) a row വ. ഒത്ത രദനഭംഗി KR. regular teeth.

വരിനെല്ലു (5) also med. വ'ല്ലിന്റെ വേർ GP.

വരിപ്പട a staircase.

വരിപ്പണം (4) tax, tribute.

വരിപ്പു So. a ledge; a raised ginger-bed വ. താങ്ങുക B. (to raise).

വരിമിഴിയാൾ (1) Bhr.

വരിമീൻ a carp, Cyprinus or Cybium D. V1.

വരിയൻ 1. striped വ. വള KU. വ. പുടവ V1. 2. the royal tiger തെങ്ങോലവ., നെടുവ. also വരിപ്പുലി.

വരിയാക്ക (2) to place in a line or row വ'ക്കി നില്പിച്ചു TR. = അണിഇട്ടു.

വരിയാത്തു T. So. rhubarb വ. കിഴങ്ങു.

വരിയുക 1. To draw lines. 2. to tie a net-work of strings, wire ഭരണി വ.; to bind lathes over a leaf-roof etc. 3. to bind tightly കാലും കരവും വരിഞ്ഞുറക്ക കെട്ടി Bhr. കള്ളനെ വ'ന്ന പ്രകാരം jud. കാലും കരവും വ'ഞ്ഞു കണ്ഠേറ തന്നിൽ പിടിച്ചു തള്ളി Mud. 4. to cut, slash as fish for salting. — VN. വരിച്ചൽ.

വരിയോല (3) a writ, deed ഒരു വ. അങ്ങോട്ടു കൊടുത്തയച്ചു, ബ്രാഹ്മണർ എഴുതിയ വ., കൊടുത്തുവരുന്നവകെക്ക എഴുതിയ വയ്യോല, വ. പടിക്ക TR. ഗ്രാമക്കാർ കൂടി ഒരു വ. എഴുതിച്ചു VyM. an agreement.

വരിവെള്ളം B. a stream of water after rain.

വരിശാസനം (3) perpetual assignment of land, free of rent, to Brahmans, favourites, etc. reverting to the donor on failure of heirs to the assignee.

വരിക, see വരുക.

വരിക്ക I. & വരിപ്പു, see വരി.

വരിക്ക II. varikka S. (വരം). 1. To choose ഒരുബ്രാഹ്മണനെ വ'ച്ചു KU.; to wish, prefer, വസിഷ്ഠനെ പുരോഹിതനായി വ'ച്ചു Bhr. അവനോടു വ. Bhr. & വരഭയംകൊണ്ടു വ'ച്ചു ഭൂപനെ KR. asked him for. നാകനാരീജനം വന്നു വ. യും Bhr. to woo on the battle-field. 2. to accept, take.

വരിച്ചകം (വരിച്ചു T. transverse rods fr.

വരിയുക 2). A Hibiscus with acid fruit V2. also പനിച്ചകം, vu. വരിച്ചികം.

**വരിഷ്ഠം** = വക്ഷം f. i. പൂവ. ചെയ്യാർ Bhg.

**വരിഷ്ഠം varišṭam** S. 1. Superl. of വരം. The best അവനിസുരവ'ർ VetC. അവക്കു വ'ൻ ഞാൻ Nal. the chief, മുനിവരിഷ്ഠ KR. ബ്രഹ്മവിദ്വരിഷ്ഠന്നു രണ്ടിന്നും ഭേദം ഇല്ല ChR. 2. Superl. of ഉരു the largest.

വരിയസ്സ് Compar. f.i. ബ്രഹ്മവിദ്വരൻ, ബ്ര' രീയാൻ, ബ്ര'രിഷ്ഠൻ KeiN 755.

**വരു varu** (Tu. bari, വരമ്പു). Boundary, border ചോലകളുടെ ര പുറവും അഴ കുത്തി വരു തിരിപ്പാൻ സ്ഥലവുംകൂടി എഴുതി കൊടുത്താൻ MR. (= അതിർ കിളെപ്പാൻ). വരു വെട്ടി doc.

വരുകുക, കി to mark a limit in measures V1.

**വരുക varuɣa** 5., vu. വരിക, Imp. വാ 1. To come (opp. പോക, ചെല്ല). വന്നറിയാഞ്ഞാൽ ചെന്നറിയേണം prov.; to return home കളിച്ചുവന്നാൽ ഉണ്ണെ a. med. അങ്ങാടിയിൽ പോയ്യു., ജന്മിയായിട്ടു കണ്ടുവ., പോയ്യുരട്ടേ 722. ഞാൻ വരട്ടേ = പോകട്ടേ, സൂക്ഷിച്ചോ, താമസിക്ക, (also obsc.). ഞാൻ വരേണ്ടു സമയം ഏതാകുന്നു when do you wish me to come? 2. to arrive (= ചേരുക), to attack അനന്തരവന്മാർ ആ പറമ്പോട്ടു വ. യില്ല എന്നു TR. so as to prohibit the descendants from claiming it. 3. to happen ഞാൻ ഇരിക്കേ വരുന്നതല്ലിതു ChVr. വരുന്നതു വരട്ടേ. 4. to be obtained, received നമ്പൂതിരിയുടെ കണ്ടം ദേവസ്വത്തിലേക്ക് എങ്ങനേ വന്നു TR. came to form part of. പാഠം വരുമോ possess, know.

auxV. (വ is dropped in കൊണ്ടരാം Mud. കൊണ്ടന്നു PT.) കൊണ്ടുവരാം Mud. 1. desirableness of an action (opp. പോക). മുമ്പനായ്യു. Bhr. (a blessing). സപത്നമായ്യുരാ. 2. a longer process കൊല്ലായ്യുരും Bhr. എന്നു വരികിൽ = എങ്കിൽ; നാ൦ ഉഴപ്പിക ഉള്ളതു പോരാതേ വരുന്നു jud. will (eventually) not suffice. 3. continuance of action പരിപാലിച്ചുവരേണം KU. ദുഷ്ടരെ വധിച്ചുവ്വീ ഭാരം തീൎത്തു വരുവിൻ Bhr. എഴുതിവ. TR. to write always. 4. with Nouns often = ആക, പെടുക f. i. അതു ചേതം വന്നുപോയി is lost. പകൽ അറുതി വന്നു, എന്നതിപ്പോൾ നിശ്ചയം വന്നു Bhr. ഫലംവ., സംഗതിവ., അതു കഴിവരാ Bhg. വിശ്വാസം വരായല്ലോ Mud. cannot be trusted.

വന്നുകൂടുക (3) to happen.

വന്നുപോക (3) to come about, happen undesirably. അങ്ങനേ വ'യി vu. കൊന്നത് അറിയാതേ വ'യതു by a mistake. വന്നുപോട്ടേ let it come, if unavoidable, I am ready for it. വിപ്രിയം നൃപന്മാൎക്കു വ'വതിന്നു Mud.

VN. I. വരൽ in വരല്ലുണ്ടു use to come.

വരവര gradually നിശാചരന്മാർ വ. മുടിഞ്ഞു RC. (as they severally came).

II. വരവു (1) coming അവൾ നായന്മാർ വരുന്ന വ. കണ്ടു TP. ശബരി രാമൻ വരുന്ന വ. പാൎത്തിരുന്നു VilvP. — (4) income, receipts വരവിന്നു സമാനം ചെലവുമതു വേണം ChVr. with kings. പറപ്പുനാട്ടുന്നു വ. പണം TR. the revenue collected in P.

വരാത്തു (1. 3) impossible (old വാരാതു). — (4) unattainable വ. കാൎയ്യം മോഹിക്കരുതു KU.

III. വരായ്യ 1. neg. not coming. 2. No., vu. വരായ്യു (ആളുക) income, receipts മററൊരു വ. ഇല്ലായ്യുകൊണ്ടു, അദാലത്തിലേ വ. ആററിന് ആറു കണ്ടു TR. വളരേ വരാഴിക ഉണ്ടു Ti.

IV. വരുത്തു (So. വരത്തു q. v.) coming ഇന്ദ്രജയിത്തിൻ വ. കണ്ടു RC. വരുത്തിലേ RC. in attacking.

CV. I. വരുത്തുക 1. to cause to come or happen. വരാത്തവനെ വരുത്തിയവനും etc. (blessing) വരുന്നവനെ (neg. CV.) വരാതാക്കിയവനും etc. (curse) of the Payāvūr priest.— വരുത്തും ക്രിയ the art of making a snake to return to its bite that it suck out the poison. ഇക്കഥ ഒക്കവേ ലോകത്തിൽ വ'വൻ VilvP. I shall introduce, publish.—To bring on one (സൌഖ്യം, ദുഃഖം) വരുത്താവതൊക്ക വ. Mud. do with me as you are permitted. 2. to fulfil, accomplish കാമിച്ച വസ്തുവ' വൻ CC. അങ്ങനേ വ'ത്താതേ അയക്ക Sk.

let them off lest these menaces be fulfilled. നിന്നുടെ കാൎയ്യം വ'ന്നതുണ്ടു ഞാൻ Nal. 3. to find, solve a problem (also ഉണ്ടാക്ക). അതു വരുത്തും പ്രകാരം CS. ജ്യാശരങ്ങളെ വ. പ്ര. Gan. (in math.). 4. with Nouns like auxV. 5. to make (=ചെയ്യു, പെടുത്തുക), അവൎക്ക് അമച്ച് വരുത്തി & ഉക്ഷന്മാരെ അമച്ച് വരുത്തി suppressed. ബോധം, പഞ്ചതപം വ. Mud. അവരെ അപായം വ'ത്തി TR. അരചന്മാരെ അറുതി വ. Bhr.

II. വരുത്തിക്ക to fetch പട്ടക്കാരനെ വ. VyM. മന്ത്രികൾ ഒക്കവേ വ'ച്ചു KR. സാക്ഷിയെ വ'ക്കാം TR. വഹ്നിയുടെ പുക്ഷിവ'ച്ചാൻ KR.

III. തന്റെ മുമ്പാകേ വരുത്തിപ്പിക്കുവാൻ TR.

വരുമാനം income വാരത്തിന്നു കൊടുത്താൽ ഇ0 ഉദ്ധ്യപ്തിക വ. Palg. So. No.

വരുംകാലം the future; also gramm.

വരുംകൊല്ലം next year.

വരുവാനുള്ള future, വ. തു Bhg. പോക്കാമോ വ'ള്ളാപത്തു Mud. the fate decreed.

IV. വരുവിക്ക T. Trav. = വരുത്തുക.

**വരുണൻ** varuṇaǹ S. (വൃ). 1. Uranus, the Deity of the heaven. Ved. 2. Neptune, the God of water & rain; the ocean; western. Brhmd. KU.

**വരുതി** varuđi So. (വരമി C. Tu. news, report fr. H. birad fame?, Ar. barāt, order; or വരുക?). 1. Report. 2. command, proclamation വ. പ്രകാരം ജനങ്ങൾ കൂടി Trav.

**വരുത്തം** varuttam T. M. (T. വരുന്തുക to be in trouble, വറു & വരു T. C. Tu. poor). 1. Trouble, toil, affliction. 2. esp. sickness ൩ മാസമായി വ'ത്തിൽ കിടക്കുന്നു, തടിക്ക് അസാരം വ. TR. അവനുപാരം വ.; also വരത്തം പോയ്പ്പോക്കുക TP. (fr. വരുക 3?). — ഓളേ വരത്തം ഇനിക്കു പററി No. vu. caught a disease from (or met. 1.)

**വരുമ**, see **വെറുമ**, H. Port. A gimlet.

**വരൂഥിനി** S. (വരൂഥം defence, fender round a chariot). An army, Bhg.

**വരെക്കം, വരേ**, see **വര**.

**വരേണ്യം** varēṇyam S. (വൃ, വരം). Superior. Voc. വരേണ്യ KR. ജനശരണ്യവരേണ്യ VetC. most noble protector!

വരേന്ദ്രൻ S. (വരം) the best of the good, Bhg.

**വരേരി** No. vu. = വരഞ്ഞിരിക്ക, f.i. മരുന്നിന്റെ വ. ഉണ്ടു I must keep diet = നല്ലിരിക്ക 535. വരേരി ഇരിക്ക to fast (a vow).

**വൎക്കത്തു**. Ar. barakat, (വരുക്കം Vı.). Blessing; riches; fortune, luck (=ശ്രീത്വം); extraordinary. രോഗം പിടിച്ചാൽ ശരീരത്തിൻ വ. വേഗം ക്ഷയിക്കും PT. വംശശുദ്ധിയും ഇല്ല കണ്ടാൽ വ. മില്ല PT. ഒരുമെക്ക ഒമ്പത് വൎക്കത്ത് prov.

**വൎക്കാസ്സ്** Port. barca; A sea-boat, bark, കടലിൽനിന്നു വൎക്കാസ്സ് ഒഴകികൊണ്ടു വരുന്നു TR. a long-boat, ship's boat.

**വൎക്കോപ്പുലോഞ്ചി** B. Sapindus laurifolius = ഉഴിഞ്ഞ.

**വൎഗ്ഗം** vargam S. (വ്രജം or fr. T. C. Te. varisa line). 1. A class; row of letters കവൎഗ്ഗം the Gutturals; ചവ. etc.; section of a book; ഏകവ. ാകുന്ന മാനുഷവൃന്ദം Nasr. caste. 2. sex സ്ത്രീവ'ത്തിന്നു a. med. 3. assemblage of similar things ത്രിവ., ദശവ'ങ്ങൾ (=ഉശയാക്ഷാദികൾ) KR.; crowd ദേവതാവ. തുണെക്കും Nal. മിത്രവൎഗ്ഗം AR. 4. a square in arithm. തന്നെതന്നെക്കൊണ്ടു പെരുക്കിയതു വ. ആകുന്നു CS. വ'ത്തെയും ക്ഷേത്രരൂപേണ കല്പിക്കാം Gan. can be represented geometrically. മൂന്നിന്റെയും നാലിന്റെയും വൎഗ്ഗാന്തരം ഏഴ Gan. the difference of the squares of 3 & 4 = 16 — 9 = 7. 5. No. M. C. Tu. property, or a special tenure, freehold. ഭൂമിക്ക രാമരേ പേരിൽ വ. ആകുന്നു (Nīlēśwara). Often without ം f.i. വൎഗ്ഗയായി വന്നു കൂട്ടം മോക്ഷം Bhg 11. (fig. your birth-right). മഠത്തിന്നു വൎഗ്ഗ ആരേ പേരിൽ ആകുന്നു? മഠത്തിന്റെ സ്ഥലത്തിന്നു വൎഗ്ഗ N. പട്ടരേ വ'ത്തിൽ സൎക്കാർ നികിതി ൨൹ ഉദ്ധ്യപ്തിക കൊടുത്തു വരുന്നു jud.

വൎഗ്ഗക്കാരൻ (1) of the same class കട്ടവരായും തന്റെ വ'രെ തിന്നുകയില്ല Trav.

വൎഗ്ഗിക്ക (4) to square, multiply with the same number CS. — വൎഗ്ഗമൂലം the square root, Gan. —

No. = ഭഗ്ഗിക്ക to purloin, embezzle അതിൽ നിന്ന് ഏതാനും വ'ച്ചുവോ vu.

**വൎച്ചസ്സ്** varčas S. Vigor, lustre, light.

**വൎജ്ജനം** varjanam S. Turning off, abandoning, avoiding വ. ചെയ്തു Nal. സൎവ്വകാമവ. Bhg.; esp. religious abstinences സ്ത്രീസംസൎഗ്ഗവ., അഭ്യംഗവ., താംബൂലവ. SiPu.

വൎജ്ജനീകാൎയ്യങ്ങൾ ചെയ്യാതിരിക്കേണം Bhr. improper.

വൎജ്ജിക്ക to quit, avoid, eschew പുളിവ. a. med. അശുദ്ധിവ. KU. — part. വൎജ്ജിതം Bhg.

വൎജ്യം (& വൎജ്ജനീയം) 1. to be avoided. വ' കാലം unlucky. എന്തെല്ലാം വ. what diet to be observed? 2. censurable, improper വൎജ്യാവൎജ്യം ചെയ്തു to distinguish between good & evil KR.

**വൎണ്ണം** varṇam S. (വൃ). 1. Color, varnish. Tdbh. വന്നം V1. 2. caste, tribe വിപ്രാദി നാലു വ'ങ്ങൾ SiPu. വൎണ്ണകൎമ്മം മറുള്ള ജാതിക്കില്ല Bhr. (= നാലു വ'ത്തിൻ പ്രവൃത്തി, വൎണ്ണധൎമ്മങ്ങൾ Sah.); also പന്തിരുകുലവ. KU. — വ. ഒപ്പിക്ക Gan. to reduce fractions to the same denomination. 3. letter ശബ്ദവ'ങ്ങളാൽ ചൊല്ലിനാൽ UR. അവ്യക്തവ'ങ്ങളാം വാക്കുകൾ Bhg. infant's talk. വ്യക്തവൎണ്ണസ്വരമന്ത്രം AR. 4. praise; a musical mode.

വൎണ്ണക്കിളി (1) a certain butterfly.

വൎണ്ണനം & വൎണ്ണന description, esp. highly colored; praise, Bhg.

വൎണ്ണനീയൻ നൃപൻ Nal. to be extolled.

വൎണ്ണഭേദം (2) variety of caste or color; സൎത്താന്റെ കല്പനയിൽ ഹിന്തുജാതികൾ ഒക്കയും വ. വരുത്തി പാൎത്തപ്പോൾ TR. change of caste & religion.

വൎണ്ണാചാരം (2) caste-customs.

വൎണ്ണി (2) belonging to a class. (in Cpds.) ഇതുയവ. കൾ ഒന്നു തന്നേ ദ്രവ്യം Bhg. Trimūrtis. നാലു വ. കൾ persons of the 4 upper castes.

denV. വൎണ്ണിക്ക 1. to paint. ശ്ലോകാൎത്ഥം ഇങ്ങനേ വ'ച്ചു Nal. explained. 2. to describe, extol, praise കഥ വൎണ്ണിച്ചു ചൊല്ലു Sah. to tell (in poetry). — part. വൎണ്ണിതം.

**വൎത്തകം** vartaγam S. (L. verto). 1. Occupation, trade. 2. quail, Perdix diceca?

വൎത്തകൻ 1. a merchant, trader T. C. Tu. Te. 2. being or moving in (= വൎത്തി).

വൎത്തനം moving, living (സംസാരവ. Bhg.); occupation. — വൎത്തനി a track, rut, way.

വൎത്തമാനം (vu. വറത്താനം കേട്ടു TP.) 1. present; gramm. വ'നകാലം. 2. occurrence ക്രീഡിക്കും വ. കണ്ടു Genov. വ. പോലേ പറഞ്ഞു TP. 3. the news of it നടന്ന വ., ഇവിടത്തെ വ. (heading of official reports). വ. മനസ്സിലാകയും ചെയ്തു TR. intelligence, contents of a letter (= അവസ്ഥ). വ. കേട്ടു TP.

വൎത്തി 1. abiding in പിതൃശാസനവൎത്തിനി f. VetC. 2. the wick of a lamp.

വൎത്തിക്ക (to turn, move about), to behave, stay, live ലോകേ വ'ച്ചു Bhg. ഞാൻ മറെറപുറം വ. യില്ല Bhr. = നില്ക്കയില്ല.

വൎത്തുളം S. round. — വൎത്തുള a whirl.

വൎത്മാവു S. 1. way; Loc. വൎത്മനി Bhg. ഉട്ടിഷ്ഠു വൎത്മനാ ചെന്നു Brhmd. 2. (eyelid) a disease Nid 25.; enclosure, as of piles etc.

**വൎദ്ധകം** vardhaγam S. Increasing, strengthening.

വൎദ്ധന increase ഈ വക നടപ്പു വ. യാവാൻ, ആ പ്രവൃത്തികൾ വ. വരാതെ ഇരിപ്പാൻ MR. to spread, be encouraged.

വൎദ്ധനം 1. growing. 2. causing to increase. ഭക്തിവ. Bhg. (as a കഥ) helping on piety. 3. perquisites of servants V1.

വൎദ്ധമാനം (part. pres.) increasing, thriving.

വൎദ്ധി augmenting, Bhg.

denV. വൎദ്ധിക്ക to grow, increase, prosper. കടികൾ വ'ച്ചു വരുവാൻ TR. ശ്ലേഷ്മം വ'ച്ചു തലമനാകിൽ a. med. by predominance of phlegm (= മികെക്ക).

part. വൎദ്ധിതം as വൎദ്ധിതമോദനായി CG. still more rejoiced.

CV. വൎദ്ധിപ്പിക്ക to raise, increase നമ്മെ വ'ച്ചു PT. (= പോററി). സമാധാനസൌഖ്യം വൎദ്ധിക്കുമാറാകട്ടേ (epist.). തങ്ങളാൽ വ'പ്പെ

ട്ടോത ജനങ്ങൾ PT. brought up. ഉദ്വൎഹാരം വ. MR. to promote, encourage, spread.

**വൎമ്മം varmam** S. (വൃ). 1. Armour, mail ബന്ധിച്ച വൎമ്മയുധാദിയോടും Bhr. വൎമ്മചൎമ്മങ്ങളിലും ചതുരൻ VCh. — fig. ദൈവം ഇന്നൊരു വ' മായി നിന്നീലവന്നെങ്കിൽ Mud. if God is not his shield. 2. (No. loc.) = മൎമ്മം.

വൎമ്മൻ a cognomen of Rājas കേരളവ., രവിവ'ർ etc. KU.; often contracted കഞ്ഞോമൻ, ഉണ്ണുമ്മൻ etc.

വൎമ്മിക്ക (2) to be endangered Vl.; to vie.

**വൎയ്യം varyam** S. (വരം). Preferable, excellent വിപ്രവ'ന്മാർ KR.

**വൎഷം varšam** S. (& വരിഷം = വൃഷ്ടി). 1. Rain വൎഷസമയം അവിടേ വെള്ളം നില്ക്കുന്നു, വൎഷക്കറവിനാൽ MR. വൎഷധാര ഏററു Bhg.; fig. ബാണങ്ങളാൽ വ. തുടങ്ങിനാൻ KR. a shower of arrows. ഊഷ്മപ്രമോദാശ്രുവ. ചെയ്തു SiPu. 2. the monsoon, year വ. തോറും, വൎഷാന്തരം, വൎഷാവധി every year. വററുവ. a dry year. 3. a division of the continent നവവ'ങ്ങൾ, ഭാരതവ. (the 9th) Bhg 5.

വൎഷ S. rainy season (= വൎഷകാലം, വൎഷൎത്തു), വ. യാം ഋതു Bhg.

വൎഷാഗമം (1. 2) = വൎഷാരംഭം.

denV. **വൎഷിക്ക** 1. v. n. To rain. 2. v. a. to shower പുഷ്പങ്ങൾ വരിഷിച്ചാർമരകൾ Bhr. ബാണങ്ങൾ തരുക്കളും വ'ച്ചാർ ബഹു വിധം SitVij. ശൂലാദികൾ വ'ച്ചാർ അസുരർ DM. അവർ ശരനിര വ'ച്ചു Bhr.; also with Acc. of the person berained പുഷ്പങ്ങളാൽ വ'ച്ചു രാമനെ Bhg.

CV. വൎഷിപ്പിക്ക 1. to cause rain വ'ച്ചീടും ഇന്ദ്രൻ Bhr. 2. = വൎഷിക്ക 2. പൊടി വ'ച്ചാൻ UR.

വൎഷിഷ്ഠൻ (വൃദ്ധ) greatest, highest; aged.

വൎഷോപലം S. hail വ. ഉറെച്ചാലിവാകുന്ന പോൽ Bhg. [ദ്ധാവു).

വൎഷ്മം S. height, size, surface, body (also വ

**വറ vara** T. M. (വറുക്ക q. v.). 1. Frying, വ. കലം a frying pan. 2. a gum or glue, വ. തേക്ക to varnish B. 3. a part of the capstan (loc.).

വറകോഴി a kind of bird B.

**വറം varam** No. C. Tu. 1. (വറു). Drought, scarcity വെള്ളത്തിന്നു വളരേ വ. ഉണ്ടു, അവന് ഓരറവും ഇല്ല വ'വുമില്ല no want; also വറതി No. vu. = വറുതി. 2. see അറം.

വറൽ (Cann.) a dry dish, fried curry വറലും ഇട്ടു, also വറവു ചേൎക്ക (Cal. = T. വറ).

വറവു (= വറം) 1. frying, see prec. 2. drought, famine. 3. dry season.

**വറടി varadi** T. M. (C. Te. empty വറു). A barren woman പെററവൾ ഉണ്ണുന്നതു കണ്ടു വ. കാതം പാഞ്ഞാൽ എന്തു ഫലം prov.

വാട്ടു = വരട്ടു 3. dry, as fruit വററു തേങ്ങ, വ. മഞ്ഞൾ a. med. (& വറണ്ട മഞ്ഞൾ MM.).

വറളി = വരടി 1. So. dried cow-dung (for fuel), Palg. also വാട്ടി തല്ലുക = പരത്തുക.

**വറളുക** T. M. 1. To dry up, grow dry ജലം വറണ്ടുള്ള കുളം KR. വായിൽ നീരു വ'ണ്ടു പോം VyM. തൊണ്ട വ'ം KU. ഉണങ്ങി വ'ണ്ട ജിഹ്വ AR. a parched tongue. തീൎത്ഥം വ'ണ്ടു പോം PT. തോൽവ. Palg. Cann. the skin to shrink, chap. 2. a wound to be healed. 3. to grow very lean.

VN. വറൾച്ച drying up (as of നാവു), bodily heat Vl.

വററുക 1. to dry up, parch ഊഷ്മതകൊണ്ടു വ'ട്ടിച്ചമച്ച ഗ്രീഷ്മകാലം CG.; fig. തൽകലം വററി ധൎമ്മം ചെയ്തു prov. 2. to fry, grill.

**വറു varu** T. M. (C. Tu. bari, Te. bare = വെറു). Empty, poor, dry. വറുക്കഷായം decoction from parched medicines (opp. പച്ചക്ക). വറുപൊരിയെൾ Pay., see foll.

**വറുക്ക** T. M. To fry, grill, parch കാകോളമാം തീയിലിട്ടു വറുത്തു കറുത്തു ഞാൻ Nal. നെൽവ. to parch rice in order to free it from husk (worse method than പുഴുങ്ങുക). വറുത്തരി Anj. വറുത്തെള്ളും Mud. (offered to a parrot). നെയ്യിൽ വ'ത്തു ചുക്കാമ്പോൾ a. med. വറുത്തിടുക (& വ. ചേൎക്ക) to season with spices (vu. വറ —). വ'ത്തിട്ടിട്ട് ഉടലും പോക്കിപ്പിക്കുംBhg. (in hell). നാവറുത്തു കട്ടഭാഗേ വറുത്തിടേണം (po.).

വറുക്കപാത്രം Vl. a frying pan.

വറുതി T. M. C. Tu. 1. drought, heat. 2. famine, poverty. കോഴി വ. ആക scarcity, scarce; opp. അടിയുക. — (vu. വറതി).

വറുത്തു fried. വറുത്തുപ്പേരി fried fruit. വറുത്തെരിശ്ശേരി a certain kaṙi.

വറുമ T. M. poverty, misery V1.

വറുവു 1. with ഒചക്ക, see വറവു, വറൽ (loc.). 2. വറുവോടു the potsherd used for നെൽ വറുക്ക.

വറോൻ (=T. വറിയോൻ?) poor or thievish, when starving? ചോറും വെച്ചു കൈ മുട്ടുമ്പോൾ കാക്കച്ചി വ. (വരും) prov.

വററു vaṫṫu (C. batta, Te. vaḍlu rice fr. വറു). 1. A grain of boiled rice from which the water is strained off ഒരുവ. പോലും ഉണ്ടായിരുന്നില്ല Arb. വ.ള്ള കഞ്ഞി V1. rice-water with some rice in it. 2. past tense of വല്ലുക.

വററുക T. M. (Te. vaṭṭu, C. battu, Tu. baččụ). 1. To grow dry കോരിയാൽ വ’മോ സമുദ്രം, മൂക്കിലെ വെള്ളം വ. ഇല്ല prov. നീർവററ (Inf.) ഉണങ്ങേണം (a പരുവം, f.i. of medicines) dry on the outside, not sufficiently so to be reduced to powder. തൊണ്ട വററിവീണു ചത്താൻ Mud. (fr. poison). — fig. കൈ വററിപ്പോയി has nothing more to give. 2. to be decocted, evaporated, reduced. 3. a wound to heal ഇതുകൊണ്ടു ചലം വററാഞ്ഞിൽ MM.

VN. വററൽ 1. drying, evaporation. 2. dried fruits as വ. മുളക. — നീർവററൽ മീൻ No. contr. നീരാററൽ (a പരുവം in drying).

CV. വററിക്ക 1. to dry, lay dry മീൻ വ. V1. (salted fish). 2. to drain, evaporate നീർ വ’ച്ചതേക്ക a. med. വററിച്ച മീൻകറി No. a thick kaṙi.

വല vala 5. (വൽ pull, as വല്ലുക, or വൽ strong). 1. A net. വ. ഇന്നുക, കെട്ടുക to make, വ. അടെക്ക to mend nets. വ. ഇടുക, വീശുക to cast, വ. വെക്ക to set a net. വലകരയാക്കിക്കളക fishers refraining, or being prevented from, going to sea. Kinds:— for fishing in the sea: പെരു —, ഓട്ടു — (parts: കടങ്ങാണി — 191., കീ(ഴ്) —, മേ(ൽ) —, കച്ചു —), തിരണ്ടി —, തൂറാവു—; sea-shore: ആച്ചു—; sea & river: കര — or വീച്ചു — (kinds: പററിയ —, മുട്ടകണ്ണി —, തിരുത — 456, തെളിഞ്ഞ —, മാലാൻ—), ചവിട്ടു—; river: കണ്ടാടി—; river, tanks, etc.: കോരു —, ഉണ്ട — (ഉണ്ടാല), പിടി — Cal.; ചെറുവല MR. (taxed). 2. web മണ്ണാൻവ. vu.; ഊണ്ണനാഭി തന്തുനാവ. കെട്ടും Bhg.

വലകെട്ടിപ്പാച്ചൽ (& ആല —) No. a play.

വലക്കണ്ണു the meshes of a net.

വലക്കാരൻ 1. a fisherman. 2. hunter. 3. (വലം) a clever man. [village.

വലപ്പാടു 1. the extent of a net. 2. a fisher-

വലമണി metal weights fixed to nets (മണിക്കാൽ 777).

വലയൻ, — ച്ചി a caste of hunters.

വലം valam 5. (വൽ). 1. The right or strong side. ഇടവ. all around. 2. reverential salutation by circumambulation (പ്രദക്ഷിണം). നായാട്ടുവ. ceremony of starting for a hunt; a procession, Nasr.

വലംവെക്ക (2) to circumambulate അഗ്നിയെ വ’ച്ചു Sk. (in marriage). രാമൻ ധനുസ്സിനെ KR. ചിതാവ. funeral procession, ദശരഥനെ തൊഴുതു പരിചോടു ന. വ’ച്ചുഭിവാദ്യം ചെയ്തു KR. bidding farewell to a father. ഊർവ. marriage-processions of Brahmans, Nāyars, Tamulians, Palg. നാട്ടുവ. as a new king.

വലംപാട്ടീരൽ B. the liver (— പ്പാടു?).

വലങ്കവംശം or വലങ്കർ a class of Chāliyar, serving Gaṇapati (opp. ഇടങ്കർ).

വലങ്കൈ RC. the right hand (വ. കൂട്ടക്കാരർ TR. see ഇടങ്കൈ); also വലങ്കരത്താൽ കൊടുത്തു Bhg.

വലഞ്ചെവി the right ear വ. ക്കപ്പുറം KR.; so വലഞ്ചുമലിൽ Tantr. കണ്ഠത്തിൽ അഗ്നികൾ പാരം എഴുന്നു വലഞ്ചുഴന്നു CG. (auspicious).

വലത്തിടുക (1. 2) to go to the right & circumambulate. വ’ട്ടുപോരേണം (when meeting a fire, light, cow, banian-tree).

വലത്തു Obl. c. (1) വ. കണ്ണാടുന്നു Bhr. വ. കൈക്കാരൻ right-handed. — (2) വ. വെക്ക to cir-

cumambulate ക്ഷേത്രം മൂന്നു വ'ച്ചു SiPu. അ വനെ വ'ച്ചാൻ RC. മേദിനിതന്നേ വ'ച്ചു CG. a newly crowned king. മാതാവിനെ ന. വ' ച്ചു AR. With Dat. അഗ്നിക്കു ന. വ'ച്ചാൻ SiPu.

വലത്തൂടേ on the right side.

വലത്തേ (in Cpds.) വ. തൃക്കണ്ണിൽ Mantr.

വലത്തേതു sword (ഇടത്തേതു shield) TP.

വലത്തോട്ടു towards the right f.i. ഇടത്തുനി ന്നു വ. എഴുതുക.

വലന്തിരിക്ക to turn right about CC.

വലഭാഗം (& വലത്തു ഭാ., വലപ്പാട്ടു) the right side, place of honor വ'ത്തു നിറുത്തുക KU.

വലമുല the right breast ബ്രഹ്മാവിൻവ. Bhr.

വലമ്പിരി (പുരി) 1. turning to the right hand, as വ. ശംഖു a rare conch. വ. കയർ (opp. ഇടമ്പിരിക്ക—) Trav. 2. Helicteres Isora. വ. ക്കായി Palg.

വലമ്പോരുക = നാട്ടുവലം വെക്ക f.i. വ'വാൻ പോരാ Bhg.

**വലച്ചേവൻ** or — **യൻ** N. pr. A foreign potentate defeated by Tāmūri, KU.

**വലപ്പം** Vi. a sort of chalk.

**വലയം valayam** S. (വള) A bracelet.

വലയഗ്രഹണം an annular eclipse. (astr.)

**വലയുക valayuγa** (വല or rather = മലയു Te. C., മലെക്ക). 1. To be straitened, pressed, distressed വലകളിൽ വീണു പോയ്വലയാതേ VCh. not to be miserably caught in nets of illusion. നടന്നു വലഞ്ഞു Mud. tired by walking. വലക എന്നു വന്നു arrived exhausted. 2. to wander about അബ്ധിയിൽ വ'ന്ന തോണി KR. tossed about. വലഞ്ഞുഴന്നു Bhr. roamed; esp. പ്രപഞ്ചകാൎയ്യങ്ങളിൽ പേയായ്‌വ'ഞ്ഞു പോകായ്ക വേണം Bhg. not to be taken up with. അംഗ നമാരിൽ വ'ഞ്ഞാൽ, കണ്ടുവ'ഞ്ഞു Anj. to be enamoured.

VN. വലച്ചൽ 1. distress, വ. തീപ്പാൻ Bhr. fatigue; poverty. 2. S. pawning, loss. 3. dim sight.

v. a. **വലെക്ക** 1. To distress, vex, imprison, as for debt. എന്നെ വ'ക്കാൻ വേണ്ടി MR. to my annoyance. കാരാഗൃഹേ ബന്ധിച്ചു വ'ച്ചു Mud. അടെച്ചു വ'ച്ച് എഴുതിച്ചു TR. forced by tortures to sign. ഭിക്ഷുക്കളെയും വലെക്കും (കാ മൻ) Sil. ഭൂതമോ പിശാചമോ ചേതസ്സിൽ കട ന്നിരുന്നു വ'ക്കുന്നു Nal. to plague. 2. So. to pledge. [ings

CV. നിന്നെ വലെപ്പിച്ചു Genov. caused suffer-

**വലാക valāγa** S. A small crane കാൎമ്മുകിലോ ടിണങ്ങിക്കളിക്കുന്ന ഓമൽ വ. കൾ കാണായി CG.; also വലാഹ CG.

വലാഹകം S. a cloud നീലവ'കനേർ നിറമാ ണ്ടുള്ളോൻ CG. a mountain & a demon. ത ൻവ. ഏറി Brhmd 9. (car?).

I. **വലി vali** S. A wrinkle, fold of the skin on the abdomen. മാന്ദ്യമായുള്ള വലിത്രയം മ ഞ്ഞുപോയി ശ്രൂന്യമായ്വന്നു മെല്ലേ CG. (by pregnancy).

II. **വലി** M. (T. Te. Tu. C. = വൽ). 1. An effort, pull, dragging പിടിയും വ. യുമായി TR. Esp. of shooting അമ്പു തൊട്ടത്തു വ. കഴിച്ചയച്ചു, അ മ്പു വലിച്ചു വ. ഏററി ബാലിവായിലാക്കായുടൻ വ. കൈവിട്ടു KR.; rowing etc.; a draught കൾ. 2. spasm സൎവ്വാംഗം വ. യും പിടലിക്കു നോവും a. med. throe, panting. 3. mod. a train വലി കൾ എത്തുകയും പുറപ്പെടുകയും.

**വലിക്ക** 1. To draw, drag, (ഇഴെച്ചു വ.), മരം വ. (elephants), തട കെട്ടി വ. to harrow. (loc.) അകത്തോട്ടു വ. (shutting a door). പുര വ'പ്പാൻ പറഞ്ഞാൽ ഇറയേ വ'വു prov. pull down. അടിച്ചു നിൻെറ തോലും വലിച്ചു കളയുന്നു നോ ക്കു (says a schoolmaster). തേങ്ങാവ. No. (മാ ങ്ങ Palg.) to pluck. ശക്തി നന്നായ്വലിച്ചെറി ഞ്ഞു Sk. flung; also to shoot ഫാലത്തു നേരേ വ'ച്ചയച്ചു, with double Acc. ബാണസഹസ്ര ത്തെ നന്നായി വ'ച്ചയച്ചീടിനാൻ ദേവനെ Sk. വ'ച്ചു ക്രൂരമെയ്യു Bhr.—വലിച്ചു വിഴുങ്ങുക to absorb, swallow. ചുങ്ങ, ചുരുട്ടു etc. വ. to smoke. വ'ച്ചു ചൊല്ലുകിയാൽ കേൾക്കും jud. aloud. — In writing: ചുറെച്ചു (ി), കനിച്ചു (്ര, ്ല; കനി ക്ക 263), മെല്ലെട്ടു (ു) വലിക്ക. 2. to row (തണ്ടു) വലി Imp. 3. v. n. to have spasms, throes അങ്ങും ഇങ്ങും വ'ക്കും MM. (in a wound). ചെന്നി വ. a. med.

CV. വലിപ്പിക്ക 1. to cause to pull ഭൃത്യന്മാരെ കൊണ്ടു ശകടം വ'ച്ചു PT. ആനയെ കൂട്ടി വ. TP. ആനകൊണ്ടു പിടിച്ചു വ'ച്ചു AR. ആനയുടെ കാലിൽ കെട്ടി വ'ച്ചു വധിക്ക VyM. to drag to death. ഫലങ്ങ വ'ച്ചു TR. had the fruits of an orchard taken down. 2. to make to row ഒഴുകുന്ന തോണി കര വ'ച്ചു TR.

VN. I. വലിപ്പു 1. drawing, pulling (= ചാമത്തല surf). 2. spasm; pain ഉൾവ., മുയൽവ. etc.; also വലിച്ചൽ. 3. a drawer.

വലിമ്പു (loc.) a sack, pocket.

**വലിയുക** 1. T. aM. To be excited ഇവൻ എന്തെന്നെയും വലിഞ്ഞുടൽ കരുതിനതു, എന്നം വ'ഞ്ഞിവളെ എയ്യുരുതരക്കൻ RC. 2. to be drawn on or down. തോൽ അഴച്ചലില്ല ഒക്ക വലിഞ്ഞു പിടിക്കുന്നു med. (thro' swelling), tight. വെള്ളം വ. to be sucked in, absorbed. വിമാനം വലിന്തിതു കയിലനോക്കി RC. disappeared or fled towards Kailāsa. വ'ഞ്ഞു പോയി vanished. പായ്മലിഞ്ഞോട്ടുക Pay. to sail. കട്ടിവ. to creep. 3. spasmodic pain വലിക ക്കുത്തുക Nid.

വലിയേ Inf. forcibly, suddenly, without cause.

II. VN. വലിവു the current, absorption, rapidity; palpitation etc.

വലിശം, ബളിശം S. a fish-hook.

**വലു, വൽ** val 5. (= ബലം). 1. Strong, powerful. 2. (= വൻ) great, grown; see വൻ.

വലിങ്ങന in greater measure, larger pieces (opp. ചെറുങ്ങന).

VN. I. വലിപ്പം 1. greatness, power വ'ത്തിൽ ഒരു ഘോഷം കേൾക്കായി KumK. = വലിയ. dignity ഓരോരോ സ്ഥാനവും വ'പ്പും കൊടുത്തു KU. (= മഹത്വം). 2. pride വ. കാട്ടുക TR. വ. ഭാവിക്ക; പുറത്തു വ'പ്പും അകത്തു ഇരപ്പും prov. (= വൻപു q. v.).

II. വലിമ 1. (real) greatness; stature, size. V1. 2. power (= വലിവു), also വന്മ.

വലിയ, (n. വലുതു) great, large, strong. വ. ച്ഛൻ father's elder brother VyM.; also = അമ്മാമൻ.— വലിയപ്പൻ eldest uncle, grandfather (so വ. മ്മ).

വൽ before vowels (aM.) വല്ലടലിൽ, വല്ലാഴി കടന്നു, വല്ലുടൽ RC.; വല്ലടി T. V1. violence, sacking.

**വല്ക്ക**, see വക്കുക To catch fish (fr. വല, വലിക്ക?).

**വല്പു** (T. strength) prh. A fortified position, hunter's lodge, or enclosure; a corral. വല്പകത്തു ൨൦ വാതിൽ ഉണ്ടു; the game killed വലിപ്പിൽ കൊണ്ടു വന്നേക്ക. The നായാട്ടാചാരം comprises കന്നാചാരവും വല്പാചാരവും; the leader of the latter is called വല്പപ്പിൽ കാരണവർ, വല്പിൽക്കാരർ (huntg.).

**വല്ക്കം** valkam S. (വ്ല). Bast or inner bark, cloth made of it; also ജടാവല്ക്കലങ്ങളാൽ, വല്ക്കലാ കൊണ്ടു വന്നു KR. (= മരവിരി). — പഞ്ചവല്ക്കാദികഷമ്പു (of the skin of നാല്പാമരം 546 & കല്ലരയാൽ) med. an electuary.

**വല്ഗനം** valganam S. (വല്ഗ് to bounce). Gallop, jump. വ. ചെയ്യുയും അങ്ങുമിങ്ങും CG. combatants on foot.

വല്ഗിതം S. a horse's gallop.

വല്ഗു S. handsome, pretty. വ. ദർശന, വ. സല്ലാപിനി Nal. fascinating. f.

**വല്ലു** vallu 5. (= വൽ). To be able, strong; def. V. of which past t. രക്ഷിപ്പാൻ വല്ലീല്ലാതും, നാഥന്റെ കാനനപാലനം വല്ലീല്ല CG. could not preserve. — fut. ചൊല്ലീടുക വല്ലുമാകിൽ C. S. (& വല്ലുകിൽ) if thou canst. വില്ലെ വെല്ലുവാൻ വല്ലും VCh. may well rival Kāma's bow. (1st pers. എന്തു ഞാൻ ചൊല്ലുവല്ലേൻ CG. what can I say; also neg.). — Inf. കൊല്ലും വിജയനെ വല്ലെന്നാലും CrArj. however strong he be, or anyhow. mod. Inf. താങ്ങുവാൻ ഉററവർക്കും വല്ലുകയില്ല Bhg. will not be possible.

**വല്ല** 1. Inf. (see prec.). 2. adj. part. able (see വല്ലപ്പോത്തു); possible, any. വ. നാൾ, വ. പ്പോഴം at any time. മരിക്കവ. വണ്ണം KR. anyhow. (so വ. ജാതിയും, വ. വിധത്തിലും). പോക വല്ലേടവും Bhg. anywhere (& വ'ടത്തും). വല്ലതും n., വല്ലവനും, വല്ലവർ any. 3. = വല്ലാ cannot, must not.

വല്ലപ്പോത്തൻ (2) hunting name of deer. വല്ലാനപ്പോത്തു hunting name of bison (കാട്ടി).

**വല്ലാ** (=ഒല്ല) 1. Is not strong or able മുതൽ മാൻ ഓട്ടം വ. prov. മലയാളത്തിൽ ഇരിക്ക വ. ഞ്ഞു KU. could not. വ. ഞ്ഞുഴലുന്നു Anj. to be miserably off. ചൊല്ല വ. ഞ്ഞിലും Anj. though unspeakable. 2. ought not, must not. ഠരംശ രന്മാർ ചെയ്യുതൊക്കയും ചെയ്യവല്ല Bhg. Gods not to be imitated in all things. 3. the 1st pers. ക്രുപ്പുക എന്നി മറെറാന്നു വല്ലേൻ CG.; 3rd pers. plur. ആരും പോകവല്ലാർ none could go. ഒന്നുവല്ലാർ CG. good for nothing.

വല്ലാതേ 1. disabled മിണ്ടുവാൻ വ. CG. not able; ഏതുമേ വ. CG. understanding nothing. helplessly. വ. ചാകുന്നതെന്തിന്നിപ്പോൾ SG. വ. മരിച്ചു in despair. മരിക്കുന്ന നേരത്തു മർത്ത്യന്നു വ. തോന്നും KR. feels perplexed, miserable. അവൻ വല്ലാതേ ഇരിക്കുന്നു No. he is badly off (also has degenerated etc.). 2. different from what ought to be വ'ത്തുള്ളൊരു മന്ത്രി CrArj. dangerous, disastrous, wicked. ജന്മത്തെ വ. യാക്കീടൊല്ലാ Anj. don't destroy (=നിഷ്ഫലം).

വല്ലാത്ത 1. helpless. വല്ലാത്ത ബാലന്മാർ AR. we poor boys (or bad boys). 2. = ഒല്ലാത്ത bad, vicious, dangerous മുഖം ഒരു വ. ഭേലായി കാണുന്നു jud. a wicked look.

VN. I. വല്ലാഴ്മ V1. trouble, disgrace.

II. വല്ലായ്മ 1. distress അവിടുത്തെ ഇല്ലായ്മയും വ. യും അറിയാമോ poverty. 2. fault, crime കൊന്നീടിൽ വ. യാമല്ലോ CG. വ. വന്നാൽ പൊറുക്കേണ്ടതേ ഉള്ളു Mud. your wrong. എന്റെ വ. പൊറുത്തു കൊള്ളേണം jud. വ. വന്നതെല്ലാം മെല്ലെന്നു ക്ഷമിക്ക CrArj. വ. കളെ ക്ഷമിക്ക PT. വ. ചൊല്ലി കാക്കൽ വീഴ്കവിൻ Brhmd. confess!

വല്ലിച്ച V1. = വല്ല, വാച്ച any.

വല്ലു 1. what is good, proper വല്ലും വല്ലായ്മയും ചെയ്യു KU. 2. = വല്ലി 1.

വല്ലവോൻ 1. able കൊല്ലുവാൻ വ'ർ AR. 2. = വല്ലവൻ any, വല്ലോനും. 3. see under വല്ലി.

**വല്ലം vallam** (S. പല്ലം see വള്ളം). 1. A large basket, to hold grain, grass, charcoal. വ. കണക്കേ വയറു RS. വ'ത്തിന്നകത്താക്കി PT. വലിയവന്റെ വ. തുറക്കുമ്പോൾ prov. ഇല്ലവും ചെല്ലവും വ'വും വർദ്ധിക്കും SiPu. ആലവ. etc. 2. the belly ഇല്ലം നിറെച്ചാൽ വ. നിറെക്കേണം prov. 3. a place for watering fields (loc.).

വല്ലവട്ടി So. a basket or safe = വള്ളം 2 (നി ാ 559); so ചപ്പുവല്ലോട്ടി (contr.)

**വല്ലകി vallaɣi** S. A lute, വീണ.

**വല്ലഭം vallabham** T. M. (വൽ, വല്ല). 1. Power, might വല്ലവമുള്ളതോ മടവാരിൽ നിനക്കേ RC. വ. ഏഴും നിഋതി RS. വ'മോടു യുദ്ധംചെയ്തു Bhr. കോപം അകററുവാൻ വ. ആർക്കുമില്ല PrC. വ. ഉള്ളവന്നു പുല്ലും ആയുധം prov. വ. ഉണ്ടെന്നാകിൽ പൂരണം ചെയ്യും KR. 2. capacity, sense. വ'മോടതു വാങ്ങുക Mud. be prudent & take it.

abstr. N. വല്ലഭത്വം 1. So. majesty. 2. S. love.

വല്ലഭൻ 1. M. powerful വ'ന്മാരായുള്ള വാനവർ KR. 2. S. favorite, a husband, master വല്ലവീ വ. CG. Kr̥ṣṇa. വല്ലഭപ്രാണ Bhr. a wife that will not survive her husband. 3. S. the chief herdsman (വല്ലവൻ).

വല്ലഭ S. f. beloved, a wife, mistress.

**വല്ലയം** T. aM. a javelin; a hole, burrow V1.

**വല്ലരി vallari** S. (= വള്ളി). 1. A creeper വ. ജാലങ്ങൾ മരങ്ങളെ പിടിച്ചു പൂണുന്നു CG. In Cpds. (= കൊടി) പുതുവവ. യിണ വളഞ്ഞിള കി RC. 2. a flower-bunch, compound pedicle (= പൂന്തൊത്തു, മഞ്ജരി).

വ. പ്പറ or വല്ലിപ്പറ a cymbal. S. ഝർഝര.

**വല്ലവൻ** 1. S., f. വല്ലവി. A herdsman = വല്ലഭൻ 3. CG. 2. M. see വല്ല.

**വല്ലി valli** 1. (=വല്ല). Proper subsistence given in kind to slaves or day-labourers വ. & വല്ല കൊടുക്ക V2. (measured with വല്ലിപ്പറ, — ഇടങ്ങഴി). കിടപ്പുനിലം നടത്തുവാനായി വേണ്ടുന്ന വിത്തും വ. യും മൂരികളും കൊടുത്തു TR. വ. പ്പൊഴുതി = കൂലിപ്രവൃത്തി. 2. S. = വള്ളി q. v.; കല്പകവ. VCh. = വൃക്ഷം.

വല്ലിയാൾ a slave വല്ലിയാളർ ഉടമക്കാർ Mpl. song, VyM.

വല്ലോൻ 1. see വല്ലവോൻ. 2. (വല്ലവൻ?).

a head-man of Pulayas V1.; pl. വ'ന്മാർ; f. വ'ത്തി.

വവം V1. A drumstick (loc.)

വവ്വായി, വവ്വാലി (loc.) A fox (T. വവ്വുക to snatch).

വവ്വാൽ T. Trav. Palg. a bat = കടവാതിൽ.

വശം vašam S. 1. Wish, will മുങ്കാലും പിങ്കാലും ഒരുവ. തന്നേ നീക്കുക MC. (gait of giraffe). power നെയ്യാൻ വ. ഇല്ല TR. എനിക്കതും വ. ഇല്ല VetC. cannot, don't know (= ശീലം). 2. subjection, dependence, being tamed or mastered കോപത്തിൻ വശത്തിനെ പ്രാപിക്കാമോ KR. ആനയെ, ദേവിയെ വ. വരുത്തുക KR. അവളെ വശത്താക്കി obtained. സ്ഥലം എൻെറ വ'ത്തിൽനിന്ന് അവൻെറ വ. ആയ്തു എങ്ങനേ MR. how did it change its possessor. കൈവ. 3. side നാലുവശത്തിലും അയൽ VyM. ഇരുവ'ത്തും ഇരു പാട്ടുകാർ, മുൻവ. Trav. കിഴക്കുവ., കിഴ്പ്പുശത്തു MC. 4. adv. through, with: പണം കൃഷ്ണൻെറ വ. കൊടുത്തയച്ചു, അവൻ വ. കൊടുത്തയച്ച എഴുത്തു TR. അവൻ വ. ഉണ്ടു MR. (= വക്കൽ).

വശ S. a woman, wife (see വശൻ); a cow.

വശംകെടുക 1. to be disabled as by age, sickness, fatigue കൈകാൽ വ'ട്ടു മുടങ്ങി Anj. ദേഹം ഏറ ഉലഞ്ഞു വ'ട്ടു, വലഞ്ഞു വ'ട്ടു VetC. 2. to be bewildered നിന്തിരുവടിനു വ'ന്നുതയ്യോ CG. എങ്ങളിൽ ഇന്നിവൻ പാരം വ'ട്ടാൻ CG. quite enamoured of us (= പരവശം).

v. a. വശംകെടുക്ക to disable വ'ത്തിടൊല്ലാ Anj. കിടാങ്ങളെ നല്ലിയുണർത്തി വ'ക്കും CG. will drive mad.

വശക്കേടു being disabled, disorder of body or mind വ. കൾ ഉണ്ടായി ശമിച്ചാൽ Nid. വ. എന്നു കേട്ടുഴറി വന്നു ഞാൻ Mud. to utter distress. വ. മമ ശമിപ്പിച്ചായി Bhr.

വശക്രിയ = വശ്യപ്രയോഗം.

വശഗം S. obedient, subject ഈ ശരീരം കൎമ്മ വ'മല്ലോ Bhg. — so മായാവശഗതൻ Sah. സുന്ദരിവൎഗ്ഗം നിണക്കു വ'തം. AR. are at thy service. — വശഗേന്ദ്രിയനായ്മരുണ Bhr. having subdued the senses & organs.

വശത S. 1. subjection. 2. dexterity, practice, use. 3. regularity, industry V1.

വശൻ S. subject, subdued അവൻറ വ'നായി VetC. വ'നല്ലെന്നു വന്നുകൂടി CG. turned out disobedient.

വശപ്പെടുക to be subdued etc. (= വശമാക).

വശപ്പെടുക്ക Bhg. to subdue.

വശമാക 1. to come into one's power or possession, മനസം അന്യവ'യി Bhg. under foreign influence. ഭൃത്യനു വ'യ്യുന്നിതു രാജ്യം Mud. 2. to be learned വശമായിട്ടില്ലേ? പാഠം വശായി vu. — negV. എനിക്കു വശമല്ല not mine, not mastered; (also = ഇല്ല) നടപ്പാൻ വ'ല്ല cannot. നടപ്പാൻ വ'ല്ലാഞ്ഞു.

v. a. വശമാക്കുക to subdue, master, bring under influence, teach. അന്യവ. to abalienate. ദേവകളെ ബലത്തിനാൽ തന്നെ വ'ക്കി KR.

വശള T. M. C. (Tdbh. of വത്സല). Portulaca oleracea GP64. വെള്ളവ. Basella alba. — വശളപ്പുൽ Rh. Malaxis. |വ. MR.

വശാൽ S. Abl. (2. 4) through ചില ദൌൎഗ്ഗതി

വശാനുഗൻ S. = വശഗൻ f. i. തവ വ'ൻ AR.

വശി S. 1. ruling. 2. having subdued the senses വശിയായിട്ടുള്ള മുനിഗണം KR.

abstrN. വശിത്വം = ത്രിഗുണങ്ങളിൽ അസംഗത്വം Bhg. a Siddhi; self-possession, power of subjecting all to oneself.

denV. വശിക്ക to will, rule? ഭാവനകൊണ്ടു വ'ച്ചു നിന്നീടുന്ന ഗോവിന്ദരൂപൻ CG.

വശീകരം Adj. Subduing സ്ത്രീകൾക്കു വ. Tantr. = വശ്യം. enticing, enchanting; വ'കാരൻ a charmer — വശീകരിക്ക to subdue, gain, enchant. കാമലീലകൾകൊണ്ടു രുദ്രനെ വ'ച്ചു SiPu. — അവനെ വശീകൃതമാക്കി CC. got hold of him; so വശീകരണം; അംഗനാവശീകാര പ്രയോഗം Nal. art of gaining women.

വശ്യം S. 1. governable, docile, obedient വേശ്യക്കു വ'നായി SiPu. 2. = വശ്യമന്ത്രം a philtre, enchantment അശങ്ങൾക്കാകുന്ന വ'ങ്ങൾ എന്നു CG. ലോകവ., സ്ത്രീവ., ആമരണാന്തവ. Tantr. വശ്യപ്രയോഗം.

**വഷളം vašaḷam** (V1. വഴലൻ q. v.). Bad, foul, spoiled. വ'ൻ wicked. എന്നെ വഷളായി പറഞ്ഞു, വളരേ വഷളതരമായി പറഞ്ഞു abused. — വഷളാക്ക to corrupt, deprave.

**വഷൾ vašaṭ** S. Exclamation in sacrifice. വഷൾക്കാരം.

**വസ vasa** S. Fat, bacon (see വപ). വസകൾ മൂന്നാഴിയും VCh. in the human body; മാംസം പുഴുങ്ങി ഊറി എടുക്കുന്ന നൈവസ Nid. fat of broth.

**വസതി vasaδi** S. (വസ്). 1. Stay during night, abode തവ വ. ക്കു പെരിക നല്ലൊരു ഗിരി KR. 2. the night വ. തന്നിൽ ചെന്നു KR. 3. (loc.) useful, commodious, homely.

വസനം S. 1. dwelling, വസനാൎത്ഥം Bhg. = വസിപ്പാൻ. 2. cloth, Nal.

വസന്തം S. (വസ് to shine, L. ver) 1. spring, March-May (2 months) വന്നു വ. വിളങ്ങി വനങ്ങളും SiPu. നല്ക്കാലവ. അക്കാലം വന്നു KR. വ'ക്കാലം; വസന്തക്കാററു SW. wind, considered as causing small-pox. 2. a plague, dysentery വ'ജ്വരം; വ'ക്ലേശം V1.

denV. **വസിക്ക** 1. To dwell. മനസ്സിൽ വ'ക്കും TR. I cannot get it out of the mind. 2. to sit വ'ക്കേണം ഭവാൻ അരുതല്ലോ നില്പാൻ Mud. 3. auxV. = ഇരിക്ക, f.i. കരഞ്ഞു വ'ച്ചു Bhg. wept on.

CV. വസിപ്പിക്ക 1. to settle, place നിന്നെ സ്വരാജ്യേ വ'ക്കും Nal. മുന്നം ഇരുന്നവണ്ണം വ'ച്ചു Bhg. സ്വൎഗ്ഗത്തിൽ സുഖിച്ചു വ'ച്ചാൻ UR. — fig. ഗൌരീശ്വരനെ ചേതസി വ'പ്പാൻ എന്തുപായം SiPu. 2. to make to sit പീഠാന്തേ വ. CC. രത്നാസനാഗ്രേ വ'ച്ചു SiPu. enthroned. ആസനേ Bhg.

വസിഷ്ഠൻ S. richest; N. pr. a Rishi.

വസു S. 1. weal, wealth. വസുധ the earth. — വസുദേവൻ N. pr. Kṛšṇa's father. 2. a god or demi-god വസുക്കൾ എണ്മരും, ഉമ്പരിൽ വന്നൃതേട്ടം വ. ക്കൾ Bhr. (333 or 8).

വസുന്ധര S. 1. the earth = വസുധ, വസുമതി. 2. a time of great mortality (വ. യോഗം Mars, Jupiter & Saturn meeting in one sign), see വസന്തം 2.

വസുവാസി, വസ — , (വച്ചുവാശി T.) a medicine or spice V1.

**വസൂരി vasūri**, (മ--S.). Small-pox of many kinds: ആനച്ചിറിയൻ, അമരി, കല്ലമരി, മുതിരപ്പരുപ്പൻ, എഴുത്താണിക്കുത്തൻ, കഞ്ഞുഴിയൻ, ആനയടിയൻ, കൊത്തമ്പാലരി മണിയൻ (778), ചക്കമുള്ളൻ etc.; വസൂരി ചപ്പുക 346. = അമരുക. വ. മുറിച്ചുവെക്ക, കീറിവെക്ക, കുത്തുക to vaccinate, as കുരുപ്പു (mod.).

**വസൂൽ** Ar. **wasūl**; Collection, the revenue collected (opp. ബാക്കി).

**വസ്തി vasti** S. 1. The bladder വത്തിമുറിഞ്ഞാൽ MM. 2. a bag made of bladder, serving as syringe ധാരയും വ. യും ഉത്തമം, വ. പിടിക്ക മുതലായ ചികിത്സകൾ Nid. injections. വ. ക്രിയ, വ. പ്രയോഗം med. (* മൂത്രം 850.).

**വസ്തു vastu** S. (വസ്). 1. Substance, matter. പരാപരവ. VilvP. the Absolute. ഇതത്രേ വ. true, real. വ. വല്ല എന്നു പറഞ്ഞു TR. no price, very cheap. അവനെക്കൊണ്ടൊരു വ. വരാ ChVr. he will not avail. 2. thing, property അവന്റെ വ. വിൽ അംശതയുള്ളവർ VyM. heirs. വ. സംബന്ധമില്ലാതാക്കുക TR. to dispossess, disinherit. വ. വിന്മേൽനിന്നു വ. നോക്കിക്കണ്ടു പത്തിന്നു രണ്ടു ഇങ്ങു തരേണം എന്നരുളിച്ചെയ്തു TR. ഒരു വ. കിട്ടി something, അതാത വ. അതാതസ്ഥലത്തു വെക്കേണം No. vu. a place for everything & everything in its place. 3. weighty action വ. വായി ഗമിപ്പതിന്നാർ Sk. as ambassador. ബുദ്ധിസംസ്കാരത്തിന്നായി എത്രയും വ. ചെയ്യുവാൻ Bhg. strove for. ചില വ. ചെയ്വാൻ ഭാവം ഉണ്ടു, ഏററങ്ങളായിട്ടു ചിലവ. ചെയ്തു TR. fought. ചിലവ. എന്നോടും വന്നുപോം TR. I shall not keep quiet. അടിയനു വേണ്ടിയൊരു വ. വേണം Bhr. 4. provender കോട്ടവളഞ്ഞു വ. വും തണ്ണീരും മുട്ടിച്ചു Ti. — വ. വും ശുദ്ധിയും (Šaktēya's) liquor & meat.

വസ്തുത reality, full truth of a matter ചോദിച്ചാറെ ഉള്ള വ. പറഞ്ഞു jud. related accurately; contents വായിച്ചു വ. അറിഞ്ഞു.

വസ്തുമുതൽ (2) property. വ'ളുകൾ ഒഴിച്ചു വാ ങ്ങിപ്പോയി TR. real property. അവിടേ ഉ ള്ള വ. കൊണ്ടുപോയി chattels. വ'ലും സ്ഥാ നവും പിടിച്ചടക്കി TR. dispossessed me. So വസ്തുവക.

**വസ്ത്രം vastram** S. (L. vestis). Cloth, clothes വസ്ത്രാഭരണം; വസ്ത്രഭോജനം = അന്നവ. maintenance, വ. കൊടുക്ക a substitute for marriage, six pieces (മുറി) being annually given, the first with the knowledge of the local authorities. — വസ്ത്രവാൻ well dressed.

**വസ്സി** Port. vaso; Vessel, basin.

**വഹ**, see **വക**.

**വഹം vaham** S. (വഹ്, L. veho, G. 'echō). Driving, bearing, conveying (ജലവഹൻ PT. a cloud). — വഹനം id.—ജനനീവാക്ക മനസി വഹനീയം ChVr. to be borne.

**വഹിക്ക** 1. To convey, drive, bear മഹാ ഭൂഖം വ'ക്കുന്ന ദേവി SiPu. ഞാൻ തവ പതി യെ വ'ച്ചീടുന്നേൻ Bhr. I marry; രാജ്യം വ. മു ന്നേപ്പോലേ Sk. rule. ജയശ്രീയേ വ'ച്ചു VetC. gained. സാരത്ഥ്യം വ. Bhr. to undertake. വി നയം ഇന്നിയും വ'ച്ചുകൊൾക KR. to hold. നി യോഗം വഹിപ്പതുVetC. to obey. 2. to be able വഹിക്കുന്ന പോലേ തരം ദ്രവ്യം എല്ലാം SiPu. —Neg. V. എനിക്കു പിടിക്കുകയും വഹിയാ TR. ഏതും ഉരിയാട്ടം ആരോടും വ. യാശ്ശു Bhg. (a curse). വഹ്യാതകൎമ്മങ്ങൾ തുടങ്ങിയാൽ Bhg. intolerable, (see വയ്യാ). [had conveyed.

CV. ഇവ ഒട്ടകങ്ങളെക്കൊണ്ടു വഹിപ്പിച്ചു Nal.

വഹിത്രം S. a boat.

വഹിസ്സ്, see ബഹിഃ.

വഹ്നി S. fire (m., but അത്യന്തശീതളയായിതു വ. യും AR. f.)=അഗ്നി as conveying gifts to the Gods.

വഹ്യം S. a vehicle.

**വള vaḷa** 5. (വൾ, S. വലയം). 1. A ring, round cake of cow-dung etc. 2. a bracelet (കൈ—, കാൽ—, തോൾ—, വരിയൻ—, ഒഴുക്കൻ—). തരി വളകൾ വിരിവളകൾ Nal. വലങ്കൈക്കിട്ട വ. TP. രണ്ടുകൈക്കു ഠ. വളയും കൊടുത്തു TR. വ. കഴിക്ക, ഊരുക. (പൊള്ള 720). 3. the crossbars that support the rafters of a roof, wooden needle driven into the rafters (below 2; near the corners above 1). ചതിരവ., വ. യും പിടിച്ചവിടെ നില്ലു TP. in the veranda. 4. a snake's skin വ. അഴിക്ക MC. വ. കഴിച്ച പാമ്പു V1. the slough.

വളകഴിപ്പൻ (4) a venomous snake with black & white rings, വളയപ്പൻ.

വളക്കത്തി V1. a scimitar. [closing.

VN. I. വളച്ചൽ crookedness, arching, enവളച്ചെറുമൻ Er. Palg.= പുലയൻ.

വളത്തടി KR. a certain weapon.

വളതട്ടുക (3) to drive wooden needles into the rafters of a roof. വ. ട്ടിയപുര; ആനനട നാലും കൊത്തിത്തുണിട്ടു തുമ്പിക്കൈകൊത്തി വളയും തട്ടി TP.

വളപ്പുര an arched cabin on a boat.

വളപ്പുഴ a small worm (വളം 2).

വളഭി S. a bower or turret on a roof മണിവ. യുടെ മുകളിൽ Nal. വളഭീക്കു നിരക്കവേ ആ നന്ദിച്ചു KumK.

വളയം (& വലയം S.) 1. a bracelet. 2. the larynx (or temples?) വ. വീങ്ങുക Nid 30. — വ. വട്ടക (B. വളയർ വട്ടക) a spittoon, bird-cage; see വളർ.

വളയക്കം a round slice of a cocoa-nut.

വളയപ്പൻ = വളകഴിപ്പൻ.

VN. II. വളയൽ 1. surrounding, rings on the inside of an umbrella. താമരവ. lotus-stalk MM. വ. കരു സ്ത്രീവൎഗ്ഗത്തിന്നുണ്ടാവു a. med. boils round the loins. വ. പാമ്പു the venomous ring-snake. 2. T. arm-rings (of glass), hence: വ. ഉപ്പു Nitrum soda. 3. a hoop held breast-high ഒന്നാം വ'ലിൽ പാ ഞ്ഞു (in കളരി) TP.

**വളയുക** 1. v. n. To bend, be curved വ' ഞ്ഞ കത്തിക്കു തിരിഞ്ഞ ഉറ prov. വളഞ്ഞ ദേ ഹൻ Bhr. crook-backed — neg. വളയാത്ത തെ ങ്ങില്ല prov. 2. v. a. to surround. എന്റെ അടു ക്കേ വ'ഞ്ഞിരുന്നു jud. sat around. സിന്ധു പോ യി വളഞ്ഞുള്ള ഭൂമി KR. അവനെ ചെന്നു വളയ TP. ആളെ അയച്ചു പുര വ. TR. to besiege. കോ ട്ട വ. KU. കോട്ട വ'ഞ്ഞാർ ചുഴലവും KR.

VN. III. വളവു 1. a bend, curve, arch. കൽവ. V2. bomb-proof. അവളടെവ. നിവിന്നു പോയി Bhg. = ക്രൻ; വ. തടി crooked timber. വ. പടി a curved wood fixed on the top of a baggage boat. 2. T. So. = വളപ്പു 2. V1.

a. v. വളെക്ക 1. To bend, vault വ'ച്ചു കെട്ടിയാൽ എത്തിനോക്കും prov.; to enclose, coil up. 2. v. n. വളെച്ചുവന്നു PT. I came round about. തെക്കോട്ടു വ'ച്ചു പടിഞ്ഞാറേ ചെന്നു, വളെച്ചിട്ടു പെരുവഴിയൂടേ വരുവാൻ KR.

IV. വളപ്പു 1. bend as of a way, arch = വളവു. 2. No. enclosure of a house, compound, premises വ'പ്പിൽ കൊത്തുന്നതു prov. വ. കളിൽനിന്നു തെങ്ങു മുറിക്ക TR.

വളവെക്ക (1. 2) No. to put a plate supported on a pad or ring (made of the roots and stalks തിര ആക്കിട്ടു) of ഠരംശപ്രമുല്ല on the stomach (വയററിന്മേൽ വളെച്ചു വെക്ക) of a patient, when he is covered up. Poisonous black matter (വയററിൽ അകപ്പെട്ടു പോയ വിഷം) is said to be found, after some time, on the bottom of the plate = കൈവിഷം എടുക്ക (superst.)

വിരി viri 5. (√ വിർ as in വിരൽ). 1. What is expanded, a veil, awning വി. കൊണ്ടു മൂടി Trav. വിരിപന്തൽ=simpl. വിരിച്ചും വിരിപീലി മരക്കൊമ്പിലിരുന്ന മയിൽ KR. വിരിപ്പുല്ലു straw spread for cattle. വിരിപ്പടം a sheet. വിരിപ്പാവു a cloth to the bride on the marriage day (loc.). വിരിയോല a natural umbrella in rain. 2. So. T. a pannel, pack-saddle. 3.=മരവിരി, നറുവരി (loc.)

വിരിയുക 1. To expand, open, blow വിരിഞ്ഞു വിരിഞ്ഞ പൂവറുത്തു കൊൾക യാവു Bhr. കൃഷ്ണന്റെ മുഖനളിനം നന്നായിവി'യുന്നു Bhr. വിരിഞ്ഞ താമര KR. (with sunrise). കണ്ണിണ പാരം വിരിഞ്ഞു CG. (in agony). fig. to rejoice എല്ലാവൎക്കും ഉൾപ്പൂവിരിഞ്ഞിട്ടുമാറു Bhr. വിരിഞ്ഞ മാറത്തു KR. broad. വി'ഞ്ഞു പാടുക, കേഴുന്നു Bhr. aloud. 2. to split as ripe fruit; to be hatched So. 3. C. Tu. Inf.=വിരയ, f. i. വിരിയച്ചെന്നു KR. ഭജിച്ചീടുക പത്മനാഭനെ വി. നീ VCh.

VN. I. വിരിച്ചൽ So a split, gap; hatching.

II. വിരിവു expansion, breadth. വിരിവായി diffusely.

വിരിക്ക v. a. 1. To expand, spread, as a mat, hair കിടക്കമുട്ടി വി., പടിഞ്ഞാറേറ അടിച്ചു വി'ച്ചു TP. (for lying down). സിംഹാസനത്തിന്മേൽ വെള്ളയും കരിമ്പടവും വി'ച്ചു KU. (in coronation). വിരിച്ചു പാടുക loud. 2. So. No. to hatch. 3. Inf. വിരിക്കേ V1.=വിരിയ, വിരയ.

VN. III. വിരിപ്പു 1. bedding വി'പ്പിന്നു ദൎഭാമുക്കിയെ എടുത്തു KR. (ascetics). പരുപരയുള്ള വി'പ്പിൽ ഉറങ്ങി a rough bed. 2. crop, different kinds of paddy sown in April and reaped in August, മലവി. mountain crop (loc.).

CV. I. വിരിത്തുക to open കടയെ വിരിത്തി (Coch.). — II. വിരിയിക്ക f. i. സൂൎയ്യൻ താമരകളെ വി'ക്കുന്നു Arb.

വിരിഫലം capital laid out at interest. V1.

വിരിഞ്ചൻ S. (the self-expanding? or √ രിച്). Brahma, വിരിഞ്ചാദി Sah. the Gods.

വിരിഞ്ചനൻ,— രിഞ്ചി S. id.

വിരിയം viriyam Tdbh. of വ്വൎഗം, മിരിയം

1. Game f. i. വി. കത്തിയവൻ huntg. 2. B. a paddy-bird.

വിരിയൻ T. So. a viper വി'മ്പാമ്പു; വി'ൻ വള a striped bracelet = ഉഴക്കൻ. V1.

**വിരിശു viriṡu** B. A tree വിരിശിൻപഴം.

**വിരുതു viruδu** T. M. (C. Te. Tu. ബിരുദ fr. ബിരു, T. വിറൽ strength). 1. Valour = നാട്ടു V1., dexterity, developed power. അംഘമകററുവാൻ വി. ള്ള നീ KR. (Ganga). ഭോഷ്ക്കിന്നു വി. ള്ള കൃഷ്ണൻ Bhg. accomplished liar. ഭീരുരിൽ വി. ള്ള നീ Bhr. brave against cowards. പരരെ നിരസിപ്പാൻ വി. ടയ കണ്ണൻ ChVr. so ready to despise. പല വി. വാക്കിനുണ്ടു Mud. boastful. ദുഷ്ടവി. പറഞ്ഞു RS. വി. ചൊല്ലു to relate heroic stories, brag. വി. കെട്ടുക V1. to challenge. 2. a prize gained by contest, trophy അത്ഥാശെക്കു വി. വിളിപ്പാൻ GnP. വി. വെക്ക also ചൂതു പൊരുതു വി. കെട്ടിടുവാൻ Nal. a badge of honor, chain worn on the arm for challenge's sake V1. മുരളും വി. ം കെട്ടരുതു് RC. പൊൻവി. മോഷ്ടിച്ചു TR. രണ്ടു കൈക്കും വി. തരും TP. 3. a blazon, family device. രാജവി. 18 insignia. കൊടിതഴവി. കൾ Bhr. വി. കൊടി a banner. 4. a kind of rice = കഴമ.

വിരുതൻ an accomplished warrior, വി. ഇവൻ VetC. a hero. പോരിന്നു വി'നാം രാമൻ KU. clever, eminent. ചെറുതു കറുതു പണിക്കു നല്ല വി. prov. വീരരിൽ വി'ന്മാർ VCh. മൂഢരിൽ വി. KR.

**വിരുത്തി virutti**, Tdbh. of വൃത്തി, വൃദ്ധി. 1. Domain given to a king രാജാവിന്നു വി. കൊടുത്തു KU. 2. land granted rent- & tax-free to Government servants, feudal tenure വി. ക്കാരൻ Trav. 3. a quick growing rice (= പുഞ്ച).

(വി): വിരുദ്ധം S. (part. pass. of രുധ്). 1. Opposed ശരംശൻവി'നായി നില്ക്കുമ്പോൾ CG. എഴുന്നെള്ളിയെടത്തേക്കു വി'മായി നടക്ക TR. to act against. അവനോടു വി'മായി കാട്ടി Mud. വിരുദ്ധവചനം a word to the contrary. 2. hatred ഇരുവക്കും അന്യോന്യം വി. ഉണ്ടാം Mud.

വിരുദ്ധപ്പെടുക to be hindered.

**വിരുന്നു virunnu** T. M. (C. Te. വിന്ദു, see വിരകം or വൃന്ദം). An entertainment, feast; number of guests, visit മരുന്നും വി. ം മൂ. നാൾ, വി. ചോറുണ്ടു prov. വി. ഉണ്മാൻ Anj. വിരുന്നൂണു കഴിച്ചു, മന്ദിരം പുക്കു വിരുന്നൂണും ഉണ്ടു CG. അവരെ വിരുന്നൂട്ടുവാൻ കൊണ്ടു പോയി KN. കാക്ക വി. കറിച്ചു കരഞ്ഞാൽ വി. വരും superst. രണ്ടാൾ വി. വന്നു vu. [N. pr.

വിരുന്നൻ a guest, new-comer V1.; വിരുന്തൻ

വിരുന്നുകാരൻ a guest; host.

വിരുന്നുക്ഷണം, — വിളി invitation.

വിരുന്നൂട്ടു = വിരുന്നൂൺ. (see ab.)

വിരുന്നുണി an uninvited guest, parasite.

വിരുന്നുവാഴി = ഭരിപ്പുകാരൻ So., വിളമ്പൻ No.

**വിരുപ്പു viruppu** T. aM. (വിരയു). 1. Desire. 2. So. = വിരിപ്പു 2. f. i. വി. മുണ്ടകം ഇരു പൂ വിള MR.

വിരുമ്പുക T. aM. to wish മേലൊന്നു വി'ന്നരിതാമോതരൻ RC. [viler V1.

(വി): വിരൂക്ഷകൻ S. addressing roughly, a reviler V1.

വിരൂപം S. deformed, ugly. — രാക്ഷസിയെ വിരൂപണം ചെയ്തു KR. Bhg. mutilated, maimed. — ബന്ധുക്കളെ വിരൂപിക്ക വധത്തിന്നു തുല്യം (to deform by singeing the beard). വി'ച്ചയച്ചു Bhg. = വിരൂപനാക്കി വിട്ടു CC. — വിരൂപത (opp. ഭംഗി) ugliness.

വിരേകം S. purging ഛർദ്ദിവി'ങ്ങൾ Nid.

വിരേചനം id. വി. പോം, ഏററം പോകിൽ; എന്നാൽ വി. നടന്നു പോം a. med. evacuation.

denV. വിരേചിപ്പാൻ മരുന്നു, also മഹോദരത്തിന്നു വിരജിപ്പാൻ മരുന്നു a. med.

VC. വിരേചിപ്പിപ്പതുത്തമം Nid. to administer a purgative.

വിരോചനൻ S. illumining, the sun.

**വിരോധം** S. (രുധ്). 1. Opposition. വി. പറക to speak against. വി. ചെയ്ക to hinder. പോകേണ്ടതിന്നു വല്ല വി. ഉണ്ടായിരുന്നുവോ jud. what prevented him from going? സത്യവി. വരുത്തുക Bhr. to break my word. 2. enmity വിപ്രന്മാരോടു വി. തുടങ്ങരുതു Bhr. നമ്മോടു വി'ത്തിന്നു വരുന്ന ആളുകൾ TR. whoever attacks me. 3. check, restraint. അവന്റെ വക വി. തീർക്ക TR. attachment by law.

നാം വിരോധിച്ച വി. അവിടുന്നു എടുത്തിരിക്കു ന്നു TR. embargo, interdict. 4. objectionable തീയൻ അടുക്കേ വന്നാൽ അതു ഞങ്ങൾക്കു വി' മാകുന്നു jud. പുളി ബഹുവി. MC. (opp. ഇഷ്ടം).

വിരോധക്കാരൻ, വിരോധി an opponent, foe.

വിരോധാൎത്ഥം contrary meaning; for opposition's sake.

denV. വിരോധിക്ക 1. to oppose, hinder അഭി ഷേകത്തിനെ വി'പ്പാൻ KR. 2. to prohibit, അവകാശത്തെ വി'ച്ചു jud. denied the claim. എന്നു വി'ച്ചു forbade (=വിലക്കുക), പാട്ടം അടെക്കുന്നതിന്നു വി'ച്ചു (also Acc.). കിണറു കെട്ടുന്നതിന്നു വി. TR. പ്രവൃത്തി വി'ച്ചു Mud. took their office from them. 3. to stop, attach. അവരുടെ വസ്തുമുതൽ വി'ച്ചു, ഞങ്ങ ളെ വക ഒക്ക വി'ച്ചു, വി'ച്ച മുളക TR. അധി കാരി നികിതിക്കു വേണ്ടി വിള വി'ച്ചിട്ടു ജാ മ്യൻ കൊട്ടത്തിട്ടു കൊയ്യുന്നു MR.

വിരോധോക്തി S. contradiction.

വിറ vira M. (C. Te. fear, T. stupor, numbness fr. വിറു 5. stiff). Tremor. — വിറപ്പനി ague. — വിറവാതം paralysis. — വിറവീക്കത്തിന്നൌ ഷധം GP. വിറ കൊൾക CC. to shiver. — also വിറയൽ = വേപഥു med. ഭീതനായി വി. പൂണ്ടു SiPu. — വിറയൻ a coward.

വിറെക്ക T. M. To shiver, tremble ഗാത്രം വി'ച്ചു Mud. (from wrath). കൈലാസം വി'ച്ചു പോം SiPu. നോക്കിയാൽ നിലം വി'ക്കുന്നതെ ന്നു തോന്നുമതു a. med. an eye-disease.

CV. വിറെപ്പിക്ക to cause to tremble; (also involuntary action). ദംഷ്ട്രിയും ചുവപ്പിച്ചു ദേ ഹവും വി'ച്ചു Bhr. (in passion). വിറയൽ വി'ച്ചു രാവണൻ തല പത്തും അറുക്കും KR.

വിറകു virayu T. M. (വിറു or വൃക്ഷം?) Firewood വനേ വിറകിന്നു പോയി CC. വി. അടക്കി KN. ഇരുന്ന വിറകിന്നു ചേതം prov.; fig. വേ വുന്ന തീയിൽ വിറകിടാതെ Pay.

വിറക്ക virakka T. M. (C. Te. Tu. astonishment, വിറു). To become stiff as from cold ച ത്തു വിറന്നു പോയി vu.; വിറന്ന inflexible.

വിറക്കം V1. repugnance.

വിറങ്ങലിക്ക So. to be benumbed, grow stiff (No. വൃക്കലിക്ക).

വിറയുക B. To be covetous, see വിരയുക.

വിറുമ, see വെറുമ Port. An auger.

വിറ്റു vittu (see വില്ക്കു). വിറ്റുതീനി Living by the sale of property. — വിറ്റുണ്ണെന്നു പറയും കണക്കനേ GnP.

വില vila 5. (വില്ക്കു). 1. Sale, ദാസിയെ ദാസ ന്മാൎക്കു വിലപ്പെടുന്നതു സമ്മതം may sell. വില പ്പെട്ട ശൂദ്രൻ VyM. = ക്രീതൻ; ആനയെ വില യാക്കി വിററാൽ, എനിക്കു വിലയായി മക്കളിൽ ഒരുവനെ തന്നീടേണം KR. 2. price, value എന്തു (ഉണ്ടു or ആകുന്നു) വി. vu. how dear? അരി വി. പൊന്തി opp. ഇടിക, കെട്ടുക, താ ഴുക; വി. സഹായം ആക cheap (easy terms). വിലയുള്ള, — യേറിയ precious. വലിയ വി. dear (stiff terms). വി. ഏറക്കൊൾക to buy dear. നാലാളുകൾ കാണുന്ന വിലെക്കു to fix (= മതി ക്ക), 80 മൂന്നു പീടികയും വില തീൎത്തു കരണം എ ഴുതിത്തന്നു TR. വി. ഖണ്ഡിക്ക, ഇരുത്തുക, മുറി ക്ക, വെക്ക to set, settle. വി. നിരക്ക to agree about. വി. ആക sold; steady or firm market. ഓട്ടിന്നുണ്ടാകും വി.; കൊടുക്കുന്ന വി. = തിട്ടം, ക രാർവില; കിട്ടുന്ന വിലെക്കു at any prize; വി ലെക്കു കൊൾക, വാങ്ങുക, എടുക്ക to buy. വില തന്ന ദ്രവ്യം VyM. sum paid for. വിലെക്കു തരിക യില്ല KR. to sell, (also = is sold already, or is not for sale = വെറുതേ തരാം). 3. character; pagoda music (loc.).

വിലക്കാണം a fee on sale, നിലവി. KU. (royal income).

വിലകെട്ടുക to fix the price വീട്ടിന്നു ൧000 ഉ റുപ്പിക വി'ട്ടി No.; to pay it, B.

വിലക്കുറവു, വിലനയം cheapness.

വിലച്ചരക്കു (1) wares for sale. — (2) valuable.

വിലച്ചേതം loss in cost price.

വില തരിക to pay for something വി'രാഞ്ഞി ട്ടു പുസ്തകം കൊടുത്തില്ല.

വിലതീൎപ്പു B. a bill of unreserved sale.

വില നെല്ലു price of corn levied as a tax.

വിലപിടിക്ക to fetch a price. പിടിപ്പതു വി. the price it fetches. തങ്കലേ ദ്രവ്യം വി. യി ല്ല Nal. is not valued. വി'ച്ച മുതലുകൾ MR. valuable, opp. വി'യാത്ത വസ്തു VyM.

വിലപോക id. to be saleable നാസ്തിക്യവും

വി'കം prov. നിലെക്ക നിന്നാൽ വിലെക്ക പോകം will rise in value.

വിലമകൾ a prostitute. (T.)

വിലമരുന്നു a valuable remedy. [TR.

വിലയോലക്കരണം a bill of sale, f.i. of slaves

വിലസഹായം cheapness; cheap.

**വിലം vilam** S. 1. (വിൾ). A chasm, hole PT. (in a tree, ground). 2. Tdbh. aM. (= ബലം) വലങ്കൈവിലം, തള പിരിയും വി. കനം ആക്കം വീഴും എന്നവ എല്ലാം RC.

**വിലക്കം vilakkam** T. M. (T. വിലക to recede, go asunder, √ വിൽ). 1. Prohibition, thwarting ഉത്സവം വി. ചെയ്തു Mud. 2. (C. Te. വില വിലി) a cramp, stitch വായുവി. etc. വാരിയെല്ലിന്റെ ഇട(യിൽ)നിന്നു ഒരു വി. vu.; difficulty of breathing വി'ത്തിന്റെ ദീനം MR.

വിലക്ക 1. separation as during menstruation. 2. prohibition, interdict, embargo കുടിയാന്മാരെ കണ്ടത്തിലും കളത്തിലും വി. ആയാൽ അവർ വി. സമ്മതിയാതെ നെല്ലു കൊയ്യുന്നു, ജന്മാരികളെ വി., വി. കൾ കേട്ടു TR. = വിരോധം. മുതൽ എടുക്കുന്നതിന്നു തമ്പുരാന്റെ വി. ഉണ്ടു TR. the Rāja forbids paying taxes to the H. C. 3. a mark of attachment (law) വി. വെക്ക, എടുക്ക, വി. ം തോലും KU. 4. = വിലക്കം 2. V1. 2.

വിലക്കുകോരിക B. the last course at meal.

**വിലക്കുക** T. M. 1. To separate, excommunicate. 2. to prevent നാണം വിലക്കവെ കണ്ണുടെച്ചു CG. പുഴവി., ചാഴിവി. Mantr. ഉത്സവം വി. = മുടക്കി Mud. 3. to prohibit വാദ്യഘോഷം കരംകൊണ്ടു വിലക്കി Nal. വേണ്ടാ എന്നു വി. KR. പോവാൻ വിലക്കിനേൻ Pay. forbade. വിലക്കിയതു കേട്ടില്ല TP. would not be warned. കാപഥത്തിന്നു നിന്നെ എന്താതും വിലക്കാത്തു KR. അതുതന്നെ വിലക്കൊല്ല Anj. don't refuse. എടുത്തു വിലക്കിയ സദ്യ a feast where you are nearly forced to eat. ഓദനം തന്നെ വി'വാൻ വല്ലാതേ CG. not saying I have enough. 4. to attach കോയ്മയിൽനിന്ന് ആളയച്ചു വി. KU. നിലം വിലക്കീട്ടും നായർ നടന്നു TR. 5. to cross out writing.

CV. വിലക്കിക്ക, f.i. പറമ്പു വി'ച്ചു (4) interdicted cultivation TR.

**വിലങ്ങ** Inf. Across, athwart ധരണിയിൽ വി. വീഴുന്നാൻ, വി. വന്ന ചാരൻ RC. ഒരു കോൽ അകലത്തിൽ നീളവും വി. യും ചില രേഖകൾ ഉണ്ടാക്കു Gan. തുപ്പുന്നതു വിലങ്ങേ പോം Nid. Also വിലങ്ങനെ & വിലങ്ങത്തിൽ വെക്ക; മുക്ക വി'ത്തിൽ ചിലക്കുണ്ടു KR. വി'ത്തിൽ കടക്ക over stiles etc. — & വിലങ്ങാടേ.

വിലങ്ങൻ = വിലങ്ങുകാരൻ a prisoner, വി'രാക്ക TR. (in war).

VN. വിലങ്ങൽ 1. crossing. 2. aM. T. a hill വി. കൊണ്ടെറിന്തനൻ, വി. നേർ വളർന്ത മെയ്യുള്ളോർ RC.

വിലങ്ങു 1. what is across, cross-iron. വി. വഴി a road stopped up. വി. വാതിൽ a gate across the road. വിലങ്ങിലേ വാതിൽ a backdoor. ഏത്തത്തിന്റെ വി.; വിലങ്ങടിക്ക to transgress. 2. fetters വി. ൽ പൂട്ടി Nasr. വിലങ്ങു വെക്ക, ഇടുക = തടവിൽ. വി.പുര a jail വിലങ്ങിടത്തിലിട്ടു Genov. വി.കൂലി prisonfees.

വിലങ്ങുക T. M. 1. to go aside വിലങ്ങിപ്പോയി. 2. to fall across, cross over; fall foul off, to be transverse ചോറു വി'ങ്ങിപ്പോയി = തടഞ്ഞു sticks in the throat. വിലങ്ങിവെക്ക to cross out writing (= വിലക്കുക 5.).

വിലങ്ങിക്ക 1. freq.V. id. വെണ്ണ മാറിൽ തടഞ്ഞു വി'ച്ചു പോയി, in consequence the rogue says: ധീക്കുന്ന വീപ്പു വി'ച്ചു പോകുന്നു CG.; so ഉരൽ വി'ച്ചു പോയി CG. വി'ച്ചുകൂടാ he cannot get out however he turn. 2. VC. to thwart V1.

(വി): വിലക്ഷണം S. 1. of different character പ്രകൃതിഗുണവി'നായ പുമാൻ Bhg. 2. indescribable, unprecedented, ugly ഗാത്രം കറുത്തു ചെറുതായി ചെമ്മേ വി'മായി ഭവിച്ചു Nal.

വിലജ്ജിത S. (part.) f. ashamed ഉടുക്കപ്പോകാതേ വി. യായി KR.

വിലപനം S. & വിലപിതം lamentation; ഇതമങ്ങു വിലപിച്ചു Bhr. (& വിലാപിക്ക q. v.)

വിലയം S. destruction സലിലം ബന്ധവാരാന്നോ വി. ഇയലുന്നു ChVr.

**വിലസൽ,** — സിതം part. S. Sporting. വിധിവിലസിതം ഇതൊക്കയും Mud. ordered by fate.

വിലസുക 1. = വിളങ്ങുക to shine, glitter വെളുവെള വിലസും മഴത്തുള്ളികൾ KR. കമലങ്ങൾ എന്ന വിലതും വേന്തൻ കഴൽ RC. ഇതി വിലസും തൃക്കൈ CC. thus armed. കഴൽ എന്നിൽ വിലസേണം മറുവില്ലാത മുകരത്തിലേ മുഖം പോലേ CG. to be reflected, appear. 2. to play കേളി വി'ന്നു കണ്ടാൻ CC. പാരിടം തന്നിൽ കടന്നു വി'വാൻ Nal. to amuse themselves.

വിലാപം S. (ലപ്). lamentation ചിത്തം പിളന്നു വി. തുടങ്ങിനാർ SiPu.

denV. വിലാപിക്ക KR. UR. to wail തൊഴിച്ചൽ ഏറ വിലാപിച്ചു വീണു കേഴും Bhg.

**വിലാത്തി** Ar. **Vilāyat,** Country; esp. Europe (with 18 വി. vu.), England വി. കപ്പൽ, വി. ചുരക്ക etc.

**വിലാവു** **vilāvu** T. M. (വിലക). Side, the chest വിലാപ്പുറത്തു ഭണ്ഡം Nid. ഇടന്തകം വി. ടയവൻ RC. broad-chested. — വിലാവെല്ല a rib.

**(വി):** വിലാസം S. 1. play, sport, (= ലീല), ദേവന്റെ വി. അവിടേ കണ്ടു KU. God's manifestation, action. നിന്നുടെ ബുദ്ധിവി'ങ്ങൾ Mud. exhibitions of wisdom. മന്ത്രവിലാസം; ദൈവത്തിൻ വി'ത്താൽ Mud. providentially. ഇതിന്ന് ഈശ്വരൻ വഴി ഉണ്ടാക്കിയതു സൎക്കാരിൽ വി'മാകുന്നു TR. a mark of God's favour towards the H. C. 2. dalliance, coquetry, female charm.

വിലാസിനി (f. of വിലാസി) wanton. ആയർ വി. മാർ CG. young women. വി. കൾ കാലുഴിക വേണം RS.

**വിലിംബി, വിലുംബി** Averrhoa bilimbi.

**(വി):** വിലേപനം S. an unguent, perfume.

വിലോകനം S. (ലൊച്) a look അന്തികേ വി. കൊണ്ടു ശോകലരക്ഷ Bhr.

denV. വിലോകിക്ക to see, look ദിക്കുകൾ വി'ച്ചു കൊണ്ടു, തരുണിമാരെ വി'ച്ചു KR. — (part. വിലോകിതം).

വിലോചനം the eye ദിവ്യവി. എങ്കൽ ഉണ്ടു Bhr. favors me — വിലോചനൻ (in Cpds.) eyed f. i. പങ്കജവി. etc. AR.

വിലോപം = simpl. സന്ധ്യാവി. Bhr.

വിലോഭനം S. temptation, seduction ചിത്തവി'മായിച്ചൊന്നാൻ CG.

വിലോമം S. adverse, opposite course വി'മക്രിയ CS. (= വിപരീത).

**വിൽ** **vil** 5. (Tu. also biru). 1. A bow സൌമിത്രിയോടു വിൽ വാങ്ങി AR. വില്ലെടുത്തുലെച്ചുടൻ കലെച്ചു Sk. വില്ലെടുത്തതിൻ മുമ്പൻ SG. the first of archers. വില്ലും കോലും എടുത്തു KU. വി. കൂട്ടുക to get ready, പൂട്ടുക to brace, കലയേറുക etc. എന്നുടെ വില്ലിനാണ Bhg. വില്ലാണ ഭോഷ്കല്ല SG. — fig. വില്ലുകണ്ടം (a field). 2. the rainbow വി. കോരുക; also പച്ചവി., വാനവി., ആകാശവി. 3. Sagittarius ധനു. 4. a steel-spring, elastic etc.

വില്ക്കുഴന്നു the notched end of a bow.

വില്ക്കാശു a Venetian ducat used for neck-ornament, also വില്ലിട്ട കാശു V1. വില്ലിട്ട പൊന്നു TR.

വില്ക്കുറുപ്പു B. a class of bow-makers.

വില്പാടു distance of a bow-shot നൂറു വി. ചെന്നു Bhg. അവനു നൂറു വി'ടുണ്ടു വണ്ണം KR. (= വില്ലിട).

വില്പിടി the hold of the bow വി. മുറുക്കുന്നില്ല AR. വി. പിടിച്ചു RS.

വില്ലങ്കം T. M. C. 1. contest, wrangling. — വി'ക്കാരൻ quarrelsome, litigious. — വില്ലങ്കിക്ക to wrangle So. 2. (= വിലങ്ങ) adversity, difficulty. കാൎയ്യം വി'മായി took a bad turn. വി'ത്തിലാക്കി endangered No.

വില്ലൻ an archer, hunter അമ്പു കളഞ്ഞോൻ വി. prov.

വില്ലാട്ടം vibration, elastic motion as of the eye കണ്മുനത്തെല്ലിന്റെ വി. Nal. നറുഞ്ചില്ലിവി. SiPu. ചില്ലിവില്ലാട്ടവട്ടങ്ങൾ VetC.

വില്ലാളൻ, വില്ലാളി an archer.

വില്ലി id., ആയിരവി., കരുവി., പൂവി. jungle deities.

denV. വില്ലിക്ക to be bent like a bow V1.; മരം (sawn) വില്ലിച്ചുപോക No. — to be tipsy B.

വില്ലുകാരൻ an archer.

വില്ലും കത്തിയും ഉള്ളവൻ strenuous, energetic. യാതൊരു പണിക്കും നല്ല വില്ലുകത്തിക്കാരനെ പോലെ equal to any emergency.

വില്ലുവലി, വില്ലുവിദ്യ archery.

വില്ലുവല്ലോൻ a skilful archer.

വില്ലുന്നി (4) a certain snake.

വില്ലെഴുത്തു archery വി. അഭ്യസിക്ക Arb., വില്ലെഴു B.

വില്ലേരിവെക്ക (loc. = T. വില്ലേർ fight).

വില്ലൊടിക്കാരൻ KU. an archer; നായ്ക്കാരന്റെ ചങ്ങാതി (huntg.) prh. = വില്ലിടി.

വില്ലൊലി the sound of a bow വി. വരുത്തി Bhr.

**വില്ക്ക** vilka T. M. (വില). To sell കട്ടവസ്തുക്കൾ പലർക്കും കൊണ്ടു വിററു TR. sold to. — കൊണ്ടുവി. to buy for sale. കൊ'ല്ക്കുന്നവൻ a hawker. — കച്ചോടം വി. jud. to sell as in a shop. വിറെറടുക്ക, വിററു മുതൽ ചെയ്ക to raise money by selling property. വിററൂൺ etc. (see above). വിറെറാടുക്ക to squander. — met. സ്ഥാനം വിററു ചക്കര തിന്നുക prov. No. to forget one's position.

വില്പന T. So. sale രത്നങ്ങൾ വി'നെക്കായി കൊണ്ടുവന്നു Arb.

CV. വില്പിക്ക to cause to sell TR.

**വില്ല** villa T. M. C. Te. A metal-plate (prh. = വില്വം T.), a badge of peons (വില്ലക്കാർ).

**വില്ലുത്തു** Port. velludo, Velvet V1. വില്ലുസ്സുകൾ Nal.

**വില്വം** vilvam S. Cratæva religiosa = കൂവളം, or Aegle, Limonia crenulata Buch.; the fruit med. വില്വാദികഷായം കുടിക്ക MM.; the wood is used for യൂപം KR., the leaf holy to Shaiwas വില്വപത്രാരാധന Si Pu. വില്വപത്തിരി V1. വില്വപത്രവും ശിവരാത്രിയും prov.

വില്വാദ്രി N. pr. temple of Višṇu (തിരുവില്വാമലമേവും ഹരിഗോവിന്ദ song), തിരുവില്വായി, വില്വംപുരാണം VilvP.

**വിവക്ഷ** vivakša S. (വച്) Wish to speak, വിവക്ഷിക്ക B. to wish, desire.

(വി): വിവത്സം S. bereaved വി'ങ്ങളായ പശുക്കളെ പോലേ & വിവത്സലാധേനു KR.

**വിവരം** S. 1. Cleft, interval. 2. T. M. C. details, particulars. വി. പറക to relate, state distinctly. എന്നെനിക്കു വി. ഇല്ല MR. I cannot say. കടിവി. കണക്കു, നാണ്യവി. കണക്കു list of. പോയതീയരെ പേർവി. TR. are as follows. ആൾ വി. കൂടാതേ MR. without specifying the persons. വി'ത്തോടു നമ്മോടു പറഞ്ഞു particularized. വർത്തമാനങ്ങൾ വി. തിരിച്ചെഴുതി, കാൎയ്യത്തിന്നു വി'മായി കല്പന എഴുതി, എഴുതിവെച്ച വി. പോലേ TR. വി. കൊടുക്ക to explain. ഒരു വിവരവും അറിയുന്നില്ല all in a maze. 3. often = പ്രകാരം f. i. നാം നടന്നുകൊള്ളേണ്ടും വി'ത്തിന്നു കല്പന വരിക TR.

denV. വിവരിക്ക to detail, relate, explain വി'ച്ചു ചൊല്ലി TR., (S. വിവരണം).

വിവൎണ്ണം 1. changing colour വിവൎണ്ണവസ്ത്രം Anach., opp. white. തിരുമുഖത്തിന്നു വിവൎണ്ണത പുരാ അറിയുന്നില്ല KR. discoloring from emotion. 2. of bad complexion, സുവൎണ്ണരും വി'രും KR. low castes.

വിവൎത്തനം S. going round അതിനെ വി. ചെയ്തു Bhr. = വലംവെക്ക.

വിവശം S. will-less, not under control, mostly = പരവശ besides oneself, m. ഭയവിവശഹൃദയൻ Mud., കോപവി'ൻ; f. ആനന്ദവിവശയായി KR. — കാമവിവശത പോക്കുക Sk.—വിവശപ്പെടുക്ക Bhg. to drive mad with torments. — വിവശീഭാവം ഇയന്നു നിന്നഴന്നു CC. distracted. [Bhg.

വിവസ്വാൻ S. (the rising) sun AR., a Manu

**വിവാദം** S. 1. Contest, dispute മയ്യഴി അതിരിന്റെ വി. തീൎക്ക (= തൎക്കം), സായ്പു രാജാവവൎകളുമായി വി. ഉണ്ടായ അതിൽ TR. 2. a lawsuit. 3. Tdbh. വിവാതു കൂറി VyM. betted = വാതു.

വിവാദി a disputant, captious; also വിവാദമാനന്മാർ Bhr.

denV. വിവാദിക്ക, as അവകാശം വി'പ്പാൻ to dispute the claim TR. & v. n.

വിവാസം S. excile. — വിവാസദണ്ഡം VyM. banishment (distinct from പ്രവാ —) — സുതവിവാസനാദിയായുള്ള അകൃത്യം KR.

**വിവാഹം** S. Fetching the bride, marriage

വി. നിശ്ചയിക്ക to betroth. അവളെ വി. കഴിക്ക, ചെയ്ക to marry. സഹോദരികളെ വി. കഴിക്കുന്നവർ VyM. എന്നു വി. കഴിഞ്ഞു Bhg. when was the wedding? പുത്രന്മാൎക്കു വി. ചെയ്യിക്ക, വേഗം ഇവൎക്കു വി. കഴിച്ചീടേണം, നാലരെക്കൊണ്ടു പുത്രിയെ വി. കഴിപ്പിച്ചു KR. = വി. ചെയ്തു കൊടുക്ക to give in marriage. രണ്ടാം വിവാഹത്തിന്നപേക്ഷിച്ചു SiPu.

വിവാഹഭൎത്താവു, — സ്ത്രീ married. വി'മുഹൂൎത്തം the ceremony of മംഗല്യസൂത്രം.

denV. മാന്മിഴിയാളെ പാണ്ഡിയൻ വിവാഹിച്ചാൻ VCh.

വിവാഹ്യ f. to be married.

വിവിക്തം S. (part. pass. of വിച്) separated, isolated. വി'ദേശം V1. lonely. വിവിക്തവാസത്തിങ്കൽ തുണ Bhr.

വിവിധം S. diverse, various വിവിധതര വാൎത്തകൾ Bhg.

വിവൃതം S. uncovered. വിവൃതഭാവൻ KR. communicative.

വിവേകം S. (√ വിച് to sift). 1. Discrimination, discernment. വിവേകാവസ്ഥ years of discretion. വിവേകമില്ലാതേ ചമഞ്ഞു Mud7. destitute of penetration. 2. prudence ചെല്ലുത്തിനാൻ ഒരു വി. മാരുതി RC. trick. നാനായുദ്ധത്തിൽ വിവേകജ്ഞൻ VCh. of extensive military judgment.

വിവേകരത്നം N. pr. a Vēdāntic treatise VivR.

denV. ജ്ഞാനത്താൽ വിവേകിച്ചു, വി'ച്ചു നോക്കം Bhg. to sift, discern, distinguish clearly.

വിവേകി judicious, a sage.

വിവേചനം S. (= prec. 1.) ധൎമ്മാധൎമ്മവിവേചനസാമൎത്ഥ്യം KR. വി. ചെയ്ക to discern, try.

**വിശ** visa T. M. (C. bese, Te. vesa, fr. besi, C. vrē, Te. to throw, whence വീശുക). 1. A spring-trap, snare for birds = തൊള്ള, കണി V1. വിശകൊച്ചുക to set a trap. 2. T. a lever (തുലാം 472). 3. a tendon വിശ അറുത്തു കൊന്നു huntg. (of a boar) വൈവള്ളി അറുക്ക. 4. blinds of bamboos വെശ തൂക്കുക vu.

**വിശക്ക** (T. C. to be impetuous, angry. Te. visuku, Tu. C. bēsara fatigue). To be hungry, have appetite വിശക്കാൻ തക്കതുണ്ണേണം prov.; എനിക്കു വിശന്നു impers.

VN. വിശപ്പു 1. hunger, appetite പഴം തിന്നിട്ടു വി. കെട്ടു TP. വി. അടങ്ങുമാറില്ല മമ Brhmd. I am always hungry. വി. പൊറാഞ്ഞിട്ടു Bhg. driven by hunger. അവരെ ഒക്കയും ഇന്നു (or തിന്നു?) വിശപ്പടക്കീടുവൻ KR. I shall eat them all. യാതോരാളുടെയും വി'ം ദാഹവും അറിഞ്ഞു കൊടുക്കുന്നവൻ No. vu. = ധൎമ്മിഷ്ഠൻ. 2. (loc.) the stomach.

(വി): വിശകലിതം S. = simpl. ഗജദന്തങ്ങൾ വി'മായ്യമഞ്ഞു KR. shivered.

വിശങ്കം S. fearless വി'മാംവണ്ണം പറഞ്ഞു KR.

വിശദം S. clear; pure (of medicines, also a kind of സ്വൎശം, water-like GP.) വിശദഭക്തി Nal. വി'ഹൃദയൻ, വി'മതി Mud. വി'മായി കാണ്മാൻ Arb. clearly.

വിശയം S. 1. doubt വി. ഇല്ലേതും KR. 2. Tdbh. = വിഷയം or വിശേഷം extraordinary. ഇത്തിര നല്ല വി. ഇല്ല TP. what a sight!

**വിശരി** visari (T. വിചിറി see വിശ, or S. വ്യജന). A fan വീശുന്ന വി. യും ധരിച്ചു KR. ഢിപ്പ വി. യും കൊടുത്തു TR. വീശുവാൻ ആലവട്ടം ചോററിയും വി. യും PT. — വിചറി V1. B.

വിശറു No. a storm of rain.

വിശറുക to fan, flutter with wings V1.

വിശക്ക = വിയക്ക Brhmd.

(വി): വിശല്യകരണി S. one of the 4 heavenly medicines, extracting arrows from the wounded V1. AR 6.

വിശസനം S. slaying പശുവി'ങ്ങൾ ചെയ്തു KR. (priests in sacrificing).

വിശാഖ S. (branchless) the 16th lunar mansion, right leg of Bootes അയോദ്ധ്യേക്കുള്ളൊരു വി. നക്ഷത്രം മയങ്ങിപ്പോയിതു KR. (when Rāma left). വാനിടെ ഊക്കിനോട് ഒളികൾ വിശാഖന്നാളോടു വെന്നികൊള്ളും RC. — Tdbh. വിശാകം id., see പൈയാവി. (al. വൈയ്യാവി.) KU.

**വിശാഗരി** Port. bisagra, A hinge, iron band or clamp കരുവാനോടു വിശാഗരി വാങ്ങി TR.

**വിശാമ്പതി** S. (viš house, people). A king.

(വി): വിശാരദൻ S. experienced, skilled. മായാ വി. VetC. a sorcerer.

വിശാലം S. spacious, large, broad. വി'ലോചനൻ KR. — വിശാലത width.

വിശിഖം S. (tuftless) an arrow മൂർച്ചയുള്ള വി'ങ്ങളെ എല്ലാം ChVr.

വിശിഷ്ടം S. (part. pass. of ശിഷ്) distinguished. ഗുണവി'ൻ distinguished by qualities. — ജ്ഞാനവിശിഷ്ടത being possessed of wisdom.

വിശുദ്ധം S. pure, holy, innocent വ്യാസൻ വി'മായി ചമെച്ച ഭാഗവതം Bhg. മന്ത്രദേവതാപ്രീതികൊണ്ടു നീ വി'നായി SiPu. — വിശുദ്ധി S. holiness ഗർവ്വം കളഞ്ഞു വി. വരുത്തേണം Bhg. വി. വന്നു was purified.

വിശേഷം S. (ശിഷ്). 1. Difference, preference ചന്ദ്രനും താനും ഏതും വി. ഇല്ല Mud. quite comparable. സുതനു കാനനം നഗരം എന്നതും വി. ഇല്ല KR. both are indifferent to him. 2. distinction, eminence. വി'മായില്ല especially. ഭൂഷണം കൊണ്ടു വി. വരുത്തുക Nal. ദാനവി'ങ്ങൾക്ക തക്കവണ്ണം VilvP. kinds of gifts. 3. something extraordinary (see വിശയം 2). വി. കാണ്മാനുണ്ടു a spectacle. എന്നേ വി'മേ Bhr. wonderful. 4. detail, a narrative കലിവി'ങ്ങൾ പറഞ്ഞു Sah. described K. വി. പറക to tell news, talk. വി. പറയുന്നില്ല jud. could no more speak (wounded). വി. ഉണ്ടായിട്ടില്ല we did not exchange any words. 5. (loc.) gift of feast-cloth to a mistress, on Attam & Oṇam.

വിശേഷകം 1. distinguishing; an attribute. 2. = തൊടുകുറി a religious mark. [V2.

വിശേഷകഥ (3) a drama വി. കാട്ടി കൂപ്പിക്ക

വിശേഷജ്ഞാനം discerning wisdom പൊണ്ണന്മാൎക്കുണ്ടോ വി. SG. [Adv.)

വിശേഷണം an attribute (gramm. = Adj. &

വിശേഷത = 1, 2. f. i. വി. പ്പെടുത്തുക to prefer.

വിശേഷദിവസം a special day, festivity. ക്രിസ്ത്മസ്സ് വി. Christmas.

വിശേഷബുദ്ധി = വിശേഷജ്ഞാനം.

വിശേഷാൽ Abl. especially, chiefly, even more; also വിശേഷതഃ.

denV. വിശേഷിക്ക 1. To excel ഇവ എല്ലാറ്റെക്കൊണ്ടും തൊപ്പൻ വി'പ്പാൻ KU. 2. to exhibit ശൃംഗാരവേഷം വി. യും ചിലർ Nal. —

adv. Part. വിശേഷിച്ചു 1. distinguishing, concerning. ഭാരതഖണ്ഡം വി. ചോദിച്ചതെല്ലാം Bhg. about. 2. particularly, വി. ഒന്നുണ്ടായെങ്കിൽ TR. any thing of importance. പൊന്നും തരുവാൻ വി. Nal. 3. besides, വി. ഒന്നും എഴുതുക TR. any thing further. പിന്നേ വി. VetC. and then. ദേവകളെ നമസ്കരിച്ചുകൊണ്ടു വി. എൻ ഗുരുവിനെയും വണങ്ങിക്കൊണ്ടു KU. moreover. വി. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിച്ചു കൊൾ്ക Nasr. = and. — Also വിശേഷിച്ചും f. i. സ്ത്രീസംഗം വി. നരകദ്വാരം Bhg.

വിശേഷ്യം S. what is to be distinguished; gramm. a Substantive (or Verb, see വിശേഷണം).

(വി): വിശോകം S. = അശോകം griefless.

വിശോധിതം S. (part. of ശുധ്) purified, corrected as writings.

വിശ്രമം S. (ശ്രം) repose. വിശ്രമക്കുറവു want of rest. വി'മാത്മം VetC. = വിശ്രമിപ്പാൻ; also adj. സശ്രമനെ വി'നാക്കിനാർ വാക്ക കൊണ്ടു CG.

denV. വിശ്രമിക്ക AR. ഗോഷ്ഠത്തിൽ വി'പ്പാൻ Bhr. rested.

part. pass. വിശ്രാന്തൻ rested.

വിശ്രാന്തി S. = വിശ്രമം.

വിശ്രാമം S. = വിശ്രമം.

വിശ്രുതം S. 1. celebrated, famous, known. Bhg. 2. = വിശ്രുതി fame V1.

വിശ്ലേഷം S. separation (of lovers).

വിശ്വം viśvam S. (simil. ശശ്വൽ). 1. All = സൎവ്വം; also Superl. f. i. വിശ്വപവിത്രയാം കീൎത്തി Brhmd. വിശ്വവില്ലാളിയായുള്ള കൃപർ Bhr. 2. the universe, world ഇക്കണ്ട വി. അശേഷവും GnP. വിശ്വസൃഷ്ടിസ്ഥിതിനാശനകാരണൻ Sah. [Bhg.

വിശ്വകൎമ്മാവു N. pr. the heavenly Architect.

വിശ്വഗ്രാസം all-absorbing, as മണിയും കളിയും VedD.

വിശ്വജിത്തു a sacrifice on the 4th day after Visu KR.

വിശ്വദേവകൾ a class of Gods concerned in Srāddha വി'ളം പിതൃക്കളും വിവാദം ഉണ്ടാ യി Brhmd. (in പുത്രകാമേഷ്ടി AR 1.)

വിശ്വനാഥൻ S. Siva = വിശ്വപതി.

വിശ്വനായകൻ Visṇu വി. അവതാരം ചെയ്തു തിനായേ, AR.

വിശ്വംഭര all-sustaining, f. the earth; വി'ൻ Visṇu, Sah.

വിശ്വരൂപം taking all forms, transmigration in all shapes; വി'ൻ Visṇu.

വിശ്വാത്മാവു S. Brahma as the world-soul, (വി ഷ്ണുവി. AR.) [കൌശികൻ.

വിശ്വാമിത്രൻ S. N. pr. a famous Muni, AR. =

വിശ്വേശ്വരൻ Lord of all; Siva.

വിശ്വൈകം = ലോകൈകം, f. i. വി'നാഥൻ Sah., വി'ധനുർധരൻ Bhr., വി'മനോഹരം Mud. a paragon of —.

(വി) വിശ്വസിക്ക 1. to trust, confide എന്നെ വി'ച്ചാലും KR., Brhmd. വി'ച്ചുറങ്ങിനാർ Bhr. made bold to sleep. നമ്മെ വി'ച്ചവർ, — ച്ചു നില്ക്കുന്ന ആളുകൾ TR. my adherents. കമ്പ ഞ്ഞി ആശ്രയം വി. or കമ്പഞ്ഞിക്ക വി'ച്ചു TR. relied on. കമ്പഞ്ഞിയിൽ വി'ക്കുന്നതു നന്നു to be faithful to the H. C. കടം വി'ച്ചു വൎത്തകൻ who trusted me with the loan. നമ്മുടെ കാൎയ്യ ത്തിന്നു ഒക്കയും അവനെ തന്നേ വി'ച്ചു TR. entrusted him with all my concerns. വി'ച്ചിട്ടു ചതിക്ക treachery. നിന്നെ വി'ച്ചു പുറപ്പെട്ടു on thy account. 2. to believe, with Acc. Loc. എന്നു. 3. to take refuge in കാട്ടു വി'ച്ചു TR. = ചേൎന്നു retired to. 4. to form a connexion, marry താമൃതിരിസ്വരൂപത്തിൽ വി'ച്ചു KU.

CV. വിശ്വസിപ്പിക്ക to give confidence, make bold or secure രാജാവിനെ വി'പ്പാൻ Nal. വി'ച്ചു PT. gained his confidence. വി'ച്ചു ചതിപ്പാൻ PT. to mislead.

part. വിശ്വസ്തൻ 1. trusted വി'രായ വീരന്മാർ KR.; a confidant നീ അവനു വി'നായല്ലോ പണ്ടേ ഉള്ള CG. വി'രായി തങ്ങളിൽ ചൊ ല്ലി; also confident, bold. 2. = വിശ്വാസ്യൻ trusty, faithful. വി'നായ വിദുരർ & വിശ്വാ സമുള്ള വിദുരർ Bhr.

വിശ്വസ്തത trustiness, faithfulness (Christ.).

വിശ്വാസം S. 1. trust. വി'ത്തോടുറങ്ങുക Nal. securely, confidingly. 2. faith, belief. 3. faithfulness, devotion ഗുരുദ്വിജാതിയിൽ ഒരു വി'വും KR. 4. love, intimacy, Nāyar's connection. നാരീവി. amour. വി'വീടു the house of a mistress. അവൾ അവനുമായി വി. തുടങ്ങി vu.; നീചവി. Nal.

വിശ്വാസകാരി convincing. ജനവി. ChVr. Visṇu as gaining men's faith & devotion.

വിശ്വാസക്കാരൻ (1) a trustworthy agent as of a Rāja നമ്മുടെ വി. TR.; (4) a lover (loc.).

വിശ്വാസക്കേടു (3) unfaithfulness സൎക്കാരിൽ വി. കാണിച്ചു, ഞാനും കെട്ടിയവളുമായി വി. ഉണ്ടായിട്ടും ഇല്ല TR. വി. ഉണ്ടാക്കി Mud. committed treachery.

വിശ്വാസഘാതകം treachery, also വിശ്വാസ പാതകത്തെ കരുതുന്നു GnP.

വിശ്വാസപാത്രം, — ഭൂമി proper object of trust.

വിശ്വാസയോഗ്യം (1) reliable; (2) credible വി. അല്ല MR.

വിശ്വാസവഞ്ചനം breach of faith, perfidy വി' ങ്ങൾ ചെയ്തു VCh. വി. സിംഹത്തിന്നില്ല PT.

വിശ്വാസി trusting; a believer.

വിശ്വാസ്യൻ trustworthy; reliable. ഭക്തൻ അതിവവി. AR. faithful.

വിശ്വാസ്യതയോടേ എല്ലാം നടത്തി vu. trustily, with fidelity.

**വിശ്വൈക**, see under **വിശ്വം**.

**വിഷം** višam S. (√ വിഷ് to effect). Tdbh. വിഴം a. med. 1. Venom, virus, poison, of 3 kinds കടിവി., കടിവി. (also കൈവി. ശമിക്കും a. med.), നാവി. (വാശവി.); ജനങ്ങൾ ചെയ്യു വി. തീരും Tantr. പല്ലി —, കഴുത —, വാനര —, വൃശ്ചിക വി. തീരും a. med. അവനെ വി. തീണ്ടി he was bitten. വി. തീണ്ടി മരിച്ചവൻ പ്രേതമായി ചമയും PR. മേല്പട്ടുഴിഞ്ഞാൽ വി. കയറും, കീഴ്പ്പട്ടുഴിഞ്ഞാൽ വി. ഇറങ്ങും Tantr. to spread, take effect, opp. to be counteracted, extracted സൎപ്പം കൊത്തി വി. കയററി vu. വി.

ഇറക്കുക, കഴിക്ക to expel poison, the work of Kuravars, enchanters. വി. വാങ്ങി ഭക്ഷിച്ചു ജീവനെ കളയും TR. to poison oneself. 2. any virus, dangerous matter വ്രണങ്ങളിൽ വീക്കവും വിഷവും തീരും Tantr. inflammation. വി. അപഹരിക്ക to eat what is cooked by a person of other castes — വിഷനരി, — പ്പട്ടി mad. — fig. അജ്ഞാനവിഷഹരം Bhr. കന്യാവിഷപ്രയോഗം Mud.

വിഷക്കടി the bite of snakes etc.

വിഷക്കല്ലു a famous remedy for snake-bites (വിഷാശ്മം).

വിഷചൂൎണ്ണം Mud. poison-powder.

വിഷച്ചോറു poisoned rice വി. അശിപ്പിച്ചു Bhr.

വിഷജ്വാല deadly poison, the action of venom.

വിഷത്താൻ No. Cal. hon. the Cobra de capello, as object of adoration, Palg. vu. in വെഴത്താൻ കാവു.

വിഷദിഗ്ധബാണം = വിഷം തേച്ചയമ്പു, f. i. വി'ണോപമം KR.

വിഷധരൻ a snake വിഷഭിഷഗ്മന്ത്രനിരുദ്ധനായ വി. Bhr.; Siva.

വിഷനാരി Mud. (2) a dangerous woman. So വിഷതരുണി, — കന്യക Mud.

വിഷനാഴിക 4 Ind. hours in each Naxatra that presides over the day, beginning in തിരുവാതിര after the 11th ന., in മകയിരം, ചോതി, വിശാഖം, തൃക്കേട്ട after the 14th etc. നക്ഷത്രം.

വിഷനീർ 1. poisonous fluid ഘോരമായിട്ടുള്ള വി. Mud. 2. the offensive sea-water at the close of the Monsoon.

വിഷനേരം V1. a bad hour.

വിഷപാനം taking poison വി. കരുതി CC.

വിഷപ്പല്ലു a poisonous tooth, വിഷദന്തം.

വിഷപ്പുല്ലു = പുൽവിഷം q. v. [Bhg.

വിഷഭയം danger from poison വി. ഒന്നും ഇല്ല

വിഷഭുക്തി taking poison ശത്രു തന്നതും ബലാൽ കിട്ടിയതും PR.

വിഷമന്ത്രക്കാരൻ a snake-catcher.

വിഷമുക്കി a medicinal oil.

വിഷവാതം V1. epilepsy.

വിഷവിദ്യ = വിഷവൈദ്യം, f. i. ഒരു വിദ്യ പഠിക്കിലും വി. പഠിക്കേണം വി. പഠിക്കിലും വിഷമിച്ചു പഠിക്കേണം prov.

വിഷവൃക്ഷം Andrachne trifoliata.

വിഷവെള്ളം the water covering the ground at the beginning of the Monsoon (causing പുഴക്കടി to the feet).

വിഷവൈദ്യൻ V1. a dealer in antidotes; വി'ദ്യം the cure of poisons by charms, drugs, etc.

വിഷഹരൻ expelling poisons, also വിഷഹാരി; സൎപ്പവിഷഹരണം Bhr.

(വി): വിഷണ്ണൻ S. (part. pass. of സദ്; opp. പ്രസന്ന). Dejected, desponding പാരം വി'നാം Nal. — അതിവിഷണ്ണയായി f. KR.

വിഷണ്ണത = വിഷാദം.

**വിഷമം** S. (സമ). 1. Unequal, uneven വി'ചിത്തന്മാർ Bhr. (opp. സമചിത്തൻ). വി'ചതുരശ്രം Gan. a Trapezium. 2. rough, troublesome, dangerous വി'പ്രദേശങ്ങളിൽ കേറി VyM. വിഷമരെക്കൊന്നു KR. mischievous. വിഷമജ്വരം violent, malignant fever. 3. difficulty ചെയ്വാൻ വി. ഒട്ടും ഇല്ല TR.

വിഷമത trouble, danger വി. പെരികയുണ്ടു Mud. തെല്ലും വി. കൂടാതേ VetC. easily.

denV. വിഷമിക്ക 1. to be difficult. വി'ച്ച പുണ്ണു V2. almost incurable. 2. to be in great difficulty or trouble.

CV. വിഷമിപ്പിക്ക to harass, perplex.

**വിഷയം** visayam S. (വിഷ് to rule). 1. Country, province, department. പാഞ്ചാലമാം വി. Bhr. മഗധവി. ആമിതു KR. 2. range, object of sense or desires കൎമ്മവി., ജ്ഞാനവി. VedD. ഇന്ദ്രിയവി'ത്തിൽ തൃപ്തിയില്ല, ക്ഷണികങ്ങളാം വി'ങ്ങൾ ഭുജിക്ക Bhg. വി'ങ്ങളിൽ വീണു മുങ്ങി Anj., നീന്തി വലക ChVr. വി'ങ്ങളെ മങ്ങളിച്ചു കാണ്ക Nid. The വി. of the 4 അന്തഃകരണങ്ങൾ are: of മനസ്സു: സങ്കല്പം, of ബുദ്ധി: നിശ്ചയം, of ചിത്തം: ചാഞ്ചല്യം, of അഹങ്കാരം: അഭിമാനം Vednt. വാങ്മനോവി'മല്ലാത പരബ്രഹ്മം Brhmd. unspeakable, unknowable. 3. object, relation പണം വി'മായി concerning money. ജന്തുക്കൾ വി'മായി കൃപയില്ല Si Pu.

ഭക്തന്മാർ വി'മായുള്ളൊരു പാരവശ്യം AR.; അങ്ങനേ ഇരിക്കും വി'ത്തിങ്കൽ when thus circumstanced (translation of S. Loc. absol.)

വിഷയജ്ഞാനം, — ബോധം (2) secular knowledge.

വിഷയമദം intoxication by sensations.

വിഷയസുഖനിരതൻ SiPu. sensual.

വിഷയാത്മാ a sensualist. വി. കളായുള്ളവൎക്ക് എങ്ങനേ സുഖം, സംഗികളായ വി. കൾ Bhg. worldlings.

വിഷയി id., വി. ജനങ്ങൾ GnP. (opp. മുമുക്ഷു).

വിഷയീകരിക്ക to make something one's object, to place before the mind AdwS.

വിഷയേന്ദ്രിയം organ of sense നേത്രരസനാദി വി'വികാരം ശ്രോത്രിയനും ഉണ്ടു ChVr. is tempted by lusts. [സാനം).

(വി): വിഷാണം S. a horn; a tusk (= അവ

വിഷാദം S. (സാദം) lassitude, dejection, low spirits വളരേ വി'മായി TR. (less than ദുഃഖം). പാരം വിഷാദവാൻ Nal. desponding, also വിഷാദി.

denV. വിഷാദിക്ക to faint, despond, grieve വിഷാദിയായ്ക എന്നു വിശ്വസിപ്പിച്ചു Bhg.

**വിഷാരി višāri**, Tdbh. of വിഷഹാരി A snake-charmer വി. യെക്കണ്ട പാമ്പുപോലേ prov.

വിഷാരൻ Anach. title of the foremost Sanyāsis (see പിടാരൻ), also വിഷാരകന്മാർ, വിഷാരോടികൾ KN. a class of Ambalavāsis with half Sanyāsi manners.

**വിഷാലരി** V1. = വിഴാലരി.

**വിഷു višu** S. (ഭിഷു? G. 'isos). 1. Equipoised 2. equinox, chiefly the feast of vernal equinox (see ഓണം). മേഷസങ്ക്രാന്തി വിഷുപുണ്യകാലം, തുലാസങ്ക്രാന്തിവിഷുവൽപുണ്യകാലം TrP. 1st of Mēḍam = 10th April. വിഷുവിൽ പിന്നേ വേനൽ ഇല്ല prov. ഓണവും വിഷുവും വരാതേ പോകട്ടേ old prov. (Tīyars, on account of കടിയിരിപ്പു).

വിഷുക്കണി the first thing seen on Višu, ominous for the whole year, hence വിഷുക്കൈനീട്ടം, presents, annual fees (from കട്ടമനീർ etc.) are given on that morning; even temporary houses are erected by the combined efforts of several families & filled with costly & auspicious objects (കണിപ്പുര). വി. കാണ്ക.

വിഷുഫലം result of comparing the nativity with the equinox, f.i. ഒരം കൊല്ലത്തേ വി. വേണ്ടില്ല, കാൎയ്യമല്ല (നന്നല്ല) augurs bad harvest, sickness, etc. vu.

വിഷുവൽ = വിഷു q.v., രാപ്പകൽ ഒത്തസമയം.

**വിഷൂചിക** S. (f. of വിഷചക). Spasmodic cholera, = നീക്കൊമ്പൻ Nid.

(വി): വിഷ്കംഭം S. a bar, diameter; a യോഗം.

**വിഷ്ടം vištam** S. (part. pass. of വിശ്) Entered, penetrated.

**വിഷ്ടപം vištabam** S. (height of heaven). The world. വിഷ്ടപകാമി Vednt. a worldling. വി' പേശ്വരൻ Bhg. വിഷ്ടപത്രയേശ്വരൻ VetC. God.

(വി): വിഷ്ടംഭനം S. stopping, fixing. ഭ്രപങ്കൽ പാദവി. ചെയ്തിരിക്കും ലക്ഷ്മി PT. planting the feet. [വി. GP51.

വിഷ്ടംഭി S. checking motion ഏററം ഗുരു

വിഷ്ടരം S. rushes, seat of Brahmans ഋഷിക്കു വി. മുമ്പായ പൂജ CG. വി. കൊടുത്തു സല്ക്കരിച്ചിരുത്തി VCh.

**വിഷ്ടി višṭi** S. (labour). 1. The 7th moveable Karaṇam, one of നവദോഷം, f.i. വൃശ്ചികരാശിയിൽ വി. ഇല്ലല്ലീ ചൊൽ CG. വാവിൽ വി. സിംഹം astr. 2. Tdbh. of വിഷു V1.

**വിഷ്ഠ višṭha** S. (& viš, വിൾ). Fæces, also വിഷ്ഠമൂത്രം VyM.

വിഷ്ഠൻ an outcast (= വിടൻ).

denV. വിഷ്ഠിക്ക to go to stool V1.

**വിഷ്ണു** S. **Višṇu** (pervader?). ചിത്രമാം വിഷ്ണുപദം പ്രാപിക്ക Mud. ജാതിഭേദങ്ങൾ ഇല്ല വി. ഭക്തന്മാൎക്കേതും VilvP.

വിഷ്ണുക്രാന്തി, Tdbh. വിണ്ണുക്കിരാന്തി V1 Evolvulus alsinoides GP 65. വിഷ്ണുക്കിണാന്തി (Palg. കൃഷ്ണക്കിണാന്തി) വേരോട്ട പൊരിഞ്ഞാൽ പട്ടണത്തേ രാജാവു പകലേ (= ക്ഷണത്തിൽ) വരും prov. No. — കാട്ടുവി. Polygala arvensis Rh.

വിഷ്പക് S. (വിഷു+അഞ്ച്). Turning both ways.

വിസം visam S. = താമരവളയം, Lotus fibres.

വിസനം Tdbh. (= വ്യ—). മൂത്രം വീഴ്ക്കുതാതേ വി. a. med.

(വി): വിസമ്മതം S. (part. pass. of മൻ) dissent, വി. പറക. [misc.

വിസംവാദം S. contradiction, breach of pro-

വിസരം S. spreading, multitude രശ്മിവി'ങ്ങൾ അഴിയിൽ വിളങ്ങുന്ന KR.

വിസൎഗ്ഗം S. (സൃജ്). 1. Abandoning; secondary creation കാൎയ്യസംഭൂതിവി. എന്നായതു, സൎഗ്ഗവും വി'വും (= ത്രിഗുണങ്ങളുടെ അവസാനമാം സ്വരൂപം) Bhg. 2. final ഃ (gramm.).

വിസൎജ്ജനം 1. dismissal. — denV. അവളെ ദൂരത്തു വിസൎജ്ജിച്ചു. 2. evacuation (involuntary) പേടിച്ചു മൂത്രമലങ്ങൾ വി'ച്ചു AR. ഇന്ദ്രിയം വി. & വി'ക്കേണം എന്നതു ഗുളത്തിന്നു Bhg.

വിസൎജ്ജനീയം to be abandoned.

വിസൎപ്പം S. spreading; inflammation; a kind of പുൺ with 3 varieties Nid 17. അഗ്നിവി. Erysipelas. [po.

വിസറെയി Port. Visorey; Viceroy V1. Nasr.

(വി): വിസാരി S. gliding, spreading.

part. pass. വിസൃതം spread വിസൃതകൃതമുനിതരു VetC. (= Agastya?).

വിസ്തരം S. (സ്തൃ) Diffusion തൽകഥാവി. SiPu. detailing, relating.

വിസ്തരണം id. extension, amplifying.

denV. വിസ്തരിക്ക 1. to spread, to be diffuse, enlarge upon വി'ച്ചു പറക, ഇതു വി'ച്ചെഴുതിയതു TR. wrote so fully. 2. to discuss ഭക്താക്കന്മാരെക്കൊണ്ടു തമ്മിൽ വി. Anj. to criticize; esp. investigate. കാൎയ്യംകൊണ്ടു വി., കളവിന്റെ അവസ്ഥ വി., കൊന്ന അവസ്ഥെക്കു മുമ്പെ വി'ച്ച വിസ്താരം രണ്ടാമതും വി'ക്കേണം TR. അവക്കു വി'ക്കുമ്പോൾ, അയച്ച വൎത്തമാനത്തിന്നു വി'ക്കും jud. will judge.

CV. വിസ്തരിപ്പിക്ക 1. to enlarge. പത്തു യോജന വായി വി'ച്ചാളവൾ KR. extended. 2. (mod.) to cause to investigate.

വിസ്താരം 1. extension, extent. ബുദ്ധിവി. SiPu. large-mindedness. വിദ്യാവി'ങ്ങൾ SiPu. vast acquirements. ഒരു കോൽ നീളം അരക്കോൽ അകലം വി. ഉള്ള പെട്ടി MR. size; esp. breadth ദീൎഘസമാനവി'വും ഉണ്ടു Bhg. as broad as long. വി. ആക്കി, വരുത്തി widened. വി'മായിട്ടു വിചാരിക്ക TR. to enquire fully. 2. investigation, trial വി. കഴിച്ചു, വിസ്താരക്കാരനാകുന്നു TR. I am judge.

part. pass. 1. വിസ്തീൎണ്ണം extended, large ഉരവി'നിതംബാവസ്ഥാനം SiPu. — വിസ്തീൎണ്ണത abstr. N. 2. വിസ്തൃതം id. വി'കീൎത്തി, — ചതുരം KR. — വിസ്തൃതി ചൊല്ലി Bhg. details, history.

(വി): വിസ്ഫുരിതം S. (part.; സ്ഫുർ) bursting ധ്യാനവി'മാം ഈശചരഗുണരൂപം Bhr. developed by.

വിസ്മയം S. (സ്മി) surprise. വി'പ്പെട്ടു ജഗത്തുയവാസികൾ Brhmd. നമുക്കു വി. തോന്നി TR. I could but wonder.

denV. വിസ്മയിക്ക be surprised. — part. വിസ്മിതനായി CG. എന്തിതെന്നോൎത്താർ സവിസ്മിതം KR. wondering. — CV. നാരായണനെയും വിസ്മയിപ്പിച്ചു RS., (S. വിസ്മാപനം).

വിസ്മരിക്ക S. to forget അതു വി'ച്ചിതോ KR. — part. വിസ്മൃതപ്രദേശത്തു വസ്ത്രം അഴിച്ചു Nal. forgotten, lonely. — abstr. N. മൂലം മറന്നാൽ വിസ്മൃതി prov. forgetfulness.

വിസ്രംഭം S. (& — ശ്ര —) confidence, മുറവും ഭവാൻ എന്റെ വി'ഭാജനം Nal. I trust you fully. — part. pass. വിസ്രബ്ധം.

വിസ്രവം S. a stream, മന്ത്രവി. Bhg.

വിസ്സ് vis S. (L. avis). A bird.

(വി): വിഹഗം S. a bird (വിഹാ). വിഹഗപതിവാഹനം Bhr. Garuḍa.

വിഹംഗം, വിഹംഗമം S. id.

വിഹതം S. (part. pass. of ഹൻ) struck, obstructed പലവിഹതശക്തികൾ VetC.

വിഹതി striking കരവി. VetC.; വി. ചെയ്തു Bhr. to kill.

വിഹരണം S. roaming വേദാന്തവി'മായുള്ള ഇതിഹാസം Bhr 18.

വിഹരിക്ക 1. to ramble. സ്വൎഗ്ഗത്തിൽ വി'ച്ചു സുഖിച്ചു GnP. to divert oneself. മത്തരായി വി'ച്ചു Bhr. KR. (= കളിച്ചു). 2. Nasr. to consecrate വി'ച്ച അഗ്നി B. (വിഹാരം 3.).

വിഹസിതം S. (part.) a smile CC.

വിഹാ, വിഹായഃ S. the sky; Instr. പറന്നു മറഞ്ഞു വിഹായസാ AR 4. through the air.

വിഹായ S. (ഹാ). abandoning = കെട്ടു, f.i. ദേഹം വി. കഥയ Bhr.

വിഹാരം S. 1. rambling പുരോദ്യാനങ്ങളിൽ വരവി. KR. 2. pastime, sport വാരിവി. & വാരിവി'ങ്ങൾ ആചരിച്ചാർ CG. മൈഥുനം വി'വും വൃത്തികൾ ഇവ ചെയ്യു ChintR. 3. a Bauddha chapel, mosque, church V1. ക്ഷേത്രം വി'മാക്കീടും Sah. (= പള്ളി; lit. Buddha's place of recreation). പിണം വി'ത്തിൽ വെച്ചു Genov.

വിഹിതം S. (fr. വിധിതം). 1. ordered വി'മല്ലാതൊരു ദിവസങ്ങൾ VCh. for which there is no permission. 2. wished or to be wished for തീൎപ്പു ചെയ്യുന്നതു വി'മല്ല MR. കല്പന കേൾക്കുന്നതു വി. തന്നേ TR. right. വിഹിതപ്രകാരം equitably. നിലങ്ങൾക്കു വി'മായി ഒരു ജമ നിശ്ചയിച്ചു MR. tax at a proper rate.

വിഹീനം S. (part. pass. of ഹാ) deprived of. ശങ്കാവി. Bhg. fearlessly.

വിഹ്വലം S. agitated, beside oneself പ്രേമവി., കന്ദൎപ്പവി'ൻ VetC.

**വിള** viḷa T. M. (C. be, Tu. bu fr. വിൾ). 1. Vegetation, a crop of corn growing വിത്തും വിളയും ഇടുക TR., ഇറക്കുക MR. (= ഞാർ). പശു വിള തിന്നു, വിള തീറുക; വിള എടുത്തു വെക്കുമ്പോൾ TR. to reap. ഒരു മാസം കൊണ്ടു വിള എടുത്തു പോകും will be reaped. വിള കൊയ്യാറായാൽ doc. ഇളവി. = മൂക്കാത്ത വി.; കന്നിവിളയും മകരവിളയും TR. 2 crops. 2. produce of gardens, a garden (loc.). 3. = വിളവു.

വിളഭൂമി 1. a corn-field, rice-grounds വി. യിൽ ഉണ്ടാകും നെൽ GP.; also വിളനിലം. 2. a place where pearls, gold, etc. are found.

**വിളയാട്ടുക** T. M. To play, hon. വിശപ്പം നിറഞ്ഞു വി'ടിന തമ്പുരാനേ Anj. ഇഷ്ടരോടു വി'ടി Bhr. (huntg.). തൃക്കൈകൊണ്ടു വി'ടിത്തരിക KU. to give graciously. തൃക്കൈ വി'ടീട്ടു ഒപ്പിട്ടു TP. deigned to sign. നിന്റെ കൈ വി'ടിയാലേ നന്നായിരിക്കു it will be done well only if you take it in hand, അവിടുത്തേ കൈ വി'ടേണം (iron.) vu.; നിശ്ശോകമോദം വി'ച്ചോൻ നീ CC. മനസി സദാ വി. ഭദ്രകാളി Vedt. (= work). — അമ്മ വി. T. esp. Palg. euph. "Kāḷi (അമ്മ 2) to enjoy herself" = to have small-pox.

VN. I. വിളയാട്ടം sport പൂച്ചെക്കു വി. prov. ഷഡൈ്വരികൾ വി'മാക്കരുതു മമ ചിത്തം HNK. play-ground. — അമ്മവി. euph. "Kāḷi's sport" = small-pox.

II. വിളയാട്ടു play ഇനിയതുതിവർ വി., വി'ട്ടായി എയ്യാൻ RC. കൃഷ്ണൻ വി. കൾ Bhr.

വിളയുപ്പു a kind of salt B.

വിളരക്ഷ 1. protecting the crop. 2. a scarecrow or charm of rice-fields.

**വിളയുക** T. M. C. 1. To grow, grow ripe വി'ന്ന വിത്തു മുളയിൽ അറിയാം prov. അരി വി'ന്ന നിലം where pure grain grows, no husks. വിളഞ്ഞ നെല്ലു = കാലമായതു. ഏറ വിളഞ്ഞാൽ വിത്തിന്നാക prov. over-ripe. 2. to grow richly or to perfection ഉപ്പു, മുത്തു, പൊൻ വി. — ഉപ്പുവി. incrustation on vessels containing salt. (പാത്രത്തിന്മേൽ). — fig. കൎമ്മങ്ങൾ വിളവാൻ നിലം ഭൂമി GnP. അരക്കരുള്ളിൽ ഭയം വിളയുമാറു RC. — വിളഞ്ഞവൻ clever, subtle. 3. to produce വഴിയേ ഭൂമി വിളകയില്ല Bhr. ഭൂമി താനെ തന്നേ വി'ഞ്ഞു തുടങ്ങിനാൾ Bhg. from joy.

VN. I. വിളച്ചൽ 1. produce of corn etc. വി. പറക V1. to chatter (what comes uppermost). 2. corn grown ripe, നല്ല വി. a promising crop. വി. കേടു partial failure of crop, = വിളച്ചേതം.

II. വിളവു 1. id., V1. വി. ഇടുക to cultivate, എടുക്ക to reap. 2. perfection. വി. കല്ലു a precious stone. വി. അധികം ഉണ്ടു cleverness, cunning. ഇതു വി. ള്ള കോരനോട്

ഒന്നും കഴികയില്ല PT. I cannot cope with him, he is so full of resources.

CV. വിളയിക്ക 1. to cause to grow, cultivate ഉപ്പുവി. KU. Vettuvar's work (to purify salt B.). 2. fig. to produce richly or to perfection നാട്ടിൽ അമംഗലം Sah. ഭയമവൎക്കു വിളയിത്തു, ജ്ഞാനം എങ്കൽ RC. നന്മ തനിക്ക വി'ച്ചു RC. secured to himself. ആ വൎഷം ചില സങ്കടങ്ങളെ വി'ച്ചു TR.

**വിളങ്ങുക viḷaṅṅuγa** T. M. C. Te. (വിൾ). 1. To shine forth, reflect light ഉദിച്ചു സൂൎയ്യനും വി'ങ്ങി ദിക്കുകൾ KR. വെവ്വേറേ ഭംഗി വി'ങ്ങി ദിനേ ദിനേ SiPu. ഭൂമി ഇക്കുമാരന്മാരേകൊണ്ടു ഏററവും വി'ന്നു KR. ആനനത്തിങ്കീഴേ വി'ന്ന കണ്ഠം CG. 2. to unfold, show itself clearly & pleasingly തരുനിര വി'ന്ന തീരേ KR. അവർ തിണ്ണം വി'ങ്ങി CG. Gods appear. ബുദ്ധിവിലാസം വി'ങ്ങിച്ചമക Mud. അരങ്ങത്തു വി. to appear on the stage. കൊമ്പു വി'ം CC. will grow, develop itself. 3. aux. V. in po. ബാലകനായി വി'മബ്രാഹ്മണൻ Bhg. = ഇരിക്ക, മേവുക. 4. to be polished, clean. 5. v. a. So. to register names. വിളങ്ങിച്ചേൎപ്പു a rent-roll. വി'ങ്ങിക്കൂട്ടുതൽ additional rent B.

VN. വിളക്കം 1. brightness. വി. പെരുത്ത കഴുത്തു SiPu. splendid. വി'മുള്ളാഭരണങ്ങൾ തൂക്കി CC. എന്നുടെ ചേലയോ ചാല വി. ഇല്ല CG. 2. polish. 3. So. registry. 4. soldering.

വിളക്കത്തറവൻ No., — ലവൻ KU., — ലയൻ So., — ത്തച്ചൻ V1. (vu. No. — ത്തു —, Palg. — ത്തലനായർ) a barber, performer of pitrikarma; f. വിളക്കത്തച്ചി, — ത്തലച്ചി V1. = നാവിയത്തി.

**വിളക്ക** T. M. C. Te. (& velagu Te.). 1. A lamp, light (കാക്ക — & തൂക്ക — suspended, കുത്തു—fixed in the ground, നില—standing, കൈ — handy, നെറു — etc.). വിളക്കിന്റെ സമയം, വി. വെക്കുന്ന സമയം, വി. വെച്ചു ൨ നാഴിക രാച്ചെന്നപ്പോൾ TR. evening. വി'ത്തു നോക്കി SiPu. examined by lamp-light. വി'ത്തു കാണിക്ക, പിടിക്ക to show at the light. വി. തെളിയിക്ക, നിരത്തുക (vu. തിരി നീട്ടുക) to trim, കെടുക്ക, ഊതുക, പൊലിക്ക, മറെക്ക, നിറെക്ക to put out a lamp, വി. കെട്ടു പൊലിഞ്ഞു; കെട്ട വിളക്കിൽ വെളിച്ചെണ്ണ പകൎന്നാൽ കത്തുമോ prov. (proves the uselessness of ശ്രാദ്ധാദികൎമ്മം). വി. ം നിറയും a light & rice (നിറനാഴി) for ഗണപതിപ്രസാദം, required to hallow any important proceeding (അടിയന്തരം). വി. ഇടുക, വെക്ക to place a lamp in honor of Gods, saints f.i. at Talip. 366 nightly. വിളക്കം തിറയും KU. holy services. വിളക്കിന്നു ൨ പണം തരേണംTP. (to a temple). വി. തെളിവിച്ചു SG. an offering; fig. ഭാനുവംശത്തിൽ മണിവിളക്കാം ദശരഥൻ Bhr. 2. soldering.

വിളക്കുകൂടു a lantern.

വിളക്കുതണ്ടു a lamp-stand, chandelier.

വിളക്കുമാടം a place where lamps are lighted.

വിളക്കുമാനം brightness. വി. മാനവെപ്പുകാരൻ lamp-lighter etc.

വിളക്കുക v. a. 1. to brighten, polish തോക്കു വി. TP. തിരുമുത്തു വി. hon. to clean the teeth. നൽവിളക്കു കപ്പിയെച്ചാല വിളക്കി CG. made to shine, = വിളങ്ങിക്ക. 2. to solder മോതിരം വി. etc. (T. വിഴ = വിരക്കുക, C. Tu. ബെശ, ബെന) V1.

വിളക്കെണ്ണ (1) lamp-oil = ആവണക്കെണ്ണ Palg.; as much oil as a lamp can hold No.; (2) No. fish-tar, used for boats, = മീൻനെയി V1. മത്തിനൈ.

വിളക്കേറു a funeral ceremony.

**വിളമ്പരം viḷambaram** T. C. So. Proclamation, publication, from:

**വിളമ്പുക viḷambuγa** 1. T. To divulge. 2. M. (T. വിഴമ്പു cooked rice) to distribute food, serve out കയ്യിൽകൊണ്ടു കോരി വി. vu. അരി വെച്ചു വിളമ്പിപ്പാത്തു PT. പാന്ഥന്മാൎക്കു വെച്ചു വി. Bhr. പാൽ പഴം തേനും ഘൃതങ്ങളും നന്നായി വി. പാത്രങ്ങളിൽ നെയ്യും വിളമ്പിനാൽ SiPu. ഞങ്ങൾക്കമൃതം നീ വിളമ്പിത്തന്നാലും Bhg. വാഞ്ഛിതമായുള്ള വസ്തുക്കൾ വീരൻ വിളമ്പി നി

ന്നാൻ CG. ചോറും കൂട്ടാനും, മീനുള്ളതിനെക്കൊണ്ടു വി., അപ്പവും പഴവും വി. MR. മത്ത്യമാംസം വിളമ്പിക്കൊടുത്തു AR. വിപ്രസമൂഹേ കോരികകൊണ്ടു വിളമ്പുവളേ Anj. Bhagavati.

വിളമ്പൻ who superintends the distribution, esp. in victualing houses.

VN. വിളമ്പൽ, hence വിളമ്പ(ൽ)ക്കാരൻ, വിളമ്പുകാരൻ who serves out food, a waiter at table.

CV. വിളമ്പിക്ക to ask for more food, etc. വിളപ്പിക്ക loc. id.

(വി): വിളംബം S. (ലംബ്), hanging down; tardiness, delay വി. ആകരുതതിക്ഷേകത്തിനു KR.

വിളംബനം S. id. കാലവി. നന്നല്ല AR. വി. കൂടാതേ without delay, കാലത്തിൻവി. ആകുന്നതിപ്പോൾ Mud. a reprieve. നന്നല്ല മാര്ഗ്ഗേ വി. Nal.

വിളംബിതം S. (part.) retarded, adagio.

വിളൎക്ക viḷarka T. M. C. (വിൾ). To be sallow, pale ഗാത്രം മെലിഞ്ഞു വിളൎത്തു Nal. (from മാരമാൽ etc.). കണ്ണാടിവെന്ന കവിൾത്തടം തിണ്ണം വിളൎത്തിനു കാണുന്നു CG. കായി വി. V1. to be half ripe.

VN. വിളൎപ്പു, — ൎച്ച paleness, sallowness.

CV. വിളൎപ്പിക്ക to promote the ripening of fruits (loc.).

വിളറുക, റി B. to become wan.

വിളാ viḷā T. M. (C. beḷavu, C. Te. bēia, Beng. വിലപ, perh. വിൾ). The wood-apple, Feronia elephantum S. ദധിഫലം; also വിളാൎമരം, വിളാമ്പഴം; വിളാമ്പശ & pḷampaśa, its gum; also gum arabic. V1.

വിളാകം viḷāγam T. A battle-field, So. a garden.

വിളാസം, see വിലാസം C. T.

വിളി viḷi T. M. (Tu. buḷ, Te. pil). 1. A call, cry, summons ഉറ വിളി in hunting. നായാട്ടു മൂന്നു വിളിക്കാർ TP. the Nāyars thrice invited. ഒരംററില്ലം വിളിപൊങ്ങിത്തുടങ്ങി SG. നിലവി., വിളിയും തെളിയും prov. 2. blowing.

വിളികേൾ്ക്ക Palg. an enquiry with lower castes in which wedlock obtains, instituted by the head-men in case of a female becoming mother, when either the unknown father or one bribed for the purpose is to be produced and to own his fathership (No. ഗൎഭംതാങ്ങി obsc.); such children are called വിളികേട്ട മകൻ, — മകൾ; also with Sūdras when caste-infringement is suspected.

വിളികൊൾ്ക to be openly called. വിശ്വൈകചോരൻ കൃഷ്ണൻ എന്നതു വി'ള്ളും Bhg. it will be published.

വിളിപണി service. വി. കൾ ചെയ്യും AR. will serve (al. വിടുപണി).

വിളിപ്പാടു distance at which a call can be heard വി'ടോളം ദൂരം MR. (= $\frac{1}{4}$ hour's walk).

വിളിക്ക 1. To call, invite വി'ച്ചു കൂട്ടുക to be called together. വിളിച്ചു ചൊല്ക to proclaim. വിളിച്ചു പറക to publish. ആധാരത്തിൽ ആ വിവരം വിളിച്ചെഴുതീട്ടുണ്ടു jud. loudly, plainly declared in writing. വിളിച്ചേക്ക to enumerate, scold. വിളിച്ചിട്ടു വന്നില്ലെങ്കിൽ TP. to disobey the summons. ഒളിച്ചു ശബ്ദം ഉണ്ടാക്കിയാൽ വിളിച്ചു പെറും Mpl. തിണ്ണം വിളിച്ചാൽ കേൾ്ക്കുന്നതൂരം jud. cry. വിളിച്ചു നായാട്ടിൽ ഹൂവ്വ വിളി ഉണ്ടു (huntg.) shouts to Ayappan & other Gods, to the game, the Nāyars, the dogs. 2. to sound, blow കാഹളം വി.; വിളിച്ചു കൊമ്പുകാളം KR. കുഴൽ, കാളവും ശംഖും Nal. ശംഖൊടുത്തു ഭയങ്കരമായി വി'ച്ചു UR.

CV. വിളിപ്പിക്ക to send for, invite. വി'ച്ചു TR. summons. കംസൻ തന്നാട്ടിൽ നിന്നാട്ടിക്കളഞ്ഞോരേ തേടി വി'ച്ചു CG. recalled the exiled.

വിളിമ്പു viḷimbu T. M. (fr. വെളി) & വിളുമ്പു Edge, margin, border or hem of a cloth, eyelid. അതിരും വെളുമ്പും vu. (of a field).

വിളൂതക, ന്തു V1. = വിടതക.

വിളൎക്ക = വിടൎക്ക.

I. വിൾ viḷ S. 1. = വിഷ്ഠ Fæces തൈലം വിൾബന്ധകൃൽ GP. constipating. 2. = വിശ് (വൈശ്യ) a house.

II. വിൾ √ of foll. 1. To burst. 2. = വെൾ.

**വിള്ളുക villuya** T. M. (Te. C. Tu. vir, bir, vičču, biju; C. Te. ബിട്ടു). 1. To burst open വിള്ളുന്ന താമരപ്പൂവിൻ മധുരസം Bhr. വി'ം കമലങ്ങൾ RC. 2. to crack, break തച്ചു വി. Nid. കാൽ വി. chilblain, bursting of the foot-sole. പാത്രം വിണ്ടുകീറുക.

VN. I. വിള്ളൽ (No. B. വിള്ളിച്ച) a hollow, rent കല്ലോലിനീതടം വീഴുന്ന വി'ലിൽ പെട്ടുന്നു കണ്ടു കുട്ടകവും SiPu. അന്ധം മരത്തിന്റെ വി'ലിൽ അകപ്പെട്ടു PT.

II. വിള്ളു a crack, aperture. കപ്പലിന്റെ വി. കൾ അടെക്ക V2. to calk. [തമിഴാ.

**വിഴാ viḻā** T. M. (വിഴ=വീഴ). A festival തി

വിഴാൽ T. M. a vermifuge plant, Erycibe paniculata or Murraya? വി'ലരി MM. & വിഷാലയരി V1.=വാസ്ഥിളങ്കം, (S. വിളംഗം). Embelia ribes B.

**വിഴക്ക** 1. To put off as clothes ഇതു വിഴത്തിടുകയില്ല Bhr.; (B. to dirty). 2. to fell ചന്ദനമന്ദാരി മരങ്ങടെ വൃന്ദം അശേഷം വിഴത്തു CartV.

VN. വിഴപ്പു മാറുക So. to change dirty clothes.=വീഴ്പ്പ; എച്ചിലും വിഴപ്പും തീണ്ടലും കളിയും ആചരിക്ക (in Malabar).

വിഴക്കുക, — ക്കിവീഴുക to slip (loc.=തെററുക, പിഴ).

വിഴുങ്ങുക T. So. to swallow,=മി — q. v. വാരിവി'ങ്ങിയും Bhg. ഇര വി'ങ്ങിയ പാമ്പു prov.

CV. വിഴുങ്ങിക്ക V1.

വിഴുതു T. M. air-root V1. നെയ്യി. butter coagulating (loc.).

വിഴവടി (loc.) unproportioned share.

**വീകം vīyam** T. Te. C. Tu. A pad-lock, വീകമുള its key (loc.).

**വീങ്ങുക vīṅṅuya** T. M. C. Te. To swell, grow large, big ദുഃഖവും വിഷാദവും തിങ്ങി വീങ്ങി Nal. വീങ്ങുന്ന കാററു SiPu. (or read: വിങ്ങു). കണ്ണു വീങ്ങിച്ചുവന്നു Nid. പ്രാണങ്ങൾ വീങ്ങുമ്പോൾ മൂർദ്ധാവു പൊട്ടി CG.

VN. I. **വീക്കം** 1. Swelling, an abscess ഇതുകൊണ്ടു വീ. പോവാസ്സിൽ, വീ. ചായും a. med. 2. dropsy. 3. throbbing of a wound or tumour (see വിങ്ങുക) V1. 4. being puffed with pride, anger, also വീങ്ങൽ.

II. വീക്കു B. 1. a blow. 2. a nail വീക്കാണി a pointed nail. 3. a large drum വീ. പിടിക്ക.

വീക്കുക to flog, hammer നന്നായി വീക്കി. No.

CV. വീക്കിക്ക to make one to handle a weapon, (f. i. മുൾതടി).

**വീക്ഷണം vīkšaṇam** S. (വി). 1. Seeing, look പ്രേമവീ. Bhg. വീക്ഷണഗോചരമായ്വന്നു CG. grew visible. 2. വീ'ദ്വന്ദ്വം CG. a pair of eyes.

denV. വീക്ഷിക്ക to see. തം വീക്ഷിതും Mud. (അവനെ കാണ്മാൻ). [seeing.

വീക്ഷ്യ Sk.=കണ്ടു; വീക്ഷ്യം visible, worth

**വീങ്ങടി** V1. A trip, contrivance for raising= വിങ്ങാടം? or fr. വീങ്ങുക?

**വീചി vīǰi** S. A wave കാമക്രോധങ്ങളായ വീചികൾ VCh.

**വീചുക vīǰuya** T. M. (see വീശു, വീയു). 1. To fan വെൺചവരികളാൽ വീചിനാൻ RC. മന്ദമായി വീചിത്തുടങ്ങി പവനൻ AR. blew. 2. to cast nets വീച്ചുവല V1.

വീച്ചി a fan, also വീച്ചുപാള B.

VN. I. വീച്ചൽക്കാരൻ V2. a net-fisher. ഒരു വീച്ചൽ കൊണ്ടു പിടിക്ക=foll.; [വീച്ചൽ Palg. the breadth of a mat=വീതി 2.; also വീച്ചുള്ള പായി=അകലമുള്ള].

II. വീച്ചു 1. throwing a net; വീച്ചുവല (961.) a casting net V2. 2. a back-stroke.

**വീജനം vījanam** S. Fanning (preced.). വെൺചാമരംകൊണ്ടു പത്നിയാൽ വീജിതൻ AR. fanned by his wife, (part.).

**വീജം**, see ബീജം.

**വീഞ്ഞു** Port. vinho, Wine=മുന്തിരിങ്ങാപ്പഴത്തിന്റെ നീർ V2.

**വീടിക vīḍiya** S. (fr. വെററില?) Betel, esp. rolled up വീ. ചുരുട്ടുന്നവൾ KR. വീ. കൈക്കൊണ്ടു വീടൻ മുഖത്തിൽ തേടിക്കൊട്ടുത്തു CG.

**വീടു vīḍu** T. M. C. Te. 1. VN. of വിടുക, Freehold property ൨൨ വീട്ടുപേറു Jew. doc.=Janmi rights. 2. a house, esp. of a Nāyar or Janmi നായന്മാരേ വീട്ടിൽ തീയപ്പുരക്കലും TR. വീട്ടി

ൻെറ കാല്യന്നി doc. ആലത്തുരല്യം വീട്ടി ഉലക്കയും ചീനത്തമ്മിയും വീട്ടിൽ ഒരുത്തിയും prov. നാട്ടും വീ. ം വിട്ടു കാട്ടിലിരിക്ക TR. വീട്ടു ഒഴിയുക, ഒഴിക്ക, ഇറങ്ങുക; ഒഴിപ്പിക്ക, ഇറക്ക to oust. — fig. നാട്ടിലേ ദുരിതങ്ങൾ എന്നെ വീടാക്കി വസിക്കുന്നു DM. come upon me. 3. family, race നാലാം വീട്ടു ശൂദ്രർ = ഇല്ലം, കിരിയം.

വീടകം a dwelling വീ'ങ്ങൾ എന്നിദയ VCh.

